ദിവ്യബോധനം ഗ്രന്ഥാവലി - 21

പൗരസ്ത്യ ക്രൈസ്തവ ദർശനം

ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്

ദിവ്യബോധനം പബ്ലിക്കേഷൻസ്
ഓർത്തഡോക്സ് സെമിനാരി
കോട്ടയം - 686 001

വില: 100.00

(Malayalam)

Paurasthya Christhava Darsanam

(Eastern Christian Perspective)

Dr. Paulos Mar Gregorios

Published by : **Divyabodhanam Publications**
Orthodox Seminary, P.B. 98, Kottayam
Ph: 0481 - 2566 526

First Published : Aug. 1996

Second Edition : May 2015

Copyright reserved

Number of copies : 1000

D.T.P. & Printing : Sophia Print House, Kottayam

Price: **Rs. 100/-**

പ്രസ്താവന

സഭാംഗങ്ങൾക്കുവേണ്ടി ഓർത്തഡോക്സ് വൈദിക സെമിനാരി അവതരിപ്പിക്കുന്ന ഒരു വിശ്വാസ പരിശീലനപദ്ധതിയാണ് ദിവ്യബോധനം. കഴിവും താൽപര്യവുമുള്ള ആർക്കും സ്ത്രീപുരുഷ ഭേദമെന്യേ ഈ പദ്ധതിയിൽ ചേരാം.

സഭയുടെ വിശ്വാസം അറിയുന്നതിനും പുലർത്തുന്നതിനും അടുത്ത തലമുറയ്ക്കു പകർന്നുകൊടുക്കുന്നതിനുമുള്ള ചുമതല വൈദികർക്കു മാത്രമുള്ളതല്ല. സഭ മുഴുവന്റെയും കൂടിയുള്ള ഉത്തരവാദിത്വമാണിത്. അത്മായക്കാരായ സ്ത്രീകൾക്കും പുരുഷന്മാർക്കും വളരെ വലിയ പങ്കാണുള്ളത്, ഈ ചുമതല കാര്യക്ഷമമായി നിർവഹിക്കുന്നതിൽ.

യുക്തിചിന്തയുടെ ഈ കാലയളവിൽ സത്യവിശ്വാസം നിലനിർത്തണമെങ്കിൽ, ആരാധനയിലും സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഓർത്തഡോക്സ് വിശ്വാസത്തെ ബുദ്ധിപരമായിക്കൂടെ സ്വായത്തമാക്കേണ്ടുന്നയാവശ്യം സഭാംഗങ്ങൾക്കെല്ലാവർക്കുമുണ്ട്.

പ്രത്യേകിച്ചും സണ്ടേസ്കൂൾ അദ്ധ്യാപകർ, മർത്തമറിയം സമാജ പ്രവർത്തകർ, യുവജന പ്രസ്ഥാനത്തിലും വിദ്യാർത്ഥി പ്രസ്ഥാനത്തിലും നേതൃത്വം നൽകുന്നവർ, മുതലായ നേതൃത്വ നിരയിലുള്ള അത്മായർക്ക് വിശ്വാസപഠനം പ്രത്യേകമായി ആവശ്യമാണ്.

ഭക്തിയോടും വിശ്വാസത്തോടുംകൂടിയുള്ള സത്യാരാധനയും ക്രിസ്തുവിന്റെ മനുഷ്യസ്നേഹത്തിന്റെ മൂർത്തീകരണവുമാണ് സഭയുടെ രണ്ടു പ്രധാന ചുമതലകൾ. ഇവ രണ്ടും ശരിയായി നിർവഹിക്കണമെങ്കിൽ സഭാപാരമ്പര്യത്തിലെ ഗാഢമായ ഉപരിജ്ഞാനത്തിന്റെ താഴ്ന്ന പടികളിലേക്കെങ്കിലും വിശ്വാസികൾ കടന്നുവരാതെ, വിശ്വാസകാര്യങ്ങൾ വൈദികർക്കു മാത്രമായി വിട്ടുകൊടുക്കുന്നതു ഓർത്തഡോക്സ് പാരമ്പര്യത്തിനു നിരക്കാത്തതാണ്. മൂറോനഭിഷേകംമൂലം പരിശുദ്ധാത്മാവിനെ പ്രാപിച്ചിട്ടുള്ള എല്ലാ സത്യവിശ്വാസികൾക്കും, ആരാധനയിലും മനുഷ്യസേവനത്തിലും കൂടിയുള്ള തങ്ങളുടെ ക്രിസ്തീയ ധർമനിർവ്വഹണത്തിന് ഈ പദ്ധതി സഹായകമായിത്തീരട്ടെ. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ സ്നേഹം നിറഞ്ഞ ജനങ്ങളെ തന്റെ പ്രത്യേക കരുണയാൽ കടാക്ഷിച്ച് അവർക്കു ദിവ്യബോധനം നൽകാൻ ഈ പദ്ധതി ഉപയോഗിക്കുമാറാകട്ടെ.

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ

(പ്രസിഡന്റ്, ദിവ്യബോധനം)

സ്വർഗ്ഗാരോഹണ പെരുന്നാൾ 2015

പഴയസെമിനാരി

ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്

ലോകപ്രശസ്ത വേദശാസ്ത്രജ്ഞനും, ദാർശനികനും, ചിന്തകനും, ഗ്രന്ഥകാരനും. 1922 ഓഗസ്റ്റ് 9-ന് തൃപ്പൂണിത്തുറയിൽ ജനിച്ചു. പിതാവ്: പൈലി, മാതാവ്: ഏലി. 1937-ൽ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി. അതുകഴിഞ്ഞ് പത്രലേഖകൻ (1937-'42), ട്രാൻസ്പോർട്ട് കമ്പനിയിൽ ഗുമസ്തൻ, പി. ആൻഡ് ടി. വകുപ്പിൽ ഗുമസ്തനും പോസ്റ്റ്മാസ്റ്ററും (1942-'47). അക്കാലത്ത് പി. ആൻഡ് ടി. യൂണിയൻ തിരുവിതാംകൂർ - കൊച്ചി അസ്സോസിയേറ്റ് സെക്രട്ടറി. പിന്നീട് എത്യോപ്യയിൽ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകൻ (1947-'50). അമേരിക്കൻ സർവ്വകലാശാലകളിൽ പഠിച്ച് ഉന്നതബിരുദങ്ങൾ നേടി (1950-'54). ആലുവാ ഫെലോഷിപ്പ് ഹൗസ് ബർസാർ ആയി പ്രവർത്തിച്ചു (1954-'56). എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയുടെ പേഴ്സണൽ അസിസ്റ്റന്റും ഉപദേശകനും (1956-'59). 1959 ജനുവരിയിൽ ശെമ്മാശനായി. യേൽ സർവ്വകലാശാലയിലും ഓക്സ്ഫഡിലും ഉപരിപഠനം നടത്തി (1959-'61). 1961-ൽ വൈദികനായി. ക്രൈസ്തവസഭകളുടെ അഖിലലോക കൗൺസിലിന്റെ (W.C.C.) അസോസിയേറ്റ് ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു (1962-'67). സോവിയറ്റ് യൂണിയനിലേക്കു പോയ W.C.C.യുടെ ഡെലിഗേഷന്റെയും (1962), യുനെസ്കോ ഡെലിഗേഷന്റെയും (1967) നേതാവ്. 1967 മുതൽ 1996 വരെ ഓർത്തഡോക്സ് സെമിനാരിയുടെ പ്രിൻസിപ്പൽ. 1975-ൽ മെത്രാപ്പോലീത്തായായി. 1976 മുതൽ 1996 വരെ ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ. ക്രൈസ്തവസഭകളുടെ ലോകകൗൺസിൽ (W.C.C.) പ്രസിഡന്റുമാരിലൊരാളായി പ്രവർത്തിച്ചു (1983-'91). ലോകസമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശവുമായി ആഗോളതലത്തിൽ സഞ്ചരിച്ചു. ഒട്ടധികം അന്താരാഷ്ട്ര സംഘടനകളുടെ നേതൃത്വം വഹിച്ചിരുന്നു. സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ്, ഓട്ടോ നുഷ്കെ പ്രൈസ് ഫോർ ദി പീസ് (ജർമ്മനി) തുടങ്ങി ഇരുപതോളം രാജ്യാന്തര അവാർഡുകളും ഒട്ടേറെ ബഹുമതികളും ലഭിച്ചിട്ടുണ്ട്. ഗ്രിഗറി ഓഫ് നിസ്സായെക്കുറിച്ചുള്ള ഗവേഷണപഠനത്തിന് 1975-ൽ സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ്. കൂടാതെ റഷ്യയിലെ ലെനിൻഗ്രാഡ് തിയോളജിക്കൽ അക്കാഡമി, ഹംഗറിയിലെ ബുഡാപ്പസ്റ്റ് ലൂതറൻ തിയോളജിക്കൽ അക്കാഡമി, ചെക്കോസ്ലോവാക്യയിലെ ജാൻഹസ് ഫാക്കൽറ്റി എന്നിവിടങ്ങളിൽ നിന്ന് ഓണററി ഡോക്ടറേറ്റ്. ജോയ് ഓഫ് ഫ്രീഡം, ഫ്രീഡം ഓഫ് മാൻ, കോസ്മിക്മാൻ, ഹ്യൂമൻ പ്രസൻസ്, എൻലൈറ്റൻമെന്റ് ഈസ്റ്റ് ആന്റ് വെസ്റ്റ്, സയൻസ് ഫോർ സെയിൻ സൊസൈറ്റീസ്, എ ലൈറ്റ് റ്റൂ ബ്രൈറ്റ്, എ ഹ്യൂമൻ ഗോഡ് തുടങ്ങി 26 ഇംഗ്ലീഷ് ഗ്രന്ഥങ്ങളും 11 മലയാളഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടാത്ത മലയാളം, ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച് എന്നീ ഭാഷകളിലുള്ള പ്രബന്ധങ്ങൾ ആയിരത്തോളമുണ്ട്. 1996 നവംബർ 24-നു കാലംചെയ്തു. ഓർത്തഡോക്സ് സെമിനാരിചാപ്പലിൽ അന്ത്യവിശ്രമംകൊള്ളുന്നു.

പ്രസാധകക്കുറിപ്പ്

ബിരുദകോഴ്സിനുള്ള ഗ്രന്ഥാവലിയിലെ ആദ്യത്തേതായാണ് അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 'പൗരസ്ത്യ ക്രൈസ്തവ ദർശനം' എന്ന ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്.

ഈ ഗ്രന്ഥത്തിലെ പാഠങ്ങൾ പല സമയങ്ങളിലായി തിരുമേനി എഴുതിയ ലേഖനങ്ങളിൽ നിന്നു തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കുകയാണ്. പൗരസ്ത്യസഭാജീവിതം, വിശ്വാസ സമർത്ഥനം, വേദശാസ്ത്രചിന്തകൾ, സഭയും ദർശനങ്ങളും എന്നിങ്ങനെ 4 യൂണിറ്റുകളിലായി 24 പാഠങ്ങളാണ് ക്രമീകരിച്ചിരിക്കുന്നത്. പാഠങ്ങൾ ഓരോന്നായി മുന്നോട്ട് പഠിച്ചുപോകുന്തോറും കൂടുതൽ ശ്രദ്ധയും പരിശ്രമവും ആവശ്യമായി വരും. ആദ്യത്തെ 20 ഗ്രന്ഥങ്ങൾ ശരിയായി പഠിച്ച് കഴിഞ്ഞവർക്ക് ഇവ അനായാസം കൈകാര്യം ചെയ്യാം. പൗരസ്ത്യരായ നാം സാധാരണയായി ആശ്രയിച്ചുവരുന്ന പാശ്ചാത്യരീതികളും ദർശനങ്ങളും നമ്മുടെ തനിമയും വ്യതിരക്തതയും സംരക്ഷിച്ച് ഭാരതത്തിൽ ക്രൈസ്തവസാക്ഷ്യം വേണ്ട പോലെ നിർവഹിക്കുവാൻ സഹായകമാകുന്നില്ലാത്ത സാഹചര്യത്തിൽ ഈ ഗ്രന്ഥപഠനം ഭാരതീയരായ നമുക്ക് വളരെയേറെ പ്രാധാന്യമുള്ളതും പ്രയോജനപ്രദവുമാണ്.

ദിവ്യബോധനം പ്രവർത്തനങ്ങൾക്കായി നിർലോപമായ അനുഗ്രഹാശിസ്സുകൾ നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരി കൂടിയായ പ. മോറാൻ മാർ ബസ്സേലിയോസ് മാർതോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയോടുള്ള വിധേയത്വവും ആദരവും വിനയപുരസ്സരം സമർപ്പിക്കുന്നു. ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നത് പ്രസ്ഥാനം പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ, സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. ഒ. തോമസ്, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷ്വാ, രജിസ്ട്രാർ റവ. ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്, സെൻട്രൽ ഓർഗനൈസർ പ്രൊഫ. ഡോ. വർഗ്ഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മറ്റിയാണ്.

സർവ്വോപരി സകല നന്മകൾക്കും കാരണഭൂതനായ സർവ്വശക്തനായ ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം ദിവ്യബോധനം ഗ്രന്ഥാവലിയിൽ പ്രസിദ്ധീകരിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മറ്റിക്കു വേണ്ടി

ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്

(രജിസ്ട്രാർ)

സ്വർഗ്ഗാരോഹണ പെരുന്നാൾ 2015

ആമുഖം

1200-ൽ അധികം മെത്രാസനങ്ങളും രണ്ടായിരത്തോളം ബിഷപ്പുമാരുമുള്ള പൗരസ്ത്യ ഓർത്തഡോക്സ് സഭയെപ്പറ്റി പാശ്ചാത്യർക്കോ പൗരസ്ത്യർക്കു തന്നെയോ വലിയ അറിവൊന്നുമില്ല. യാഥാർത്ഥത്തിൽ പൗരസ്ത്യ ഓർത്തഡോക്സ് സഭയെന്ന് അതിന് പേർ വിളിക്കുന്നതു തന്നെ ന്യായീകരിക്കാനൊക്കാത്തവിധത്തിൽ ഇന്നത് ലോകവ്യാപകമായിത്തീർന്നിരിക്കുന്നു. കൊറിയയിലും ജപ്പാനിലും ബ്രസീലിലും ന്യൂസിലാൻഡിലും കസാക്ക്സ്ഥാനിലും അർജന്റീനയിലും ദക്ഷിണാഫ്രിക്കയിലും തെക്കേഅമേരിക്കയിലും ഒക്കെ ഇന്നതിനു ഭദ്രാസനങ്ങളും മെത്രാന്മാരുമുണ്ട്.

റഷ്യൻ ഓർത്തഡോക്സ് സഭയുടെ നേരിട്ടുള്ള ഭരണത്തിൽ മാത്രം ഇന്ന് അലക്സി പാത്രിയർക്കീസിനെ കൂടാതെ 170-ൽ അധികം ബിഷപ്പുമാരുണ്ട്. അംഗത്വം 60 ദശലക്ഷത്തോളം വരും. കത്തോലിക്കാ സഭ കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വലിയ ക്രൈസ്തവസഭയാണ്.

ആധുനിക ലോകത്തിനും അതിന്റെ സംസ്കാരത്തിനും അധികം ചേരാത്ത ഈ ഓർത്തഡോക്സ് സഭയെപ്പറ്റി പറയാവുന്ന ഒരു സവിശേഷത, അതെന്താണെന്നറിയണമെങ്കിൽ അതിന്റെ ജീവിതത്തിൽ ഭാഗഭാക്കാവുകയല്ലാതെ മറ്റു മാർഗ്ഗമില്ല എന്നുള്ളതാണ്. വിവരണം കൊണ്ടൊന്നും ഓർത്തഡോക്സ് സഭയെ അനുഭവമില്ലാത്തവർക്ക് അറിയാനാവില്ല.

എന്നാൽ അങ്ങനെയുള്ള ഒരു വിവരണത്തിനാണ് ഈ ഗ്രന്ഥം ഉദ്യമിക്കുന്നത്. ഓർത്തഡോക്സ് സഭാംഗങ്ങളല്ലാത്തവർക്ക് ഇതുകൊണ്ട് വലിയ പ്രയോജനമൊന്നും ലഭിക്കുകയില്ല. എന്നാൽ ഓർത്തഡോക്സ് സഭയെ അനുഭവംകൊണ്ട് അകത്തുനിന്നറിയാവുന്ന അതിന്റെ അംഗങ്ങളെ ഉദ്ദേശിച്ചാണ് ഇത് എഴുതപ്പെട്ടിട്ടുള്ളത്.

കുറേക്കൂടി സമഗ്രമായ ഒരു ഗ്രന്ഥം ഓർത്തഡോക്സ് വിശ്വാസത്തെക്കുറിച്ച് എഴുതണമെന്ന് വളരെ നാളുകളായി ആഗ്രഹിക്കുന്നെങ്കിലും കഴിഞ്ഞ മൂന്നു വർഷങ്ങളിലധികമായി എന്നെ ബാധിച്ചിരിക്കുന്ന രോഗം മൂലം അതിനു ഇന്നേവരെ സാധിച്ചില്ല. പല അവസരങ്ങളിലായി പല പ്രസിദ്ധീകരണങ്ങൾക്കുവേണ്ടി എഴുതിയിട്ടുള്ള ലേഖനങ്ങളുടെ സമാഹാരം മാത്രമാണിത്. ചിലത് സാധാരണജനങ്ങളെ ഉദ്ദേശിച്ചെഴുതിയിട്ടുള്ളതാണ്. മറ്റു ചിലത് ദാർശനികന്മാരെയും വേദശാസ്ത്ര പഠിതാക്കളെയും ഉദ്ദേശിച്ചാണ് വിരചിതമായിട്ടുള്ളത്. ശാസ്ത്രം, പരിസരനശീകരണം, പരിണാമവാദം മുതലായ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ,

ഓർത്തഡോക്സ് വിശ്വാസവുമായി എപ്പോഴും നേരിട്ട് ബന്ധപ്പെടുത്തുന്നില്ല. യുക്തിയിലും യാഥാർത്ഥ്യത്തിലും അധിഷ്ഠിതങ്ങളായ വാദങ്ങളാണ് അധികമായി ഉന്നയിക്കുന്നത്.

ദിവ്യബോധനം പഠിതാക്കൾക്ക് പ്രചോദനവും ഉത്തേജനവും നൽകുവാൻ ഈ ലഘുഗ്രന്ഥം സഹായിക്കട്ടെ എന്നു കർത്താവിൽ ശരണപ്പെട്ടുകൊണ്ട് ഇതു സവിനയം അവതരിപ്പിക്കുന്നു.

പൗലോസ് മാർ ഗ്രീഗോറിയോസ്

കോട്ടയം
1996 ജൂലൈ 21

ഉള്ളടക്കം

പ്രസ്താവന 3

പ്രസാധകക്കുറിപ്പ് 5

ആമുഖം 6

യൂണിറ്റ് 1

പൗരസ്ത്യ സഭാജീവിതം

1. ഓർത്തഡോക്സ് സഭ 10
2. വിശുദ്ധ വേദപുസ്തകം 17
3. സഭയുടെ വിശുദ്ധ രഹസ്യങ്ങൾ 24
4. ക്രിസ്തീയ ആരാധന 30
5. പൗരസ്ത്യക്രിസ്തീയ ആരാധനക്രമങ്ങൾ: ഒരു പഠനം 42
6. സന്യാസജീവിതം 51

യൂണിറ്റ് 2

വിശ്വാസ സമർത്ഥനം

1. ശിശുസ്നാനം ക്രൈസ്തവവീക്ഷണത്തിൽ 59
2. മാമോദീസാ: ക്രൈസ്തവവിശ്വാസത്തിൽ 65
3. പരിശുദ്ധ കന്യകമറിയാം 72
4. ദൈവമാതാവിന്റെ സ്ഥാനമാഹാത്മ്യം 82
5. പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത 88
6. പരിശുദ്ധാത്മദാനങ്ങളും വിടുതൽ പ്രസ്ഥാനങ്ങളും 96

യൂണിറ്റ് 3

വേദശാസ്ത്ര ചിന്തകൾ

1.	ദൈവപുത്രന്റെ മർത്ത്യീകരണം: അതിന്റെ മൗലികോദ്ദേശ്യമെന്ത്?	109
2.	ആദാമ്യ പാപവും പരിണിതഫലങ്ങളും - 1	116
3.	ആദാമ്യ പാപവും പരിണിതഫലങ്ങളും - 2	121
4.	ആരാധനക്രമത്തിലെ വേദശാസ്ത്രം	127
5.	മതമോ ശാസ്ത്രമോ കൂടുതൽ വിശ്വസനീയം?	140
6.	പരിണാമവാദം: പൗരസ്ത്യ ക്രൈസ്തവ ദർശനത്തിൽ	144

യൂണിറ്റ് 4

സഭയും ദർശനങ്ങളും

1.	ഈശ്വര സ്വാതന്ത്ര്യവും മനുഷ്യ സ്വാതന്ത്ര്യവും	154
2.	ഈശ്വര സ്വഭാവം: ക്രൈസ്തവദർശനത്തിൽ - 1	165
3.	ഈശ്വര സ്വഭാവം: ക്രൈസ്തവദർശനത്തിൽ - 2	172
4.	നാളത്തെ സമൂഹം	179
5.	സാഹിത്യവും മനഃശാസ്ത്രവും	190
6.	പരിസ്ഥിതിയും ആദ്ധ്യാത്മികതയും	197

യൂണിറ്റ് 1

പൗരസ്ത്യ സഭാജീവിതം

പാഠം 1

ഓർത്തഡോക്സ് സഭ

ക്രിസ്തുവിന്റെ സഭ ഒന്നേയുള്ളു. അത് ക്രിസ്തുവിന്റെ ശരീരമാണ്; അപ്പോസ്തോലന്മാരാൽ സ്ഥാപിതമാണ്. അങ്ങനെ പൂർണ്ണമായ അപ്പോസ്തോലിക പാരമ്പര്യമുള്ള സത്യസഭയായി ഓർത്തഡോക്സ് സഭ അതിനെ തന്നെ കരുതുന്നു. റോമൻ കത്തോലിക്കാ സഭയ്ക്ക് ഈ കാര്യങ്ങളിലുള്ള അവകാശവാദങ്ങളെ ഓർത്തഡോക്സ് സഭ പൂർണ്ണമായി അംഗീകരിക്കുന്നില്ല.

എന്നാൽ നിർഭാഗ്യവശാൽ എന്നു പറയട്ടെ ഈ ഏക ഓർത്തഡോക്സ് സഭ ആറാം ശതാബ്ദം മുതൽ രണ്ടു കുടുംബങ്ങളായി വിഭജിക്കപ്പെട്ടു കിടക്കുന്നു. 14 ശതവർഷത്തെ പഴക്കമുള്ള ഈ വിഭജനം ഇല്ലാതാക്കുവാനായി 1962 മുതൽ നടന്നുകൊണ്ടിരിക്കുന്ന ശ്രമങ്ങൾ മിക്കവാറും വിജയത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

രണ്ടു കുടുംബങ്ങളിൽ അംഗസംഖ്യയിൽ വലിപ്പമുള്ളത്, കുസ്തന്തിനോപോലിസിലെ എക്യുമെനിക്കൽ പേട്രിയർക്കിനോട് കുർബ്ബാനയിൽ ബന്ധമുള്ള ഇരുപതിൽപരം സഭകളാണ്.

അംഗസംഖ്യയിൽ താരതമ്യേന കുറവുള്ള പുരാതന പൗരസ്ത്യ ഓർത്തഡോക്സ് കുടുംബത്തിൽ കുർബ്ബാനയിൽ പരസ്പരം സംബന്ധമുള്ള ആറ് സഭകളാണ് ഇന്നുള്ളത്.

1) വിശുദ്ധ മർക്കോസ് ഏവൻഗേല്യസ്ഥായുടെ സിംഹാസനം എന്നു പേർ പറയപ്പെടുന്ന **ഈഗുപ്തായ ഓർത്തഡോക്സ്** സഭ; അതിന് കോപ്റ്റിക് സഭയെന്നും പേരുണ്ട്. ഇന്നത്തെ ജനസംഖ്യ 80 ലക്ഷത്തിനു മീതേ. ഭദ്രാസനങ്ങൾ 72. തലവൻ പ. തെവോദ്രോസ് രണ്ടാമൻ പാത്രിയർക്കീസ്. ആസ്ഥാനം കെയ്റോ (ഈജിപ്ത്). വിശുദ്ധ മർക്കോസിന്റെ 118-ാമതു പിൻഗാമിയാണെന്ന് കരുതപ്പെടുന്നു.

2) സിറിയൻ ഓർത്തഡോക്സ് സഭ. അംഗസംഖ്യ രണ്ട് ലക്ഷത്തോളം. ഭദ്രാസനങ്ങൾ 22. ഇപ്പോഴത്തെ പാത്രിയർക്കീസ് പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ. ആസ്ഥാനം ദമസ്കോസ് (സിറിയാ).

3). അർമ്മീനിയൻ ഓർത്തഡോക്സ് സഭ. അംഗസംഖ്യ 35 ലക്ഷം.

ഭദ്രാസനങ്ങൾ അറുപത്. പ്രധാന തലവൻ കരേക്കിൻ കാതോലിക്കോസ്. അദ്ദേഹത്തെ കൂടാതെ ഒരു കാതോലിക്കോസും രണ്ടു പാത്രിയർക്കീസന്മാരും ഉണ്ട്. യരുശലേം പാത്രിയർക്കീസ്: നൗർഹാൻ മനൂഗിയാൻ. കിലിക്യാ കാതോലിക്കോസ്: അരാം പ്രഥമൻ. കുസ്തന്തിനോപോലിസ് പാത്രിയർക്കീസ്: മെസ്രോബ് മുഫ്തഫിയാൻ. പ്രധാന ആസ്ഥാനം: എച്ച്മിയാഡ്സിൻ (അർമ്മീനിയാ).

4) ഭാരതത്തിലെ പൗരസ്ത്യ ഓർത്തഡോക്സ് സഭ. അംഗസംഖ്യ 16 ലക്ഷം. ഭദ്രാസനങ്ങളുടെ എണ്ണം 30. തലവൻ: പൗരസ്ത്യ കാതോലിക്കാ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ. ആസ്ഥാനം: കോട്ടയം.

5) എത്യോപ്യൻ ഓർത്തഡോക്സ് സഭ. അംഗസംഖ്യ 124 ലക്ഷം. തലവൻ പരിശുദ്ധ ആബൂന മത്ഥിയാസ്. പുരാതന ഓർത്തഡോക്സ് സഭകളിൽ അംഗസംഖ്യയിൽ ഏറ്റവും വലിയത്.

6. എറിത്രിയൻ ഓർത്തഡോക്സ് സഭ. അസ്മാരയിലാണ് ആസ്ഥാനം. തലവൻ: അന്തോണിയോസ് പാത്രിയർക്കീസ്. അംഗസംഖ്യ ഏതാണ്ട് ഇരുപത് ലക്ഷത്തോളം. ഭദ്രാസനങ്ങൾ 8.

മേല്പറഞ്ഞ ആറു വിഭാഗങ്ങളിലുമായി 277 ലക്ഷം വിശ്വാസികളാണുള്ളത്.

കൽക്കദൂന്യ സുന്നഹദോസിനെ അംഗീകരിക്കുന്ന ഓർത്തഡോക്സ് കുടുംബത്തിൽ ഏകദേശം 1000 (ആയിരം) ലക്ഷം ജനങ്ങളുണ്ട്.

a) അതിൽ പ്രധാന വിഭാഗം ഏകദേശം 500 ലക്ഷം ഉൾക്കൊള്ളുന്ന റഷ്യൻ സഭയാണ് (ആസ്ഥാനം: മോസ്ക്കോ).

b) അടുത്ത വിഭാഗം, ഏകദേശം 180 ലക്ഷം ജനങ്ങളുള്ള റുമേനിയൻ സഭയാണ് (ആസ്ഥാനം: ബുക്കാറസ്റ്റ്).

c) മൂന്നാമത്തെ സഭ ഗ്രീസിലാണ് (80 ലക്ഷം; ആസ്ഥാനം: ഏതൻസ്).

d) നാലാമത്തേത് ബൾഗേറിയാ (70 ലക്ഷം; ആസ്ഥാനം: സോഫിയാ).

e) ഇനിയുമൊന്ന് സെർബിയ സഭ (70 ലക്ഷം; ആസ്ഥാനം: ബൽഗ്രേഡ്).

f) മറ്റൊരു വിഭാഗം അമേരിക്കൻ ഐക്യനാടുകളിലെ പല പ്രദേശങ്ങളിലായി, ഓരോ ആത്മീയ തലവന്മാരുടെ കീഴിൽ ഭരിക്കപ്പെടുന്നു (ഏകദേശം 30 ലക്ഷം).

g) ഇനിയുമുള്ളവ പ്രായേണ ചെറിയ വിഭാഗങ്ങളാണ്. കുസ്തന്തീനോപോലീസിലെ പാത്രിയർക്കീസിന്റെ (ആസ്ഥാനം: ഇസ്താംബൂൾ) നേരിട്ടുള്ള ഭരണത്തിൽ, ഇസ്താംബൂളിൽ കുറെ ഗ്രീക്കുകാരും, വേറെ ഗ്രീക്കുകാർ ചിതറിപാർക്കുന്ന ഒരു വലിയ മെത്രാസനവുമുണ്ട്. അതിനും പുറമെ, അലക്സന്ത്രിയാ, അന്ത്യോക്യ, യരുശലേം എന്നീ പുരാതന പാത്രിയർക്കാ സിംഹാസനങ്ങളും അദ്ദേഹത്തിന്റെ കീഴിൽ സംരക്ഷിക്കപ്പെട്ടുപോരുന്നു. ഇവയിൽ അന്ത്യോഖ്യാ പാത്രിയർക്കേറ്റിലുള്ള 2.5 (രണ്ടര) ലക്ഷം ജനങ്ങൾ ഒഴിച്ചാൽ മറ്റു പാത്രിയർക്കേറ്റുകളിൽ വളരെ കുറച്ചു ജനങ്ങളേയുള്ളു.

h) പുരാതനസഭയായ കുപ്രോസ്, പിൽക്കാല സഭകളായ പോളണ്ട്, ചെക്കോസ്ളവോക്കിയാ, അൽബേനിയാ, ഫിൻലണ്ട് തുടങ്ങിയ സഭകളിൽ 4 ലക്ഷം മുതൽ 70000 വരെ വ്യത്യസ്തമായ അംഗസംഖ്യകൾ ഉണ്ടെന്നു കണക്കാക്കപ്പെടുന്നു.

മുകളിൽ പറഞ്ഞ രണ്ട് ഓർത്തഡോക്സ് കുടുംബവിഭാഗങ്ങൾക്ക് ഒന്നിനും പൊതുവിൽ ഒരു ഏക ഭരണാധികാരിയില്ല. ഇതിൽ പൂർവ്വകൽക്കദോനിയൻ വിഭാഗത്തിൽ (ഓറിയന്റൽ ഓർത്തഡോക്സ്) പെട്ട സഭകളിൽ വെച്ച് അലക്സാന്ത്രിയൻ പാത്രിയർക്കീസിന് അല്പം മുൻഗണനയും, അതിനടുത്ത ഗണന അന്ത്യോക്യയ്ക്കും ഉണ്ടെങ്കിലും കുടുബത്തെ മുഴുവൻ സംഘടിപ്പിക്കാനുള്ള അവകാശങ്ങളൊന്നും അവർ പ്രയോഗിക്കുന്നില്ല.

കൽക്കദോനിയൻ ഓർത്തഡോക്സ് സഭയായ ബൈസന്റയിൻ ഓർത്തഡോക്സ് കുടുംബത്തിലെ വിവിധ വിഭാഗങ്ങളെ (Byzantine or Eastern Orthodox) കൂട്ടിയോജിപ്പിക്കുവാൻ എക്യുമെനിക്കൽ പാത്രിയർക്കീസ് ഒട്ടധികം പരിശ്രമം നടത്തുന്നുണ്ടെങ്കിലും, അദ്ദേഹത്തിന്റെ നേതൃത്വം പ്രയോഗിക്കുവാൻ തുർക്കി ഗവൺമെന്റിന്റെ നിയന്ത്രണം മൂലവും സഭാവിഭാഗങ്ങളുടെ എതിർപ്പു മൂലവും സാദ്ധ്യമല്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്.

ഓറിയന്റൽ ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്മാർ എല്ലാം ചേർന്ന് 1965 ജനുവരിയിൽ, ഹെയിലി സെലാസി ചക്രവർത്തിയുടെ ക്ഷണപ്രകാരം ആഡിസ് അബാബയിൽ സമ്മേളിച്ചു. പരസ്പരം സഹകരിച്ചു പ്രവർത്തിക്കുന്നതിന്, ആഡിസ് അബാബ ആസ്ഥാനമായുള്ള സ്ഥിരം കാര്യാലയം സ്ഥാപിച്ചിട്ടുണ്ട്.

കുസ്തന്തീനോപോലീസുമായി കുർബ്ബാനസംബന്ധമുള്ള ബൈസന്റയിൻ ഓർത്തഡോക്സ് സഭകൾ പരസ്പര സംയോജിപ്പിന് റോഡോസ്

ആസ്ഥാനമായി ഒരു പ്രാരംഭ കമ്മീഷനെ ആക്കിയിട്ടുണ്ടെങ്കിലും, അതിനു വേണ്ടത്ര ആഫീസുകളോ, ജോലിക്കാരോ ഇല്ലാത്തതിനാൽ, അത്ര ഫല പ്രദമായി പ്രവർത്തിക്കുന്നില്ല എന്നു പറയാം.

ആധുനിക മതനിരപേക്ഷത തല പൊക്കുന്നതിനു മുമ്പുവരെ പാശ്ചാത്യസഭകൾക്ക് ഒരു പ്രബല ശത്രുവിനെയോ, വിശ്വാസത്തിനു വേണ്ടിയുള്ള ഒരു "കുരിശുയുദ്ധത്തെ"യോ നേരിടേണ്ടി വന്നിരുന്നില്ല. ഓർത്തഡോക്സ് സഭകൾക്കും, ബൈസന്റയിൻ സാമ്രാജ്യപ്രഭാവത്തിന്റെ (എ.ഡി. 330-1453) പൂർവ്വാർദ്ധം ഒരു സുവർണ്ണകാലം തന്നെയായിരുന്നു. അക്കാലത്താണ് അവരുടെ ആരാധനക്രമം, മതപരമായ ചിത്രകല, സംഗീതം, ദയറാ പ്രസ്ഥാനം എന്നിവയ്ക്ക് അവർ അടിസ്ഥാനമിട്ടത്. പൂർവ്വയൂറോപ്യൻ ഓർത്തഡോക്സ് സഭയുടെ അക്കാലത്തെ സ്വാധീന ശക്തിയാണ് സ്ലാവ് വംശജരുടെ മതപരിവർത്തനത്തിനു കാരണമായത്. പാശ്ചാത്യസഭയ്ക്ക് പടിഞ്ഞാറുണ്ടായിരുന്നതുപോലെതന്നെ, റഷ്യൻ ഓർത്തഡോക്സ് സഭയ്ക്കും പതിനൊന്നു മുതൽ ഇരുപതാം നൂറ്റാണ്ട് ആരംഭം വരെ റഷ്യയിൽ നിരംകുശവും എന്നാൽ ശീഴ്മ വലുതായി ഉത്ഭവിക്കാത്തതുമായ പ്രബലസ്വാധീനം ഉണ്ടായിരുന്നു. പക്ഷേ, പൊതുവേ പറഞ്ഞാൽ ഓർത്തഡോക്സുകാർക്ക് മഹമ്മദീയരുടെയോ, കമ്മ്യൂണിസ്റ്റ് ശക്തിയുടെയോ മർദ്ദന നുകത്തിൻകീഴിൽ കഴിയേണ്ടതായിട്ടാണ് വന്നിട്ടുള്ളത്.

റഷ്യൻ ഓർത്തഡോക്സ് സഭയൊഴിച്ചാൽ അപൂർവ്വം ചില പൗരസ്ത്യ സഭകൾക്കു മാത്രമേ നവീന യുക്തിവാദത്തിന്റെ ഭീഷണിയും കെടുതികളും അനുഭവിക്കേണ്ടി വന്നുള്ളു. അതുകൊണ്ടാണ് ആധുനിക പഠിതാക്കൾക്ക് സുഗ്രാഹ്യമായവിധം ഓർത്തഡോക്സ് വേദശാസ്ത്രം വളരാതെ പോയത്. വാസ്തവത്തിൽ പൗരസ്ത്യ - പാശ്ചാത്യസഭകൾ തമ്മിൽ വിശ്വാസത്തിലുള്ള വ്യത്യാസം എന്താണെന്നുള്ള ചോദ്യം തന്നെയാണ് പാശ്ചാത്യസഭയുടെ പ്രത്യേകത. ഈ ചോദ്യം വിവക്ഷിക്കുന്നത്, സഭകൾ തമ്മിലുള്ള വ്യത്യാസം അതാതിന്റെ വിശ്വാസ സിദ്ധാന്തങ്ങളുടെ രൂപീകരണത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്നുള്ളതാണ്. ആദ്യഘട്ടത്തിൽ വിശിഷ്യാ നാലും അഞ്ചും നൂറ്റാണ്ടുകളിൽ വേദശാസ്ത്രത്തിന്റെ സൃഷ്ടിപരമായ ആവിഷ്ക്കരണം പൗരസ്ത്യ പിതാക്കന്മാരിൽ നിന്നാണ് ഉത്ഭവിച്ചതെങ്കിലും, വേദശാസ്ത്ര വികസനം കാലാന്തരത്തിൽ പാശ്ചാത്യസഭയുടെ പ്രത്യേകതയായി ഭവിച്ചു.

ഓർത്തഡോക്സ് സഭയുടെ വ്യതിരിക്ത സ്വഭാവം (Distinctive quality)

ഓർത്തഡോക്സ് സഭയുടെ അനുപമത്വം വിവിധങ്ങളായ

വേദശാസ്ത്ര തത്വരൂപീകരണത്തിലല്ല ദർശിക്കുവാൻ കഴിയുന്നത്. സത്യത്തിന്റെ മൂല്യത്തെ ഒട്ടും വെട്ടിച്ചുരുക്കുന്നില്ല ഓർത്തഡോക്സ് ആദ്ധ്യാത്മികത. അതേസമയം തന്നെ സത്യവാഹിനികളെന്ന നിലയിൽ ബുദ്ധിപരമായ വേദശാസ്ത്ര തത്വങ്ങളുടെ രൂപീകരണം വിപുലപ്പെടുത്തുവാൻ മടി കാണിക്കുന്നു. പാശ്ചാത്യ ആത്മികതയുടെ കേന്ദ്രം, ജന്മപാപവും ഏതൽ പരിഹാരമാർഗ്ഗവുമാണെങ്കിൽ, പൗരസ്ത്യ ആത്മികതയുടെ കാമ്പ് ശരീരത്തെയും ഭൗതികസൃഷ്ടിയെയും ദൈവനാമമഹത്വത്തിനായി രൂപാന്തരപ്പെടുത്തുന്നതിനും അവയിലൂടെ ദൈവമഹത്വത്തെ പ്രകടിപ്പിക്കുന്നതിനുമുള്ള സ്വർഗ്ഗീയ വിളിയാണ്. ദൈവവും മനുഷ്യനും തമ്മിൽ നികത്താനാവാത്ത അകൽച്ചയുണ്ടെന്നും അത് മശിഹായുടെ അവതാരശേഷവും തുടർന്നുപോകുന്നു എന്നുമുള്ള ചിന്താഗതിക്ക് പാശ്ചാത്യ സഭയിൽ പ്രാബല്യം ഉണ്ട്. പൗരസ്ത്യരാകട്ടെ, ദൈവം മനുഷ്യനായി ജീവിച്ചതുകൊണ്ട് നമുക്ക് 'ദൈവ – മനുഷ്യനു'മായി ഏകത്വത്തിൽ ജീവിപ്പാൻ കഴിയും എന്നു ചിന്തിക്കുന്നു. കുറെക്കൂടി ലഘുവായി പറഞ്ഞാൽ മനുഷ്യനായ ക്രിസ്തുവുമായുള്ള "ഐക്യം" എന്നു പൗരസ്ത്യർ പഠിപ്പിക്കുമ്പോൾ "അഭിമുഖീകരണം" ആണ് പാശ്ചാത്യർ ഉപയോഗിക്കുന്ന വാക്ക്.

ക്രിസ്തുവുമായുള്ള ഈ പുരുഷാത്മികൈക്യം പാശ്ചാത്യ പാരമ്പര്യത്തിൽ തീരെ ഇല്ലാത്തതല്ല. റോമൻ കത്തോലിക്കാസഭയുടെ യോഗാത്മക പാരമ്പര്യത്തിൽ ഉടനീളവും, ഫ്രീ ചർച്ചിന്റെയും മറ്റു വിഭാഗീയ പ്രോട്ടസ്റ്റന്റു സഭകളുടെയും "രക്ഷയുടെ അനുഭവം" എന്ന ഉപദേശ പാരമ്പര്യത്തിലും ഈ "ഐക്യം" കാണാൻ കഴിയും. പക്ഷേ, അത് പ്രായേണ വ്യക്ത്യാധിഷ്ഠിതമായ ഐക്യമല്ലാതെ സൃഷ്ടി മുഴുവന്റേയും നന്മയെ ഊന്നിപ്പറയുവാൻ പര്യാപ്തമല്ല. എന്നാൽ ഓർത്തഡോക്സ് ആത്മീയതയിൽ സഭ മുഴുവനായി പരിശുദ്ധാത്മാവിൽ ക്രിസ്തുവുമായി ഏകീഭവിച്ച് പിതാവിനെ ദർശിക്കുന്നു.

തിരുബലിയിൽകൂടിയുള്ള ഈ അഭിമുഖീകരണവേളയിൽ സഭ തന്നോടൊപ്പം ചരിത്രത്തെ മുഴുവൻ ഒന്നായി പിതൃസന്നിധിയിൽ വഹിക്കുന്നു. യഥാർത്ഥമായ ഒരു തിരുബലിയിൽ ക്രൈസ്തവസമൂഹം കർത്താവിന്റെ അന്ത്യവരവിനെ അനുഭവവേദ്യമാക്കുന്നു. ഈ അന്ത്യദിനാനുഭൂതി ദൈവം മനുഷ്യർക്കു ദാനം ചെയ്ത എല്ലാവിധ കഴിവുകളുടേയും സന്തോഷപൂർണ്ണവും വിവേകപൂർവ്വവുമായ വിനിയോഗത്തിലൂടെ നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തേണ്ടതുണ്ട്.

ഓർത്തഡോക്സ് സഭയുടെ സത്ത

യഥാർത്ഥ ഓർത്തഡോക്സ് ആദ്ധ്യാത്മീയത എങ്ങനെയുള്ളതായി

രിക്കണമെന്നതിനെക്കുറിച്ചുള്ള ഒരു വിവരണമാണ് മുകളിൽ കൊടുത്തത്. എന്നാൽ വിവിധ ഭാഗങ്ങളിലെ ഓർത്തഡോക്സ് ജനതയുടെ ജീവിത യാഥാർത്ഥ്യം ലക്ഷ്യത്തിൽ നിന്ന് ഒട്ടധികം അകന്നതാണ്. ഓർത്തഡോക്സ് ജനവിഭാഗത്തിലെ ആത്മസത്തയെ ഇതര ഭൗതിക ശക്തികൾ അക്രമിച്ചു കീഴടക്കിയതുപോലെ തോന്നുന്നു. അതിൽ പ്രധാനമായത് സങ്കുചിതമായ വർഗ്ഗീയ ചിന്തയാണ്. പൊതുവിൽ പറഞ്ഞാൽ ഓർത്തഡോക്സ് ജനതകൾ ദേശീയമോ വർഗ്ഗീയമോ ആയ സങ്കുചിത സമൂഹങ്ങളായിട്ടാണ് നിലകൊള്ളുന്നത്.

കിഴക്കൻ യൂറോപ്പിൽ നിന്ന് പാശ്ചാത്യരാജ്യങ്ങളിൽ കുടിയേറിയവർക്കുപോലും ഈ വർഗ്ഗചിന്ത വെടിയുവാൻ കഴിഞ്ഞില്ല. ജാതിയുടെയും സംസ്ക്കാരത്തിന്റെയും ഉരുക്കുമൂശയായ അമേരിക്കയിലും, മദ്ധ്യയൂറോപ്പിൽ പോലും ഒരേ വിശ്വാസവും മിക്കവാറും ഒരേ ആരാധനാക്രമവും ഉള്ള ഓർത്തഡോക്സുകാർ തന്നെ റഷ്യൻ, ബൾഗേറിയൻ, സെർബിയക്കാർ എന്നൊക്കെ വർഗ്ഗചിന്ത പുലർത്തി വേറെ വേറെ നിലകൊള്ളുകയാണ്. അമേരിക്കയിൽതന്നെ ഇവരെ ഒന്നിച്ചുചേർത്തു ഒരു ഓർത്തഡോക്സ് സഭയാക്കി കാണുവാനുള്ള ശ്രമം മിക്കവാറും പരാജയപ്പെടുകയാണുണ്ടായത്.

നമ്മുടെ മറ്റൊരു ശത്രു അന്ധമായ യാഥാസ്ഥിതികത്വമാണ്. നാം വമ്പിച്ച ഒരു പൈതൃക സമ്പത്തിന്റെ അവകാശികളെന്നു ബോധ്യമായിരിക്കെ അടിസ്ഥാനപരമായത് ഏത്, ഉപരിപ്ലവമായത് ഏത് എന്നു വിവേചിക്കുവാനുള്ള വ്യക്തമായ ജ്ഞാനം ഇല്ലാതെപോകുന്നു. കണ്ണുമടച്ചുള്ള ഈ യാഥാസ്ഥിതികത്വം സഭയുടെ പുനരുദ്ധാരണത്തിനു ഒരു വിലങ്ങുതടിയായി പാശ്ചാത്യപ്രദേശത്തു പോലും നിലകൊള്ളുന്നു. എത്യോപ്യ, ഗ്രീസ് തുടങ്ങിയ രാജ്യങ്ങളിലാകട്ടെ, ഈ യാഥാസ്ഥിതികത്വത്തിന്റെ ഫലം, ഒന്നുകിൽ അവിടുത്തെ സാമൂഹ്യ ജീവിതത്തോടുള്ള സംഘട്ടനം അല്ലെങ്കിൽ പരിപൂർണ്ണ സംയോജനം എന്ന അനാശാസ്യ നിലപാടാണ്.

ആധുനിക ലോകത്തോടും പുതിയ എക്യുമെനിക്കൽ സാഹചര്യങ്ങളോടും വേദശാസ്ത്രപരമായി ഒത്തിണങ്ങിപോകുന്നതിനുള്ള പ്രവണത കഴിഞ്ഞ ശതാബ്ദത്തിൽ റഷ്യൻ വേദശാസ്ത്രപണ്ഡിതനായ അലക്സി ഖോമിയാക്കോവിന്റെ കാലത്താണ് കണ്ടുതുടങ്ങിയത്. റോമാസഭയും നവീകരണക്കാരും തമ്മിലുള്ള ഇടച്ചിലിനെ അഭിമുഖീകരിക്കേണ്ടിവന്ന ഓർത്തഡോക്സ് സഭ ലുതറൻ സഭയോടും റോമാക്കാരോടും മാറിമാറി വശംപിടിച്ചു വാദിച്ചു. ഈ വിവാദബന്ധത്തിൽ നിന്നും സ്വയം മോചിതനായി വിവാദങ്ങൾക്കാധാരമായ പ്രശ്നങ്ങളെത്തന്നെ ആദ്യം ചോദ്യം ചെയ്തത് ഖോമിയാക്കോവായിരുന്നു. സാർവലൗകിക സഭൈക്യത്തി

നുവേണ്ടി ഓർത്തഡോക്സ് സഭയ്ക്ക് ചെയ്യാൻ കഴിഞ്ഞതും ഇനിയും കഴിയുന്നതുമായ മെച്ചപ്പെട്ട സംഭാവന ഇങ്ങനെയുള്ള വിഭജനനിർണ്ണായകമായ വിവാദവേളയിൽ യാഥാർത്ഥ പ്രശ്നം എന്തെന്നു കണ്ടറിഞ്ഞു പരസ്പരം സ്വീകാര്യമായ ഒരു പൊതുനിലപാട് ആവിഷ്ക്കരിക്കുക എന്നുള്ളതാണ്.

അൽബേനിയൻ സഭ ഒഴികെ മിക്കവാറും എല്ലാ ഓർത്തഡോക്സ് സഭകളും അഖില ലോക സഭാ കൗൺസിലിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ട്. ഓർത്തഡോക്സ് സഭാ കുടുംബത്തിൽപ്പെട്ട രണ്ടു ശാഖകളിലെയും വേദശാസ്ത്രജ്ഞന്മാർ ഡെൻമാർക്ക് (1964), ബ്രിസ്റ്റൽ (1967), ജനീവ (1970), ആഡിസ് അബാബ (1971) എന്നീ സ്ഥലങ്ങളിൽ വച്ചു നാലു തവണ അനൗപചാരിക ചർച്ചകൾ നടത്തുകയും തൽഫലമായി തങ്ങൾ ഇതുവരെ പരസ്പരം അകന്നു നിന്നതിന്റെ കാരണം ദൈവശാസ്ത്ര പരമെന്നതിലുപരി കേവലം സംസ്ക്കാരപരമായിരുന്നു എന്നും, ഇനിയും യോജിക്കുവാനുള്ള പ്രതിബന്ധം, സുന്നഹദോസുകൾ ആദ്യത്തെ മൂന്നു മതിയോ അതോ ഏഴും വേണമോ എന്നുള്ളതിനെ ചൊല്ലിയാണെന്നും, ബോധ്യപ്പെട്ടു.

അഖില ലോക കൗൺസിൽ അംഗത്വമുള്ള പാശ്ചാത്യ - പൗരസ്ത്യ വിഭാഗങ്ങൾ തമ്മിൽ സമ്മേളിക്കുവാൻ തുടങ്ങിയിട്ട് എതാനും ദശവർഷങ്ങളായി. ഇവർ തമ്മിൽ ഒരു പരസ്പര ധാരണയിൽ എത്തുവാനുള്ള വൈഷമ്യം പൗരസ്ത്യരുടെ ഇടയിൽ പാശ്ചാത്യ ശൈലികളിൽ ചിന്തിക്കുവാൻ കഴിയുന്ന വേദശാസ്ത്രജ്ഞന്മാരുടെ എണ്ണം കുറവായതുകൊണ്ടു മാത്രമല്ല അതിലുപരിയായി, പൗരസ്ത്യ സഭാജീവിതത്തിൽ പങ്കാളികളാകാനും അതേപ്പറ്റി ഒരു ആയുഷ്ക്കാലപഠനം നടത്തുവാനും കഴിഞ്ഞ പാശ്ചാത്യപണ്ഡിതന്മാരുടെ വിരളതയും അതിന് നിദാനമാണ്.

പൗരസ്ത്യ ഓർത്തഡോക്സി ഒരു പാശ്ചാത്യ മതനിരപേക്ഷ സംസ്ക്കാരത്തെ അഭിമുഖീകരിക്കേണ്ടിവരുന്ന ഇത്തരുണത്തിൽ, നമുക്കുള്ള ആദ്ധ്യാത്മികവും, വേദശാസ്ത്രപരവുമായ മഹത്തായ പാരമ്പര്യത്തെപ്പറ്റി തികച്ചും ബോധവാന്മാരായിരിക്കേണ്ടത് അത്യന്താപേക്ഷിതമത്രേ.

പാഠം 2

വി. വേദപുസ്തകം

(വി. വേദപുസ്തകത്തെ സംബന്ധിച്ചും, അതിനു സഭയിലുള്ള സ്ഥാനത്തെപ്പറ്റിയും വളരെ തെറ്റിദ്ധാരണകൾ ഇന്നുണ്ട്. അവ ദൂരീകരിക്കുവാൻ ചോദ്യോത്തരരൂപേണ ഈ വിഷയത്തെ സംബന്ധിച്ച് പ്രതിപാദിക്കുകയാണ്.)

ചോദ്യം 1. വി. വേദപുസ്തകമാണോ ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം?

ഉത്തരം: അല്ല. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം മനുഷ്യാവതാരം ചെയ്ത ക്രിസ്തുവാണ്. ആ വിശ്വാസത്തിന്റെ പ്രധാന സാക്ഷികൾ അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്ന അപ്പോസ്തലരും അദ്ദേഹം സ്ഥാപിച്ച സഭയുമാണ്. സഭയിലെ ഓരോ ആവശ്യങ്ങൾക്കായി ഈ അപ്പോസ്തലരും ആദിമ ശിഷ്യരും രചിച്ച ചില രേഖകളുടെ ഒരു സമാഹാരമാണ് പുതിയനിയമം. സഭ പുതിയനിയമത്തെ അടിസ്ഥാനമാക്കി സ്ഥാപിച്ചതല്ല. പുതിയനിയമം സഭാംഗങ്ങളാൽ വിരചിതമായതും സഭയിലുണ്ടായതുമാണ്.

ചോദ്യം 2. പുതിയനിയമത്തിലെ നാലു സുവിശേഷങ്ങൾ എങ്ങനെയുണ്ടായി?

ഉത്തരം: പെന്തിക്കോസ്തു ദിവസം സഭ ജനിച്ചു. ആ സഭയിലെ പ്രസംഗം മൂന്നു കാര്യങ്ങളെക്കുറിച്ചായിരുന്നു. ക്രിസ്തു ആര്? ക്രിസ്തു എന്തു ചെയ്തു? ക്രിസ്തു എന്തു പഠിപ്പിച്ചു? അപ്പോസ്തലന്മാർ ആദ്യം പ്രസംഗരൂപേണ ആവിഷ്കരിച്ച പാഠങ്ങളെ അവരിലൊരാളായ വി. മത്തായി യഹൂദ ക്രിസ്ത്യാനികളുടെ ആവശ്യത്തിനുവേണ്ടി ക്രിസ്തുവിന്റെയും അപ്പോസ്തലന്മാരുടെയും മാതൃഭാഷയായ അറമായ ഭാഷ (സുറിയാനി) യിൽ എഴുതിയുണ്ടാക്കി. പിന്നീടാരോ അതിനെ ഗ്രീക്കിൽ വിവർത്തനം ചെയ്തു. അതിന്റെ ഒരു സമാഹാരം വി. പത്രോസ് ശ്ലീഹായുടെ അന്തേവാസികളിൽ ഒരാളായ വി. മർക്കോസ് റോമാനഗരത്തിൽ പ്രസിദ്ധം ചെയ്തു. ഇവയെ രണ്ടിനെയും ആധാരമാക്കിയും, നേരിട്ടറിഞ്ഞ മറ്റു ചില വിവരങ്ങൾ കൂട്ടിയും പൗലോസ് അപ്പോസ്തലന്റെ അന്തേവാസികളിൽ ഒരാളായ വി. ലൂക്കോസ് സുഭഗമായ യവന ഭാഷയിൽ വേറൊന്ന് എഴുതിയുണ്ടാക്കി.

ഈ മൂന്നു സുവിശേഷങ്ങളും എഴുതപ്പെട്ടത് ക്രിസ്തുവിന്റെ ക്രൂശുമരണത്തിനു ശേഷം 20 മുതൽ 40 വരെ വർഷങ്ങൾക്കിടയിലായിരുന്നു.

പിന്നീട് 12 ശ്ലീഹന്മാരിൽ ഒരുവനായിരുന്ന വി. യോഹന്നാൻ തന്റെ ശിഷ്യന്മാരുടെ ആവശ്യപ്രകാരം തന്റെ മരണത്തിന് മുൻപായി കർത്താവിനെക്കുറിച്ച് തനിക്ക് പ്രത്യേകം അറിയാമായിരുന്ന ചില കാര്യങ്ങൾ കൂടെ ചേർത്ത് നാലാമതൊരു സുവിശേഷം എഴുതിവച്ചു. ക്രിസ്തുവിന്റെ ക്രൂശുമരണത്തിന് ഏകദേശം 65 വർഷങ്ങൾക്കുശേഷമായിരിക്കണം അദ്ദേഹം അത് എഴുതിയത് (A.D. 95).

ചോദ്യം 3. ഈ നാലു സുവിശേഷങ്ങളും തമ്മിൽ എല്ലാ കാര്യങ്ങളിലും യോജിക്കുന്നുണ്ടോ?

ഉത്തരം: യോജിക്കുവാനുള്ള പല ശ്രമങ്ങളും രണ്ടാം നൂറ്റാണ്ടു മുതൽ നടന്നിട്ടുണ്ട്. 160-ാമാണ്ടോടടുത്ത് താത്തിയാനോസ് എന്ന സുറിയാനിക്കാരൻ നാലു സുവിശേഷവും കൂടി ഒരുമിച്ച് കൂട്ടിച്ചേർത്ത് ഒറ്റ സുവിശേഷമാക്കിയത്, അഞ്ചാം ശതാബ്ദം വരെ സുറിയാനി സഭയിൽ ഉപയോഗത്തിലിരുന്നു. പിന്നീട് അതു മാറ്റിയിട്ട് നാലു വെവ്വേറെ സുവിശേഷങ്ങളിലേക്ക് (ഏവൻഗേലിയോൻ ഹാമെഫറാഷേ) തിരികെപ്പോകയാണുണ്ടായത്. നാലു സുവിശേഷങ്ങളും തമ്മിൽ ചില ചില്ലറ പരസ്പര വൈരുദ്ധ്യങ്ങളില്ലാതില്ല. എന്നാൽ പ്രധാന കാര്യങ്ങളിൽ നാലു സുവിശേഷവും ഒന്നു തന്നെ.

ചോദ്യം 4. പുതിയനിയമം ഇപ്പോഴത്തെ രീതിയിൽ കൂട്ടിച്ചേർത്തത് ആര്? എന്ന്?

ഉത്തരം: ഇന്നത്തെ മലയാള വേദപുസ്തകത്തിൽ കാണുന്ന 27 പുസ്തകങ്ങളുടെ ലിസ്റ്റ് ആദ്യമായി കാണുന്നത്, A.D. 369-ാമാണ്ട് മാർ അത്താനാസ്യോസ് എഴുതിയ ഒരു ലേഖനത്തിലാണ്. 382-ാമാണ്ടിൽ റോമാസഭ അംഗീകരിച്ചു.

അതിനു മുമ്പ് നാലു സുവിശേഷങ്ങളും അപ്പോസ്തല പ്രവൃത്തികളും വി. പൗലോസിന്റെ 13 ലേഖനങ്ങളും വി. പത്രോസിന്റെയും വി. യാക്കോബിന്റെയും, വി. യോഹന്നാന്റെയും ഓരോ ലേഖനങ്ങളും എന്നിങ്ങനെ 21 പുസ്തകങ്ങൾ മൂന്നാം ശതാബ്ദത്തിന്റെ ആരംഭത്തിൽ തന്നെ പുതിയനിയമത്തിൽ സ്വീകരിക്കപ്പെട്ടിരുന്നു. വി. പത്രോസിന്റെ രണ്ടാം ലേഖനം, വി. യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങൾ, വി. യൂദായുടെ ലേഖനം, യോഹന്നാന്റെ വെളിപാട് എന്നീ ആറു പുസ്തകങ്ങളെപ്പറ്റി മൂന്നാം ശതാബ്ദത്തിൽപ്പോലും സംശയങ്ങളുണ്ടായിരുന്നതായി എവുസേബിയസ് എന്ന ചരിത്രകാരൻ നാലാം ശതാബ്ദത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ചോദ്യം 5. എവുസേബിയസിന്റെ സഭാചരിത്രത്തിൽ അവിതർക്കിത

ങ്ങളായ പുതിയനിയമ പുസ്തകങ്ങളേവയെന്ന് പറയുന്നുണ്ടോ?

ഉത്തരം: ഉവ്വ്. മൂന്നാം പുസ്തകം 25-ാം അദ്ധ്യായത്തിൽ. അദ്ദേഹത്തിന്റെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

സുവിശേഷങ്ങൾ 4
അപ്പോസ്തല പ്രവൃത്തികൾ 1
വി. പൗലൂസിന്റെ ലേഖനങ്ങൾ 13
വി. യോഹന്നാന്റെ 1-ാം ലേഖനം 1
വി. പത്രോസിന്റെ 1-ാം ലേഖനം 1
ആകെ 20 പുസ്തകങ്ങൾ

ചോദ്യം 6. അക്കാലത്തുണ്ടായിരുന്ന മറ്റു ചില പുസ്തകങ്ങൾ സംശയാസ്പദങ്ങളായിരുന്നുവെന്നു എവുസേബിയസ് പറയുന്നുണ്ടോ?

ഉത്തരം: ഉവ്വ്.

എബ്രായ ലേഖനം 1
വി. യാക്കോബിന്റെ ലേഖനം 1
വി. യൂദായുടെ ലേഖനം 1
വി. പത്രോസിന്റെ രണ്ടാം ലേഖനം 1
വി. യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങൾ 2
വി. യോഹന്നാന്റെ വെളിപാട് 1

ആകെ ഏഴ്

ഇവ കുറെപ്പേർ സ്വീകരിക്കുന്നു. കുറേപ്പേർ നിരാകരിക്കുന്നു എന്നാണദ്ദേഹം പറയുന്നത്.

ചോദ്യം 7. ചില പുസ്തകങ്ങളെ സഭ തീർത്തും നിരാകരിക്കുന്നതായി പറയുന്നുണ്ടോ?

ഉത്തരം: ഉവ്വ്. താഴെപ്പറയുന്ന പുസ്തകങ്ങൾ വേദപുസ്തകത്തിൽ ഉൾപ്പെടുത്തിക്കൂടാ എന്ന് എവുസേബിയസ് പറയുന്നു.

പൗലോസ് അപ്പോസ്തലന്റെ പ്രവൃത്തികൾ (Acts of Paul), അജപാലകൻ (Shephered of Hermas), വി. പത്രോസിന്റെ വെളിപാട് (Apocalypse of Peter), ബർണബാസിന്റെ ലേഖനം, അപ്പോസ്തലന്മാരുടെ ഉപദേശങ്ങൾ (Teaching of the Apostles), ഹെബ്രായക്കാരുടെ സുവിശേഷം (Gospel according to Hebrews), പത്രോസിന്റെ സുവിശേഷം, തോമായുടെ സുവിശേഷം, മത്തിയാസിന്റെ സുവിശേഷം, അന്ത്രയോസിന്റെ പ്രവൃത്തികൾ, യോഹന്നാന്റെ പ്രവൃത്തികൾ.

ചോദ്യം 8. എന്തടിസ്ഥാനത്തിലാണ് സഭ ചില പുസ്തകങ്ങളെ സ്വീകരിക്കുകയും ചിലവയെ നിരാകരിക്കുകയും ചെയ്തത്?

ഉത്തരം: രണ്ടടിസ്ഥാനങ്ങളാണുണ്ടായിരുന്നത്. ഒന്നാമത് അപ്പോസ്തോലിക ഗ്രന്ഥകർത്തൃത്വം. അപ്പോസ്തലന്മാരിൽ ഒരാൾ നേരിട്ടോ ശിഷ്യന്മാരിൽ ഒരാൾ മുഖാന്തിരമോ എഴുതിയിട്ടുള്ള പുസ്തകങ്ങളെ സഭ സ്വീകരിച്ചു. മറ്റുള്ളവയെ നിരാകരിച്ചു. രണ്ടാമത്, അപ്പോസ്തലന്മാർ പഠിപ്പിച്ച വിശ്വാസമെന്തെന്ന് വേദപുസ്തകം കൂടാതെ തന്നെ സഭാപിതാക്കന്മാർക്ക് പരമ്പരാഗതമായി അറിയാമായിരുന്നു. ആ വിശ്വാസത്തിനെതിരായ ഗ്രന്ഥങ്ങളെ അവർ നിരാകരിക്കുകയാണുണ്ടായത്. പ്രത്യേകിച്ചും വെളിപാടു പുസ്തകത്തിന്റെ കാര്യത്തിലുണ്ടായിരുന്ന പ്രധാന പ്രയാസം സഭാവിശ്വാസത്തിനെതിരായ സഹസ്രാബ്ദ വാഴ്ചയെപ്പറ്റി അതിൽ കാണുന്നുവെന്നതായിരുന്നു.

ചോദ്യം 9. പഴയനിയമ ഗ്രന്ഥങ്ങളെക്കുറിച്ചും ഇങ്ങനെയുള്ള സംശയങ്ങളുണ്ടായിരുന്നോ?

ഉത്തരം. അപ്പോസ്തോലിക കാലത്തു (37-100 A.D.) ജീവിച്ചിരുന്ന ജോസിഫസ് എന്ന യഹൂദ ഗ്രന്ഥകാരൻ തന്റെ പുസ്തകത്തിൽ പറയുന്നത് പഴയനിയമത്തിൽ 22 പുസ്തകങ്ങൾ മാത്രമേയുള്ളുവെന്നാണ്.

മോശയുടെ 5, പ്രവാചകന്മാർ 13, സങ്കീർത്തനങ്ങൾ, സദൃശവാക്യങ്ങൾ 4. ആകെ 22.

ഇവ കൂടാതെ മറ്റ് ചരിത്ര പുസ്തകങ്ങളുണ്ടെന്നും അവയൊന്നും മേൽപറഞ്ഞവ പോലെ വിശ്വാസയോഗ്യങ്ങളല്ലെന്നും ജോസിഫസ് പറയുന്നു. ഈ 22 പുസ്തകങ്ങൾ യഥാർത്ഥത്തിൽ താഴെ പറയുംപ്രകാരമായിരുന്നിരിക്കണമെന്നാണ് പണ്ഡിതാഭിപ്രായം

മോശയുടെ അഞ്ചു പുസ്തകങ്ങൾ, യഹോശുവാ, ന്യായാധിപന്മാരും രൂത്തും, ശമുവേൽ, രാജാക്കന്മാർ, ദിനവൃത്താന്തങ്ങൾ, എസ്റാ-നെഹമിയാ, എസ്ഥേർ, ഏശായ, യെരമ്യാ - വിലാപ വാക്യങ്ങൾ.

ചോദ്യം 10. വേദപുസ്തക ഗ്രന്ഥങ്ങളുടെ ആദിമ കൈയെഴുത്തു പ്രതികൾ നമുക്ക് ലഭിച്ചിട്ടുണ്ടോ?

ഉത്തരം: ഇല്ല. ഒന്നുപോലുമില്ല. പഴയനിയമത്തിന്റെ കൈയെഴുത്തു പ്രതികൾ എഴുതിയത് തുകൽ ചുരുളുകളിലോ കടലാസു (പപ്പൈറസ്) ചുരുളുകളിലോ ആയിരുന്നിരിക്കണം. ഇന്നത്തെ പഴയനിയമങ്ങളിലധികവും പരിഭാഷപ്പെടുത്തിയിട്ടുള്ളത് ക്രിസ്തുവിനു ശേഷം 1008-ാമാണ്ടു മുതൽ 1010-മാണ്ടു വരെയുള്ള കാലത്ത്, കെയിറോയിൽ പകർത്തിയതും

ഇന്നു ലെനിൻഗ്രാഡിൽ ഉള്ളതുമായ ഒരു കൈയെഴുത്തുപ്രതിയെ ആധാരമാക്കിയുള്ളതാണ്. പുതിയനിയമത്തിന്റെ കൈയെഴുത്തുപ്രതികളും ക്രിസ്തുവിനുശേഷം 300 മുതൽ 500 വരെ വർഷങ്ങൾക്കു ശേഷം എഴുതപ്പെട്ടവയാണധികവും നാം ഉപയോഗിക്കുന്നത്.

ചോദ്യം 11. വേദപുസ്തകത്തിൽ തെറ്റുകളുണ്ടോ?

ഉത്തരം. രണ്ടു മൂന്നു തരത്തിലുള്ള തെറ്റുകൾ കാണാം. ഒന്നാമത് പകർത്തിയെഴുതിയതിലെ തെറ്റ്. രണ്ടാമത് അറിഞ്ഞുകൊണ്ടു വരുത്തിയ തിരുത്തലുകൾ (ഉദാഹരണം: പരസ്യവായനയിൽ പ്രയാസമുള്ള വാക്കുകൾ മാറിയെഴുതുക: ബാലിന്റെയോ മറ്റു വാർക്കപ്പെട്ട വിഗ്രഹങ്ങളുടെ നാമത്തിന്റെയോ സ്ഥാനത്തു ലജ്ജയെന്ന അർത്ഥമുള്ള 'ബോഷത്ത്' എന്നു ചേർക്കുക).

മൂന്നാമത്, രണ്ടു രേഖകൾ പരസ്പര വ്യത്യസ്തങ്ങളായിക്കാണുമ്പോൾ രണ്ടിനെയും ഉൾപ്പെടുത്തി ഗ്രന്ഥരചന നടത്തുന്നതു മൂലമുള്ള പരസ്പര വൈരുദ്ധ്യങ്ങൾ.

ഈ മൂന്നാമത്തെ തരത്തിലുള്ള തെറ്റ് വളരെ കൂടുതലായി കാണുന്നത് മോശയുടെ പുസ്തകങ്ങളിലാണ്: ഉദാഹരണം:- ഉല്പത്തി ഒന്നാം അദ്ധ്യായത്തിൽ സകല ചരാചരങ്ങളേയും സൃഷ്ടിച്ച ശേഷമാണ് മനുഷ്യനെ സൃഷ്ടിക്കുന്നത്; രണ്ടാമദ്ധ്യായത്തിലാകട്ടെ, പുല്ലുകളും വൃക്ഷങ്ങളും വളരുന്നതിനു മുമ്പെ ദൈവം മനുഷ്യനെ സൃഷ്ടിച്ചുവെന്നും (2:4-7) മനുഷ്യനെ സൃഷ്ടിച്ചശേഷം, അവന് കൂട്ടില്ലാഞ്ഞിട്ടാണ് പിന്നീട് മൃഗങ്ങളെ സൃഷ്ടിച്ചതെന്നും (2:18-19) പറയുന്നു. വേറൊരുദാഹരണം:- നോഹയുടെ പെട്ടകത്തിൽ ഏഴു വീതം ശുദ്ധ മൃഗങ്ങളും ഈരണ്ടു വീതം അശുദ്ധ മൃഗങ്ങളും കയറി എന്ന് ഉല്പത്തി 7:2-5-ൽ കാണുന്നു. എന്നാൽ ശുദ്ധമൃഗങ്ങളിൽ നിന്നും അശുദ്ധ മൃഗങ്ങളിൽ നിന്നും ഈരണ്ടു വീതമായിരുന്നുവെന്ന് 7:8-ൽ കാണുന്നു.

ചോദ്യം 12. വേദപുസ്തകത്തിൽ തെറ്റുണ്ടെങ്കിൽ പിന്നെയെങ്ങനെയാണ് അതിനെ ആധാരമാക്കിയുള്ള സത്യവിശ്വാസം സാദ്ധ്യമാവുക?

ഉത്തരം: വേദപുസ്തകത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള സത്യവിശ്വാസം ആർക്കും സാദ്ധ്യമല്ല. വേദപുസ്തകത്തിൽ ഉള്ളതെല്ലാം വിശ്വാസത്തിന് ആധികാരികമായി നാം എടുക്കുന്നപക്ഷം അവ തമ്മിൽ പരസ്പര വൈരുദ്ധ്യമുള്ളതായി കാണാം. ഉദാഹരണം: വേദപുസ്തകത്തിലെ ആദ്യത്തെ രണ്ടു അദ്ധ്യായങ്ങളിൽ നിന്ന് നമുക്ക് എന്താണ് പഠിക്കാവുന്നത്? ദൈവം 24 മണിക്കൂർ വീതമുള്ള ആറു ദിവസങ്ങൾ കൊണ്ടു പ്രപഞ്ച സൃഷ്ടി നടത്തിയെന്നും ജോലിയുടെ ക്ഷീണം

കൊണ്ട് 7-ാം ദിവസം വിശ്രമിച്ചുവെന്നും വേണമെങ്കിൽ അർത്ഥമാക്കാം. പക്ഷേ ദൈവം നമ്മെപ്പോലെ കായികാദ്ധ്വാനം മൂലം ക്ഷീണിക്കുന്നവനും തന്റെ ശക്തി വീണ്ടെടുക്കാൻ വേണ്ടി വിശ്രമം ആവശ്യമുള്ളവനുമാണോ? മാത്രമല്ല, സൂര്യനെ സൃഷ്ടിച്ചതു നാലാം ദിവസമാണെങ്കിൽ, സൂര്യനാൽ അളക്കപ്പെടുന്ന ഇരുപത്തിനാലു മണിക്കൂർ വീതമുള്ള ദിവസങ്ങളിതിനു മുമ്പുണ്ടായിരുന്നതെങ്ങിനെ? ഈ 6 ദിവസങ്ങളെ 24 മണിക്കൂർ വീത മുള്ള ദിവസങ്ങളായി കണക്കാക്കേണ്ടതില്ലെന്നും അവയെ കാലഘട്ടങ്ങ ളായി കരുതാമെന്നും പിതാക്കന്മാർ പഠിപ്പിക്കുന്നു.

ആദാമിനെ പറുദീസയിലാക്കിയപ്പോൾ അവനു സസ്യഭോജനം മാത്രമേ അനുവദിച്ചിരുന്നുള്ളു (ഉല്പത്തി 1:29, 2:16). അതുകൊണ്ട് പാപ മോചനം പ്രാപിച്ച് നിത്യജീവനിലേക്ക് വീണ്ടും കൊണ്ടുപോകപ്പെട്ടിട്ടു ള്ളവരായ നമുക്കും സസ്യഭോജനം മാത്രമേ പാടുള്ളുവെന്ന് വേണമെ ങ്കിൽ വാദിക്കാം. ശാബതു ദിവസം, അതായതു ശനിയാഴ്ച സർവ്വ പ്രവൃ ത്തികളിൽ നിന്നും പിൻവാങ്ങി വിശ്രമിക്കണമെന്ന് ദൈവകല്പനയാ ണെന്ന് വേദപുസ്തകം അടിസ്ഥാനമാക്കി വാദിക്കാം. ഇന്നു സസ്യഭോജ നവും ശാബതാചരണവും നമുക്ക് ദൈവകല്പനകളല്ലെന്നുള്ളത് സഭ യുടെ പഠിപ്പിക്കലാണ്. അതിന് കുറെ വേദാടിസ്ഥാനങ്ങൾ വേണമെങ്കിൽ നല്കാൻ സാധിക്കും. പക്ഷേ സഭയുടെ പഠിപ്പിക്കൽ അങ്ങനെയായതു കൊണ്ടാണ് ശാബതാചരണം എന്നെ സംബന്ധിച്ചിടത്തോളം ദൈവ കല്പനയല്ലെന്ന് എനിക്കറിയാവുന്നത്. അല്ലാതെ വേദപുസ്തകത്തിലെ ഏതെങ്കിലും വാക്യങ്ങളെ അടിസ്ഥാനമാക്കി അങ്ങനെ പഠിപ്പിക്കുവാൻ സാധ്യമല്ല. പത്തു കല്പനകളിലൊന്നിനെ ലംഘിക്കുവാൻ കുറെ വേദ വാക്യങ്ങൾ മാത്രം പോരാ. ദൈവസ്ഥാപിതമായ സഭയുടെ അപ്പോസ്തോ ലിക പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിലാണ് എനിയ്ക്കതിനു ധൈര്യം വരുന്നത്.

ചോദ്യം 13. ദൈവവചനമായ വേദപുസ്തകവും ദൈവദത്തമായ മനു ഷ്യബുദ്ധിയും ഉപയോഗിച്ചാൽ സത്യവിശ്വാസം അറിയുവാൻ സാദ്ധ്യ മല്ലേ?

ഉത്തരം: തീർച്ചയായും അല്ല. മാത്രമല്ല, വേദപുസ്തകവും മനുഷ്യ ശക്തിയും കൂടെ ഒരുമിച്ച് ചേർത്താൽ ലഭിക്കുന്നത് തീർച്ചയായും വേദ വിപരീതമാണെന്നുള്ളതിന് സഭാചരിത്രം സാക്ഷിയാണ്. പാഷണ്ഡ വിശ്വാസങ്ങളിൽ ഏറ്റവും നികൃഷ്ടരായ അറിയൂസിന്റെ വേദവിപരീതം ഉണ്ടായത് മുഴുവൻ, വേദപുസ്തകവും മനുഷ്യന്റെ യുക്തിയും ചേർ ത്തുള്ള ചില സംഭവങ്ങളുടെ അടിസ്ഥാനത്തിലാണ്. സഭയിലെ സത്യ വിശ്വാസം അറിയുവാൻ സഭയിലെ ആരാധനയിലും വിശ്വാസത്തിലും

ഉറച്ചുനില്ക്കുന്നവനേ സാധിക്കൂ. സഭയ്ക്ക് പുറത്തുള്ളവർ വേദ പുസ്തകം തെറ്റിദ്ധരിക്കാനാണ് അധികം സാദ്ധ്യതയുള്ളത്.

ചോദ്യം 14. വേദപുസ്തകമല്ലാതെ സഭയുടെ പാരമ്പര്യമനുസരിച്ചാണ് സത്യവിശ്വാസം അറിയേണ്ടതെന്ന് പിതാക്കന്മാർ പഠിപ്പിച്ചിട്ടുണ്ടോ?

ഉത്തരം: പഠിപ്പിച്ചിട്ടുണ്ട്. പരിശുദ്ധനായ മാർ ബസ്സേലിയോസ് (നാലാം ശതാബ്ദം) പരിശുദ്ധാത്മാവിനെക്കുറിച്ചെഴുതിയ കൃതിയിലെ ചില ഉദ്ധരണികൾ താഴെ നൽകുന്നു:

"തിരുവെഴുത്തിൽ ആധാരമില്ലാത്ത ആചാരങ്ങളെല്ലാം അപ്രധാനങ്ങളെന്ന് കരുതി നാം നിരാകരിക്കുവാൻ തുടങ്ങിയാൽ, സുവിശേഷത്തെ അതിന്റെ ജീവസത്തയിൽ മുറിപ്പെടുത്തുകയായിരിക്കും നാം ചെയ്യുന്നത്; പോരാ, നമ്മുടെ വിശ്വാസപ്രമാണം തന്നെ വെറുമൊരു പദസമുച്ചയം മാത്രമായിത്തീരും. ഒരു പൊതു ഉദാഹരണമെടുക്കുക. കർത്താവേശു മിശിഹായുടെ നാമത്തിൽ വിശ്വസിക്കുന്നവരുടെമേൽ ക്രൂശുരൂപത്തിൽ റൂശ്മാ കുത്തുവാൻ ആരാണ് നമ്മെ തിരുവെഴുത്തിൽ പഠിപ്പിക്കുന്നത്? പ്രാർത്ഥനയ്ക്ക് കിഴക്കോട്ടു തിരിഞ്ഞു നില്ക്കണമെന്ന് ഏതു തിരുവെഴുത്താണ് നമ്മെ പഠിപ്പിക്കുന്നത്? വിശുദ്ധ കുർബ്ബാനയിൽ തിരുവപ്പത്തേയും അനുഗ്രഹക്കാസായേയും വാഴ്ത്തുന്ന സമയത്ത് ചൊല്ലേണ്ടുന്ന വചനങ്ങൾ ഏതു തിരുവെഴുത്തിലാണു കാണുക? കാരണം നാം ആ സമയത്ത് ഉപയോഗിക്കുന്ന വാക്കുകൾ അപ്പോസ്തോലനോ സുവിശേഷങ്ങളോ രേഖപ്പെടുത്തിയിട്ടുള്ളവ മാത്രമല്ല; ആമുഖമായും ഉപസംഹാരമായും കൂദാശാനുഷ്ഠാനത്തിന് അതിപ്രധാനങ്ങളായ ചില വാക്കുകൾ നാം കൂട്ടിച്ചേർക്കുന്നത്, ലിഖിതേതര പാരമ്പര്യത്തിൽ നിന്നു നമുക്ക് ലഭിച്ചിട്ടുള്ളതാണ്. മാമോദീസാജലത്തേയും മൂറോനേയും നാം വാഴ്ത്തുന്നു. സ്നാനാർത്ഥിയെ നാം റൂശ്മാ ചെയ്തനുഗ്രഹിക്കുന്നു. ഇതിനു തിരുവെഴുത്തിലെവിടെയാണാധാരം? അല്ല മൂറോൻ കൂദാശ തന്നെ വേണമെന്ന് തിരുവെഴുത്തുകൾ പറയുന്നുണ്ടോ? മൂന്ന് പ്രാവശ്യം തളിച്ച് മാമ്മോദീസാ മുക്കുകയെന്ന ക്രമം ഏതു തിരുവെഴുത്തിനെ ആസ്പദമാക്കിയാണുണ്ടായത്? സാത്താനെയും അവന്റെ ദൂതന്മാരെയും മാമ്മോദീസയിൽ ഉപേക്ഷിച്ചു പറയണമെന്ന് ഏതു തിരുവെഴുത്ത് നിഷ്കർഷിക്കുന്നു? ഇതെല്ലാം നമുക്ക് ലഭിച്ചത്, ജിജ്ഞാസുക്കളുടേയും ദൈവിക കാര്യങ്ങളിൽ അനാധികാരികമായി ഇടപെടുന്നവരുടെയും നീരിക്ഷണത്തിൽ നിന്നകറ്റി, പ്രസിദ്ധം ചെയ്യാതെ രഹസ്യത്തിൽ നമ്മുടെ പിതാക്കന്മാർ നമുക്കേല്പിച്ചുതന്ന പാരമ്പര്യത്തിൽ നിന്നല്ലേ?"

പരിശുദ്ധനായ മാർ ബസ്സേലിയോസ് ഈ കൃതിയിൽ അലിഖിത പാരമ്പര്യത്തെക്കുറിച്ച് സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്. ഈ പാരമ്പര്യം അറി

ഞ്ഞുകൂടാത്തവർക്ക് സുവിശേഷം തന്നെ സുഗ്രാഹ്യമാകയില്ലെന്നാണ് ആ പിതാവ് പറയുന്നത്.

ചോദ്യം 15. അങ്ങനെയെങ്കിൽ വേദപുസ്തകവും അലിഖിത പാരമ്പ ര്യവും എന്നിങ്ങനെ രണ്ട് ആധികാരിക പ്രമാണങ്ങളാണ് ക്രൈസ്തവ വിശ്വാസത്തിനുള്ളതെന്ന് പറയാമോ?

ഉത്തരം: പറഞ്ഞുകൂടാ. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണം മനുഷ്യാവതാരം ചെയ്ത് മരിച്ചുയിർത്തെഴുന്നേറ്റ ക്രിസ്തുവും, പെന്തക്കോസ്തു ദിവസം ശ്ലീഹന്മാരുടേയും സഭയുടെ മുഴുവൻമേലും ഇറങ്ങിവന്നാവസിച്ച് ഇന്നും സഭയെ അധിവാസം ചെയ്യുന്ന പരിശുദ്ധാ ത്മാവുമാണ്. ഈ പരിശുദ്ധാത്മാവാണ് ക്രിസ്തുവിനെ കുറിച്ചുള്ള സത്യത്തെ കൂദാശകൾ വഴിയായും ആചാരങ്ങൾ വഴിയായും വി. വേദ പുസ്തകം വഴിയായും, വി. ജീവിതം വഴിയായും സഭയിൽ പുലർത്തി ക്കൊണ്ടു പോകുന്നത്. വേദപുസ്തകങ്ങളും സഭാചാരങ്ങളും ഉപദേ ശവും കൂദാശകളും എല്ലാം ഉൾപ്പെടെ പരിശുദ്ധാത്മാവ് സഭയിൽ തുടർച്ച യായി ചെയ്യുന്ന എല്ലാ കാര്യങ്ങൾക്കും കൂടെ ഒന്നായി സഭ നൽകുന്ന പേരാണ് പാരമ്പര്യം എന്നത്.

ചോദ്യം 16. അപ്പോൾ വേദപുസ്തകവും സുന്നഹദോസുകളിലെ തീരു മാനങ്ങളും പിതാക്കന്മാരുടെ ഗ്രന്ഥങ്ങളും ഒക്കെ തമ്മിൽ വ്യത്യാസമൊ ന്നുമില്ലേ?

ഉത്തരം: ഉണ്ട്, തീർച്ചയായും ഉണ്ട്.

പാഠം 3

സഭയുടെ വി. രഹസ്യങ്ങൾ

നിർവ്വചനം

കൂദാശ എന്ന മലയാളപദം പൗരസ്ത്യ സുറിയാനിയിൽ നിന്ന് വായ്പ വാങ്ങിയതാണ്. ശുദ്ധീകരണം എന്നതാണ് അനുപദാർത്ഥം. ലത്തീനിലെ Sacramentum എന്ന പദത്തിൽനിന്നുണ്ടായ ഇംഗ്ലീഷ് Sacrament ന്റെ പരി ഭാഷയായി ഇപ്പോൾ ഉപയോഗിച്ചുവരുന്നുണ്ടെങ്കിലും അർത്ഥവ്യാപ്തി യിൽ വ്യത്യാസമുണ്ട്.

വേദശാസ്ത്രത്തിന്റെ മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിക്കുന്നത് mysterion എന്ന പദമാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാരം ദൈവം മനുഷ്യരക്ഷയ്ക്കായി ചെയ്തിട്ടുള്ള പ്രവർത്തനത്തിന്റെ മർമ്മമത്രേ. മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിൽ മറ്റു മനുഷ്യരെ പങ്കാളികളാക്കുക എന്നതാണ് കൂദാശകളുടെ പ്രധാനോദ്ദേശ്യം. അതെങ്ങനെ സംഭവിക്കുന്നുവെന്ന് യുക്തിയുക്തമായി പ്രതിപാദിക്കുവാൻ സാദ്ധ്യമല്ല. സ്ഥലകാലലോകത്തിന്റേതു മാത്രമാണ് നമ്മുടെ യുക്തി. അതിന്നതീതമായിട്ടുള്ളതാണ് ഈശ്വര പ്രവർത്തനത്തിന്റെ വ്യാപ്തി. അതുകൊണ്ടാണ് ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ മറ്റു മനുഷ്യർ ഭാഗഭാക്കുകളാകുകയെന്നത് യുക്ത്യതീതമായ ഒരു രഹസ്യമായി നിലകൊള്ളുന്നത്.

കൂദാശയ്ക്കൊരു ഔദ്യോഗിക നിർവ്വചനം കത്തോലിക്കാ സഭപോലും നൽകിയിട്ടില്ല. "മനുഷ്യരെ വിശുദ്ധീകരിക്കുന്ന ഒരു ദിവ്യ യാഥാർത്ഥ്യത്തിന്റെ പ്രത്യക്ഷ അടയാളമാണ് കൂദാശ' എന്ന് തോമസ് അക്വിനാസ് പറയുന്നു. സെന്റ് വിക്റ്ററിലെ ഹ്യൂഗോയുടെ നിർവ്വചനം കുറെക്കൂടെ സങ്കീർണ്ണമാണ്.

"അദൃശ്യവും ആത്മികവുമായ ഏതെങ്കിലും കൃപയെ സാരൂപ്യം മൂലം സാക്ഷ്യപ്പെടുത്തുകയും സ്ഥാപനം മൂലം സാർത്ഥമാക്കുകയും, വിശുദ്ധീകരണം മൂലം ഉൾക്കൊള്ളുകയും ഇന്ദ്രിയഗോചരമായും സ്പഷ്ടമായും നല്കപ്പെടുകയും ചെയ്യുന്ന ശാരീരികമോ വസ്തുനിഷ്ഠമോ ആയ ധാതുവാണ് കൂദാശ."

പാശ്ചാത്യസഭയുടെ നിർവചനങ്ങളിൽ ഏറ്റവും നൂതനമായിട്ടുള്ളത് വത്തിക്കാൻ കൗൺസിലിന്റെ 'വിശുദ്ധ ശുശ്രൂഷയെക്കുറിച്ചുള്ള പ്രമാണം" എന്ന രേഖയിലുള്ളതാണ്.

"കൂദാശകളുടെ ഉദ്ദേശ്യം മനുഷ്യരെ വിശുദ്ധീകരിക്കുകയും, ക്രിസ്തുവിന്റെ ശരീരത്തെ (സഭയെ) കെട്ടിപ്പടുക്കുകയും, ദൈവത്തിന് ആരാധന സമർപ്പിക്കുകയും ചെയ്യുകയെന്നുള്ളതാണ്. അവ സംജ്ഞകളായതുകൊണ്ട് പഠിപ്പിക്കുക കൂടെ ചെയ്യുന്നു. അവ വിശ്വാസത്തെ അടിസ്ഥാനമാക്കുക മാത്രമല്ല, അതിനെ പോഷിപ്പിക്കുകയും ശക്തീകരിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നു. തന്മൂലമാണവ വിശ്വാസകൂദാശകളെന്ന് വിളിയ്ക്കപ്പെടുന്നത്. അവ കൃപയെ തീർച്ചയായും നൽകുന്നതിനു പുറമേ അവയുടെ അനുഷ്ഠാനം തന്നെ വിശ്വാസികളെ ഫലപ്രാപ്തിയുള്ള കൃപാസ്വീകരണത്തിനും യഥാവിധമായ ഈശ്വരാരാധനയ്ക്കും സ്നേഹ പ്രവൃത്തികളുടെ പരിശീലനത്തിനും അത്യധികം യോഗ്യരാക്കുന്നു."

ആംഗ്ലിക്കൻ സഭയിലെ ആരാധനക്രമത്തിൽ കാണുന്ന നിർവ്വചനം ഇങ്ങനെയാണ്. "നമുക്ക് നൽകപ്പെടുന്ന ആന്തരികവും ആത്മികവുമായ

കൃപയെ സ്വീകരിക്കുന്നതിനുള്ള ഉപാധിയും ആ കൃപയെക്കുറിച്ച് നമുക്ക് ഉറപ്പു നൽകുന്ന പ്രതീകവുമായി ക്രിസ്തുവിനാൽ തന്നെ സ്ഥാപിതമായ ബാഹ്യവും ദൃശ്യവുമായ സംജ്ഞയാണ് കൂദാശ."

അർത്ഥവ്യാപ്തി

പൗരസ്ത്യ ക്രിസ്തീയ ചിന്താഗതികൾ കൂദാശകളെ രഹസ്യങ്ങളെന്നാണ് വിളിക്കുന്നത് (റോസാ). ഈശ്വരസന്നിധാനമായ സ്വർഗ്ഗീയ ലോകത്തിൽ നിതാന്തമായി നിലകൊള്ളുന്ന മഹാരഹസ്യങ്ങളിൽ മനുഷ്യരെ പ്രവേശിപ്പിക്കുകയാണ് കൂദാശകളുടെ ലക്ഷ്യം. സ്വർഗ്ഗത്തിലും ഭൂമിയിലും മാലാഖമാരും മനുഷ്യരും ഒരുമിച്ചുള്ള ഒരു ദിവ്യസമൂഹമുണ്ട്. അവിടെയാണ് ഈശ്വരനെ അറിയുവാനും ഈശ്വരന്റെ പ്രവർത്തനങ്ങളെ വിവേചിച്ച് അറിയുവാനും സാധിയ്ക്കുന്നത്. ആ ദിവ്യസമൂഹത്തിന്റെ ഭൗമിക പ്രത്യക്ഷീകരണമാണ് ഇവിടെയുള്ള സഭ. ക്രിസ്തു ക്രൂശിൽ അനുഷ്ഠിച്ച ദിവ്യബലി ഇന്നും മനുഷ്യർക്കുവേണ്ടി സ്വർഗ്ഗത്തിൽ നിലകൊള്ളുന്ന ഒരു നിതാന്ത രഹസ്യമാണ്. അതിന്റെ ഭാഗഭാക്കുകളാകുവാൻ നമ്മെ സഹായിക്കുന്ന സഭയുടെ ഒരു ആരാധനാരൂപമാണ് കൂദാശ.

എണ്ണം

കൂദാശകളെത്രയാണെന്ന് പാശ്ചാത്യസഭ മാത്രമേ ഔദ്യോഗികമായി ക്ലിപ്തപ്പെടുത്തിയിട്ടുള്ളു. അതും പതിനാറാം ശതാബ്ദത്തിൽ തന്നെ കൂദാശകൾ ഏഴു മാത്രമേയുള്ളുയെന്ന അഭിപ്രായമുണ്ടായെങ്കിലും ഏവയെല്ലാമാണ് കൂദാശകൾ എന്ന കാര്യത്തിൽ അഭിപ്രായൈക്യമുണ്ടായില്ല. സെന്റ് വിക്ടറിലെ ഹ്യൂഗോ (1141-ൽ അന്തരിച്ചു) മുപ്പതു കൂദാശകളുടെ പേർ പറയുന്നു. പീറ്റർ ലൊംബാർഡിന്റെ (1100-1160) ലിസ്റ്റിലാണ് ഏഴു കൂദാശകൾ ആദ്യമായി കാണുന്നത്. അവ ദിവ്യസ്നാനം (ബാപ്റ്റിസം), സ്ഥൈര്യലേപനം (കൺഫർമേഷൻ), സ്തോത്രബലി (കുർബ്ബാന), കുമ്പസാരം, അന്ത്യകൂദാശ, ആചാര്യത്വം, വിവാഹം എന്നിവയത്രേ. തോമസ് അക്വിനാസ് ഈ ലിസ്റ്റ് അതേപടി സ്വീകരിച്ചു. ഫ്ളോറൻസിലെ സുന്നഹദോസ് (1439) ഇത് "അർമ്മേനിയാക്കാർക്കുള്ള വ്യവസ്ഥ"യിൽ സ്വീകരിച്ചു. ത്രെന്ത് സുന്നഹദോസ് (1545-63) ഔദ്യോഗികമായംഗീകരിച്ചു. ഏഴും ക്രിസ്തു തന്നെ സ്ഥാപിച്ചതാണെന്നും തീരുമാനിച്ചു. എപ്പോൾ എവിടെ വെച്ചു സ്ഥാപിച്ചു എന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസം ഇപ്പോഴുമുണ്ട്.

പൗരസ്ത്യസഭകൾ കൂദാശകളുടെ സംഖ്യ ഏഴെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും ഏറെക്കുറെ അങ്ങിനെയാണ് പഠിപ്പിക്കുന്നത്. സ്ഥൈര്യലേപനത്തിന്റെ സ്ഥാനത്ത് മൂറോനും അന്ത്യകൂദാശയുടെ സ്ഥാനത്ത് രോഗികളുടെ തൈലാഭിഷേകവുമാണ് കിഴക്കർക്കുള്ളത്.

ആംഗ്ലിക്കൻ സഭയുടെ ഔദ്യോഗിക വിശ്വാസത്തിൽ "സുവിശേഷത്തിൽ നമ്മുടെ നാഥനായ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട രണ്ടു കൂദാശകൾ" ദിവ്യസ്നാനവും വിശുദ്ധ സ്തോത്രബലിയുമാണ്. കൂദാശകളെന്ന് വിളിക്കപ്പെടുന്ന മറ്റഞ്ചും ദൈവസ്ഥാപിതങ്ങളല്ലെന്ന് "39 നിബന്ധനകൾ" പഠിപ്പിക്കുന്നു.

പ്രോട്ടസ്റ്റന്റ് സഭകളുടെയിടയിൽ ക്വേക്കർമാരും രക്ഷാസൈന്യവും കൂദാശകളേയനുഷ്ഠിക്കുന്നില്ല. മറ്റുള്ളവർ മിക്കവരും തന്നെ "ദിവ്യസ്നാനവും തിരുവത്താഴവും" അനുഷ്ഠിക്കുന്നവരാണ്.

വസ്തുവും രൂപവും

കത്തോലിക്കാ സഭയുടെ പാരമ്പര്യമനുസരിച്ച് ഒരു കൂദാശയിലെ അവശ്യഘടകങ്ങൾ വസ്തുവും രൂപവുമാണ് (materia et forma). ദിവ്യസ്നാനത്തിലെ വസ്തു ജലം, രൂപം വിശുദ്ധ ത്രിത്വനാമത്തിലുള്ള സ്നാനവാചകം, സ്തോത്ര ബലിയിലെ വസ്തു അപ്പവും വീഞ്ഞും; രൂപം "ഇതെന്റെ ശരീരമാകുന്നു; ഇതെന്റെ രക്തമാകുന്നു" എന്ന പുരോഹിത വചനം.

വസ്തുവിനും രൂപത്തിനും പുറമെ അവശ്യമായുള്ള മൂന്നാം ഘടകമാണ് സഭ അനുഷ്ഠിയ്ക്കുവാനുള്ള പുരോഹിതന്റെ ഉദ്ദേശ്യം (intention). ഇത് മൂന്നും കൂടിയായാൽ കൂദാശ സാധുവായി; സാധാരണഗതിയിൽ അതിൽക്കൂടെ ദൈവകൃപ ലഭിച്ചുകൊള്ളും. എന്നാൽ സ്വീകരിക്കുന്നവന്റെ അനുതാപരാഹിത്യവും വിശ്വാസരാഹിത്യവും കൊണ്ട് കൃപാസ്വീകരണത്തിന് പ്രതിബന്ധമുണ്ടാക്കുവാൻ അവന് സാധിക്കും. അങ്ങിനെയെങ്കിൽ കൂദാശ 'സാധു' (Valid) ആണെങ്കിലും 'പ്രബലം' (efficacious) ആകയില്ല.

ഈ മേൽപ്പറഞ്ഞ ചിന്താരീതി അകത്തോലിക്കർക്ക്, പൊതുവെ സ്വീകാര്യമല്ല. വസ്തു, രൂപം, സാധുത, പ്രബലത ഇതൊക്കെ പാശ്ചാത്യ തത്വശാസ്ത്രത്തിന്റെയും നിയമസംഹിതയിലേയും തത്വങ്ങളാണ്. പൗരസ്ത്യവേദശാസ്ത്രത്തിൽ കൂദാശയെന്നത്, സഭയാകുന്ന സമൂഹത്തിൽ കൂടെ ക്രിസ്തുവാകുന്ന മഹാപുരോഹിതനും ക്രിസ്തുവിന്റെ ശരീരാംഗങ്ങളായ വിശ്വാസികളും ഒരുമിച്ചനുഷ്ഠിക്കുന്ന ഒരു കർമ്മമാണ്. വസ്തുവും രൂപവും ഉദ്ദേശ്യവും അനുതാപ വിശ്വാസ മനഃസ്ഥിതിയുമൊക്കെ അവശ്യം ആവശ്യം തന്നെ. പരിശുദ്ധാത്മ പ്രവർത്തനമാണ് കൂദാശശക്തിയുടെ രഹസ്യം. അതുണ്ടാകുന്നത് സഭയിലാണ്. സഭയ്ക്ക് ചില പ്രത്യേക അനുഷ്ഠാനക്രമങ്ങളുണ്ട്. അവയനുസരിച്ച് സഭ കൂദാശയനുഷ്ഠിക്കുമ്പോൾ ദൈവശക്തിയാൽ ഫലപ്രാപ്തിയുണ്ടാകുന്നു

വെന്ന് പൗരസ്ത്യ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. വസ്തുവും, രൂപവും ഉദ്ദേശ്യവും കൊണ്ട് ഫലമുണ്ടാകണമെങ്കിൽ സഭയിൽ ദൈവാരാധനയുടെ അന്തരീക്ഷത്തിൽ പരിശുദ്ധാത്മ പ്രവർത്തനമുണ്ടാകണമെന്ന ചിന്താഗതിയിലേക്ക് കത്തോലിക്കാസഭയും നീങ്ങിക്കൊണ്ടിരിക്കുന്നു. കാറൾ റാനർ, ഇ. സ്ഖില്ല ബീക്സ് എന്നീ കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാരാണ് ഈ ചിന്താപ്രസ്ഥാനത്തെ നയിക്കുന്നത്. ഈ പൗരസ്ത്യ ചിന്താഗതിയുടെ പാഠകന്മാരിൽ ഇന്ന് പ്രധാന സ്ഥാനമർഹിക്കുന്നത് അലക്സാണ്ടർ ഷ്മേമാൻ എന്ന റഷ്യൻ ഓർത്തഡോക്സ് സഭയിലെ പുരോഹിതനാണ്.

പ്രതീകാർത്ഥം

ഓരോ കൂദാശയ്ക്കും ഓരോ പ്രത്യേക സംജ്ഞാർത്ഥമുണ്ട്. ദിവ്യസ്നാനം അല്ലെങ്കിൽ മാമോദീസ; മനുഷ്യൻ പൈശാചിക ശക്തികളുടെ മണ്ഡലത്തിൽ നിന്നും ദൈവരാജ്യത്തിലേക്ക് പ്രവേശിയ്ക്കുന്നതിന്റെയും, മരിച്ചുയിർത്തെഴുന്നേറ്റവനായ ക്രിസ്തുവിന്റെ മരണത്തിലും ഉയിർത്തെഴുന്നേല്പിലും പങ്കാളിയാവുന്നതു മൂലം ആ ക്രിസ്തുവിന്റെ ശരീരത്തിലെ അംഗമാകുന്നതിനേയും കുറിക്കുന്നു. ദൈവം നമ്മെ സ്വപുത്രീപുത്രന്മാരായി ദത്തെടുക്കുന്നുവെന്നും, നമ്മുടെ മൃത്യുന്മുഖമായ ജീവനുപകരം അമർത്യമായ ദൈവജീവൻ ദൈവം നമുക്ക് നൽകുന്നുവെന്നും, ലോകത്തിനു മുഴുവൻ വേണ്ടിയുള്ള സ്തോത്രബലിയാകുന്ന കുർബ്ബാനയിൽ ക്രിസ്തുവിനോടൊപ്പം പങ്കുചേരുന്നതിന് പരിശുദ്ധാത്മാവ് നമ്മെ അഭിഷേകം ചെയ്യുന്നുവെന്നും, വിശുദ്ധിയുടെയും അമർത്യതയുടേയും നിർമ്മലവസ്ത്രം ദൈവം നമ്മെ ധരിപ്പിയ്ക്കുന്നുവെന്നും, ദൈവം സൃഷ്ടിച്ചിട്ടുള്ള സർവ്വത്തിന്മേലും അധിപതിയായി തീരുവാൻ മനുഷ്യനെ ദൈവം കിരീടം ധരിപ്പിക്കുന്നുവെന്നും മാമ്മോദീസായ്ക്കർത്ഥമുണ്ട്. മറ്റു സർവ്വ കൂദാശകളുടേയും പ്രഥമപടിയും അടിസ്ഥാനവുമാണ് ദിവ്യസ്നാനം.

പരിശുദ്ധ സ്തോത്രബലി അഥവാ കുർബ്ബാന (പൗരസ്ത്യ സുറിയാനിയിൽ ഈ പദത്തിന് അർപ്പണം എന്നാണർത്ഥം) ലോകത്തിന്റേയും സർവ്വമനുഷ്യരുടേയും രക്ഷയ്ക്കുവേണ്ടി ക്രിസ്തുനാഥൻ കാൽവറിയിലർപ്പിച്ച നിത്യബലിയുടെ സ്ഥലകാലിക പ്രത്യക്ഷീകരണമാണ്. ഈ ബലി അർപ്പിക്കുന്നതിൽ ക്രിസ്ത്യാനികൾ മാത്രമേ പങ്കെടുക്കുന്നുള്ളുവെങ്കിലും സർവ്വമനുഷ്യരാശിയ്ക്കും വേണ്ടിയാണർപ്പിക്കപ്പെടുന്നത്. ഈ കൂദാശയിൽ മൺമയനായ മനുഷ്യൻ മണ്ണിൽനിന്നുണ്ടാകുന്ന അപ്പവീഞ്ഞുകളെ ദൈവത്തിന്നർപ്പിക്കുന്നതോടെ ആ അപ്പവീഞ്ഞുകളാൽ പരിപോഷിയ്ക്കപ്പെടുന്ന മനുഷ്യശരീരത്തേയും മനുഷ്യജീവനെയും

മാത്രമല്ല, സൃഷ്ടി മുഴുവനേയും തന്നെ ദൈവത്തിന്നർപ്പിയ്ക്കുന്നു. കുർബ്ബാനയിൽ ദൈവം തന്റെ ശക്തിയാൽ അപ്പവീഞ്ഞുകളെ ക്രിസ്തുവിന്റെ ശരീരരക്തങ്ങളാക്കിതീർക്കുന്നു; ഈ ശരീരരക്തങ്ങളിൽ കൂടെ ദൈവം തന്നെത്തന്നെ മനുഷ്യന് സ്നേഹപൂർവ്വം നൽകുകയും മനുഷ്യനിൽ ദൈവം എഴുന്നെള്ളി വസിയ്ക്കുകയും ചെയ്യുന്നു.

പ്രോട്ടസ്റ്റന്റ് ക്രിസ്ത്യാനികൾ കുർബ്ബാന ബലിയാണെന്നോ അപ്പവീഞ്ഞുകൾ ക്രിസ്തുവിന്റെ ശരീരരക്തങ്ങളായിത്തീരുന്നുവെന്നോ വിശ്വസിയ്ക്കുവാൻ സാധാരണയായി വിമുഖത കാണിയ്ക്കുന്നു.

പൗരസ്ത്യക്രിസ്ത്യാനികൾക്ക് സ്ഥൈര്യലേപനം അല്ലെങ്കിൽ കൺഫർമേഷൻ എന്നൊരു ശുശ്രൂഷയില്ല. മാമോദീസായുടെ അവിഭാജ്യഘടകമായി അവർ മൂറോൻ അഭിഷേകം ചെയ്യുന്നു. യഥാർത്ഥത്തിൽ മൂറോൻ അഭിഷേകം ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും രാജത്വത്തിലും നമ്മെ പങ്കാളികളാക്കുന്നുവെന്നവർ വിശ്വസിക്കുന്നു.

മാമോദീസായ്ക്കു ശേഷമുണ്ടാകുന്ന ചെറിയ പാപങ്ങളിൽ നിന്ന് കഴുകപ്പെടുന്നതിനായി അനുതാപ പ്രകടനമെന്നർത്ഥമുള്ള കുമ്പസാരം എന്ന കൂദാശയുണ്ട്. രോഗം മനുഷ്യപാപത്തിന്റെ ഫലമാണെന്നും പരിശുദ്ധാത്മാവിന്റെ ശക്തി മൂലം സർവ്വരോഗങ്ങളിൽനിന്നും സ്വസ്ഥത നേടാൻ കഴിയുമെന്ന വിശ്വാസം മൂലം രോഗികളെ പ്രത്യേകം തൈലം കൊണ്ട് അഭിഷേകം ചെയ്ത് രോഗശാന്തിയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നു. ഇതിനെ അന്ത്യകൂദാശയെന്ന് നിർവ്വചിയ്ക്കുന്നത് തീർച്ചയായും തെറ്റാണ്.

മേല്പറഞ്ഞ അഞ്ചു കൂദാശകളും എല്ലാ ക്രിസ്ത്യാനികൾക്കും അവശ്യമായി കരുതുന്നു. എന്നാൽ പ്രത്യേക വിളിയുള്ളവർക്ക് മാത്രമാണ് അവശേഷിയ്ക്കുന്ന രണ്ടു കൂദാശകൾ – വിവാഹവും, പൗരോഹിത്യവും. ക്രിസ്തുവും ക്രിസ്തുവിന്റെ മണവാട്ടിയായ സഭയും തമ്മിലുള്ള അഭേദ്യബന്ധം മൂലം പരസ്പരബദ്ധരായി ഒരു ശരീരമായിത്തീരുന്നുവെന്ന് സഭ പഠിപ്പിക്കുന്നു. സഭയിൽ സദാ മഹാപുരോഹിതനായും നല്ല ഇടയനായും നിലകൊള്ളുന്ന ക്രിസ്തുവിന്റെ ദൃശ്യപ്രതീകമായി പുരോഹിതനും ഇടയനുമായ എപ്പിസ്കോപ്പാ നിലകൊള്ളുന്നു. ആ എപ്പിസ്കോപ്പായോടനുബന്ധിച്ച് കശ്ശീശന്മാരുടെ സംഘവും ശെമ്മാശന്മാരുടെ (ശുശ്രൂഷകരുടെ) സംഘവും വർത്തിയ്ക്കുന്നു.

പാഠം 4

ക്രിസ്തീയ ആരാധന

ക്രിസ്തീയാരാധന മൂന്നു വിധത്തിലാവാം. ഒന്നാമത് ഒരു സ്ഥലത്തുള്ള സഭ മുഴുവൻ ഒരുമിച്ചുകൂടി കുർബ്ബാനയാകുന്ന സ്തോത്രബലിയർപ്പിക്കുന്ന പരസ്യാരാധന; രണ്ടാമത് സന്യാസമഠങ്ങളിലും കുടുംബങ്ങളിലും മറ്റും നടക്കുന്ന പൊതു പ്രാർത്ഥന; മൂന്നാമത് വ്യക്തിപരമായ പ്രാർത്ഥന. മൂന്നും പരസ്പരാപേക്ഷിതങ്ങളാണ്. മൂന്നും ഒരുമിച്ചു കൂടിയാലേ ക്രിസ്തീയാരാധന പൂർണ്ണമാകുകയുള്ളു.

ആരാധന പഴയനിയമത്തിൽ

ക്രിസ്തീയാരാധനയ്ക്ക് അതിന്റേതായ ഒരനുസ്യൂതതയുണ്ട്. സ്ഥലകാലങ്ങളിലുള്ള ക്രൈസ്തവസഭ ഒന്നായിരിക്കുന്നതുകൊണ്ട് എല്ലാ സ്ഥലങ്ങളിലും എല്ലാ കാലങ്ങളിലുമുള്ള ആരാധനയ്ക്കും പരസ്പരബന്ധമുണ്ടാകണം. അതായത് ഓരോ കാലത്തും ഒരു സംഘം ക്രിസ്തീയാരാധകന്മാർ, വേദപുസ്തകമോ മറ്റു വല്ല നിർദ്ദേശകഗ്രന്ഥങ്ങളോ നോക്കി പുതുതായി സൃഷ്ടിക്കുന്ന ഒന്നല്ല ക്രിസ്തീയാരാധന. ക്രിസ്തുവിന്റെ ആരാധനയിൽ ക്രിസ്തുശരീരത്തിലെ അംഗങ്ങൾ എല്ലാവരും പങ്കെടുക്കുക എന്നതാണ് ക്രിസ്തീയാരാധനയുടെ അടിസ്ഥാനം.

അതുകൊണ്ടാണ് ക്രിസ്തീയാരാധനയുടെ രൂപവും ഉള്ളടക്കവും പുസ്തകം നോക്കി പഠിക്കാൻ സാധിക്കാത്തത്. എങ്കിലും ആദിമ ക്രൈസ്തവരെങ്ങനെ ആരാധിച്ചിരുന്നുവെന്നതിനെക്കുറിച്ച് പുതിയനിയമത്തിൽ ചില സൂചനകളൊക്കെയുണ്ട്. അവയിലേയ്ക്കൊന്നെത്തി നോക്കുവാൻ മാത്രമേ ഇവിടെ സ്ഥലമുള്ളു. പുതിയനിയമത്തിലെ ആരാധന ശരിയ്ക്ക് മനസ്സിലാകണമെങ്കിൽ, രണ്ടു കാര്യങ്ങളാവശ്യമാണ്. ഒന്നാമത്, അതിന്റെ പഴയനിയമ പശ്ചാത്തലമറിയണം. രണ്ടാമത്, ക്രൈസ്തവസഭയുടെ പരമ്പരാഗതങ്ങളായ ആരാധനക്രമങ്ങളിലൊന്നിലെങ്കിലും തഴച്ചു വളർന്നിട്ടുള്ളവർക്കേ ഈ സൂചനകൾ അർത്ഥവത്താകയുള്ളു.

പഴയനിയമത്തിൽ ആരാധനയ്ക്ക് പല പദങ്ങളാണുപയോഗിക്കുന്നത്. പ്രധാനമായത് അബോദാ (പുറ. 12:25; 13:5) എന്ന പദമാണ്. വേല, സേവനം എന്നൊക്കെയാണ് മൂല്യാർത്ഥം. ഈശ്വരനെ നാഥനായി സ്വീകരിച്ച് ഈശ്വരന്നിഷ്ടമായത് പ്രവർത്തിക്കുകയാണ് ആരാധനയുടെ അടിസ്ഥാനം. പഴയനിയമ ചിന്താഗതിയിൽ, ഒരു ദാസൻ തന്റെ യജമാനനെ പരിചരിക്കുന്നതുപോലെ യഹൂദന്മാർ ഈശ്വരസന്നിധിയിലെത്തി അവന്റെ ആജ്ഞയും കാത്ത് അണിനിരക്കുമായിരുന്നു. ഈശ്വരനാവശ്യ (!) മായതൊക്കെ കൊണ്ടുപോയി കൊടുക്കുകയെന്നതിനേക്കാൾ ആദരവോടെ

ആ സന്നിധിയിൽ പോയി സാഷ്ടാംഗപ്രണാമം ചെയ്യുകയെന്നതാണ് ആരാധനയുടെ ആദ്യ വശം. ഈ പ്രണാമം ദിവസേന ഈശ്വരാലയ മായ യറുശലേം ദേവാലയത്തിൽ പോയി യഹൂദന്മാർക്കു വേണ്ടി നട ത്തിപ്പോന്നത് പുരോഹിതന്മാരായിരുന്നു. അങ്ങിനെയുള്ള പൊതു ആരാ ധനയ്ക്ക് 'ഷെറെത്' (പുറപ്പാട് 28:35, 43) എന്നാണ് പേർ. ഗ്രീക്കു പഴയ നിയമത്തിൽ ഈ പദങ്ങളെ പരിഭാഷപ്പെടുത്തിയത് ലാറ്ററിയാ, ലെയ് റ്റൂർഗിയാ എന്നീ പദങ്ങൾ കൊണ്ടാണ്.

പഴയനിയമത്തിൽ രണ്ടു നിർബന്ധങ്ങളുണ്ടായിരുന്നു. ഒന്നാമത് യാഹ്‌വേ എന്ന ഏകദൈവത്തെയല്ലാതെ മറ്റാരേയും ആരാധിച്ചു കൂടാ. രണ്ടാമത്, ആ ദൈവത്തിന്റെ പ്രതിരൂപങ്ങളേതെങ്കിലും ഉണ്ടാക്കി അവ യെയും ആരാധിപ്പാനധികാരമില്ല (പുറ. 20:2-5, ആവർത്തന പുസ്തകം 5:2-10). ഈ രണ്ടു കാര്യങ്ങൾ യഹൂദാരാധനയെ അന്യ ശേമ്യ വർഗ്ഗ ങ്ങളുടെ ആരാധനയിൽ നിന്നും വ്യത്യസ്തമാക്കിത്തീർത്തു.

ഏതാണ്ട് ക്രിസ്തുവിന് മുമ്പ് ഏഴാം ശതകത്തിൽ മാത്രമാണ് യഹൂ ദാരാധന പൂർണ്ണമായും കേന്ദ്രീകൃതവും ക്രമീകൃതവുമായി തീർന്നതെന്ന് തോന്നുന്നു. പക്ഷേ, യഹൂദാരാധനയുടെ പ്രധാന പാരമ്പര്യം മോശയുടെ കാലത്ത് (ക്രി. മു. പതിനഞ്ചാം ശതകത്തിൽ) തന്നെ ആരംഭിച്ചതാണ്. മോശയുടെ കാലത്തെ ആരാധനയുടെ ചില ഘടകങ്ങളിവിടെ കുറിക്കാം. (1) ഈശ്വര സന്നിധാനം പവിത്രമാണ്, സാധാരണ സ്ഥലമല്ല; ചെരിപ്പൂ രണം (പുറ. 3:5). (2) യാഹ്‌വേയുടെ ആരാധനയ്ക്ക് ബലിയും സദ്യയും ആവശ്യമാണ് (5:1, 3). (3) ഈശ്വരൻ ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾക്കു വേണ്ടിയുള്ള കൃതജ്ഞതാനിർഭരമായ സ്തോത്രാർപ്പണവും വിശ്വാസ പ്രഖ്യാപനവും (18:10-12) വേണം. (4) യാഹ്‌വേയുടെ കല്പനകളെ പഠി യ്ക്കലും അവയെ അനുസരിക്കാമെന്നുള്ള ഉടമ്പടിയും (19, 20, 24:7) ഉണ്ടാ കണം. (5) ആരാധനയിൽ ഈശ്വരസന്നിധിയിലടുത്തു വരുവാനും ജനത്തെ പ്രതിനിധീകരിയ്ക്കാനുമുള്ള ഒരു പുരോഹിതഗണം (24:1ff) വേണം.

എന്നാൽ ക്രിസ്തുവിന് മുമ്പ് എട്ടാം ശതകത്തിലെ പ്രവാചകന്മാർ യഹൂദന്മാരുടെ ആരാധനയിലെ ബഹുവിധങ്ങളായ അപഭ്രംശങ്ങൾക്ക് അവരെ കുറ്റപ്പെടുത്തുന്നുണ്ട്. അയൽപക്കത്തുള്ള മതങ്ങളിൽ നിന്നൊക്കെ വായ്പ വാങ്ങിയ പല ദുഷിച്ച ക്രമങ്ങളും യാഹ്‌വേയുടെ ശുദ്ധമായ ആരാധനയോട് കലർന്നു. ഏഴാം ശതാബ്ദത്തിൽ യോശാ യാഹ് എന്ന രാജാവ് യെരുശലേമിന്ന് വെളിയിലുള്ള കാവുകളെല്ലാം തകർത്ത് പുതിയതായി കണ്ടുകിട്ടിയ മോശയുടെ ന്യായപ്രമാണഗ്രന്ഥ മനുസരിച്ച് ആരാധനയെ ശുദ്ധീകരിച്ചു (2 രാജാക്കന്മാർ 23:4-25). മന്ത്ര

വാദികളേയും വിഗ്രഹങ്ങളേയും നശിപ്പിച്ചു. ഇങ്ങനെ യഹൂദാരാധന യരുശലേമിൽ കേന്ദ്രീകൃതമായി. ദേവാലയം ഒന്നായി, പുരോഹിതഗണം ഒന്നായി, ബലികളുടെ ക്രമവും പെരുന്നാളുകളുടെ ക്രമവും ഏകീകരിക്കപ്പെട്ടു. ദേവാലയത്തിൽ ഗായകസംഘങ്ങൾ രൂപവൽക്കരിക്കപ്പെട്ടു. ഓരോ ഗായകസംഘവും തങ്ങളുടേതായ ഒരു ഗാനമാലയും ആവിഷ്ക്കരിപ്പാനാരംഭിച്ചു.

ഇക്കാലത്തു തന്നെ വ്യക്തികളുടെ രഹസ്യാരാധനയിലും കാര്യമായ വ്യതിയാനങ്ങൾ സംഭവിച്ചു. പലരും തങ്ങളുടെ അപേക്ഷകളും പരാതികളും ദേവാലയത്തിൽ കൊണ്ടുവന്ന് അവിടെയിരുന്ന് അനുസ്യൂതമായി നിലവിളിക്കുകയെന്നത് പണ്ടേ പതിവായിരുന്നു (1 ശമുവേൽ 1). ദാവീദു രാജാവ് രചിച്ചവയാണ് സങ്കീർത്തനങ്ങളിൽ ചിലതൊക്കെയെങ്കിലും അവയിലൊക്കെ അഗാധമായ ഭക്തിയുള്ള ഒരു വ്യക്തിയുടെ ആത്മാവാണ് നാം കാണുന്നത്. 'ഞാൻ' എന്ന പദം സങ്കീർത്തനങ്ങളിൽ പലപ്പോഴും കാണുന്നുണ്ടല്ലോ. വ്യക്തികൾ ദേവാലയത്തിൽ സാഷ്ടാംഗപ്രണാമം ചെയ്തും കൈ രണ്ടുമുയർത്തി നിന്നും കൈ കൂപ്പിയും കണ്ണുയർത്തിയും കണ്ണു താഴ്ത്തിയും ഒക്കെ തങ്ങളുടെ വ്യക്തിപരമായ ആരാധനാ മനോഭാവം കാണിക്കുമായിരുന്നു. ചിലരൊക്കെ ബലിപീഠത്തെ തൊട്ടു വന്ദിക്കും. മറ്റു ചിലർ കൈ കൊണ്ട് ചുണ്ടു തൊട്ട് ഈശ്വരനെ സലാം ചെയ്യും (ഈയോബ് 31:27). പ്രത്യേകിച്ച് ഊർശ്ലേം ദേവാലയം നശിച്ച് യഹൂദന്മാർ ബാബിലോണിലേക്ക് നാടുകടത്തപ്പെട്ടപ്പോൾ വ്യക്തിപരമായ ആരാധനയ്ക്ക് പ്രത്യേകത കൂടിക്കാണണം.

പഴയനിയമ കാലത്തെ ആരാധനയ്ക്ക് നാല് സവിശേഷതകളുണ്ടായിരുന്നു. ഒന്നാമത്, ആ ആരാധന ആത്മാവും വചനവും മാത്രം കൊണ്ടുള്ളതല്ലായിരുന്നു; പ്രത്യുത ചില പ്രത്യേക അനുഷ്ഠാനമുറകളിലധിഷ്ഠിതമായിരുന്നു ഇസ്രായേലിന്റെ പരസ്യാരാധന. മോശയുടെ കാലത്തിന് വളരെ മുമ്പ് അബ്രഹാമിന് യാഹ്വേ പ്രത്യക്ഷനായപ്പോൾ ദൈവത്തിന്റെ വാഗ്ദാനങ്ങൾ ആ പിതാവിന് നൽകുന്നതിനു മുമ്പായി ചില അനുഷ്ഠാനക്രമങ്ങൾ പൂർത്തിയാക്കേണ്ടിയിരുന്നതായി നാം കാണുന്നു (ഉല്പ. 15:8-21). മോശയ്ക്കും ന്യായപ്രമാണം കിട്ടുന്നതിന് മുമ്പ് ഈ അനുഷ്ഠാനങ്ങൾ ആവശ്യമായിരുന്നു (പുറ. 25 തുടർച്ച).

രണ്ടാമത്, ഇസ്രായേലിന്റെ ആരാധന യാഹ്വേ അവർക്കുവേണ്ടി ചെയ്തിട്ടുള്ള മഹത്കാര്യങ്ങളെ അനുസ്മരിച്ചുകൊണ്ടുള്ളതായിരുന്നു. പ്രത്യേകിച്ചും ഈജിപ്തിൽ നിന്നും ഈ അടിമജനതയെ വിമോചിപ്പിച്ച് അവരെ ദൈവത്തിന്റെ പ്രത്യേക ജനമാക്കിത്തീർത്ത അത്ഭുത കഥ ആരാധനയിൽ അവരെപ്പോഴും അനുസ്മരിക്കുമായിരുന്നു.

മൂന്നാമത്, ഇസ്രായേലിന്റെ ആരാധന പൊതു ആരാധനയായിരുന്നു. അതായത് ഇസ്രായേൽ ജനത മുഴുവൻ ഒരുമിച്ച് ഒരു സ്ഥലത്ത് ഒറ്റ സമൂഹമായിട്ടായിരുന്നു ആരാധന. ദൈവ വാഗ്ദത്തങ്ങൾ അവർക്കൊരുമിച്ചാണ് നല്കപ്പെട്ടിട്ടുള്ളത്. അവരുടെ മാമോദീസാ പോലും ചെങ്കടലിൽ വെച്ച് ഒരിക്കലായിട്ടായിരുന്നു നടന്നത്. ആരാധനയിൽ പിതാക്കന്മാരെ ഓർക്കുകയെന്നത് അവർക്ക് എപ്പോഴും പതിവായിരുന്നു. സ്ഥലകാലങ്ങളിലെങ്ങുമുള്ള ഇസ്രായേൽ ഒറ്റ ജനതയായി അവർ കണക്കാക്കിയിരുന്നതാണതിന്റെ പ്രധാന കാരണം. മോശയ്ക്ക് പ്രത്യക്ഷപ്പെടുന്ന ദൈവം അബ്രഹാമിന്റേയും ഇസഹാക്കിന്റേയും യാക്കോബിന്റേയും ദൈവമാണ്.

നാലാമത്, ദൈവാരാധനയും ദൈവാനുസരണവും തമ്മിൽ ഒരു ദ്വിത്വഭാവമവർക്കില്ലായിരുന്നു. പതിനഞ്ചാം സങ്കീർത്തനം പറയുന്നതുപോലെ ആരാണ് ദൈവത്തിന്റെ കൂടാരത്തിലധിവസിക്കുവാനോ, ദേവഗിരിയിലേയ്ക്കാരോഹണം ചെയ്വാനോ അർഹതയുള്ളവൻ? കുറ്റമില്ലാതെ ജീവിക്കുന്നവൻ, നന്മ പ്രവർത്തിക്കുന്നവൻ, ഹൃദയത്തിൽ നിന്ന് സത്യം സംസാരിക്കുന്നവൻ തന്നെ. ഏശായാ പ്രവാചകൻ പറയുന്നു: ദുഷ്ടതയുടെ കെട്ടുകളഴിക്കുക, അടിമനുകത്തിന്റെ ചരടഴിക്കുക, ചൂഷിതനെ സ്വാതന്ത്ര്യപ്പെടുത്തുക, സകല ബന്ധവത്തേയും നശിപ്പിക്കുക, വിശക്കുന്നവനുമായി അപ്പം പങ്കിടുക, വീടില്ലാത്തവനെ സ്വന്ത വീട്ടിൽ കയറ്റുക, നഗ്നന് വസ്ത്രമുണ്ടാക്കിക്കൊടുക്കുക, ഇതാണ് യാഹ്വേയ്ക്ക് പ്രസാദകരമായ ഉപവാസമെന്ന് (ഏശായാ 58:7 മുതൽ); അങ്ങിനെ ചെയ്യുമ്പോൾ നമ്മുടെ ആരാധനയിൽ ദൈവം ശ്രദ്ധിക്കുമെന്ന്. ആരാധനയും പ്രായോഗികജീവിതത്തിൽ സാമൂഹ്യനീതിയ്ക്കായുള്ള പ്രവർത്തനങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമാണുണ്ടായിരിക്കേണ്ടത്.

ആരാധന പുതിയനിയമത്തിൽ

അപ്പോസ്തലന്മാരുടെ കാലത്തുണ്ടായിരുന്ന ആരാധനയെക്കുറിച്ച് അപ്പോസ്തല പ്രവൃത്തികൾ 2:44-47 ഇങ്ങനെ പറയുന്നു: “വിശ്വാസികളേവരും ഒറ്റക്കെട്ടായി സർവ്വസ്വത്തും പൊതു സ്വത്താക്കി, വസ്തുക്കളും സ്വത്തുക്കളുമൊക്കെ വിറ്റ് ആവശ്യക്കാരന്റെ ആവശ്യങ്ങളൊക്കെ നിറവേറ്റുവാൻ തക്കവണ്ണം ഓരോരുത്തനും കൊടുത്തുകൊണ്ടിരുന്നു. മാത്രമല്ല അനുദിനം ഏകസമൂഹമായി അവർ ദൈവാലയത്തിൽ പ്രവേശിച്ചാരാധിക്കുകയും, സ്വഭവനങ്ങളിൽ ഒരുമിച്ച് അപ്പം മുറിച്ച് അനുഭവിക്കുകയും, ആഹ്ലാദത്തോടും ഹൃദയാനന്ദത്തോടും കൂടെ ഭക്ഷണം കഴിക്കുകയും, ഈശ്വരനെ സ്തുതിക്കുകയും മനുഷ്യരോട് സന്മനോഭാവം പ്രകടിപ്പിക്കുകയും ചെയ്തു.”

ക്രിസ്തീയാരാധനയുടെ പ്രധാന ഭാഗങ്ങളൊക്കെ ഇവിടെയുണ്ട്.

1. ഭൗതികാവശ്യങ്ങളിൽ നിന്നും ആശങ്കകളിൽ നിന്നും വസ്തു ഉടമ മൂലമുണ്ടാകുന്ന ഭാരങ്ങളിൽ നിന്നുമൊക്കെ വിമുക്തമായ ഒരു സമൂഹത്തിലേ യഥാർത്ഥമായ ആനന്ദമുള്ള ക്രിസ്തീയാരാധന ഉണ്ടാകുവാൻ സാദ്ധ്യമാകൂ.

2. സകല മനുഷ്യരും സ്നേഹബന്ധത്തിൽ ഒറ്റക്കെട്ടായിത്തീർന്ന് വിദ്വേഷവും വൈരാഗ്യവും ബഹിഷ്കൃതമായ ഒരു സമുദായത്തിലേ യഥാർത്ഥ ക്രിസ്തീയാരാധന സാദ്ധ്യമാകൂ. വ്യക്തിയുടെ ആരാധന, സമൂഹത്തിന്റെ ആരാധനയിൽ അധിഷ്ഠിതമാണ്.

3. അപ്പം മുറിക്കൽ എന്നുള്ളത് ആദിമസഭയിൽ സ്തോത്രബലിയായ വിശുദ്ധ കുർബ്ബാനയ്ക്കുള്ള പ്രത്യേക പേരായിരുന്നു. പുതിയനിയമത്തിലെ ഗ്രന്ഥങ്ങൾ എഴുതപ്പെടുന്നതിന് വളരെ മുമ്പു തന്നെ യേശുനാഥന്റെ കല്പനാനുസരണം ആദിമക്രിസ്ത്യാനികൾ ഈ ദിവ്യ ശുശ്രൂഷയനുഷ്ഠിച്ചു വന്നിരുന്നു. ക്രിസ്തീയാരാധനയുടെ കേന്ദ്രവും മർമ്മവുമാണ് സ്തോത്രബലി.

4. ക്രിസ്തീയാരാധനയുടെ പ്രധാന ലക്ഷണം ആനന്ദമാണ്, സങ്കടവും സന്താപവുമല്ല. ഇന്ന് പല ക്രൈസ്തവരും ഇത് മറന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ പാപങ്ങളെക്കുറിച്ചോർത്ത് നാം വിലപിക്കുന്നത് നല്ലതു തന്നെ. പക്ഷേ, ഈശ്വരസന്നിധിയിൽ നാം പ്രവേശിക്കുമ്പോൾ സർവ്വേശ്വരൻ സർവ്വവും ക്ഷമിച്ച് നമ്മെ ദത്തെടുത്തിരിക്കുന്നു എന്ന ബോധത്തോടെ സർവ്വവിധമായ ആശങ്കയിൽ നിന്നും ഭയത്തിൽ നിന്നും വിമുക്തരായി ദൈവസ്നേഹമാസ്വദിച്ച് ഒരു സമൂഹമായി ഒരുമിച്ചാനന്ദിക്കുവാൻ നമുക്ക് സാധിച്ചെങ്കിലേ യഥാർത്ഥ ക്രിസ്തീയാരാധന സാദ്ധ്യമാകൂ.

5. ഈശ്വരസ്തോത്രം ആരാധനയുടെ മർമ്മമാണ്. അതോടനുബന്ധിച്ചുള്ളതാണ് മനുഷ്യരോടുള്ള സന്മനോഭാവവും. ഇതു രണ്ടും ഒരുമിച്ച് വാർത്തെടുക്കുന്നതാണ് ക്രിസ്തീയ ജീവിതവും ക്രിസ്തീയ ആരാധനയും. സർവ്വേശ്വരന്റെ നിർവ്വചനാതീതമായ നന്മയിൽ നാം ഉല്ലസിക്കണം. ആ നന്മയെ മറ്റു മനുഷ്യരോടുള്ള പെരുമാറ്റത്തിൽ നാം പ്രകടിപ്പിക്കണം. അങ്ങിനെയേ യഥാർത്ഥ ആരാധന നടക്കുകയുള്ളു.

ആദിമ സഭയുടെ ആരാധനാരൂപം

ക്രൈസ്തവ സഭയുടെ ആരംഭകാലമാകുമ്പോഴേക്ക് യഹൂദർ ചിന്നിച്ചിതറി റോമ്മാസാമ്രാജ്യത്തിന്റെ പല പട്ടണങ്ങളിലുമായി വസിക്കുകയാണ്. അവരിൽ ചിലർക്ക് മാത്രമേ ആയുസ്സിൽ വല്ലപ്പോഴുമെങ്കിലും ഊർശ്ലേ

മിൽ പോയി പൊതു ആരാധനയിൽ സംബന്ധിക്കാൻ സാധിക്കൂ. അതു കൊണ്ട് ഓരോ സ്ഥലത്തുമുള്ള യഹൂദർ ഒരുമിച്ചുകൂടി ഓരോ സിന ഗോഗ് സംഘടിപ്പിക്കാൻ തുടങ്ങി. ക്രിസ്തുവിനു ശേഷം 70-ാമാണ്ടിൽ ഊർശ്ലേം ദേവാലയം തീർത്തും നശിച്ചതോടെ സിനഗോഗുകളായി യഹൂ ദാരാധനയുടെ കേന്ദ്രങ്ങൾ. ആദിമ ക്രിസ്ത്യാനികൾ മിക്കവരും യഹൂദ രായിരുന്നതുകൊണ്ട് ആദിമ ക്രിസ്തീയസഭയുടെ ആരാധന ഭാഗിക മായിട്ടെങ്കിലും സിനഗോഗിലെ പഠനത്തിന്റേയും പ്രാർത്ഥനയുടേയും രൂപം സ്വീകരിച്ചു.

സിനഗോഗിൽ മോശയുടെ ന്യായപ്രമാണം വായിക്കും, അതിന്റെ അർത്ഥം വ്യാഖ്യാനിക്കും, സങ്കീർത്തനങ്ങൾ പാടും, ദൈവത്തെ സ്തുതി ക്കുന്ന പ്രാർത്ഥനകൾ ചൊല്ലും. യഹൂദൻ വീട്ടിൽ ഭക്ഷണത്തിനിരിക്കു മ്പോൾ ദൈവത്തെ സ്തുതിച്ചിട്ടേ ഭക്ഷണം കഴിക്കയുള്ളു. അത് ക്രിസ്ത്യാനികൾക്കും പതിവായി. ക്രിസ്തു തന്നെ വ്യക്തിപരമായ പ്രാർ ത്ഥന പരിശീലിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് ആദിമക്രിസ്ത്യാനികൾക്കും രഹസ്യപ്രാർത്ഥനയുടെ അഭ്യാസം സുപ്ര ധാനമായിരുന്നു.

ഇവയിൽ നിന്നൊക്കെ രൂപമെടുത്ത, പരസ്യ ക്രിസ്തീയാരാധനയ്ക്ക് രണ്ടു ഘടകങ്ങളുണ്ടായിരുന്നു. ഒന്നാമത്തേതിന് വചനശുശ്രൂഷയെന്ന് പേർ പറയാം. രണ്ടാമത്തേതിന് ബലിയർപ്പണമെന്നും.

വചനശുശ്രൂഷ

രണ്ടാം ശതാബ്ദത്തിൽ നിന്നുള്ള ജസ്റ്റിൻ സഹദായുടെ തെളിവാണ് നമുക്കാധികാരികമായുള്ളത്. ഞായറാഴ്ച, അതായത് ക്രിസ്തു ഉയിർ ത്തെഴുന്നേറ്റ ദിവസം, സൂര്യനുദിക്കും മുമ്പേ ക്രിസ്ത്യാനികൾ ഒരു വീട്ടിലോ സൗകര്യമുള്ള മറ്റു സ്ഥലങ്ങളിലോ ഒരുമിച്ചുകൂടും. ഒരഭിവാദ നത്തിന് (ശ്ലോം ല്കുൽകൂൻ: “നിങ്ങൾക്കൊക്കെ സമാധാനം”) ശേഷം ഗ്രീക്കുഭാഷയിലുള്ള പഴയനിയമത്തിൽ നിന്ന് ക്രിസ്തുവിനെക്കുറിച്ചു പ്രവചിക്കുന്ന ഭാഗങ്ങളും അതിനുശേഷം സുവിശേഷങ്ങളും വായി ക്കുന്നു. അതേതുടർന്ന് സഭാദ്ധ്യക്ഷനായ ബിഷപ്പിന്റെ വേദവ്യാഖ്യാന മാണ്. കസേര (cathedra) യിലിരുന്നുകൊണ്ടാണ് പഠിപ്പിക്കുന്നത് (അക്കാ ലത്തെ ഗുരുക്കന്മാരുടെ അധികാരചിഹ്നം ഗുരുപീഠമാണ്. കത്തീഡ്ര എന്ന പദത്തിന് ഗുരുപീഠം എന്ന് അർത്ഥം. കത്തീഡ്രൽ എന്നു പറയുന്നത് ബിഷപ്പിന്റെ ഗുരുപീഠമുള്ള പള്ളിയെയാണ്.). അതിനുശേഷം എല്ലാവരും എഴുന്നേറ്റു നിന്ന് പൊതു പ്രാർത്ഥനകളിൽ സംബന്ധിക്കും. നിന്നു കൊണ്ട് കൈ നീട്ടിപ്പിടിച്ചുകൊണ്ടാണ് എല്ലാവരും പ്രാർത്ഥിക്കുന്നത്. ഒരു ശെമ്മാശൻ നടുവിൽ നിന്നുകൊണ്ട് ഇന്ന കാര്യത്തിനുവേണ്ടി പ്രാർ

ത്ഥിക്കാം എന്നു പറയുമ്പോൾ അല്പസമയത്തെ നിശ്ശബ്ദതയുണ്ടാകും. ഓരോരുത്തരും തങ്ങളുടെ ഹൃദയങ്ങളിൽ പ്രാർത്ഥിക്കുകയാണ്. എല്ലാവരുടേയും പ്രാർത്ഥനകളെ സമാഹരിച്ചുകൊണ്ട് ബിഷപ്പ് ഒരു ഉപസംഹാര പ്രാർത്ഥന (collect) ചൊല്ലും. ജനങ്ങളെല്ലാവരും ഒരുമിച്ച് ഉറച്ചശബ്ദത്തിൽ ആമേൻ പറയും. പ്രാർത്ഥനകൾ ചൊല്ലുന്നത് ശെമ്മാശ്ശനായാലും ബിഷപ്പായാലും ഒരു ഈണത്തോടു കൂടിയാണ്. വെറും ഗദ്യത്തിലുള്ള പരസ്യ പ്രാർത്ഥന അനേക ശതാബ്ദങ്ങൾക്ക് ശേഷമേ ആരംഭിച്ചുള്ളു. പക്ഷേ, പ്രാർത്ഥനകൾക്ക് ആദിയിൽ നിർദ്ദിഷ്ട രൂപമൊന്നുമുണ്ടായിരുന്നില്ല. ബിഷപ്പിന്റെ ആവേശംപോലെ അദ്ദേഹം പ്രാർത്ഥിക്കും. മൂന്നാം ശതാബ്ദത്തിനു ശേഷമേ പ്രാർത്ഥനാരൂപങ്ങൾ ക്രമീകൃതമായുള്ളു. പ്രാർത്ഥന അവസാനിച്ചാൽ പരസ്പരാലിംഗനം മൂലമുള്ള ശാന്തിദാനമാണ്. പുരുഷന്മാർ പരസ്പരവും സ്ത്രീകൾ അവർ തമ്മിലും കെട്ടിപ്പിടിച്ച് ആലിംഗനം ചെയ്യും. ക്രിസ്തീയ സമൂഹത്തിൽ യാതൊരുവിധമായ വൈരാഗ്യവും അവശേഷിക്കരുതെന്നും എല്ലാവരും യഥാർത്ഥ സ്നേഹത്തിൽ പരസ്പരം ഐക്യപ്പെടണമെന്നും ആദിമ ക്രിസ്ത്യാനികൾക്ക് നിർബന്ധമായിരുന്നു.

ഈ വചന ശുശ്രൂഷയിൽ ക്രിസ്ത്യാനികളല്ലാത്തവർക്കും സംബന്ധിക്കാമായിരുന്നു. എന്നാൽ സമാധാന ചുംബനത്തിന്റെ സമയം വരുമ്പോഴേക്ക് അവരെല്ലാം ഇറങ്ങിപ്പോയി ക്രിസ്ത്യാനികൾ മാത്രം അവശേഷിക്കും.

സ്തോത്രബലി

സമാധാനദാനം സ്തോത്രബലിയുടെ ആരംഭമാണ്. മനുഷ്യർ പരസ്പരം അനുരഞ്ജിതരായിട്ടേ ദൈവസന്നിധിയിൽ പ്രവേശിക്കാവൂ.

വിശ്വാസികളായ ജനങ്ങൾ തങ്ങളുടെ സാധാരണ ഭക്ഷണസാധനങ്ങളായ അപ്പവീഞ്ഞുകളെ കാഴ്ചയായി കൊണ്ടുവന്നിട്ടുള്ളത് സംഭരിച്ച് ശെമ്മാശ്ശന്മാർ അദ്ധ്യക്ഷനായ ബിഷപ്പിന്റെ മുമ്പിൽ വിരിച്ചൊരുക്കിയിട്ടുള്ള മേശയിങ്കലേക്ക് ഘോഷയാത്രയായി കൊണ്ടുപോകും. ഈ അപ്പവീഞ്ഞുകളാണ് പിന്നീട് വാഴ്ത്തപ്പെട്ട് വിശുദ്ധീകരിക്കപ്പെട്ട് കർത്താവിന്റെ തിരുശരീര രക്തങ്ങളായി ജനങ്ങൾക്ക് നല്കപ്പെടുന്നത്.

അപ്പവീഞ്ഞുകളുടെ സമർപ്പണ (offertory) കഴിഞ്ഞാൽ ബിഷപ്പും ജനങ്ങളും തമ്മിൽ ഒരു സംഭാഷണം (dialogue) ആരംഭിക്കുകയായി. ഒരഭിവാദനവും പ്രതിവാദനവും കഴിഞ്ഞ്, ബിഷപ്പ് 'ഹൃദയങ്ങളുയർത്തുക' എന്ന് പറയുമ്പോൾ ജനങ്ങളേവരും 'ഞങ്ങൾ ഹൃദയങ്ങളെ ദൈവത്തിങ്കലേക്കുയർത്തുന്നു' എന്ന് പറയും. അതു കഴിഞ്ഞാൽ സൃഷ്ടിക്ക്

മുഴുവൻ വേണ്ടിയും ഈശ്വരന്റെ അനേക കാരുണ്യങ്ങൾക്ക് വേണ്ടിയുമുള്ള നന്ദി പ്രകടനവും സ്വർഗ്ഗത്തിലെ മാലാഖമാരോടൊരുമിച്ചുള്ള ത്രിവിശുദ്ധ സ്തോത്രവുമാണ്.

ഇത് കഴിഞ്ഞാൽ കർത്താവ് തിരുവത്താഴം സ്ഥാപിച്ച ആ രാത്രിയിലെ സംഭവം വിവരിക്കുകയും (words of Institution) കിഴക്കൻ സഭകളിൽ മാത്രമെങ്കിലും പരിശുദ്ധാത്മാവിന്റെ ശക്തി അപ്പവീഞ്ഞുകളിന്മേലും ജനങ്ങളിന്മേലും വസിച്ച് അവയെ ക്രിസ്തുവിന്റെ ശരീരരക്തങ്ങളാക്കിത്തീർക്കുവാൻ വേണ്ടിയുള്ള പ്രാർത്ഥന ചൊല്ലുകയും ചെയ്യും.

ഇതിനുശേഷം ഒരു സങ്കീർത്തനം പാടുമ്പോൾ ശെമ്മാശന്മാർ ശരീരരക്തങ്ങളെ ജനങ്ങൾക്കു വിതരണം ചെയ്യുകയും വന്നുചേരാൻ നിവർത്തിയില്ലാത്തവർക്ക് വീട്ടിൽ കൊണ്ടുപോയി കൊടുക്കുകയും ചെയ്യും.

ഇതു കഴിഞ്ഞാൽ ചിലയിടങ്ങളിലെങ്കിലും ഒരു കൃതജ്ഞതാ പ്രാർത്ഥനയും ഒരു അനുഗ്രഹവചനവും കാണും. അതോടെ ആരാധന അവസാനിക്കുന്നു. സാധുക്കൾക്ക് വിതരണം ചെയ്യാനുള്ള പണം ബിഷപ്പിനെ ഏല്പിച്ചിട്ട് ജനങ്ങൾ പിരിയുന്നു.

നാലാം ശതാബ്ദത്തിൽ

പീഡനങ്ങളുടെ കാലം അവസാനിച്ച് റോമ്മാസാമ്രാജ്യത്തിലെ ജനങ്ങളുടെ ഒരു വലിയഭാഗം (ചക്രവർത്തിയുൾപ്പെടെ) ക്രിസ്ത്യാനികളായിത്തീർന്നപ്പോൾ ആരാധനയിലും പല മാറ്റങ്ങൾ വന്നു. പള്ളികളൊക്കെ ഉത്തുംഗസൗധങ്ങളായി ഉയർന്നു. ആരാധനാലയം സ്വർണ്ണവും വെള്ളിയും കൊണ്ടു നിറഞ്ഞു. മെത്രാന്മാരുടെ വസ്ത്രങ്ങളൊക്കെ രത്നഖചിതങ്ങളാകാൻ തുടങ്ങി. ആരാധനയുടെ രൂപത്തിനും പ്രാർത്ഥനകൾക്കും ഗാനങ്ങൾക്കും ഒക്കെ നിശ്ചിതക്രമമുണ്ടായി. സംസ്ക്കാരവ്യത്യാസമനുസരിച്ച് നാലു തരം ക്രമങ്ങൾ സഭയിലുണ്ടായി. ഒന്നാമത്തേത് യറുശലേം, അന്ത്യോഖ്യാ തുടങ്ങി പശ്ചിമേഷ്യയിൽ മുഴുവൻ ഉപയോഗിച്ചിരുന്ന സുറിയാനി ആരാധനാക്രമം. രണ്ടാമത്, ഈജിപ്ത്, ലിബിയാ, ന്യൂസിയാ, എത്യോപ്യാ മുതലായ ഉത്തരാഫ്രിക്കൻ രാജ്യങ്ങളിൽ ഉപയോഗിച്ചിരുന്ന അലക്സാന്ത്രിയൻ ക്രമം; മൂന്നാമത് അലക്സാന്ത്രിയൻ ക്രമത്തെ ആധാരമാക്കിയുണ്ടാക്കിയ റോമൻ ക്രമം; നാലാമത് ഊർശ്ലേമിലെയും സിറിയയിലേയും ക്രമത്തെ ആധാരമാക്കി ഉണ്ടാക്കിയ കുസ്തന്തീനോപോലീസിലെ ഗ്രീക്കു ക്രമം.

വിശേഷദിവസങ്ങൾ

ക്രിസ്തുവിന്റെ ഉയിർപ്പു ദിവസം ക്രിസ്തീയസഭ രണ്ടുവിധത്തിൽ ആഘോഷിച്ചിരുന്നു. ആണ്ടിലൊരിക്കൽ ക്രൂശാരോഹണവും ഉയിർത്തെ

ഴുന്നേല്പും ഒരുമിച്ച് ഒരു പെസഹാപ്പെരുന്നാളായി ആഘോഷിക്കും. ആഴ്ചയിലൊരിക്കൽ ഞായറാഴ്ചയും. അതു കൂടാതെ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉപവാസദിവസങ്ങളാണ്. നാലാം ശതാബ്ദത്തിൽ ഊർശ്ലേമിൽ ആഴ്ചയിൽ നാലു വട്ടം കുർബ്ബാനയുണ്ടായിരുന്നു. ശനിയാഴ്ചയും ഞായറാഴ്ചയും രാവിലെ; ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉച്ച കഴിഞ്ഞ് മൂന്നു മണിക്കു ശേഷം.

ഇതു കൂടാതെ രക്തസാക്ഷികളായി മരിച്ച ക്രിസ്ത്യാനികളുടെ മരണദിനങ്ങളും ആദിമക്രിസ്ത്യാനികൾ ഘോഷിച്ചിരുന്നു. അവരുടെ ശ്മശാനത്തിൽ പോയി സ്തോത്രബലിയർപ്പിക്കുകയെന്നതും ആദ്യം മുതലേ പതിവായിരുന്നു.

കർത്താവിന്റെ യോർദ്ദാൻ നദിയിലെ മാമോദീസായുടെ ഓർമ്മയും സഭ ആദിമുതലേ അനുഷ്ഠിച്ചിരുന്നു. അന്നാണല്ലോ തന്റെ പരസ്യ ശുശ്രൂഷ ആരംഭിച്ചതും, പിതാവിന്റെ ശബ്ദവും പ്രാവുരൂപത്തിലുള്ള പരിശുദ്ധാത്മാവും പുത്രന്റെ പുത്രത്വവുമാകുന്ന ത്രിത്വം വെളിപ്പെട്ടതും (മത്തായി 3:16-17). ജനുവരി 6-നു ആയിരുന്നു ഈ പെരുനാൾ.

കർത്താവിന്റെ ജന്മദിനമായി ഡിസംബർ 25 ആഘോഷിക്കപ്പെടാൻ തുടങ്ങിയത് നാലാം ശതാബ്ദത്തിൽ മാത്രമായിരുന്നു.

പാശ്ചാത്യാരാധനയുടെ വഴിതെറ്റലും നവീകരണവും

അഞ്ചാം ശതാബ്ദം മുതലേ പാശ്ചാത്യ ക്രിസ്ത്യാനികളും പൗരസ്ത്യ ക്രിസ്ത്യാനികളും തമ്മിൽ അകൽച്ച തുടങ്ങി. പതിനൊന്നും പന്ത്രണ്ടും ശതാബ്ദങ്ങളാകുമ്പോഴേക്ക് പാശ്ചാത്യസഭയ്ക്ക് ക്രൈസ്തവ വിശ്വാസത്തിന്റെ ഉത്ഭവകേന്ദ്രങ്ങളുമായുള്ള ബന്ധം ഏറെക്കുറെ നഷ്ടപ്പെട്ടതിന്റെ ഫലമായി ആരാധനയിലും വിശ്വാസ പഠനത്തിലുമൊക്കെ വഴിതെറ്റിയ വികസനങ്ങളാണുണ്ടായത്. സ്തോത്രബലി പുരോഹിതൻ മാത്രം അനുഷ്ഠിക്കുന്ന ഒന്നായിത്തീർന്നു. ക്രിസ്തു വീണ്ടും, വീണ്ടും പള്ളിയിലെ അൾത്താരയിൽ ബലികഴിക്കപ്പെടുന്നുവെന്നായി വിവക്ഷ. സ്തോത്രബലി കൊണ്ട് കിട്ടുന്ന പുണ്യം അളന്നു കണക്കു കൂട്ടാനാരംഭിച്ചതിന്റെ ഫലമായി ഒരു ദിവസം ഒരു പള്ളിയിൽ എത്ര കുർബ്ബാന ചൊല്ലാമോ അത്രയും ചൊല്ലണമെന്നായി. അപ്പവീഞ്ഞുകൾ ക്രിസ്തുവിന്റെ ശരീരരക്തങ്ങളാകുന്നതിന്റെ രഹസ്യം ശാസ്ത്രീയമായി വിശകലനം ചെയ്യുവാൻ തുടങ്ങി. ജനങ്ങൾക്ക് കുർബ്ബാനയിലെ അപ്പം മാത്രമേ കൊടുക്കൂ. വീഞ്ഞു പുരോഹിതന്മാർക്ക് മാത്രമാണെന്നായി.

ഇതിനെതിരായി 16-ാം ശതാബ്ദത്തിൽ നവീകരണ നേതാക്കന്മാരായ ലൂഥറും കാൽവിനും സ്വിംഗ്ളിയുമൊക്കെ ശബ്ദമുയർത്തുക മാത്രമല്ല, അവരുടേതായ പുതിയ ആരാധനക്രമങ്ങൾ ആവിഷ്ക്കരിക്കയും ചെയ്തു.

ആറ് നവീകരണാരാധനക്രമങ്ങൾ

പതിനാറും പതിനേഴും ശതാബ്ദങ്ങളിൽ പാശ്ചാത്യ സഭയിലുണ്ടായ പുതിയ ആരാധനക്രമങ്ങളെ ആറായി തരംതിരിക്കാം. 1. ഒന്നാമത് മാർട്ടിൻ ലൂഥർ ഉണ്ടാക്കിയ ക്രമങ്ങൾ - 1523 മുതലുള്ള കാലങ്ങളിലായി ഒരു പുതിയ മാമ്മോദീസാക്രമവും ഒരു ജെർമ്മൻ കുർബാനയും (1526) ഒരു പുതിയ വിവാഹ ശുശ്രൂഷാക്രമവും (1534) തികച്ചും പാരമ്പര്യത്തിൽ നിന്നു വ്യത്യസ്തമായ പട്ടത്വശുശ്രൂഷയും (1537) അദ്ദേഹം ആവിഷ്ക്ക രിച്ചു. ആദ്യം വിറ്റൻബർഗിലെ പ്രോട്ടസ്റ്റന്റ് പള്ളിയിൽ മാത്രം ഉപയോ ഗിച്ചിരുന്ന ഈ ക്രമങ്ങൾ പിന്നീട് ജർമ്മനിയിലെ പ്രോട്ടസ്റ്റന്റ് വിഭാഗങ്ങ ളെല്ലാവരും ഉപയോഗിക്കുവാൻ തുടങ്ങി.

2. ജോൺ കാൽവിൻ

1524-ൽ സ്ട്രാസ്ബൂർഗ് നഗരത്തിൽ ഒരു പുതിയ ആരാധനക്രമമാ രംഭിച്ചു. ഒരു വർഷത്തിനു ശേഷം ഈ ക്രമം വീണ്ടും പാടേ പുതുക്കി. 1538-ൽ കാൽവിനെ ജനീവാ നഗരത്തിൽ നിന്നും ബഹിഷ്ക്കരിച്ചപ്പോൾ അദ്ദേഹം വീണ്ടും സ്ട്രാസ്ബൂർഗിൽ വന്ന് അവിടത്തെ ആരാധന വീണ്ടും പരിഷ്ക്കരിച്ചു. കുർബ്ബാന മാസത്തിലൊരിക്കൽ മതിയെന്ന് വച്ചു. വിശ്വാസപ്രമാണത്തിന് പകരം ഒരു സങ്കീർത്തനം ചൊല്ലിയാൽ മതി യെന്ന് തീരുമാനിച്ചു. അങ്ങിനെ കുർബ്ബാനയില്ലാത്ത ഞായറാഴ്ചയാരാ ധന ആരംഭിച്ചത് കാൽവിനാണ്. ഈ കുർബ്ബാനയില്ലാത്ത ആരാധന അദ്ദേഹം 1541-ൽ വീണ്ടും ജനീവയിലേക്ക് വിളിക്കപ്പെട്ടപ്പോൾ അങ്ങോട്ട് കൊണ്ടുപോകയും അവിടെനിന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പരക്കുകയും ചെയ്തു.

3. ഉൾറിഖ് സ്വിംഗ്ലി (Ulrich Zwingli)

1523-ൽ സൂറിക്ക് (സ്വിറ്റ്സർലൻഡ്) നഗരത്തിൽ ഒരു പുതിയ ആരാ ധനക്രമമുണ്ടാക്കി. രണ്ടു വർഷത്തിന് ശേഷം വീണ്ടും പരിഷ്ക്കരിച്ചു. കുർബ്ബാന ആണ്ടിൽ നാലു പ്രാവശ്യം മതിയെന്നായി. ഒരു പാട്ടും ചില പ്രാർത്ഥനകളും, ഒരു വായനയും പ്രസംഗവും പാപമേറ്റു പറച്ചിലും പാപ മോചന പ്രഖ്യാപനവുമായിരുന്നു ഞായറാഴ്ച ആരാധനയുടെ പ്രധാന ഭാഗങ്ങൾ.

4. മാർട്ടിൻ ബ്യൂസർ (Bucer)

കൊളോൺ നഗരത്തിൽ 1545-ൽ ഒരു പുതിയ ആരാധനക്രമമുണ്ടാക്കി. പല ലൂഥറൻ ക്രമങ്ങളിൽ നിന്നും വെട്ടിച്ചേർത്തെടുത്തതായിരുന്നു ഈ ക്രമം. ഉൽബോധനങ്ങളും ഉപദേശങ്ങളുമാണധികവുമുള്ളത്. ആരാധ നാഭാഗങ്ങൾ നന്നേ കുറയും.

5. ആംഗ്ലിക്കൻ ക്രമം

1534-ൽ ഹെൻറി എട്ടാമൻ ഇത് ആരംഭിച്ചു. 1536-ൽ വീണ്ടും പരിഷ്ക്കരിച്ചു. 1543-ൽ മെത്രാന്മാരുടെ ഒരു കമ്മീഷൻ ഒരു പുതിയ ക്രമം ആവിഷ്ക്കരിച്ചു. ആർച്ച് ബിഷപ്പ് ക്രാൻമെർ പൗരസ്ത്യ പാശ്ചാത്യ ആരാധനക്രമങ്ങളൊക്കെ നോക്കി ഒരു പുതിയ ക്രമമുണ്ടാക്കിയത് 1547-ൽ പ്രസിദ്ധീകരിക്കപ്പെട്ടു. 1549-ൽ ഒരു പുതിയ ആരാധനക്രമം (Book of Common Prayer) പാർലമെന്റ് പാസ്സാക്കി. 1552-ൽ അത് വീണ്ടും പരിഷ്ക്കരിച്ചു. 1604-ൽ വീണ്ടും. 1662-ൽ ആംഗ്ലിക്കൻ സഭ ഔദ്യോഗികമായി ഒരു പുതിയ ക്രമം പ്രസിദ്ധീകരിച്ചു. അതിനുശേഷം ആംഗ്ലിക്കൻ സഭയുടെ പല ഭാഗങ്ങളിലുമായി പല രൂപങ്ങളുണ്ടായിട്ടുണ്ട്.

6. പ്രെസ്ബിറ്റീറിയൻ ക്രമം

1559-ൽ സ്കോട്ട്ലൻഡിൽ ഒരു പുതിയ ക്രമമുണ്ടായി. 1619-ൽ അത് പരിഷ്ക്കരിച്ചു. 1637-ൽ വീണ്ടും. 1644-ൽ അത് നിരോധിച്ചിട്ട് പ്രെസ്ബിറ്റീറിയൻ രീതിയിലുള്ള (ജെനീവാ മോഡൽ) ഒരു ആരാധനക്രമമുണ്ടാക്കി. 1556-ൽ ജെനീവായിലുള്ള ഇംഗ്ലീഷുകാർക്കു വേണ്ടി ജോൺ നോക്സ് ഉണ്ടാക്കിയ ആരാധനക്രമമായിരുന്നു അവർ ഉപയോഗിച്ചു വന്നിരുന്നത്. ഇന്ന് സ്കോട്ടിഷ് പ്രെസ്ബിറ്റീരിയൻസ് ഉപയോഗിക്കുന്നത് 1940-ൽ ഉണ്ടാക്കിയ ക്രമമാണ്.

ഇങ്ങനെ പതിനാറും പതിനേഴും ശതാബ്ദങ്ങളിലുണ്ടായ നവീകരണ ശ്രമങ്ങളുടെയെല്ലാം പിറകിൽ, ആരാധന മനുഷ്യർക്ക് മനസ്സിലാകുന്ന രീതിയിലും ഭാഷയിലുമായിരിക്കണമെന്നും, അത് വേദപുസ്തകാധിഷ്ഠിതമായിരിക്കണമെന്നുമുള്ള തത്വങ്ങളാണുണ്ടായിരുന്നത്. മാത്രമല്ല കുർബ്ബാന ബലിയല്ലെന്നും, പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും തെറ്റാണെന്നും നവീകരണ നേതാക്കൾ വാദിച്ചു.

ഏതായാലും ഒരിക്കൽ നവീകരണമാരംഭിച്ചാൽ പിന്നെ നിർത്തുവാൻ പ്രയാസം. ഓരോരുത്തരും അവരവരുടെ പുതിയ പുതിയ ആശയങ്ങളനുസരിച്ച് പുതിയ പുതിയ രൂപങ്ങളാവിഷ്ക്കരിച്ചുകൊണ്ടിരിക്കും.

രൂപമില്ലാത്ത ആരാധന

ക്രമീകൃതരൂപത്തിലുള്ള ആരാധനയ്ക്കെതിരായ പ്രക്ഷോഭണം 16-ാം ശതാബ്ദത്തിലേ ആരംഭിച്ചു. പ്യൂരിറ്റൻസ് ആണ് ഈ പ്രതിഷേധത്തിന് നേതൃത്വം നല്കിയത്. 1603-ൽ ആയിരം പുരോഹിതന്മാരുടേതായ ഒരു അപേക്ഷ ഇംഗ്ലണ്ടിലെ ജേംസ് രാജാവിനോട് “മാനുഷിക ക്രമങ്ങളു

ടെയും ആചരണങ്ങളുടേയും പൊതു ഭാര"ത്തിൽ നിന്ന് തങ്ങളെ മോചിയ്ക്കണമെന്നർത്ഥിച്ചു. അതിന് മുമ്പു തന്നെ യൂറോപ്പിലെ കർഷകത്തൊഴിലാളികളുടെ മതപ്രസ്ഥാനമായ അനാബാപ്റ്റിസ്റ്റ് മൂവ്മെന്റ് ക്രമങ്ങളും രൂപങ്ങളും കൂടാതുള്ള ആരാധനയാരംഭിച്ചു. ഈ രൂപമില്ലാത്ത രൂപത്തിനു തന്നെ ചില പ്രത്യേകതകളുണ്ടാകാൻ തുടങ്ങി. പാട്ട്, വായന, പ്രസംഗം, പ്രാർത്ഥന ഇത്രയുമെങ്കിലും ക്രമമായിട്ട് മിക്കവാറും എല്ലാ രൂപമില്ലാത്ത ആരാധനയിലും കാണും. ക്വേക്കർമാർ സകലവിധമായ കൂദാശകളേയും അനുഷ്ഠാനങ്ങളേയും ആരാധനക്രമങ്ങളേയും പൗരോഹിത്യത്തേയും നിഷേധിക്കുന്നുണ്ടെങ്കിലും കാലപ്പഴക്കംകൊണ്ട് അവരുടെ ആരാധനയ്ക്കും ക്രമവും രൂപവുമുണ്ടായിത്തീരുന്നതായി കാണാം.

ആരാധന ഇന്ന്

ആധുനിക മനുഷ്യന് ഈശ്വരനുണ്ടോ എന്നു തന്നെ സംശയമാണ്. അതുകൊണ്ട് പൊതുവെ പറഞ്ഞാൽ, പ്രത്യേകിച്ചും പാശ്ചാത്യ സംസ്ക്കാരത്തിന്റെ വേരൂന്നിയിട്ടുള്ളിടത്തൊക്കെ ദൈവാരാധന കൂടുതൽ കൂടുതൽ പ്രശ്നാവഹമായിത്തീർന്നുകൊണ്ടിരിക്കുകയാണ്.

കത്തോലിക്കാസഭയുടെ രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനയിൽ പല പുതിയ പരിഷ്ക്കാരങ്ങളും വരുത്തിയതിന് പിറകിൽ പത്തൊമ്പതാം ശതാബ്ദത്തിലാരംഭിച്ച ലിറ്റർജിയ്ക്കൽ പ്രസ്ഥാനത്തിന്റെ നൂറു വർഷത്തെ പ്രവർത്തനങ്ങളാണ് കിടക്കുന്നത്. ആരാധന ജനങ്ങളുടേതാണ്, പുരോഹിതന്റേതു മാത്രമല്ല; ജനങ്ങൾ ഭാഗഭാക്കുകളാകണം, സന്ദർശകരായിരുന്നാൽ പോരാ, ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിലായിരിക്കണം എന്നിങ്ങനെയുള്ള തത്വങ്ങളൊക്കെ ഇന്ന് കത്തോലിക്കാസഭ പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുന്നു.

പ്രോട്ടസ്റ്റന്റ് സഭകളിലാകട്ടെ, പാട്ടും പ്രസംഗവും കൊണ്ടുള്ള ആരാധനയെപ്പറ്റി അല്പമൊക്കെ വിരക്തി തോന്നിക്കൊണ്ടിരിക്കുന്നു. പാശ്ചാത്യരൂപങ്ങളെ മാറ്റിയിട്ട് തദ്ദേശ സംസ്ക്കാരത്തിനൊത്ത രൂപങ്ങളുണ്ടാക്കാനും, ആധുനിക കലാരൂപങ്ങളെ ആരാധനയിലുപയോഗിക്കാനും ഒക്കെ പരിശ്രമങ്ങൾ നടക്കുന്നുണ്ട്.

പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ ഇപ്പോഴും പഴയ രീതി തന്നെ തുടരുന്നു. എന്നാൽ ആരാധനയോടുള്ള വിരക്തി പൗരസ്ത്യസഭകളിൽ അത്ര തന്നെ കാണുന്നില്ല താനും.

പാഠം 5

പൗരസ്ത്യ ക്രിസ്തീയാരാധനക്രമങ്ങൾ ഒരു താരതമ്യ പഠനം

പരിശുദ്ധ കുർബ്ബാനയിലെ പ്രധാന ഘടകങ്ങളേവയെന്ന് പ്രത്യേകം തിരിച്ചറിയണമെങ്കിൽ നൂറുകണക്കിനുള്ള വിവിധ പൗരസ്ത്യാരാധന ക്രമങ്ങളുടെ ഒരു താരതമ്യ പഠനം കൊണ്ടേ സാധിക്കൂ.

പാശ്ചാത്യാരാധനക്രമങ്ങൾ നാലും പൗരസ്ത്യാരാധനക്രമങ്ങൾ എട്ടും പ്രധാന ഗ്രൂപ്പുകളായി തരംതിരിക്കാം.

പാശ്ചാത്യാരാധനക്രമങ്ങൾ

കത്തോലിക്കാസഭയിലെ റോമൻ ആരാധനക്രമം പാശ്ചാത്യസഭയിൽ പ്രായേണ എല്ലായിടത്തും നടപ്പിലായത് ചാർലിമേയ്ൻ ചക്രവർത്തിയുടെ (742-814 എ.ഡി.) കല്പനപ്രകാരം ഒമ്പതാം ശതാബ്ദത്തിന്റെ ആരംഭത്തിൽ മാത്രമാണ്. അതുവരെ നാലിൽ കുറയാതെ വിവിധ രീതിയിലുള്ള ആരാധനക്രമങ്ങൾ യൂറോപ്പിൽ നിലവിലുണ്ടായിരുന്നു. ഇവയിൽ ഉത്തര ഇറ്റലിയിൽ ഉപയോഗിച്ചുവന്നിരുന്ന അംബ്രോസിയൻ ആരാധനക്രമവും അന്ന് 'ഗാൾ' എന്ന് പറഞ്ഞുവന്നിരുന്ന ഇന്നത്തെ ഫ്രഞ്ച് പ്രദേശങ്ങളിൽ നിലവിലിരുന്ന ഗാലിക്കൻ ക്രമവും പൗരസ്ത്യരീതിയിലുള്ളവയും പൗരസ്ത്യ സഭയിൽ നിന്ന് പാശ്ചാത്യ സഭ എടുത്തുപയോഗിച്ചവയുമായിരുന്നു. ഇതു കൂടാതെ, സ്പെയിൻ, പോർത്തുഗൽ ഈ രാജ്യങ്ങളിൽ മൊസറാബിക്ക് (MOZARABIC) രീതിയിലുള്ള ആരാധനക്രമവും നടപ്പിലുണ്ടായിരുന്നു. ഇത് 11-ാം ശതാബ്ദത്തിൽ നിർത്തലാക്കിയെങ്കിലും 16-ാം ശതാബ്ദത്തിൽ ടൊലീഡോ (Toledo) കത്തീഡ്രലിൽ അവിടുത്തെ മെത്രാപ്പോലീത്താ ഇതിനെ പുനഃസ്ഥാപിച്ച് ഇന്നുവരെ ആ നഗരത്തിൽ മാത്രം ഈ ആരാധനക്രമം ഉപയോഗിച്ചുവരുന്നു.

ഇന്ന് കത്തോലിക്കാ സഭയിൽ പൗരസ്ത്യ റീത്തുകളിലൊഴികെ പ്രായേണ എല്ലായിടത്തും ഉപയോഗിച്ചുവരുന്നത് പണ്ടു റോമാനഗരത്തിൽ മാത്രം ഉപയോഗിച്ചുവന്നിരുന്നതും വളരെയധികം അർത്ഥപുഷ്ടിയൊന്നുമില്ലാത്തതെന്ന് പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ളതുമായ റോമൻ ക്രമമാണ്.

യൂറോപ്പിൽ നിലവിലുണ്ടായിരുന്ന നാലു ക്രമങ്ങളിൽ അംബ്രോസിയൻ, ഗാലിക്കൻ, മോസറാബിക്ക് ഇവ മൂന്നും പൗരസ്ത്യ രൂപത്തിലുള്ളവയായിരുന്നതുകൊണ്ടായിരിക്കാം അവയ്ക്ക് പാശ്ചാത്യസഭയിൽ

അധികം പ്രോത്സാഹനം ലഭിയ്ക്കാതിരുന്നതെന്നു വേണം അനുമാനിപ്പാൻ.

പൗരസ്ത്യക്രമങ്ങൾ

കിഴക്കൻ സഭകളിലെ ക്രമങ്ങൾ എട്ടുവിധത്തിലുള്ളവയാണെന്നു പറഞ്ഞല്ലോ. അവയുടെ ഒരു ചുരുക്കവിവരം താഴെ കുറിക്കുന്നു.

1) പശ്ചിമ സിറിയൻ ആരാധനക്രമം

നമ്മുടെ സഭയിലും സിറിയായിലെ സഭയിലും ഇന്നു നിലവിലിരിക്കുന്ന ഈ ക്രമം മറ്റേതു ക്രമത്തെയുംകാൾ വൈവിധ്യത്തിലും അർത്ഥപുഷ്ടിയിലും മുന്നിട്ടുനിൽക്കുന്നു. കുർബ്ബാന തക്സാകൾ തന്നെ എഴുപതിലധികമുണ്ട്.

2) കോപ്റ്റിക് ആരാധനക്രമം

സാധാരണയായി മൂന്നു ക്രമങ്ങളാണ് ഈഗുപ്തായസഭയിൽ ഉപയോഗിക്കുന്നത് (ബസേലിയോസ്, ഗ്രീഗോറിയോസ്, കൂറിലോസ്).

3) പൗരസ്ത്യ സിറിയൻ (കൽദായ) ക്രമം

ഇവർക്കു മൂന്നു ക്രമങ്ങളാണുള്ളത് (ശ്ലീഹന്മാരുടെ ക്രമം, തേവോദോറോസിന്റെ ക്രമം, നെസ്തോറിന്റെ ക്രമം).

4) മലബാർ ക്രമം

പോർത്തുഗീസുകാർ പതിനഞ്ചാം ശതാബ്ദത്തിൽ ഇവിടെ വരുന്ന കാലത്ത് നമ്മുടെ സഭയിൽ നടപ്പിലുണ്ടായിരുന്ന ക്രമം കൽദായക്രമത്തിൽ നിന്നും അല്പം വ്യത്യസ്തമായിരുന്നു. 1599-ൽ ഉദയമ്പേരൂർ സുന്നഹദോസ് ഇതു നിർത്തലാക്കി പുസ്തകങ്ങളെല്ലാം ചുട്ടുകളഞ്ഞെങ്കിലും കേരളത്തിലെ സുറിയാനിക്കത്തോലിക്കർ ഇന്ന് ഈ പഴയ മലബാർ ക്രമത്തെ പുതിയ രൂപത്തിൽ പുനഃസ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്.

5) ബൈസാന്റൈൻ ക്രമം

ഗ്രീസ്, റഷ്യാ, റുമേനിയ, ബുൾഗേറിയ, യൂഗോസ്ലാവിയ മുതലായ രാജ്യങ്ങളിലുപയോഗിക്കുന്ന ഈ ക്രമം കുസ്തന്തീനോപോലീസിലെ ആരാധനക്രമങ്ങളെ പിന്തുടരുന്നു. പശ്ചാത്തലത്തിലുള്ളത് അന്ത്യോഖ്യായിലെ സിറിയൻ ക്രമമാണ്. രണ്ടു വിവിധ കുർബാന തക്സാകളാണിവർക്കുള്ളത് (ബാസേലിയോസ്, ഈവാനിയോസ്).

6) അർമ്മേനിയൻ ക്രമം

ഏറെക്കുറെ ബൈസന്റൈൻ ക്രമത്തോട് ചേർന്നുനില്ക്കുന്നതും സുറിയാനി സഭയിലെ ആരാധനാരീതിയിൽ നിന്നുൽഭൂതമായതുമാണ്. ഒരു ക്രമമേയുള്ളു.

7) എത്യോപ്യൻ ക്രമം

ഈഗുപ്തായസഭയുടെ പുത്രിയാണ് എത്യോപ്യൻ സഭയെങ്കിലും അവരുടെ ആരാധനക്രമത്തിന് രൂപം കൊടുക്കുന്നതിൽ സിറിയൻ സന്യാസിമാർക്ക് വലിയൊരു പങ്കുണ്ട്. മുപ്പതോളം വിവിധ തക്സാകൾ എത്യോപ്യൻ സഭയ്ക്കുണ്ട്. 14 എണ്ണം മാത്രമേ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളു.

8) മാറോനായക്കാരുടെ ക്രമം

അതിസമ്പന്നമായ സുറിയാനി ആരാധനയുടെ മറ്റൊരു രൂപമാണ് മാറോനായക്കാരുടെ ആരാധനയിൽ ഇന്നു കാണുന്നത്. നമ്മിൽ നിന്ന് വേർപിരിഞ്ഞ് പന്ത്രണ്ടാം ശതാബ്ദത്തിൽ റോമാസഭയിൽ ചേർന്ന ഇക്കൂട്ടർക്കുള്ള എഴു കുർബ്ബാന തക്സാകൾ പഴയ അന്ത്യോഖ്യൻ ക്രമത്തോട് വളരെ സാമ്യമുള്ളവയാണ്.

താരതമ്യപഠനം

ഈ എട്ട് വിവിധക്രമങ്ങളിലും പൊതുവായി കാണാവുന്ന കാര്യങ്ങൾ, സഭകൾ തമ്മിൽ വേർപിരിയുന്നതിനു മുമ്പുണ്ടായിരുന്ന പ്രാചീനസഭയുടെ പാരമ്പര്യത്തിന് സാക്ഷ്യം വഹിക്കുന്നു. ഏഴു ഭാഗങ്ങൾ എല്ലാ വിവിധ ക്രമങ്ങളിലും കാണുന്നതിനെ ഇവിടെ ചുരുക്കമായി എടുത്തു പ്രതിപാദിച്ചുകൊള്ളട്ടെ.

കുർബ്ബാനയെന്നു പറയുന്നത് ഇപ്പോഴത്തെ നമ്മുടെ ഞായറാഴ്ച ശുശ്രൂഷയിലെ അവസാന ഭാഗത്തിനു മാത്രം പറയുന്ന പേരാകുന്നു. അതായത് നമ്മുടെ ക്രമത്തിൽ, വിശ്വാസപ്രമാണത്തിന്റെ ശേഷം, സമാധാനത്തിനു വേണ്ടിയുള്ള പ്രാർത്ഥനയോടുകൂടി ആരംഭിക്കുന്ന ശുശ്രൂഷയ്ക്കാണ് അർപ്പണം എന്നർത്ഥമുള്ള കുർബ്ബാന അല്ലെങ്കിൽ അനാഫോറാ എന്ന് പേർ പറയുന്നത്. എന്നാൽ ഈ ഞായറാഴ്ച ശുശ്രൂഷയ്ക്ക് മുഴുവനായും കുർബ്ബാനയെന്ന് ചിലപ്പോൾ പറയാറുണ്ട്. ഈ രണ്ടാം അർത്ഥത്തിലാണ് ഇവിടെ പ്രതിപാദിക്കുന്നത്.

1) തൂയോബോ അല്ലെങ്കിൽ ഒരുക്ക ശുശ്രൂഷ

തൂയോബോ ശുശ്രൂഷയ്ക്ക് എട്ടു ഭാഗങ്ങളുള്ളത് എല്ലാ ക്രമങ്ങളിലും ഒരുപോലെ കാണുന്നില്ല. എങ്കിലും അവയുടെ ഒരു ലിസ്റ്റ് ഇങ്ങനെ സമാഹരിക്കാം:

(a) മദ്ബഹായിലേക്ക് പ്രവേശിക്കുന്നതിനു മുമ്പുള്ള പ്രാരംഭ പ്രാർത്ഥന. (b) മദ്ബഹായിൽ പ്രവേശിച്ച് ത്രോണോസ് മുമ്പാകെയുള്ള വന്ദനയും അനുതാപപ്രാർത്ഥനയും (c) അപ്പവീഞ്ഞുകളെ ഒരുക്കിവെയ്ക്കൽ (d) സ്ഥാന വസ്ത്രധാരണം. (e) കാസായും പീലാസായും ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള മദ്ധ്യസ്ഥപ്രാർത്ഥനകൾ. (f) ധൂപനവും അർപ്പണ പ്രാർത്ഥനയും. (g) സമാപന പ്രാർത്ഥന. ഈ ഏഴു ഭാഗങ്ങൾ ഏറെക്കുറെ മുൻപറഞ്ഞ എട്ടു വിധ പൗരസ്ത്യാരാധനകളിലും കാണുന്നുണ്ടെങ്കിൽ ചില വ്യത്യാസങ്ങളും ഇല്ലാതില്ല. അർമ്മേനിയൻ, സിറിയൻ, എത്യോപ്യൻ ക്രമങ്ങളിലൊഴികെ മറ്റഞ്ചു ക്രമങ്ങളിലും പുരോഹിതന്റെ സ്ഥാന വസ്ത്രധാരണം നടക്കുന്നതു പ്രഥമഭാഗത്താണ്. അതായത് മദ്ബഹായിലേയ്ക്ക് പ്രവേശിക്കുന്നതിനു മുമ്പുതന്നെ. എത്യോപ്യൻ സഭയിൽ സ്ഥാനവസ്ത്രധാരണം നടക്കുന്നതു (b) എന്നു പറയുന്ന രണ്ടാം ഭാഗത്താണ്, അതായത് മദ്ബഹായിൽ പ്രവേശിച്ചാൽ ഉടനെ. അർമ്മേനിയൻ സഭയിൽ സ്ഥാനവസ്ത്രധാരണം സാക്രിസ്റ്റി അതായത് വസ്ത്രങ്ങൾ സൂക്ഷിക്കുന്ന മുറിയിൽ വച്ചാണ് നടക്കുന്നത്. അതിനുശേഷമേ പ്രാരംഭപ്രാർത്ഥന പോലും ആരംഭിക്കുന്നുള്ളു.

സുറിയാനിസഭയിലാണ് സ്ഥാനവസ്ത്രധാരണം ഇത്ര വൈകി നടക്കുന്നത്. എന്നാൽ ആരംഭകാലങ്ങളിൽ വചനശുശ്രൂഷ അതായതു ഏവൻഗേല്യോൻ വായനയും പ്രസംഗവും കഴിഞ്ഞിട്ട് മാത്രമായിരുന്നു പുരോഹിതന്റെ സ്ഥാനവസ്ത്രധാരണം നടന്നിരുന്നത് എന്നു നാം ഓർക്കണം.

(2) വചനശുശ്രൂഷ അല്ലെങ്കിൽ സ്നാനാർത്ഥികളുടെ ക്രമം

വിശുദ്ധ സുവിശേഷം പഠിപ്പിക്കുന്നതിനുള്ള അവസരമാണ് കുർബ്ബാനയുടെ പരസ്യശുശ്രൂഷയിലെ ആദ്യഭാഗം. ഈ സമയത്ത് ക്രിസ്ത്യാനികളല്ലാത്തവർ ധാരാളമായി സന്നിഹിതരായിരുന്നിരിക്കണം. അവരോടും മാമോദീസാ മുങ്ങിയിട്ടുള്ള ക്രിസ്ത്യാനികളോടും ഒരുമിച്ച് ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിപ്പാനും പഠിപ്പിക്കുവാനുമുള്ള ഒരവസരമാണിത്. മാമോദീസാ മുങ്ങുവാൻ ആഗ്രഹിക്കുന്നവരെ കൂടെ ഉദ്ദേശിച്ചുകൊണ്ടുള്ള ക്രമമായതുകൊണ്ട് സ്നാനാർത്ഥിക്രമം അഥവാ Liturgy of the catechumens എന്ന് പേർ പറയുന്നു. ആറ് ഭാഗങ്ങളാണ് പ്രധാനം:-

a) ഏവൻഗേലിയോൻ വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര.

b) വേദവായനകൾ.

c) വായനകളുടെ ഇടവിട്ടുള്ള ഗീതാലാപങ്ങൾ.

d) പ്രസംഗം അല്ലെങ്കിൽ പഠിപ്പിക്കൽ.

e) ലോകത്തിലുള്ള എല്ലാവരുടേയും ആവശ്യങ്ങൾക്കായുള്ള മദ്ധ്യസ്ഥപ്രാർത്ഥന.

f) സ്നാനാർത്ഥികളെ അനുഗ്രഹിച്ചു പിരിച്ചുവിടൽ.

a) ഏവൻഗേല്യോൻ വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര അതിന്റെ വികസിതരൂപത്തിൽ ഇന്നു കാണുന്നത് ബൈസന്റൈൻ ക്രമത്തിൽ മാത്രമാണ്. സുറിയാനി ആരാധനക്രമത്തിൽ പ്രാരംഭഘോഷയാത്രയിൽ ഏവൻഗേല്യോൻ കാണുന്നില്ല. എന്നാൽ പരസ്യശുശ്രൂഷയുടെ ആരംഭത്തിലെ ഘോഷയാത്രയിൽ മെഴുകുതിരി കത്തിച്ചുപിടിച്ചുകൊണ്ട് മുന്നോടിയായി നടക്കുന്ന യോഹന്നാൻ സ്നാപകനെ അനുഗമിച്ചുകൊണ്ട് പുരോഹിതരൂപത്തിൽ നാം കാണുന്നത് ഗുരുവായി പഠിപ്പിക്കുവാനും പരസ്യശുശ്രൂഷയ്ക്കുമായി വരുന്ന ക്രിസ്തുവിനെയാണ്. ക്രിസ്തു തന്നെയാണല്ലോ യഥാർത്ഥ ഏവൻഗേല്യോൻ.

b) വായനകൾ. ആദിമുതലേ അഞ്ചല്ലെങ്കിൽ ആറായിരുന്നു മിക്കവാറും എല്ലാ പൗരസ്ത്യക്രമങ്ങളിലും. അതായത് ഏവൻഗേല്യോൻ കൂടാതെ അതിന് മുമ്പായി പഴയനിയമത്തിൽനിന്ന് രണ്ടോ, മൂന്നോ, പുതിയ നിയമത്തിൽനിന്ന് രണ്ടും. ഈ അഞ്ചു വായനകളും നടത്തുന്ന പള്ളികൾ ഇന്നു നമ്മുടെ സഭയിലുണ്ടെങ്കിലും മിക്ക പള്ളികളിലും ഒന്നോ രണ്ടോ പുതിയനിയമ വായനകൾ മാത്രമേ കേൾക്കുന്നുള്ളു. പഴയനിയമത്തിൽ മോശയുടെ ന്യായപ്രമാണത്തിൽനിന്ന് ഒന്നും, പ്രവാചകന്മാരുടെ പുസ്തകങ്ങളിൽനിന്ന് ഒന്നും, മറ്റു പുസ്തകങ്ങളിൽ നിന്ന് ഒന്നുമാണ് ക്രമമനുസരിച്ച് വായിക്കുക പതിവ്.

c) ഗാനാലാപങ്ങൾ. നമ്മുടെ സുറിയാനി കുർബ്ബാനക്രമത്തിൽ ഇന്നും വായനകൾക്കിടയിൽ ആറു പാട്ടുകളുണ്ട്. അതായത് (1) തിരശ്ശീല നീക്കുന്നതിനു മുമ്പുള്ള ഗീതം. (2) നിന്മാതാവ് വിശുദ്ധന്മാർ (സ്വഭാവപ്രകാരം മരണമില്ലാത്തവനും) എന്നാരംഭിക്കുന്ന പാട്ട്; (3) കാദീശാത്താലോഹോ എന്ന പാട്ട് (ദൈവമേ നീ ശുദ്ധമുള്ളവനാകുന്നു എന്നുള്ളത് ഒരു പാട്ടാണെന്നുള്ളത് പലരും മറന്നുപോകുന്നു); (4) ഭൂവിലശേഷം; (5) പൗലോസ് ശ്ലീഹാ; (6) ഏവൻഗേല്യോന്ന് ശേഷമുള്ള ഗീതം.

കാദീശാത്താലോഹോ (Trisagion) എന്നുള്ള പാട്ട് എട്ട് പൗരസ്ത്യ ക്രമങ്ങളിൽ ഏഴിലും കാണുന്നുണ്ട്. ഇല്ലാത്തത് ഇന്ത്യയിലെ സുറിയാനിക്കത്തോലിക്കരുടെ പുതിയ ക്രമത്തിൽ മാത്രമേയുള്ളു. ഇത് ഇവിടുത്തെ ക്രമം ആവിഷ്ക്കരിച്ചവരുടെ ഒരു തെറ്റ് എന്നു മാത്രം വെച്ചാൽ മതി.

ആരംഭകാലത്ത് പാട്ടുകൾക്കു പകരം മസുമൂറാകളായിരുന്നു പാടാ

റുള്ളത്. അതിന്റെ അനുപല്ലവിയുടെ ഒരവശിഷ്ടമാണ് ഇന്നും ഏവൻഗേല്യോനു മുമ്പ് ചൊല്ലുന്ന "ഹാലേലുയ്യാ" എന്നു തുടങ്ങുന്ന പാട്ട്. ഈ ഹാലേലുയ്യാ എട്ട് പൗരസ്ത്യക്രമങ്ങളിലും കാണപ്പെടുന്നു.

d) പ്രസംഗം. ഇത് സാധാരണയായി കശീശ്ശന്മാരും മെത്രാപ്പോലീത്തായും കൂടി അനുഷ്ഠിക്കുന്നു. മാമോദീസാ മുങ്ങിയിട്ടുള്ളവരേയും മുങ്ങിയിട്ടില്ലാത്തവരേയും ഈ സമയത്ത് സുവിശേഷം പഠിപ്പിക്കുകയെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശ്യം. എന്നാൽ മിക്കവാറും എല്ലാ പൗരസ്ത്യ ക്രമങ്ങളിലും ഇത് ഇന്ന് ഇല്ലാതായിത്തീർന്നിരിക്കുന്നു.

e) മദ്ധ്യസ്ഥപ്രാർത്ഥന. ഇത് ലുത്തിനിയാ രൂപത്തിലുള്ള ഒരു പ്രാർത്ഥനയായിരുന്നു. സുറിയാനിക്രമത്തിലും എത്യോപ്യൻ ക്രമത്തിലും മാത്രം ഇത് ഇന്ന് കാണപ്പെടുന്നില്ല. സുറിയാനിക്രമത്തിൽ തൽസ്ഥാനത്ത് പ്രുമിയോനും സെദ്റായും ചൊല്ലുന്നത് ഒരു മദ്ധ്യസ്ഥ പ്രാർത്ഥന പോലെയാണ്; എന്നാൽ ആദിമകാലത്ത് ഇതു മാമോദീസാ സ്നാനാർത്ഥികൾക്കു വേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയായിരുന്നു.

f) സ്നാനാർത്ഥികളെ പിരിച്ചുവിടൽ. ഇത് സുറിയാനിക്രമത്തിലൊഴികെ മറ്റ് പൗരസ്ത്യക്രമങ്ങളിലെല്ലാം കാണുന്നുണ്ട്. സുറിയാനി ക്രമത്തിൽ ഈ പിരിച്ചുവിടലിനെ അനുസ്മരിപ്പിക്കുന്ന ഗീതങ്ങൾ ചിലതുണ്ടെങ്കിലും നമ്മുടെ നാട്ടിൽ അവ ചൊല്ലാറില്ലെന്ന് തോന്നുന്നു.

3) ധൂപാർപ്പണ ശുശ്രൂഷ

ഈ ശുശ്രൂഷയ്ക്ക് പൊതുവെ മൂന്ന് ഭാഗങ്ങളാണുള്ളത്. a) ധൂപാർച്ചന b) ബലിപീഠാരോഹണം c) സമാധാന ശുശ്രൂഷ. ധൂപാർച്ചനയിൽ പ്രൊമിയോൻ, മഹസ്യോനോ ഹോക്കീൽ, സെദ്റാ എന്നീ പ്രാർത്ഥനകളും ധൂപക്കുറ്റി വാഴ്ത്തലും ഉൾപ്പെടുന്നു. എത്യോപ്യൻ കോപ്റ്റിക് ക്രമങ്ങളിൽ ഇവയൊന്നും കാണപ്പെടുന്നില്ല. ബലിപീഠാരോഹണത്തിനു മുമ്പുള്ള പുരോഹിതന്റെ കൈ കഴുകൽ എല്ലാ ക്രമങ്ങളിലും കാണപ്പെടുന്നു. വിശ്വാസപ്രമാണവും അഞ്ചാം ശതാബ്ദം മുതൽ എല്ലാ പൗരസ്ത്യ ക്രമങ്ങളിലും കാണപ്പെടുന്നു. അർമ്മേനിയക്കാരും മലബാർ കത്തോലിക്കരും ഏവൻഗേല്യോൻ കഴിഞ്ഞ ഉടനെയാണ് ചൊല്ലുന്നത്. ശോശപ്പാ ആഘോഷം അർമ്മേനിയൻ ക്രമത്തിൽ മാത്രം കാണുന്നില്ല. മറ്റ് ഏഴു ക്രമങ്ങളിലും ഉണ്ട്. സമാധാന ശുശ്രൂഷ എല്ലാ ക്രമങ്ങളിലും കാണപ്പെടുന്നു. എന്നാൽ രൂപത്തിൽ വ്യത്യാസങ്ങളുണ്ട്.

(4) കുർബ്ബാനയുടെ മർമ്മഭാഗം

ഈ ഭാഗത്തിന് പത്തംശങ്ങളുള്ളത് ക്രമങ്ങളിലും ഏറെക്കുറെ ഒരേ

രൂപത്തിൽ കാണുന്നു. പരിശുദ്ധ കുർബ്ബാനയുടെ ഏറ്റവും പ്രധാനവും ഏറ്റവും പുരാതനഭാഗവും ഇതാണ്. ഊർശ്ലേമിൽ അപ്പോസ്തലന്മാർ അനുഷ്ഠിച്ചുകൊണ്ടിരുന്ന അതേ രൂപം തന്നെയാണ് ഈ ഭാഗത്തെ സംബന്ധിച്ചേടത്തോളം മാത്രം ഇന്നും എല്ലാ പൗരസ്ത്യ ക്രമങ്ങളിലും കാണപ്പെടുന്നത്. ഏറ്റവും പുരാതന ഭാഗമായതുകൊണ്ട് കൂടെയായിരിക്കും അധികം വ്യത്യാസം കാണാത്തതും. പത്ത് ഭാഗങ്ങൾ ഇവയാണ്. (എ) ത്രിത്വനാമത്തിലുള്ള ആശീർവാദം; (ബി) പുരോഹിതനും ജനങ്ങളും തമ്മിലുള്ള പ്രതിഭാഷണം-അതായത്; നമ്മുടെ ഹൃദയങ്ങളെ ദൈവത്തിങ്കലേക്ക് ഉയർത്താം എന്നുള്ളതും അതിന്റെ പ്രതിവാക്യവും: ഭയത്തോടുകൂടെ ദൈവത്തെ സ്തോത്രം ചെയ്യാമെന്നുള്ളതും പ്രതിവാക്യവും. (സി) ഒരു സ്തോത്ര പ്രാർത്ഥന. (ഡി) പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നുള്ള പ്രതിവാക്യം. (ഇ) ശരീരം വാഴ്ത്തൽ (എഫ്) രക്തം വാഴ്ത്തൽ (ജി) അനുസ്മരണ പ്രാർത്ഥനയും പ്രതിവാക്യവും. (എച്ച്) പരിശുദ്ധാത്മാവിനെ ആഹ്വാനം ചെയ്തുകൊണ്ടുള്ള പ്രാർത്ഥന. (ഐ) മദ്ധ്യസ്ഥ പ്രാർത്ഥനകൾ (തുബ്ദേൻ). (ജെ) പരിശുദ്ധ തിരുനാമത്തെ സ്തുതിച്ചുകൊണ്ടുള്ള പ്രാർത്ഥനയും, “തന്റെ നാമം ഇരുന്നപ്രകാരം തന്നെ...” എന്നുള്ള പ്രതിവാക്യവും. ഇവയിൽ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ രൂപം മാത്രം വിവിധ ക്രമങ്ങളിൽ വിവിധ രൂപത്തിലുള്ളതാണ്. മദ്ധ്യസ്ഥ പ്രാർത്ഥനകൾ ഓരോ ക്രമത്തിലും കാലോചിതമായി രൂപഭേദം പ്രാപിച്ചു പോന്നിരുന്നതായി കാണാം.

(5) അനുഭവത്തിനായുള്ള ഒരുക്കശുശ്രൂഷ

ഈ അഞ്ചാം ഭാഗത്തിന് പ്രധാനമായി ഒമ്പതു ഉപഭാഗങ്ങളാണുള്ളത്. എല്ലാ പൗരസ്ത്യക്രമങ്ങളിലും ഈ ഉപഭാഗങ്ങൾ പൊതുവെ കാണപ്പെടുന്നുണ്ടെങ്കിലും അവയുടെ മുറയ്ക്ക് ചില ചില്ലറ വ്യത്യാസങ്ങളില്ലാതില്ല. ഉപഭാഗങ്ങളിവയാണ്. (എ) മശീഹായുടെ വാഴ്വ് (ബി) ജനങ്ങൾ അൻപുടയോനേ എന്ന പാട്ട് പാടുന്ന സമയത്ത് പട്ടക്കാരൻ നടത്തുന്ന ശരീരം ഖണ്ഡിപ്പിന്റെ ശുശ്രൂഷ (Fraction) (സി) ശരീരത്തിൽ രക്തം പുരട്ടലും രക്തം കൊണ്ട് മുദ്ര കുത്തലും: (ഡി) സഭയ്ക്കു മുഴുവൻ വേണ്ടിയുള്ള ലുത്തിനിയാ ശെമ്മാശ്ശൻ ചൊല്ലുന്നത്; (ഇ) മറ നീക്കുമ്പോൾ ‘സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ’ എന്നതിന്റെ മുഖവുരയും പ്രാർത്ഥനയും (എഫ്) പരീക്ഷകൾക്കെതിരായുള്ള പ്രാർത്ഥന; (ജി) തല കുനിച്ചു വണങ്ങലും പ്രാർത്ഥനയും; (എച്ച്) സപ്തഗുണത്രിത്വാനുഗ്രഹം (ഐ) ‘വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും’ എന്ന പ്രാർത്ഥനയോടുകൂടിയുള്ള തിരുരഹസ്യങ്ങളുടെ ആഘോഷം.

ഈ ഒമ്പത് ഉപഭാഗങ്ങളിൽ, ഉയർത്തിയുള്ള ആഘോഷമില്ലാത്തത്

കൽദായക്കാർക്കും മലബാർ കത്തോലിക്കർക്കും മാത്രമാണ്. ബൈസ ന്റൈൻ ക്രമത്തിൽ ഉയർത്തി ആഘോഷിച്ച ശേഷമാണ് ഖണ്ഡിപ്പ്. ഈഗുപ്തായ, എത്യോപ്യൻ ക്രമങ്ങളിൽ ഖണ്ഡിപ്പ് കഴിഞ്ഞ് "സ്വർഗ്ഗ സ്ഥനായ പിതാവേ" എന്ന പ്രാർത്ഥനയും ആഘോഷവും കഴിഞ്ഞിട്ടാണ് രക്തശരീരങ്ങൾ കൂട്ടിച്ചേർക്കുന്നത്. അവർ കുർബ്ബാനയിലും മനുഷ്യാവ താരത്തിലുമുള്ള ഒരു വിശ്വാസപ്രഖ്യാപനം കൂടെ ഇവിടെ ചേർക്കുന്നു. ബൈസന്റൈൻ ക്രമത്തിൽ രക്തത്തിൽ ചൂടുവെള്ളം ചേർക്കുന്നു (തണു പ്പുള്ള രാജ്യങ്ങളിലെ ഒരു പതിവായിരിക്കണം ഇത്).

(6) കുർബ്ബാനാനുഭവം

ഈ ആറാം ഭാഗത്തിന് പത്തു ഭാഗങ്ങളാണ് പ്രധാനമായിട്ടുള്ളത്. (എ) അനുഭവഗാനാലാപം. ഇതിൽ ആദ്യത്തേത് 'പിതാവു നമ്മോടു കൂടെ, പുത്രൻ നമ്മോടുകൂടെ പരിശുദ്ധ റൂഹാ നമ്മോടുകൂടെ' എന്ന് ഇന്നു സുറിയാനിക്രമത്തിൽ ഗദ്യത്തിൽ ചൊല്ലുന്നതാകുന്നു. രണ്ടാമത്തെ അനുഭവഗാനം "തിരുസുതരായ്..." എന്നു തുടങ്ങുന്ന പാട്ട്. മൂന്നാമത്തെ പാട്ടിന്റെ സ്ഥാനത്താണ് ഇന്ന് കുക്കിലിയോനുകൾ ചൊല്ലുന്നത്. ഈ സ്ഥാനത്ത് മുമ്പുണ്ടായിരുന്ന പാട്ട് ഇങ്ങനെ പരിഭാഷപ്പെടുത്താം:

"നിന്നുയർപ്പാൽ മ്ശീഹാരാജാവേ, ആത്മാക്കൾക്കായ് രക്ഷ ഞങ്ങൾ നേടുന്നു. തന്നുയർപ്പാൽ നമ്മെ രക്ഷിച്ചവനാം പുത്രന് സ്തുതി നാമൊ ന്നായ്, വിശ്വാസത്താൽ പാടീടുക; ഞങ്ങൾ തൻ രക്ഷകനേ നിന്നുത്ഥാനം വാഴ്ത്തപ്പെട്ടതാകുന്നു. നിൻ മാതാവിന്റെയും നിൻ പരിശുദ്ധന്മാരുടെയും, വിശ്വാസികളാം വാങ്ങിപ്പോയവരുടെയും സ്മൃതിയെല്ലാടത്തും കൊണ്ടാ ടുന്നവനാം നീ പരിശുദ്ധൻ, പരിശുദ്ധൻ തന്നെ. മ്ശീഹാരാജാവേ ഹാലേ ലുയ്യാ.

സ്വർഗ്ഗത്തിൻ സേനകൾ ഞങ്ങളൊടൊപ്പം പാവന മന്ദിരമിതിൽ നിന്നി പ്പോൾ, ഈ ബലിപീഠത്തിൽ യാഗം ചെയ്തീടും ദൈവപുത്രൻ തൻ ശരീരവും രക്തമതും വന്ദിച്ചീടുന്നു. വരുവിൻ, വിശ്വാസികളേ, പാപങ്ങൾ മോചനമതിനും കടപരിഹാരത്തിനുമായി വിശുദ്ധ രഹസ്യങ്ങൾ അനുഭ വിപ്പീൻ. ഹാലേലുയ്യാ, ഹാലേലുയ്യാ, മ്ശീഹാരാജാവേ, ഹാലേലുയ്യാ.

കർത്താവേ, അത്യുന്നത ബലിപീഠമതിൽ ഞങ്ങൾ താതർക്കും സോദ രർക്കും ഗുരുക്കൾക്കും നല്ലോരോർമ്മയതുണ്ടാകട്ടെ. നിൻ മഹത്വമുദി ക്കുന്നാൾ നിൻവലമായവർ നിന്നീടട്ടെ. ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ, മ്ശീഹാരാജാവേ ഹാലേലുയ്യാ."

പതിവായി കുർബ്ബാനയനുഭവിക്കുന്ന പതിവില്ലാതായപ്പോഴാണ് ഈ ഗാനങ്ങൾ മാറിയിട്ട് കുക്കിലിയോനുകൾ ചൊല്ലുവാനാരംഭിച്ചത്.

(ബി) അനുഭവത്തിനു മുമ്പ് പട്ടക്കാരൻ ദർഗായിൽ കുനിഞ്ഞു നിന്നു കൊണ്ടുള്ള പ്രാർത്ഥന. (സി) പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും കുർബ്ബാനാനുഭവം ദർഗായിൽ നിന്ന്. (ഡി) കുർബ്ബാന എഴുന്നെള്ളിച്ച് പടിഞ്ഞാറോട്ടുള്ള വരവും വാഴ്വും അത്മായക്കാരുടെ കുർബ്ബാനയനുഭവവും അനുഭവശേഷമുള്ള വാഴ്വും. (ഇ) സ്തോത്രഗാനാലാപം (എഫ്) കൃതജ്ഞതാ പ്രാർത്ഥന. (ജി) തല കുനിച്ചു വണങ്ങലും പ്രാർത്ഥനയും. (എച്ച്) സമാഹാരഗാനാലാപം. (ഐ) അനുഗ്രഹവും യാത്രയയയ്ക്കലും. (ജെ) ജനങ്ങളുടെ പ്രതിവാക്യം.

ബൈസന്റൈൻ ക്രമത്തിൽ അത്മായക്കാരുടെ കുർബ്ബാനയനുഭവശേഷം പട്ടക്കാരൻ രക്തശരീരങ്ങളെ കിഴക്കോട്ട് കൊണ്ടുപോയി നിക്ഷേപിക്കുന്നത് ത്രോണോസിന്മേലല്ല, പ്രത്യുത ത്രോണോസിന്റെ വലത്തുഭാഗത്തുള്ള ഒരുക്കമേശ (Prothesis) യിന്മേലാണ്. തൂയോബോ കഴിക്കുന്നതും ഈ മേശയിന്മേൽ തന്നെ.

കൽദായ, മലബാർ, സുറിയാനി, ഈഗുപ്തായ, എത്യോപ്യൻ എന്നീ നാലു ക്രമങ്ങളിൽ കൃതജ്ഞതാ പ്രാർത്ഥനയ്ക്കു ശേഷം വീണ്ടും "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" ചൊല്ലുന്നു. അർമ്മേനിയൻ ക്രമത്തിൽ ഈ സമയത്ത് യോഹന്നാന്റെ സുവിശേഷം ഒന്നാം അദ്ധ്യായം വായിക്കുന്നു. ഇത് ലത്തീൻകാരിൽ നിന്ന് കിട്ടിയതാണ്.

സുറിയാനിക്രമത്തിലൊഴികെ മറ്റെല്ലാ ക്രമങ്ങളിലും അത്മായക്കാരുടെ കുർബ്ബാനയനുഭവം കഴിഞ്ഞ് പുരോഹിതൻ കിഴക്കോട്ട് പോയി രക്തശരീരങ്ങളെ ത്രോണോസിലോ ഉപപീഠത്തിലോ വെച്ചിട്ട്, ഉടനെ കൈ കഴുകിയതിന് ശേഷമാണ് കൃതജ്ഞതാ പ്രാർത്ഥനയർപ്പിക്കുന്നത്.

(7) കുർബ്ബാനാനന്തര ശുശ്രൂഷ

പട്ടക്കാരൻ പ്രാർത്ഥനയോടുകൂടി തിരുശരീരരക്തങ്ങൾ അവശേഷിച്ചിട്ടുള്ളതിനെ അനുഭവിക്കുകയും വിശുദ്ധ പാത്രങ്ങൾ ശുദ്ധിയാക്കുകയും ചെയ്യുന്നു. അതിനുശേഷം മരിച്ചവർക്കുവേണ്ടിയുള്ള സെദ്റാ സുറിയാനിക്രമത്തിൽ മാത്രമേയുള്ളൂ. പിന്നീട് പട്ടക്കാരൻ ദർഗായിൽ നിന്നിറങ്ങി തന്റെ സ്ഥാനവസ്ത്രങ്ങളെ അഴിച്ചു വെയ്ക്കുന്നു. അതിനുശേഷം ത്രോണോസിൽ നിന്നും വിടവാങ്ങി പുരോഹിതൻ മദ്ബഹായ്ക്ക് പുറത്തേയ്ക്കിറങ്ങുന്ന ക്രമം കൽദായ ക്രമത്തിലൊഴികെ മറ്റെല്ലാറ്റിലുമുണ്ട്. ത്രോണോസിനോട് ഹൃദയസ്പർശകമായവിധത്തിൽ മൂന്നു പ്രാവശ്യം യാത്ര പറയുന്ന പ്രാർത്ഥന സുറിയാനിക്രമത്തിന്റെ ഒരു സവിശേഷതയാണ്.

ഉപസംഹാരം

അപ്പൊസ്തോലിക കാലം മുതൽ ക്രൈസ്തവ സഭയിലുണ്ടായിരുന്ന ആരാധനാരൂപം പൗരസ്ത്യ സഭയിൽ എട്ട് വിവിധ സംസ്ക്കാരങ്ങളിൽ ഉടലെടുത്തപ്പോൾ ചില വ്യത്യാസങ്ങളൊക്കെ ഉണ്ടായെങ്കിലും മൗലിക മായി എട്ടിനും ഒരേ രൂപമാണുള്ളത്. ഈ പൗരസ്ത്യാരാധനയുടെ താര തമ്യപഠനം വി. കുർബ്ബാനയുടെ ധ്യാനപഠനത്തിന് മുഖവുരയായി മാത്രം അനുവാചക സമക്ഷം സമർപ്പിക്കുന്നു.

പാഠം 6

സന്യാസജീവിതം

ക്രിസ്ത്യാനികൾ സന്യാസജീവിതത്തിൽ പ്രവേശിക്കുന്നതെന്തിനു വേണ്ടിയാണ്? സ്വന്തം ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി ലോകജീവിത ത്തിൽ നിന്നും പിന്മാറി തപസ്സു ചെയ്യുകയെന്നത് ഹൈന്ദവാശയമല്ലേ? ക്രിസ്തീയ വിശ്വാസത്തിൽ അതിന് സ്ഥാനമെന്തെങ്കിലുമുണ്ടോ? പ്രത്യേ കിച്ചും ആധുനിക ലോകത്തിൽ?

ഈ പ്രശ്നങ്ങളുടെ മറുപടി പറയുവാൻ ഈ ലേഖനത്തിന് കഴിവു പോരാ. എന്നാൽ മറുപടിയുടെ ആരംഭം മാത്രമാണിവിടെയുദ്ദേശിക്കു ന്നത്. ഭക്തരും പണ്ഡിതരുമായ ക്രൈസ്തവർ ഇക്കാര്യത്തിൽ ചിന്ത ചെലുത്തേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു.

ഈശ്വരനിഷേധമാണ് ഇന്നു ലോകചിന്തയുടെ അന്തരീക്ഷം. ഈശ്വ രനുണ്ടോ എന്നുതന്നെ സംശയമായിരിയ്ക്കുന്ന ഇക്കാലത്ത്, അല്ല, ഈശ്വരൻ ഇല്ല എന്നു തന്നെ തീർത്തുപറയുവാൻ മടിയ്ക്കാത്ത ധാരാളം ചിന്തകന്മാരെ ഉല്പാദിപ്പിയ്ക്കുന്ന ഈ ആധുനികലോകത്തിൽ സന്യാ സജീവിതത്തെപ്പറ്റി പ്രതിപാദിയ്ക്കുകയെന്നതുതന്നെ മൗഢ്യമായേ പലർക്കും തോന്നൂ.

രണ്ടു കാര്യങ്ങൾ മാത്രമേ ഇവിടെ പ്രതിപാദിയ്ക്കുവാനുദ്ദേശിക്കു ന്നുള്ളു. ഒന്നാമത്, താപസവൃത്തിയുടെ ലക്ഷ്യമെന്ത്? രണ്ടാമത് ആധു നികജീവിതത്തിന്നുതകുന്ന ഒരു താപസവൃത്തിയ്ക്കെന്തെല്ലാമാണ് പ്രത്യേകമായി ആവശ്യമുള്ളത്?

സമഗ്രമായി ഈ വിഷയങ്ങളെക്കുറിച്ച് പ്രതിപാദിയ്ക്കണമെങ്കിൽ വലിയ പുസ്തകങ്ങൾ തന്നെ എഴുതണം. പക്ഷേ ചുരുക്കമായി ചില കാര്യങ്ങൾ ഇവിടെ കുറിയ്ക്കട്ടെ.

1. സന്യാസജീവിതത്തിന്റെ ലക്ഷ്യമെന്ത്?

വനാന്തരത്തിലോ മരുഭൂമിയിലോ ഉള്ള താപസജീവിതം കൊണ്ടു മാത്രമേ മനുഷ്യനു രക്ഷയുണ്ടാകൂ എന്ന് ഒരു മതവും പഠിപ്പിയ്ക്കുന്നില്ല. ഹൈന്ദവമതത്തിൽ പോലും കർമ്മയോഗികളുണ്ട്. പരിശുദ്ധനായ മാർ ബസേലിയോസ് പറയുന്നത് സാധാരണ ജീവിതമദ്ധ്യത്തിലിരുന്നുകൊണ്ട് ക്രിസ്ത്യാനിയാകുവാനുള്ള മനഃശക്തി തനിയ്ക്കില്ലാത്തതുകൊണ്ടാണ് കുറെക്കൂടെ എളുപ്പമുള്ള താപസജീവിതം താൻ തെരഞ്ഞെടുക്കുന്നതെന്നത്രെ.

നാലാം ശതാബ്ദത്തിലാണല്ലോ താപസജീവിതത്തിന് ക്രിസ്തീയ വിശ്വാസത്തിൽ പ്രചുരപ്രചാരമുണ്ടായത്. അന്തോനിയോസിനേയും പക്കോമിയോസിനേയും മക്കാറിയോസിനേയും ബാസേലിയോസിനേയും ഗ്രിഗോറിയോസിനേയും ഒക്കെ ഈ ജീവിതരീതിയിലേയ്ക്കാകർഷിച്ച സാഹചര്യങ്ങളേവയായിരുന്നു എന്നറിയുന്നത് നമുക്ക് പ്രയോജനകരമായിരിക്കും.

ഒരുവിധത്തിൽ പറഞ്ഞാൽ നാലാം ശതാബ്ദത്തിന് ഇരുപതാം ശതാബ്ദവുമായി വളരെയധികം സാമ്യമുണ്ടായിരുന്നു. ഈ ലോകത്തിന്റെ സർവ്വപ്രാധാന്യം കൂടുതലായി പ്രഖ്യാപിയ്ക്കപ്പെട്ടുകൊണ്ടിരുന്ന ഒരു കാലമായിരുന്നു ഇന്നെന്നപോലെ അന്നും. മൂന്നു ശതാബ്ദങ്ങളിലെ പീഡനങ്ങളനുഭവിച്ച് മനുഷ്യന്റെ ആത്മാവ് തളർന്നതിന്റെ ഫലമായി അദ്ധ്യാത്മിക ധാർമ്മിക മാനദണ്ഡങ്ങളെയൊക്കെ താഴ്ത്തി, സാധാരണക്കാരന്റെ സാധാരണധാർമ്മികതയെ സർവ്വരുടേയും മാനദണ്ഡമായി ഉയർത്തുവാൻ സഭ പോലും മുതിരുന്ന കാലമായിരുന്നെന്ന് 300-ാമാണ്ടിൽ കൂടിയ എൽവീറാ സുന്നഹദോസിന്റെ തീരുമാനം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഈ ലോകം കടന്നുപോകാനുള്ളതാണ്; സ്ഥാവരമായ മറ്റൊരു ലോകം ക്രിസ്തുവിന്റെ രണ്ടാമത്തെ വരവോടുകൂടെ വന്നുചേരും എന്നുള്ള പ്രതീക്ഷയൊക്കെ മറന്നിട്ട്, കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ ഗവൺമ്മെന്റിന്റെ സേവ പിടിച്ച് ലോകദൃഷ്ടിയിൽ സമ്പത്തും ബഹുമതിയുമാർജ്ജിയ്ക്കുവാനാണ് മെത്രാപ്പോലീത്തന്മാർ പോലും പ്രധാനമായും ശ്രമിച്ചുകൊണ്ടിരുന്നത്.

ക്രിസ്തുവിന്റെ ആളത്വത്തേയും ഇരുസ്വഭാവത്തേയും പരിശുദ്ധാത്മാവിന്റെ പുറപ്പാടിനേയും മറ്റും പറ്റിയുള്ള വേദശാസ്ത്ര വാദപ്രതിവാദങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തിയിരുന്ന സഭാപണ്ഡിതന്മാർ, ക്രിസ്തുവിനേയും, പരിശുദ്ധാത്മാവിനേയും മറന്ന്, സ്ഥാനലാഭത്തിനും വഴക്കിനും വാശിക്കും വേണ്ടി മാത്രം വേദശാസ്ത്രം വിശദീകരിയ്ക്കുന്നവരായിത്തീർന്നു. കോൺസ്റ്റന്റയിന്റെ കാലം കഴിഞ്ഞപ്പോൾ അറിയൂസിന്റെ വേദവിപരീതം സാമ്രാജ്യത്തിന്റെ സിംഹാസനത്തിലും സഭയുടെ ഗുരുപീഠ

ങ്ങളിലും ഒരുപോലെ ആരോഹണം ചെയ്യാൻ തുടങ്ങി. റോമിലെ പാപ്പായായ ലൈബീരിയാസും, അലക്സന്ത്രയായിലെ മെത്രാപ്പോലീത്തായായ ഗീവറുഗീസും, അന്ത്യോഖ്യായിലേയും കുസ്തന്തീനോപ്പോലീസിലേയും മെത്രാപ്പോലീത്തന്മാരും ഒരുപോലെ വേദവിപരീതികളായിത്തീർന്ന ഒരു കാലമായിരുന്നു അത്.

സ്ഥാനത്ത് കയറുവാൻവേണ്ടി ആരും എന്തും ചെയ്യും. നാസിയാൻസിലെ വി. ഗ്രീഗോറിയോസ് പറയുന്നു: "ഇക്കാലത്ത് ഏറ്റവും പരിശുദ്ധമായ പൗരോഹിത്യം ഏറ്റവും അപഹാസ്യമായിത്തീർന്നേക്കാനിടയുണ്ട്. കാരണം ഒരു ഭദ്രാസനത്തിലെ പ്രധാന സ്ഥാനം ലഭിയ്ക്കണമെങ്കിൽ തിന്മയിൽക്കൂടെയല്ലാതെ നന്മയിൽക്കൂടെ സാദ്ധ്യമല്ല. ഏറ്റവും യോഗ്യനായവനല്ല ഭദ്രാസനാദ്ധ്യക്ഷനാകുന്നത്, പ്രത്യുത ഏറ്റവും കയ്യൂക്കുള്ളവനാണ്."

പരിശുദ്ധ ബാസേലിയോസ് പറയുന്നത് കേൾക്കുക: "പിതാക്കന്മാരുടെ ഉപദേശം പരിഹസിയ്ക്കപ്പെടുന്നു. പുതുമതങ്ങളുടെ പ്രണേതാക്കൾക്കാണ് സഭയിൽ സ്ഥാനം. വേദശാസ്ത്രപണ്ഡിതന്മാരല്ലവർ, പ്രത്യുത മനുഷ്യസാമർത്ഥ്യം കൊണ്ട് പുതിയ തത്വസംഹിതകളെ സൃഷ്ടിക്കുന്നവരാണ്. ക്രൂശിലുള്ള പ്രശംസയെ മറന്നിട്ട്, ഈ ലോകത്തിന്റെ ജ്ഞാനത്തിനാണ് സ്ഥാനവും ബഹുമതിയും. നല്ല ഇടയന്മാരെ അടിച്ചു പുറത്തിറക്കിയിട്ട്, അവരുടെ സ്ഥാനത്ത് ചെന്നായ്ക്കളെ ആട്ടിൻപറ്റത്തിൽ കയറ്റി ആടുകളെ പീഡിപ്പിയ്ക്കയാണ്. പള്ളിയിൽ പോകുവാനാളില്ല. യഥാർത്ഥ ഭക്തിയുള്ളവൻ മരുഭൂമിയിൽ പോയി കരയുകയാണ്"(90-ാം ലേഖനം).

ധനമോഹം, സ്ഥാനമോഹം, കലഹപ്രിയം ഇവയാണ് പുരോഹിതന്മാരുടെ ബഹുഭൂരിപക്ഷത്തെയും നയിച്ചിരുന്ന തത്വങ്ങൾ. രണ്ടാം ശതാബ്ദത്തിൽ ക്രിസ്ത്യാനികളെക്കുറിച്ച് പുറത്തുള്ളവർ പറഞ്ഞിരുന്നത് "കണ്ടാലും, ഈ ക്രിസ്ത്യാനികൾ എത്രമാത്രം പരസ്പരം സ്നേഹിയ്ക്കുന്നു!" എന്നായിരുന്നു. നാലാം ശതാബ്ദത്തിൽ അറിയൂസിന്റെ വേദവിപരീതം മൂലമുണ്ടായ കലഹങ്ങളുടെ പശ്ചാത്തലത്തിൽ അമിയാനസ് മാഴ്സലീനസ് എന്ന അക്രൈസ്തവ ചരിത്രകാരൻ പറയുന്നു. "ക്രിസ്ത്യാനികൾക്ക് പരസ്പരമുള്ള ഘോരശത്രുത മനുഷ്യവർഗ്ഗത്തോടു വന്യമൃഗങ്ങൾക്ക് പോലുമില്ല." റോമാ നഗരത്തിലെ പള്ളിയിൽവെച്ച് സ്ത്രീകളും പുരുഷന്മാരും പരസ്പരം വെട്ടിക്കൊന്ന കഥ ആ ചരിത്രകാരൻ വിവരിയ്ക്കുന്നുണ്ട്. രണ്ടു ബദൽ പാപ്പാമാരുടെ പരസ്പര സമരത്തിന്റെ ഫലമായിരുന്നത്.

ഇങ്ങനെയുള്ള ഒരു സഭയിൽ പൈശാചിക ശക്തികൾ പ്രവേശിച്ചിരിക്കുന്നുവെന്നത് നിസ്സംശയം. ഈ ശക്തികളുമായി സമരം ചെയ്യണമെ

ങ്കിൽ കർത്താവ് മരുഭൂമിയിൽ 40 ദിവസം ഉപവസിച്ച് സാത്താനുമായി സമരം ചെയ്ത് വിജയം പ്രാപിച്ചതുപോലെ ക്രിസ്ത്യാനികളും ചെയ്തെങ്കിൽ മാത്രമേ സാധിക്കൂ. അങ്ങിനെയേ സഭ ശുദ്ധീകൃതമായിത്തീരുകയുള്ളൂ എന്ന വിശ്വാസം കൊണ്ടാണ് പല യഥാർത്ഥ ക്രിസ്ത്യാനികളും താപസവൃത്തിയ്ക്കിറങ്ങിയത്. ലോകത്തെപ്പറ്റിയുള്ള നിരാശ കൊണ്ടല്ല, ലോകം നന്നാകണമെങ്കിൽ കുറെ വ്യക്തികളെങ്കിലും സുശിക്ഷിതജീവിതത്തോടെ തിന്മയുടെ രാജാവായ സാത്താനുമായി സമരം ചെയ്തെങ്കിലേ സാധിക്കൂ എന്നുള്ള ബോദ്ധ്യംകൊണ്ടാണ് അവർ താപസവൃത്തിയ്ക്കിറങ്ങിയത്.

ദ്രവിച്ചുകൊണ്ടിരിക്കുന്ന പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് വിശുദ്ധിയിലും നീതിയിലും പുതിയ മനുഷ്യനെ ധരിയ്ക്കുകയെന്നതാണ് ക്രിസ്തീയ വിശ്വാസജീവിതത്തിന്റെ പരമോദ്ദേശ്യം. ഈ ഉദ്ദേശ്യം തന്നെയാണ് താപസജീവിതത്തിന്നുമുള്ളത്. താപസജീവിതത്തിന്റെ ലക്ഷ്യങ്ങൾ ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യങ്ങൾ തന്നെയാണ്.

ഈജിപ്ഷ്യൻ മണലാരണ്യത്തിലെ താപസപിതാക്കന്മാരുടെ ഉദ്ദേശ്യം ഇതുതന്നെയായിരുന്നു. സാത്താനുമായുള്ള മൽപിടുത്തത്തിനുവേണ്ട അടവുകളെല്ലാം കണ്ടുപിടിച്ച് നമ്മെ പഠിപ്പിച്ചതും അവർ തന്നെ. ഭയങ്കരമായ ഈ സമരത്തിന്നുള്ള ശക്തി അവർക്കെവിടെ നിന്നു ലഭിച്ചു? അടിസ്ഥാനവും സ്ഥാവരതയുമുള്ള ഒരു നിത്യനഗരത്തെ, അതേ ദൈവരാജ്യത്തെത്തന്നെ അവർ കണ്ടു. മ്ശീഹാതമ്പുരാൻ നമുക്ക് വാഗ്ദാനം ചെയ്തിട്ടുള്ള ആ ഭാഗധേയത്തെപ്പറ്റി ഉറപ്പായ ബോധമുണ്ടെങ്കിൽ മാത്രമേ പൈശാചിക ശക്തികളുമായുള്ള കഠിനസമരത്തിന് വേണ്ടുന്ന ധൈര്യവും ബലവും നമുക്ക് സിദ്ധിയ്ക്കുകയുള്ളൂ.

ഇഹലോകത്തിന് വിരാമമിട്ട് പരലോകം വേഗം വരുത്തുവാനുള്ള ഒരു ശ്രമമായിരുന്നു മിസ്രയിമിലെ മണലാരണ്യങ്ങളിൽ ക്രിസ്തീയാദ്ധ്യാത്മിക യോദ്ധാക്കൾ നടത്തിയത്. മൂന്നാം ശതാബ്ദത്തിലേ ഡോസീത്തിയസ് പറഞ്ഞിട്ടുണ്ടായിരുന്നു: "വിവാഹജീവിതം ഇഹഃലോകത്തെ തുടർന്നുകൊണ്ടുപോകുവാൻ സഹായിക്കുന്നു. താപസജീവിതം അതിന് വിരാമമിടുവാനും." പരലോകമായ പറുദീസയിലെ മാലാഖമാർക്കടുത്ത ജീവിതം ഇഹത്തിൽവച്ചേ ആരംഭിയ്ക്കുവാനുള്ള ശ്രമമായിരുന്നു സന്യാസാശ്രമങ്ങളെ ഉത്ഭവിപ്പിച്ചത്.

നാലാം ശതകത്തിലെ താപസവര്യന്മാരുടെ പ്രധാനോദ്ദേശ്യം അവരവരുടെ ആത്മാക്കളെ രക്ഷിയ്ക്കുകയെന്നതായിരുന്നില്ല. പ്രത്യുത ലോകം മുഴുവനും അതിന്റെ കൂടെ സഭയും, ക്രൈസ്തവമൂല്യങ്ങളെ മറന്നിട്ട് ഐഹികതയും സ്വാർത്ഥമോഹവും മാത്രം അടിസ്ഥാനമൂല്യങ്ങളായിക്കണ്ട്, തങ്ങളെത്തന്നേയും ലോകത്തേയും വിനാശത്തിലേക്ക് നയിക്കു

ന്നത് കണ്ടിട്ട്, അതിനെതിരായ ഒരു കഠിനപ്രതിഷേധമായിരുന്നത്. വരുന്നതും വരുവാനുള്ളതുമായ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ ഐഹിക ജീവിതത്തിൽ സമൂർത്തമാക്കുക, സാത്താന്റെ ഘോരശക്തികളുമായി സാമ്രാജ്യമായ മരുഭൂമിയിൽ വച്ച് സമരം ചെയ്ത്, സാത്താനേയും അവന്റെ സേനകളെയും മറിച്ചിടുക, പ്രാർത്ഥനമൂലം ഇഹലോകത്തെ അകമേനിന്നും പരിവർത്തനം ചെയ്യിക്ക, ഉറച്ച നിഷ്ഠയോടെയുള്ള താപസവൃത്തികൊണ്ട് തന്നെത്തന്നെ ദൈവത്തോട് യോജിപ്പിച്ച് അങ്ങിനെ ദൈവശക്തിയെ ഇഹലോകത്തിൽ വ്യാപരിപ്പിയ്ക്കുന്ന ഒരു മദ്ധ്യസ്ഥനായിത്തീരുക, ഇതൊക്കെയായിരുന്നു താപസവൃത്തിയുടെ ഉന്നതലക്ഷ്യങ്ങൾ.

സന്യാസി ദൈവരാജ്യത്തിന്റെ പ്രതീകം

ദയറോയൂസോ അല്ലെങ്കിൽ സന്യാസ പ്രസ്ഥാനവും പട്ടത്വവുമായി യാതൊരു ബന്ധവുമില്ല. ദയറോയൂസോയുടെ വിളിയും പട്ടത്വത്തിന്റെ വിളിയും രണ്ടു വിളികളാണ്. ദയറോയൂസോയുടെ വിളി എന്നു പറയുന്നത്, ഒരുവൻ തന്റെ സ്വന്ത ഇഷ്ടപ്രകാരം മുൻപോട്ടു വന്ന് തന്റെ ഹൃദയത്തിലേക്ക് സ്വയം സ്വീകരിക്കുന്ന ഒരു കാര്യമാണ്. എന്നാൽ പട്ടത്വത്തിന്റെ വിളി അതല്ല. ദൈവം സഭയിൽ കൂടി വിളിക്കുമ്പോൾ മാത്രം ഉണ്ടാകുന്നതാണ് പട്ടത്വത്തിന്റെ വിളി. എനിക്ക് സ്വന്തമായി ഞാൻ പട്ടക്കാരനാകണം എന്നു പറയുവാൻ അവകാശമില്ല. എന്നാൽ എനിക്ക് സന്യാസ ജീവിതത്തിലേക്ക് പ്രവേശിക്കണം എന്നു പറയുവാൻ അവകാശമുണ്ട്. അതിനർഹതയുണ്ടെങ്കിൽ എന്നെ പരിശോധിച്ചതിനുശേഷം അതിലേക്ക് ചേർക്കുവാൻ സഭയ്ക്ക് സാധിക്കും. ഒരു സന്യാസി, പട്ടക്കാരനായിരിക്കണമെന്ന് നിർബന്ധമില്ല. ദയറോയൂസോ സ്വീകരിച്ച് മസനപ്സാ ധരിച്ച സന്യാസിമാരിൽ ശെമ്മാശൻ പോലുമല്ലാത്തവർ എല്ലാ സഭയിലുമുണ്ട്. ആയുഷ്കാലം മുഴുവനും ഒരു അത്മായക്കാരന് ഈ സ്ഥാനവുമായി ജീവിക്കാൻ സാധിക്കും.

ഈ സന്യാസപ്രസ്ഥാനം നമ്മുടെ സഭയിൽ ആരംഭിച്ചത് പ. അന്തോനിയോസിന്റെ കാലത്താണെന്നു പറയുന്നത് മുഴുവൻ ശരിയല്ല. വളരെ പഴയ ഒരു പാരമ്പര്യമതിനുണ്ട്. ഏലിയാ പ്രവാചകനെപ്പോലെയുള്ള മഹർഷിവര്യന്മാർ പഴയനിയമ കാലത്തുണ്ടായിരുന്നു. സന്യാസ പ്രസ്ഥാനം യഹൂദന്മാരുടെ കാലത്തു തന്നെ ഉണ്ടായിരുന്നു. അല്ലാതെ ക്രൈസ്തവസഭയിൽ മുമ്പ് പതിവില്ലാത്ത ഒരു പ്രസ്ഥാനം 4-ാം ശതകത്തിൽ പുതുതായി മുളച്ചുവന്നതല്ല.

എന്നാൽ നമ്മുടെ സന്യാസപ്രസ്ഥാനം സംബന്ധിച്ച് മൂന്നു പിതാക്കന്മാരെ - അന്തോനിയോസ്, പക്കോമിയോസ്, ബസ്സേലിയോസ് - പ്രത്യേ

കമായി നാം ഓർക്കുന്നുണ്ട്. ഇവർ മൂന്നുപേരും സന്യാസാശ്രമങ്ങളുടെ കാര്യത്തിൽ പ്രധാനമായ നേതൃത്വം നൽകിയിരുന്നവരാണ്. നഗരങ്ങളിൽ നിന്നു മരുഭൂമിയിലേക്ക് പോയി ഏകാന്തവാസം അനുഷ്ഠിച്ച് സന്യാസപ്രസ്ഥാനം സ്ഥാപിച്ച ആളാണ് അന്തോനിയോസ്. ഏകാന്തവാസികളായ സന്യാസിമാരെ പരസ്പരം സംഘടിപ്പിച്ച് ഒരു സമൂഹമാക്കി എടുത്ത ആളാണ് പക്കോമിയോസ്. അന്തോനിയോസും പക്കോമിയോസും ആരംഭിച്ച സന്യാസപ്രസ്ഥാനം ഈജിപ്തിലെ മണലാരണ്യത്തിൽ പോയി കണ്ട് അവരോടുകൂടെ ജീവിച്ച് ഈ പ്രസ്ഥാനത്തെ പുനർക്രമീകരിച്ച ആളാണ് ബസ്സേലിയോസ്. ദയറോയൂസോയുടെ ക്രമം ശരിപ്പെടുത്തി എടുത്തിരിക്കുന്നത് ബസ്സേലിയോസാണെങ്കിൽ തന്നെയും മൂന്നു പേർക്കും ഇതിൽ പങ്കാളിത്തം ഉണ്ട്.

ദയറോയൂസോയുടെ അർത്ഥത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാം. പിതാക്കന്മാർ ഈ സ്ഥാനത്തിനു കൊടുക്കുന്ന പേര് Philosophy എന്നാണ്. Wisdom 'ഹോക്മാ' 'ഹെക്കമ്ത്തോ' അല്ലെങ്കിൽ വിജ്ഞാനത്തോടുള്ള സ്നേഹം എന്നാണ് ഇതിന്റെ അർത്ഥം. ഒരു സന്യാസി വിജ്ഞാനത്തിന്റെ സ്നേഹിതനാണ്. ക്രിസ്തുവാണ് യഥാർത്ഥ വിജ്ഞാനം. ക്രൈസ്തവ ജീവിതം വിജ്ഞാനത്തെ തേടിയുള്ള ജീവിതമാണ്. ആ ജീവിതത്തെ അനുധാവനം ചെയ്യുന്നയാളാണ് Philosopher. ആ Philosopher-ക്കുള്ള വസ്ത്രമാണ് കറുത്ത കുപ്പായം. ക്രിസ്ത്യാനികൾ കറുത്ത കുപ്പായം ഉപയോഗിക്കുന്നതിനു മുമ്പു തന്നെ plato യുടെ അക്കാഡമിയിൽ ഇത് ഉണ്ടായിരുന്നു. അതിന്റെ അർത്ഥം, ഞാൻ ലോകത്തിന്റെ മോഹങ്ങളെ ത്യജിച്ച് വിജ്ഞാനത്തെ തേടിയുള്ള വഴിയാത്ര ആരംഭിച്ചിരിക്കയാണ് എന്നാണ്. നാം എല്ലാവരും ഇതോർക്കുന്നത് നല്ലതാണ്. ഈ ലോകത്തിന്റെ മോഹങ്ങളെയും സ്ഥാനമാനങ്ങളേയും എല്ലാം മറന്ന് ഞാനും ദൈവത്തിന്റെ വിജ്ഞാനത്തെ തേടി ഒരു തീർത്ഥാടനം ആരംഭിച്ചിരിക്കയാണ്. വിജ്ഞാനത്തെ തേടിയുള്ള പഠനം, ഒരു പര്യടനം, അതാണ് സന്യാസജീവിതം.

മനുഷ്യനെപ്പറ്റി പിതാക്കന്മാർ പറയുന്നത് മനുഷ്യൻ സ്വതന്ത്രനാണ് എന്നത്രെ. സ്വാതന്ത്ര്യം എന്ന പദം നമ്മുടെ നമസ്ക്കാര പുസ്തകത്തിൽ ധാരാളം ഉപയോഗിക്കുന്നുണ്ട്. കർത്താവ് നമ്മെ സ്വാതന്ത്ര്യത്തിന്റെ മക്കളാക്കിത്തീർത്തു. ഈ സ്വാതന്ത്ര്യം എന്നു പറയുന്നത് എന്താണ്? എന്റെ ഇഷ്ടം പോലെ ചെയ്യുക എന്നതല്ല സ്വാതന്ത്ര്യം. എന്നെ മറ്റൊരാൾ ബലം പ്രയോഗിച്ച് അയാളുടെ വഴിയിലേക്കു കൊണ്ടുപോകാതിരിക്കുക. ഞാൻ ദൈവാശ്രയത്തോടും താല്പര്യത്തോടും കൂടി തെരഞ്ഞെടുത്ത വഴിയുണ്ട്. ആ പാതയിൽ നിന്നും പാപത്തിന്റെ വഴിയിലേക്ക് പോകാൻ എന്നെ നിർബന്ധിക്കുന്നവരുണ്ട്. ആ നിർബന്ധത്തിനു ഞാൻ വഴങ്ങി

ക്കൊടുക്കാതിരിക്കുക എന്നതാണ് സ്വാതന്ത്ര്യം. അല്ലാതെ എനിക്ക് ഇഷ്ട മുള്ളതു ചെയ്യുക എന്നതല്ല.

ആരാണ് എന്നെ നിർബന്ധിക്കുന്നത്? കുറെ അകത്തുള്ളവരും, കുറെ പുറത്തുള്ളവരും. പുറത്തു നിന്നുള്ള സമ്മർദ്ദങ്ങളെ മാത്രം എതിർത്തു ജയിച്ചാൽ പോരാ. കോപം, ക്രോധം, കാമം തുടങ്ങി അകത്തുനിന്നുള്ള സമ്മർദ്ദങ്ങളെയും എതിർക്കണം. ഇതിനെ രണ്ടിനെയും ജയിച്ചെങ്കിൽ മാത്രമെ സന്യാസിയാകുവാൻ സാധിക്കുകയുള്ളു. വികാരങ്ങൾ നമ്മൾ പോകാൻ ആഗ്രഹിക്കാത്ത പാതയിലേക്ക് നമ്മെ കൊണ്ടുപോകുന്നുണ്ട്. അതിനെ നമ്മുടെ നിയന്ത്രണത്തിൽ കൊണ്ടുവരണം. എങ്കിൽ മാത്രമെ ശരിയായ apatheia (non passive) ആകുകയുള്ളു. ദൈവത്തിന്റെ ആത്മാവ് എന്നിൽ വന്ന് എന്നെ മുൻപോട്ടു കൊണ്ടുപോകണം.

ലോകത്തിൽ എല്ലാവരും ഓരോരോ കാര്യങ്ങളെ തേടി നടക്കയാണ്. സുഖം, പണം, നല്ല വസ്ത്രങ്ങൾ. എന്നാൽ ഇതല്ല മനുഷ്യൻ കാംക്ഷി ക്കേണ്ട ജീവിത ലക്ഷ്യം. പിന്നെയോ, ഇഹലോകത്തിനതീതമായി ദൈവ സന്നിധിയിലുള്ള ഭാഗധേയം. അതാണ് അഭികാമ്യമായിട്ടുള്ളത്. അതു കൊണ്ട് നിങ്ങൾ കാംക്ഷിക്കുന്നതിനെ എല്ലാം ഞാൻ പുച്ഛിക്കുന്നു. നിങ്ങ ളുടെ ലോകം അഭിലഷിക്കുന്ന ആ നന്മകളെയെല്ലാം ഞാൻ നിന്ദിച്ചിട്ട് ദൈവത്തിന്റെ നന്മയെ ഞാൻ അനുധാവനം ചെയ്യുന്നു എന്നുള്ള eschatalogical value-ന്റെ പ്രതീകമായി നിലകൊള്ളുന്നവരാണ് സന്യാ സിമാർ. നാലാം ശതാബ്ദത്തിൽ പീഡനങ്ങൾ എല്ലാം അവസാനിച്ച പ്പോൾ സഭയ്ക്കകത്തു പൊന്നും പണവും വെള്ളിയും ധാരാളമായി വന്നു കയറി. ജനങ്ങളുടെ ജീവിതരീതി താഴോട്ടു പോകാൻ തുടങ്ങിയപ്പോൾ, ഇതല്ല ക്രിസ്തീയ ജീവിതം എന്നു പറഞ്ഞുകൊണ്ട് ഒരു പുതിയ ജീവിതം കരുപ്പിടിച്ചു വരുവാനുള്ള ജീവിതത്തിന്റെ പ്രതീകങ്ങളായി നില കൊണ്ടവരാണ് സന്യാസിമാർ. ഇന്നും ഈ ലോകത്തിന്റെ വഴികളായ വഞ്ചന, കാപട്യം, ദ്രവ്യാഗ്രഹം തുടങ്ങിയവയിൽകൂടി മുൻപോട്ടു പോകു മ്പോൾ അതിനെതിരായി നിന്നുകൊണ്ട് അങ്ങനെയല്ലാത്ത ഒരു ജീവിതം ജീവിച്ചുകൊണ്ട് ഒരു മാതൃകയായി വരുവാനുള്ള ദൈവരാജ്യത്തിന്റെ ഒരു പ്രതീകമായി സമൂഹമദ്ധ്യേ നിലകൊള്ളുന്നവരാണ് സന്യാസിമാർ.

അന്തോനിയോസിനോട് ആരോ ചോദിച്ചു. 'എന്തിനാണ് അങ്ങ് ഈ നഗരം വിട്ട് മരുഭൂമിയിലേക്ക് പോകുന്നത്, ഇവിടെ പട്ടണത്തിൽ താമ സിച്ചാൽ ഞങ്ങൾക്കു പ്രയോജനകരമായിരിക്കുമല്ലോ' എന്ന്. അന്തോ നിയോസ് മറുപടി പറഞ്ഞു. 'നമുക്ക് പോരാട്ടമുള്ളതു ജഡരക്തങ്ങളോ ടല്ല, അന്ധകാരത്തിന്റെ വാഴ്ചകളോടാണ്.' ഈ അന്ധകാരത്തിന്റെ വാഴ്ചകളുടെ താമസസ്ഥലം മരുഭൂമിയാണ്. ദൈവത്തിന്റെ അധിവാസ

സ്ഥാനം പറുദീസായാണ്. എല്ലാം തഴച്ചു വളരുന്ന സ്ഥലം. സാത്താന്റെ അധിവാസസ്ഥാനം മരുഭൂമിയാണ്. കർത്താവ് സാത്താനെ പരീക്ഷിച്ച് സാത്താനുമായി സമരം ചെയ്ത് അവനെ തോല്പിക്കാൻ പോയതു മരു ഭൂമിയിലേക്കാണ്. അതുകൊണ്ട് മരുഭൂമി സാത്താന്റെ ഗുഹയാണ്. അവിടെ പോയി അവന്റെ താടിക്ക് പിടിച്ച് അവനെ കൊല്ലണം. തിന്മ യുടെ ശക്തിയായ പൈശാചിക ശക്തിയെ വെല്ലുവിളിച്ച് അതിന്റെ അള യിലേക്ക് ധൈര്യപൂർവ്വം ചെന്ന് അതിനോടു സമരം ചെയ്യേണ്ട ആളാണ് സന്യാസി. തിന്മ എവിടെ കണ്ടാലും അതിനെ ഭയപ്പെടാതെ അതിനോടു സമരം ചെയ്യണം.

ദൈവത്തിന്റെ വിളി കേട്ട് സന്യാസ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന വ്യക്തികൾ, നമ്മുടെ സഭയിലേക്ക് ദൈവത്തിന്റെ കൃപയും ശക്തിയും വരുത്തിത്തരുന്ന പുണ്യകേന്ദ്രങ്ങളായി, വരുവാനുള്ള ദൈവരാജ്യത്തിന്റെ പ്രതീകങ്ങളായി നമ്മുടെ മുമ്പാകെ പരിലസിക്കുവാൻ തക്കവണ്ണം അവർ ക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

യൂണിറ്റ് 2

വിശ്വാസ സമർത്ഥനം

പാഠം 1

ശിശുസ്നാനം ക്രൈസ്തവ വിശ്വാസത്തിൽ

പാശ്ചാത്യ രാജ്യങ്ങളിൽ നിന്ന് ഇവിടെ വന്നു നമ്മുടെ ജനങ്ങളുടെയിടയിൽ ചിന്താക്കുഴപ്പമുണ്ടാക്കുന്നവരുടെ നവീകരണാശയങ്ങളിലൊന്നാണ് മാമ്മോദീസാ ശിശുക്കൾക്കു നൽകിക്കൂടാ എന്നും തങ്ങളുടെ പാപത്തെക്കുറിച്ച് അനുതപിപ്പാനും ക്രിസ്തുവിനെ ഏറ്റുപറഞ്ഞു വിശ്വസിക്കാനുമുള്ള മാനസിക വളർച്ചയെത്തിയിട്ടുള്ളവർക്കു മാത്രമേ ദിവ്യസ്നാനം നല്കാവൂ എന്നും ഉള്ള വാദം.

എന്നാൽ ഓർത്തഡോക്സ്, കത്തോലിക്കാ സഭകളും നവീകരണ സഭകളുടെ സിംഹഭാഗവും വിശ്വാസികളായ ക്രിസ്ത്യാനികളുടെ ശിശുക്കൾക്കു മാമ്മോദീസാ നൽകുന്നവരാണ്. കൂടാതെ ആംഗ്ലിക്കൻ സഭയും, തെന്നിന്ത്യാ സഭയും, ഉത്തരേന്ത്യൻ സഭയും, ലൂഥറൻ സഭയും, പ്രെസ്ബിറ്റീരിയൻ സഭയും ഒക്കെ ശിശുസ്നാനം നൽകുന്നു. പൊതുവേ പറഞ്ഞാൽ പെന്തിക്കോസ്തുകാർ, ബാപ്റ്റിസ്റ്റുകാർ, ബ്രദറുകാർ മുതലായ ചെറുവിഭാഗക്കാരാണ് ശിശുസ്നാനത്തിനെതിരായി വാദിക്കുന്നത്.

ശിശുസ്നാനവും പ്രായമുള്ളവരുടെ സ്നാനവും തമ്മിൽ വ്യത്യാസം

ഓർത്തഡോക്സ് സഭയിലെ പാരമ്പര്യമിതാണ്. ശിശുക്കൾ സഭയിൽ ചേരുമ്പോൾ ശിശുസ്നാനം; പ്രായമുള്ളവർ സഭയിൽ ചേരുമ്പോൾ പ്രായമുള്ളവരുടെ സ്നാനം. ശിശുക്കൾ സഭയിൽ അംഗങ്ങളായിത്തീരണമെങ്കിൽ ചില നിബന്ധനകളൊക്കെയുണ്ട്. ഒന്നാമത് മാതാപിതാക്കന്മാരിൽ ഒരാളെങ്കിലും ഓർത്തഡോക്സ് സഭയിലെ അംഗമായിരിക്കണം. ശിശുവിനെ സത്യവിശ്വാസത്തിൽ വളർത്തിക്കൊണ്ടു വന്നുകൊള്ളാമെന്ന് ഉറപ്പുനല്കണം. സഭയുടെ പ്രതിനിധിയായി ശിശുവിന്റെ ആത്മീയവളർച്ചയ്ക്കു മേൽനോട്ടം കൊടുക്കുവാൻ സന്നദ്ധതയുള്ള ഒരാൾ ശിശുവിനുവേണ്ടി "ജാമ്യം നിൽക്കുകയും" സാത്താനെ തള്ളിപ്പറയുകയും ക്രിസ്തുവിനെ ഏറ്റുപറയുകയും ചെയ്യണം.

അവിശ്വാസികളുടെയിടയിൽ നിന്ന് ഒരു പ്രായമുള്ളയാൾ വിശ്വസിച്ചു സഭയിൽ ചേരുകയാണെങ്കിൽ, അയാൾക്ക് "ശിശുസ്നാനം" കൊടുപ്പാൻ ഏതായാലും സാദ്ധ്യമല്ലല്ലോ. പ്രായപൂർത്തിയായവർക്കു പ്രായപൂർത്തി

യായവരുടെ സ്നാനമാണ് നൽകുന്നത്. അതിന് മാതാപിതാക്കന്മാരിലൊരാൾ വിശ്വാസിയായിരുന്നുകൊള്ളണമെന്നു നിബന്ധനയൊന്നുമില്ല. മാമ്മോദീസാ മുങ്ങുന്നയാൾ തന്നെ (തലതൊടുന്നയാളല്ല) യാണ് സാത്താനെ തള്ളിപ്പറയുന്നതും വിശ്വാസം ഏറ്റുപറയുന്നതും.

ഇതാണ് ശിശുസ്നാനവും പ്രായപൂർത്തിയായവരുടെ സ്നാനവും തമ്മിലുള്ള വ്യത്യാസം. പ്രായപൂർത്തിയായവരുടെ സ്നാനം ഓർത്തഡോക്സ് സഭയിൽ വളരെക്കുറച്ചു മാത്രമേ കാണുന്നുള്ളൂ. അതിന്റെ കാരണം അക്രൈസ്തവർ ക്രിസ്തുവിൽ വിശ്വസിച്ചു സഭയിൽ ചേരുന്നതു വളരെ ചുരുക്കമായിട്ടു മാത്രമേ നടക്കുന്നുള്ളുവെന്നതു തന്നെ. എന്നാൽ തത്വത്തിൽ പറഞ്ഞാൽ ഓർത്തഡോക്സ് സഭയിൽ ക്രൈസ്തവരുടെ ശിശുക്കൾക്ക് ശിശുസ്നാനവും അക്രൈസ്തവരായ പ്രായമുള്ളവർ വിശ്വസിച്ചു സഭയിൽ ചേരുമ്പോൾ പ്രായമുള്ളവരുടെ സ്നാനവും നൽകുന്നു എന്നതാണ് പരമാർത്ഥം. അല്ലാതെ ശിശുസ്നാനം മാത്രമേ ഓർത്തഡോക്സ് സഭയിലുള്ളൂ എന്നു പറയുന്നത് തെറ്റാണ്.

കർത്താവ് പഠിപ്പിച്ചത് എന്താണ്?

“എന്നാൽ വിശ്വസിക്കുകയും മാമ്മോദീസാ ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവനോ ശിക്ഷാവിധിക്കർഹനാകും” എന്നല്ലേ വി. മർക്കോസിന്റെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നത് (മർക്കോ. 16:16)? കുഞ്ഞിനു വിശ്വസിക്കുവാൻ പ്രായമില്ലെങ്കിൽ പിന്നെങ്ങനെയാണ് വിശ്വസിച്ചു മാമ്മോദീസാ ഏൽക്കുന്നത്?

ഈ ന്യായവാദം അതേപടി സ്വീകരിക്കുകയാണെങ്കിൽ അതിന്റെ ഭവിഷ്യത്തെന്താണ്? കുഞ്ഞുങ്ങൾക്കു രക്ഷിക്കപ്പെടുവാൻ സാദ്ധ്യമല്ല എന്നു വരികയില്ലേ? അങ്ങനെയെങ്കിൽ ദൈവരാജ്യം പ്രായമുള്ളവർക്കു മാത്രമാണെന്നു വരും. പക്ഷേ, നമ്മുടെ കർത്താവ് പഠിപ്പിച്ചിരിക്കുന്നത് നേരെ മറിച്ചാണല്ലോ. അതേ, മർക്കോസിന്റെ സുവിശേഷം 10:14-ൽ കർത്താവ് വ്യക്തമായി പറയുന്നു: “ശിശുക്കളെ എന്റെയടുക്കൽ വിടുവിൻ; അവരെ തടയരുത്. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം ഈദൃശന്മാരുടേതാകുന്നു.” പ്രായമുള്ളവരെപ്പറ്റി കർത്താവു പഠിപ്പിച്ചത് അടുത്ത വാക്യത്തിൽത്തന്നെ കാണുന്നു: “സത്യമായിട്ടും ഞാൻ നിങ്ങളോടു പറയുന്നു. ഒരു ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്തവന് അതിൽ പ്രവേശിപ്പാൻ സാദ്ധ്യമല്ല” (10:15). ശിശുക്കൾക്കും ശിശുക്കളെപ്പോലെയുള്ളവർക്കുമാണ് ദൈവരാജ്യത്തിൽ മുൻഗണന. പക്ഷേ, ഈ സെക്ടേറിയൻസ് പറയുന്നതുപോലെയാണെങ്കിൽ ശിശുക്കൾക്കു ദൈവരാജ്യത്തിൽ പ്രവേശനമേ ഇല്ല എന്നു വരും. അങ്ങനെയുള്ള ഉപദേശത്തേക്കാൾ കർത്താവിന്റെ ഉപദേശമല്ലേ ക്രിസ്തീയമായിട്ടുള്ളതെന്നു വിശ്വാസികൾ അവധാനപൂർവ്വം ചിന്തിക്കേണ്ടതാണ്.

മർക്കോസ് 16:16-നെപ്പറ്റി പറയുകയാണെങ്കിൽ, സുവിശേഷത്തിന്റെ ഏറ്റവും പ്രധാന പുരാതന കയ്യെഴുത്തുപ്രതികളിൽ ഇതു കാണുന്നില്ലെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. 16:1-8 വരെയുള്ളത് എല്ലാ രേഖകളിലും കാണുന്നുണ്ട്. പല പഴയ പ്രതികളിലും കാണുന്നത് എട്ടാം വാക്യം കഴിഞ്ഞു താഴെപ്പറയുംപ്രകാരമുള്ള രണ്ടു വാക്യങ്ങൾ മാത്രമാണ്.

"അവരോടു പ്രഖ്യാപിക്കപ്പെട്ടതൊക്കെയും അവർ ചുരുക്കത്തിൽ പത്രോസിനോടുകൂടെയുള്ളവരെ അറിയിച്ചു. അതിനു ശേഷമാകട്ടെ, നിത്യരക്ഷയുടെ പരിശുദ്ധവും നാശമില്ലാത്തതുമായ സുവിശേഷത്തെ അവർ മൂലം കിഴക്കു മുതൽ പടിഞ്ഞാറു വരെ എല്ലായിടത്തും അറിയിപ്പാൻ യേശു തന്നെ കല്പിച്ചയച്ചു."

ഏതായാലും മർക്കോസ് 16:16-നെ മാത്രം ആസ്പദമാക്കി ശിശുസ്നാനം നിഷിദ്ധമാണെന്നു വ്യാഖ്യാനിക്കുന്നത് വലിയ അബദ്ധമായിരിക്കുമെന്നതിനു സംശയമൊന്നുമില്ല. കർത്താവ് നേരിട്ട് പഠിപ്പിച്ചതാണ് ശിശുക്കളുടേതാണു ദൈവരാജ്യം എന്നുള്ളത്. അവരെ അതിൽ നിന്നു നിരോധിക്കുവാൻ ശ്രമിക്കുന്നത് തികച്ചും അക്രൈസ്തവമാണ്.

ആദിമസഭയിൽ ശിശുസ്നാനമുണ്ടായിരുന്നോ?

ആകട്ടെ, ശിശുസ്നാനത്തെ നിരോധിക്കുന്ന ഒന്നുംതന്നെ വിശുദ്ധ വേദത്തിലില്ലെന്നു സമ്മതിക്കാം. എന്നാൽ അങ്ങനെ ആദിമസഭയിൽ ശിശുസ്നാനം നടന്നതായി വി. വേദപുസ്തകത്തിൽ വ്യക്തമായി പറയുന്നുണ്ടോ?

ശിശുസ്നാനം ക്രിസ്ത്യാനികളുടെ ശിശുക്കൾക്കു മാത്രമേ നൽകുന്നുള്ളൂ എന്നും പുറജാതിക്കാർ വിശ്വസിച്ച് സഭയിൽ ചേരുമ്പോൾ അവരിൽ പ്രായമുള്ളവർക്ക് ശിശുസ്നാനം കൊടുക്കുന്ന പ്രശ്നം ഇല്ല എന്നും മുകളിൽ പറഞ്ഞു. എന്നാൽ ഒരു പുറജാതികുടുംബം മുഴുവൻ വിശ്വസിച്ചു സഭയിലേക്ക് വരികയാണെങ്കിൽ അവരുടെ ശിശുക്കളെ അപ്പോൾത്തന്നെ മാമ്മോദീസാ മുക്കുമോ, അതോ പ്രായപൂർത്തിയായതിനുശേഷം മാത്രമേ മാമ്മോദീസാ മുക്കുകയുള്ളോ?

ചോദ്യത്തിന്റെ സമാധാനം, അപ്പോസ്തോല പ്രവൃത്തികൾ 16:15-ൽ ഏറെക്കുറെ വ്യക്തമാണ്. തീയാറ്റീറാക്കാരി ലുദിയ വിശ്വസിച്ചു മാമ്മോദീസാ മുങ്ങിയപ്പോൾ അവരോടുകൂടെ കുടുംബം മുഴുവൻ മാമ്മോദീസാ മുങ്ങിയെന്നു വ്യക്തമായി പറയുന്നു. അല്ലാതെ, ആ കുടുംബത്തിലെ പ്രായമായവർ മാത്രം മാമ്മോദീസാ മുങ്ങി, കുഞ്ഞുങ്ങൾ പിന്നീടു കുറേക്കഴിഞ്ഞേ മാമ്മോദീസായേറ്റുള്ളൂ എന്നു പറയുന്നില്ലല്ലോ. ലുദിയായും

ഭർത്താവും മാത്രമേ മാമ്മോദീസായേറ്റുള്ളുവെങ്കിൽ “കുടുംബം മുഴുവനും” എന്നു പറയുകയില്ല. ലുദിയായുടെ കുടുംബം മക്കളും കൊച്ചുമക്കളും ഒക്കെ ഉൾപ്പെടുന്ന ഒരു കൂട്ടുകുടുംബമാണ്. അവിടെ ശിശുക്കളുണ്ടായിരുന്നില്ല എന്നു വിശ്വസിക്കുവാൻ യാതൊരു കാരണവുമില്ല. അതുകൊണ്ട് ശിശുക്കളെ സ്നാനപ്പെടുത്തുന്ന പതിവ് അപ്പസ്തോലിക കാലം മുതൽ തന്നെ നിലവിലുണ്ടായിരുന്നുവെന്നുള്ള ചിന്തയ്ക്കാണ് കൂടുതൽ അടിസ്ഥാനമുള്ളത്.

ഇതുതന്നെയാണ് 16:33-ൽ ഫിലിപ്പിയയിലെ കാരാഗൃഹപാലകന്റെ കുടുംബത്തെപ്പറ്റിയും അസന്ദിഗ്ദ്ധമായ ഭാഷയിൽ വി. വേദപുസ്തകം സാക്ഷിക്കുന്നത്. തന്റെ കുടുംബാംഗങ്ങളെല്ലാവരുമൊരുമിച്ച് ആ രാത്രിയിൽ തന്നെ ആ കാരാഗൃഹപാലകൻ മാമ്മോദീസായേറ്റുവെന്നു പറയുമ്പോൾ ശിശുക്കളെ ഒഴിച്ചുനിർത്തി എന്നു ചിന്തിക്കുന്നതിനു യാതൊരടിസ്ഥാനവുമില്ല. ശിശുക്കളെ മാമ്മോദീസാ മുക്കിക്കൂടാ എന്നു നിയമമുണ്ടായിരുന്നെങ്കിൽ, ആ കുടുംബങ്ങളിൽ ശിശുക്കളൊഴികെ മറ്റുള്ളവരെ മാമ്മോദീസാമുക്കി എന്ന് എടുത്തു പറയുമായിരുന്നു.

പുതിയനിയമത്തിൽ പറയുന്നത് അധികവും പുറജാതിക്കാർ അല്ലെങ്കിൽ യഹൂദന്മാർ ക്രൈസ്തവ സഭാംഗങ്ങളാകുമ്പോഴുള്ള മാമ്മോദീസായെക്കുറിച്ചാണ്. അതിൽ ശിശുസ്നാനത്തെപ്പറ്റി എടുത്തു പറയുന്നില്ല. എങ്കിലും “കുഞ്ഞുങ്ങളെ എന്റെയടുക്കൽ വിടുവിൻ” എന്ന കർത്താവിന്റെ വചനം, ശിശുക്കൾക്കു മാമ്മോദീസാ നല്കിക്കൂടാ, പ്രായപൂർത്തിയായവർക്കു മാത്രമേ നൽകാവൂ എന്നു വാദിച്ചിരുന്ന ചില യഹൂദ ക്രിസ്ത്യാനികളുടെ ഉപദേശത്തിനെതിരായി ആദിമസഭയിൽ ഉപയോഗിച്ചിരുന്നു എന്നാണ് പണ്ഡിത നിഗമനം. ഒരു രാജ്യത്ത് സഭ ആദ്യമായി സ്ഥാപിതമാകുമ്പോൾ പ്രായമുള്ളവരുടെ മാമ്മോദീസായാണ് അധികമായും ഉണ്ടാവുകയെങ്കിലും ഒരു ഭവനാധിപൻ വിശ്വസിച്ചു മാമ്മോദീസായേൽക്കുന്ന സമയത്ത് തന്റെ കുടുംബം മുഴുവൻ മാമ്മോദീസാ ഏറ്റുവന്നിരുന്നു എന്നതിനു സംശയമില്ല.

പക്ഷേ, ശിശുസ്നാനം അധികം ഉണ്ടാകുന്നത് രണ്ടാം തലമുറയിലാണ്. അതായത്, വിശ്വാസികളുടെ കുടുംബങ്ങളിൽ പുതുതായി ജനിക്കുന്ന ശിശുക്കൾക്കു മാമ്മോദീസാ ആണ്ടിലൊരിക്കൽ എല്ലാ ശിശുക്കൾക്കും ഒരുമിച്ച് നൽകുകയായിരുന്നു പതിവെന്നു തോന്നുന്നു. ആദിമകാലങ്ങളിൽ ദഹനാപ്പെരുന്നാളിലും പിന്നീട് ഉയിർപ്പുപെരുന്നാളിലും ഇങ്ങനെ പൊതു മാമ്മോദീസാ നൽകപ്പെട്ടുകൊണ്ടിരുന്നു. ആ ദിവസങ്ങൾക്കു മുമ്പുള്ള നോമ്പുദിവസങ്ങളിൽ പുറജാതികളിൽ നിന്നു ക്രിസ്ത്യാനികളാകുന്ന പ്രായമുള്ളവർക്ക് വേണ്ടുന്ന അദ്ധ്യയനം നൽകി,

അവരെ സുവിശേഷവും വിശ്വാസവും പഠിപ്പിച്ചു തയ്യാറാക്കും. പലപ്പോഴും ഒന്നോ രണ്ടോ വർഷം തന്നെ അദ്ധ്യയനം നൽകിയശേഷമാണ് മാമ്മോദീസാ നൽകിയിരുന്നത്. അതോടൊപ്പം തന്നെ അവരുടെ കുഞ്ഞുങ്ങൾക്കും വിശ്വാസികളായി ഇടവകയിലുള്ള മറ്റാളുകളുടെ ശിശുക്കൾക്കും ഒന്നിച്ചായിരുന്നു മാമ്മോദീസാ നല്കിക്കൊണ്ടിരുന്നത്. അങ്ങനെ ആദിമസഭയിലെ പതിവ് ഇപ്രകാരമായിരുന്നു:

1) പുറജാതികളിൽ നിന്ന് ക്രിസ്തുവിൽ വിശ്വസിച്ച് സഭയിൽ ചേരുന്നവർക്ക് ആദിമകാലങ്ങളിൽ ഉടനെ മാമ്മോദീസാ നല്കുമായിരുന്നു. എന്നാൽ പിന്നീട് അവർക്ക് ഒന്നോ രണ്ടോ വർഷത്തെ അദ്ധ്യയനവും സുകൃതപരിശീലനവും നൽകിയശേഷം മാത്രം സ്നാനം നല്കുക എന്നായി പതിവ്.

2) മാതാപിതാക്കന്മാർ വിശ്വാസികളാണെങ്കിൽ അവരുടെ കുഞ്ഞുങ്ങൾക്കും ആദിമകാലത്ത് ഉടനെ സ്നാനം നൽകുമായിരുന്നു. പില്ക്കാലത്ത് എല്ലാവരുടെയും സ്നാനം ആണ്ടിലൊരിക്കൽ, കർത്താവിന്റെ മാമ്മോദീസാപ്പെരുന്നാളിനോടോ തന്റെ മരിച്ചുയിർത്തെഴുന്നേൽപ്പ് പെരുന്നാളിനോടോ അനുബന്ധിച്ച് നടത്തുക പതിവായിരുന്നു.

3) ആദിമകാലത്ത് ക്രിസ്ത്യാനികളുടെ കുഞ്ഞുങ്ങളെ ശൈശവത്തിൽ തന്നെ മാമ്മോദീസാ മുക്കുക പതിവുണ്ടായിരുന്നു.

4) ഇങ്ങനെ മാമ്മോദീസാ നൽകുന്നത് ആദ്യകാലത്തു തന്നെ ഉണ്ടായ നിയമപ്രകാരം സാദ്ധ്യമെങ്കിൽ ഒഴുകുന്ന വെള്ളത്തിലും അത് സാദ്ധ്യമല്ലെങ്കിൽ കെട്ടിക്കിടക്കുന്ന വെള്ളമുള്ള കുളത്തിലും പിന്നീട് പള്ളികളുണ്ടായപ്പോൾ മുൻവശത്ത് മാമ്മോദീസായ്ക്കുവേണ്ടി പ്രത്യേകം കെട്ടിയുണ്ടാക്കിയിട്ടുള്ള കല്പടവുകളുള്ള കുളത്തിലും പള്ളിക്കകത്തുള്ള മാമ്മോദീസാ തൊട്ടിയിലും ആയിരുന്നു. ഇങ്ങനെയുള്ള പല കുളങ്ങളും മാമ്മോദീസാ തൊട്ടികളും പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്.

അപ്പോസ്തലനായ വി. പൗലോസ് ഇതേക്കുറിച്ച് എന്തു പറയുന്നു?

കൊരിന്തിലെ സഭയ്ക്ക് ലേഖനമെഴുതുന്ന സമയത്ത്, ആ സഭയെ "ക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ട് പരിശുദ്ധന്മാരാകുവാൻ വിളിക്കപ്പെട്ടവർ" എന്ന് വിശേഷിപ്പിക്കുന്നു (1 കൊരി. 1:2). എഫെസ്യ ലേഖനം 1:1-ലും വിശ്വാസികളെ ഒന്നടങ്കം പരിശുദ്ധന്മാർ അല്ലെങ്കിൽ വിശുദ്ധീകരിക്കപ്പെട്ടവർ എന്ന് വിളിക്കുന്നു. ഫിലിപ്പ്യർ 1:1-ലും, കൊലോസ്യർ 1:1-ലും, 2 കൊരി. 1:1-ലും ഒക്കെ ഈ അഭിസംബോധന കാണുന്നുണ്ട്. വിശുദ്ധന്മാർ അല്ലെങ്കിൽ വിശുദ്ധീകരിക്കപ്പെട്ടവർ എന്ന ആ പേര് വിശ്വാസ

സ്നാനം ഏറ്റിട്ടുള്ള ക്രിസ്ത്യാനികൾക്കു മാത്രം ഉള്ളതെന്ന് സുവ്യക്തമാണ്.

ഈ പശ്ചാത്തലത്തിൽ വേണം 1 കൊരി. 7:14-നെ മനസ്സിലാക്കാൻ. "അവിശ്വാസിയായ ഭർത്താവ് (വിശ്വാസിനിയായ) ഭാര്യയാൽ ശുദ്ധീകൃതനാകുന്നു. അവിശ്വാസിനിയായ ഭാര്യ (വിശ്വാസിയായ) ഭർത്താവ് മുഖാന്തരം ശുദ്ധീകൃതയാകുന്നു. അങ്ങനെയല്ലെങ്കിൽ നിങ്ങളുടെ ശിശുക്കൾ അശുദ്ധരായിരിക്കുമായിരുന്നല്ലോ. ഇപ്പോഴോ നിങ്ങളുടെ ശിശുക്കൾ വിശുദ്ധരാകുന്നു."

വിശ്വാസിയായ ഒരാൾക്കു അവിശ്വാസിയായ ഭാര്യയോടൊന്നിച്ച് ജീവിക്കുവാനോ, വിശ്വാസിനിയായ സ്ത്രീക്ക് അവിശ്വാസിയായ ഭർത്താവിനോടൊരുമിച്ച് ജീവിക്കുവാനോ അവകാശമുണ്ടോ എന്ന കൊരിന്ത്യരുടെ ചോദ്യത്തിനു മറുപടി പറയുകയായിരുന്നു വിശുദ്ധ പൗലോസ്. അവർ പരസ്പരം വേർപിരിയേണ്ടുന്നയാവശ്യമില്ല. ഒരുമിച്ച് ജീവിക്കുകയാണ് വേണ്ടത് എന്നാണ് അപ്പോസ്തലന്റെ മറുപടി. അതിനു കാരണമായി അദ്ദേഹം പറയുന്നത്, ക്രിസ്ത്യാനികൾ വിശുദ്ധീകൃതന്മാരായതുകൊണ്ടാണ് അവരുടെ കുഞ്ഞുങ്ങളും വിശുദ്ധീകൃതരാകുന്നതും ശൈശവത്തിലെ മാമ്മോദീസാ മുക്കപ്പെടുന്നതും എന്നതു തന്നെ. എന്നാൽ മാതാപിതാക്കന്മാരിൽ ഒരാൾ മാത്രം വിശ്വാസിയായിരിക്കുന്ന സാഹചര്യത്തിലും അവരുടെ ശിശുക്കളെ മാമ്മോദീസാ മുക്കുന്നു. അതിന്റെ അർത്ഥം അവരുടെ വിവാഹത്തെ തന്നെ ദൈവം അനുഗ്രഹിച്ചു ശുദ്ധീകരിക്കുന്നു; അവരിൽ നിന്നുണ്ടാകുന്ന ശിശുവും വിശുദ്ധീകൃതമാകുന്നു എന്നാണ്. ആദിമസഭയിലെന്നപോലെ ഇന്നും ഉള്ള പതിവാണ് മാതാപിതാക്കന്മാരിൽ ഒരാളെങ്കിലും വിശ്വാസിയാണെങ്കിൽ അവരുടെ കുഞ്ഞിന് ശൈശവത്തിൽ തന്നെ സ്നാനം നൽകാം എന്നുള്ളത്.

അപ്പോസ്തലന്മാർ പൊതുവേ എന്തു പഠിപ്പിച്ചു?

അപ്പോസ്തലന്മാർ പഠിപ്പിച്ചതു മുഴുവൻ വേദപുസ്തകത്തിലില്ല. അവർ സ്ഥാപിച്ച സഭകളിൽ അവർ ഉണ്ടാക്കിയ എല്ലാ ക്രമീകരണങ്ങളെപ്പറ്റിയും വേദപുസ്തകം പറയുന്നില്ല. അപ്പോസ്തലന്മാരുടെ ഉപദേശം മുഴുവനായി ആരും എഴുതിവച്ചിട്ടുമില്ല. എന്നാൽ വി. പത്രോസിന്റെയും വി. പൗലോസിന്റെയും ശിഷ്യനായ റോമയിലെ മാർ ക്ലീമീസ് "അപ്പോസ്തലന്മാരുടെ ഉപദേശം" എന്ന ഒരു ഗ്രന്ഥം രചിച്ചു. ആ ഉപദേശഗ്രന്ഥത്തെ എല്ലാ ക്രിസ്ത്യാനികളും വി. വേദപുസ്തകം പോലെ തന്നെ ബഹുമാനിച്ചും വന്നു. ഓരോ സ്ഥലത്തും ഈ അപ്പോസ്തലിക പാരമ്പര്യം അതതു സ്ഥലങ്ങളിലെ ക്രമീകരണവുമായി സന്ധിച്ച് എഴുതി സൂക്ഷിച്ചും പോന്നു.

റോമായിൽ ക്ലീമീസിന്റെ പുസ്തകം ക്രിസ്ത്വബ്ദം 215-ൽ ഹിപ്പോലിറ്റസ് എന്നയാൾ റോമാസഭയിലുള്ള ചില പ്രത്യേക വ്യത്യാസങ്ങളോടെ പുനഃപ്രസിദ്ധീകരിച്ചു. ഇന്ന് ഈ രേഖ നമുക്കു സിദ്ധമായിട്ടുണ്ട്. അതിന്റെ 21-ാം അദ്ധ്യായം 4-5 വാക്യങ്ങളിൽ ഇങ്ങനെ കാണുന്നു.

"അവർ ചെറിയ കുട്ടികളെ ആദ്യം മാമ്മോദീസാ മുക്കട്ടെ. അവർക്കു മറുപടി പറയുവാൻ പ്രായമുണ്ടെങ്കിൽ അവർ തന്നെ പറയട്ടെ. ഇല്ലെങ്കിൽ അവരുടെ മാതാപിതാക്കന്മാരോ അവരുടെ കുടുംബത്തിൽപെട്ട ആരെങ്കിലുമോ മറുപടി പറയട്ടെ. അതിനുശേഷം പ്രായപൂർത്തിയായ പുരുഷന്മാരെ മാമ്മോദീസാ മുക്കുക. മൂന്നാമതായി, പ്രായപൂർത്തിയായ സ്ത്രീകൾ അവരുടെ തലമുടി അഴിച്ചിട്ട് ആഭരണങ്ങൾ ഊരിവച്ചതിനു ശേഷം അവരേയും മാമ്മോദീസാ മുക്കുക."

ക്രിസ്ത്വബ്ദം മൂന്നാം നൂറ്റാണ്ടിൽ ചെറിയ കുഞ്ഞുങ്ങളെ മാമ്മോദീസാ മുക്കുന്നുണ്ടായിരുന്നു എന്നതിനു വേറെ തെളിവ് ആവശ്യമില്ല. ഈ പതിവ് അപ്പോസ്തലന്മാരുടെ ഉപദേശപ്രകാരമുള്ളതാണെന്നും അവർ ദൃഢമായി വിശ്വസിച്ചിരുന്നു. ക്രിസ്തുവിന്റെയും അപ്പോസ്തലന്മാരുടെയും ഉപദേശത്തെ നിഷേധിച്ചിട്ടു കുഞ്ഞുങ്ങളെ സ്നാനം ഏല്പ്പിച്ചുകൂടാ എന്നും അവർക്ക് രക്ഷിക്കപ്പെടാൻ സാദ്ധ്യമല്ല എന്നും വാദിക്കുന്നത് കടുത്ത വേദവിപരീതമല്ലേ എന്നു വിശ്വാസികൾ അവധാനപൂർവ്വം ചിന്തിക്കണം.

പാഠം 2

മാമ്മോദീസാ ക്രൈസ്തവ വിശ്വാസത്തിൽ

യഹൂദപാരമ്പര്യത്തിൽ മാമ്മോദീസാ എന്നൊന്നു കാണുന്നില്ല. യഹൂദ കുടുംബത്തിൽ ജനിച്ച ഒരാൾക്ക് തീർച്ചയായും മാമ്മോദീസാ ആവശ്യമില്ലായിരുന്നു. എട്ടാം ദിവസമുള്ള പരിഛേദനം അല്ലെങ്കിൽ ചേലാകർമ്മം മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളു.

യഹൂദനല്ലാത്ത ഒരാൾ യഹൂദമതത്തിൽ ചേരുമ്പോൾ അയാളെ മാമ്മോദീസാമുക്കുന്ന കാര്യത്തെപ്പറ്റി പഴയനിയമത്തിൽ ഒന്നും കാണുന്നില്ല. ക്രിസ്തുവിന്റെ കാലത്തിനോടടുത്തുണ്ടായിരുന്ന യഹൂദ നേതാക്കന്മാരായിരുന്ന ഫൈലോയുടെയോ ജോസിഫസിന്റെയോ കൃതികളിലും പുറജാതിക്കാരനെ മാമ്മോദീസാകൊണ്ടു യഹൂദമതത്തിൽ ചേർക്കുന്നതായി കാണുന്നില്ല.

എന്നാൽ ക്രിസ്തുവിന് മുമ്പ് ഒന്നാം ശതാബ്ദത്തിലുള്ള ചില യഹൂദ കൃതികളിലാണ് പുറജാതിക്കാരനു സ്നാനം നല്കി യഹൂദമതത്തിൽ ചേർക്കുന്നതിനെപ്പറ്റി വിവക്ഷയുള്ളത്. ഒരു പുറജാതിക്കാരൻ യഹൂദ നാകുമ്പോൾ അവനെ ചേലാകർമ്മം ചെയ്തിട്ട് ഏഴു ദിവസം കഴിയു മ്പോൾ മാമ്മോദീസാ മുക്കണമെന്ന് ഹില്ലേൽ എന്ന യഹൂദഗുരുവിന്റെ ശിഷ്യന്മാർ പഠിപ്പിച്ചിരുന്നു. ബാപ്റ്റോ എന്നും ബാപ്റ്റീസോ എന്നും ഉള്ള ഗ്രീക്കു വാക്കുകൾ ആദ്യം ഉപയോഗിച്ചത് ഗ്രീക്കു ഭാഷ സംസാരിക്കുന്ന യഹൂദന്മാരായിരുന്നു.

ചാവു കടലിനടുത്തുണ്ടായിരുന്ന യഹൂദ സന്യാസി സംഘങ്ങളും മാമ്മോദീസാ പോലുള്ള ഒരു സ്നാനം കൊണ്ടാണ് പുതിയ അംഗങ്ങളെ സംഘത്തിലേക്കു ചേർത്തുകൊണ്ടിരുന്നത്. ഈ പതിവിൽനിന്നാണ് ക്രിസ്ത്യാനികളുടെ സ്നാനം ഉത്ഭവിച്ചതെന്ന് വിശ്വസിക്കുന്നതിൽ വലിയ അബദ്ധമില്ല.

1 കൊരിന്ത്യർ 10:1-2 ൽ വി. പൗലോസ് എല്ലാ യഹൂദരും മാമ്മോ ദീസാ മുങ്ങിയതായി പറയുന്നതിനെ രൂപകാലങ്കാരമായി മാത്രമേ എടു ക്കുവാൻ നിവൃത്തിയുള്ളൂ. എന്നാൽ യോഹന്നാൻ മാംദാനാ നല്കിക്കൊ ണ്ടിരുന്ന മാമ്മോദീസാ കുംറാൻ സന്യാസി സമൂഹത്തിലെ ഒരു കർമ്മ മായിരുന്നുവെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. പക്ഷേ, അത് പുറജാ തിക്കാരുടെ മാമ്മോദീസായായിരുന്നില്ല. യഹൂദന്മാർക്കാണ് യൂഹാനോൻ മാമ്മോദീസാ നല്കിയത്. യഹൂദന്മാർ ഒന്നടങ്കം ചെങ്കടലിൽ മാമ്മോ ദീസാ മുങ്ങിയവരാണെങ്കിലും അവരുടെ പാപംമൂലം അവർ വീണ്ടും ലോകായതികരായ ഈഗുപ്തായക്കാരായിപ്പോയെന്നും, അവരെ വീണ്ടും ചെങ്കടലിൽക്കൂടി കടത്തിയെടുക്കുന്നതാണ് യൂഹാനോന്റെ മാമ്മോദീസാ യുടെ അർത്ഥമെന്നും വേണമെങ്കിൽ വാദിക്കാം.

ഏതായാലും യഹൂദന്മാർ പുറജാതിക്കാരെ മാമ്മോദീസാ മുക്കുമ്പോൾ കുഞ്ഞുങ്ങളെയും മാമ്മോദീസാ മുക്കിയിരുന്നു എന്നതിന് ധാരാളം തെളി വുകളുണ്ട്. പുറജാതിക്കാരുടെ കുഞ്ഞിനെ അനാഥകുഞ്ഞായി കണ്ടു കിട്ടിയാൽ പോലും മാമ്മോദീസാ ഉടനെ കൊടുക്കാമെന്നായിരുന്നു യഹൂദ നിയമം. അതായത് പുറജാതിക്കാരായ മാതാപിതാക്കന്മാർ യഹൂദരായ തിനുശേഷം മാത്രമേ അവരുടെ കുഞ്ഞിന് സ്നാനം നല്കാവൂ എന്നു പോലും യഹൂദന്മാർക്കു നിയമമില്ലായിരുന്നു. പുറജാതിക്കാരിൽ നിന്നു വരുന്ന ആൺകുട്ടികൾക്കു മാത്രം ചേലാകർമ്മവും അതുകഴിഞ്ഞ് സ്നാനവും നല്കുകയായിരുന്നു പതിവ്. പെൺകുട്ടികളാണെങ്കിൽ സ്നാനം മാത്രം മതി.

സ്നാനവും ചേലാകർമ്മവും

യഹൂദന്മാരുടെ ചേലാകർമ്മത്തിന്റെ സ്ഥാനത്താണ് ക്രിസ്ത്യാനികൾ സ്നാനം ഏർപ്പെടുത്തിയത്. കൊലോസ്യ ലേഖനം 2:11-ൽ "ക്രിസ്തുവിന്റെ പരിഛേദന" എന്നു കാണുന്നതു ക്രിസ്തീയ പരിഛേദന എന്നു തിരുത്തിവായിക്കണമെന്നും വിശുദ്ധ മാമ്മോദീസായെക്കുറിച്ചാണ് അവിടെ പറയുന്നതെന്നുമാണ് പണ്ഡിതാഭിപ്രായം. ക്രിസ്ത്യാനികൾ തങ്ങളുടെ ജഡശരീരം ഉരിഞ്ഞുകളയുന്നത് യേശുതമ്പുരാൻ ജനിച്ച് എട്ടാം നാളുള്ള പരിഛേദനയാലല്ല, പ്രത്യുത "ക്രിസ്തീയ പരിഛേദന" എന്നു വിളിക്കാവുന്ന മാമ്മോദീസാ മൂലമാണ് എന്നതു ചിന്തിക്കുവാനാണ് ന്യായം ഉള്ളത്.

ചേലാകർമ്മം യഹൂദവർഗ്ഗത്തിൽ ജനിച്ച എല്ലാ ആൺകുട്ടികൾക്കും ജനിച്ച് എട്ടാം ദിവസമാണല്ലോ നല്കുന്നത്. അതേപതിവ് ക്രിസ്തീയ സഭയിലും മാമ്മോദീസാ സംബന്ധിച്ചുണ്ടായിയെന്നു വിചാരിക്കുന്നു. അതായത് ക്രിസ്ത്യാനികൾക്കുണ്ടാകുന്ന കുഞ്ഞുങ്ങളെയും ഒരുമിച്ച് ആണ്ടിലൊരിക്കലായി മാമ്മോദീസാ മുക്കിയിരുന്നുവെന്നും അത് പെസഹാപ്പെരുന്നാളിൽ ആയിരുന്നു എന്നും ചിന്തിക്കുന്നതിൽ തെറ്റില്ല.

യഹൂദ മാതാപിതാക്കന്മാരിൽ നിന്ന് ജനിക്കുന്ന ശിശുക്കൾ വിശുദ്ധരാണ് എന്ന് അവർക്ക് വിവക്ഷയുണ്ടായിരുന്നതുകൊണ്ടാണ് അതിശൈശവത്തിൽ തന്നെ അവർക്ക് ചേലാകർമ്മം നല്കിക്കൊണ്ടിരുന്നത്. ഈ തത്വം ആദിമസഭ ക്രൈസ്തവ ശിശുക്കളെക്കുറിച്ചും ഉപയോഗിച്ചുകൊണ്ടിരുന്നു എന്നാണ് ചിന്തിക്കേണ്ടത്.

സ്വന്ത വിശ്വാസം കൊണ്ടല്ലാതെ രക്ഷിക്കപ്പെടുവാൻ സാദ്ധ്യമോ?

വി. മർക്കോസിന്റെ സുവിശേഷത്തിൽ നാലു പേർ തളർവാതക്കാരനെ എടുത്തുകൊണ്ട് കർത്താവിന്റെ അടുക്കൽ വന്ന കഥ വായിച്ചു നോക്കുക. വി. മർക്കോസ് 2:5-ൽ ഇങ്ങനെ പറയുന്നു: "യേശു *അവരുടെ* (അതായത് തളർവാതക്കാരനെ കട്ടിലിന്മേൽ കിടത്തി ചുമന്നുകൊണ്ടുവന്ന് വീടിന്റെ മേൽക്കൂര പൊളിച്ച് കർത്താവിന്റെ സന്നിധിയിൽ കൊണ്ടുവന്ന രോഗിയുടെ സ്വന്തക്കാരുടെ) *വിശ്വാസം കണ്ടിട്ട്* തളർവാതരോഗിയോട് മകനെ നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു." ഇവിടെ രോഗിയുടെ വിശ്വാസം കൊണ്ടല്ലല്ലോ അയാൾക്ക് രക്ഷ കിട്ടിയത്. വി. മത്തായിയുടെ സുവിശേഷം 8-ാം അദ്ധ്യായത്തിൽ ശതാധിപന്റെ ഭൃത്യൻ സൗഖ്യമാകുന്നത് ഭൃത്യന്റെ വിശ്വാസം കൊണ്ടല്ല, ശതാധിപന്റെ വിശ്വാസം കൊണ്ടാണെന്നു വ്യക്തമാണല്ലോ (8:13). ശതാ

ധിപൻ വിശ്വാസം പ്രകടിപ്പിച്ച നിമിഷത്തിൽ കർത്താവ് തന്റെ വചനം അരുളിച്ചെയ്യുകയും ആ വചനം കേൾക്കുകപോലും ചെയ്യാതെ തന്നെ ഭൃത്യൻ സൗഖ്യം പ്രാപിക്കുകയും ചെയ്തു.

മാത്രമല്ല, വി. മത്തായിയുടെ സുവിശേഷം 7-ാം അദ്ധ്യായത്തിൽ ഒരു മനുഷ്യൻ പിശാചുബാധിതനായ തന്റെ മകനെ ശിഷ്യന്മാരുടെയടുക്കൽ കൊണ്ടുവന്നിട്ട്, ശ്ലീഹന്മാർക്ക് അവനെ സൗഖ്യമാക്കുവാൻ സാധിക്കാതിരുന്നതായി കാണുന്നതു പ്രത്യേകം ശ്രദ്ധേയമാണ്. ആ ബാലന്റെ പിതാവിനും (മർക്കോസ് 9:24 നോക്കുക) ഒരു പക്ഷേ, ബാലനുതന്നെയും വിശ്വാസമുണ്ടായിരുന്നിട്ടും ശ്ലീഹന്മാർക്ക് വിശ്വാസമില്ലാതിരുന്നതുകൊണ്ട് ബാലനെ സൗഖ്യമാക്കുവാൻ സാധിക്കാതെ പോയി. ഇന്നും വിശ്വാസമുള്ള ഒരു സഭയിൽക്കൂടിയാണ് പാപമോചനവും രക്ഷയും നല്കപ്പെടുന്നത് എന്നുള്ളത് നാം മറന്നുപോകരുത്.

ദൈവത്തിന്റെ രക്ഷയിൻ വാഗ്ദാനം പ്രായപൂർത്തിയുള്ളവർക്കു മാത്രമായിട്ടല്ലല്ലോ നല്കപ്പെട്ടത്. വി. പത്രോസ് ശ്ലീഹാ തന്റെ ആദ്യ പ്രസംഗത്തിൽ തന്നെ പറയുന്നതിങ്ങനെയാണ്: "വാഗ്ദാനം നിങ്ങൾക്കും *നിങ്ങളുടെ കുഞ്ഞുങ്ങൾക്കും* നമ്മുടെ ദൈവമായ കർത്താവ് വിളിച്ചു വരുത്തുന്ന വിദൂരസ്ഥരായ ഏവർക്കും ഉള്ളതല്ലോ എന്നു പറഞ്ഞു" (അ. പ്ര. 2:39). മലയാള വേദപുസ്തകത്തിൽ "കുഞ്ഞുങ്ങൾക്കും" എന്നതിനു പകരം "മക്കൾക്കും" എന്നാണ് ചേർത്തിരിക്കുന്നത്. ഗ്രീക്കിൽ 'ടെക്ന' എന്ന വാക്കിന് കുഞ്ഞുങ്ങൾ എന്നുതന്നെയാണ് അർത്ഥം.

സഭയുടെ ചരിത്രവും പാരമ്പര്യവും എന്തു പറയുന്നു?

മൂന്നാം ശതാബ്ദത്തിൽ മാമ്മോദീസായേറ്റ് മരിച്ച ശിശുക്കളുടെ ശവക്കുഴിയിന്മേലുള്ള കല്ലുകൾ നിസ്സംശയം പ്രഖ്യാപിക്കുന്നത് ശിശുക്കളെ മാമ്മോദീസാ മുക്കിയിരുന്നു എന്നു തന്നെയാണ്. ഒരു കബറിങ്കലെ കല്ല് ഇങ്ങനെ പറയുന്നു: "വിശ്വാസികളിൽ നിന്നുള്ള വിശ്വാസിയായ സോസിമസ് (Zosimas) എന്ന ഞാൻ രണ്ടു വയസ്സും ഒരു മാസവും 25 ദിവസവും പ്രായമായി ഇവിടെ വിശ്രമിക്കുന്നു." ഏതാണ്ട് 200-ാമാണ്ടിനോടടുത്തുള്ള കാലത്തെ ശിലാലിഖിതം ആണിത്.

സഹദാ ആയ വി. പോളിക്കാർപ്പോസ് തന്റെ പീഡകരോട് പറയുന്നു: "എൺപത്തിയാറു വർഷമായി ഞാൻ കർത്താവിനെ സേവിക്കുന്നു, ഇന്നുവരെ അവൻ എനിക്ക് ഒരു ദോഷവും ചെയ്തില്ല. പിന്നെ ഇന്ന് ഞാൻ എങ്ങനെ എന്റെ രക്ഷകനെതിരായി ദൈവദൂഷണം ചെയ്യും?" വിശുദ്ധ പോളിക്കാർപ്പോസ് കാലം ചെയ്തത് 167-ലോ 168-ലോ ആണെങ്കിൽ, അദ്ദേഹം ജനിച്ചത് 86 വർഷം മുമ്പ്, അതായത് ക്രിസ്ത്വബ്ദം 80-ാമാണ്ടി

നുശേഷമാണെന്നും ശൈശവത്തിലേ ക്രിസ്ത്യാനിയായതുകൊണ്ടാണ് 86 വർഷം സേവിച്ചു എന്ന് പറയുന്നതെന്നും അനുമാനിക്കാം. അങ്ങനെയെങ്കിൽ, ആദ്യനൂറ്റാണ്ടു മുതൽ ശിശുക്കളുടെ മാമ്മോദീസാ ഉണ്ടായിരുന്നു എന്നതിനു മറ്റൊരു തെളിവാണിത്.

രണ്ടാം നൂറ്റാണ്ടിൽ സഹദാമരണം പ്രാപിച്ച പല പരിശുദ്ധന്മാരും "ഞാൻ ശൈശവം മുതലേ ക്രിസ്ത്യാനിയാകുന്നു" എന്ന് ഏറ്റുപറഞ്ഞതായി നാം കാണുന്നു.

ക്രിസ്ത്വബ്ദം 195-ൽ അലക്സന്ത്രിയായിലെ ക്ലീമീസ് "വെള്ളത്തിൽ നിന്നും കോരിയെടുത്ത കുഞ്ഞുങ്ങൾ" എന്ന് ക്രിസ്ത്യാനികളെ വിശേഷിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായ ഒറിഗൻ മൂന്നിടത്ത് വളരെ വ്യക്തമായി ശിശുക്കളുടെ മാമ്മോദീസായെപ്പറ്റി പറയുന്നു. ലൂക്കോസിന്റെ സുവിശേഷത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വ്യാഖ്യാനത്തിൽ 14-ാം അദ്ധ്യായത്തിൽ ഇങ്ങനെ കാണുന്നു: "അതുകൊണ്ടാണ് കുഞ്ഞുങ്ങളെയും മാമ്മോദീസാ മുക്കുന്നത്." ലേവ്യ പുസ്തകത്തിന്റെ വ്യഖ്യാനത്തിൽ 8-ാം അദ്ധ്യായത്തിൽ "സഭയുടെ പാരമ്പര്യമനുസരിച്ച് ശിശുക്കൾക്കും മാമ്മോദീസാ നല്കപ്പെടുന്നു" എന്നു കാണുന്നു. റോമാ ലേഖനം 6:5-7 വരെയുള്ള വാക്യങ്ങളുടെ വ്യാഖ്യാനത്തിൽ ഇങ്ങനെയാണ് കാണുന്നത്: "ഇക്കാരണത്താൽ ശിശുക്കളെയും മാമ്മോദീസാ മുക്കുന്ന പാരമ്പര്യം സഭ അപ്പസ്തോലന്മാരിൽ നിന്ന് പ്രാപിച്ചു." ഈ മൂന്നു സ്ഥലത്തും ഒറിഗൻ ഈയോബിന്റെ പുസ്തകം 14:4-5 ഉദ്ധരിക്കുന്നുണ്ട്. ആ വാക്യം സെപ്റ്റുവജിന്റ് പരിഭാഷയിൽ (അക്കാലത്തെ ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്ന ഗ്രീക്ക് വേദപുസ്തകത്തിൽ) ഇങ്ങനെയാണുള്ളത്:

"അശുദ്ധനിൽ നിന്നുള്ള വിശുദ്ധനുണ്ടോ? ഒരിക്കലുമില്ല. ഭൂമിയിലുള്ള അവന്റെ ജീവിതം ഒരു ദിവസമേയുള്ളുവെങ്കിലും." അത് മൂന്നു പ്രാവശ്യം ഉദ്ധരിക്കുന്നതിൽ നിന്നും നാം മനസ്സിലാക്കുന്നത് വളരെ ചെറിയ ശിശുക്കളെ മാമ്മോദീസാ മുക്കുന്ന പാരമ്പര്യം മൂന്നാം ശതാബ്ദത്തിലെ സഭയ്ക്കുണ്ടായിരുന്നുവെന്നും അത് അപ്പസ്തോലിക പാരമ്പര്യമായി അന്നേ സഭ സ്വീകരിച്ചിരുന്നുവെന്നുമാണ്. ഒറിഗൻ പാലസ്തീനിലെ കൈസറിയായിൽ താമസിക്കുന്ന കാലത്ത് (233-251 എ.ഡി.) എഴുതിയതായതുകൊണ്ട് ഊർശ്ലേമിലും അലക്സന്ത്രിയായിലും ഉള്ള അപ്പസ്തോലിക പാരമ്പര്യത്തെ ഇത് കുറിക്കുന്നു എന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല.

ഏതാണ്ട് ഇതേ കാലത്ത് (അല്പം മുമ്പ്) 215-മാണ്ടിൽ ഹിപ്പോലിറ്റസ് റോമിൽ രചിച്ച "അപ്പസ്തോലിക പാരമ്പര്യം" എന്ന സുപ്രധാന ഗ്രന്ഥത്തിൽ കാണുന്നത് അപ്പസ്തോലന്മാർ പഠിപ്പിച്ചതും ആദ്യം റോമ

യിലെ ക്ലീമീസ് എഴുതിവച്ചതുമായ ഉപദേശങ്ങൾ തന്നെയാണെന്ന് പണ്ഡിതന്മാർ സമ്മതിക്കുന്നുണ്ട്. പെസഹായുടെ പെരുന്നാളിൽ കോഴി കൂകുന്ന സമയത്ത് മാമ്മോദീസാ മുക്കണമെന്നും അത് താഴെ പറയും പ്രകാരം വേണമെന്നുമാണു പറയുന്നത്.

"കോഴി കൂവുന്ന സമയത്ത് വെള്ളത്തിന്മേലുള്ള പ്രാർത്ഥനകൾ നടത്തപ്പെടട്ടെ..... ആദ്യം കൊച്ചുകുഞ്ഞുങ്ങളെ നിങ്ങൾ മാമ്മോദീസാ മുക്കണം. തങ്ങൾക്കു വേണ്ടി തങ്ങൾ തന്നെ വിശ്വാസം ഏറ്റുപറയുവാൻ പ്രായമുള്ളവർ അങ്ങനെ ചെയ്യട്ടെ. അതിനുള്ള പ്രായമില്ലാത്തവർക്കു വേണ്ടി അവരുടെ മാതാപിതാക്കന്മാരോ, കുടുംബത്തിൽ ആരെങ്കിലുമോ മറുപടി പറയട്ടെ" (From the Coptic Version).

കുഞ്ഞുങ്ങളെ മാമ്മോദീസാ മുക്കുന്നതിനെപ്പറ്റി ഒരു സംവാദം പോലും ഉണ്ടായിരുന്നതായി ഒറിഗനിലോ ഹിപ്പോലിറ്റസിലോ കാണുന്നില്ല. ഈ "അപ്പസ്തോലിക പാരമ്പര്യം" എന്ന ഗ്രന്ഥം റോമയിലും സിറിയയിലും ഈജിപ്തിലും ഒക്കെ നിലവിലിരുന്ന ഒരു രേഖയാണ്.

സിറിയയിലേയും പതിവ് ഇതുതന്നെയായിരുന്നു എന്ന് മറ്റു രേഖകൾ കൊണ്ടും തെളിയുന്നുണ്ട്. "ക്ലീമീസിന്റെ എട്ടു പുസ്തകങ്ങൾ" എന്ന ഗ്രന്ഥം റോമായിലെ ക്ലീമീസ് തന്നെ എഴുതിയതായിരിക്കണമെന്നില്ല. മൂന്നാം ശതാബ്ദത്തിന്റെ ആരംഭകാലത്തോ അതിനു മുൻപോ എഴുതിയതാകാനാണു വഴി. ഒന്നാം ശതാബ്ദത്തിലെ വിശുദ്ധ ക്ലീമീസ് തന്റെ ആത്മകഥ പറയുന്ന കൂട്ടത്തിൽ തന്റെ മാതാവായ മാറ്റിഡിയ തന്റെ നഷ്ടപ്പെട്ടുപോയ ശിശുക്കളെ വീണ്ടും കണ്ടെത്തിയ കഥ വിവരിക്കുന്നുണ്ട്. മാതാവ് വിശ്വാസിനിയല്ല. കുഞ്ഞുങ്ങളാകട്ടെ ക്രിസ്ത്യാനികൾ എടുത്തു വളർത്തി ക്രിസ്തീയ മാമ്മോദീസാ നല്കപ്പെട്ടവരായിട്ടാണ് മാതാപിതാക്കന്മാർ അവരെ കാണുന്നത്. അവിശ്വാസികൾ വിശ്വാസികളുടെ കൂടെയിരുന്നു ഭക്ഷണം കഴിച്ചുകൂടാ എന്ന് ക്രൈസ്തവ നിയമമുള്ളതുകൊണ്ട് മാതാപിതാക്കന്മാർക്ക് തങ്ങളുടെ കുഞ്ഞുങ്ങളോടൊത്ത് ഭക്ഷണം കഴിപ്പാൻ സാധിച്ചില്ല എന്നും അവരും മാമ്മോദീസാ മുങ്ങിയതിനുശേഷം മാത്രമേ അങ്ങനെ ഒരുമിച്ച് ഭക്ഷണം കഴിക്കാൻ സാധിച്ചുള്ളൂ എന്നും കാണുന്നു.

ക്രിസ്ത്വബ്ദം 2-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ ഐറേനിയസിന്റെ "ഹെറസികൾക്കെതിരെ" എന്ന പുസ്തകത്തിൽ ഇങ്ങനെ കാണുന്നു: "അവൻ (യേശു) അവനാൽ അവരെല്ലാവരേയും രക്ഷിപ്പാൻ വേണ്ടിയല്ലോ വന്നത്. അവരെല്ലാവരെയും എന്നു ഞാൻ പറയുന്നത് അവനിൽക്കൂടെ ദൈവത്തിങ്കലേക്ക് വീണ്ടും ജനിക്കുന്നവരായ എല്ലാവരേയും ഉദ്ദേശിച്ചാണ് - ശിശുക്കൾ, കൊച്ചുകുട്ടികൾ, ബാലന്മാർ, യുവാക്കൾ, പ്രായമായവർ എല്ലാവരും തന്നെ."

പാശ്ചാത്യരാജ്യങ്ങളിൽ ഉള്ള പല ക്രൈസ്തവ ശിശുക്കളുടെയും കബറുകളും അവയുടെ ശിലാലിഖിതങ്ങളും നമുക്ക് കണ്ടുകിട്ടിയിട്ടുള്ളതിൽ നിന്ന് അവരെല്ലാവരും മാമ്മോദീസാ മുങ്ങിയശേഷമാണ് മരിച്ചത് എന്നു ചിന്തിക്കുവാൻ വഴി തരുന്നുണ്ട്.

ക്രിസ്ത്യാനികളുടെ കുഞ്ഞുങ്ങളെ ശൈശവത്തിൽ തന്നെ മാമ്മോദീസാ മുക്കാതെ പ്രായമായിട്ട് മാമ്മോദീസാ മുക്കിയാൽ മതി എന്ന അഭിപ്രായം ആദ്യമുണ്ടായത് നാലാം നൂറ്റാണ്ടിലാണെന്നു തോന്നുന്നു. തെർത്തുല്യന്റെ കാലത്ത് (ഏതാണ്ട് 160-220 എ. ഡി.) ഉത്തരാഫ്രിക്കയിൽ അങ്ങനൊരു വാദം ഉണ്ടായത് അധികം ശോഭിച്ചില്ല. കുസ്തന്തിനോസ് ചക്രവർത്തി, മാമ്മോദീസാ മുങ്ങിയാൽ പാപമില്ലാത്ത ജീവിതം ജീവിക്കണമെന്നുള്ള തത്വത്തിന്റെ പേരിൽ, തന്റെ മാമ്മോദീസാ മരണക്കിടക്കവരെ നീട്ടിവച്ചതു മുതലാണെന്നു തോന്നുന്നു, പല ക്രിസ്തീയ കുടുംബങ്ങളിലും മാമ്മോദീസാ നീട്ടിവയ്ക്കാനും കഴിയുന്നത്ര വൈകിക്കാനും തുടങ്ങിയത്. പക്ഷേ, അത് വിശ്വസിക്കാനും വിശ്വാസം ഏറ്റുപറയുവാനും പ്രായമായതിനുശേഷം മാത്രമേ മാമ്മോദീസാ മുങ്ങാവൂ എന്ന തത്വത്തിന്മേലായിരുന്നെങ്കിൽ യൗവ്വനത്തിലെങ്കിലും മാമ്മോദീസാ മുങ്ങുമായിരുന്നല്ലോ. ജീവിതാവസാനം വരെ നീട്ടിവയ്ക്കുവാൻ ശ്രമിച്ചുവെന്നുള്ളത് മാമ്മോദീസായ്ക്കു ശേഷമുള്ള പാപത്തിനു മോചനമില്ല എന്ന അടിസ്ഥാനമില്ലാത്ത ഭയം കൊണ്ടായിരുന്നു എന്നു വ്യക്തമാണ്.

ഉത്തരാഫ്രിക്കയിൽ തന്നെയുണ്ടായ 418-ലെ കാർത്തേജ് സുന്നഹദോസ് 'പുതിയതായി ജനിച്ച കുഞ്ഞുങ്ങളെ മാമ്മോദീസാ മുക്കരുത് എന്നു വിലക്കുന്നവൻ ശപിക്കപ്പെട്ടവനായിരിക്കട്ടെ' എന്നു പ്രഖ്യാപിച്ചത് ഈ പശ്ചാത്തലത്തിലാണ്.

സ്നാനത്തെപ്പറ്റിയുള്ള ക്രിസ്തീയോപദേശം

കഴുകി ശുദ്ധീകരണം, പുതിയ ജീവിതത്തിലേയ്ക്കുള്ള പ്രവേശനം, ഉയരത്തിൽ നിന്നുള്ള വീണ്ടും ജനനം, ക്രിസ്തുശരീരത്തിലേയ്ക്കു കൂട്ടിചേർക്കപ്പെടൽ, ക്രിസ്തുവിന്റെ രാജത്വത്തിലും പൗരോഹിത്യത്തിലും പ്രവാചകത്വത്തിലുമുള്ള പങ്കാളിത്തം, പാപമോചനം, വീണ്ടെടുപ്പ്, പരിശുദ്ധാത്മ നിശ്വസനം, ദ്രവത്വമില്ലായ്മയുടെ വസ്ത്രധാരണം, പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിന്റെയും അധീനതയിൽ നിന്നുള്ള സ്വാതന്ത്ര്യപ്രാപനം എന്നിങ്ങനെ വിവിധാർത്ഥമുള്ള ഒരു മഹാരഹസ്യമാണ് വി. മാമ്മോദീസാ. അതിൽ നിന്നു ശിശുക്കളെ വിലക്കുന്നത് കർത്താവിന്റെയും ശ്ലീഹന്മാരുടെയും ഉപദേശത്തിനു കടകവിരുദ്ധമാണ്. ഈ അബദ്ധത്തിൽ ക്രൈസ്തവരാരും ചാടരുതേ എന്നു ക്രിസ്തുവിലുള്ള സ്നേഹം മൂലം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

വിശ്വാസമില്ലാതെ മാമ്മോദീസായില്ല. ഏതായാലും മുങ്ങുന്നയാളുടെ വിശ്വാസം കൊണ്ടു മാത്രം മാമ്മോദീസാ സാദ്ധ്യമല്ല. മുക്കുന്ന സഭയിലെ വിശ്വാസമാണ് ഏറ്റവും അത്യാവശ്യം. എല്ലാ കുഞ്ഞുങ്ങളെയും മാമ്മോദീസാ മുക്കിക്കൊള്ളണമെന്നു സഭ പഠിപ്പിക്കുന്നില്ല. വിശ്വാസികളുടെ കുഞ്ഞുങ്ങൾക്കാണ് പൊതുവേ സഭ ശൈശവ മാമ്മോദീസാ നല്കുന്നത്. അങ്ങനെ മാമ്മോദീസാ മുങ്ങുന്ന കുഞ്ഞുങ്ങൾ വളർന്നുവരുമ്പോൾ അവർക്കു വിശ്വാസമില്ലെങ്കിൽ ശൈശവത്തിൽ മുങ്ങിയ മാമ്മോദീസാ കൊണ്ടുമാത്രം അവർ രക്ഷിക്കപ്പെട്ടുകൊള്ളുമെന്നു സഭ പഠിപ്പിക്കുന്നില്ല.

ശിശുക്കളെ മാമ്മോദീസാ മുക്കുന്നത് സഭയിൽ ദൈവം നല്കിയിട്ടുള്ള എല്ലാ കൃപാമാർഗ്ഗങ്ങളിലും ഭാഗഭാക്കാകുന്നതിന്റെ നാന്ദിയും പ്രവേശനവുമായിട്ടാണ്. അങ്ങനെ പ്രവേശിച്ചു സകല കരുണയും കൃപയും ആസ്വാദിച്ചിട്ടും അവിശ്വാസത്തിലേക്ക് ഒരാൾ പോകയാണെങ്കിൽ അയാൾക്ക് ഒരു സാധാരണ അവിശ്വാസിയേക്കാൾ കൂടുതൽ കുറ്റമുണ്ടെന്നു തന്നെയാണ് സഭ പഠിപ്പിക്കുന്നത് (എബ്രായ ലേഖനം 10:26 മുതൽ നോക്കുക).

മാമ്മോദീസായ്ക്കു ശേഷവും വിശ്വാസത്തിലും സഭാ ജീവിതത്തിലും സുകൃത പരിശീലനത്തിലും കൂടിയാണ് പൂർണ്ണതയിലേക്ക് വരേണ്ടത്. വിശ്വാസികളുടെ കുഞ്ഞുങ്ങളുടെ വളർച്ച ശൈശവത്തിലേ ആരംഭിക്കാം. അതിന്റെ തുടക്കവും ക്രിസ്തു ശരീരത്തിലേക്കുള്ള കൂട്ടിച്ചേർക്കലുമാണ് മാമ്മോദീസാ കൊണ്ടു സാധിക്കുന്നത്. മാമ്മോദീസാ ജനനമാണ്, ആരംഭമാണ്. അതിനുശേഷമുള്ള ജീവിതവും മാമ്മോദീസാപോലെ തന്നെ പ്രാധാന്യമുള്ളതാണ്. പക്ഷേ, ജനനവും ആരംഭവും വിശ്വാസികളുടെ ശിശുക്കൾക്കു വിരോധിക്കുന്നത് അക്രൈസ്തവമാണെന്നു മാത്രം.

പാഠം 3

പരിശുദ്ധ കന്യകമറിയാം

നവീകരണ വിശ്വാസികളുടെ ആരോപണങ്ങൾ

നവീകരണ വിഭാഗങ്ങളെല്ലാം തന്നെ പരിശുദ്ധ കന്യകമറിയാമിന്റെ മദ്ധ്യസ്ഥതയേയും ബഹുമാന്യതയേയും ചോദ്യം ചെയ്യുന്നു എന്നു പറയുവാൻ ഒരിക്കലും സാധ്യമല്ല. എന്നാൽ ആധുനിക അമേരിക്കൻ സഭാവിഭാഗങ്ങളിലധിക പങ്കും ദൈവപ്രസവിത്രിയേയും സാത്താനേയും ഏതാണ്ടു തുല്യനിലയിൽ കണക്കാക്കുന്നവരാണ്. ചില ലത്തീൻ രാഷ്ട്ര

ങ്ങളിൽ ദിവ്യകന്യകയോടുള്ള ഭക്തിയുടെ പേരിൽ നടക്കുന്ന കൂത്താട്ട ങ്ങളും മദ്യപാനവും കാണുമ്പോൾ ഈ മേരി വിദ്വേഷികളോടല്പമൊരു സഹതാപവും തോന്നിപ്പോകും.

എന്നാൽ പ്രശസ്ത വേദശാസ്ത്ര പണ്ഡിതരായ നവീകരണ വിശ്വാ സികളുടെ മനസ്സിൽപ്പോലും കാതോലിക സഭകളുമായി അടുക്കുന്നതിന്, ഏറ്റവും വലിയ പ്രയാസമായി നിലകൊള്ളുന്നത്, പരിശുദ്ധ കന്യകയ്ക്ക് കാതോലിക സഭകൾ കൊടുക്കുന്ന സ്ഥാനമാണ്. അവരുടെ പ്രധാന ആരോപണങ്ങളിവയാണ്.

1. പരിശുദ്ധ കന്യകയെപ്പറ്റിയുള്ള വിശ്വാസങ്ങൾ വേദാധിഷ്ഠിതങ്ങ ളല്ല. "A Protestant can not understand how, on a silence as great as that of the first centuries of the Church with regard to Mary, Catholic Mariology has been able to build in all good faith" (മറിയാമിനെക്കുറിച്ച് സഭയുടെ ആദി മശതകങ്ങൾ പാലിക്കുന്ന മഹാമൗനത്തിന്മേൽ കത്തോലിക്കാ മേരി ശാസ്ത്രം ഉത്തമവിശ്വാസത്തോടെ പണിതുറപ്പിക്കുന്നതെങ്ങിനെയെന്ന് ഒരു നവീകരണ വിശ്വാസിക്ക് മനസിലാക്കുവാൻ കഴിയുന്നില്ല) എന്ന് ഒരു റിഫോംമ്ഡ് പാദ്രിയായ മാക്സ് തുരിയാൻ (Max Thurian) പറയുന്നു.

2. പരിശുദ്ധ കന്യകയോടുള്ള പ്രാർത്ഥനകളും ബഹുമതി പ്രകടന ങ്ങളും വിഗ്രഹാരാധനയിലേക്കു വഴിനടത്തുന്നുവെന്നാണ് രണ്ടാമത്തെ ആരോപണം. കിഞ്ചിജ്ഞരായ സാമാന്യ വിശ്വാസികൾ സ്രഷ്ടാവായ ദൈവത്തെ ആരാധിക്കുന്നതിനു പകരം ഒരു സൃഷ്ടിയായ സ്ത്രീയെ ആരാധിക്കുന്നതിനിടയാകുന്നു. മെക്സിക്കോയിലും സ്പെയിനിലും ഫ്രാൻസിലുമൊക്കെ, പഴയ പേഗൻ ദേവതകളുടെ വിഗ്രഹങ്ങളെ കന്യ കമറിയാമിന്റെ വിഗ്രഹങ്ങളായി രൂപാന്തരപ്പെടുത്തി, ഗ്രാമവാസികളും തീർത്ഥാടകരും അവയെ ദേവതയായിത്തന്നെ ആരാധിച്ചുവരുന്നു എന്നും ആരോപണമുണ്ട്. ലാസലേറ്റിലും ലൂർദ്ദിലും കന്യകമറിയാമ്മിനെ ദൈവ മാക്കിക്കൊണ്ടുള്ള ആരാധനയാണത്രെ.

3. ക്രിസ്തുവിന്റെ രക്ഷകത്വത്തെ കുറേശ്ശ കുറേശ്ശയായി പുറകോട്ടു തള്ളി കന്യകമറിയാമിന് ആ സ്ഥാനം കൊടുക്കുവാനുള്ള ഉദ്യമമാണ് റോമ്മാസഭ നടത്തുന്നതെന്നാണ് മൂന്നാമത്തെ ആരോപണം. അവർ ചൂണ്ടിക്കാണിക്കുന്ന ചില കാര്യങ്ങൾ:-

a. നമ്മുടെ കർത്താവിന്റെ അത്ഭുതാവഹമായ ജനനത്തിനു സമമായി പരിശുദ്ധ കന്യകയുടെ അത്ഭുതാവഹമായ അമലോല്ഭവ സിദ്ധാന്തം കൊണ്ടുവന്നിരിക്കുന്നു. b. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിന് സമമായി, പരിശുദ്ധ കന്യകയുടെ സ്വർഗ്ഗാരോഹണം രക്ഷയ്ക്കായി വിശ്വ സിയ്ക്കേണ്ട സത്യമായി പ്രഖ്യാപനം ചെയ്തിരിക്കുന്നു. c. കർത്താ

വിന്റെ ജീവിതത്തിലെ സന്തോഷാത്മകങ്ങളും വേദാത്മകങ്ങളും മഹത്വാത്മകങ്ങളുമായ പതിനഞ്ചു സംഭവങ്ങൾ വീതം ധ്യാനിക്കുന്നതിനുള്ള കൊന്തയുടെ കൂടെ 150 'നന്മ നിറഞ്ഞ മറിയമേ' കൂടി ചൊല്ലുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. d. കർത്താവിന്റെ തിരുഹൃദയത്തിന്റെ (Sacred Heart) ആരാധനയ്ക്കു സമമായി കന്യകമറിയാമിന്റെ അമലഹൃദയത്തെ (Immaculate Heart) ആരാധിക്കുവാൻ തുടങ്ങിയിരിക്കുന്നു. e. മരിയൻ ആണ്ടായ 1954-ൽ മാർപ്പാപ്പ പ്രസിദ്ധം ചെയ്ത പരിശുദ്ധ കന്യകയോടുള്ള പ്രാർത്ഥനയിൽ മനുഷ്യരെ രക്ഷിക്കുന്നവളായിത്തന്നെ ദൈവമാതാവിനെ വിഭാവനം ചെയ്തിരിക്കുന്നു.

സഭാവിശ്വാസ ചരിത്രം എന്തു പറയുന്നു?

കിഴക്കൻ സഭകളെ സംബന്ധിച്ചിടത്തോളം വിശ്വാസപരമായ കാര്യങ്ങൾ തീരുമാനിക്കുന്നതിന് മൂന്നു സംഗതികൾ പരിശോധിക്കേണ്ടതാവശ്യമാണ്. വി. വേദപുസ്തകം (Scripture), സഭയിൽ പൊതുവേ സ്വീകരിക്കപ്പെട്ടിട്ടുള്ള വിശ്വാസസംഹിത (Dogma), സഭയുടെ ആരാധന (Liturgy & devotion), ഇവ മൂന്നും കൂടിയാണ് പ്രശ്നാത്മകമായ വിഷയങ്ങളിൽ ഒരു തീരുമാനത്തിലെത്തുന്നതിനു നമ്മെ സഹായിക്കേണ്ടത്. പരിശുദ്ധ കന്യകമറിയാമ്മിന്റെ സ്ഥാനമാഹാത്മ്യത്തെപ്പറ്റിയും ഈ മൂന്നുപാധികളെ ആധാരമാക്കി നമുക്ക് അല്പമായൊന്നു ചിന്തിക്കാം.

വി. വേദപുസ്തകം

സാധാരണ ചിന്താഗതിയിൽ വേദപുസ്തകം വായിക്കുമ്പോൾ വിശുദ്ധ കന്യകമറിയാമിനെ ബഹുമാനിക്കുന്നതിനെതിരായി മൂന്ന് പ്രധാന വേദവിഭാഗങ്ങൾ കണ്ണിൽപ്പെടുന്നുണ്ട്. ഒന്നാമത്തേതു വി. മത്തായിയുടെ സുവിശേഷം 11:11, വി. ലൂക്കോസ് 7:28 ആണ്. "സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല." ഇങ്ങനെയെങ്കിൽ പരിശുദ്ധ കന്യകയെ ബഹുമാനിക്കുന്നതിനേക്കാൾ കൂടുതലായി നാം വി. യോഹന്നാൻ മാംദോനോയെ ബഹുമാനിക്കേണ്ടതല്ലയോ?

വി. ലൂക്കോസിന്റെ സുവിശേഷം 11:27-28 ആണ് രണ്ടാമത്തെ വേദവിഭാഗം. "ഇതു പറയുമ്പോൾ പുരുഷാരത്തിൽ ഒരു സ്ത്രീ ഉച്ചത്തിൽ അവനോട് 'നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളവ' എന്നു പറഞ്ഞു. അതിന് അവൻ 'അല്ല ദൈവത്തിന്റെ വചനം കേട്ട് പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ' എന്നു പറഞ്ഞു." ഇവിടെയും വി. ദൈവമാതാവിന്റെ പ്രാമുഖ്യത്തെ നമ്മുടെ കർത്താവ് കുറയ്ക്കുകയല്ലേ ചെയ്തത്?

ഇതുപോലെ പലരും എടുത്തുകാണിക്കുന്ന മൂന്നാമതൊരു വേദ വിഭാഗം കാനായിലെ കല്യാണവേളയിൽ വീഞ്ഞു തീർന്നുപോയി എന്നുള്ള മാതാവിന്റെ ഉൽബോധനത്തിനു മറുപടിയായി നമ്മുടെ കർത്താവു പറഞ്ഞ "സ്ത്രീയേ, എനിക്കും നിനക്കും തമ്മിലെന്ത്?" (വി. യോഹ. 2:4) എന്ന വചനം ആണ്.

ഇവ മൂന്നിനെയും പറ്റി ചുരുക്കമായി ചിലതു പറഞ്ഞുകൊള്ളട്ടെ.

വി. മത്തായി 11 മുഴുവൻ വായിച്ചുനോക്കുക. അതിങ്ങനെ തുടരുന്നു. "എന്നാൽ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു." ഐഹിക ജനനസംബന്ധമായ ഒരു മഹത്വം മാത്രമാണ് നമ്മുടെ കർത്താവ് വി. യോഹന്നാനു കല്പിക്കുന്നത്. അത് ഒരു പക്ഷേ അദ്ദേഹം ഏലിയാ പ്രവാചകന്റെ ആത്മാവായതുകൊണ്ടായിരിക്കാം. എന്നാൽ സ്വർഗ്ഗരാജ്യത്തിലെ മഹത്വം ദൈവദത്തമായതാണ്. പരിശുദ്ധ കന്യകമറിയം ജന്മനാ വി. യോഹന്നാനേക്കാൾ ഉയർന്നവളല്ല. അമലോത്ഭവ സിദ്ധാന്തത്തെ നിരാകരിക്കുന്നതിന് ഇതുതന്നെ മതിയായ തെളിവാണ്. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ പാപമില്ലാത്തവൾ വി. കന്യക മാത്രമാണെന്ന് പറയുവാനും ഇതുകൊണ്ട് സാദ്ധ്യമല്ല. വി. യൂഹാനോനായിരിക്കണം അതിനേക്കാൾ പാപമില്ലാത്തവൻ. എന്നാൽ സ്വർഗ്ഗരാജ്യത്തിൽ പ്രഥമസ്ഥാനം പരിശുദ്ധ കന്യകയ്ക്കാകുവാൻ ഈ വാക്യം ഒരു തടസ്സമല്ല താനും. എന്നാലെന്തിലാണ് വിശുദ്ധ കന്യകയുടെ മഹത്വം സ്ഥിതിചെയ്യുന്നത്. ദൈവത്തെ പ്രസവിച്ചു എന്നതിലാണോ? ആ ചിന്തയ്ക്കെതിരല്ലേ രണ്ടാമതും മൂന്നാമതും ഉദ്ധരിച്ച വാക്യങ്ങൾ.

ഏതായാലും കാനായിലെ കല്യാണത്തിൽവെച്ചു പറഞ്ഞ വാക്യത്തെ കർത്താവും തന്റെ മാതാവും തമ്മിൽ ഒരു ബന്ധവുമില്ല എന്ന അർത്ഥത്തിൽ വ്യാഖ്യാനിക്കുന്നത് വെറും മൂഢത്വമാണ്. അറമായ ഭാഷയിലെ ഒരു പ്രത്യേക ശൈലിയാണിത്. ഒന്നാമത്, "എനിക്കും നിനക്കും തമ്മിൽ എന്ത്" എന്ന് മൂലഭാഷയിലില്ല. "എനിക്കും നിനക്കും എന്ത്?" എന്നേ ഗ്രീക്ക് പറയുന്നുള്ളൂ. പക്ഷേ, അതിന്റെ പോലും അർത്ഥം നമുക്കിതിൽ പങ്കില്ലെന്നല്ല; പ്രത്യുത, ഏതെങ്കിലും ഒരഭ്യർത്ഥനയെ നിരാകരിക്കുന്നതിനുള്ള സ്നേഹപൂർണ്ണമായ ഒരു ശൈലിപ്രയോഗം മാത്രമാണിത്.

എന്നാൽ തന്റെ മാതാവിനെ ബഹുമാനിച്ചും പുകഴ്ത്തിയും സംസാരിച്ച സ്ത്രീയുടെ വചനങ്ങൾക്ക് മറുപടിയായി കർത്താവ് പറഞ്ഞ വാക്കിന്റെ അർത്ഥം മാതാവിനേക്കാൾ ഭാഗ്യവാന്മാരാണ് സാധാരണ ക്രിസ്ത്യാനികൾ എന്നല്ലേ?

അല്ല, ഒരിക്കലും അല്ല.

തന്റെ മാതാവിന്റെ യഥാർത്ഥ ഭാഗ്യത്തെ ആ സ്ത്രീ തെറ്റിദ്ധരിച്ചു വെന്നുള്ളതാണ് കർത്താവ് പറഞ്ഞ വാക്കിന്റെ സാരം. കർത്താവുമായുള്ള ശാരീരിക സമ്പർക്കമുണ്ടാവുകയെന്നതല്ല മനുഷ്യന്റെ മഹാഭാഗ്യം. കർത്താവിനെ ഗർഭത്തിൽ വഹിച്ചതുകൊണ്ടുമല്ല പരിശുദ്ധ കന്യക സർവ്വരേക്കാൾ ഭാഗ്യവതിയായത്.

വി. ലൂക്കോസ് 11:28 ഒരിക്കൽക്കൂടെ വായിച്ചുനോക്കുക. അതാണ് വിശുദ്ധ ദൈവമാതാവിന്റെ യഥാർത്ഥ ഭാഗ്യം. വിധിനിർണ്ണായകമായ ദൈവവചനം കേൾക്കുകയും അവയെ ഹൃദയത്തിൽ സംഭരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ. വചനം ഗബ്രിയേൽ മാലാഖയിൽക്കൂടി വന്നപ്പോൾ അതു കേൾക്കുകയും ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്യുവാൻ പരിശുദ്ധ കന്യക സന്നദ്ധയായി എന്നുള്ളതാണ് വി. മറിയാമിന്റെ മഹാഭാഗ്യം.

"അവന്റെ അമ്മയാകട്ടെ ഈ സംഗതികളെല്ലാം അവളുടെ ഹൃദയത്തിൽ സംഭരിച്ചുവെച്ചു" (വി. ലൂക്കോസ് 2:51).

ഇതാണ് സഭയുടെ അടിസ്ഥാനം. സുവിശേഷമാകുന്ന ദിവ്യവചനത്തെ നാം ഹൃദയപൂർവ്വം സ്വീകരിക്കുകയും സംഭരിക്കുകയും ചെയ്യുന്നതുമൂലം യഥാർത്ഥ ദിവ്യവചനമായ യേശുമിശിഹാ നമ്മിലേക്കെഴുന്നെള്ളി വരുന്നു (പരിശുദ്ധ കുർബാന). കന്യകമറിയാമിനുണ്ടായ അനുഭവത്തിൽ നിന്നാണ് സഭയുടെ ഉത്ഭവം. പരിശുദ്ധ കന്യക ദൈവവചനത്തെ ശ്രവിക്കുകയും സ്വീകരിക്കുകയും ഹൃദയത്തിൽ സംഭരിക്കുകയും ചെയ്തു. അങ്ങിനെ പുത്രൻതമ്പുരാൻ ആ ജീവിതത്തിൽ ഉരുവായി. ഈ കർതൃശരീരമാണ് സഭ. സഭയേയും പരിശുദ്ധ കന്യകയേയും നമ്മുടെ കർത്താവിനേയും അന്യോന്യം മാറ്റിനിറുത്തുവാൻ സാദ്ധ്യമല്ല. ഇതാണ് കിഴക്കൻ സഭകൾ വിശുദ്ധ മറിയാമിന് കൊടുക്കുന്ന അതുല്യസ്ഥാനത്തിന്റെ അടിസ്ഥാനം. അത് വേദപുസ്തകത്തിനെതിരല്ല. പ്രത്യുത വേദാധിഷ്ഠിതമാണ്.

വേദപുസ്തകവും ആദിമ ക്രൈസ്തവ ശതകങ്ങളും ദൈവമാതാവിനെപ്പറ്റി മൗനമവലംബിക്കുന്നു എന്നു തോന്നുന്നത് വേദപുസ്തക ശബ്ദം കേൾക്കുവാൻ നമുക്ക് ചെവിയില്ലെന്നുള്ളതിന്റെ ഫലം മാത്രമാണ്. കൃപ നിറഞ്ഞ മറിയമേ എന്നുള്ള പ്രാർത്ഥനയിലെ ആദ്യഭാഗം ഗബ്രിയേൽ മാലാഖ സംസാരിച്ച ദൈവവചനമാണെന്നുള്ളതു പോലും ഓർമ്മയില്ലാത്ത എന്റെ ലൂഥറൻ സുഹൃത്തിനെപ്പോലുള്ളവർക്ക് ആ പ്രാർത്ഥന 'വ്യഭിചാര'മാണെന്നു പറയുവാൻ തോന്നിയത് ഒന്നുകിൽ അജ്ഞത കൊണ്ടോ അല്ലെങ്കിൽ ആഹങ്കാരം കൊണ്ടോ, ഒരു പക്ഷേ ഇതു രണ്ടിന്റേയും ഫലമായോ ആയിരിക്കണം. ഈ പ്രാർത്ഥനയിലെ രണ്ടാമത്തെ

വാചകം വിശുദ്ധയായ ഏലിശ്ബാ പറഞ്ഞതായി വേദപുസ്തകത്തിലുള്ള വാക്യമാണ് (ലൂക്കോസ് 1:42). അവസാനത്തെ വാചകം, കർതൃപ്രാർത്ഥനയോടുകൂടെ സഭ ചേർത്തതുപോലെ (എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും നിനക്കുള്ളതാകുന്നു) ക്രിസ്തുശരീരത്തിന്റെ അതിപ്രധാന ഭാഗമായ പരിശുദ്ധ കന്യകയോട്, നമുക്കുവേണ്ടി പ്രാർത്ഥിപ്പാനുള്ള ഒരർത്ഥനയുമാണ്. ഇതിലെവിടെയാണ് വിഗ്രഹാരാധനയോ വേദവിപരീതമോ ഉള്ളതെന്ന് ശാന്തമായി ചിന്തിക്കുന്നവർക്ക് കാണുവാൻ പ്രയാസമാണ്.

പരിശുദ്ധ കന്യകയെക്കുറിച്ചുള്ള സഭയുടെ വിശ്വാസം വേദാധിഷ്ഠിതമാണോ എന്നുള്ളതിനെക്കുറിച്ചു കൂടുതൽ ചിന്തിക്കണമെന്നാഗ്രഹമുള്ളവർ താഴെപ്പറയുന്ന രേഖകൾ പരിശോധിക്കുന്നത് സഹായകമായിരിക്കും.

The Mother of God, Edited by E. L. Mascall, Dacre Press, London, 1949 (6 shillings).

സഭാപിതാക്കന്മാരുടെ വീക്ഷണം

സഭയുടെ വിശ്വാസ സംഹിതയുടെ അടിസ്ഥാനത്തിൽ കൂടിയും വി. കന്യകമറിയാമിനെക്കുറിച്ചു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. പിതാക്കന്മാരുടെ എഴുത്തുകൾ, വിശ്വാസപ്രമാണങ്ങൾ, വേദശാസ്ത്രം (Dogmatic Theology) എന്നിവയും നമുക്ക് പരിശോധിക്കാം.

പാശ്ചാത്യസഭകളിലെ പിതാക്കന്മാരാണ് ഇത് സംബന്ധിച്ച് ആദ്യമായും അധികമായും എഴുതിയത്. അവരിലെല്ലാം പൊതുവെ കാണുന്ന ആശയഗതി, ആദിമസ്ത്രീയായ ഹവ്വായുടെ പാപം മൂലം വന്ന ശാപത്തിന് ശാന്തിയുണ്ടായത്, ദ്വിതീയ സ്ത്രീയായ പരിശുദ്ധ കന്യകമറിയാം ദൈവത്തിനു തന്നെത്തന്നെ കീഴ്പ്പെടുത്തിക്കൊടുത്തതു കൊണ്ടാണെന്നുള്ളതാണ്. ആധുനിക കാതോലിക വേദശാസ്ത്രത്തിൽ ഇതിന് Eva - ave doctrine എന്നു പേരു പറയുന്നു (Eva എന്നുള്ളതു ഹവ്വായുടെ ലത്തീൻ രൂപവും ave എന്നുള്ളതു കൃപനിറഞ്ഞ മറിയമേ എന്നുള്ള പ്രാർത്ഥനയിലെ ആദ്യ പദവുമാണ്. Eva എന്ന കന്യകയുടെ ദുഷ്പ്രവൃത്തിക്കു പരിഹാരമുണ്ടായതു വേറൊരു കന്യക ave എന്നു തുടങ്ങുന്ന ദൈവവചനം സ്വീകരിച്ചതു മൂലമാണല്ലോ).

ജസ്റ്റിൻ മാർട്ടിയർ

166-ാമാണ്ടിൽ റോമിൽ വച്ചു കൊല്ലപ്പെട്ട ഈ പിതാവ് യഹൂദന്മാരെ ഉദ്ദേശിച്ചെഴുതിയ ട്രൈഫോവുമായുള്ള സംഭാഷണം എന്ന ഗ്രന്ഥത്തിലാണ് ആദ്യമായി ഈ വിഷയത്തെപ്പറ്റി പ്രതിപാദിച്ചു കാണുന്നത്.

"സകല സൃഷ്ടിക്കും മുമ്പായി പിതാവിൽനിന്നും അവന്റെ ശക്തിയും ഇച്ഛയും മൂലം ജനിച്ചവനാണ് താൻ (വചനം) എന്നും നാം അറിയുന്നു. ... സർപ്പം മൂലമുണ്ടായ അനുസരണക്കേട്, അതാരംഭിച്ച വിധത്തിൽ തന്നെ ഇല്ലാതാക്കുവാൻ വേണ്ടി, താൻ കന്യകയിൽനിന്നു ജനിച്ചു മനുഷ്യനായിത്തീർന്നു. എന്തുകൊണ്ടെന്നാൽ അന്നുവരെ നിഷ്ക്കന്മഷ കന്യകയായിരുന്ന ഹവ്വാ സർപ്പം സംസാരിച്ച വചനത്തെ ഗർഭത്തിൽ ധരിക്കുകയും അനുസരണക്കേടിനേയും മരണത്തേയും ജനിപ്പിക്കുകയും ചെയ്തു. കന്യകമറിയാമാകട്ടെ വിശ്വാസവും സന്തോഷവും കൊണ്ടു നിറഞ്ഞിട്ടു (ദൈവത്തിന്റെ ആത്മാവ് അവളുടെ മേൽ വരുമെന്നും അത്യുന്നതന്റെ ശക്തി അവളെ നിഴലിടുമെന്നും, തന്മൂലം അവളിൽനിന്നും ജനിക്കുന്ന പരിശുദ്ധൻ ദൈവപുത്രനാണെന്നുമുള്ള സദ്വാർത്ത മാലാഖാ അവളെ അറിയിച്ചപ്പോൾ) ഉത്തരം പറഞ്ഞത് "നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ" എന്നായിരുന്നുവല്ലോ.

തെർത്തുല്യൻ

ക്രിസ്തബ്ദം 150 മുതൽ 220 വരെ വടക്കേ ആഫ്രിക്കയിലെ ഒരു കശ്ശീശായായിരുന്ന തെർത്തുല്യൻ പാശ്ചാത്യ വേദശാസ്ത്രത്തിന്റെ പിതാക്കന്മാരിലൊരാളാണ്. ത്രിത്വം, ക്നൂമാ, ആദിയായ പദങ്ങൾപോലും അദ്ദേഹത്തിന്റെ സൃഷ്ടികളത്രെ. De Carne Chirst എന്ന അദ്ദേഹത്തിന്റെ കൃതികളുടെ 17-ാം അദ്ധ്യായത്തിൽ നിന്നാണീ ഉദ്ധരണി.

"സാത്താൻ കരസ്ഥമാക്കിയ ദൈവരൂപവും സാമ്യവും സാത്താന്റെ പ്രവൃത്തിക്കു തുല്യമായ ഒരു പ്രവൃത്തി മൂലം ദൈവം വീണ്ടെടുത്തു. മരണസ്ഥാപകമായ വചനം ഹവ്വായിലേയ്ക്കു പ്രവേശിച്ചത് ഹവ്വാ കന്യകയായിരിക്കെയായിരുന്നു. അപ്രകാരം തന്നെ ജീവനെ സ്ഥാപിക്കയും കെട്ടിപ്പടുക്കുകയും ചെയ്യുന്ന ദൈവവചനവും ഒരു കന്യകയിലേയ്ക്കു തന്നെ പ്രവേശിച്ചു. ഇതുണ്ടായതു സ്ത്രീവർഗ്ഗം നാശവിധേയമാക്കിയതിനെ സ്ത്രീവർഗ്ഗത്തിൽക്കൂടെത്തന്നെ രക്ഷയിലേയ്ക്കു തിരിയെ കൊണ്ടുവരാൻ വേണ്ടിയായിരുന്നു. ഹവ്വാ സർപ്പത്തെ വിശ്വസിച്ചു; മറിയാം ഗബ്രിയേലിനെ വിശ്വസിച്ചു. ഒരുവൾ തന്റെ വിശ്വാസം മൂലം ഉളവാക്കിയ അബദ്ധത്തെ മറ്റവൾ വിശ്വാസം മൂലം ദൂരീകരിച്ചു.

ഐറേനിയോസ്

ദക്ഷിണഗാൾ പ്രദേശത്തെ ലിയോൺസ് നഗരത്തിലെ മെത്രാനായിരുന്ന ഈ പിതാവ് ക്രിസ്തബ്ദം 200-ാമാണ്ടിൽ കാലം ചെയ്തു. അപ്പസ്തോലിക കാലത്തിന് ശേഷമുണ്ടായ മൂന്നു പ്രധാന വേദശാസ്ത്ര കേന്ദ്രങ്ങൾ അലക്സന്ത്ര്യ (ഒറിഗൻ, ക്ലീമിസ്), വടക്കേ ആഫ്രിക്കാ (തെർത്തുല്യൻ), ആസ്യമൈനർ (വി. യോഹന്നാൻ, പോളിക്കാർപ്പ്) എന്നി

വയായിരുന്നു. ആസ്യയിലെ ഈ വേദശാസ്ത്ര ചിന്താഗതി തിരുവെഴുത്തുകളിന്മേൽ അധിഷ്ഠിതവും, മറ്റു രണ്ടു കേന്ദ്രങ്ങളിലെയും ആത്യന്തിക ചിന്താസരണികളെ രമ്യപ്പെടുത്തികൊണ്ടുള്ളതുമത്രേ. അതിന്റെ പ്രധാന വിധാതാവാണ് വി. ഐറേനിയോസ്. വേദവിപരീതികൾക്കെതിരായെഴുതിയ Adversus Haereses എന്ന ഗ്രന്ഥത്തിന്റെ മൂന്നാം പുസ്തകം 22-ാം അദ്ധ്യായത്തിലും അഞ്ചാം പുസ്തകം 19-ാം അദ്ധ്യായത്തിലും അദ്ദേഹം പരിശുദ്ധ കന്യകയെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. അവിടെയും കന്യകയായ ഹവ്വായുടെ പാപം മൂലം വന്ന ദുരന്തം കന്യകയായ മറിയാമിന്റെ അനുസരണം മൂലമാണ് പരിഹൃതമാകുന്നതെന്ന ചിന്തയാണ് മുന്നിട്ടു നിൽക്കുന്നത്. 5.19-ൽ നിന്നൊരു ഭാഗം താഴെ ഉദ്ധരിക്കുന്നു.

“സന്ദേശവാഹകന്റെ സംസാരം മൂലം വശീകൃതയായ ഹവ്വാ ദൈവവചനത്തെ നിഷേധിച്ചുകൊണ്ട് ദൈവസന്നിധിയിൽ നിന്നും പലായനം ചെയ്തു. മറിയാമിനോടു സന്ദേശവാഹകൻ (മാലാഖ) സദ്വാർത്ത പ്രഖ്യാപനം ചെയ്തു. അവൾ ആ വചനത്തെ അനുസരിച്ചുകൊണ്ടു ദൈവത്തെ ഉള്ളിൽ വഹിച്ചു. ഒരുവൾ ദൈവത്തെ നിഷേധിച്ചുവെങ്കിലും മറ്റവൾ അവനെ അനുസരിപ്പാൻ കാരണമായി. അങ്ങനെ കന്യകമറിയാം കന്യകയായ ഹവ്വായുടെ പ്രതിപാഠക (Advocate) ആയിത്തീർന്നു. ഒരു കന്യക മൂലം മനുഷ്യവർഗ്ഗം മരണത്തിലേയ്ക്കു പിടിച്ചുകെട്ടപ്പെട്ടതു പോലെ തന്നെ മറ്റൊരു കന്യക മൂലം അതു വിമുക്തമായി (രക്ഷിക്കപ്പെട്ടു). ഒരു കന്യകയുടെ അനുസരണക്കേടിനു പ്രതിവിധിയായി ഒരു കന്യകയുടെ അനുസരണം ഉണ്ടായി.”

ഈ മൂന്നു പിതാക്കന്മാരുടെയും അഭിപ്രായഗതിയിൽ കന്യകമറിയാമിനെ ദൈവത്തിന്റെ നിശ്ചേഷ്ടമായ (passive) ഒരു ഉപകരണമായി മാത്രമല്ല കരുതുന്നത്. പ്രത്യുത സ്വമേധയാ സഹകരിക്കുന്ന ഒരു മനുഷ്യവ്യക്തിയായിട്ടത്രെ. കന്യകയുടെ വിശ്വാസവും അനുസരണവും കർത്താവിന്റെ മനുഷ്യാവതാരത്തിനാവശ്യമായിരുന്നു. ദൈവം തന്നെ തെരഞ്ഞെടുത്തു എന്നുള്ള അത്ഭുതാവഹ പരമാർത്ഥത്തോടൊപ്പം തന്നെ നാം അനുസ്മരിക്കേണ്ടതാണ് പരിശുദ്ധ കന്യകയുടെ ഈ സ്വമേധയാ സഹകരണവും അനുസരണവും.

ക്രിസ്താബ്ദം ഇരുനൂറാമാണ്ടിനോടടുത്ത് ഇതുപോലുള്ള വിശ്വാസം ക്രൈസ്തവ വേദശാസ്ത്രത്തിന്റെ എല്ലാ കേന്ദ്രങ്ങളിലും പരന്നുകഴിഞ്ഞിരുന്നുവെങ്കിൽ ആദിമസഭയുടെ വിശ്വാസത്തിൽ തന്നെ അലിഖിതമായിക്കിടന്നിരുന്ന ഒരു പാരമ്പര്യമായിരുന്നു പരിശുദ്ധ കന്യകയ്ക്കു നൽകപ്പെടുന്ന ഉന്നതസ്ഥാനമെന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല.

ഏതാണ്ട് നാലാം ശതാബ്ദമാകുമ്പോഴേയ്ക്ക് പരിശുദ്ധ കന്യകയെ

ക്കുറിച്ചുള്ള ചിന്തയും വന്ദനവും കുറേക്കൂടെ ഉച്ചസ്ഥാനത്തെത്തുന്നു. ഊർശ്ലേമിലെ മാർ കൂറിലോസ് (315-386), മാർ അപ്രേം (378-ൽ അന്തരിച്ചു), മാർ എപ്പിഫാനിയോസ് (320-400), ജെറോം (331-420) എന്നീ പിതാക്കന്മാരും അഗസ്തീനോസും (430-ൽ അന്തരിച്ചു) അഖണ്ഡസഭയിൽത്തന്നെ ദൈവപ്രസവിത്രിയെക്കുറിച്ച് സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്. ഇവരെല്ലാവരും അനുകരിക്കുന്ന ചിന്താഗതി മേലുദ്ധരിച്ച മൂന്നു പിതാക്കന്മാരുടേതു തന്നെയാണ്.

എന്നാൽ ഇതിൽ നിന്നല്പം വ്യത്യസ്തമായ ഒരു ചിന്താഗതിയാണ് മറ്റു ചില പിതാക്കന്മാരുടെ എഴുത്തുകളിൽ കാണുന്നത്. മാർ ബസ്സേലിയോസ്, സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ്, അലക്സന്ത്ര്യയിലെ മാർ കൂറിലോസ് എന്നീ മൂന്നു പിതാക്കന്മാരുടെ അഭിപ്രായങ്ങൾ പ്രത്യേകം ശ്രദ്ധേയങ്ങളാണ്.

മാർ ബസ്സേലിയോസ് (379-ൽ അന്തരിച്ചു) തന്റെ 260-ാം ലേഖനത്തിൽ ഈ വിഷയത്തെക്കുറിച്ച് പറയുന്നത് നമ്മുടെ കർത്താവിന്റെ മാതാവിനു തന്നിലുള്ള വിശ്വാസംപോലും ക്രൂശുമരണ സമയത്ത് ഇളകിപ്പോയെന്നും ശിമെയോൻ പ്രവചിച്ച "നിന്റെ സ്വന്തപ്രാണനിൽക്കൂടെയും ഒരു വാൾ കടക്കും" എന്ന വചനത്തിന്റെ അർത്ഥം ഇതാണെന്നുമാണ്. തന്റെ ഉയിർത്തെഴുന്നേല്പിനുശേഷം മാത്രമാണ് പരിശുദ്ധ കന്യകയുടെ പോലും വിശ്വാസം യഥാർത്ഥത്തിൽ ഉറച്ചതെന്നാണ് ഈ പിതാവ് സൂചിപ്പിക്കുന്നത്.

മാർ ഈവാനിയോസ് (407-ൽ അന്തരിച്ചു) ഈ വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്നതു വി. മത്തായിയുടെ സുവിശേഷ വ്യാഖ്യാനം 4-ാം വിഭാഗം, 44-ാം വിഭാഗം, വി. യോഹന്നാന്റെ സുവിശേഷ വ്യാഖ്യാനം 1-ാം വിഭാഗം എന്നീയിടങ്ങളിലാണ്. ആദ്യഭാഗത്തിലെ തന്റെ ചിന്താഗതി ഏതാണ്ടിങ്ങനെ സംഗ്രഹിക്കാം.

മാർ യൗസേഫിനോടുള്ള അറിയിപ്പ് കന്യകയുടെ ഗർഭധാരണശേഷമായിരുന്നല്ലോ. വിശുദ്ധ കന്യകയോടും ഗർഭധാരണശേഷം മാത്രം ഈ ശിശു ദൈവപുത്രനാണെന്നറിയിച്ചാൽ മതിയായിരുന്നല്ലോ. പക്ഷേ, ഗർഭധാരണസമയത്തും അതിനുശേഷം കുറെ നാളത്തേക്കും തന്റെ ഉദരത്തിലുള്ള പ്രജയെപ്പറ്റിയുള്ള സത്യം ആ മാതാവിനറിയാൻ കഴിഞ്ഞില്ലായിരുന്നെങ്കിൽ ആ ശ്രേഷ്ഠ കന്യക വല്ല കടുംകയ്യും പ്രവർത്തിച്ചു പോകുമായിരുന്നു. അപമാനം സഹിക്കുവാൻ വഹിയാതെ കത്തിയോ കയറോ ഉപയോഗിച്ചു സ്വപ്രാണഹാനി വരുത്തുമായിരുന്നു. അതുകൊണ്ടാണ് മാലാഖാ ഗർഭധാരണത്തിനു മുമ്പുതന്നെ കന്യകയുടെ അടുക്കൽ വന്നത് (വി. മത്തായി 4).

44-ാം വിഭാഗത്തിലെ ചില വാചകങ്ങൾ പരിഭാഷ ചെയ്തു താഴെ ചേർക്കുന്നു:

"ഇന്നു നാം ഒരു പുതിയ കാര്യം മനസ്സിലാക്കുന്നു. അതായത് ക്രിസ്തുവിനെ ഗർഭത്തിൽ ധരിക്കുകയും അത്ഭുതാവഹമായ വിധത്തിൽ പ്രസവിക്കുകയും ചെയ്യുന്നതു കൊണ്ടു മാത്രം ഒരു പ്രയോജനവുമില്ല. പ്രത്യുത, യഥാർത്ഥ സൽഗുണം ഉണ്ടാകണം. ഇത് ഈ ഭാഗത്തിൽ നിന്നും സുവ്യക്തമാണ്. അവൻ പുരുഷാരത്തോടു സംസാരിക്കയിൽ തന്നെ ഇതാ അവന്റെ മാതാവും സഹോദരന്മാരും അവനോടു സംസാരിപ്പാനാഗ്രഹിച്ചുകൊണ്ടു പുറമേ നിൽക്കുന്നു. etc." (വി. മത്തായി 12:46-50). ഇതു താൻ പറഞ്ഞതു തന്റെ മാതാവിനെക്കുറിച്ചു തനിക്ക് ലജ്ജയുണ്ടായിരുന്നതുകൊണ്ടോ അവൾ തന്നെ ഗർഭത്തിൽ ധരിച്ചുവെന്നുള്ളത് നിഷേധിക്കുന്നതിനുവേണ്ടിയോ ആയിരുന്നില്ല. കാരണം അവളെക്കുറിച്ച് തനിക്ക് ലജ്ജയുണ്ടായിരുന്നെങ്കിൽ താൻ ആ ഗർഭത്തിൽകൂടെ കടക്കുകയില്ലായിരുന്നല്ലോ. എന്നാൽ താനിങ്ങനെ പറഞ്ഞത്, അവൾ കല്പനകളെ അനുസരിക്കാത്തിടത്തോളംകാലം ഇതുകൊണ്ട് പ്രയോജനമില്ലെന്ന് കാണിക്കുവാൻ വേണ്ടിയായിരുന്നു. എന്തെന്നാൽ അവളുടെ പ്രവൃത്തിയുടെ ഉത്ഭവം മഹത്വകാംക്ഷയിൽ നിന്നായിരുന്നു. തന്റെ മകന്റെ മേൽ തനിക്ക് ശക്തിയും അധികാരവുമുണ്ടെന്ന് പുരുഷാരത്തെ കാണിക്കുന്നതിന് വേണ്ടിയായിരുന്നു. ... താനെന്തുകൊണ്ടാണിങ്ങനെ പറഞ്ഞത്? തന്റെ മാതാവിന്റെ മനസ്സു കലക്കുന്നതിനു വേണ്ടിയല്ല, പ്രത്യുത സ്വേച്ഛാധിപത്യപരമായ ഒരു സ്നേഹത്തിൽനിന്ന് അവളെ വിമുക്തയാക്കി തന്നെ സംബന്ധിച്ചുള്ള ശരിയായ ആശയങ്ങളിലേയ്ക്ക് അവളെ ക്രമാനുഗതമായി കൊണ്ടുവരുന്നതിനും, താൻ അവളുടെ മകൻ മാത്രമല്ല അവളുടെ കർത്താവു കൂടെയാണെന്ന് അവളെ ധരിപ്പിക്കുന്നതിനും വേണ്ടിയായിരുന്നു."

അലക്സന്ത്ര്യായിലെ മാർ കൂറിലോസ് ഈ വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്നത് വി. യോഹന്നാന്റെ സുവിശേഷ വ്യാഖ്യാനം 12-ാം പുസ്തകം 1064-ാം വിഭാഗത്തിലാണ്. ക്രൂശിനടുത്ത് വിലപിച്ചുകൊണ്ടിരുന്ന പരിശുദ്ധ കന്യകയുടെ കരച്ചിൽ പുത്രമരണദുഃഖം കൊണ്ടു മാത്രമുണ്ടായതല്ല എന്നാണ് ഈ പിതാവിന്റെ ചിന്താഗതി. താൻ സർവ്വശക്തനായ ദൈവത്തിന്റെ പുത്രനാകുന്നു എന്ന് പ്രഖ്യാപിച്ച ഈ മകൻ എങ്ങിനെ മരണത്തിനും അപമാനത്തിനും അധീനനായിത്തീരുന്നു എന്നുള്ള ചിന്തയിൽനിന്നു കർത്താവിന്റെ ദിവ്യ സ്വഭാവത്തെത്തന്നെ ആ സമയത്ത് ആ മാതാവ് സംശയിച്ചുവെന്നാണ് മാർ കൂറിലോസ് പറയുന്നത്.

ഈ മൂന്നു പിതാക്കന്മാരും പരിശുദ്ധ കന്യകയെ ആരാധിക്കുകയും അത്യധികമായി ബഹുമാനിക്കുകയും ചെയ്തതായി കാണുന്നില്ലെന്നു മാത്രമല്ല, വിശ്വാസപരമായ സംശയം, മഹത്വാകാംക്ഷ എന്നീ പാപങ്ങൾ ദൈവമാതാവിൽ ആരോപിക്കുകയും ചെയ്യുന്നു.

പാഠം 4

vi. ദൈവമാതാവിന്റെ സ്ഥാനമാഹാത്മ്യം

തെയോട്ടൊക്കോസ്

പരിശുദ്ധ കന്യകയുടെ സ്ഥാനമാഹാത്മ്യത്തെക്കുറിച്ചുള്ള നിർവചനങ്ങളുടെ ചരിത്രം നമുക്കൊന്നാരായാം.

ആദിമ പിതാക്കന്മാരുടെയിടയിൽത്തന്നെ കന്യകമറിയാമിനെക്കുറിച്ച് വളരെ ഉയർന്ന ഒരു ചിന്തയുണ്ടായിരുന്നുവെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ നിന്നും കണ്ടുവല്ലോ. എന്നാൽ ഒന്നാം ശതാബ്ദത്തിന്റെ അന്ത്യം മുതൽ മിക്കവാറും എല്ലാ സഭാപിതാക്കന്മാരുംതന്നെ വളരെ മാഹാത്മ്യമുള്ള പദങ്ങളിലൂടെയാണ് കന്യകയെക്കുറിച്ച് സംസാരിക്കുന്നത്. ചില നവീകരണ ചിന്തകന്മാർ അഭിപ്രായപ്പെടുന്നതുപോലെ സഭയിൽ നാലാം ശതാബ്ദത്തിന് ശേഷമുണ്ടായ ഒരു വികസനമല്ല കന്യകയുടെ ഉന്നത സ്ഥാനം.

എന്നാൽ ഇതു സംബന്ധമായ ഒരു ഖണ്ഡിത നിർവചനമുണ്ടായത് നെസ്തോറിനെതിരായി തീരുമാനമെടുക്കുന്നതിനു കൂടിയ 431-ലെ എഫേസോസ് സുന്നഹദോസിൽ വെച്ചായിരുന്നു. തെയോട്ടൊക്കൊസ് (Theotokose - God bearer) എന്ന ബഹുമതി സഭ കന്യകയ്ക്ക് നൽകുന്നതിനെ 428-ൽ നെസ്തോർ എതിർത്തു. ഒറിഗന്റെ (188-254) കാലം മുതൽ സാധാരണയായി ഉപയോഗിച്ചുവന്ന പദമായിരുന്നു ഇത്. ഇവിടെയുണ്ടായിരുന്ന യഥാർത്ഥ വിവാദം കന്യകമറിയാമിന്റെ സ്ഥാനത്തെക്കുറിച്ചല്ല; പ്രത്യുത നമ്മുടെ കർത്താവിന്റെ മനുഷ്യസ്വഭാവത്തെക്കുറിച്ചായിരുന്നു. അന്ത്യോഖ്യൻ ചിന്തകന്മാർ ക്രിസ്തുവിന്റെ മനുഷ്യത്വത്തെ ഉറപ്പിച്ചു പ്രഖ്യാപിച്ചു. അലക്സന്ത്ര്യക്കാരാകട്ടെ, തന്റെ ദിവ്യസ്വഭാവത്തെയാണ് പ്രധാനമായി ക്കരുതിയത്. ക്രിസ്തുവിന്റെ മാതാവിനെ "ദൈവവാഹിനി", "ദൈവപ്രസവിത്രി" എന്നർത്ഥമുള്ള പദം (Theotokos) കൊണ്ടു വിവക്ഷിക്കുന്നതു മൂലം കന്യകയിൽനിന്നു തന്റെ മനുഷ്യസ്വഭാവം ഉല്പാദിതമായി എന്നുള്ള സത്യം മറഞ്ഞുപോകുമെന്നും ദൈവത്തെ വഹിച്ച് ദൈവത്തെ

പ്രസവിച്ചു എന്നുമാത്രം ചിന്തിക്കാനിടയാകുമെന്നുമായിരുന്നു അന്ത്യോഖ്യക്കാരുടേയും നെസ്തോറിന്റെയും വാദം. കന്യകമറിയാമിന്റെ സ്ഥാന മാഹാത്മ്യത്തെ ചോദ്യം ചെയ്യുകയോ, ക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തെ നിഷേധിക്കുകയോ, നെസ്തോർ ചെയ്തില്ല.

എന്നാൽ 'തെയോട്ടോക്കോസ്' പദത്തിനെതിരായ വാദം ക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തെ നിഷേധിക്കുന്നതായിട്ടാണ് അലക്സന്ത്ര്യക്കാരും പ്രത്യേകിച്ച് മാർ കൂറിലോസും കരുതിയത്. അതുകൊണ്ട് 430-ൽ അദ്ദേഹം കുസ്തന്തീനോപോലീസിലേയ്ക്കെഴുതിയ ഒരു നീണ്ട കത്തിൽ തെയോട്ടോക്കോസ് പദത്തിനെതിരായ വാദത്തെ ശപിക്കുകയാണ് ചെയ്തത്. ആ കത്തിന്റെ അവസാനത്തിലുണ്ടായിരുന്ന 12 ശാപങ്ങളിലാദ്യത്തേതിങ്ങനെയാണ്.

"ഇമ്മാനുവേൽ സത്യത്തിൽ ദൈവമാണെന്നും ജഢമായിത്തീർന്ന ദൈവവചനത്തെ ജഢപ്രകാരം പ്രസവിച്ച പരിശുദ്ധ കന്യക തന്മൂലം 'ദൈവപ്രസവിത്രി' (Theotokos) ആണെന്നും ആരെങ്കിലും സമ്മതിക്കാതിരുന്നാൽ അവൻ ശപിക്കപ്പെട്ടവനായിരിക്കട്ടെ."

അങ്ങിനെ 431 മുതലാണ് ഈ പദം സഭ മുഴുവനിലും പ്രചാരത്തിൽ വന്നത്. ഗ്രീക്കു ഭാഷയിൽ വളരെ ശ്രദ്ധാപൂർവ്വം കരുപ്പിടിപ്പിച്ച ഒരു പുതിയ വാക്കാണ് Theotokos. ദൈവജനനി (ദൈവത്തെ ഉത്ഭവിപ്പിച്ചവൾ) എന്ന അർത്ഥമുള്ള Theo genitrix എന്ന പദമോ ദൈവമാതാവെന്നർത്ഥമുള്ള Theomatrix എന്ന പദമോ സഭയുപയോഗിച്ചില്ല. എന്നാൽ മറ്റു ഭാഷകളിലേയ്ക്ക് ഈ പദം വിവർത്തനം ചെയ്തപ്പോൾ ഇത്രതന്നെ ശ്രദ്ധ ചെലുത്താതിരുന്നതു മൂലം വളരെയധികം ധാരണപ്പിശകുകൾ പലരുടേയും മനസ്സിൽ കടന്നുകൂടിയിട്ടുണ്ട്.

Theotokos പദം തെറ്റാണെന്ന് നെസ്തോറിന്റെ കൂട്ടുകാർപോലും വാദിച്ചില്ല. മാർ തെയോഡോറെറ്റ്, അന്ത്യോഖ്യായിലെ മാർ യൂഹാനോൻ, മുതലായവർ നെസ്തോർപക്ഷത്തു നിന്നുകൊണ്ടുതന്നെ ഈ പദത്തെ അംഗീകരിച്ചു. വലിയ മാർ അത്താനാസ്യോസ്, നിസ്സായിലെ ഗ്രീഗോറിയോസ്, ഗ്രീഗോറിയോസ് നാസിയാൻസസ് എന്നിവരും ഈ പദം ഉപയോഗിക്കുന്നുണ്ട്.

ഈ പദം കൊണ്ട് വിവക്ഷിക്കുന്ന അർത്ഥം ആദിമ സഭയിൽത്തന്നെയുണ്ടായിരുന്നുവെന്ന് വേണം വിചാരിപ്പാൻ. ഇതിനെതിരായിട്ടുണ്ടായ നാല് വേദവിപരീതങ്ങളെ സഭ ശക്തിയുക്തം നിരാകരിക്കുകയാണ് ചെയ്തത്.

1. പുത്രസ്വീകാരവാദം (Adoptionism) (യേശു മനുഷ്യനായിരുന്നു

വെന്നും പിന്നീട് ദൈവപുത്രനായി ഉയർത്തപ്പെടുകയുമാണ് ചെയ്തത് എന്ന വാദം).

അങ്ങനെയാണെങ്കിൽ കന്യകജനനത്തിനർത്ഥമൊന്നുമില്ല. മനുഷ്യാവതാരം ആരംഭിക്കുന്നത് ഈ പുത്രസ്വീകാരത്തിന്റെ സമയത്ത് മാത്രമാണ്. അതിൽ കന്യകമറിയാമിന് പങ്കൊന്നുമില്ല. ഈ വാദഗതിപ്രകാരം ദൈവം മനുഷ്യനാവുകയില്ല. മനുഷ്യൻ ദൈവമാകുകയാണ് ചെയ്തത്. കന്യകയുടെ ദൈവപ്രസവിത്രി സ്ഥാനത്തിനെതിരായ ഈ ചിന്താഗതി സഭയൊരിക്കലും അംഗീകരിക്കയില്ല.

2. നെസ്തോറിയൻ വാദം: കന്യകയിൽനിന്ന് ജനിച്ചത് മനുഷ്യനായ യേശുവായിരുന്നുവെന്നും, ദൈവപുത്രൻ ആ ശിശുവുമായി അഭേദ്യമായ ബന്ധം പുലർത്തുകയേ ചെയ്തുള്ളുവെന്നുമുള്ള ഈ വാദഗതി സ്വീകരിക്കുകയാണെങ്കിലും കന്യകമറിയാമിനെ 'ദൈവപ്രസവിത്രി' യെന്നു വിളിക്കാൻ സാദ്ധ്യമല്ല.

3. മായാവാദം (Docetism): ക്രിസ്തുവിന്റെ മനുഷ്യത്വം ഒരു മായ മാത്രമായിരുന്നുവെന്നുള്ള ചിന്താഗതിയിലും കന്യകമറിയാമിന് ഒരു നാടകത്തിലെ നടിയുടെ സ്ഥാനമേയുള്ളു. ഇതിനേയും സഭ തള്ളിക്കളയുകയാണുണ്ടായത്.

4 എവുത്തിക്കോസിന്റെ വാദം (ക്രിസ്തുവിന്റെ മനുഷ്യത്വം തന്റെ ദൈവത്വത്തിൽ അലിഞ്ഞുചേർന്നുവെന്നുള്ള ചിന്ത)

ഇവിടേയും കന്യകമറിയാമിന്റെ സ്ഥാനം മനുഷ്യരൂപത്തിൽക്കൂടെയുള്ള ദൈവത്തിന്റെ ഒരു പ്രത്യക്ഷപ്പെടലിന്റെ ഉപകരണമെന്ന നിലയിലേയ്ക്ക് താഴുന്നു. തന്റെ മനുഷ്യത്വം നിത്യതയുള്ളതല്ലെങ്കിൽ തന്നെ പ്രസവിച്ചവളെ ദൈവപ്രസവിത്രിയെന്ന് വിളിക്കുന്നതും ശരിയായിരിക്കുകയില്ലല്ലോ.

ഇങ്ങനെ സഭയിലുദിച്ച വേദവിപരീതങ്ങളെല്ലാം തന്നെ ദൈവപ്രസവിത്രിയുടെ ഉന്നതസ്ഥാനത്തെക്കൂടെ ബാധിക്കുന്നവയായിരുന്നുവെന്നുള്ളതിൽനിന്നും, സ്തുതിചൊവ്വാകപ്പെട്ട വിശ്വാസവും കന്യകയുടെ പ്രത്യേക സ്ഥാനവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നു കാണാമല്ലോ.

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം, നമ്മുടെ കർത്താവിന്റെ നിത്യമനുഷ്യത്വം എന്നീ രണ്ട് തൂണുകളിന്മേലാണ് വിശുദ്ധ കന്യകയുടെ സ്ഥാനം നിലകൊള്ളുന്നത്.

ആദ്യത്തേത് സാധ്യമായിത്തീർന്നത്, കന്യക സ്വയം ദൈവത്തിന് കീഴ്

പ്പെടുത്തിക്കൊടുത്തതുകൊണ്ടാണ്. ഒൻപതുമാസം വചനമാം ദൈവത്തെ ഗർഭത്തിൽ ധരിച്ച അത്ഭുത സ്ത്രീയാണീ വിശുദ്ധ കന്യക. ഹവ്വായുടെ അവിശ്വാസവും അനുസരണക്കേടും മൂലം മനുഷ്യവർഗ്ഗത്തിനുണ്ടായ മഹാപതനത്തിൽനിന്ന് തന്റെ വിശ്വാസവും അനുസരണവും മൂലമാണ് ദൈവം അതിനെ ഉദ്ധരിച്ചത്.

രണ്ടാമത്തെക്കാര്യം പല നവീകരണവിശ്വാസികളുമിന്ന് വിസ്മരിക്കുന്ന ഒരു സംഗതിയാണ്. നമ്മുടെ കർത്താവ് ഇന്നും പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമാണ്. തന്റെ മനുഷ്യത്വവും ദൈവത്വവും രണ്ടും വേർപെട്ടല്ല നിൽക്കുന്നത്. സ്വർഗാരോഹണത്തോടെ തന്റെ മനുഷ്യത്വം അവസാനിച്ചിട്ടില്ല. അങ്ങനെയെങ്കിൽ ഇന്നും വചനമായ ദൈവത്തിന്റെ മാതാവാണ് പരിശുദ്ധ കന്യക.

അമലോത്ഭവ വാദം

സകല സഭാംഗങ്ങളും സ്വീകരിക്കുവാൻ കടപ്പെട്ടതായി 1854 ഡിസംബറിൽ റോമാസഭ പ്രഖ്യാപനം ചെയ്ത ഒരു വിശ്വാസസത്യമാണ് പരിശുദ്ധ കന്യകമറിയാമിന്റെ അമലോത്ഭവസിദ്ധാന്തം. അതിലെ പ്രധാന വാചകത്തിന്റെ ഔദ്യോഗിക ഇംഗ്ലീഷ് പരിഭാഷയും മലയാള വിവർത്തനവും താഴെ ചേർത്തിരിക്കുന്നു.

"We, by the authority of our Lord Jesus Christ of the blessed Apostles Peter and Paul and by that invested in us do, to the honour of the holy and undivided Trinity, for the glory and adornment of the Virgin Mother of God for the exaltation of the Catholic faith, and the advancement of the Chirstian Religion DECLARE AND PRONOUNCE AND DEFINE that the doctrine which holds that the Blessed Virgin Mary, in the first of her conception, has been, a special grace and privilege of Almighty God and in view of the merits of Jesus Christ, The saviour of the human race, preserved and exempted from every stain of original sin, is revealed God, and consequently is to be believed firmly and inviolably by all the faithful" (From the bull "Ineffabilis" of Pope Pius IX; Published in English by M. H. Gill & Son Ltd. Dublin, 1954).

"നമ്മുടെ കർത്താവായ യേശുമിശിഹായുടേയും, വാഴ്ത്തപ്പെട്ട ശ്ലീഹന്മാരായ പത്രോസിന്റെയും പൗലോസിന്റെയും അധികാരത്താലും, നമ്മിൽ നിക്ഷിപ്തമായ അധികാരത്തിലും, വിശുദ്ധിയുള്ളതും അവിഭാജ്യമായതുമായ ത്രിത്വത്തിന്റെ ബഹുമതിയ്ക്കായി കന്യകയായ ദൈവമാതാവിന്റെ മഹത്വത്തിനും വിഭൂഷണത്തിനും വേണ്ടിയും, കാതോലിക വിശ്വാസത്തിന്റെ ഉന്നമനത്തിനു വേണ്ടിയും, ക്രിസ്തീയ മതത്തിന്റെ പുരോഗതിക്കുവേണ്ടിയും, നാം അറിയിക്കുകയും പ്രഖ്യാപിക്കുകയും

നിർവ്വചിക്കുകയും ചെയ്യുന്നതെന്തെന്നാൽ - വാഴ്ത്തപ്പെട്ട കന്യകമറിയാം അവളുടെ ഉല്പാദനത്തിന്റെ പ്രഥമ നിമിഷത്തിങ്കൽത്തന്നെ, സർവ്വശക്തനായ ദൈവത്തിന്റെ പ്രത്യേക കൃപയും അധികാരവും മൂലവും, മനുഷ്യവർഗത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ പുണ്യങ്ങളെ ദർശിച്ചുകൊണ്ടും, മൂലപാപത്തിന്റെ (ജന്മപാപത്തിന്റെ) സർവലേശത്തിൽ നിന്നും സംരക്ഷിതയും ഒഴിവാക്കപ്പെട്ടവളുമാണെന്നുള്ള വിശ്വാസസത്യം, ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടതും തന്മൂലം എല്ലാ വിശ്വാസികളാലും ഉറപ്പായും അഭേദ്യമായും വിശ്വസിക്കപ്പെടേണ്ടതുമാകുന്നുവെന്നത്രെ."

ഈ പ്രഖ്യാപനത്തെപ്പറ്റി രണ്ടുമൂന്നു കാര്യങ്ങൾ പ്രത്യേകം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

1. 1854-നു മുമ്പുതന്നെ ഈ വിശ്വാസം നിലവിലിരുന്നുവെന്നാണ് റോമിലെ മെത്രാപ്പോലീത്തായുടെ പ്രഖ്യാപനം.

2. ക്രിസ്തുവിന്റെയും ക്രിസ്തീയ വിശ്വാസത്തിന്റേയും ഉന്നമനത്തിന് വേണ്ടിയാണ് ഈ പ്രഖ്യാപനം.

3. അത്ഭുതാവഹമായ ഒരു ഗർഭധാരണത്തെപ്പറ്റി ഇവിടെ പ്രഖ്യാപിക്കുന്നുണ്ടോ എന്ന വിഷയം വിവാദാർഹമാണ്. അമലോത്ഭവം എന്ന പദം തന്നെ ഈ വാചകത്തിലില്ല.

അമലോത്ഭവ വിശ്വാസത്തിന്റെ പശ്ചാത്തലം

ഈ പ്രഖ്യാപനത്തിന്റെ ശതവത്സരപൂർത്തിയെ ആസ്പദമാക്കി 1954-ാമാണ്ടിനെ "മരിയൻ വർഷ"മായി പ്രഖ്യാപനം ചെയ്തുകൊണ്ട് കാലം ചെയ്ത മാർപ്പാപ്പാ പന്ത്രണ്ടാം പീയൂസ് പ്രസിദ്ധപ്പെടുത്തിയ Fulgens Corona എന്ന ബൂളായിൽ അമലോത്ഭവ സിദ്ധാന്തത്തിന്റെ വേരുകളാരായുന്നുണ്ട്.

ഈ വിശ്വാസത്തിന്റെ ആരംഭം തിരുവെഴുത്തുകളിൽത്തന്നെയാണത്രെ. "നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും തമ്മിൽ ഞാൻ ശത്രുതയുണ്ടാക്കും" (ഉല്പത്തി 3:15). കന്യകയുടെ സന്തതിയാണ് സർപ്പത്തിന്റെ തലയെ ചതയ്ക്കേണ്ടതെങ്കിൽ, കന്യകയും സർപ്പവും തമ്മിൽ നിത്യ ശത്രുത്വം ഉണ്ടാകണം. എപ്പോഴെങ്കിലും പാപലേശം കന്യകയെ തീണ്ടിയെങ്കിൽ അന്നുമുതൽ അവൾക്കു പിശാചിനോടുള്ള ബന്ധം ശത്രുത്വമല്ല അധീനത്വമാണെന്നാണ് മാർപ്പാപ്പാ വാദിക്കുന്നത്.

"കൃപ നിറഞ്ഞവൾ" എന്നു കന്യക അഭിസംബോധന ചെയ്യപ്പെടുന്നു. പിന്നെ എങ്ങനെ പാപത്തിന് അവളിൽ സ്ഥാനമുണ്ടാകുമെന്നാണ് മാർപ്പാപ്പായുടെ മറ്റൊരു ചോദ്യം.

മാർപ്പാപ്പാ തിരുമേനിയുടെ സംശയനിവൃത്തിക്കായി ഒരു ചോദ്യമേ ഈ ലേഖകനു വിനീതമായി ചോദിക്കാനുള്ളു. പരിശുദ്ധ കന്യക പാപ രഹിതയും സർവ്വകൃപകളുടേയും കേദാരവുമായിരുന്നെങ്കിൽ മനുഷ്യ വർഗത്തെ രക്ഷിക്കുവാൻ ക്രിസ്തു ആവശ്യമാണോ? ഈ അടുത്ത കാലത്തു യേശുക്രിസ്തുവിന്റെ ദർശനമവിടത്തേയ്ക്കുണ്ടായി എന്നു പത്രങ്ങളിൽ നിന്നു ഞങ്ങൾ അറിഞ്ഞു. പരിശുദ്ധ കന്യകയും താനും കൂടിയാണ് മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതെന്ന് ആ കർത്താവ് പഠിപ്പി ച്ചതായോ അവിടുത്തെ അപ്പോസ്തോലന്മാർ പഠിപ്പിച്ചതായോ തിരുവെ ഴുത്തുകളിൽനിന്ന് അവിടുത്തേക്കറിവുണ്ടോ?

സുറിയാനിക്കാരുടെ പണ്ഡിത പിതാവും മഹാകവിയുമായ മാർ അപ്രേമിന്റെ മറ്റൊരു സ്തുതികീർത്തനമാണ് ഈ വിശ്വാസത്തിനു മാർപ്പാപ്പാ കാണുന്ന മറ്റൊരാലംബം. പുത്രൻതമ്പുരാനോടായി കവിയി ങ്ങനെ പറയുന്നു: "യഥാർത്ഥത്തിൽ നീ മാത്രവും, നിന്റെ മാതാവുമാണ് സർവസുന്ദരർ, എന്തെന്നാൽ നിന്നിലോ നിന്റെ മാതാവിലോ കറ ഒന്നു മില്ല." ലക്ഷക്കണക്കിനു പദ്യശകലങ്ങളെഴുതിയിട്ടുള്ള ഈ പിതാവ് പരി ശുദ്ധ കന്യകയുടെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പഠിപ്പിച്ചെ ങ്കിൽ, റോമാക്കാരേക്കാൾ മുമ്പു സുറിയാനിക്കാർ അത് കണ്ടുപിടിക്കു മായിരുന്നു. കവിതയും വിശ്വാസസത്യവും തമ്മിലുള്ള അന്തരം കുറെ സാരമായിട്ടുള്ളതാണെന്നാണ് തോന്നുന്നത്.

ഈ വിശ്വാസം പണ്ടുമുതലേയുള്ളതാണെന്നതിന് മാർപ്പാപ്പാ ഉന്ന യിക്കുന്ന മറ്റൊരു വാദം, ഞാൻ അദ്ദേഹത്തിന്റെ പദങ്ങളിൽതന്നെ കുറിക്കാം.

"കൂടാതെ, കാതോലികൈക്യത്തിൽ നിന്നും വളരെക്കാലം മുമ്പേ പിന്തിരിഞ്ഞ കിഴക്കൻ ക്രൈസ്തവസഭകളിലെല്ലാം, നമുക്കെതിരായി മുൻവിധിയും നമ്മോടു വിരോധമുള്ളവരെങ്കിലും ഈ വിശ്വാസത്തെ സ്വീകരിക്കുകയും അമലകന്യകയുടെ ശ്രേഷ്ഠതയെ ആണ്ടുതോറും ആഘോഷിക്കുകയും ചെയ്യുന്നവർ പലരുണ്ട്. അവർ ഏക ആട്ടിൻകൂട്ട ത്തിൽനിന്നും വേർപെടുന്നതിന് മുമ്പുതന്നെ പുരാതനമായി ഈ വിശ്വാസം സ്വീകരിച്ചില്ലായിരുന്നെങ്കിൽ ഇതിങ്ങനെയുണ്ടാകയില്ലായി രുന്നു" (Fulgens Corona 1). കിഴക്കൻ സഭകൾ പരിശുദ്ധ കന്യകയുടെ ജനനപ്പെരുന്നാൾ ഘോഷിക്കുന്നുണ്ടെന്നു പറയുന്നതും പരിശുദ്ധ കന്യ കയുടെ അമലോത്ഭവത്തിൽ അവർ വിശ്വസിക്കുന്നു എന്നു പറയുന്നതും തമ്മിൽ കുറെ അധികം വ്യത്യാസമുണ്ടെന്നു സാധാരണക്കാർക്കു കാണു വാൻ കഴിയും.

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ അത്ഭുതരഹസ്യം

ഇതുപോലുള്ള വിശ്വാസനിർവചനം കൊണ്ട് പുഷ്ടിപ്പെടുത്താമെന്നുദ്ദേശിക്കുന്നതിലേ കിഴക്കൻസഭകൾക്കു വിരോധമുള്ളു. പരിശുദ്ധ കന്യകയുടെ ഉൽകൃഷ്ട സ്ഥാനത്തെ റോമൻസഭ ഉപയോഗിക്കുന്നത്ര തന്നെ ഉന്നതങ്ങളായ ബഹുമതി പദങ്ങൾകൊണ്ട് ഓർത്തഡോക്സ് സഭകളും അംഗീകരിക്കുന്നുണ്ട്. പക്ഷേ, അതിനെ ആസ്പദമാക്കി യുക്തിപരമായ ഒരു നിർവചനമുണ്ടാക്കി അതെല്ലാവരും സ്വീകരിക്കണമെന്നും, സ്വീകരിക്കാത്തവർ "സർവ്വശക്തനായ ദൈവത്തിന്റേയും വാഴ്ത്തപ്പെട്ട ശ്ലീഹന്മാരായ പത്രോസിന്റെയും പൗലോസിന്റെയും അതൃപ്തിക്കിരയാകു" മെന്നും പറഞ്ഞ് ഭീഷണിപ്പെടുത്തുന്നതിനെ കിഴക്കൻ സഭകൾക്കു നിരാകരിക്കാതിരിക്കാൻ സാദ്ധ്യമല്ലെന്നു മാത്രം.

പാപം നിറഞ്ഞ മനുഷ്യവർഗ്ഗവും പാപമില്ലാത്ത മനുഷ്യൻ കൂടെയായ യേശുക്രിസ്തുവും തമ്മിലുള്ള വിടവ് ചിന്തകൾകൊണ്ടു നികത്തുവാൻ സാദ്ധ്യമായതല്ല. പാപമില്ലാത്ത ഒരു മാതാവിനെ മുമ്പോണ്ടു കൊണ്ടുവരുന്നതുകൊണ്ട് ഒരു പുതിയ പ്രശ്നമുണ്ടാക്കാമെന്നു മാത്രമേയുള്ളൂ. ആ മാതാവും പാപപങ്കിലമായ മനുഷ്യവർഗ്ഗവും തമ്മിലുള്ള വിടവു നികത്തുവാൻ പുതിയ അത്ഭുതങ്ങളെ മനോധർമ്മംകൊണ്ട് കെട്ടിച്ചമയ്ക്കേണ്ടി വരുന്നു. അങ്ങനെയവസാനം ദൈവത്തിൽനിന്നും വെളിപ്പെടുത്തപ്പെട്ട സത്യവും, നമ്മുടെ ബുദ്ധിയുപയോഗിച്ചു നാം സൃഷ്ടിക്കുന്ന കുറെ വിശ്വാസ പ്രഖ്യാപനങ്ങളും തമ്മിലുള്ള അതിർത്തി തിരിച്ചറിയാൻ നിവൃത്തിയില്ലാതായിത്തീരുന്നു. സത്യവും അസത്യവും കൂടെ കൂടിച്ചേരുന്നത് "ത്രിത്വത്തിന്റെ ബഹുമതി"ക്കോ "കാതോലിക വിശ്വാസത്തിന്റെ ഉന്നമനത്തിനോ" കാരണമായിത്തീരുമോ?

പാഠം 5

പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത

പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത ക്രിസ്തുവിന്റെ ഏകമദ്ധ്യസ്ഥതയെ അവഗണിക്കുന്നതോ ലാഘവപ്പെടുത്തുന്നതോ ആണെന്നു ചില ആധുനിക സമുദായവിഭാഗങ്ങൾ പറയുന്നുണ്ട്. എന്നാൽ അത് അർത്ഥശൂന്യമായ ഒരു അഭിപ്രായമാണ്. പരിശുദ്ധന്മാരെ ആദരിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുകയും ചെയ്ക എന്നത് ആദിമസഭയിൽ, വി. സ്തേപ്പാനോസിന്റെ രക്തസാക്ഷിത്വത്തോടു കൂടിത്തന്നെ ആരംഭിച്ചതാണ്. വി. സ്തേപ്പാനോസിന്റെ ആത്മാവിനെ സ്വീകരിക്കാൻ

കർത്താവായ യേശു, പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നതായിട്ടാണ് കണ്ടത്. സ്തേപ്പാനോസിന്റെ പ്രാർത്ഥന കർത്താവിന്റെ മദ്ധ്യസ്ഥതയോടു സംയോജിപ്പിക്കപ്പെടുകയാണുണ്ടായത്. സ്തേപ്പാനോസിന്റെ മൃതശരീരം ഭക്തിപൂർവ്വം അടക്കം ചെയ്യപ്പെട്ടു.

2-ാം നൂറ്റാണ്ടായപ്പോഴേക്കും രക്തസാക്ഷികളുടെ ഭൗതികാവശിഷ്ടങ്ങൾ സമ്പൂജ്യങ്ങളായി സമാദരിക്കപ്പെട്ടിരുന്നു. അവരുടെ കബർ ത്രോണോസായി ഉപയോഗിച്ചു വി. കുർബ്ബാന അർപ്പിച്ചു വന്നു. മാത്രമല്ല, ആണ്ടിൽ ഒരിക്കൽ സിമിറ്ററിയിൽ ബലി അർപ്പിക്കുന്ന ഒരു പതിവു കൂടെയുണ്ടായി. 4-ഉം, 5-ഉം നൂറ്റാണ്ടുകളിൽ ത്രോണോസിന്റെയും തബ്ലൈത്തായുടെയും കൂദാശയ്ക്ക്, കടന്നുപോയ ഒരു പരിശുദ്ധന്റെ അസ്ഥി കൂടി അവശ്യം വേണമെന്നായി. ബലിപീഠങ്ങൾ സ്ഥാപിക്കുന്നതിന് തിരുശേഷിപ്പ് ഒരു അനുപേക്ഷണീയ വസ്തുവായിത്തീർന്നു. പിന്നീടു പള്ളികൾ വർദ്ധിച്ചുവന്നപ്പോൾ അസ്ഥികൾ കിട്ടാനില്ലാതായി. അപ്പോൾ അവരെ അടക്കിയിട്ടുള്ള സ്ഥലത്തെ മണ്ണു മതി എന്നുവച്ചു. അതും കിട്ടാനില്ലാതായപ്പോൾ അവരുടെ കബറിങ്കൽ കൊളുത്തിയിട്ടുള്ള നിലവിളക്കിലെ എണ്ണയായാലും മതിയാകും എന്നു സഭ നിശ്ചയിച്ചു.

ജീവിച്ചിരിക്കുന്നവർ തമ്മിൽ തമ്മിൽ 'എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ' എന്നു പറയുക ആധുനിക സഭാവിഭാഗങ്ങളിലും സാധാരണമാണ്. ഇതു ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയെ അനാദരിക്കുന്ന ഒന്നാണെന്ന് അവർ പറയുന്നില്ല. അങ്ങനെയെങ്കിൽ ശരീരം വിട്ടു ക്രിസ്തുവിനോട് ഏറെ അടുത്തുജീവിക്കുന്ന പരിശുദ്ധന്മാരോട് 'ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ' എന്നു പറയുന്നതും ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയെ അവഗണിക്കുന്നതാകയില്ല.

നമ്മുടെ സഭയിൽ സംഭവിച്ചിട്ടുള്ള വൻകാര്യങ്ങളെല്ലാം തന്നെ നമ്മുടെ ബുദ്ധിശക്തികൊണ്ടോ ഭരണവൈഭവംകൊണ്ടോ ആണെന്നു നമുക്ക് അവകാശപ്പെടാൻ നിവൃത്തിയില്ല. നമ്മുടെ നിലനില്പിനുതന്നെയും പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത ഈടുറ്റ സഹായമാണ്. അവർ എല്ലായ്പോഴും നമുക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ശാരീരിക പരാധീനതകൾക്ക് അവർ വശംവദരല്ല. ബലഹീനരായ നാം കുറെ സമയം അടുപ്പിച്ചു പ്രാർത്ഥിക്കുമ്പോഴേക്കും ക്ഷീണിക്കുന്നു. എന്നാൽ കടന്നുപോയവർ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ആത്മവർദ്ധന പ്രാർത്ഥനയിലാണ്. ആകയാൽ പ്രാർത്ഥിക്കുന്നതിന് അവർക്കുള്ള കഴിവ്, ജീവിച്ചിരിക്കുന്നവരുടേതിനേക്കാൾ വളരെ മടങ്ങു കൂടുതലാണ്. പരിശുദ്ധ പരുമലതിരുമേനി നമുക്കുവേണ്ടി നടത്തുന്ന മദ്ധ്യസ്ഥത നമ്മുടെ കർത്താവിന്റെ മദ്ധ്യസ്ഥതയോടു സംയോജിപ്പിക്കപ്പെടുകയും അങ്ങനെ നമുക്ക് അനുഗ്രഹത്തിനും വാഴ്വിനും ഹേതുവായിത്തീരുകയും ചെയ്യുന്നു.

കാനോനിക വിശുദ്ധന്മാർ

ഒരാളെ പരിശുദ്ധനായി കാനോനീകരിക്കുന്ന ഔപചാരികമായ നടപടിക്രമം ഓർത്തഡോക്സ് സഭകളിൽ ഇല്ല. റോമൻ കത്തോലിക്കാ സഭയിൽ ഒരാളെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിന്, തികച്ചും അസ്വാഭാവികമോ വ്യാമിശ്രമോ ആയ ഒരു നടപടിക്രമം വളർത്തിയെടുത്തിട്ടുണ്ട്. പൗരസ്ത്യ സഭകളിൽ എനിക്ക് അറിയാവുന്നിടത്തോളം റഷ്യൻ ഓർത്തഡോക്സ് സഭയും ഇന്ത്യൻ ഓർത്തഡോക്സ് സഭയും മാത്രമേ ഒരാളെ പരിശുദ്ധനായി പ്രഖ്യാപിക്കുവാനുള്ള ഔപചാരിക നടപടിക്ക് ഒരുമ്പെട്ടിട്ടുള്ളു.

റഷ്യൻ ഓർത്തഡോക്സ് സഭ 10 -ാം ശതകത്തിലാണ് നിലവിൽ വന്നത്. ക്രി. വ. 1339 -ൽ തിയോഗ്നോസ്റ്റസ് (Theognostes) മെത്രാപ്പോലീത്താ (അന്ന് അവർക്ക് പാത്രിയർക്കീസ് ഇല്ലായിരുന്നു. കീവിലെ മെത്രാപ്പോലീത്തായായിരുന്നു റഷ്യൻ സഭയുടെ അപ്പോഴത്തെ തലവൻ) തന്റെ മുൻഗാമിയായിരുന്ന പീറ്റർ മെത്രാപ്പോലീത്തായെ പരിശുദ്ധനായി പ്രഖ്യാപിച്ചു. ഇത് പീറ്റർ മെത്രാപ്പോലീത്താ കാലം ചെയ്ത് 13 വർഷം കഴിഞ്ഞായിരുന്നു. ഈ പ്രഖ്യാപനം മിക്കവാറും റോമൻ സഭയുടെ സമ്പ്രദായത്തെ അനുകരിച്ചുമുള്ളതായിരുന്നു. പിന്നീട് ക്രി. വ. 1448 -ൽ ജോനാസ് മെത്രാപ്പോലീത്താ തന്റെ മുൻഗാമികളിൽ ഒരാളായിരുന്ന ആഗ്നീസിനെ അദ്ദേഹത്തിന്റെ മരണശേഷം 70 വർഷം കഴിഞ്ഞ് പരിശുദ്ധനായി പ്രഖ്യാപിച്ചു. അക്കാലത്താകട്ടെ, റാഡറേസിലെ പ. സേർജിയസും ബൈലോറസിയായിലെ പ. കൂറിലോസും ഔപചാരിക നടപടിക്രമങ്ങൾ ഒന്നും കൂടാതെ തന്നെ പരിശുദ്ധന്മാരായി റഷ്യയിൽ പൊതുവെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ഏതാണ്ട് 1547 -ാ മാണ്ട് ആയപ്പോഴേക്കും റഷ്യൻ സഭയിൽ പതിനഞ്ചോളം വിശുദ്ധന്മാരെ വണങ്ങുന്ന പ്രഖ്യാപനം നടപ്പിൽ വന്നിരുന്നതായി രേഖകളുണ്ട്.

1547 -ലും 1549 -ലും നടന്ന റഷ്യൻ സഭയുടെ രണ്ടു പ്രധാന സുന്നഹദോസുകളിൽ ഏതാണ്ട് മുപ്പതോളം പരിശുദ്ധന്മാരെ പുതുതായി കാനോനീകരിച്ചു (ഇവരിൽ 28 പേർ അതാതു പ്രദേശങ്ങളിൽ പരിശുദ്ധന്മാരായി നേരത്തെതന്നെ അംഗീകരിക്കപ്പെട്ടവരായിരുന്നു). ആ രണ്ടു സുന്നഹദോസുകളിൽതന്നെ വേറെ 9 പരിശുദ്ധന്മാരെ പ്രാദേശികമായും അംഗീകരിച്ചു. ഈ മൂന്നു കൊല്ലം കൊണ്ട് ഇത്രയധികംപേരെ പരിശുദ്ധന്മാരായി പ്രഖ്യാപിക്കാൻ ചില രാഷ്ട്രീയ കാരണങ്ങൾ ഉണ്ടായിരുന്നോ?

ഉണ്ട്. 1453 -ലെ കുസ്തന്തീനോപോലീസിന്റെ പതനത്തിന്റെ ശതാബ്ദി അടുത്തുവന്നിരുന്ന ആ കാലഘട്ടത്തിൽ റഷ്യൻസഭ പൗര

സ്ത്യസഭയുടെ കേന്ദ്രമായി മൂന്നാമത്തെ റോമാ എന്ന പേരിൽ രൂപംകൊള്ളുകയായിരുന്നതിനാൽ മുപ്പതോ നാല്പതോ പുതിയ പരിശുദ്ധന്മാരെക്കൂടി നാമസഞ്ചികയിൽ ചേർക്കുന്നത് സഭയുടെ പദവി ഉയർത്തിക്കാട്ടുന്നതിനു സഹായിച്ചു.

എ. ഡി. 1547 - 1721 കാലഘട്ടത്തിൽ ഏതാണ്ട് 150 പരിശുദ്ധന്മാരെ കൂടി നാമകരണം ചെയ്തു. പക്ഷേ, അവരിൽ 15 പേരെ മാത്രമേ സഭ ഇന്നു സാർവത്രികമായി വണങ്ങുന്നുള്ളു. 1721 മുതൽ സഭയെ യഥാർത്ഥത്തിൽ ഭരിക്കുന്നത് സുന്നഹദോസാണ്. ഈ കാലയളവിൽ ആറു പരിശുദ്ധന്മാരെകൂടി മാത്രമേ പൊതുവണക്കത്തിനു നാമകരണം ചെയ്തിട്ടുള്ളു. അവരിൽ ഏറ്റവും പ്രധാനപ്പെട്ടത് കഴിഞ്ഞ ശതാബ്ദത്തിന്റെ അവസാനത്തിൽ നാമകരണം ചെയ്യപ്പെട്ട സാരോവിലെ പ. സെറാഫിം ആണ്. ആ നാമകരണ നടപടിക്രമങ്ങളുടെ സാമാന്യം ശരിയായ ഒരു വിവരണം നമുക്ക് ലഭ്യമായിട്ടുള്ളത് ഇങ്ങനെയാണ്.

കാലം ചെയ്ത ആർച്ചുബിഷപ്പ് സെറാഫിമിന്റെ കബർ സ്ഥിതിചെയ്യുന്ന ഭദ്രാസനത്തിലെ ആർച്ചുബിഷപ്പ് കബറിങ്കൽ നടക്കുന്ന അത്ഭുതങ്ങളെപ്പറ്റിയുള്ള ഒരു റിപ്പോർട്ട് പ. സുന്നഹദോസിന് അയച്ചു. പ. സുന്നഹദോസ് അതേപ്പറ്റി സമഗ്രമായ ഒരു അന്വേഷണത്തിനു കല്പന പുറപ്പെടുവിച്ചു. പ്രാഥമിക അന്വേണം ഒരു ബിഷപ്പ് 1892 - 1894 വരെ നടത്തി. കൂടുതൽ അന്വേഷണം നടത്തുന്നതിന് അവിടുത്തെ സന്യാസാശ്രമത്തിന്റെ ശ്രേഷ്ഠനെ ചുമതലപ്പെടുത്തുകയും ചെയ്തു. അദ്ദേഹം 1897-ൽ അതേപ്പറ്റി റിപ്പോർട്ട് സമർപ്പിച്ചു. അവസാനമായി 1902 ജൂലൈ 19 -ന് അന്വേഷണം പൂർത്തിയാക്കിയിരിക്കുന്നതായി സാർ ചക്രവർത്തി ഒരു പ്രഖ്യാപനം പുറപ്പെടുവിച്ചു. തെളിവുകൾ പരിശോധിക്കുവാൻ സുന്നഹദോസ് സുദീർഘമായ സമയം എടുത്തു. പിന്നെ പരിശുദ്ധന്റെ ഭൗതീകാവശിഷ്ടങ്ങൾ പരിശോധിക്കുവാൻ സഭയുടെ അദ്ധ്യക്ഷനും രണ്ടു ബിഷപ്പുമാരും ഒരു യുവരാജാവും മറ്റു ചിലരും അംഗങ്ങളായുള്ള ഒരു കമ്മീഷൻ നിയമിക്കപ്പെട്ടു. ഈ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സുന്നഹദോസിന് സമർപ്പിച്ചു. സുന്നഹദോസ് ഇദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിക്കാനും പരിശുദ്ധന്റെ നാമത്തിൽ പെരുനാൾ ആഘോഷം ഉത്തരവിടുന്നതിനും ഗവണ്മെന്റിനോട് അപേക്ഷിച്ചു. 1903 ജനുവരി 26 -ന് സാർ ചക്രവർത്തി ഔദ്യോഗികമായി ഉത്തരവു പുറപ്പെടുവിച്ചു. അനന്തരം വിശുദ്ധന്റെ അസ്ഥികൾ പൊതുവണക്കത്തിനു വേണ്ടി പ്രത്യേകം നിർമ്മിക്കപ്പെട്ട ഒരു കല്ലറയിലേക്ക് മാറ്റി സ്ഥാപിച്ചു.

കാനോനീകരണ കാര്യത്തിൽ റോമാസഭയുടെ നടപടിക്രമങ്ങൾ കുറേക്കൂടി വിപുലമാണ്. അതു രണ്ട് ഘട്ടങ്ങളായിട്ടാണ്. ഒന്നു ശ്രേഷ്ഠീക

രണം, മറ്റൊന്നു കാനോനീകരണം. വാങ്ങിപ്പോയ ഒരാളിനെ ശ്രേഷ്ഠൻ അഥവാ അനുഗൃഹീതൻ എന്ന പദവി നല്കുകയാണ് ആദ്യത്തെ പടി. അതുകഴിഞ്ഞ് വീണ്ടും പുതിയ പുതിയ അത്ഭുതങ്ങൾ അദ്ദേഹത്തിന്റെ കബറിങ്കൽ സംഭവിച്ചാൽ മാത്രമേ വിശുദ്ധൻ എന്ന പദവിയിലേക്ക് അദ്ദേഹം ഉയർത്തപ്പെടുന്നുള്ളു. അതിനുള്ള തെളിവന്വേഷണം സാധാരണ പല വർഷങ്ങളിലേക്കു നീണ്ടുപോകുന്നു. കൂടാതെ അദ്ദേഹം ഒരു വിശുദ്ധനല്ല എന്നു വാദിക്കുന്നതിന് സാത്താന്റെ അഭിഭാഷകൻ (Devil's Advocate) എന്നൊരു സാങ്കല്പികവ്യക്തിയെയും നിയമിക്കുന്നു. ഇങ്ങനെ പല സാക്ഷികളെയും തെളിവുകളെയും പരിശോധിച്ചശേഷം മാത്രമേ ഒരാൾ വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്നുള്ളു.

നമ്മുടെ പരുമല പുണ്യവാളന്റെ വിശുദ്ധ നാമകരണത്തിൽ ഇങ്ങനെ വിപുലമായ നടപടിക്രമങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. പരുമല തിരുമേനിയുടെ ശിഷ്യനും പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ കാതോലിക്കായുമായിരുന്ന പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് 1947 ധനു മൂന്നിന് പുറപ്പെടുവിച്ച ഒരു കല്പനയിലൂടെ പരുമല തിരുമേനി പരിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടു (1947 തുലാം 16 ന് പരുമല സെമിനാരിയിൽ ചേർന്ന എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയമനുസരിച്ചാണ് പ. കാതോലിക്കാബാവാ ഈ കല്പന പുറപ്പെടുവിച്ചത്).

പരുമല തിരുമേനി 1848 ജൂൺ 15-ന് ജനിച്ചു. ക്രിസ്തുവർഷം 1988 അദ്ദേഹത്തിന്റെ 140-ാം ജന്മവാർഷികമാണ്. 54-ാം വയസിൽ 1902 നവംബർ 2-ന് അദ്ദേഹം കാലം ചെയ്തു. 45 വർഷങ്ങൾക്കുശേഷം അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. ഇങ്ങനെതന്നെയാണ് റഷ്യൻ സഭയിലും വ്യവസ്ഥാപിതമായ സുന്നഹദോസ് കാലം തുടങ്ങുംമുമ്പു ചെയ്തുകൊണ്ടിരുന്നത്. സഭാധിപനായ മെത്രാപ്പോലീത്താ തന്റെ മുൻഗാമിയെ പരിശുദ്ധനായി നാമദാനം ചെയ്തുകൊണ്ടിരുന്നു.

ആദിമസഭയിൽ ഇതിനുള്ള നടപടിക്രമം ഇല്ലായിരുന്നു. മാമോദീസാ ഏറ്റവരിൽ ഒരാളെ ശുദ്ധനായും മറ്റുള്ളവരെ അല്ലാതെയും കരുതപ്പെടുന്നതിനുള്ള ഒരു മാനദണ്ഡം യഥാർത്ഥത്തിൽ അക്കാലത്ത് സഭയിൽ ഉണ്ടായിരുന്നില്ല. സ്നാനം ഏറ്റ എല്ലാവരും വിശുദ്ധന്മാർ ആയിരുന്നു.

എന്നാൽ അക്കാലത്ത് സഭ പ. കന്യകമറിയാമിനെയും അപ്പോസ്തലന്മാരെയും കൂടാതെ നാലു തരം പരിശുദ്ധന്മാരെക്കൂടി വണങ്ങിയിരുന്നു.

1. വിശ്വാസത്തിനുവേണ്ടി സഹദാ മരണം പ്രാപിച്ചവർ (വി. സ്തെപ്പാനോസ്, ഇഗ്നാത്തിയോസ് തുടങ്ങിയവർ).

2. വിശ്വാസത്തിനുവേണ്ടി മരണം ഒഴികെയുള്ള പീഡ അനുഭവിച്ച വർ (മൗദ്യാനന്മാർ).

3. സത്യവിശ്വാസം പഠിപ്പിച്ച വിശ്വാസവീരന്മാർ (മാർ അത്താനാസിയോസ്, വി. കൂറിലോസ് തുടങ്ങിയവർ).

4. വിശുദ്ധജീവിതം നയിച്ച് സ്വാഭാവിക മരണം പ്രാപിച്ച ദയറാക്കാർ (വി. അന്തോനിയോസ്, പക്കോമിയോസ് തുടങ്ങിയവർ).

ചില പരിശുദ്ധന്മാർ ഇതിൽ ഒന്നിലധികം വിഭാഗത്തിൽപ്പെടുന്നവരുമുണ്ട്. ഉദാ. പരിശുദ്ധ ബസേലിയോസ്. അതുപോലെ നമ്മുടെ പരുമല പുണ്യവാളനും മേല്പറഞ്ഞ മൂന്നും നാലും വിഭാഗത്തിൽ ഉൾപ്പെടുന്നു. പാശ്ചാത്യ മിഷനറിമാരിൽ നിന്നും അവർ മൂലം നമ്മുടെ ആളുകളിൽ ചിലരിൽ നിന്നും ഉത്ഭവിച്ച പാശ്ചാത്യ യുക്തിവാദത്തിന്റെയും വിശ്വാസവിപരീതത്തിന്റെയും കെടുതിയിൽപെടാതെ ഓർത്തഡോക്സ് (സത്യവിശ്വാസ) സഭയെ സംരക്ഷിച്ച വിശ്വാസ വീരനായിരുന്നു പരുമല തിരുമേനി. അദ്ദേഹത്തിന്റെ അനിതരസാധാരണമായ ജീവിതവിശുദ്ധിയും സത്യേക സഭാവിശ്വാസത്തെപ്പറ്റി അദ്ദേഹത്തിനുള്ള നിസ്തുല ദർശനവും സമഞ്ജസമായി സമ്മേളിച്ചില്ലായിരുന്നെങ്കിൽ നമ്മുടെ ആളുകളിൽ അധികപങ്കും പ്രോട്ടസ്റ്റന്റ് യുക്തിവാദത്തിന്റെ ഓളത്തിൽപ്പെട്ടു ഒഴുകിപ്പോകുമായിരുന്നു.

റോമാസഭയുടെ പാരമ്പര്യത്തിൽ ഒരു പരിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്ന ആളിന് ഏഴു പദവികൾ ഉണ്ട്:

1. കുർബാന തക്സാകളിൽ അദ്ദേഹത്തിന്റെ പേര് അനുസ്മരിക്കപ്പെടുന്നു.

2. സഭയുടെ പൊതു പ്രാർത്ഥനകളിൽ പരിശുദ്ധന്റെ മദ്ധ്യസ്ഥതയ്ക്ക് യാചിക്കുന്നു.

3. പള്ളികളും ത്രോണോസുകളും ആ നാമത്തിൽ പ്രതിഷ്ഠിക്കപ്പെടുന്നു.

4. ബലിപീഠത്തിനു മുകളിൽ അവരുടെ ചിത്രം വയ്ക്കുന്നു.

5. ഭൗതീകാവശേഷിപ്പുകൾ പ്രത്യേക പാത്രങ്ങളിൽ അടയ്ക്കപ്പെട്ടു പൊതുവണക്കത്തിനു വയ്ക്കുന്നു.

6. പള്ളികൾ അവരുടെ പെരുന്നാൾ ആഘോഷിക്കുന്നു.

7. അവരുടെ ബഹുമാനാർത്ഥം വി. കുർബാന അർപ്പിക്കപ്പെടുന്നു.

അടിസ്ഥാനപരമായി ഇവയെല്ലാം നമുക്കുണ്ട് . പ. ഗ്രീഗോറിയോസ്

മാത്രമാണ് നമുക്കുള്ള ഏക ദേശീയ പരിശുദ്ധൻ. മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിന് വെളിയിൽനിന്നു വന്ന്, ഇവിടെ സാക്ഷിയായി മരിച്ചു. അദ്ദേഹം നമ്മുടെ കാവൽപിതാവും സഭാസ്ഥാപകനും അപ്പസ്തോല മഹാചാര്യനും ആണ്. മലങ്കരയുള്ള അപ്പസ്തോലിക സിംഹാസനം അദ്ദേഹത്തിന്റെ നാമത്തിലാണ് അറിയപ്പെടുന്നത്.

ഭാഗ്യവതിയായ വി. മാതാവിനെയും വി. മത്ഥിയാസും പൗലൂസും ഉൾപ്പെടെയുള്ള 13 അപ്പോസ്തലന്മാരെയും കൂടാതെ മറ്റു പല വിശുദ്ധ ന്മാരെയും നാം ബഹുമാനിക്കുന്നു. ഇവരിൽ ചിലർ – ഏലിയാ, യോഹ ന്നാൻ മാംദാനാ തുടങ്ങിയവർ – പഴയനിയമ പിതാക്കന്മാരും മറ്റു ചിലർ, ഈജിപ്തുകാരും ഗ്രീക്കുകാരും റോമാക്കാരും പാലസ്തീൻകാരും സിറി യായിലുള്ളവരും മറ്റുമാണ്. ഉദാഹരണമായി വി. സ്തേഫാനോസ് പല സ്തീൻകാരനും, അത്താനാസ്യോസും കൂറിലോസും ഈജിപ്തുകാരും ബസേലിയോസും ഗ്രിഗോറിയോസും റോമാക്കാരും ഇഗ്നാത്തിയോസും ഒസ്താത്തിയോസും അന്ത്യോക്യക്കാരും ആയിരുന്നു.

ഭാരതസഭയിലും പല വിശുദ്ധന്മാരും ഉണ്ടായിരുന്നിരിക്കാം. പക്ഷേ, ചരിത്രത്തിൽക്കൂടി അവരുടെ പേരുകളും ഓർമ്മകളും നമുക്ക് ലഭ്യമാ യില്ല എന്നു മാത്രം. എന്നാൽ ഇതാ പ്രതിഭാശാലിയായ ഒരു പരിശു ദ്ധൻ – വാസ്തവമായും വിശുദ്ധിയണിഞ്ഞ ഒരു ദൈവമനുഷ്യൻ, ഒരു യഥാർത്ഥ ആത്മീയ വൈദ്യൻ. ഒരു പരിശുദ്ധനായി എന്നും ലോക മെങ്ങും വണങ്ങപ്പെടേണ്ട മഹാജ്ഞാനി – പരുമലതിരുമേനി.

ഈ വിശുദ്ധന്റെ പ്രത്യേകതകൾ മൂന്നാണ്. പ്രഥമവും പ്രധാനവുമാ യത് അദ്ദേഹം ഒരു പ്രാർത്ഥനാ മനുഷ്യനായിരുന്നു. പാതിരായ്ക്കും പ്രഭാ തത്തിനു മുമ്പും എല്ലാ യാമവേളയിലും യാമമദ്ധ്യത്തിൽപോലും തന്റെ ഹൃദയം ദൈവത്തോടു ചേർന്നിരുന്നു. ഈ സുസ്ഥിരമായ ഭക്തിയാണ് അദ്ദേഹത്തിന്റെ മുഖത്ത് തിളങ്ങിക്കണ്ടതും അദ്ദേഹത്തെ ഒരു യഥാർത്ഥ വിശുദ്ധനായി തെളിയിച്ചതും.

രണ്ടാമതായി അദ്ദേഹം ഒരു മഹാ ഗുരുവായിരുന്നു. പ്രഗത്ഭരായ അദ്ദേ ഹത്തിന്റെ ശിഷ്യവൃന്ദം തന്നെ അദ്ദേഹത്തിന്റെ വീറിന്റെയും വചോശ ക്തിയുടെയും ഉത്തമസാക്ഷികളാണ്. പ. വട്ടശ്ശേരിൽ തിരുമേനി, പ. ബസേ ലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ, കോനാട്ട് മാത്തൻ മല്പാൻ, മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ എന്നിവർ അദ്ദേഹ ത്തിന്റെ ശിഷ്യപ്രധാനന്മാരായിരുന്നു.

മൂന്നാമതായി അദ്ദേഹം ഒരു നല്ല അജപാലകനായിരുന്നു. ഇന്ന് തുമ്പ മൺ, നിരണം, കൊല്ലം എന്നിങ്ങനെ മൂന്നായി അറിയപ്പെടുന്ന ഭദ്രാസന ങ്ങളുടെ ഏകോപിച്ചുള്ള ഇടയനായി പ്രവർത്തിച്ച്, പള്ളികളും സ്കൂളു

കളും കെട്ടിപ്പടുത്ത്, രോഗികളെയും അനാഥരെയും ശുശ്രൂഷിച്ച്, സുവിശേഷം പ്രസംഗിച്ചും അനേകരെ ആലയിലേക്ക് ആനയിച്ചും, സഞ്ചരിച്ച് പള്ളികലഹങ്ങൾ ശമിപ്പിച്ച്, പ്രാർത്ഥനയാൽ വസന്തകളെ ശാസിച്ച് അടക്കി, തുടർച്ചയായി തന്റെ ജീവരക്തം സ്വന്തം ആടുകൾക്കുവേണ്ടി ഒഴുക്കിതീർത്ത നല്ല ഇടയൻ.

മദ്ധ്യസ്ഥതയുടെ ദൈവശാസ്ത്രം

നാം ഒരു പരിശുദ്ധനെ ബഹുമാനിക്കുമ്പോൾ ആ വ്യക്തിയെ ബഹുമാനിക്കുക എന്നുള്ളതിൽ കൂടുതലായി ആ പരിശുദ്ധനിൽ തെളിഞ്ഞു കാണുന്ന ദൈവസ്വരൂപത്തെയാണ് ബഹുമാനിക്കുന്നത്. ഒരു പരിശുദ്ധനെ ബഹുമാനിക്കുമ്പോൾ ആ ബഹുമതി ദൈവത്തിങ്കലാണ് ചെന്നു ചേരുന്നത്. “എന്നിൽ യാതൊന്നുമില്ല. എന്നിൽ എന്തെങ്കിലും നന്മയുണ്ടെങ്കിൽ അത് ദൈവം എനിക്ക് നൽകുന്നത് മാത്രമേയുള്ളു. ദൈവസ്വരൂപത്തോട് ഞാൻ എത്രയും കൂടുതൽ അടുത്തു വരുന്നുവോ അത്രയും മാത്രമേ എനിക്ക് വിശുദ്ധിയുള്ളു” എന്നുള്ളത് എല്ലാ പരിശുദ്ധന്മാരും സമ്മതിക്കുന്നതാണ്.

അതുകൊണ്ട് ഒരു പരിശുദ്ധനെ നാം ബഹുമാനിക്കുമ്പോൾ ദൈവത്തെ തന്നെയാണ് ബഹുമാനിക്കുന്നത്. ദൈവത്തിന്റെ അദൃശ്യമായ രൂപം കർത്താവായ യേശുമശിഹായിൽ പൂർണ്ണമായി കാണപ്പെട്ടതുപോലെ, തന്റെ പരിശുദ്ധന്മാരിലും അതേ ദിവ്യരൂപമാണ് കാണപ്പെടുന്നത്. നാം പരുമല തിരുമേനിയെ ബഹുമാനിക്കുമ്പോൾ യഥാർത്ഥമായി ഈ പിതാവിൽ പ്രത്യക്ഷമായി കാണപ്പെട്ട ദൈവസ്വരൂപത്തെയാണ് ബഹുമാനിക്കുന്നത്. നമ്മുടെ സ്തുതികളും സ്തോത്രങ്ങളും പ്രാർത്ഥനകളുമെല്ലാം പിതാവാംദൈവത്തിന്റെയടുക്കൽ, പുത്രൻതമ്പുരാന്റെയടുക്കൽ, പരിശുദ്ധ റൂഹായുടെ അടുക്കൽ ചെന്നുചേരുവാനുള്ളതാണ്. അതുകൊണ്ട് ഒരു മനുഷ്യനെ ദൈവമാക്കുകയല്ല, ദൈവം മനുഷ്യനിൽ കൂടി കാണപ്പെട്ടു എന്നുള്ളതിനെ വിശ്വസിക്കുകയാണ് ചെയ്യുന്നത്. പ. പരുമല തിരുമേനി കാലം ചെയ്ത കബറിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം പ്രത്യേകമായി ഉള്ളതുകൊണ്ട് ദൈവസാന്നിദ്ധ്യവും പ്രത്യേകമായിട്ട് ഉണ്ട് എന്നു നാം വിശ്വസിക്കുന്നത് അതുകൊണ്ടാണ്.

ഒരു സ്ഥലത്തിന് വിശുദ്ധിയൊന്നും ഇല്ല എന്നാണ് നവീകരണ സഭക്കാർ പറയുന്നത്. സ്ഥലത്തിനും സമയത്തിനും പ്രത്യേക വിശുദ്ധിയൊന്നും ഇല്ല എന്നവർ പറയുന്നു. എന്നാൽ നമുക്ക് അങ്ങനെയല്ല. സ്ഥലങ്ങൾ വിശുദ്ധമാണ് എന്നു നാം കരുതുന്നു. പരിശുദ്ധനായ ഒരു തിരുമേനിയുടെ ശരീരം വിശുദ്ധമാണ്. ആ ശരീരത്തിന്റെ തിരുശേഷിപ്പുകൾ ഇരിക്കുന്ന സ്ഥലവും വിശുദ്ധമാണ്. അതുകൊണ്ട് സ്ഥലത്തിന് വിശു

ദ്ധിയുണ്ട് എന്നു തന്നെയാണ് നാം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്.

കാലത്തിനും വിശുദ്ധിയുണ്ട്. കർത്താവായ യേശുമശിഹായും അപ്പോസ്തോലന്മാരും ജീവിച്ചിരുന്ന കാലം, മറ്റ് എല്ലാ കാലങ്ങളേക്കാൾ വിശുദ്ധമാണ് എന്നു തന്നെ വിശ്വസിക്കുന്നവരാണ് നാം. അതുകൊണ്ട് ഈ സ്ഥലകാലങ്ങളിൽ കൂടി പ്രത്യക്ഷനാകുന്ന ദൈവത്തിന്റെ സാമീപ്യത്തെയാണ് നാം പ്രത്യേകമായി ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യുന്നത്.

പാഠം 6

പരിശുദ്ധാത്മ ദാനങ്ങളും വിടുതൽ പ്രസ്ഥാനങ്ങളും

വിടുതൽ പ്രസ്ഥാനം ഇന്ന് ലോകവ്യാപകമായിത്തീർന്നിരിക്കുകയാണ്. കത്തോലിക്കാസഭയിലും ആംഗ്ലിക്കൻ സഭയിലും ബാപ്റ്റിസ്റ്റ് സംഘങ്ങളിലും മാത്രമല്ല, അമേരിക്കയിലെ ഗ്രീക്ക് ഓർത്തഡോക്സ് സഭയിൽ പോലും 'കരിസ്മാറ്റിക് മൂവ്മെന്റ്' അല്ലെങ്കിൽ 'പരിശുദ്ധാത്മദാന പ്രസ്ഥാനം' നടപ്പിലുണ്ട്. തെക്കേ അമേരിക്കയിലെ പെന്തിക്കോസ്തൽ സഭകളിൽ ഈ പ്രസ്ഥാനം ഇരുപത് വർഷങ്ങൾക്കു മുമ്പ് വ്യാപിച്ച് വികസിച്ച് ഇന്ന് ആ സഭകൾ ലോകത്തിലെ പ്രധാന സഭാവിഭാഗങ്ങളിലൊന്നായി വളർന്നിരിക്കുകയാണ്.

പക്ഷേ, ഓരോ സ്ഥലത്തും ഓരോ സഭയിലും ഉള്ള വിടുതൽ പ്രസ്ഥാനത്തിന് അതതിന്റേതായ പ്രത്യേകതകളുണ്ട്. കേരളത്തിലെ കത്തോലിക്കാസഭയിൽ വിടുതൽ പ്രസ്ഥാനം ശക്തിയായി പ്രവർത്തിക്കുന്നുണ്ട്. സാധാരണയായി ഒരു പുരോഹിതന്റെയും ഒരു കന്യാസ്ത്രീയുടേയും നേതൃത്വത്തിലാണ് കത്തോലിക്കാ സഭയിലെ വിടുതൽ ഗ്രൂപ്പുകൾ. അത്മായനേതൃത്വത്തിന് അതിന്റെ സ്ഥാനമുണ്ടെങ്കിലും പൗരോഹിത്യ നൽവരമോ സഭയിൽ ഔദ്യോഗികമായ സ്ഥാനമോ ഉള്ളവരുടെ നേതൃത്വത്തിൽ വേണം ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ. അതല്ലെങ്കിൽ വഴിതെറ്റിപ്പോകുവാൻ ധാരാളം സാദ്ധ്യതയുണ്ട് എന്ന് അവർ വിശ്വസിക്കുന്നു.

കുർബ്ബാനയിലുള്ള സംബന്ധവും പള്ളിയിലുള്ള ആരാധനയുമാണ് കത്തോലിക്കാ സഭയിലെ വിടുതൽ പ്രസ്ഥാനത്തിൽ പ്രധാനമായിട്ടുള്ളത്. ഇടദിവസങ്ങളിലും, ഞായറാഴ്ച ഉച്ച കഴിഞ്ഞും അവർ പള്ളിയിൽ കൂടി കുർബാനയിൽ സംബന്ധിക്കുകയും അനുഭവിക്കുകയും

ചെയ്യുകയും പിന്നീട് ധ്യാനയോഗങ്ങൾ പോലെ നടത്തുകയും ചെയ്യുന്നു. ചിലപ്പോഴൊക്കെ വീടുകളിലും കൂടി പ്രാർത്ഥിക്കും. പ്രത്യേകിച്ച് രോഗികളെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും. മറുഭാഷകളുടെ നൽവരവും അവർക്ക് ചിലപ്പോഴൊക്കെ അനുഭവപ്പെടാറുണ്ടെങ്കിൽ മറുഭാഷ സംസാരിച്ചെങ്കിലേ പരിശുദ്ധാത്മ സാന്നിദ്ധ്യത്തിന്റെ ഉറപ്പുണ്ടാകുകയുള്ളു എന്ന് അവർ വിശ്വസിക്കുന്നില്ല.

അമേരിക്കയിലെ ഓർത്തഡോക്സ് സഭയിലെ പരിശുദ്ധാത്മദാന പ്രസ്ഥാനത്തിലും പൗരോഹിത്യ നേതൃത്വത്തിനും വി. കുർബാനയിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആരാധനയ്ക്കും പ്രധാന സ്ഥാനമാണ് കൊടുക്കുന്നത്.

നമ്മുടെ നാട്ടിലെ ഓർത്തഡോക്സ് സഭയിലെ വിടുതൽ പ്രസ്ഥാനത്തിലും മൂന്നോ നാലോ പുരോഹിതന്മാർ ഉണ്ടെങ്കിലും അൽമായ നേതൃത്വത്തിനാണ് മുൻതൂക്കം. കുർബ്ബാനയിൽ സംബന്ധിക്കുന്നതും അനുഭവിക്കുന്നതും മറ്റുള്ളവരേക്കാൾ കൂടുതലുണ്ടെങ്കിലും അതിന് കേന്ദ്രികമായ സ്ഥാനം കൊടുക്കുന്നുണ്ടോ എന്ന് സംശയമാണ്.

ഈ പരിതഃസ്ഥിതിയിൽ പരിശുദ്ധാത്മ പ്രവർത്തനങ്ങളെക്കുറിച്ചും ദാനങ്ങളെക്കുറിച്ചും സഭയുടെ വിശ്വാസം എന്താണെന്ന് അറിയുന്നത് പ്രയോജനപ്രദമായിരിക്കുമെന്ന് തോന്നുന്നു.

പരിശുദ്ധാത്മാവിന്റെ ആളത്വം

പരിശുദ്ധാത്മാവിന്റെ ആളത്വത്തിന് നാം നൽകുന്ന അതിപ്രാധാന്യം പാശ്ചാത്യസഭകളിൽ നഷ്ടപ്പെട്ടു പോയിട്ട് നൂറ്റാണ്ടുകൾ പലതായി. പൗരസ്ത്യ സഭകൾക്കും പരിശുദ്ധാത്മാവിന്റെ ആളത്വത്തേയും പ്രവർത്തനത്തേയുംപറ്റിയുള്ള വിശ്വാസം വ്യക്തമായി കാണുന്നതു പെന്തിക്കോസ്തി പെരുന്നാളിലെ നമ്മുടെ ആരാധനക്രമത്തിലാണ്. പരിശുദ്ധനായ മാർ ബസേലിയോസ് നാലാം ശതാബ്ദത്തിൽ പരിശുദ്ധ റൂഹായെപ്പറ്റി വേദാധിഷ്ഠിതമായി എഴുതിയ കൃതിയിലെ ആശയങ്ങളാണ് ഈ പ്രാർത്ഥനകളിൽ അധികമായി കാണുന്നത്. അതിന്റെ ചുരുക്കം ഇങ്ങനെ ആണ്.

1. പിതാവും പുത്രനും പരിശുദ്ധ റൂഹായും തമ്മിൽ വേർതിരിപ്പാൻ സാദ്ധ്യമല്ല. പിതാവും പുത്രനും പരിശുദ്ധ റൂഹായും ഏകദൈവമാകുന്നു. പിതാവിനോടൊപ്പം പുത്രനും പരിശുദ്ധാത്മാവും ഒരുപോലെ സകല മാനുഷിക ചിന്തകൾക്കും നിരൂപണങ്ങൾക്കും അതീതനായി, സ്വയംഭൂവും, സ്വയം അറിയുന്നവനും സ്വയം ശക്തനുമായി നിലകൊള്ളുന്നു. ഒരു ക്നൂമാ മറ്റൊന്നിനേക്കാൾ പ്രായം കൂടിയതോ, ഒന്ന് മറ്റൊന്നിൽ നിന്ന് അകന്നു നിൽക്കുന്നതോ, വലിപ്പച്ചെറുപ്പമുള്ളതോ അല്ല.

2. പരിശുദ്ധ റൂഹാ പിതാവിൽ നിന്ന് വ്യാഖ്യാനാതീതമായ രീതിയിൽ നിത്യമായി പുറപ്പെടുന്നു. റൂഹാ സത്യത്തിന്റെ ആത്മാവാകയാൽ വ്യാജത്തേയും, കപടത്തേയും ദൂരീകരിച്ച് സത്യം വെളിപ്പെടുത്തുന്നു. റൂഹാ ശക്തിയുടെ റൂഹായാകയാൽ ബലമില്ലാത്തവരെ താങ്ങിയെഴുന്നേല്പിച്ച് വലിയ ശക്തി നൽകുന്നവനാകുന്നു. ആത്മീയശക്തിയും ശാരീരിക ശക്തിയും ബുദ്ധിശക്തിയും എല്ലാം പരിശുദ്ധ റൂഹായിൽ നിന്നുള്ളതാകുന്നു. റൂഹാ രാജകീയാത്മാവാകുന്നു (റൂഹോ മൽകോയോ); ദാസനല്ല; ആർക്കും പരിശുദ്ധറൂഹാ എന്റെയോ ഞങ്ങളുടെയോ കുത്തകയാണെന്ന് പറയാൻ സാദ്ധ്യമല്ല. അവന് ഞാൻ വിധേയനാവുകയല്ലാതെ അവനെ എന്റേതാക്കുവാൻ സാദ്ധ്യമല്ല. കാപട്യവും മറച്ചുവയ്ക്കലും എവിടെയുണ്ടോ അവിടെ റൂഹായുടെ പ്രവർത്തനത്തിന്റെ പൂർണ്ണതയില്ല.

3. റൂഹാ സ്നേഹത്തിന്റെയും മദ്ധ്യസ്ഥ പ്രാർത്ഥനയുടെയും റൂഹായാകുന്നു (റൂഹോ റോഹെംബ്നായ്നോഷോ, റൂഹോമ്ബായോനോ.) എല്ലാ സമയത്തും എല്ലാ മനുഷ്യരോടും സ്നേഹമുള്ളവരും എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നവരുമായിട്ടുള്ളവരിലുമാണ് റൂഹായുടെ പ്രവർത്തനം ഏറ്റവും പൂർണ്ണമായി കാണുന്നത്. മറ്റുള്ളവരെ ദ്വേഷിക്കുകയോ നിന്ദിക്കുകയോ പുച്ഛിക്കുകയോ അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ വൈമനസ്യം കാണിക്കുകയോ ചെയ്യുന്നവരിൽ റൂഹായുടെ പ്രവർത്തനത്തിന്റെ പൂർണ്ണതയില്ലെന്ന് സുവ്യക്തമാണ്.

4. റൂഹാ നന്മയുടെയും വിജ്ഞാനത്തിന്റെയും വീര്യത്തിന്റെയും റൂഹായാകുന്നു (റൂഹോതോബോ, റൂഹോദ്ഹേകുംതോ, റൂഹോദ് ഗാബോ റൂഥോ). നന്മയും വിജ്ഞാനവും ഭയമില്ലാത്ത സത്യസന്ധതയും എവിടെ കാണുന്നുവോ അവിടെ റൂഹായുടെ പ്രവർത്തനമുണ്ട്. പാവപ്പെട്ടവനെ സഹായിക്കാൻ വൈമുഖ്യം കാണിക്കുന്നവനും കള്ളന്മാരുടെയിടയിൽ വീണ് പരുക്കു പറ്റിയവന് ശുശ്രൂഷ ചെയ്യാത്തവനും, കുഴിയിൽ വീണവനെ വലിച്ചുകയറ്റാൻ മടി കാണിക്കുന്നവനും റൂഹായ്ക്കുള്ളവരല്ല. മനുഷ്യരുടെ ആത്മാവിനെപ്പറ്റി മാത്രമേ എനിക്ക് താൽപര്യമുള്ളു, അവരുടെ മാനുഷികാവശ്യങ്ങളെക്കുറിച്ച് എനിക്ക് ചുമതലയൊന്നുമില്ല എന്നു പറയുന്നവർ യഥാർത്ഥത്തിൽ ക്രിസ്തുവിനെയും പരിശുദ്ധാത്മാവിനെയും അറിയാത്തവരാണ്. ദൈവം മനുഷ്യന്റെ ആദ്ധ്യാത്മികാവശ്യങ്ങളെ മാത്രമല്ല മാനുഷികാവശ്യങ്ങളെയും നടത്തിക്കൊടുക്കുന്നവനാണല്ലോ. ഭക്ഷണമില്ലാത്തവർക്ക് ഭക്ഷണം കൊടുക്കാത്തവനും, ദാഹിക്കുന്നവന് വെള്ളം കൊടുക്കാത്തവനും, ഉടുപ്പില്ലാത്തവനെ ഉടുപ്പിക്കാത്തവനും, 'പോകുവിൻ നിങ്ങളെ ഞാൻ അറിയുന്നില്ല, ശപിക്കപ്പെട്ടവരേ, നിത്യാഗ്നിയിലേക്ക് പോകുവിൻ' എന്നുള്ള നിർദ്ദയശബ്ദം കേൾക്കേണ്ടി വരുമെന്ന് നമ്മുടെ കർത്താവ് പഠിപ്പിക്കുന്നു (വി. മത്തായി 25:31-46). പരിശു

ദ്ധാത്മാവുള്ളിടത്ത് പാവപ്പെട്ടവരോടും കഷ്ടപ്പെടുന്നവരോടും ഉള്ള നന്മ പ്രവർത്തികൾ ധാരാളമായിക്കാണും. മറുഭാഷ സംസാരിക്കാത്തവൻ നരകാഗ്നിയിൽ പ്രവേശിക്കുമെന്ന് നമ്മുടെ കർത്താവ് പഠിപ്പിച്ചില്ല. എന്നാൽ പാവപ്പെട്ടവനോട് നന്മ പ്രവർത്തിക്കാത്തവരെ ശപിക്കപ്പെട്ടവരായി കർത്താവ് കണക്കാക്കുന്നു. പരിശുദ്ധാത്മാവ് മനുഷ്യസ്നേഹി (റൂഹോറോഹെംബ്നായ് നോഷോ) യും നന്മകൾ പ്രവർത്തിക്കുന്നവനും (റൂഹോസോ ആർ നോബോഥോ) ആകയാൽ അങ്ങനെയുള്ള പ്രവൃത്തികളും മനുഷ്യരോടുള്ള സ്നേഹവും ഇല്ലാത്ത ഏത് പ്രസ്ഥാനവും പരിശുദ്ധാത്മാവിന്റേതല്ലെന്ന് സുവ്യക്തമാണ്.

പരിശുദ്ധാത്മാഭിഷേകം

പരിശുദ്ധാത്മാഭിഷേകം ലഭിക്കുന്നതും പരിശുദ്ധാത്മ ദാനങ്ങൾ ലഭിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്.

പരിശുദ്ധാത്മാവിന്റെ അഭിഷേകം മാമോദീസായും മൂറോനഭിഷേകവും മൂലം എല്ലാ വിശ്വാസികൾക്കും ലഭിക്കുന്നു. ഇവിടെ പുരുഷനെന്നോ, സ്ത്രീയെന്നോ, പട്ടക്കാരനെന്നോ, അത്മായക്കാരനെന്നോ, വൃദ്ധനെന്നോ, ശിശുവെന്നോ, ഒക്കെയുള്ള വ്യത്യാസങ്ങൾക്കൊന്നും പ്രസക്തിയില്ല. ഗ്രീക്കു ഭാഷയിൽ ഖ്റീസ്മാ (Chrisma) എന്നു പറയുന്ന ഈ പരിശുദ്ധാത്മാഭിഷേകം നമുക്കെല്ലാമുണ്ട് എന്ന് 1 യോഹ. 2:20-ലും 27-ലും 2 കൊരി. 1:21-ലും കാണുന്നു. ഈ ഖ്റീസ്മ അല്ലെങ്കിൽ അഭിഷേകം (മെശ്ഹോ സുറിയാനിയിൽ) പ്രധാനമായി ലഭിച്ചിട്ടുള്ളത് ദൈവത്തിന്റെ അഭിഷിക്തനായ മിശിഹാതമ്പുരാന് തന്നെയാണ്. 'മ്ഷീഹോ' (Messiah) എന്നു വച്ചാലും ഖ്റീസ്തോസ് (christos) എന്നുവച്ചാലും അഭിഷിക്തൻ എന്നാണല്ലോ അർത്ഥം. ദൈവം തന്റെ പുത്രനെ അഭിഷേകം ചെയ്തതു മൂലം അവൻ അഭിഷിക്തൻ, അല്ലെങ്കിൽ ക്രിസ്തു, അല്ലെങ്കിൽ മശിഹായായി (അ.പ്ര. 4:27, 10:38).

നാമും മാമോദീസായിൽ ചേർത്ത വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിച്ച്, മൂറോനഭിഷേകം പ്രാപിച്ച് പരിശുദ്ധാത്മാലയങ്ങളും ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളും ആയിത്തീരുന്നു. ഇത് എല്ലാ വിശ്വാസികൾക്കും ഒരുപോലെയാണ് (1 കൊരി. 12:27).

എല്ലാ വിശ്വാസികൾക്കും പൊതുവെയുള്ള ഈ അഭിഷേകം മൂലം അവർ പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും തങ്ങളുടെ പാപത്തിൽ നിന്ന് കഴുകപ്പെട്ട, ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളായിത്തീർന്ന് ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും രാജത്വത്തിലും പ്രവാചകത്വത്തിലും പങ്കാളികളായിത്തീരുകയും ചെയ്യുന്നു.

ഈ പരിശുദ്ധാത്മാഭിഷേകത്തിന്റെ ദൃശ്യഫലങ്ങൾ പ്രധാനമായുള്ളത് പൂർണ്ണമായ സത്യസന്ധത, തിന്മയെ ഭയമില്ലായ്മ, വിശുദ്ധ ജീവിതം, മനുഷ്യരോടുള്ള സ്നേഹം, കാര്യങ്ങൾ വിവേചിച്ചറിയുവാനുള്ള കഴിവ് എന്നിവയാണ്. ഇത് നമ്മുടെ പലയാളുകളിലും കാണുന്നില്ല എന്നതിന്റെ അർത്ഥം നമുക്ക് മാമോദീസായിൽ മൂറോൻ മൂലം ലഭിച്ച പരിശുദ്ധാത്മാഭിഷേകത്തെ നാം വിലമതിക്കാതെ, നമ്മുടെ പാപങ്ങൾ മൂലം അതിനെ മൂടിവച്ചിരിക്കുന്നു എന്നതാണ്. സഭയിലെ കൂദാശകളുടെയും ആരാധനയുടെയും പ്രസംഗത്തിന്റെയും പഠിപ്പിക്കലിന്റെയും പ്രധാന ഉദ്ദേശ്യം, ഈ മറഞ്ഞിരിക്കുന്ന പരിശുദ്ധാത്മാഭിഷേകത്തെ, നമ്മുടെ പാപങ്ങളിൽ നിന്നുള്ള വേർപെടൽ മൂലവും, ദൈവത്തിങ്കലേക്കുള്ള നമ്മുടെ അനുതാപവും സ്നേഹവും മൂലവും ദൈവകരുണയാൽ അനാവരണം ചെയ്യുകയെന്നതാണ്. അങ്ങനെ അനാവരണം ചെയ്യപ്പെടുമ്പോൾ പ്രത്യക്ഷമാകുന്ന പ്രധാന ഗുണം സ്നേഹമാണ് - എല്ലാ മനുഷ്യരോടും ഉള്ള സ്നേഹം. കുടുംബാംഗങ്ങളോടും വേലക്കാരോടും ജാതിമതഭേദമെന്യേ നാം ആരുമായി ഇടപെടുന്നുവോ ആരെപ്പറ്റി ചിന്തിക്കുന്നുവോ അവരോടെല്ലാമുള്ള നിഷ്കളങ്കമായ സ്നേഹം. ആ സ്നേഹത്തിനു പരിധിയില്ല. അത് നാം സ്നേഹിക്കുന്നവരുടെ ആത്മാക്കൾ രക്ഷിക്കപ്പെടുന്നതിനു വേണ്ടിയുള്ള സ്നേഹമല്ല. യഥാർത്ഥവും, നിഷ്കളങ്കവും, സ്വയപരിത്യാഗസന്നദ്ധതയുള്ളതും, മറ്റുള്ളവരുടെ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും എല്ലാ യഥാർത്ഥ ആവശ്യങ്ങളേയും കണക്കിലെടുത്ത് അവർക്ക് നിസ്വാർത്ഥ സേവനം നൽകി, നമ്മെത്തന്നെ മറ്റുള്ളവർക്കു ചൊരിഞ്ഞുകൊടുത്ത്, മറ്റുള്ളവരുടെ ഉൽക്കർഷത്തിൽ മാത്രം ആനന്ദം കൊള്ളുന്ന ക്രിസ്തുവിന്റെ സ്നേഹമാണ് പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിൽ കോരിച്ചൊരിയുന്നത്.

ഈ സ്നേഹമില്ലെങ്കിൽ, പരിശുദ്ധ പൗലോസ് അപ്പോസ്തോലൻ പറയുന്നതുപോലെ, മനുഷ്യരുടേയും മാലാഖമാരുടേയും ഭാഷകളിൽ സംസാരിച്ചാലും, വലിയ പ്രവചന നൽവരവും, ദർശന നൽവരവും ഉണ്ടായാലും, അത്ഭുതങ്ങൾ പ്രവർത്തിപ്പാൻ കഴിവുള്ള ഉറച്ച വിശ്വാസമുണ്ടായിരുന്നാൽപ്പോലും, എത്ര തന്നെ ത്യാഗം ചെയ്താലും, അനേക മണിക്കൂറുകൾ പ്രാർത്ഥനയിൽ കഴിച്ചാലും പ്രയോജനമില്ല (1 കൊരി. 13:1–3). സ്വന്തം ഇഷ്ടം നടക്കണമെന്ന് നിർബന്ധിക്കാത്തതാണ് യഥാർത്ഥ സ്നേഹം (1 കൊരി. 13:5). കർത്താവിന്റെ ഇഷ്ടമാണെന്നു പറഞ്ഞാണ് നാം പലപ്പോഴും സ്വന്തം ഇഷ്ടത്തെപ്പറ്റി ശാഠ്യം പിടിക്കുന്നത്. സ്നേഹത്തിന് അഹങ്കാരമില്ല. അത് മറ്റുള്ളവരെ പുച്ഛിച്ചു പുറന്തള്ളുന്നില്ല.

പ്രവചന നൽവരം നീങ്ങിപ്പോകും; മറുഭാഷകളും നീങ്ങിപ്പോകും; അറിവും നീങ്ങിപ്പോകും (1 കൊരി. 13:8–9). സ്നേഹം മാത്രമേ നില

നിൽക്കുന്നതായുള്ളു. ഇന്ന് നമ്മുടെ സഭയിലെ വിടുതൽ പ്രസ്ഥാനത്തെപ്പറ്റിയുള്ള ഏറ്റവും വലിയ വിമർശനം ഈ സ്നേഹത്തിന്റെ അഭാവത്തെപ്പറ്റിയുള്ളതാണ്. തങ്ങളുടെ കൂട്ടായ്മയ്ക്ക് പുറത്തുള്ളവരോടു കാണിക്കുന്ന സ്നേഹരാഹിത്യവും പുച്ഛവും, രണ്ടാം തരക്കാരായി മറ്റുള്ളവരെ കാണുന്ന സ്വഭാവവും ക്രിസ്തുവിന്റേതല്ല. മറ്റേതോ ദുഃശക്തിയുടേതാണെന്നാണ് എന്റെ വിശ്വാസം. യഥാർത്ഥ സ്നേഹം, ക്രിസ്തു നമ്മോടു കാണിച്ചതുപോലുള്ള തുറന്ന സ്നേഹം ഇല്ലാത്തിടത്ത് പരിശുദ്ധാത്മാവിന്റെ അടിസ്ഥാനപരമായ അഭിഷേകം ഇപ്പോഴും പാപം മൂലം മറഞ്ഞിരിക്കുന്നുവെന്നു തന്നെയാണ് എന്റെ ഉറച്ച വിശ്വാസം.

പക്ഷേ, വിശ്വാസികളായ നാം നമ്മുടെ സഭയിലെ അംഗങ്ങളായ വിടുതൽ പ്രസ്ഥാനക്കാരോട് അതുപോലുള്ള സ്നേഹം കാണിച്ചില്ലെങ്കിൽ നമ്മിലും പരിശുദ്ധാത്മ പ്രവർത്തനമില്ലെന്നതിന്റെ ലക്ഷണമായിരിക്കും. യഥാർത്ഥ സേവന മനഃസ്ഥിതിയും വിശുദ്ധ ജീവിതവും പ്രാർത്ഥനാശീലവും നിറഞ്ഞ അനേകംപേർ വിടുതൽ പ്രസ്ഥാനത്തിൽ ഉണ്ടെന്നു മാത്രമല്ല, പേരിനു മാത്രം സഭാംഗങ്ങളായിരുന്ന് അശുദ്ധാത്മാലയങ്ങളായിത്തീർന്നിരുന്ന പലരേയും ദൈവത്തിന്റെ വഴിയിലേക്കു തിരിപ്പാൻ വിടുതൽ പ്രസ്ഥാനത്തിനു സാധിച്ചിട്ടുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. വിടുതൽ പ്രസ്ഥാനക്കാരെ നാം പുച്ഛിച്ചു പുറന്തള്ളുന്നെങ്കിൽ അത് ഒരിക്കലും ക്രിസ്തീയമായിരിക്കയില്ല. അവർ സഭയോട് യഥാർത്ഥ സ്നേഹമുള്ളവരായിത്തീർന്ന് സഭയുടെ കെട്ടുപണിക്കു വേണ്ടി ഉത്സാഹിക്കുന്നവരും എല്ലാ മനുഷ്യരോടും പ്രത്യേകിച്ച് സ്വന്തം കുടുംബാംഗങ്ങളോടും വേലക്കാരോടും, കൂടെ ജോലി ചെയ്യുന്നവരോടും യഥാർത്ഥ സ്നേഹമുള്ളവരുമായി തീരുന്നതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയെന്നുള്ളതാണ് നമുക്കിന്നു ചെയ്യാവുന്ന വലിയ കാര്യം. അവർക്കുള്ള ആത്മശിക്ഷണത്തിന്റെയും പ്രാർത്ഥനാശീലത്തിന്റെയും ഒരു ചെറിയ പങ്കെങ്കിലും നമുക്കും ഉണ്ടാകാതെ ഇതു സാദ്ധ്യമല്ല.

അടിസ്ഥാനപരമായ പരിശുദ്ധാത്മാഭിഷേകം വി. മാമോദീസാ മൂലവും വി. മൂറോൻ മൂലവും ക്രിസ്തുശരീരത്തിലെ അംഗങ്ങളായി തീർന്നിട്ടുള്ള എല്ലാവർക്കും ഒരുപോലെ നൽകപെട്ടിട്ടുള്ളതാണ്. പക്ഷേ, അതിന്റെ ദൃശ്യഫലങ്ങൾ വിടുതൽ പ്രസ്ഥാനത്തിൽപ്പെട്ടവരും പെടാത്തവരുമായ മിക്കവാറും പേരിൽ കാണുന്നില്ലായെന്നുള്ളത് പാപത്തിന്റെയും തിന്മയുടെയും ശക്തി അതിനെ ആവരണം ചെയ്തിരിക്കുന്നു എന്നതിന്റെ ലക്ഷണമാണ്. ഇതു നമ്മിലും നമ്മുടെ വിടുതൽ സഹോദരങ്ങളിലും ഒരുപോലെ മറഞ്ഞിരിക്കയാണെന്നു തോന്നുന്നു. സ്നേഹത്തിന്റെ അഭാവവും സഭയുടെ കെട്ടുപണിയെപ്പറ്റി ശുഷ്കാന്തിയില്ലായ്മയും വിശുദ്ധ ജീവിതമില്ലായ്മയും എവിടെ കാണുന്നുവോ അവിടെ പരിശുദ്ധാത്മ

പ്രവർത്തനം പാപതമസ്സുകൊണ്ട് ആവരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നു വ്യക്തമാണ്. നമുക്ക് വിടുതൽ പ്രസ്ഥാനക്കാരോടു സ്നേഹമില്ലെങ്കിൽ നാം എങ്ങനെ പരിശുദ്ധാത്മാവിന്റെ ഉപകരണങ്ങളായിത്തീരുവാൻ സാധിക്കും?

പരിശുദ്ധാത്മദാനങ്ങൾ

എല്ലാ ക്രിസ്ത്യാനികൾക്കും നൽകപ്പെടുന്ന പരിശുദ്ധാത്മാഭിഷേകവും ഓരോരുത്തർക്കും വേറെ വേറെ നൽകപ്പെടുന്ന പരിശുദ്ധാത്മദാനങ്ങളും തമ്മിൽ വ്യത്യാസം ഉണ്ട്.

പരിശുദ്ധാത്മദാനങ്ങൾ പരിശുദ്ധാത്മാവ്, സഭയുടെ കെട്ടുപണിക്കുവേണ്ടി, സഭാംഗങ്ങൾക്ക് ഓരോരുത്തർക്കും അവരവരുടെ വിശ്വാസത്തിന്റെ പരിമാണമനുസരിച്ച് പങ്കിട്ടു കൊടുക്കുന്നവയാണ്. പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിച്ചിട്ടുള്ളവർക്കാണ് പരിശുദ്ധാത്മ ദാനങ്ങൾ നൽകപ്പെടുന്നത്. റോമാ ലേഖനം 5:5-ൽ പറയുന്നപോലെ, ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു പകരുന്നത്, ദൈവം നമുക്കു നൽകിയിട്ടുള്ള പരിശുദ്ധാത്മാവിലാകുന്നു. പുത്രത്വത്തിന്റെ ആത്മാവാണ് (റോമർ 8:15) നമുക്കു നൽകപ്പെട്ടിട്ടുള്ളത്. എല്ലാ വിശ്വാസികൾക്കുമുള്ള ആ അടിസ്ഥാനദാനത്തിന്റെ മുകളിലാണു മറ്റു ദാനങ്ങൾ പലർക്കും പല വിധത്തിലായി നൽകപ്പെടുന്നത്.

നൽകപ്പെടുന്ന ദാനം, ദാനം സ്വീകരിക്കുന്നയാളിന്റെ ആത്മീയ വളർച്ചയ്ക്കെന്നതിനേക്കാളുപരി, സഭയുടെ കെട്ടുപണിക്കും വളർച്ചയ്ക്കും വേണ്ടിയാകുന്നു, പൊതു നന്മയ്ക്കു വേണ്ടിയാകുന്നു (1 കൊരി. 12:7). ഓരോ ദാനപ്രാപകനും സഭയുടെ കെട്ടുപണിക്കുവേണ്ടി പ്രവർത്തിക്കുന്നു; അതു മൂലം സഭ വളരുന്നു (1 കൊരി. 2:12-27). വിടുതൽ പ്രസ്ഥാനത്തിന്റെ പ്രധാന പരീക്ഷ ഇതു തന്നെയാണ്. അതു സഭയുടെ കെട്ടുപണിക്കുതകുന്നില്ലെങ്കിൽ, അതു പരിശുദ്ധാത്മാവിന്റേതല്ല, ക്രിസ്തീയമല്ല എന്നു തീർത്തു പറയുവാൻ സാധിക്കും. ക്രിസ്തുവാണ് ദാനദാതാവ്. പരിശുദ്ധാത്മദാനങ്ങളുമാണ്. അവ എന്തിനുവേണ്ടി? എഫേസ്യ ലേഖനം 4:11 മുതലുള്ളതു വായിച്ചു നോക്കുക.

'മനുഷ്യവർഗ്ഗത്തിന് നൽവരങ്ങൾ നൽകിയതും കർത്താവു തന്നെ. ചിലരെ അപ്പോസ്തോലന്മാരാക്കി; മറ്റു ചിലരെ പ്രവാചകരും, ചിലരെ സുവിശേഷകരും, മറ്റു ചിലരെ ഇടയന്മാരും ഗുരുക്കന്മാരുമാക്കി. സേവന പ്രവൃത്തിയുടെ പൂർത്തീകരണത്തിനുള്ള എല്ലാ കഴിവുകളും ഉപകരണങ്ങളും വിദഗ്ധന്മാരായ സഭാംഗങ്ങൾക്കു നൽകി. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ കെട്ടുപണിക്കുവേണ്ടിത്തന്നെ. ഈ ദാനങ്ങളുടെ

ഉദ്ദിഷ്ട ലക്ഷ്യമോ സഭാംഗങ്ങളായ നാമെല്ലാവരും വിശ്വാസൈക്യത്തിലേക്ക് ഒരുമിച്ച് വളർന്ന്, ഒരുമിച്ചു ദൈവപുത്രനെ അറിഞ്ഞ് ഒരു പൂർണ്ണമനുഷ്യനായി വളരുന്നതിനുവേണ്ടി, ക്രിസ്തുവിന്റെ പൂർണ്ണതയാകുന്ന പ്രായപൂർത്തി പ്രാപിക്കുന്നതിനു വേണ്ടിത്തന്നെ. അങ്ങനെ പ്രായപൂർത്തി പ്രാപിച്ചില്ലെങ്കിൽ, നാം അറിവില്ലാത്ത കുഞ്ഞുങ്ങളെപ്പോലെ, മനുഷ്യരുടെ വേലത്തരം കൊണ്ടുണ്ടാക്കുന്ന ഓരോ പുതിയ ഉപദേശക്കാറ്റിലും ഊതിപ്പറപ്പിക്കപ്പെട്ട് അങ്ങോട്ടുമിങ്ങോട്ടുമലഞ്ഞ് വഞ്ചനയുടെ കുതന്ത്രങ്ങളിൽപ്പെട്ട് നശിച്ചുപോകും. സ്നേഹത്തിന്റെ സത്യസന്ധതയിൽ, എല്ലാവിധത്തിലും നമുക്കൊരുമിച്ച്, ക്രിസ്തുവാകുന്ന തലയിങ്കലേക്കു വളരാം. ആ തലയിൽ നിന്നാണല്ലോ ശരീരത്തെ മുഴുവൻ പരസ്പര ബന്ധങ്ങളിൽക്കൂടെ നിയാമനം ചെയ്തത്, ഓരോ നല്ല ഉപദേശങ്ങളുടേയും സന്ധിബന്ധങ്ങളിൽ കൂടെ ഒരുമിപ്പിക്കുന്നത്. ഓരോ ഭാഗവും ഓരോ അവയവം, അതിനുള്ള പ്രവൃത്തി ശരിയായി ചെയ്യുമ്പോൾ ശരീരം മുഴുവൻ വളർച്ച പ്രാപിക്കുന്നു, സ്നേഹത്തിലൂടെ പടുത്തുയർത്തപ്പെടുന്നു' (എഫേ. 4:11-16).

ഈ വേദാധിഷ്ഠിതമായ ലക്ഷ്യപ്രയാണത്തിലേക്ക് വിടുതൽ പ്രസ്ഥാനം വരുന്നതുവരെ അതേക്കുറിച്ചുള്ള ക്രിസ്തീയ വിമർശനവും നിലനിൽക്കും. തങ്ങളെത്തന്നെ പരിശുദ്ധാത്മാവിന്റെ ആളുകളായി എണ്ണി മറ്റുള്ളവരെപ്പറ്റി സ്നേഹമില്ലാതെയും സഭയുടെ മുഴുവൻ കെട്ടുപണിക്കുവേണ്ടി താഴ്മയോടും സ്നേഹത്തോടും കൂടി പ്രവർത്തിക്കാതെയും, സ്വന്ത കൂട്ടായ്മയുടെ ഉന്നമനത്തിനുവേണ്ടി മാത്രം ജീവിക്കുന്ന ഒരു വിടുതൽ പ്രസ്ഥാനം യഥാർത്ഥത്തിൽ പരിശുദ്ധാത്മ നിശ്വസിതമാണെന്ന് വിശ്വസിക്കുവാൻ പ്രയാസമാണ്.

പക്ഷേ, വിടുതൽ പ്രസ്ഥാനത്തെ വിമർശിക്കുന്നവർ, തങ്ങളിൽ പരിശുദ്ധാത്മപ്രവർത്തനം പ്രതിബന്ധമില്ലാതെയുണ്ടാകുന്നതിനുവേണ്ടി എന്തു ചെയ്യുന്നു എന്നു ചോദിക്കാതിരിക്കാൻ നിവർത്തിയില്ല. എന്തുകൊണ്ട് പൊതുവായ പരിശുദ്ധാത്മാഭിഷേകത്തിന്റെയും പ്രത്യേക നൽവരദാനങ്ങളുടേയും പ്രത്യക്ഷ ലക്ഷണങ്ങൾ സഭയിൽ കാണുന്നില്ല? എന്തുകൊണ്ട് പണത്തിനും കെട്ടിടത്തിനും വേണ്ടിയുള്ള കേസ്സുകൾക്കും അടിപിടികൾക്കുമായി മാത്രം സഭാംഗങ്ങൾ വെമ്പൽകൊള്ളുകയും പണം ചെലവഴിക്കുകയും ചെയ്യുന്നു? എന്തുകൊണ്ട് സഭയുടെ കെട്ടുപണിക്കുവേണ്ടി ത്യാഗം ചെയ്യുവാൻ സഭാംഗങ്ങൾ തയ്യാറാകുന്നില്ല? എന്തുകൊണ്ട് തങ്ങളുടെ മിടുക്കന്മാരായ മക്കളെ പൗരോഹിത്യവേലയ്ക്കായി നമ്മുടെ ആളുകൾ വിടുന്നില്ല? പരിശുദ്ധാത്മാഭിഷേകത്തിന്റെയും പരിശുദ്ധാത്മദാനങ്ങളുടേയും പ്രവർത്തനത്തെ തടയുന്ന പാപം നമ്മിൽ കിടക്കുന്നു എന്നല്ലേ അതു കാണിക്കുന്നത്?

പരിശുദ്ധാത്മദാനങ്ങളേവ?

പരിശുദ്ധാത്മദാനങ്ങൾ ഇന്നവയാണെന്നു വ്യക്തമായ ഒരു ലിസ്റ്റ് വേദ പുസ്തകം നൽകുന്നില്ല. പൗലോസ് ശ്ലീഹാ മൂന്നു പ്രാവശ്യവും പത്രോസ് ശ്ലീഹാ ഒരു പ്രാവശ്യവും ലിസ്റ്റുകൾ നൽകുന്നുണ്ട്. അവ താഴെ പറയുംപ്രകാരമാണ്.

1 കോരി 11:8, 10: 1) വിജ്ഞാനത്തിന്റെ വചനം 2) അറിവിന്റെ വചനം 3) വിശ്വാസ നൽവരം 4) രോഗശാന്തിയുടെ നൽവരങ്ങൾ 5) പിശാചുക്കളെ പുറത്താക്കുവാനുള്ള ശക്തി 6) പ്രവചന നൽവരം 7) ആത്മാക്കളെ വിവേചിച്ചറിയുവാനുള്ള നൽവരം 8) മറുഭാഷാ നൽവരം 9) മറുഭാഷാ വ്യാഖ്യാന നൽവരം.

റോമർ 12:6-8: 1) പ്രവചനം 2) ശുശ്രൂഷാ നൽവരം 3) ആചാര്യത്വ നൽവരം 4) ആശ്വാസപ്രബോധന നൽവരം 5) വിതരണ നൽവരം 6) അദ്ധ്യക്ഷസ്ഥാന നൽവരം 7) ജീവകാരുണ്യ പ്രവൃത്തികളുടെ നൽവരം.

എഫേസ്യ 4:11: 1) അപ്പോസ്തലത്വം 2) പ്രവാചകത്വം 3) സുവിശേഷകത്വം 4) ഇടയത്വവും ഗുരുത്വവും.

1 പത്രോ. 4:11: 1) പ്രഭാഷണ നൽവരം 2) ശുശ്രൂഷാ നൽവരം.

ഈ ലിസ്റ്റുകൾ തമ്മിൽ വലിയ സംരൂപ്യമില്ലെന്നു മാത്രമല്ല, നാലു ലിസ്റ്റിലും ഒരുപോലെ കാണുന്ന ഒരു ദാനവുമില്ല. എല്ലാ ദാനങ്ങളും പൊതുവേ സഭയുടെ ഉദ്ബോധനത്തിനും ഭരണത്തിനും, ജീവകാരുണ്യ പ്രവൃത്തികൾക്കും വേണ്ടിയുള്ളവയാണ്. ഒരാൾക്ക് ഒരു ദാനമേ ഉണ്ടായിക്കൊള്ളു എന്നില്ല. വി. പൗലോസ് അപ്പോസ്തോലൻ (ഗലാ. 1:1) മറുഭാഷാ നൽവരമുള്ളവനും (1 കൊരി. 14:18) അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനും (കൊലോ 1:29) ആയിരുന്നു. എന്നാൽ സ്നേഹമല്ലാതെ മറ്റേതെങ്കിലും ഒരു പരിശുദ്ധാത്മ നൽവരം എല്ലാവർക്കും വേണമെന്ന് അപ്പോസ്തോലൻ പറയുന്നില്ല. സഭയുടെ ഭരണകാര്യങ്ങളിലും ഉപദേശപ്രവൃത്തികളിലും കൂദാശാനുഷ്ഠാനങ്ങളിലും, സേവനരംഗങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർക്കെല്ലാം അതതിനാവശ്യമായ കൃപാവരം പരിശുദ്ധാത്മാവ് കൊടുത്തുകൊണ്ടാണിരിക്കുന്നത് (റോമർ 12:6-8). അങ്ങനെ പ്രത്യേകമായി എടുത്തു കാണിക്കുന്നതും ആത്മീയ അഹങ്കാരം ഉളവാക്കുന്നവയുമല്ല ഈ പരിശുദ്ധാത്മദാനങ്ങൾ. അഹങ്കാരം ഉളവാക്കുന്ന ദാനങ്ങൾ മറുഭാഷയും രോഗശാന്തിയുടെ നൽവരവും, മറ്റ് അത്ഭുതങ്ങൾ പ്രവൃത്തിക്കുന്നതിനും പിശാചുക്കളെ പുറത്താക്കുന്നതിനും മറ്റും ശക്തി നൽകുന്ന പ്രത്യേക ദാനങ്ങളുമാണ്. അവയെ പലപ്പോഴും മനുഷ്യർ കൂടുതലായി ആഗ്രഹിക്കുന്നത് തങ്ങൾക്കു ലഭിക്കുന്ന പരിശുദ്ധാത്മദാനം

മറ്റുള്ളവരും കൂടി കാണണമെന്നുള്ള പാപകരവും സ്വാർത്ഥമയവുമായ ആഗ്രഹംകൊണ്ടായിരിക്കണം.

അതുകൊണ്ട് ഈ പ്രത്യേക ദാനങ്ങൾക്കു വേണ്ടി അധികം ആഗ്രഹിക്കാതിരിക്കുന്നതാണു നല്ലത്. അല്ലെങ്കിൽ നമ്മുടെ പാപാസക്തി മൂലം പരിശുദ്ധ റൂഹായുടെ നല്ല ദാനങ്ങൾ നമ്മെ ആത്മീയ അഹങ്കാരത്തിലേക്കും പാപവീഴ്ചയിലേക്കും നയിക്കുവാൻ സാദ്ധ്യതയുണ്ട്. 'ഉയർന്ന നൽവരങ്ങൾക്കായി നിങ്ങൾ ഉണർന്നു പ്രവർത്തിക്കുക' എന്ന് വി. പൗലോസ് ശ്ലീഹാ കൊരിന്ത്യരോടു പറയുന്നു (1 കൊരി. 12:31). എന്നാൽ തുടർന്നു പറയുന്നത് 'ഏറ്റവും ഉയർന്ന നൽവരം ഞാൻ നിങ്ങൾക്കു കാണിച്ചു തരാം' എന്നാണ്. അതു കഴിഞ്ഞു വരുന്നത് സ്നേഹത്തെപ്പറ്റിയുള്ള 13-ാം അദ്ധ്യായമാണ്. പരിശുദ്ധാത്മ നൽവരങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത് സ്നേഹമാണ്. അതിനായി നാം വാഞ്ചിക്കുകയും ദൈവസ്നേഹത്തിന്റെ അനുഭവത്തിൽ ജീവിച്ച് അതിൽ നിന്നുത്ഭവിക്കുന്ന മനുഷ്യസ്നേഹത്തെ നാം പ്രാവർത്തികമാക്കുകയും ചെയ്യുമ്പോൾ നമ്മുടെ പ്രവർത്തിക്കാവശ്യമായ മറ്റെല്ലാ നൽവരങ്ങളും പരിശുദ്ധാത്മാവ് നൽകിക്കൊള്ളും. വിടുതൽ പ്രസ്ഥാനത്തിലും ഈ മനുഷ്യസ്നേഹവും എല്ലാ നൽവരങ്ങളുടേയും നിർദ്ദിഷ്ടോദ്ദേശ്യമായ സഭയുടെ കെട്ടുപണിക്കായിട്ടുള്ള ശ്രദ്ധയും, ധാരാളമായി വളർന്നു കഴിയുമ്പോൾ, വിടുതൽ പ്രസ്ഥാനം യഥാർത്ഥത്തിൽ പരിശുദ്ധാത്മ പ്രസ്ഥാനമായി പരിവർത്തനം ചെയ്യപ്പെടും.

പരിശുദ്ധാത്മദാനങ്ങൾ എല്ലാ വിശ്വാസികൾക്കുമുള്ളവയാണ്. 'വിടുതൽ' എന്നൊരു പുതിയ പ്രസ്ഥാനമുണ്ടാക്കുന്നവർക്കു മാത്രമുള്ളതല്ല. സഭയിലെ എല്ലാ അംഗങ്ങളിലും വ്യാപരിക്കുന്ന പരിശുദ്ധാത്മാവിന്റെ ശ്രേഷ്ഠ ദാനങ്ങൾ കൂടുതൽ സമൃദ്ധിയായി ഉണ്ടാകുന്നതിനു വേണ്ടി നാമെല്ലാവരും ഉപവാസത്തിലും പ്രാർത്ഥനയിലും അനുതാപത്തിലും കണ്ണുനീരിലും കാത്തിരിക്കുമ്പോൾ വിടുതൽ പ്രസ്ഥാനത്തിലുള്ളവരേയും ഇല്ലാത്തവരേയും ഒരുമിച്ച് പരിശുദ്ധാത്മാവ് കർത്തൃമഹത്വത്തിനായി ഉപയോഗിച്ചുകൊള്ളും. സഭയിലിന്നാവശ്യമായിട്ടുള്ളത് മനുഷ്യസ്നേഹത്തോടും സഭയുടെ കെട്ടുപണിക്കായിട്ടുള്ള ശ്രദ്ധയോടുംകൂടെ നാമും ജീവിതവിശുദ്ധിയും പ്രാർത്ഥനാശീലവും ആത്മശിക്ഷണവുമുള്ളവരായിത്തീരുകയെന്നതാണ്.

പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ വ്യാപ്തി

പരിശുദ്ധ റൂഹാ സഭയിൽ മാത്രം പ്രവർത്തിക്കുന്നവനോ, സഭയുടെ പരിധിക്കുള്ളിൽ ഒതുക്കി നിർത്താവുന്നവനോ അല്ല. സൃഷ്ടിയുടെ ആരംഭം മുതലേ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു. ഉല്പത്തി

പുസ്തകം 1:2-ൽ "ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻമീതെ പരിവർത്തിച്ചുകൊണ്ടിരുന്നു'' എന്നു കാണുന്നു. ആത്മാവിന്റെ ശക്തികൊണ്ടാണു സൃഷ്ടിയുണ്ടായത്. വെളിപാട് പുസ്തകത്തിന്റെ അവസാനത്തിലും ആത്മാവും സഭയാകുന്ന മണവാട്ടിയും ഒരുമിച്ചു നിന്ന് കർത്താവേ വരിക (മാറാനാഥാ) എന്നു പറഞ്ഞു കർത്താവിനെ ക്ഷണിക്കുന്നു (വെളിപാട് 22:17). അങ്ങനെ വേദപുസ്തകത്തിലാദ്യന്തം കാണുന്ന പരിശുദ്ധാത്മാവ് പഴയനിയമത്തിലും പുതിയനിയമത്തിലും ഇസ്രായേലിലും ക്രിസ്തു സഭയിലും മാത്രമല്ല, സൃഷ്ടി മുഴുവനിലും പ്രവർത്തിക്കുന്നു. "ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകലത്തെയും പൂർത്തിയാക്കി തികയ്ക്കുന്നവനായ പരിശുദ്ധ റൂഹാ നമ്മോടുകൂടെ' എന്ന് നാം വിശുദ്ധ ബലിയുടെ ആരാധനയിൽ പറയുന്നു. നമ്മോട് കൂടെയുള്ളവനായ പരിശുദ്ധ റൂഹാ സൃഷ്ടി മുഴുവനിലും പ്രവർത്തിക്കുന്നവനാണ്. എവിടെ നന്മയും സ്നേഹവും സത്യവും വിശുദ്ധിയും കാണുന്നുവോ അവിടെയെല്ലാം പരിശുദ്ധാത്മാവുണ്ട്.

സഭയ്ക്ക് പരിശുദ്ധാത്മാവ് കൊടുക്കുന്ന ദാനങ്ങൾക്കു പുറമെ, സഭേതരലോകത്തിലും ബുദ്ധിശക്തിയും ഭരണസാമർത്ഥ്യവും കലാപരമായ സർഗ്ഗാത്മകതയും പുതിയ നന്മകളുടേയും സത്യങ്ങളുടേയും ആവിഷ്കരണവും നടക്കുന്നതും പരിശുദ്ധാത്മശക്തിയാലാണ്.

പരിശുദ്ധനായ മാർ ബസ്സേലിയോസിന്റെ (329-379 എ.ഡി.) ചിന്തയിൽ അഞ്ച് പ്രത്യേക പ്രവർത്തനങ്ങളിൽ പരിശുദ്ധാത്മ ശക്തി വ്യാപരിക്കുന്നതായി പറയുന്നു.

1) വിശ്വത്തിലെ വിവിധ ഗോളങ്ങളുടെ പരസ്പര ക്രമീകരണത്തിലും അവയുടെ രമ്യതയിലും പ്രവർത്തിക്കുന്നത് പരിശുദ്ധാത്മാവാണ്.

2) വളർച്ചയുള്ള എല്ലാറ്റിന്റെയും വളർച്ചയുടെ പിറകിലുള്ളത് പരിശുദ്ധാത്മാവാണ്.

3) ദൈവസന്നിധിയിൽ നിൽക്കുന്ന ക്രൂബേന്മാരുടേയും സ്രോഫേന്മാരുടേയും പ്രധാന മാലാഖമാരുടെയും വൃന്ദങ്ങളെ ക്രമീകരിക്കുന്നതും പരിശുദ്ധാത്മാവ് തന്നെ.

4) ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലും അതിന്റെ മുൻകുറിയായ പ്രവാചകന്മാരുടെ പ്രവർത്തനങ്ങളിലും വചനങ്ങളിലും കൂടെ പ്രവർത്തിക്കുന്നത് പരിശുദ്ധാത്മാവാണ്. കന്യകമറിയാമിനോടുള്ള അറിയിപ്പിലും ഗർഭധാരണത്തിലും പ്രസവത്തിലും ദൈവാലയ പ്രവേശനത്തിലും, മരുഭൂമിയിലെ പരീക്ഷണങ്ങളിലും യോർദാനിലെ മാമോദീസായിലും ക്രിസ്തുവിന്റെ ഉപദേശങ്ങളിലും അത്ഭുതപ്രവൃത്തികളിലും എല്ലാം പരി

ശുദ്ധാത്മ വ്യാപാരമുണ്ടായിരുന്നുയെന്ന് വിശുദ്ധ വേദപുസ്തകം സാക്ഷിക്കുന്നു.

5) അവസാന ന്യായവിധിയിങ്കലും പരിശുദ്ധാത്മാവിന് പ്രധാന സ്ഥാനമുണ്ട്. യഥാർത്ഥത്തിൽ ന്യായവിധിയിങ്കൽ തീരുമാനിക്കപ്പെടുന്നത് ഓരോരുത്തനും എത്രമാത്രം പരിശുദ്ധാത്മ ശക്തിയും ജീവനും നൽകപ്പെടണം അല്ലെങ്കിൽ പൂർണ്ണമായും പരിശുദ്ധാത്മ ശക്തിയിൽ നിന്ന് വേർപെടുത്തപ്പെട്ട് ഇല്ലായ്മയിലേക്ക് പോകണം എന്നുള്ളതാണെന്ന് പരിശുദ്ധ ബസ്സേലിയോസ് പറയുന്നു.

ഈ അഞ്ചു കാര്യങ്ങളോടു കൂടെ മനുഷ്യനിലുള്ള സകല കലാശക്തികളിലും പരിശുദ്ധാത്മാവാണ് വ്യാപരിക്കുന്നത്. നേതൃത്വശക്തി, വിവേചനശക്തി, കഴിവുകൾ, വീര്യം, ധൈര്യം മുതലായവയെല്ലാം സഭയ്ക്കകത്തും പുറത്തും പരിശുദ്ധാത്മാവിൽ നിന്നാണ് വരുന്നത്. ശിംശോന് ശക്തി കൊടുക്കുന്നതും (ന്യായാധി: 13:25, 14:6, 14:19, 15:14) ദേവാലയത്തിന്റെ ശില്പകലയ്ക്കും അലങ്കരണത്തിനും ഉള്ള കഴിവ് ബെസാലേലിന് കൊടുക്കുന്നതും (പുറപ്പാട് 3:3, 35:31) മറഞ്ഞിരിക്കുന്ന നിഗൂഢ കാര്യങ്ങളെ വെളിവാക്കുന്നതും (ഉല്പത്തി 41:38; ദാനിയേൽ 5:14) യഥാർത്ഥ വിജ്ഞാനം നൽകുന്നതും (സദൃ. 1:23, ബാറാസീറാ 39:6, സൂസന്നാ 45, ശ്ളേമോന്റെ വിജ്ഞാനം 1:5, 7:7, 22, 9:17), ഭരണത്തിനും നീതിയുടെ പരിപാലനത്തിനുമുള്ള ശക്തി നൽകുന്നതും (സംഖ്യാ 11:25; ആവർത്തനം 34:9, 1 ശമു. 16:13, 14, ഏശായാ 28:6, 42:1, 11:2), പ്രവചന ശക്തി നൽകുന്നതും (ഹോശേയ 9:7, മീഖാ 3:8, 1 രാജാ. 18:12, 2 രാജാ. 2:16, യെഹെസ്കേൽ 3:14) എല്ലാം ദൈവത്തിന്റെ ആത്മാവു തന്നെ.

സൃഷ്ടി മുഴുവനിലും വ്യാപരിക്കുകയും രാഷ്ട്രീയത്തിലും, സാമൂഹ്യത്തിലും സാമ്പത്തികത്തിലും ഭൂമിയുടെ ചലനങ്ങളിലും രസതന്ത്രത്തിലും, ശാസ്ത്രത്തിന്റെയും സാങ്കേതിക വിജ്ഞാനത്തിന്റെയും കലാസൃഷ്ടിയുടേയും എല്ലാ നല്ല പരിപാടികളിലും പ്രവർത്തിക്കുന്ന ദൈവത്തിന്റെ ആത്മാവിനെ നമുക്കാർക്കും നമ്മുടെ കൊച്ച് വലയങ്ങളിൽ ഒതുക്കിനിർത്താൻ സാദ്ധ്യമല്ലെന്നുള്ളത് വിടുതൽ പ്രസ്ഥാനക്കാരും അല്ലാത്തവരും ഒരുപോലെ ഓർമ്മിച്ചിരിക്കുന്നത് നല്ലതാണ് (യോഹ. 3:8).

പരിശുദ്ധാത്മാവിന്റെ അജ്ഞാതത്വം

പരിശുദ്ധാത്മാവ് തന്നെത്തന്നെ പരസ്യം ചെയ്യുന്നവനല്ല. എപ്പോഴും ഒതുങ്ങിനിന്നുകൊണ്ട് മറ്റുള്ളവരിൽകൂടെ പ്രവർത്തിക്കുന്നവനും ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തുമ്പോഴും സ്വയം ഉയർത്തിക്കാണിക്കാതിരിക്കുന്നവനുമാണ്. ഇപ്പോഴും പരിശുദ്ധാത്മാവിനെപ്പറ്റി കൂടുതൽ സംസാരിക്കുന്നതു കൊണ്ടോ പരിശുദ്ധാത്മ ശക്തികളുടെ പരസ്യപ്രക

ടനം കൊണ്ടോ പരിശുദ്ധാത്മാവിനെ പ്രസാദിപ്പിപ്പാൻ സാദ്ധ്യമല്ല. താഴ്മയും സ്നേഹവും സത്യസന്ധതയും സേവനമനഃസ്ഥിതിയും ജീവിത വിശുദ്ധിയും പ്രാർത്ഥനാശീലവും ആത്മശിക്ഷണവുമുള്ളിടത്ത് പരിശുദ്ധാത്മാവ് ശാന്തമായും ബഹളം കൂടാതെയും പ്രവർത്തിച്ചുകൊണ്ടിരിക്കും. ആരുടേയും കുത്തകയായിത്തീരുകയില്ല. സഭയ്ക്കുപോലും പരിശുദ്ധാത്മാവിന്മേൽ നിയന്ത്രണാധികാരമില്ല. പരിശുദ്ധാത്മാവ് രാജകീയനാകുന്നു; ദാസനല്ല; ആരുടേയും. അതു വിടുതൽകാരനായാലും അല്ലാത്ത മെത്രാപ്പോലീത്തായായാലും ആരുടെയും പിടിയിൽ നിൽക്കാത്ത സർവ്വാധിപതിയായ റൂഹാ, നമ്മിലും മറ്റുള്ളവരിലും പ്രവർത്തിച്ച് ദൈവത്തിന് മഹത്വവും മനുഷ്യന് ജീവനും സ്നേഹവും നന്മയുമുണ്ടാകുവാനും തക്കവിധം പ്രസാദിക്കുമാറാകട്ടെ.

യൂണിറ്റ് 3

വേദശാസ്ത്ര ചിന്തകൾ

പാഠം 1

ദൈവപുത്രന്റെ മർത്യീകരണം അതിന്റെ മൗലികോദ്ദേശ്യമെന്ത്?

മർത്യീകരണം എന്ന പ്രയോഗം ഒരുപക്ഷേ പുത്തരിയായിരിക്കും. പക്ഷേ പ്രചാരത്തിലുള്ള മനുഷ്യാവതാരം എന്ന പദത്തേക്കാൾ ദൈവ പുത്രൻ മനുഷ്യനായിത്തീർന്നു എന്ന സംഭവത്തെ അറിയിക്കുവാൻ മർത്യീകരണം എന്ന പ്രയോഗമാണ് കുറെക്കൂടെ അർത്ഥപുഷ്ടമെന്നു തോന്നുന്നു. മാനവീകരണം എന്നു പറഞ്ഞാൽ humanization എന്നതിന്റെ പരിഭാഷയാണ്. എന്നാൽ ഗ്രീക്കിലുള്ള enanthroposis എന്ന പ്രയോഗ ത്തിന്റെ ഇംഗ്ലീഷ് പരിഭാഷയായ incarnation എന്ന പദത്തെ മലയാള ത്തിൽ മനുഷ്യാവതാരം എന്നു പരിഭാഷപ്പെടുത്തുന്നത് ചിന്താക്കുഴപ്പമു ളവാക്കും. കാരണം അവതാരം എന്ന ആശയത്തിൽ 'ആയിത്തീരൽ' (becoming) എന്ന അർത്ഥമില്ല. ഹൈന്ദവ ദർശനത്തിൽ പരിണാമാതീത നായ പരമാത്മാവിന്ന് "ആയിത്തീരു"വാൻ സാദ്ധ്യവുമല്ല. മനുഷ്യനായി കാണപ്പെട്ടു എന്നല്ലാതെ മനുഷ്യനായിത്തീർന്നു എന്ന അർത്ഥം ലഭിക്ക ണമെങ്കിൽ മർത്യീകരണമാണ് കുറേക്കൂടി ചേർച്ചയുള്ള പദം.

വചനം ജഡം ധരിച്ചു എന്നല്ല ക്രൈസ്തവവേദം പഠിപ്പിക്കുന്നത്. വി. യോഹന്നാന്റെ സുവിശേഷം 1:14 ൽ പറയുന്നത് "വചനം ജഡം *ആയി ത്തീർന്നു"* എന്നു തന്നെയാണ്. പരിണാമമില്ലാത്ത ദൈവം എങ്ങിനെ മനുഷ്യനായിത്തീർന്നു എന്നു പണ്ഡിതന്മാർ പണ്ടേ അമ്പരന്നിട്ടുള്ളതാ ണ്. പല ദാർശനികാദ്ധ്യായങ്ങളുംകൊണ്ട് ഈ അത്ഭുതത്തെ ഗ്രഹിക്കു വാൻ പലരും ശ്രമിച്ചിട്ടുണ്ട്. ഒരു ആളത്വത്തിൽ രണ്ടു പ്രകൃതികളടങ്ങി യിരിക്കുന്നുവെന്ന് കൽകിദോൻ സുന്നഹദോസും, അതല്ല ഒരാൾക്ക് ഒരു പ്രകൃതിയെ ഉണ്ടാകുവാൻ സാധിക്കയുള്ളു എന്നതുകൊണ്ട് ദൈവ - മനുഷ്യ പ്രകൃതികൾ ഏകമായിത്തീർന്ന് ഒരാളിൽ സംയുക്ത മായിരിക്കുന്നു എന്ന് കൽകിദോൻ വിരുദ്ധരും വാദിക്കുന്നു.

ജഡം ധരിച്ച ദൈവവചനത്തിന്റെ ഏക സ്വഭാവം എന്നു അലക്സ ന്ത്ര്യയിലെ കൂറിലോസും, വചനം പരിവർത്തനം കൂടാതെ വചനമായി രുന്നുകൊണ്ടുതന്നെ മനുഷ്യനായിത്തീർന്നുവെന്ന് മാബൂഗിലെ ഫീല ക്സിനോസും ഈ മഹാരഹസ്യത്തെ വ്യാഖ്യാനിക്കുവാൻ തുനിയുന്നു.

എന്നാൽ ഇങ്ങനെ നമ്മുടെ സ്ഥലകാല ജ്ഞാനത്തിന്റെ വഴികാട്ടികളായ പദപ്രയോഗങ്ങളിൽ ഒതുക്കിനിർത്താവുന്നതല്ല ദൈവപുത്രന്റെ മർത്യീകരണത്തിന്റെ മഹാമർമ്മം.

ദാർശനികമായി ഈ വിഷയത്തെക്കുറിച്ച് ആദ്യം അപഗ്രഥിക്കുവാനാരംഭിച്ചത് നാലാം ശതാബ്ദത്തിൽ അലക്സന്ത്ര്യായിലെ മാർ അത്താനാസ്യോസായിരുന്നു. കൂർമ്മബുദ്ധിയായ ഈ ഇരുപത്തൊന്നുവയസ്സുകാരൻ ക്രിസ്താബ്ദം 318-ാമാണ്ടിൽ രചിച്ച "വചനത്തിന്റെ മർത്യീകരണത്തെപ്പറ്റി" (peri enanthroposeos tou logou) എന്ന കൃതിയെ പലരും തെറ്റിദ്ധരിച്ചിട്ടുണ്ടെന്നു തോന്നുന്നു. അജ്ഞാതനായ ദൈവത്തെ ജ്ഞാതനാക്കുവാൻ വേണ്ടിയാണ് ലോഗോസ് ജഡം ധരിച്ചതെന്നുള്ളതല്ല ഈ കൃതിയുടെ മൗലികാശയം.

Revelation എന്ന ഇംഗ്ലീഷ് പദം apokalypsis എന്ന ഗ്രീക്ക് പദത്തിന്റെ തൽസമമാണ്. മലയാളത്തിൽ 'അനാവരണം' എന്നാണ് അനുപദ പരിഭാഷ. മൂടുപടം മാറ്റുക, അനാച്ഛാദനം ചെയ്യുക, തിരശ്ശീല നീക്കുക എന്നൊക്കെയാണ് ധാത്വർത്ഥം. ഗുപ്തനായ ഈശ്വരനെ വിദിതനാക്കുവാൻ വേണ്ടിയാണ് പുത്രനാംദൈവം ജഡം ധരിച്ചതെന്ന് ഒരു തെറ്റിദ്ധാരണയുളവാക്കാൻ മാർ അത്താനാസ്യോസിന്റെ ഈ പ്രഗത്ഭമായ ഹ്രസ്വകൃതിയിലെ ചില ഭാഗങ്ങൾ ഉപയുക്തങ്ങളായിട്ടുണ്ട്. ഇങ്ങനെയൊരു വാദത്തിന് പിറകിൽ കിടക്കുന്നത് മനുഷ്യന്റെ മൗലിക പ്രശ്നം ജ്ഞാനത്തിന്റെ (അതേ, ദൈവജ്ഞാനത്തിന്റെ തന്നെ) അഭാവമാണെന്നുള്ള തെറ്റിദ്ധാരണയാണ്.

സാധാരണ മതഗുരുക്കന്മാർക്കും ദർശനാദ്ധ്യാപകർക്കും പറ്റുന്ന ഒരമളിയാണ് അജ്ഞാനത്തെ മനുഷ്യന്റെ മൗലിക പ്രശ്നമായി ഗണിയ്ക്കുകയെന്നത്. അജ്ഞാനമാണ് പ്രശ്നമെങ്കിൽ അതിനുള്ള പ്രതിവിധി തീർച്ചയായും ജ്ഞാനം അഥവാ വെളിപ്പാട് (ജ്ഞാനപ്രകാശനം, Revelation) തന്നെയാണല്ലോ.

എന്നാൽ അത്താനാസ്യോസിന്റെ ചിന്തയിൽ മനുഷ്യന്റെ ആത്യന്തിക പ്രശ്നം അജ്ഞാനമല്ല ഐതര്യമാണ്. ഐതര്യ (alienation) ത്തിൽ നിന്നാണ് അജ്ഞാനത്തിന്റെ ഉത്ഭവം. സ്വന്തം തെറ്റു മൂലം ദൈവത്തിൽ നിന്ന് വേർപ്പെട്ട മനുഷ്യൻ, ദൈവത്തെ ഭയന്നിട്ടോ, ശങ്കിച്ചിട്ടോ എന്തോ, സ്വന്ത ഇഷ്ടപ്രകാരമുള്ള പുതിയ ദേവന്മാരെ സൃഷ്ടിച്ച്, അങ്ങിനെ കൂടുതൽ കൂടുതൽ ദൈവത്തിൽനിന്നകന്നു പോയതോടെയാണ് അജ്ഞതയും വർദ്ധിച്ചത്. ദൈവത്തിൽനിന്നു മനുഷ്യൻ ഇതരനായിത്തീർന്നിരിക്കുന്നുവെന്നതാണ് മനുഷ്യന്റെ മഹാപ്രശ്നം.

മൗലികപ്രശ്നം അജ്ഞാനമല്ല. അന്യത്വം അഥവാ ഐതര്യമാണെങ്കിൽ, ജ്ഞാനം അഥവാ വെളിപ്പാട് മാത്രം മതിയായ പ്രതിവിധിയാ

വുകയില്ല. ഐതര്യം പരിഹരിക്കുവാൻ യോഗത്തിനു മാത്രമേ സാധിക്കൂ. വിട്ടുപോയതു വീണ്ടും കൂടിച്ചേരണം. ശത്രുതയുള്ളതു രമ്യപ്പെടണം. ദൈവവും മനുഷ്യനും തമ്മിൽ ഐക്യം (union) തന്നെയുണ്ടായെങ്കിലേ പ്രശ്നം പരിഹരിക്കപ്പെടൂ. അല്ലാതെ ദൈവത്തെ അറിഞ്ഞതുകൊണ്ടു മാത്രമായില്ല. യഥാർത്ഥത്തിൽ മനുഷ്യൻ ദൈവത്തെ അറിഞ്ഞു ജീവിക്കണമെങ്കിൽ ദൈവവും മനുഷ്യനും തമ്മിൽ നാഥനും ദാസനും എന്ന ബന്ധമോ അറിയപ്പെടുന്നവനും അറിയുന്നവനും തമ്മിലുള്ള ബന്ധമോ ഉണ്ടായാൽ പോരാ. പ്രത്യുത ശരീരവും അതിലെ അംഗങ്ങളും തമ്മിലുള്ളതുപോലെയുള്ള ഒരു യഥാർത്ഥ സംയോഗം തന്നെയുണ്ടാകണം.

അതുകൊണ്ടാണ് ലോഗോസിന്റെ മർത്യീകരണത്തെ വെളിപ്പാടായി മാത്രം കണ്ടാൽ പോരാ എന്നു വാദിക്കുന്നത്. മനുഷ്യന്നു ദൈവത്തെ വെളിപ്പെടുത്തിക്കൊടുക്കുകയെന്നതല്ല മർത്യീകരണത്തിന്റെ മൗലികോദ്ദേശ്യം. പ്രത്യുത വചനം മർത്യനായിത്തീർന്നിട്ട്, ആ മർത്യീകൃത ദൈവ ശരീരത്തിൽ നാമും അംഗങ്ങളായിത്തീർന്ന് ആ ശരീരത്തിന്റെ ആത്മാവായ പരിശുദ്ധാരൂപിയിൽ നാമും പങ്കാളികളാവുകയെന്നതാണ് മർത്യീകരണത്തിന്റെ യഥാർത്ഥ ലക്ഷ്യം.

എന്നാൽ അങ്ങനെയുള്ള ശാരീരിക യോഗബന്ധത്തിൽ നാം നിൽക്കുമ്പോൾ നമുക്കുണ്ടാവുന്ന ഒരനുഭവമാണ് വെളിപ്പാട് അഥവാ ഈശ്വരനെ യഥാർത്ഥമായി അറിയുവാൻ കഴിയുകയെന്നത്. അതായതു രക്ഷയുണ്ടാകുന്നതു വെളിപ്പാടു മൂലമല്ല. പ്രത്യുത വെളിപ്പാടുണ്ടാകുന്നതു രക്ഷ മൂലമാണെന്നു ചുരുക്കം.

വേദഗ്രന്ഥത്തിൽ കൂടെ ഈശ്വരജ്ഞാനമുളവായി നാം രക്ഷിതരാകുന്നുവെന്ന് ചില ക്രൈസ്തവ വിഭാഗങ്ങൾ പഠിപ്പിക്കാറുണ്ട്. പക്ഷേ അത് ക്രൈസ്തവ പാരമ്പര്യത്തിൽ വേണ്ടത്ര അവഗാഹം നേടാത്തതുകൊണ്ടുണ്ടാകുന്ന ഒരു തെറ്റിദ്ധാരണയാണ്. ചരിത്രത്തിൽ ഉണ്ടായതായ വെളിപ്പാട് വേദപുസ്തകത്തിൽ കുറിച്ചുവെച്ചിരിക്കുന്നുവെന്നല്ല ക്രൈസ്തവ പാരമ്പര്യം പഠിപ്പിക്കുന്നത്. വേദപുസ്തകം വായിച്ചതുകൊണ്ടുമാത്രം ഏതൊരുവനും ദൈവജ്ഞാനമുളവായിക്കൊള്ളണമെന്നില്ല.

എന്നാൽ പൗലോസ് ശ്ലീഹാ പ്രശ്നത്തെക്കുറിച്ചുള്ള അത്ഭുതാവഹമായ അന്തർദർശനത്തോടെ പറയുന്നതെന്താണ്?

"ഈശ്വരങ്കലേയ്ക്കു തിരിയുമ്പോൾ മൂടുപടം നീങ്ങിപ്പോകുന്നു. ഈശ്വരൻ അരൂപി തന്നെ. ഈശ്വരാരൂപിയുള്ളിടത്ത് സ്വാതന്ത്ര്യവുമുണ്ട്. എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു ഈശ്വരതേജസ്സിനെ മുകുര സമാനം പ്രതിബിംബിക്കുന്നവരായി നാം ഏവരും, അരൂപിയായ ഈശ്വ

രന്റെ ദാനമായിത്തന്നെ തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് ആ അരൂപിയുടെ രൂപമായി പരിവർത്തനം ചെയ്യപ്പെടുന്നു" (2 കോരിന്ത്യർ 3:16–18).

അതിഗഹനമായ ഒരാശയമാണ് ഇവിടെ പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇതിന്റെ പിറകിൽ കിടക്കുന്ന ചിത്രോജ്ജ്വലമായ ഭാവരൂപം പഴയനിയമത്തിൽ മോശയ്ക്കുണ്ടായ ഒരനുഭവത്തിൽ നിന്നുമാണ് പൗലോസപ്പോസ്തലൻ കരുപ്പിടിപ്പിക്കുന്നത്. പുറപ്പാടു പുസ്തകത്തിന്റെ 33-ാം അദ്ധ്യായത്തിൽ കഥയാരംഭിക്കുന്നു. ഒരു മനുഷ്യൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ മുഖാമുഖമായി, ദൈവം മോശയുമായി സംഭാഷണത്തിലേർപ്പെട്ടു എന്നാണ് വിവക്ഷ (33:11). പക്ഷേ സംസാരിച്ചതേയുള്ളു; ദൈവത്തെ കണ്ടില്ല. മോശ കാണണമെന്നാഗ്രഹമുള്ളതുകൊണ്ട് അനുവാദം ചോദിച്ചു (33:18). 'നിന്റെ തേജസ്സ് (glory) എന്നെ കാണിക്കണമേ' എന്നാണപേക്ഷ. അതിനു മറുപടി "എന്റെ സർവ്വ നന്മയും നിന്റെ മുഖത്തിനു മുമ്പാകെ ഞാൻ കടത്തിക്കൊണ്ടുപോകും; യാഹ്വെ എന്ന എന്റെ നാമം ഞാൻ നിന്റെ മുമ്പാകെ പ്രഖ്യാപിക്കും. .... പക്ഷേ എന്റെ മുഖം കാണുന്നതിനു നിനക്കു സാദ്ധ്യമല്ല; കാരണം ആദാമ്യർക്കു എന്റെ മുഖം കണ്ടാൽ പിന്നെ ജീവിപ്പാൻ സാദ്ധ്യമല്ല തന്നെ."

അതുകൊണ്ട് മോശയെ ഒരു പാറക്കെട്ടിന്റെ വിടവിനകത്തു നിർത്തിയിട്ട്, ദൈവം തന്റെ കൈകൊണ്ട് മോശയെ ആച്ഛാദനം ചെയ്യുന്നു. എന്നിട്ട് ആ പാറക്കെട്ടിനു മുകളിൽ കൂടെ ദൈവതേജസ്സ് കടന്നുപോകയാണു ചെയ്തത്. കടന്നുപോയിക്കഴിഞ്ഞപ്പോൾ ദൈവം കൈ എടുത്തു. അപ്പോൾ ദൈവമഹത്വത്തിന്റെ പിറകുവശം മോശയ്ക്കു കാണാൻ സാധിച്ചു (33:21–23).

ഇതാണ് സീനായ് മലമുകളിൽ സംഭവിച്ചത്. അവിടെ വെച്ചാണ് ന്യായപ്രമാണ കല്പലകകളും ലഭിക്കുന്നത്. ഈ കല്പലകകളും കൊണ്ടു താഴെ വരുമ്പോൾ മോശയുടെ മുഖം പ്രഭാപ്രസരം കൊണ്ടു തിളങ്ങുകയാണ്. (34:29). കാണുന്നവർക്ക്, അഹറോനു പോലും, മോശയുടെ അടുത്ത് വരുവാൻ പേടി തോന്നുന്നത്ര തേജസ്സാണ് മോശയുടെ മുഖത്ത്.

കല്പനകളെല്ലാം ജനങ്ങൾക്കു കൊടുത്തുകഴിഞ്ഞപ്പോൾ മോശ മുഖത്ത് ഒരു മുഖാവരണമണിഞ്ഞു. ആ മൂടുപടം നീക്കുന്നത് യഹോവയോടു സംസാരിക്കുവാൻവേണ്ടി അങ്ങോട്ടു തിരിയുമ്പോൾ മാത്രം. ജനങ്ങളുടെ നേരെ തിരിയുമ്പോൾ മൂടുപടം മുഖത്തു വീണ്ടും ഇടും (34:33–35).

ഇക്കഥയിൽ മോശ മൂടുപടമിട്ടത് എന്തിനാണെന്ന് പഴയനിയമം പറയുന്നില്ല. സാധാരണരീതിയിൽ അനുമാനിക്കാവുന്നത് ഈ മുഖപ്രകാശം

കാണുമ്പോൾ ജനങ്ങൾക്കു ഭയം തോന്നിയതുകൊണ്ട് അവരുടെ സൗക ര്യത്തിനു വേണ്ടിയെന്നോ, അല്ലെങ്കിൽ പാപികളായ മനുഷ്യർ യഹോ വയുടെ തേജസ്സ് ദർശിച്ച് അവർക്ക് വല്ല കുഴപ്പവുമുണ്ടാക്കേണ്ട എന്നു വിചാരിച്ചോ ആയിരിക്കാമെന്നാണ്.

പക്ഷേ പൗലോസ് ശ്ലീഹാ ഒരു പുതിയ അർത്ഥമാണ് ഈ സംഭവ ത്തിനു കൊടുക്കുന്നത്. പഴയനിയമത്തിൽ ലഭിക്കുന്ന ദൈവജ്ഞാനം മൂടുപടത്തിൽ കൂടെയുള്ള ഒരു ദർശനം മാത്രമേ ആകയുള്ളു എന്നും ക്രിസ്തുവിൽ മൂടുപടമില്ലാതെ മുഖാമുഖമായുള്ള ഈശ്വരസമീപനത്തിന് നമുക്ക് അവസരം ലഭിക്കുമെന്നുമാണ് ശ്ലീഹാ വാദിക്കുന്നത്.

പക്ഷേ ആ ദർശനം നമുക്കുണ്ടാവുന്നത് ക്രിസ്തുവുമായി നാം സംയോജിതരാകുമ്പോൾ മാത്രമാണ്. അതായത് ക്രിസ്തുശരീരത്തിലെ അംഗങ്ങളായി നാം തീരുമ്പോൾ, ക്രിസ്തുവിന്റെ അരൂപിയായ പരിശു ദ്ധാത്മാവ് നമുക്ക് മൂടുപടം മാറ്റിത്തരുന്നു. അങ്ങനെ പിതാവായ സർവ്വേ ശ്വരനുമായി മുഖാമുഖം സമ്പർക്കം നമുക്കു സാദ്ധ്യമാകുന്നതുമൂലം നമ്മുടെ മുഖവും പ്രഭ പൂണ്ടു തെളിയുന്നു. ക്രമേണ ഈശ്വരപ്രഭയുടെ രൂപത്തിങ്കലേയ്ക്കു നാം പരിവർത്തിതരാകുന്നു.

താബോർ മലയിൽവച്ച് ദൈവപ്രഭ പ്രസരിച്ചുകൊണ്ട് തന്റെ നിദ്രാ ധീനരായ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട ആ മാനവരൂപമാണ് ക്രിസ്തു വിൽ ദൈവം നമുക്കും നൽകിയിട്ടുള്ളത്. ആ രൂപത്തിലേയ്ക്കു നാം ആന്തരീക പരിണാമം മൂലം പരിവർത്തിതരാകുന്നത് ക്രിസ്തുശരീര ത്തിൽ വസിച്ചു ക്രിസ്തുവിൽകൂടെ പരിശുദ്ധാരൂപി മൂലം പിതാവാം ദൈവത്തെ ആരാധിക്കുകയും ക്രിസ്തു നമ്മിൽ വസിച്ച് പിതാവിന്റെ സ്നേഹ പ്രവർത്തനങ്ങൾ നമ്മിൽകൂടെ പ്രവർത്തിക്കുകയും ചെയ്യുമ്പോ ഴാണ്.

അതായത് രക്ഷയുടെ അടിസ്ഥാനം പ്രസ്തുത ശരീരത്തിലുള്ള നമ്മുടെ നിലപാടാണ്. ആ നിലപാടുകൊണ്ടു മൂന്നു കാര്യങ്ങൾ ഒരു മിച്ചു നടക്കണം. മൂന്നും പരിശുദ്ധാരൂപിയുടെ പ്രവർത്തനങ്ങളാണ്. ക്രിസ്തുവിൽകൂടെയുള്ള പിതാവാം ദൈവത്തിന്റെ പ്രവർത്തനങ്ങളുമാ ണ്.

എന്താണീ മൂന്നു കാര്യങ്ങൾ? ഒന്നാമത് ക്രിസ്തുവുമായും ക്രിസ്തു ശരീരത്തിലെ അംഗങ്ങളായ ഇതര ക്രൈസ്തവരുമായും നമുക്കുള്ള അഭേദ്യബന്ധം. ഈ ബന്ധത്തിന്റെ ആന്തരികരൂപം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാണ്. അതിന്റെ കൗദാശികരൂപം ജ്ഞാനസ്നാനവും തിരുബലിയിലുള്ള നമ്മുടെ സംബന്ധവും തന്നെ. ജ്ഞാനസ്നാപന ത്തിലും തിരുബലിയിലും കൂടെയും വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയുടെ പ്രകടനത്തിൽ കൂടെയും നാം തിരുശരീരത്തിലെ അംഗ ങ്ങളായിത്തീരുകയെന്നത് അതിൽത്തന്നെ പൂർണ്ണമായ ഒരു കാര്യമല്ല.

ക്രിസ്തുശരീരത്തിലുള്ള നമ്മുടെ ജീവിതത്തിന് രണ്ടു ധ്രുവങ്ങളുണ്ട്. ഈ ധ്രുവങ്ങൾ തമ്മിൽ പ്രസരിക്കുന്ന പരിശുദ്ധാത്മ ശക്തിയാകുന്ന ആയസ്താന്തിക വിദ്യുത്ശക്തി നമ്മിൽ പ്രവർത്തിക്കുമ്പോൾ മാത്രമേ തേജസ്ക്കരണം പൂർത്തിയാകുകയുള്ളു. ഈ ദ്വിധ്രുവങ്ങളെ ഈശ്വരാരാധനയെന്നും സൃഷ്ടിയിലുള്ള നമ്മുടെ നന്മപ്രവർത്തികളെന്നും വിഭാവനം ചെയ്യാം. ആരാധനയും സേവനവും പരസ്പരം വേർതിരിക്കാൻ സാദ്ധ്യമല്ല. രണ്ടുമുണ്ടായെങ്കിലേ ശക്തിപ്രസരവും തേജസ്ക്കരണവും ശരിയായി പ്രവർത്തിക്കയുള്ളൂ. സേവനതല്പരതയിൽ നിന്നു മാത്രമേ സൃഷ്ടി മുഴുവനും വേണ്ടി ഈശ്വരസന്നിധാനത്തിൽ ദിവ്യപൂജയർപ്പിപ്പാനാവശ്യമുള്ള ജ്ഞാനവും കഴിവും ലഭിക്കയുള്ളൂ. സേവനത്തിന്നായും, സേവനം മൂലവും മനുഷ്യവർഗ്ഗത്തിന്റെ പ്രയാസങ്ങളേയും പ്രശ്നങ്ങളേയും അറിഞ്ഞിട്ട് മനുഷ്യവർഗ്ഗത്തിന് മുഴുവനും വേണ്ടിയാണ് ത്രിത്വസവിധത്തിൽ സഭ ബലിയർപ്പിക്കുന്നത്. സൃഷ്ടിയിലുള്ള നമ്മുടെ പ്രവർത്തനം കൊണ്ടു മാത്രമേ ബലിയർപ്പണത്തിനുള്ള അപ്പവും വീഞ്ഞും അതുപോലുള്ള മറ്റു സാമഗ്രികളുമുണ്ടാവുകയുള്ളൂ. സേവനം, കൃഷി, വ്യവസായം, കല, സാഹിത്യം എന്നിവയിൽ നിന്നെല്ലാം ഉടലെടുക്കുന്ന സകല നന്മയേയും നാം ഈശ്വരന് കാഴ്ചവെയ്ക്കുകയും വേണം.

എന്നാൽ ആരാധനയിൽനിന്നു മാത്രമേ സൃഷ്ടിയെ യഥാർത്ഥത്തിൽ വളർത്തിക്കൊണ്ടുവരുവാനും മനുഷ്യവർഗ്ഗത്തെ സേവിപ്പാനും, ആവശ്യമായ കഴിവും കൃപയും ലഭിക്കുകയുള്ളൂ. നമ്മുടെ സ്വാർത്ഥ ലാഭമോഹങ്ങളുടെ ബാന്ധവത്തിൽ നിന്ന് വിമുക്തരാകുന്നതും സത്യാരാധനകൊണ്ടു തന്നെ. മനുഷ്യൻ സൃഷ്ടിതനായിട്ടുള്ളത് ഈശ്വരസമ്പർക്കത്തിലും ഈശ്വരാഭിമുഖത്തിലും ജീവിക്കുവാൻ വേണ്ടിയാണ്. ഈ സംസർഗ്ഗവും ആഭിമുഖ്യവുമാണ് ആരാധനയിൽ സമ്പോത്കരിക്കപ്പെടുന്നത്. ആരാധനയിൽ സമസ്ത സൃഷ്ടിയുടെയും പുരോഹിതനായി ക്രിസ്തുസഭ നിലകൊള്ളുന്നതുകൊണ്ടാണ് സൃഷ്ടിയെ യഥാവിധി കൈകകാര്യം ചെയ്യുന്നതിനുള്ള സാദ്ധ്യത മനുഷ്യനുണ്ടാകുന്നതും. ആരാധനയില്ലായിരുന്നാൽ സ്വാർത്ഥത്തിലോ ഐഹികാർത്ഥങ്ങളിലോ കേന്ദ്രീകൃതനായി മനുഷ്യന്റെ പ്രകൃതിക്കു തന്നെ വൈകല്യം ഭവിച്ചുപോകും.

ഈ മൂന്നു കാര്യങ്ങളുമാണ് പരമപുരുഷനായ വചനത്തിന്റെ മർത്ത്യീകരണംമൂലം സിദ്ധങ്ങളാകേണ്ടത്. അതായത് ഈശ്വരനുമായുള്ള സംയുക്തബന്ധത്തിൽ നിലകൊള്ളുവാനുള്ള ഒരു അനശ്വരശരീരം, ഈശ്വരനെ മുഖാമുഖമായി നേരിൽക്കണ്ടാരാധിക്കുന്നതിനുള്ള വേദി, മനുഷ്യസേവനത്തിനും സൃഷ്ടിയിൽ രചനാത്മകമായി പ്രവർത്തിച്ചു നന്മയുളവാക്കുന്നതിനുമുള്ള സാദ്ധ്യത. ഇവ മൂന്നുമാണ് ക്രിസ്തുവിന്റെ മർത്ത്യീക

രണം മൂലം സംസിദ്ധമാകുന്നതും. ഇവയെ കൂടാതെ മറ്റു പലതും ക്രിസ്തുവിലുള്ള ജീവിതം മൂലം മനുഷ്യന്നു സാധിക്കും. അതിലൊന്നാണ് ജ്ഞാനം. പക്ഷേ ആ ജ്ഞാനം തന്നെയും യഥാർത്ഥത്തിൽ സംസിദ്ധമാകുന്നത് ശരീരത്തിൽ നിലകൊണ്ട് ആരാധനയും രചനാത്മക സേവനവും വേണ്ടുംവിധം നിർവ്വഹിച്ച് തേജസ്ക്കരണം പ്രാപിക്കുന്ന പശ്ചാത്തലത്തിൽ മാത്രമാണ്.

ജ്ഞാനം അഥവാ അജ്ഞതയാകുന്ന ആവരണം നീങ്ങിപ്പോയി ആന്തരികമായി പ്രഭയുദിക്കുകയെന്നത് ബുദ്ധിപരമായ ഒരനുഭവം മാത്രമല്ല. പ്രത്യുത സ്നേഹപരവും ആരാധനാപരവും ധാർമ്മികവും കൂടിയായ ഒരനുഭവമാകുന്നു. അതായത് ജ്ഞാതാവിലുള്ള പരിവർത്തനമാണ് അവനെ ജ്ഞാനിയാക്കേണ്ടുന്നത്. പാപം അഥവാ തിന്മ നമ്മിലുള്ള മൂടുപടമാണ്, ആവരണമാണ്, അന്ധകാര മറയാണ്. അത് കുറേശ്ശയായി നീങ്ങിപ്പോയിട്ടു നമ്മുക്കു ക്രിസ്തുവിൽ ദത്തമായിട്ടുള്ള തേജോരൂപം നാം സാക്ഷാൽക്കരിക്കണം. അങ്ങിനെ നാം തേജോരൂപിയായ സർവ്വേശ്വരന്റെ പുത്രീ പുത്രന്മാരായിത്തീരണം. അതിനുവേണ്ടിയാണ് വചനം മർത്യനായിത്തീർന്നത്.

പരിശുദ്ധാരൂപിയുടെ പ്രധാന പ്രവർത്തനം, പരിശുദ്ധ സഭയിൽ കൂടെ ഇതു നമുക്കു സാദ്ധ്യമാക്കിത്തീർക്കുകയെന്നതാണ്. ആ പരിശുദ്ധാരൂപിയുടെ മനുഷ്യനിലേയ്ക്കുള്ള സ്ഥിരമായ പ്രവേശനമാണ് പെന്തിക്കോസ്തി പെരുനാളിൽ നാം ദർശിച്ചത്. ഈശ്വരന്റെ മർത്യീകരണത്തിന്റെ പ്രത്യക്ഷഫലം സഭയാണ്. ജ്ഞാനശേഖരമല്ല. ആ സഭയാണ് പുതിയ വ്യവസ്ഥിതിയിൽ പരിശുദ്ധാരൂപി ആദ്യമായി ഉല്പാദിപ്പിച്ചതും. ആ സഭയിൽക്കൂടെ നാമും മനുഷ്യനായിത്തീർന്ന ഈശ്വരനുമായി സംയോജിപ്പിക്കപ്പെട്ട് ഉണ്മയുടെ ആരാധനയിലേയ്ക്കും നന്മയുടെ സൃഷ്ടിയിലേക്കും ആനയിക്കപ്പെടുന്നു. അവിടെ ജ്ഞാനവുമുണ്ട്, സ്നേഹവുമുണ്ട്. എല്ലാറ്റിനുമുപരി അനന്തമായ ആനന്ദവും.

പാഠം 2

ആദാമ്യപാപവും പരിണിതഫലങ്ങളും - 1

വേദശാസ്ത്ര വിഷയങ്ങളെക്കുറിച്ച് നമ്മുടെ സഭയ്ക്കുള്ള ആധികാരികമായ നിലപാട് എവിടെയാണ് കണ്ടുപിടിക്കുവാൻ സാധിക്കുക. അതിന് നമുക്കുള്ള പ്രമാണരേഖകളേവ?

ഈ ചോദ്യത്തിന് ഒരു സമാധാനം പറയാതെ, ശീർഷകത്തിൽ കാണുന്ന ചോദ്യത്തിന് അതായത് ആദാമ്യപാപം മനുഷ്യവർഗ്ഗത്തെ എങ്ങനെ ബാധിക്കുന്നു എന്ന ചോദ്യത്തിന് മറുപടി സാധ്യമല്ല.

വേദശാസ്ത്ര കാര്യങ്ങളിൽ നമ്മെ വ്യക്തമായി വഴികാണിക്കുന്ന പ്രാഥമിക പ്രമാണം നിഖ്യാവിശ്വാസ പ്രമാണമാണ്. ത്രിത്വം മനുഷ്യാവതാരം ഇവ രണ്ടുമാണ് ക്രൈസ്തവ വിശ്വാസത്തിന്റെ പ്രധാന മർമ്മങ്ങൾ. ഇവയെക്കുറിച്ച് വിശ്വാസപ്രമാണം നൽകുന്ന നിർവ്വചനം സർവ്വപ്രധാനമാണ്. അതിൽ കൂട്ടുവാനോ കുറയ്ക്കുവാനോ സഭയ്ക്ക് അധികാരമില്ല.

മറ്റു കാര്യങ്ങളെക്കുറിച്ച് സഭയുടെ പാരമ്പര്യം അറിയുന്നതിനുള്ള പ്രധാന രേഖകൾ യഥാക്രമം പരിശുദ്ധ വേദപുസ്തകം, പിതാക്കന്മാരുടെ ഗ്രന്ഥങ്ങൾ, നമ്മുടെ ആരാധനക്രമങ്ങൾ എന്നിവയാണ്. എന്നാൽ സഭാപിതാക്കന്മാർ എന്ന് പറഞ്ഞാൽ ആരാണ്?

ആദ്ധ്യാത്മികവും വേദശാസ്ത്രപരവുമായ കാര്യങ്ങളിൽ നമുക്ക് മാർഗ്ഗദർശികളായിട്ടുള്ളവരെയാണ് പിതാക്കന്മാർ എന്നു പറയുന്നത്. സഭാപിതാക്കന്മാരെ 5 വിഭാഗങ്ങളായി തരംതിരിക്കാം. ഒന്നാമത് അപ്പോസ്തോലിക പിതാക്കന്മാർ. ഇക്കൂട്ടത്തിൽ നമുക്ക് സർവ്വപ്രധാനമായിട്ടുള്ളത് റോമിലെ ക്ലീമ്മിസും, അന്ത്യോഖ്യായിലെ ഇഗ്നാത്യോസുമാണ്. രണ്ടാമത് സുന്നഹദോസ് പിതാക്കന്മാർ അല്ലെങ്കിൽ നാലും അഞ്ചും ശതാബ്ദങ്ങളിൽ നമ്മെ സുന്നഹദോസുകളിൽ കൂടെ വഴികാണിച്ച പിതാക്കന്മാർ. ഇവരിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് വലിയ മാർ അത്താനാസ്യോസ്, വലിയ മാർ ബസ്സേലിയോസ്, നാസിയാൻസിലെ മാർ ഗ്രിഗോറിയോസ്, നിസ്സായിലെ മാർ ഗ്രിഗോറിയോസ്, മാർ കൂറിലോസ് എന്നിവരാണ്. മൂന്നാമത് സന്യാസി പിതാക്കന്മാർ; രണ്ടാം വിഭാഗത്തിൽപെട്ടവരെല്ലാവരും തന്നെ സന്യാസികളായിരുന്നെങ്കിലും സന്യാസത്തെയും ആത്മീയ വളർച്ചാ മാർഗ്ഗങ്ങളെയും പറ്റി നമ്മെ ഉപദേശിച്ചിട്ടുള്ള പിതാക്കന്മാരിൽ വലിയ മാർ ബസ്സേലിയോസും അദ്ദേഹത്തിന്റെ സഹോദരൻ നിസ്സായിലെ മാർ ഗ്രിഗോറിയോസും മാത്രമാണ് സർവ്വപ്രധാനമായിട്ടുള്ളത്. എന്നാൽ പ്രധാന സന്യാസിപിതാക്കന്മാരുടെ കൂട്ടത്തിൽ മാർ അന്തോനിയോസ്, മാർ പക്കോമിയോസ്, മാർ അപ്രേം, മാർ ദീവന്നാസ്യോസ് അരി

യോപഗേറ്റ്, മാർ ശെമവൂൻ ദെസ്തുനി, സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ് മുതലായവർ പെടുന്നു.

ഈ മൂന്നു വിഭാഗങ്ങളിലും പെട്ട പിതാക്കന്മാർ സാർവ്വത്രികസഭയുടെ പിതാക്കന്മാരാണ്. കത്തോലിക്കാസഭയും, ഗ്രീക്കു സഭകളും, നമ്മുടെ സഭകളും അവരെ ഒരുപോലെ അംഗീകരിക്കുന്നു. നാലാമതൊരു വിഭാഗം പിതാക്കന്മാരെ സഭാ സംരക്ഷകരെന്നു വിളിക്കാം. ഒരു വിധത്തിൽ എല്ലാ പിതാക്കന്മാരും സഭാ സംരക്ഷകരും സഭയെ പാഷാണ്ഡോപദേശങ്ങളിൽ വീണ്ടെടുത്തിട്ടുള്ളവരുമാണ്. സുറിയാനി പാരമ്പര്യത്തിൽ നാം പ്രത്യേകം ഓർക്കുന്നവരായ മാർ തിമോഥെയോസ്, മാർ ദിയസ്കോറസ്, മാർ യാക്കോബ് ബുർദ്ദാനാ എന്നിവർ സഭയെ പ്രത്യേക പ്രതിസന്ധിഘട്ടങ്ങളിൽ ആപത്തുകളിൽ നിന്ന് രക്ഷിച്ചിട്ടുള്ളവരാണ്.

നമ്മുടെ വിശ്വാസ സംബന്ധമായ കാര്യങ്ങൾ അറിയുന്നതിന് ഈ പിതാക്കന്മാരുടെ എല്ലാവരുടെയും ഗ്രന്ഥങ്ങൾ വേണ്ടുംവിധം വായിച്ചറിയാതെ സാധ്യമല്ല. ആദാമ്യ പാപത്തെക്കുറിച്ചുള്ള ഒരു ചോദ്യത്തിന് മറുപടിയായി ഞാൻ എഴുതിയിരിക്കുന്ന ചില കാര്യങ്ങളെ വിമർശിച്ചുകൊണ്ട് നമ്മുടെ സഭയിലെ ഒരു വൈദികൻ കുറച്ചുനാൾക്ക് മുമ്പ് ഒരു ലഘുലേഖ പ്രസിദ്ധീകരിച്ചിരിക്കുന്നതു കണ്ടു. അതിൽ പാഷോണ്ഡോപദേശങ്ങളുടെ നേരേ സമരത്തിനിറങ്ങിയിരിക്കുന്ന അദ്ദേഹം അദ്ദേഹത്തിന്റെ അഭിപ്രായത്തിന് സാക്ഷിയായി ഉന്നയിച്ചിരിക്കുന്ന രേഖകൾ വേദവിപരീതികളുടേതാണെന്നുള്ളത് രസാവഹമാണ്. നമ്മുടെ പിതാക്കന്മാരുടെ ലേഖനങ്ങളെ അദ്ദേഹത്തിനറിഞ്ഞു കൂടാഞ്ഞിട്ടോ എന്തോ, അധികം ഉദ്ധരിച്ചു കാണുന്നുമില്ല.

ഈ വിഷയത്തെക്കുറിച്ച് ഞാൻ കൂടുതൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇതുവരെ പഠിച്ചു മനസ്സിലാക്കിയിട്ടുള്ള കാര്യങ്ങൾ മുഴുവൻ വിശദമാക്കണമെങ്കിൽ ഒരു വലിയ ഗ്രന്ഥം തന്നെ എഴുതണം. അതിനു സമയമില്ലാത്തതുകൊണ്ട് പ്രധാനാശയങ്ങളെ മാത്രം ചുരുക്കമായി ഇവിടെ കുറിയ്ക്കുന്നു.

1. 'ജന്മപാപം' എന്ന പദപ്രയോഗം നമ്മുടെ മാമോദീസാക്രമത്തിലോ, മറ്റു ക്രമത്തിലോ മറ്റു കൂദാശകളിലോ കാണുന്നില്ല. എവിടെയെങ്കിലുമുണ്ടെങ്കിൽ ഈ ലേഖകന് അതറിയുവാൻ ആഗ്രഹമുണ്ട്. സുറിയാനിയിൽ ജന്മപാപം എന്നൊരു പ്രയോഗമേ ഇല്ലെന്നാണ് മല്പാന്മാർ പറയുന്നത്. ഗ്രീക്കിലും കാണുന്നില്ല.

2. 'ജന്മപാപം', 'കർമ്മപാപം' എന്നിങ്ങനെ പാപത്തെ രണ്ടായി തരംതിരിക്കുന്ന രീതിയും നമ്മുടെ പൗരസ്ത്യ പാരമ്പര്യത്തിലില്ല. പരിശുദ്ധനായ മാർ അത്താനാസ്യോസിന്റെ കാലത്ത് അലക്സാന്ത്രിയയിലെ വേദവിദ്യാലയത്തിന്റെ പ്രധാന ഗുരുവായിരുന്ന അന്ധനായ ദിദിമോസ്

(Didimus the Blind) ആദാം മൂലം മനുഷ്യവർഗ്ഗം മുഴുവൻ വ്യാപിച്ചിട്ടുള്ള പാപസ്വഭാവത്തെയും, ഓരോ മനുഷ്യനും തന്റെ സ്വന്ത ഇച്ഛ മൂലം ചെയ്യുന്ന പാപങ്ങളെയും തമ്മിൽ വേർതിരിക്കുന്നുണ്ട്. രണ്ടാമത്തേതിന് ശിക്ഷയും ആദ്യത്തേതിന് ശുദ്ധീകരണവുമാണ് അദ്ദേഹം പ്രതിവിധി കൽപ്പിക്കുന്നത്. എന്നാൽ ദിദിമോസിന്റെ ആശയങ്ങളിൽ പലതിനേയും സഭാ പാരമ്പര്യം നിരാകരിക്കുകയാണുണ്ടായത്. മനുഷ്യൻ ശരീരിയായതുകൊണ്ടാണ് അവന് പാപാസക്തിയുണ്ടാകുന്നതെന്ന ഗ്നോസ്റ്റിക് ചിന്താഗതിയാണ് അദ്ദേഹത്തിന് മാർഗ്ഗദർശനം നൽകിയിരുന്നത്. എന്നാൽ അദ്ദേഹവും ജന്മപാപം എന്നൊരു പദം പ്രയോഗിക്കുന്നില്ല.

നമ്മുടെ പിതാക്കന്മാരിൽ എല്ലാ വിധവും സമാരാധ്യന്മാരായ പരിശുദ്ധന്മാരായ മാർ ബസ്സേലിയോസും, മാർ ഗ്രിഗോറിയോസും ശിശുക്കൾക്ക് പാപമേയില്ലെന്ന് വിശ്വസിച്ചവരായിരുന്നു. ആദാമ്യപാപം ശിശുക്കളിൽ പാപമായി കണക്കിടപ്പെടുന്നില്ല എന്നു തന്നെയാണ് ഈ പിതാക്കന്മാർ പഠിപ്പിച്ചിരുന്നത്. മാമോദീസാ എന്നുള്ളത് ആദാമ്യപാപം കഴുകിക്കളയാനുള്ള മാർഗ്ഗമായി അവർ കരുതിയിരുന്നുമില്ല.

3. ആദാമിന്റെ പാപത്തിന്റെ പരിണിതഫലങ്ങൾ മനുഷ്യവർഗ്ഗത്തെ മുഴുവൻ ബാധിക്കുന്നുണ്ട്. എന്നാൽ ആദാമ്യപാപം എന്നൊന്ന് എല്ലാ മനുഷ്യരിലും അവകാശിക്കുന്നുവെന്ന് നമ്മുടെ പിതാക്കന്മാരുടെ ഭൂരിഭാഗവും പഠിപ്പിക്കുകയില്ല. അകാലമരണം പ്രാപിക്കുന്ന ശിശുക്കളുടെ മരണത്തിന് ഹേതുവാകുന്നത് അവർ ആദാമിൽ നിന്നുമാർജ്ജിക്കുന്ന ജന്മപാപമാണെന്ന് ചിലർ വാദിച്ചപ്പോൾ നമ്മുടെ പിതാക്കന്മാർ അതിനെ ശക്തിയായി എതിർക്കുകയാണ് ചെയ്തിട്ടുള്ളത്. മാമോദീസാ മുങ്ങാതെ മരിക്കുന്ന ശിശുക്കൾക്ക് നിത്യശിക്ഷയൊന്നുമില്ല. പക്ഷേ, അവർക്ക് രാജ്യത്തിൽ പ്രവേശിക്കാനും സാധ്യമല്ല. ഇതാണ് പരിശുദ്ധന്മാരായ മാർ ബസ്സേലിയോസ്, നിസ്സായിലെ മാർ ഗ്രിഗോറിയോസ് എന്നീ പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളത്. സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസും പറയുന്നത് ആദാമിൽ നിന്ന് നമുക്ക് ലഭിക്കുന്നത് പാപമല്ല, മരണാധീനതയും കാമാസക്തിയുമാണെന്നാണ്. കാമാസക്തി തന്നെയും വിവാഹബന്ധത്തിനുള്ളിൽ നിയന്ത്രിച്ചുനിർത്തുന്നപക്ഷം പാപമല്ലെന്നും ആദാമിൽ വീണുപോയ മനുഷ്യത്മാവ് തിന്മയല്ലെന്നും ആ പിതാവ് ശക്തിയായി വാദിക്കുന്നു (ഉൽപത്തിപ്പുസ്തകത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ 16, 18, 19 എന്നീ പ്രസംഗങ്ങളും റോമാ ലേഖനത്തെപ്പറ്റിയുള്ള പത്താമത്തെ പ്രഭാഷണവും നോക്കുക).

നിസ്സായിലെ മാർ ഗ്രിഗോറിയോസ് പറയുന്നു: "ഇപ്പോൾ ജനിച്ച ഒരു ശിശുവിനെതിരായി ആരോപണങ്ങളോ കുറ്റവിധികളോ ഇല്ലാത്തതുപോലെ, മാമോദീസായിൽ വീണ്ടും ജനിക്കുന്നയാളും ദൈവത്തിന്റെ മഹാ

കാരുണ്യം കൊണ്ട് പാപസംബന്ധമായ സകല കടപ്പാടിൽ നിന്നും വിമുക്തനാകുന്നു" (ക്രിസ്തുവിന്റെ മാമോദീസായെക്കുറിച്ച് എന്ന പ്രഭാഷണത്തിൽ നിന്ന്). പ്രായമായവരുടെ മാമോദീസായെക്കുറിച്ചാണ് മാർ ഗ്രിഗോറിയോസ് പറയുന്നത്. അവർ ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ കുറ്റമില്ലാത്തവരായിത്തീരുന്നുവെന്ന്. അതായത് ചെറിയ കുട്ടികൾ മാമോദീസാ മുങ്ങിയവരെപ്പോലെ കുറ്റമില്ലാത്തവരാണെന്നാണല്ലോ അതിന്റെ ധ്വനി.

ഈ വിഷയത്തെക്കുറിച്ച് വിശാലമായി എഴുതിയിയിട്ടുള്ള നമ്മുടെ പിതാവ് പരിശുദ്ധനായ മാർ സേവേറിയോസ് ആണ്. ഹാലിക്കർനാസിലെ ജൂലിയാനുമായുള്ള സംവാദത്തിലാണ് അദ്ദേഹം തന്റെ ചിന്ത വ്യക്തമാക്കിയത്.

ജൂലിയന്റെ വാദം കർത്താവിനു പാപം ഇല്ലാത്തതുകൊണ്ട് കർത്താവിന്റെ മരണം യഥാർത്ഥമല്ലായിരുന്നെന്നും, തന്റെ ശരീരത്തിനു ദ്രവത്വം കാണുവാൻ സാദ്ധ്യമല്ലായിരുന്നുവെന്നുമാണ്. ഇതിനെതിരായി മാർ പീലക്സിനോസും, മാർ സേവേറിയോസും ശക്തിയായി വാദിച്ചു. ഓരോരുത്തന്റേയും പാപം മൂലമാണ് ഓരോരുത്തനും മരിക്കുകയോ മരണശേഷം ദ്രവിക്കുകയോ ചെയ്യുന്നതെന്നു പറയുവാൻ സാദ്ധ്യമല്ലെന്നും, അങ്ങനെയെങ്കിൽ മാമോദീസാ മുങ്ങിയതിനുശേഷം ഉടനെ മരിക്കുന്ന ഒരാൾക്ക് ദ്രവത്വം ഉണ്ടാകാൻ പാടില്ലല്ലോ എന്നും ആയിരുന്നു മാർ പീലക്സിനോസിന്റെ വാദം. അങ്ങനെയല്ലാ, ആദാമിന്റെ പാപഫലമായി മരണവും ദ്രവത്വവും നമ്മുടെ സ്വഭാവത്തിൽ അലിഞ്ഞുചേർന്നിരിക്കുകയാണെന്നും, അതുകൊണ്ട് ആദാമിൽ നിന്നും വിവാഹബന്ധത്തിൽ കൂടി ഉല്പാദിതരാകുന്നവർക്ക് പാപമുണ്ടെങ്കിലും ഇല്ലെങ്കിലും മരണത്തിൽ നിന്നും ദ്രവത്വത്തിൽ നിന്നും രക്ഷപെടുവാൻ സാദ്ധ്യമല്ലെന്നും ഉള്ള അദ്ദേഹത്തിന്റെ വാദത്തിന് പിറകിൽ ആദാമിന്റെ കുടിപ്രദേശത്ത് എല്ലാ മനുഷ്യരും ഉണ്ടായിരുന്നുവെന്നും, അവിടെ നിന്ന് ജനിക്കുന്നവർക്കെല്ലാം മരണവും ദ്രവത്വവും ഉണ്ടെന്നല്ലാതെ പാപമുണ്ട് എന്ന ചിന്ത കാണുന്നില്ല.

മാർ പീലക്സിനോസും മാർ സേവേറിയോസും പാശ്ചാത്യ ചിന്തകനായ അഗസ്തീനോസിന്റെ ഗ്രന്ഥങ്ങൾ വായിച്ചിരുന്നുവെന്നതിന് സംശയമില്ല. ആദാമിന്റെ കുടിപ്രദേശത്ത് മനുഷ്യവർഗ്ഗം മുഴുവനും ഉണ്ടായിരുന്നുവെന്നും അങ്ങനെ ആദാമിൽ സർവ്വ മനുഷ്യരും പാപം ചെയ്തുവെന്നും ഈ ആദാമ്യപാപം പുരുഷബീജത്തിൽ കൂടിയാണ് എല്ലാവരിലേക്കും സംക്രമിക്കുന്നതെന്നുമൊക്കെയായിരുന്നു അഗസ്തീനോസിന്റെ വാദം. നമ്മുടെ കർത്താവിൽ പുരുഷബീജം ഇല്ലായിരുന്നതുകൊണ്ടാണ് തനിക്ക് ആദാമ്യപാപം ഇല്ലാതിരിക്കുന്നതെന്ന് അഗസ്തീനോസ് പഠിപ്പിച്ചു.

ഈ വാദത്തിനെതിരായി മാർ സേവേറിയോസ് പഠിപ്പിക്കുന്നത്, നമ്മുടെ കർത്താവെടുത്തത് ആദാമിന്റെ വീണ സ്വഭാവമാണെന്നും, ആ സ്വഭാവത്തിൽ മരണവും ദ്രവത്വവും അലിഞ്ഞുചേർന്നിരിക്കുന്നു എന്നും, എന്നാൽ പാപം എന്നു പറയുന്നത് മനുഷ്യസ്വഭാവത്തിന്റെ ഒരു ഭാഗമല്ലെന്നും മനുഷ്യസ്വഭാവമെടുത്തപ്പോൾ മരണവും ദ്രവത്വവുമല്ലാതെ പാപം കർത്താവിന് എടുക്കേണ്ടിവന്നില്ലെന്നുമാണ്. പാപം ഒരു തലമുറ അടുത്ത തലമുറയ്ക്ക് കൊടുക്കുന്നില്ല, പിതാവ് തന്റെ കുഞ്ഞുങ്ങൾക്ക് ഉല്പാദന പ്രക്രിയ മൂലം നൽകുന്നുമില്ല. ആദാമിന്റെ പാപം ആദാം തന്റെ മക്കൾക്ക് പകർന്നുകൊടുക്കുന്നുവെന്നുള്ള ചിന്ത ക്രിസ്തീയമല്ലെന്ന് മാർ സേവേറിയോസ് വ്യക്തമായി പഠിപ്പിച്ചു.

മാർ സേവേറിയോസിന്റെ ഉപദേശം ഇങ്ങനെയാണ്: “ശരീരം പാപത്തിൽ മുഴുകിയതാണെങ്കിൽ, അത് ദ്രവത്വത്തിൽ നിന്നുത്ഭൂതമാണെങ്കിൽ ആദാമിലുണ്ടായിരുന്ന പാപം ആദാമിന്റെ സന്തതിയിലേക്ക് മനുഷ്യസ്വഭാവത്തിലൂടെ സ്വഭാവത്തിന്റെ ഒരംശമായി സംക്രമിക്കുന്നെങ്കിൽ, ഓരോ പാപിയും പാപിയായിരുന്നത് പാപിയായ ആദ്യ പിതാവിന്റെ പാപം മൂലം മാത്രമായതുകൊണ്ട് പാപത്തിന് കുറ്റമില്ല എന്നു വരുമായിരുന്നു.”

“If the body is ‘in sin’ and was formed from ‘our corruptibility’ and if the sin that was in Adam is transmitted with the nature from Adam to his descendants as something that belongs to nature, sin is free from all blame, each sinner being so as it would appear, only due to the fact of his first father being a sinner” (contra additions).

മാർ സേവേറിയോസ് വ്യക്തമായി പറയുന്നത് ആദാമിന്റെ പാപത്തിൽ നമുക്ക് പങ്കൊന്നുമില്ലെന്നാണ്. അദ്ദേഹം പറയുന്നു. “മരണവിധേയനും പാപിയുമായ ആദാമിൽ നിന്നു നാം മരണവിധേയരായി ജീവിക്കുന്നില്ല” എന്ന്. സുറിയാനിസഭയുടെ “വായും, തൂണും, മല്പാനും” ആയ മാർ സേവേറിയോസിന്റെ ലിഖിതങ്ങളിൽ നിന്ന് ഒരുദ്ധരണി കൂടെ താഴെ കൊടുത്തുകൊള്ളട്ടെ:

“നമ്മുടെ പൂർവികജനകന്മാരുടെ പാപം, അതായത് ആദമിന്റെയും ഹവ്വായുടെയും പാപം, ചില മാണിക്കിയൻ ചിന്തകരുടെ ദുരുപദേശം പഠിപ്പിക്കുന്നതുപോലെ നമ്മുടെ സത്തയുമായി സ്വഭാവേന സങ്കലിതമാകുന്നില്ല. എന്നാൽ അവർ പാപവും കല്പനലംഘനവും മൂലം മരണമില്ലായ്മയുടെ കൃപ നഷ്ടപ്പെടുത്തിയതുകൊണ്ടാണ്, അവരുടെ മേൽ പതിച്ച ന്യായവിധിയും കുറ്റാരോപണവും നമ്മെയും ബാധിക്കുന്നത്. പാപികളായ ആദിജനകന്മാരിൽ നിന്നുത്ഭൂതമാകുന്ന നാം അവരെപ്പോലെ സ്വഭാവേന മരണവിധേയരായി ജനിക്കുന്നു. എന്നാൽ പാപമെന്നതു മാതാപിതാക്കന്മാരിൽ നിന്ന് സന്തതിയിലേക്കു വിനിമയം ചെയ്യപ്പെടുന്ന

ഒരു വസ്തുവല്ല എന്നതാണ് പരമാർത്ഥം. മാർ സേവേറിയോസിന്റെ ഈ അഭിപ്രായത്തിന് ആധാരമായി അദ്ദേഹം നൽകുന്ന സാക്ഷികൾ മാർ കൂറിലോസും മാർ ദീവന്നാസ്യോസുമാണ്. പാപം മനുഷ്യസ്വഭാവത്തിന്റെ ഒരു അംശമല്ലെന്നും, എന്നാൽ മരണവിധേയതയും ദ്രവത്വവും വീണു പോയ മനുഷ്യന്റെ സ്വഭാവത്തിന്റെ അംശങ്ങളാണെന്നും ഈ വീണു പോയ ആദാമിന്റെ സ്വഭാവമാണ് നമ്മുടെ കർത്താവെടുത്തതെന്നും ഒരു പോലെ വാദിക്കുന്നു.

പാഠം 3

ആദാമ്യപാപവും പരിണിതഫലങ്ങളും - 2

ആധികാരികമായി സുറിയാനിസഭയുടെ വിശ്വാസത്തിന് മാർഗ്ഗദർശി യാകേണ്ടുന്ന പിതാവാണ് മാർ സേവേറിയോസ്. എന്നാൽ അദ്ദേഹ ത്തിന്റെ വാദഗതിയെ പാശ്ചാത്യമൽപ്പാനായ അഗസ്തീനോസിന്റെ വാദ ഗതിയുമായി താരതമ്യം ചെയ്യുന്നത് പ്രശ്നത്തിന്റെ സങ്കീർണ്ണത കാണു വാൻ നമ്മെ സഹായിക്കും. അഗസ്തീനോസ് ആകമാനസഭയുടെ പിതാ വാണെന്ന് പൗരസ്ത്യസഭ അംഗീകരിക്കുന്നില്ല.

അഗസ്തീനോസിന്റെ വാദം ഏറെക്കുറെ ഇങ്ങനെയാണ്: മനുഷ്യന്റെ ഇച്ഛാശക്തിക്ക് നന്മ ചെയ്യുവാൻ കഴിവില്ല (Massa dmnata). അതിൽ നിന്ന് യാതൊരു നന്മയും ഉദിപ്പാൻ സാദ്ധ്യമല്ല. അതിലുള്ളത് പാപം, മരണം, ധാർമ്മിക ദൗർബല്യം ഇവ മാത്രമാണ്. ഇവയെല്ലാം ആദാമിൽ നിന്ന് നമുക്ക് ലഭിക്കുന്നതാണ്. അതുകൊണ്ട് ശിശുക്കൾ പാപത്തിൽ ജനി ക്കുന്നു. കുറ്റം വിധിക്കപ്പെട്ടവരായിട്ടാണ് അവർ പിറക്കുന്നതു തന്നെ. കാമാസക്തിയിൽ കൂടെയാണ് പാപം മനുഷ്യവർഗ്ഗത്തിൽ പരക്കുന്നത്. കാമാസക്തി കൂടാതെ ക്രിസ്തീയ മാതാപിതാക്കന്മാർ പോലും ജനിക്കു ന്നില്ല. അതുകൊണ്ട് മാതാപിതാക്കന്മാർ മാമോദീസാ മൂലം വിശുദ്ധീക രിക്കപ്പെട്ടവരായിരുന്നാലും അവരുടെ കാമാസക്തിയിൽ നിന്നുല്പാദിത മാകുന്ന സന്തതി അശുദ്ധമാണ്. എല്ലാവർക്കും അവരെ ജനിപ്പിക്കുന്ന ആ ക്രിയയിൽ നിന്ന് ജന്മപാപം സിദ്ധമാകുന്നു.

ഈ ചിന്തയ്ക്കെതിരായിട്ടാണ് മാർ സേവേറിയോസ് എഴുതുന്നത്. അഗസ്തീനോസിന്റെ ചിന്തയിൽ പല പ്രശ്നങ്ങളുണ്ട്. ഒന്നാമത് എല്ലാ വരും ആദാമ്യപാപത്തെ ഒരുപോലെ അവകാശിക്കുന്നുവെങ്കിലും എല്ലാ വരിലും ഒരേ തരത്തിലുള്ള പാപപ്രവണത കാണണ്ടേ? രണ്ടാമത്, മാമോ ദീസാ മൂലം ജന്മപാപം കഴുകിക്കളയപ്പെടുമെങ്കിൽ, മാമോദീസാ മുങ്ങിയ മാതാപിതാക്കന്മാരുടെ ശിശുക്കൾക്ക് എവിടെനിന്ന് ജന്മപാപം ലഭിക്കുന്നു?

മൂന്നാമത്, മാതാപിതാക്കന്മാരിൽ ഒരാളെങ്കിലും മാമോദീസാ മുങ്ങിയ വിശ്വാസിയാണെങ്കിൽ അവരുടെ ശിശുക്കൾ വിശുദ്ധരാകുന്നുവെന്ന് പൗലോസ് ശ്ലീഹാ പറയുമ്പോൾ (1 കോരി. 7:14), രണ്ടു പേരും വിശ്വാസികളാണെങ്കിലും ശിശുക്കൾ അശുദ്ധരാണെന്ന് അഗസ്തീനോസ് പറയുന്നതിനെ നാം സ്വീകരിക്കുന്നതെങ്ങിനെ? നാലാമത്, എല്ലാവരും ഒരുപോലെ പാപികളാണെന്നു പറഞ്ഞാൽ സ്വർഗ്ഗത്തിലേയ്ക്കെടുക്കപ്പെട്ട ഹാനോക്കും, ഏലിയായും, യൂദാസ്ക്കറിയോത്തോയെപ്പോലെ തന്നെ പാപിയാണെന്നർത്ഥം വരുമോ?

ഇതിനെല്ലാം പുറമെ മറ്റൊരു പ്രശ്നം കൂടിയുണ്ട്. അഗസ്തീനോസ് തന്നെ കണ്ട പ്രശ്നമാണ്. പക്ഷേ, തന്റെ ജീവിതാന്ത്യം വരെ, അതിനൊരു പരിഹാരം കണ്ടുപിടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ലായെന്ന് അദ്ദേഹം തന്നെ എഴുതിയിട്ടുണ്ട്. ഒരു മനുഷ്യാത്മാവുണ്ടാകുന്നതെങ്ങനെ? ഇതാണ് ചോദ്യം. സാദ്ധ്യത നാലാണ്. ഒന്നുകിൽ ദൈവം ഒരാത്മാവിനെ മാത്രം (അല്ലെങ്കിൽ രണ്ടിനെ മാത്രം) സൃഷ്ടിച്ചു. അതിൽനിന്നാണ് മറ്റെല്ലാ ആത്മാക്കളും ഉല്പാദനപ്രക്രിയ മൂലം ഉണ്ടാകുന്നത്. അല്ലെങ്കിൽ ഓരോ ആത്മാവിനെ ഗർഭധാരണസമയത്ത് ദൈവം സൃഷ്ടിക്കുന്നു. മൂന്നാമതൊരു സാദ്ധ്യത ക്ലിപ്ത സംഖ്യയുള്ള കുറെ ആത്മാക്കളെ ദൈവം സൃഷ്ടിച്ചുവച്ചിരിക്കുന്നു. എന്നിട്ട് ഓരോ ശരീരവും ഉല്പാദിതമാകുമ്പോൾ അതിന് ഒരാത്മാവിനെ കൊടുക്കുന്നു. നാലാമത്തെ സാദ്ധ്യത ഹൈന്ദവരുടെ ഇടയിലുള്ള പുനർജ്ജന്മ വിശ്വാസമാണ്.

നാലാമത്തെ സാദ്ധ്യത ഒറിഗൻ സ്വീകരിച്ചിരുന്നതാണെങ്കിലും അഗസ്തീനോസ് സ്വീകരിക്കുന്നില്ല. മൂന്നാമത്തേത് പ്രശ്നമുള്ളതാണ്. ദൈവം സൃഷ്ടിച്ചു സൂക്ഷിച്ചിരിക്കുന്ന ആത്മാവാണെങ്കിൽ പാപമില്ലാത്തതായിരിക്കണം. പിന്നെ അത് ശരീരത്തിൽ വരുമ്പോഴാണ് പാപമുണ്ടാകുന്നതെന്ന് പറഞ്ഞാൽ വസ്തു തിന്മയാണെന്നുള്ള മാണിക്കിയൻ ചിന്താഗതിയിലേക്ക് പുറപ്പെടുകയായിരിക്കും.

“ജന്മപാപം” എന്ന ആശയത്തെപ്പറ്റി അഭിപ്രായം ഉന്നയിച്ചിട്ടുള്ള അഗസ്തീനോസിന്റെ വാദഗതിയെ വിശകലനം ചെയ്യുകയായിരുന്നല്ലോ മുമ്പ് ചെയ്തത്. ഒരു മനുഷ്യാത്മാവ് ഉണ്ടാകുന്നതെങ്ങനെ? നാലു സാദ്ധ്യതകളുള്ളതായി നേരത്തെ വിവരിച്ചിരുന്നു. ഇതിൽ അഗസ്തീനോസ് സ്വീകരിച്ച വിശ്വാസം, ആദിയിൽ ദൈവം ഒരാത്മാവിനെ മാത്രം സൃഷ്ടിച്ചു. അതിൽ നിന്നെടുത്തതാണ് ഹവ്വായും അവരുടെ മക്കളെത്രയും. ആദാമും ഹവ്വായും തോട്ടത്തിൽ വച്ച് പാപം ചെയ്ത സമയത്ത് മനുഷ്യവർഗ്ഗം മുഴുവൻ ആദാമിന്റെ കുടിപ്രദേശത്ത് ഉണ്ടായിരുന്നു. അങ്ങനെ എല്ലാ ആത്മാക്കളും ആദാമിൽ പാപം ചെയ്തുവെന്നാണ് അഗസ്തീനോസിന്റെ മതം. അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന ലത്തീൻ വേദപുസ്തകം ഈ

അഭിപ്രായത്തെ ഉറപ്പിച്ചു. റോമാലേഖനം 5:12-ൽ കാണുന്ന വാക്യം അപൂർണ്ണമായ ഒരു വാചകമാണ്. അതിന്റെ ശരിയായ മലയാള പരിഭാഷ ഉണ്ടാക്കുവാൻ പ്രയാസമാണ്. ഇതുമൂലം "പാപം ഒരു മനുഷ്യനിൽ കൂടെ ലോകത്തിലേക്കു പ്രവേശിക്കുകയും പാപത്തിൽ കൂടെ മരണവും വരികയും അങ്ങനെ മരണം എല്ലാ മനുഷ്യരിലും പരക്കുകയും അതുമൂലം എല്ലാവരും പാപം ചെയ്യുകയും ചെയ്തതു പോലെ." ഇതാണ് അനുപദ പരിഭാഷ. എന്നാൽ ലത്തീൻ വേദപുസ്തകത്തിൽ കിടക്കുന്നത് "... മരണം എല്ലാ മനുഷ്യരിലും പരക്കുകയും അവനിൽ (അതിൽ) എല്ലാവരും പാപം ചെയ്യുകയും ചെയ്തതുപോലെ" എന്നാണ്. ഈ അവനിൽ എന്നു തർജ്ജിമ ചെയ്ത ലത്തീൻപദത്തെ അദ്ദേഹം ആദാമിൽ എന്ന അർത്ഥത്തിൽ എടുത്തിരിയ്ക്കണം.

സുറിയാനി വേദപുസ്തകത്തിൽ കാണുന്നത് ഗ്രീക്കിലുള്ളതുപോലെ തന്നെയാണ്. അതായത്: "ഒരു മനുഷ്യൻ മുഖാന്തരം പാപം ലോകത്തിലേക്കു പ്രവേശിച്ചു. പാപം മുഖാന്തരം മരണവും." അങ്ങനെ എല്ലാ മനുഷ്യരിലും മരണം കടന്നുവന്നു. കാരണം എല്ലാവരും പാപം ചെയ്തു എന്നതു തന്നെ. ഇവിടെ ആദാമിൽ എല്ലാവരും പാപം ചെയ്തു എന്നു പറയുന്നില്ല. ആദാമ്യപാപം മൂലമാണ് എല്ലാവരും പാപികളാകുന്നതെന്നും പറയുന്നില്ല. ഇക്കാരണം കൊണ്ടാണ് അഗസ്തീനോസിന്റെ ഉപദേശത്തേയും വേദവ്യാഖ്യാനത്തേയും സഭ തിരസ്ക്കരിച്ചത്.

പാശ്ചാത്യസഭയിൽ തന്നെ അനേകംപേർ അഗസ്തീനോസിന്റെ ചിന്തയെ എതിർത്തിട്ടുള്ളവരാണ്. ജന്മപാപം അല്ലെങ്കിൽ ആദ്യപാപം (original Sin) എന്ന ആശയത്തെ അത്യുന്നത കത്തോലിക്കാ വേദവിശാരദനായ തോമസ് അക്വിനാസ് പോലും സ്വീകരിക്കുന്നില്ല. ഓരോ ആത്മാവിനേയും സൃഷ്ടിക്കുന്നത് ദൈവം തന്നെയാണ് എന്ന തത്വം സ്വീകരിക്കുന്ന ആൾക്ക്, അങ്ങനെ സൃഷ്ടിക്കുന്ന പുതിയ ആത്മാവിന് പാപം ഉണ്ടെന്നു വാദിക്കുവാൻ സാദ്ധ്യമല്ലല്ലോ. ആദാം മുതൽ അവസാന നാൾ വരെയുള്ള എല്ലാ മനുഷ്യരും കൂടി ഒരു ഏക സാമൂഹ്യവ്യക്തിയാണെന്നും, ഒരു വ്യക്തിയുടെ കൈ ചെയ്യുന്ന കുറ്റത്തിന് ആ വ്യക്തി മുഴുവൻ ഉത്തരവാദി ആകുന്നതുപോലെ മനുഷ്യവർഗ്ഗത്തിന്റെ തലനായ ആദാം ചെയ്ത കുറ്റത്തിന് ആ വർഗ്ഗത്തിലെ എല്ലാ അംഗങ്ങളും ഉത്തരവാദികളാണെന്നും തോമസ് വാദിച്ചു. എന്നാൽ ഈ അഭിപ്രായത്തെ മിക്ക പ്രധാന കാര്യങ്ങളിലും തോമസ് അക്വിനാസിന്റെ വാദങ്ങളെ അതേപടി സ്വീകരിക്കുന്ന കത്തോലിക്കാസഭ സ്വീകരിച്ചിട്ടില്ലെന്നുള്ളത് ഒരു പ്രത്യേകതയാണ്.

റോമൻ കത്തോലിക്കാസഭയുടെ ഔദ്യോഗിക ഉപദേശം

മാമോദീസാ, ജന്മപാപം കഴുകിക്കളയുന്നതിനു വേണ്ടിയാണെന്നുള്ള

വാദം പാശ്ചാത്യ കത്തോലിക്കാസഭയുടെ ഉപദേശത്തിൽ പണ്ടേയുള്ള താണ്. എന്നാൽ 12-ാം ശതാബ്ദത്തിൽ ഇന്നസെന്റ് മൂന്നാമൻ മാർപ്പാപ്പ യാണ് അതിനു വ്യക്തരൂപം കൊടുത്തത്. "നമ്മുടെ ഇച്ഛ കൂടാതെ നമുക്കു ലഭിക്കുന്ന ജന്മപാപം നമ്മുടെ ഇച്ഛ കൂടാതെ തന്നെ കൂദാശ മൂലം മോചിക്കപ്പെടുന്നു. എന്നാൽ നമ്മുടെ ഇച്ഛപ്രകാരം നാം ചെയ്യുന്ന കർമ്മപാപം നമ്മുടെ ഇച്ഛയുണ്ടെങ്കിൽ മാത്രമേ മോചിക്കപ്പെടുകയുള്ളു. ജന്മപാപത്തിന്റെ ശിക്ഷ ഈശ്വരദർശനത്തിന്റെ നിഷേധമാണ്. കർമ്മ പാപത്തിന്റെ ശിക്ഷയോ നിത്യനരകത്തിലെ ദുരിതവും."

പതിനഞ്ചാം ശതാബ്ദത്തിൽ സുറിയാനിസഭയെപ്പറ്റി റോമൻ കത്തോ ലിക്കാ സഭക്കാരുടെ ഫ്ളോറൻസ് സുന്നഹദോസ് പാസ്സാക്കിയ നിശ്ചയ ത്തിലും സുറിയാനി ഓർത്തഡോക്സുകാർ ജന്മപാപത്തെപ്പറ്റിയുള്ള ഉപ ദേശം കൂടെ സ്വീകരിച്ചെങ്കിൽ മാത്രമേ അവർ സത്യക്രിസ്ത്യാനികൾ ആകുകയുള്ളൂ എന്നു പറയുന്നുണ്ട്.

1546-ാമാണ്ട് ജൂൺ മാസം 17-ാം തീയതി ട്രെന്റ് സുന്നഹദോസാണ് ജന്മപാപത്തെപ്പറ്റി എന്ന ഔദ്യോഗിക പ്രഖ്യാപനം മൂലം ഈ വിശ്വാസം എല്ലാ റോമൻകത്തോലിക്കരും സ്വീകരിക്കണമെന്നു നിർബന്ധമാക്കിയത്. സേവേറിയോസിന്റെ ഉപദേശത്തെ റോമൻ കത്തോലിക്കാസഭ വ്യക്ത മായി നിഷേധിക്കുന്നു. "അനുസരണക്കേടിന്റെ പാപം മൂലം പങ്കിലനായ ആദാം മരണത്തേയും ശാരീരികശിക്ഷകളേയും മാത്രമേ മനുഷ്യവർഗ്ഗ ത്തിൽ മുഴുവൻ പരത്തിയിട്ടുള്ളു എന്നും, ആദാമിന്റെ മരണമാകുന്ന പാപത്തെ മറ്റുള്ളവരിൽ പരത്തിയില്ല എന്നും പറയുന്നവൻ ശപിക്കപ്പെ ട്ടവൻ; കാരണം അവൻ അപ്പോസ്തോലന്റെ റോമാലേഖനം 5:12 -ലെ ഉപദേശത്തെ നിഷേധിക്കുന്നു എന്നു ട്രെന്റ് സുന്നഹദോസ് ലത്തീൻ വേദപുസ്തകത്തിലെ തെറ്റായ വേദപരിഭാഷ ഉപയോഗിച്ച് യാക്കോബാ യക്കാരെ മഹറോൻ ചൊല്ലി.

ഈ വിഷയത്തെപ്പറ്റി കത്തോലിക്കരുടെ ഇടയിൽത്തന്നെ ഒരു പുതിയ സമീപനം ഉണ്ടായിക്കൊണ്ടിരിക്കയാണ്. വേദപുസ്തകത്തിന്റെ ഒരു തെറ്റായ പരിഭാഷയിന്മേലാണ് ഈ ഉപദേശത്തിന്റെ അടിസ്ഥാനമെന്ന് ആധുനിക കത്തോലിക്കാ പണ്ഡിതന്മാർ ഏറെക്കുറെ സമ്മതിക്കുന്നുണ്ട്. ജന്മപാപം എന്നു പറയുന്നത് പ്രധാനമായും കാമാസക്തി ആണെങ്കിൽ മാമോദീസാ കൊണ്ട് അതു മാറിപ്പോകാത്തത് എന്തുകൊണ്ടാണെന്ന് ചോദിക്കുന്ന കത്തോലിക്കാ പണ്ഡിതന്മാർ ഇന്നുണ്ട്. ഉല്പാദന പ്രക്രി യയിൽ കൂടെയാണു ജന്മപാപം പരക്കുന്നത് എന്ന ഔദ്യോഗിക ഉപദേ ശവും ഇന്നു ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കയാണ്.

മാർ സേവേറിയോസിന്റെ ഉപദേശമാകട്ടെ, സുചിന്തിതവും പുരാതന

സഭയുടെ സത്യമായ പാരമ്പര്യത്തിൽ അധിഷ്ഠിതവുമാകയാൽ അത് ഇതുവരെയും ചോദ്യം ചെയ്യപ്പെടേണ്ടി വന്നിട്ടില്ല. സുറിയാനിസഭയുടെ ഔദ്യോഗിക മല്പാനായ മാർ സേവേറിയോസിന്റെ ഉപദേശത്തിന്റെ ഒരു സമാഹാരം താഴെ കൊടുക്കുന്നത്. അറിവില്ലായ്മകൊണ്ട് സുറിയാനിസഭയിലെ വൈദികരും അത്മായരും സണ്ടേസ്കൂൾ പുസ്തകങ്ങൾ എഴുതുന്നവരും ഔദ്യോഗിക ഗുരുക്കന്മാരായ മേലദ്ധ്യക്ഷന്മാർ തന്നെയും ആദിപാരമ്പര്യത്തെ വിട്ടു പിന്നീട് റോമാ വിശ്വാസത്തിൽ നിന്നും നമ്മുടെ ഇടയിൽ കയറിവന്ന ഉപദേശങ്ങളെ സുറിയാനിസഭയുടെ മതോപദേശങ്ങളായി ജനങ്ങളെ പഠിപ്പിക്കാതിരിക്കണമെന്നുള്ള താല്പര്യത്തിലാണ്.

മാർ സേവേറിയോസിന്റെ ഉപദേശ സമാഹാരം

അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന ഈ പിതാവിന്റെ ഉപദേശത്തിന്റെ പൂർണ്ണരൂപം കാണപ്പെടുന്നത് ക്രിസ്താബ്ദം 512 മുതൽ 518 വരെയുള്ള കാലങ്ങളിലെ തന്റെ ഭദ്രാസന ദേവാലയ പ്രസംഗങ്ങളിലും (Cathedral Homilies) *ജൂലിയാനെതിരായി* എന്ന ഗ്രന്ഥത്തിലുമാണ്. ഇതിന്റെ മൂലം ആർക്കെങ്കിലും നോക്കണമെന്നുണ്ടെങ്കിൽ (Patrologia Orientalis) എന്ന ഗ്രന്ഥാവലിയിലെ 4, 8, 12 എന്നീ വാല്യങ്ങൾ കാണുക.

1. ആദാമിന്റെ പാപം ആദാമിനു മാത്രമല്ല അവന്റെ സന്തതിപരമ്പരയ്ക്കും പ്രത്യാഘാതങ്ങൾ വരുത്തിയിരിക്കുന്നു. മനുഷ്യസ്വഭാവത്തിലേക്കു മരണാധീനത വരുത്തിവച്ചത് ആദാമിന്റെ പാപമാണ്. ഈ മരണാധീനതയെ മാറ്റുന്നത് ക്രിസ്തുവിന്റെ മരണം മാത്രമാണ്.

2. ആദാം പാപം ചെയ്യാതിരുന്നെങ്കിൽ അമർത്യനായിത്തീരുകയില്ലായിരുന്നു. പാപം ചെയ്യുന്നതുമൂലം മരിക്കാനുള്ള സാദ്ധ്യതയും പാപം ചെയ്യാതിരിക്കുന്നെങ്കിൽ മരിക്കാതിരിക്കാനുള്ള സാദ്ധ്യതയും ഒരുമിച്ച് അവനുണ്ടായിരുന്നു.

3. ആദാം പാപം ചെയ്യുന്നതിനു മുമ്പ് അവനു ശരീരം ഉണ്ടായിരുന്നു. പക്ഷേ, ഘനം ഇല്ലാത്തതും പ്രകാശമയവുമായ ശരീരമായിരുന്നു അത്.

4. ക്രിസ്തു എന്ന പുളിപ്പ് മനുഷ്യവർഗ്ഗം എന്ന മൂന്നുപറ മാവിൽ ചേർക്കപ്പെടുന്നതുകൊണ്ടാണ് ഇന്ന് മനുഷ്യവർഗ്ഗത്തിന് വീണ്ടും നിത്യജീവൻ ഉണ്ടായിത്തീരുന്നത്.

5. സങ്കീർത്തനം 51:7 -ൽ "പാപത്തിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിച്ചു" എന്നു കാണുന്നതിനെ ആക്ഷരികമായി വ്യാഖ്യാനിച്ചു പാപസിദ്ധാന്തത്തിനടിസ്ഥാനമായി ഉപയോഗിക്കുന്നതു തെറ്റാണ്. ഞാൻ അടിസ്ഥാനം മുതലെ പാപിയാണ് എന്നുള്ള ഒരു കുറ്റസമ്മതം മാത്രമാണത്.

6. നമ്മുടെ കർത്താവ് കന്യകയിൽ നിന്നു ജാതനാണ്. എന്നാൽ എല്ലാ മനുഷ്യരേയുംപോലെ മരണാധീനതയും ദ്രവത്വസാദ്ധ്യതയും ഉള്ള ഒരു ശരീരമായിരുന്നു തന്റേത്. തന്നിൽ പാപമില്ലായിരുന്നു എന്നതു മാത്രമാണു വ്യത്യാസം. എന്നാൽ പാപമില്ലാത്ത മനുഷ്യസ്വഭാവത്തിന് അമർത്യവും അദ്രവത്വവും ഉണ്ടായിക്കൊള്ളണമെന്ന് നിർബന്ധമില്ല. വീണുപോയ മനുഷ്യസ്വഭാവത്തോടു പറ്റിപ്പിടിച്ചിരിക്കുന്നവയാണ് മർത്യതയും ദ്രവത്വവും. അവയെ കർത്താവ് സ്വയം എടുത്തു. എന്നാൽ പാപം വീണുപോയ മനുഷ്യസ്വഭാവത്തിന്റെ അവിഭാജ്യഘടകമല്ല. അതുകൊണ്ടാണ് പാപമില്ലാത്തതും എന്നാൽ വീണുപോയ മനുഷ്യന്റേതുമായ സ്വഭാവത്തെ ക്രിസ്തുവിനെടുക്കുവാൻ കഴിഞ്ഞത്.

7. ആദാമിന്റെ പാപം നശിപ്പിച്ചുകളഞ്ഞത് മൃത്യുവിധേയവും ദ്രവത്വസാദ്ധ്യതയുള്ളതുമായ മനുഷ്യസ്വഭാവത്തെ മൃത്യുവിൽ നിന്നും ദ്രവത്വത്തിൽ നിന്നും സംരക്ഷിക്കുവാൻ കഴിവുള്ള ദൈവകൃപയെയാണ്. ഈ കൃപ ഇല്ലാതായിത്തീർന്നാലും മനുഷ്യസ്വഭാവം മനുഷ്യസ്വഭാവമായിത്തന്നെ നിലകൊള്ളുന്നു. പക്ഷേ, അതിനെ മരണത്തിൽ നിന്നും ദ്രവത്വത്തിൽ നിന്നും രക്ഷിക്കുന്ന കൃപ അതിനില്ലെന്നു മാത്രം.

8. ആദാമ്യപാപം ഒരു തലമുറയിൽ നിന്നും പിൻതലമുറയിലേക്കു വിനിമയം ചെയ്യപ്പെടുന്നില്ല എന്നു മാർ സേവേറിയോസ് വാദിച്ചു. ഒരു പിതാവിൽ നിന്നു പുത്രനോ പുത്രിക്കോ പാപം ലഭിക്കുന്നില്ല എന്നു മാർ സേവേറിയോസ് വ്യക്തമായി പഠിപ്പിച്ചു. "മരണവിധേയനും പാപിയുമായ ആദാമിൽ നിന്നു നാം മരണവിധേയരായി ജനിക്കുന്നു. എന്നാൽ പാപികളായിട്ടല്ല ജനിക്കുന്നത്." ആദാമിന്റെ പാപം അവന്റെ മക്കൾക്ക് അവൻ പകർന്നു കൊടുത്തു എന്ന വാദം മാണിക്യൻ ചിന്താഗതി ആണെന്നു പറഞ്ഞ് മാർ സേവേറിയോസ് നിരാകരിക്കുകയാണുണ്ടായത്.

9. വിവാഹം പാപത്തെ വർദ്ധിപ്പിക്കുവാനുള്ള ഉപാധിയല്ലെന്നും, നേരേ മറിച്ച് ആദാമ്യപാപം മൂലം മരണവിധേയനായ മനുഷ്യൻ ഇല്ലാതായിപോകാതിരിക്കാൻ വേണ്ടി ദൈവം തന്റെ കൃപയാൽ വീണുപോയ മനുഷ്യനു നൽകിയിട്ടുള്ള ഉപാധിയായിട്ടുമാണ് മാർ സേവേറിയോസിന്റെ ഉപദേശം.

10. മനുഷ്യൻ പ്രകൃത്യാ പാപിയാണെന്നുള്ള പാശ്ചാത്യസഭയുടെ ഉപദേശം ക്രിസ്തീയമല്ലെന്ന് മാർ സേവേറിയോസ് വാദിച്ചു. പ്രകൃതി എന്നു പറയുന്നത് ദൈവം സൃഷ്ടിച്ചതാണ്. അതിൽ പാപമുണ്ടെങ്കിൽ പാപത്തെ ദൈവം സൃഷ്ടിച്ചതാണെന്നു വരും. പ്രകൃതിയിൽ പാപം ഇല്ല. പാപം പ്രകൃതിക്കു പുറത്തു നിന്നു വന്നു പ്രകൃതിയെ താറുമാറാക്കുന്ന ഒന്നാണെന്നാണ് മാർ സേവേറിയോസ് വളരെ വ്യക്തമായി പഠിപ്പിച്ചത്.

പാഠം 4

ആരാധനക്രമത്തിലെ വേദശാസ്ത്രം

ആരാധനയിലെ വേദശാസ്ത്രം

വിശ്വാസിയുടെ മനസ്സു രൂപവൽക്കരിക്കാൻ ഏറ്റവും യോജിച്ച സാംസ്കാരികാന്തരീക്ഷം ആരാധനയുടേതാണെന്ന് പൗരസ്ത്യർ വിശേഷിച്ചും സിറിയൻ പാരമ്പര്യത്തിൽപ്പെട്ടവർ ആദിമുതൽക്കേ വിശ്വസിച്ചുപോന്നിരുന്നു. പ്രഭാഷണത്തിനും പ്രബോധനത്തിനും വിശ്വാസിയെ ഉദ്ബോധിപ്പിക്കുന്നതിൽ അവയുടേതായ പങ്കുണ്ട്. എങ്കിലും പൗരസ്ത്യർ വിശ്വാസോദ്ബോധനത്തിനു കൂടുതൽ ആശ്രയിച്ചത് പ്രബോധകരെയല്ല, ആരാധനക്രമത്തെയാണ്. എന്തെന്നാൽ പൗരസ്ത്യാരാധന വേദശാസ്ത്രസത്തകൊണ്ട് സമ്പുഷ്ടമായിരുന്നു. അതിൽ ഭക്തിപൂർവ്വം സംബന്ധിക്കുന്ന വിശ്വാസിക്കു വിശ്വാസത്തെ പാലിക്കുന്നതിനും ഉറപ്പിക്കുന്നതിനും പ്രഭാഷകരുടെ സഹായം ആവശ്യമായിരുന്നില്ല.

മൂന്നു വിധത്തിലാണ് സിറിയൻ ആരാധന വിശ്വാസികൾക്ക് വേദശാസ്ത്രാഭ്യസനം നൽകാൻ സഹായിച്ചത്. ആരാധനാവർഷത്തിലെ പ്രാർത്ഥനകൾ, വി. ഏവൻഗേല്യോൻ (ജീവന്റെ പുസ്തകം), വിവിധരൂപത്തിൽ വികസിച്ച സെദറ എന്ന പ്രത്യേക പ്രാർത്ഥന എന്നിവയുടെ മൂലം സിറിയൻ ആരാധനയിൽ അടങ്ങിയിരിക്കുന്നു.

ആരാധനാവർഷത്തിലെ പ്രാർത്ഥനകളുടെ മർമ്മം കഷ്ടാനുഭവവാരത്തിലെ പ്രാർത്ഥനകളായിരുന്നു. ഈ പ്രാർത്ഥനകളിൽ മണിക്കൂറുകൾ നീണ്ടുനിന്ന ധ്യാനങ്ങളും പ്രാർത്ഥനകളുമുണ്ടായിരുന്നു. അവ അനായാസേന കുരിശാരോഹണത്തിന്റേയും ഉയിർത്തെഴുന്നേൽപ്പിന്റെയും അർത്ഥം ഗ്രഹിക്കാനുള്ള പുതിയ വഴികൾ വിശ്വാസികൾക്കു തെളിച്ചുകൊണ്ടിരുന്നു. ഏറെക്കുറെ വിചിത്രമെന്നു തോന്നാമെങ്കിലും മിക്കവാറും ഭക്തിപരവും ഹൃദയസ്പർശിയുമായ വ്യാഖ്യാനത്തോടുകൂടിയ വേദപുസ്തകഭാഗങ്ങൾ അവയെ സമ്പുഷ്ടമാക്കിയിരുന്നു. ഇതിനും പുറമേ ഓരോ പെരുന്നാളിനും സഭ രൂപപ്പെടുത്തിയ ഉചിതങ്ങളായ ധ്യാനപ്രാർത്ഥനകളുമുണ്ടായിരുന്നു. പുരോഹിതന്റെ പ്രസംഗവും വ്യാഖ്യാനവുമില്ലാതെ തന്നെ അതതു ദിവസത്തെ വേദപുസ്തകഭാഗങ്ങളുടെ സമ്പൂർണ്ണ വ്യാഖ്യാനം ഇടവകജനങ്ങൾക്ക് നൽകുന്നതിന് ഈ ധ്യാനപ്രാർത്ഥനകൾ സഹായിച്ചുപോന്നു. അപ്പോഴപ്പോൾ ഉണ്ടായിക്കൊണ്ടിരുന്ന വേദശാസ്ത്രപരമായ വിവാദങ്ങൾ പോലും സഭയിലെ ആരാധനാക്രമത്തിൽ മായാത്ത മുദ്ര വീഴ്ത്തിയിരുന്നു.

ക്രിസ്തുവിന്റെ ആളത്തം, സ്വഭാവം എന്നിവയെ സംബന്ധിച്ചുണ്ടായ

ഏകസ്വഭാവ വാദത്തെപ്പറ്റി ദിവന്നാസ്യോസ് ബാർ സലിബിയുടെ പ്രാർത്ഥന ഉൾക്കാഴ്ച നൽകുന്നു:

"അങ്ങനെ സത്യത്തിൽ ദൈവത്തിന്റെ വചനം ശരീരത്തിൽ കഷ്ടതകൾ സഹിച്ചു; ബലി കഴിക്കപ്പെട്ടു; കുരിശിൽ തറയ്ക്കപ്പെട്ടു. അവിടുത്തെ ദൈവത്വം യാതൊരുവിധത്തിലും അവിടുത്തെ ആത്മാവിൽ നിന്നോ ശരീരത്തിൽ നിന്നോ വേർപെടുത്തപ്പെട്ടില്ലെങ്കിലും അവിടുത്തെ ആത്മാവു ശരീരത്തിൽ നിന്നും വേർപെടുത്തപ്പെട്ടു. അവർ അവിടുത്തെ നെഞ്ചിൽ ശൂലം തറച്ചു. അവിടെനിന്നു ലോകത്തിന്നു മുഴുവൻ പാപപരിഹാരത്തിനായി രക്തവും വെള്ളവും ഒഴുക്കി. അവിടുത്തെ ശരീരം മുഴുവൻ അതു പുരണ്ടു. ലോകത്തിന്റെ മുഴുവൻ പാപങ്ങൾക്കുവേണ്ടി പുത്രൻതമ്പുരാൻ കുരിശിൽ മരിച്ചു. പിന്നീട് അവിടുത്തെ ആത്മാവു മടങ്ങിവന്ന് അവിടുത്തെ ശരീരവുമായി സംയോജിച്ചു. അവിടുന്നു ഞങ്ങളെ ഇടത്തേതിന്റെ വഴികളിൽനിന്നു വലത്തേതിന്റെ വഴികളിലേക്കു തിരിച്ചുകൊണ്ടുവന്നു. തന്റെ ശരീരത്തിന്റെ രക്തത്താൽ അവിടുന്നു സ്വർഗ്ഗീയത്തെ ഭൗമികവുമായും ജനങ്ങളെ ജാതികളുമായും ആത്മാവിനെ ശരീരവുമായും രമ്യപ്പെടുത്തുകയും സംയോജിപ്പിക്കുകയും കൂട്ടിച്ചേർത്ത് ഒന്നാക്കുകയും ചെയ്തു. മൂന്നാം ദിവസം അവിടുന്നു കല്ലറയിൽ നിന്നു ഉത്ഥാനം ചെയ്തു. ഈ സ്വഭാവങ്ങളുടെ അവിഭാജ്യമായ ഐക്യത്തിനുശേഷം ഇനിയൊരിക്കലും വിഭജിതനാവാൻ സാധ്യമല്ലാത്ത ഏകമാണ് ഇമ്മാനുവേൽ. അങ്ങനെ ഞങ്ങൾ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. അതുതന്നെ സത്യമായും നാം ഉറപ്പിച്ചു പറയുന്നു. ഈ ശരീരം ഈ രക്തത്തിന്റെയും ഈ രക്തം ഈ ശരീരത്തിന്റെയുമാകുന്നു."

അല്ലെങ്കിൽ ഇതാ മറ്റൊരു പ്രാർത്ഥന. വിശുദ്ധ ത്രിത്വത്തെക്കുറിച്ചും പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെക്കുറിച്ചുമുള്ളതാണിത്:

"ജനിക്കാത്തവനും ജനിപ്പിക്കുന്നവനുമായ പിതാവു പരിശുദ്ധൻ, ജനിച്ചവനും ജനയിതാവല്ലാത്തവനുമായ പുത്രൻ പരിശുദ്ധൻ. പിതാവിൽ നിന്നു പുറപ്പെട്ടു പുത്രനിൽനിന്നു കൈക്കൊള്ളുന്ന പരിശുദ്ധ റൂഹാ പരിശുദ്ധൻ. തന്റെ കരുണയാലും കൃപയാലും നമ്മെ രക്ഷിച്ച സത്യദൈവം ഏകനാകുന്നു."

വേദശാസ്ത്രപരമായി സമ്പന്നമായ ഈ ദീർഘപ്രാർത്ഥനകൾ പ്രാർത്ഥനകളെന്നതിനേക്കാൾ പ്രഭാഷണപരമായ ധ്യാനങ്ങളാകുന്നു. Lex credendi lex orandi എന്ന് അതിനെ വിവരിക്കുന്നത് അതിലളിതവൽക്കരണമാകാം. യഥാർത്ഥ ഡോഗ്മാ (വേദോപദേശം) പ്രാർത്ഥനയോടു ചേർന്നിരിക്കുമെന്നും പ്രാർത്ഥനയെ ഡോഗ്മാ നിയന്ത്രിക്കുന്നില്ലെന്നുമാണു വ്യക്തമാക്കുന്നത്. പ്രാർത്ഥനയുടെ പശ്ചാത്തലത്തിൽനിന്നു ഡോഗ്മായെ അടർത്തി മാറ്റി അതിനെ വിചിന്തനത്തിനു വിധേയമാക്കു

ന്നത് അപകടകരമാണ്. നിർഭാഗ്യവശാൽ നമ്മുടെ കാലത്തെ കലാശാല വേദശാസ്ത്രാഭ്യസനം വരണ്ട ഊഷരതയുടെ നിർജ്ജീവതയിലേക്കാണു നീങ്ങിക്കൊണ്ടിരിക്കുന്നത്. വേദശാസ്ത്രത്തെ കൂടുതൽ അരോഗമാക്കാനുള്ള മാർഗം വിശ്വാസത്തെ വീണ്ടും പ്രാർത്ഥനകളിലും ശുശ്രൂഷകളിലും ഉൾക്കൊള്ളുകയെന്നതുതന്നെയാണ്.

ക്രിസ്തുവിന്റെ സമ്പൂർണ ശരീരത്തെക്കുറിച്ചുള്ള ബോധം

റോമൻകത്തോലിക്കാ കുർബാനക്രമത്തിൽ വിശുദ്ധന്മാരെക്കുറിച്ചുള്ള അനുസ്മരണം കുർബ്ബാനയുടെ കാനോനിലാണു ചേർത്തിരിക്കുന്നത്:

"വിശുദ്ധ കൂട്ടായ്മയുടെ ഏകത്വത്തിൽ ഏറ്റവുമാദ്യമായി മഹത്വമേറിയവളും നമ്മുടെ രക്ഷകനായ ദൈവത്തിന്റെ ജനനിയുമായ നിത്യകന്യകമറിയാമിന്റെ സ്മരണയെ ഞങ്ങൾ പാലിക്കുന്നു. പിന്നെ അവിടുത്തെ അനുഗൃഹീത അപ്പോസ്തലന്മാർ, രക്തസാക്ഷികൾ, പത്രോസ്, പൗലോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, തോമസ്, യാക്കോബ്, ഫിലിപ്പോസ്, ബർത്തലോമിയ, മത്തായി, ശിമോൻ, തദ്ദിയൂസ് എന്നിവരുടെയും ലീനസ്, ക്ലീറ്റസ്, ക്ലെമെന്റ്, സിക്സ്റ്റസ്, കോർണീലിയസ്, സിപ്രിയാൻ, ലോറൻസ്, ക്രിസോഗോണസ്, ജോൺ, പോൾ, കോസ്മാസ്, ഡാമിയൻ എന്നിവരുടെയും സ്മരണയെ ഞങ്ങൾ പാലിക്കുന്നു. ഇവരുടെ മേന്മകളാലും പ്രാർത്ഥനകളാലും നമ്മുടെ രക്ഷകനായ ക്രിസ്തുവിൽക്കൂടി അവിടുന്നു നൽകുന്ന സുരക്ഷിതത്വത്തിന്റെ സഹായം ഞങ്ങൾക്കു കോട്ടകളായിത്തീരുമാറാകേണമേ."

റോമൻ കത്തോലിക്കാ കുർബാനക്രമത്തിൽ വിശുദ്ധീകരണത്തിനു ശേഷം, അന്തരിച്ചവരേയും പ്രത്യേകം നിർദേശിച്ചിട്ടുള്ളവരേയും അനുസ്മരിക്കുന്ന പ്രാർത്ഥനകളുണ്ട്.

"അല്ലയോ രക്ഷകാ അവിടുത്തെ ദാസന്മാരെയും ദാസിമാരെയും (പേര്) ഞങ്ങൾക്കു മുമ്പ് വിശ്വാസത്തിന്റെ അടയാളത്തോടെ കടന്നുപോയി സമാധാനത്തിൽ നിദ്രകൊള്ളുന്ന........... (ഇവിടെ മരിച്ചവരെ ഓർക്കുക) ഓർക്കേണമേ രക്ഷകാ. ഇവർക്കും ക്രിസ്തുവിൽ വിശ്രമിക്കുന്ന ഏവർക്കും അവിടുത്തെ നന്മയുടെ ദാനത്തിൽനിന്നും ആശ്വാസമുള്ള ഇടവും, പ്രകാശവും ശാന്തിയും നമ്മുടെ രക്ഷകനായ കർത്താവിൽക്കൂടി നൽകണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

പാപികളായ ഞങ്ങൾക്ക്, അവിടുത്തെ മഹാകാരുണ്യത്തിൽ വിശ്വാസമർപ്പിച്ചിരിക്കുന്ന അവിടുത്തെ ദാസന്മാർക്ക്, ജോൺ, സ്റ്റീഫൻ, മത്തിയാസ്, ബർന്നബാസ്, ഇഗ്നാത്തിയോസ്, അലക്സാണ്ടർ, മാർസലീനസ്, പീറ്റർ, ഫെലിസിറ്റാസ്, പെർപെറ്റ്വാ, അഗത്താ ലൂസി, ആഗ്നസ്, സെസലിയാ, അനസ്റ്റേസിയാ എന്നിവരുടെയും, അവിടുത്തെ സർവവി

ശുദ്ധരുടെയും കൂടെ, അവിടുത്തെ വിശുദ്ധ അപ്പോസ്തലന്മാരും രക്ത സാക്ഷികളുമായുള്ള കൂട്ടായ്മയും പങ്കാളിത്തവും നൽകേണമേ. ഞങ്ങ ളുടെ നന്മകളെ അളന്നുനോക്കാതെ, ഞങ്ങളുടെ രക്ഷകനായ ക്രിസ്തു വിൽക്കൂടി ഞങ്ങളുടെമേൽ സമൃദ്ധിയായി കൃപ ചൊരിഞ്ഞുകൊണ്ട് ഇവ രുടെ കൂട്ടത്തിൽ ഞങ്ങളേയും ചേർക്കേണമേ."

ഇതെല്ലാം യഥാർത്ഥ പാശ്ചാത്യപാരമ്പര്യത്തിൽ സംക്ഷിപ്തവും കാര്യമാത്ര പ്രസക്തവുമാകുന്നു. പൗരസ്ത്യമായ ആരാധനാക്രമങ്ങളിൽ ഇതിനു നൽകുന്ന അമിത പ്രാധാന്യം നമ്മെ അലോസരപ്പെടുത്തുക പോലും ചെയ്യുന്നു. പ്രസിദ്ധ ബൈസാന്റിയൻ വേദശാസ്ത്രവിശാരദനായ ഫാദർ സലാവിൽ ആവർത്തനപ്രവണതയാണ് പൗരസ്ത്യാരാധനയുടെ ഏറ്റവും വലിയ ബലഹീനതയെന്ന് ചൂണ്ടിക്കാണിക്കുന്നു. പാശ്ചാത്യാ രാധനക്രമത്തിൽ ക്രിസ്തുശരീരത്തിന്റെ സിംഹഭാഗമുൾക്കൊള്ളുന്നവരും ദിവ്യബലിയിൽ നമുക്കൊഴിവാക്കാനാകാത്ത പങ്കാളികളുമായ മരിച്ചവ രെയും വിശുദ്ധന്മാരെയും കുറിച്ചുള്ള സ്മരണ പുരോഹിതന്റെ നിശ്ശബ്ദ പ്രാർത്ഥനയിൽ മിക്കവാറും അമർന്നുപോയിരിക്കുന്നു. എന്നാൽ ക്രിസ്തു ശരീരത്തിലുള്ള അവരുടെ സാന്നിദ്ധ്യത്തെ വിസ്മരിക്കുവാൻ പൗര സ്ത്യാരാധനക്രമങ്ങളിൽ ജനങ്ങളെ ഒരിക്കലും അനുവദിക്കുന്നില്ല. ഉദാ ഹരണമായി റഷ്യൻ ആരാധനാക്രമത്തിൽ പ്രാരംഭശുശ്രൂഷയുടെ ആദ്യത്തെ പ്രാർത്ഥനയിൽത്തന്നെ മരിച്ചവരെ ഓർക്കുന്നതായി കാണാം.

"നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെ പ്രാർത്ഥനകളാൽ ഞങ്ങളുടെ ദൈവവും നാഥനുമായ യേശുക്രിസ്തുവേ, ഞങ്ങളോടു കാരുണ്യം ചെയ്യ ണമേ. ആമേൻ."

പ്രാരംഭ പ്രാർത്ഥനകളിൽ ഇടവിട്ട് ക്രിസ്തുശരീരത്തിന്റെ മുഴുവൻ മൂർത്തിമത്ഭാവമായ അനുഗൃഹീതയായ വിശുദ്ധ കന്യകമറിയാം പ്രത്യ ക്ഷപ്പെടുന്നുണ്ട്. 'വിശുദ്ധവും ദൈവികവുമായ ആരാധന ചിട്ടപ്പെടു ത്തുന്ന' സന്ദർഭത്തിൽ ക്രമാനുസൃതം കന്യകമറിയം, സ്നാപകയോഹ ന്നാൻ, മോശ, അഹറോൻ, ഏലിയാ, ഏലിശാ, ദാവീദ്, യോസേ, മൂന്നു വിശുദ്ധ ശിശുക്കൾ, പ്രവാചകനായ ദാനിയേൽ എന്നിവരെയും അവ രോടൊപ്പം എല്ലാ വിശുദ്ധ പ്രവാചകരെയും പത്രോസ്, പൗലോസ് എന്നി വരേയും അവരോടൊപ്പം എല്ലാ വിശുദ്ധ അപ്പോസ്തലന്മാരെയും വിശു ദ്ധന്മാരിൽ ഉൾപ്പെട്ട പിതാക്കന്മാരായ മഹാനായ ബേസിൽ, ദൈവിക ഗ്രിഗറി, ജോൺ ക്രിസോസ്റ്റം, അനന്യാസ്, സിറിൽ, മൈറായിലെ നിക്കൊ ലാസ്, പീറ്റർ, അലക്സിസ്, ജോനാൻ, മോസ്ക്കോയിലെ ഫിലിപ്പ് എന്നി വരെയും നികിതാ, ലയോൻറ്യസ് എന്നിവരെയും എല്ലാ രക്തസാക്ഷിക ളെയും രക്തസാക്ഷികളായ തെക്ലാ, ബർബറാ, സിറിയാക്ക, യൂഫീമിയ,

പ്രാസ്ക്കോവിയാ, കാത്തറീൻ എന്നിവരെയും മറ്റെല്ലാ രക്തസാക്ഷിക ളെയും സന്യാസിമാരായ ആന്റണി, യൂത്തീമിയസ്, സാബാ, ഓണിഫോ റസ്, അതോസിലെ അത്താനാസിയോസ് എന്നിവരെയും മറ്റു പലരെയും സന്യാസിനിമാരായ പെലിജിയാ, തിയോഡാസിയാ, അനാസ്റ്റേസിയാ തുട ങ്ങിയവരെയും, അത്ഭുതപ്രവർത്തകരായ കോസ്മാസ്, ഡാമിയൻ തുട ങ്ങിയവരെയും 'ദൈവ'ത്തിന്റെ പൂർവ്വികരായ ജോയാക്കീമിനെയും അന്നാ യെയും ഈ പള്ളി ഏതൊരു വിശുദ്ധന്റെ നാമം സ്വീകരിച്ചിരിക്കുന്നുവോ ആ വിശുദ്ധനെയും, ഈ ദിവസത്തിന്റെ വിശുദ്ധനെയും അപ്പോസ്തല ന്മാർക്കു സമന്മാരായ സിറിൽ, മെത്തോഡിയസ് എന്നിവരെയും വ്ളാഡി മീർ പ്രഭുവിനെയും എല്ലാ വിശുദ്ധരെയും ഈ ആരാധനാക്രമം എഴു തിയ വിശുദ്ധരെയും (നേരത്തെ ഓർമിപ്പിക്കപ്പെട്ടവരാണെങ്കിൽ തന്നെയും ആരാധനാകർത്താക്കളായ വി. ബസേലിയസ്, വി. ക്രിസോസ്റ്റം എന്നി വരെ വീണ്ടും ഓർക്കണം) പുരോഹിതൻ പ്രത്യേകം ഓർക്കുന്നു.

ക്രിസ്തുശരീരത്തിലുള്ള പൂർവ്വികരായ വിശ്വാസികളുടെ എട്ടുവകുപ്പ് അനുസ്മരിച്ചശേഷം ജീവിച്ചിരിക്കുന്നവരിലേക്ക് ആരാധന കടക്കുന്നു. ഓർത്തഡോക്സ് മെത്രാന്മാർ എല്ലാവരും, പാത്രിയർക്കീസന്മാർ, സ്വന്തം പാത്രിയർക്കീസ്, ആർച്ചുബിഷപ്പ്, ബിഷപ്പ്, പുരോഹിത സമുദായം, ശെമ്മാശ്ശന്മാരുടെ സമൂഹം, അത്മായക്കാരുടെ കൂട്ടായ്മ മുഴുവൻ, രാജാ വ്, രാജകുടുംബം, വിശുദ്ധ കുർബാനയിൽ പ്രത്യേകം ഓർമ്മിക്കുവാൻ നൽകിയിട്ടുള്ള പേരുകൾ എന്നിവ ക്രമത്തിൽ ഓർമിക്കപ്പെടുന്നു. അന ന്തരം ദിവ്യബലിയിൽ സംബന്ധിക്കുന്ന ഈ മഹാവലിയ സമൂഹത്തെ വിസ്മരിക്കാൻ ജനങ്ങൾക്കോ ശെമ്മാശ്ശനോ പുരോഹിതനോ കഴിയു ന്നതല്ല. ലുത്തീനിയ എപ്പോഴും സമാപിക്കുന്നത്, സമസ്ത ക്രിസ്തുശ രീരത്തോടൊപ്പം നമ്മെത്തന്നെ ദൈവത്തിന് അനുസ്മരണാപൂർവ്വം സമർപ്പിച്ചുകൊണ്ടാണ്.

മറ്റു പൗരസ്ത്യാരാധനകളുടെ സ്വഭാവവും ഇതുതന്നെ. ഓരോ ആരാ ധനാക്രമത്തിൽനിന്നും ഇതുപോലെയുള്ള ഭാഗങ്ങൾ സമൃദ്ധമായി ഉദ്ധ രിക്കാനാവും. സകലത്തെയും, ഉൾപ്പെടുത്തുന്ന വിശാലതയോടെയാണ് ക്രിസ്തുശരീരത്തിന്റെ പരിധികൾ നിർണയിച്ചിരിക്കുന്നത്. ഉദാഹരണ മായി താഴെക്കൊടുക്കുന്ന പ്രാർത്ഥന സിറിയൻ കുർബാനയുടെ പ്രാരം ഭശുശ്രൂഷയിൽ നിന്നാണ്:

"ആദ്യമായി ഞങ്ങളുടെ പിതാവായ ആദാമിനെയും ഞങ്ങളുടെ മാതാ വായ ഹവ്വയേയും വി. ദൈവമാതാവായ മറിയാമിനെയും പ്രവാചകന്മാ രെയും അപ്പോസ്തലന്മാരെയും, സുവിശേഷകരെയും രക്തസാക്ഷിക ളെയും, സാക്ഷ്യം പറഞ്ഞിട്ടുള്ളവരെയും, നീതിമാന്മാരെയും, യഥാർത്ഥ ഇടയന്മാരെയും, യഥാർത്ഥ മഹത്വത്തിന്റെ (ഓർത്തഡോക്സ് വിശ്വാസ

ത്തിന്റെ) ഗുരുക്കന്മാരെയും ഏകാന്തവാസികളെയും സമൂഹജീവിക ളെയും ഞങ്ങളോടൊപ്പം പ്രാർത്ഥനയിൽ പങ്കുകൊള്ളുന്ന എല്ലാവരെയും 'ലോകാരംഭംമുതൽക്കെ ആദാമിന്റെയും ഹവ്വായുടെയും കാലം മുതൽക്കെ ദിനങ്ങളുടെ ദിനം വരെയും അവിടുത്തെ പ്രസാദിപ്പിച്ചിട്ടുള്ള വരെയും' ഞങ്ങൾ ഓർക്കുന്നു. ഞങ്ങളുടെ മാതാപിതാക്കന്മാരെയും സഹോദരന്മാരെയും സന്താനങ്ങളെയും ഞങ്ങളെ സത്യം പഠിപ്പിച്ചിട്ടുള്ള സകലരെയും ഞങ്ങളിൽനിന്നും അന്തരിച്ചിട്ടുള്ളവരെയും വിശ്വാസിക ളായ എല്ലാ മരിച്ചവരെയും വിശേഷിച്ചും ഞങ്ങളോട് രക്തബന്ധമുള്ളവ രെയും ഈ പള്ളിയുടെ സ്ഥാപനത്തിൽ സഹകരിച്ചിട്ടുള്ളവരും സഹക രിക്കുന്നവരുമായ സകലരെയും ഞങ്ങളുമായി വാക്കിലോ പ്രവൃത്തി യിലോ ചെറുതോ വലുതോ ആയ കാര്യങ്ങളിലോ ബന്ധപ്പെട്ടവരെയും പ്രത്യേകിച്ചും ആരുടെ അപേക്ഷപ്രകാരമാണോ ഈ ദിവ്യബലി അർപ്പി ക്കപ്പെടുന്നത് ആ ദാസനെയും (ദാസിയെയും) ഞങ്ങൾ ഓർക്കുന്നു."

അങ്ങനെ ആരാധനയിൽ അനേക പ്രാവശ്യം പുരോഹിതനാലും ശെമ്മാശ്ശനാലും ജനങ്ങളാലും അവർ സ്മരിക്കപ്പെടുന്നു.

ഈ അവസരങ്ങളിൽ വീശാറുള്ള ധൂപക്കുറ്റി ക്രിസ്തുവിന്റെ ആക മാനശരീരവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാ ണ്. പാരമ്പര്യപ്രകാരം ധൂപക്കുറ്റി സഭയെ മുഴുവൻ, സ്വർഗത്തിലും ഭൂമി യിലുമുള്ള ക്രിസ്തുവിന്റെ ശരീരത്തെ മുഴുവൻ, പ്രതിനിധാനം ചെയ്യു ന്നു. ഈ ലേഖകന്റെ സഭയിലെ മല്പാന്മാർ താഴെക്കാണുന്ന വിധത്തി ലുള്ള വ്യാഖ്യാനമാണ് ധൂപക്കുറ്റിക്കു നൽകുന്നത്:

ധൂപക്കുറ്റി ഭൂമിയെയും അതിന്റെ അടുപ്പ് ആകാശങ്ങളെയും പ്രതി നിധാനം ചെയ്യുന്നു. അതിലിട്ടിരിക്കുന്ന കരി പാപം നിറഞ്ഞ മനുഷ്യ സമുദായത്തിന്റെയും അതിലുള്ള തീ മനുഷ്യശരീരത്തിൽ അവതരിച്ച് അതിനെ സജീവമാക്കിയ ദൈവപുത്രന്റെയും പ്രതീകമാണ്. നാലു ചങ്ങ ലകൾ കാലത്തിലും സ്ഥലത്തിലുമുള്ള (ecumenicity) സാർവ്വലൗകിക തയെ കാണിക്കുന്നു. ചങ്ങലയിലെ ഓരോ കണ്ണിയും ഓരോ തലമുറ യ്ക്കു വേണ്ടി നിൽക്കുന്നു. ചങ്ങലകൾ നാലാണെന്നുള്ളത് ഭൂമിയുടെ നാല് വശങ്ങളെയും കാണിക്കുന്നു. നാലു ചങ്ങലകളിലായുള്ള പന്ത്രണ്ടു കിലുങ്ങുന്ന മണികൾ സഭയിൽ മുഴങ്ങുന്ന അപ്പോസ്തലികശബ്ദത്തെ അനുസ്മരിപ്പിക്കുന്നു. ധൂപം ദൈവസാന്നിദ്ധ്യത്തിൽ മധുരസൗരഭ്യമായി ഉയർന്നെത്തുന്ന വിശ്വാസികളുടെ ജീവിതവും പ്രാർത്ഥനയുമാകുന്നു. സുറിയാനി ആരാധനയിൽ ധൂപത്തിൽ കുന്തുരുക്കം വയ്ക്കുമ്പോൾ ഉച്ച രിക്കുന്ന നാല് ഈരടികൾ ഇതു സൂചിപ്പിക്കുന്നു.

കിഴക്കായി: ഈ പരിമളധൂപത്താൽ ദൈവമാതാവായ വി. മറിയം ഓർ മ്മിക്കപ്പെടട്ടെ.

പടിഞ്ഞാറായി: ഈ പരിമളധൂപത്താൽ പ്രവാചകന്മാരും അപ്പോസ്ത ലന്മാരും വിശുദ്ധരായ രക്തസാക്ഷികളും ഓർമ്മിക്കപ്പെടട്ടെ.

വടക്കായി: ഈ പരിമളധൂപത്താൽ ഗുരുക്കന്മാരും പുരോഹിതന്മാരും നീതിമാന്മാരും ഓർമ്മിക്കപ്പെടട്ടെ.

തെക്കായി: ഈ പരിമളധൂപത്താൽ വിശുദ്ധ സഭയും സഭയുടെ എല്ലാ സന്താനങ്ങളും ഓർമ്മിക്കപ്പെടട്ടെ.

ഓർത്തഡോക്സ് സഭയിൽ വിശ്വാസികൾ വിശുദ്ധരോടു പ്രാർത്ഥി ക്കുക മാത്രമല്ല വിശുദ്ധന്മാർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ജീവിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥന യിൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം നടത്താൻ വിശുദ്ധന്മാരോടുള്ള പ്രാർത്ഥന മാത്രമല്ല, അവരെ സമാശ്വസിപ്പിക്കണമെന്ന ദൈവത്തോടുള്ള പ്രാർത്ഥനയും അടങ്ങിയിരിക്കുന്നു. ഇത് സുറിയാനി ആരാധനാക്രമ ത്തിൽ സുവ്യക്തമാണ്. അന്തരിച്ചവർക്കായുള്ള മൂന്നു വകുപ്പ് പ്രാർത്ഥ നകളും (ഒന്നാമത്തേത് വി. മറിയത്തിനും അപ്പോസ്തലന്മാർക്കും പ്രവാ ചകർക്കും രക്തസാക്ഷികൾക്കും എല്ലാ വിശുദ്ധന്മാർക്കും വേണ്ടിയുള്ള ത്; രണ്ടാമത്തേത് വിശ്വാസം പാലിച്ചു നമുക്കു നൽകിയ സഭയുടെ എല്ലാ ഗുരുക്കന്മാർക്കും വേണ്ടിയുള്ളത്; മൂന്നാമത്തേത് വിശ്വാസികളായ മരി ച്ചവർക്കു വേണ്ടിയുള്ളത്) അവർക്കായുള്ള മദ്ധ്യസ്ഥപ്രാർത്ഥനകളാണ്. നമുക്കായി അവർ മദ്ധ്യസ്ഥപ്രാർത്ഥന നടത്തണമന്ന അപേക്ഷയും അവ യിൽ അടങ്ങിയിരിക്കുന്നു.

ആദ്യത്തെ രണ്ടു ഗ്രൂപ്പുകളിലും പ്രാർത്ഥനകൾ സമാപിക്കുന്നത് 'അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിപ്പാൻ നമ്മുടെ കർത്താവി നോടു പ്രാർത്ഥിക്കാം' എന്ന അർത്ഥനയുമായാണ്. അവസാനത്തേത് ഇങ്ങനെ സമാപിക്കുന്നു:

"അവരുടെ ആത്മാക്കളെയും അരൂപികളെയും തന്റെ അടുക്കലേക്ക് എടുത്തുകൊണ്ടവനായി നമ്മുടെ ദൈവമായ മിശിഹാ ധാരാളമായി തന്റെ അനുഗ്രഹങ്ങൾ മൂലം കടങ്ങളുടെ പരിഹാരത്തിനും പാപമോച നത്തിനും അവരെ യോഗ്യരാക്കുവാനും നമ്മെയും അവരെയും തന്റെ സ്വർഗരാജ്യത്തിൽ ചേർത്തുകൊള്ളുവാനുമായിട്ട് തന്നോടു നാം അപേ ക്ഷിച്ചു പ്രാർത്ഥിക്കാം."

ദിവ്യബലിക്കു ശേഷമുള്ള പ്രാർത്ഥനകളിൽ പുരോഹിതൻ ഇങ്ങനെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു:

"ഈ ദിവസം ഞങ്ങൾ അർപ്പിച്ചതായ ഈ വി. ബലിയിൽ ദൈവ മായ നാഥനും അവിടുത്തെ തെരഞ്ഞെടുക്കപ്പെട്ട മാലാഖമാരും പ്രസാ ദിക്കുമാറാകട്ടെ. അതിനാൽ അവിടുത്തെ വി. മാതാവിനും വിശുദ്ധ

ന്മാർക്കും വിശ്വാസികളായ മരിച്ചവർക്കും ശാന്തിയും അവരെക്കുറിച്ചു നല്ല സ്മരണയുമുണ്ടാവാൻ തിരുവുള്ളമുണ്ടാകണമെ."

പരസ്പരമുള്ള അനുസ്മരണയിലും മദ്ധ്യസ്ഥതയിലും ആവിഷ്കൃതമായ ക്രിസ്തുശരീരത്തിലെ ഈ പരസ്പരബന്ധം പാശ്ചാത്യാരാധന ക്രമങ്ങളിൽ അന്തർലീനമാണെങ്കിലും ഏറ്റം മതിയാംവിധം സുവ്യക്തമായി പ്രകാശിതമായിരിക്കുന്നത് പൗരസ്ത്യാരാധനക്രമങ്ങളിലാണ്. ഈ പശ്ചാത്തലത്തിൽ ഐക്കോണുകൾ നിർവഹിക്കുന്ന ധർമ്മത്തെപ്പറ്റി കൂടുതൽ വ്യക്തമായി നമുക്കു ഗ്രഹിക്കുവാൻ സാധിക്കുന്നു.

കാവ്യത്തിൽ ആവിഷ്കൃതമായിരിക്കുന്ന ഭക്തിയുടെ ആത്മാവ്

യുക്തിനിഷ്ഠവും കാര്യമാത്രപ്രസക്തവുമായ പാശ്ചാത്യ മനസ്സിനു ചില പൗരസ്ത്യാരാധനാ ഭാഗങ്ങൾ വേണ്ടതിലധികം കാവ്യാത്മകമാണെന്നു തോന്നാം. ഫാദർ സലാവിൽ പ്രസ്താവിക്കുന്നതുപോലെ അലങ്കാരങ്ങൾ പലതും കൃത്രിമങ്ങളാണ്. ആവർത്തനവും അലങ്കാരപ്പകിട്ടും എടുത്തുപറയത്തക്ക മറ്റു രണ്ടു ദോഷങ്ങളാണ്. എന്നാൽ പൗരസ്ത്യരുടെ ഹൃദയാന്തരത്തെ സ്പർശിക്കുന്നതിന് ഇതിനു മാത്രമേ കഴിയൂ. പാശ്ചാത്യാരാധനാസംഹിതയുടെ ബൗദ്ധികഗഹനതയും ക്ലിപ്തമായ സ്പഷ്ടതയും അവരെ ലേശവും ആകർഷിച്ചെന്നു വരില്ല. അവർക്കു താഴെക്കൊടുക്കുന്നവിധം സമ്പന്നവും ഭക്തിനിർഭരവുമായ ഭാഷയിൽക്കൂടിയുള്ള ആരാധന ആവശ്യമാകുന്നു.

'സ്വന്തം തിരുമേനിയെ ധാരാളമായി എനിക്കു ആഹാരമായി നല്കിയ എന്റെ സ്രഷ്ടാവേ, അയോഗ്യരെ ദഹിപ്പിക്കുന്ന അഗ്നിയായ അവിടുന്ന് എന്നെ ദഹിപ്പിച്ചുകളയരുതേ. അവിടുന്ന് എന്റെ അവയവങ്ങളിൽ, എന്റെ ഓരോ സന്ധിയിലും ഹൃദയത്തിലും സിരാകേന്ദ്രത്തിലും പ്രവേശിക്കണമേ. എന്റെ എല്ലാ അതിക്രമങ്ങളെയും മുള്ളുകളെയെന്നവിധം ദഹിപ്പിച്ചില്ലാതെയാക്കണമെ.

എന്റെ ആത്മാവിനെ അവിടുന്ന് ശുദ്ധീകരിക്കണമേ. എന്റെ ഭാവനയെ വിശുദ്ധമാക്കണമേ. എന്റെ സന്ധിബന്ധങ്ങളെയും അസ്ഥികളെയും ബലമായി ഉറപ്പിക്കണമേ. എന്റെ ശരീരത്തിന്റെ എല്ലാ ഇന്ദ്രിയങ്ങളിലും കയറി പ്രകാശിക്കണമേ. അവിടുത്തോടുള്ള ഭയംകൊണ്ട് എന്നെ പൂർണ്ണമായി ബന്ധിക്കണമേ. ആത്മാവിനെ മലിനമാക്കുന്ന വാക്കിൽനിന്നും പ്രവൃത്തിയിൽനിന്നും എന്നന്നേക്കും എന്നെ സൂക്ഷിക്കുകയും രക്ഷിക്കുകയും ചെയ്യണമേ.

എന്നെ ശുദ്ധീകരിച്ച് അലങ്കരിക്കണമേ, എന്നെ അവിടുന്ന് നേർവഴിക്ക് നടത്തേണമേ, എനിക്ക് ജ്ഞാനം നൽകണമേ. എന്നെ പ്രബുദ്ധ

നാക്കണമേ. ഞാൻ അവിടുത്തെ ആത്മാവിന്റെ ആവാസസ്ഥലമാണെന്നും യാതൊരുവിധത്തിലും പാപത്തിന്റെ ഇരിപ്പിടമല്ലെന്നും സ്ഥാപിക്കണമേ.

അവിടുത്തെ ഈ മന്ദിരത്തിൽനിന്നു ഞാനീ കൈക്കൊണ്ടിട്ടുള്ളതിന്റെ പ്രവേശത്തോടുകൂടി ദുഷിച്ച വികാരവും ദുഷ്കൃത്യവും തീയിൽനിന്നെന്നപോലെ പറന്നകലട്ടെ" (വി. കുർബാനയ്ക്കുശേഷമുള്ള വി. ശിമോൻെറ പ്രാർത്ഥന. സ്ലാവോണിക് ആരാധനാക്രമത്തിൽനിന്നും).

ദിവ്യബലിക്കു മുമ്പുള്ള പുരോഹിതന്റെ പ്രാർത്ഥനകൾ ഓർത്തഡോക്സ് പാരമ്പര്യത്തിൽ എപ്പോഴും ഭക്തിനിറഞ്ഞ വിനയത്തിന്റെ കണ്ണാടികളാണ്:

"സർവഹൃദയങ്ങളെയും അറിയുന്ന രക്ഷകാ, അവിടുത്തെ വിശുദ്ധരിൽ വിശ്രമിക്കുന്ന വിശുദ്ധി നിറഞ്ഞ പ്രഭോ, അവിടുന്ന് മാത്രം പാപരഹിതനും പാപപരിഹാരകനുമാകുന്നു. ഞാൻ അയോഗ്യനാണെന്നും വിശുദ്ധ ശുശ്രൂഷയ്ക്ക് ചേർന്നവനോ ഒരുക്കമുള്ളവനോ അല്ലെന്നും അവിടുത്തേയ്ക്ക് അറിവുള്ളതാണല്ലോ? അവിടുത്തെ വിശുദ്ധിയുള്ള മഹത്വത്തിനു മുമ്പാകെ എന്റെ മുഖം അടുപ്പിക്കാവുന്നതല്ല. എന്റെ അധരങ്ങൾ തുറക്കാൻ കഴിയുന്നതല്ല. എന്നാൽ അവിടുത്തെ കാരുണ്യത്തിന്റെ ബാഹുല്യത്തിൽ ഈ നാഴികയിൽ കരുണയും കൃപയും കണ്ടെത്തുവാൻ മഹാപാപിയായ എന്നെ അനുവദിക്കണമേ. ഉന്നതങ്ങളിൽ നിന്ന് അവിടുന്നു എന്നെ ബലപ്പെടുത്തുമാറാകണമേ."

അല്ലെങ്കിൽ അർമേനിയൻ ആരാധനാക്രമത്തിൽ പുരോഹിതൻ വേഷവിധാനമണിയുന്ന സമയത്തെ ഈ പ്രാർത്ഥന നോക്കുക:

"സ്വർഗീയ മണ്ഡലങ്ങളെ ഭാസുരപ്രഭകൊണ്ടും അപ്രാപ്യപ്രകാശമണവറയിലെ കോടാനുകോടി ആഗ്നേയാരൂപികൾകൊണ്ടും അലങ്കരിച്ചിരിക്കുന്ന അത്യഗാധവും അപ്രമേയവും അനാദ്യന്തവുമായ രഹസ്യമേ! രാജകീയ പ്രതിച്ഛായയിൽ അത്ഭുതാവഹമാംവിധം അവിടുന്ന് ആദാമിനെ സൃഷ്ടിച്ചു. ആനന്ദകേദാരമായ ഏദൻതോട്ടത്തിൽ കൃപയുടെ മഹത്വതേജസ്സുകൊണ്ട് അവിടുന്നവനെ വേഷവിധാനമണിയിച്ചു. .... അതിവിശുദ്ധമായ ആ മാളികമുറിയിൽവച്ച് അപ്പോസ്തലസമൂഹത്തിന്മേൽ അഗ്നിനാവുകളുടെ തീമാരി വർഷിച്ച അത്ഭുതപാനപാത്രമേ, പരിശുദ്ധാത്മാവേ, ഈ വസ്ത്രവിധാനത്തോടെ ഞങ്ങളുടെ മേലും ദിവ്യജ്ഞാനത്തെ കോരിച്ചൊരിയണമേ! മഹത്വ വസ്ത്രവിഭൂഷിതനായ അവിടുത്തെ ഭവനത്തിന്ന് വിശുദ്ധിയുടെ അലങ്കാരം അനുയോജ്യം തന്നെ. വിശുദ്ധിയുടെ മഹത്വതേജസ്സുകൊണ്ട് അവിടുന്നു അരപ്പട്ട കെട്ടിയിരിക്കുന്നു. സത്യത്തിന്റെ ശക്തികൊണ്ട് ഞങ്ങളേയും അരപ്പട്ട കെട്ടിയ്ക്കണമേ."

അല്ലെങ്കിൽ സ്ലാവോണിക്ക് കുർബാനയുടെ പ്രാരംഭശുശ്രൂഷയുടെ എട്ടാം ഗാനത്തിന്റെ ഈ ഭാഗം നോക്കുക: "അഗ്നിയെ കയ്യിലെടുത്ത ഞാനിതാ വിറയ്ക്കുന്നു! മെഴുകുപോലെ പുല്ലു പോലെ, ഞാൻ കത്തിപ്പോകരുതേ! അല്ലയോ ഭയാനക മഹാ മർമങ്ങളേ! അല്ലയോ, ദൈവിക കാരുണ്യമേ! എന്റെ ദുർബലത എങ്ങനെ അവിടുത്തെ തിരുശരീരരക്തങ്ങളെ കയ്യിലെടുക്കും? എങ്ങനെ ഞാൻ നാശരഹിതനായിത്തീരും!"

എളിമനിറഞ്ഞ ഭക്തിയും ദൈവത്തിന്റെ വർണനാതീതമായ മഹത്വസാന്നിദ്ധ്യബോധവും പ്രാർത്ഥനാവാക്യങ്ങളിൽ നിഴലിക്കുന്നുവെന്നു വിശദമാക്കാൻ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും എടുത്തു കാണിക്കാം. വാക്കുകൾക്കും രൂപങ്ങൾക്കും ഈ ഭക്തിയെയും ബോദ്ധ്യത്തെയും എപ്പോഴും ആവിഷ്ക്കരിക്കാൻ സാധിച്ചെന്നു വരില്ല. ഭക്തിയും സാന്നിദ്ധ്യബോധവും നഷ്ടപ്പെട്ടാൽ പൗരസ്ത്യാരാധന നിർജ്ജീവമാകും, കേവലം ചടങ്ങായിത്തീരുകയും ചെയ്യും.

പൗരസ്ത്യസഭയുടെ ഗീതസമുച്ചയത്തിനും ഇതേ സവിശേഷത കാണാം. ഗീതങ്ങൾ ഒന്നുകിൽ രക്ഷാകരമായ സംഭവങ്ങളുടെ വിവരണമാണ്. അല്ലെങ്കിൽ വിശുദ്ധന്മാരെ അനുസ്മരിപ്പിക്കുന്നവയാണ്. പത്തൊമ്പതാം ശതകത്തിലെ പ്രോട്ടസ്റ്റന്റ് ഗീതസമുച്ചയം ചെയ്യുന്നതു പോലെ ഇവയൊന്നും വ്യക്തിയുടെ വികാരങ്ങളെ ആവിഷ്കരിക്കുന്നതേ ഇല്ല.

വേദപുസ്തകഭാഗങ്ങളിൽ സമ്പന്നമായ ആരാധന

പൂർവദേശങ്ങളിൽ സഭയുടെ ജീവിതകേന്ദ്രത്തിൽ വേദപുസ്തകത്തിനുണ്ടാവേണ്ട സ്ഥാനം ആരാധന ഏറ്റെടുക്കുന്നുവെന്ന ആരോപണത്തെ നേരിടേണ്ടതായുണ്ട്. പൗരസ്ത്യചിന്താഗതിയിൽ വേദപുസ്തകവും ആരാധനയും രണ്ടല്ല, രണ്ടും അഭേദ്യമാണ്.

വാസ്തവത്തിൽ ആധുനിക വേദപുസ്തകപണ്ഡിതന്മാരുടെ നിഗമനം പഴയനിയമവും പുതിയനിയമവും ഉണ്ടായതുതന്നെ ആരാധനയുടെ പശ്ചാത്തലത്തിൽ നിന്നാണെന്നാണ്. ഭക്തനായ യെഹൂദന്റെ ആരാധനയിൽ പഴയനിയമ ഭാഗങ്ങൾ മുറ്റിനിൽക്കുന്നുണ്ട്. യഹൂദമതത്തിൽ നിന്നു ക്രിസ്തുമതം സ്വീകരിച്ചവർക്ക് പ്രാർത്ഥിക്കുക അല്ലെങ്കിൽ സുവിശേഷം ഘോഷിക്കുകയെന്നാൽ വേദപുസ്തകത്തിലെ വാക്കുകൾ ഉപയോഗിക്കുകയെന്നായിരുന്നു അർത്ഥം.

ആരാധനാക്രമങ്ങളിലെ പ്രാർത്ഥനകൾ രചിച്ച ആദിമ പൗരസ്ത്യ പിതാക്കന്മാർ പഴയനിയത്തിലും പുതിയനിയമത്തിലും അവഗാഹം നേടിയവരായിരുന്നു. പ്രസക്തമായ വേദപുസ്തകഭാഗങ്ങളെല്ലാംതന്നെ വർഷമടക്കമുള്ള പ്രാർത്ഥനാക്രമത്തിൽ ഉൾക്കൊള്ളിക്കുവാൻ അവർക്കു കഴി

ഞ്ഞിരുന്നു. അതിനാൽ വർഷംതോറുമുള്ള ആരാധനാ ചക്രത്തിൽക്കൂടി ധ്യാനം നടത്തിയ വിശ്വാസിയുടെ ഹൃദയത്തിൽ വേദപുസ്തകഭാഗങ്ങൾ അനായാസേന തറഞ്ഞിറങ്ങുമായിരുന്നു. ബോധപൂർവമായ ബോധനത്തിനുപോലും ഇത്ര രൂഢമൂലമായി വേദപുസ്തക ജ്ഞാനത്തെ വിശ്വാസിയുടെ ഹൃദയത്തിൽ വളർത്തുവാൻ കഴിയുമായിരുന്നില്ല.

കാവ്യരൂപങ്ങളും ഭക്തിനിർഭരവും അഗാധവുമായ വേദശാസ്ത്രവും തമ്മിലുള്ള ഗാഢമായ സംയോജനം, പ്രാർത്ഥനയിൽ സമസ്ത മനുഷ്യരാശിയിലുമുള്ള ഹൃദയംഗമമായ താൽപര്യം, പശ്ചാത്താപനിർഭരമായ താഴ്മയോടു ചേർന്ന കൃതജ്ഞതാപ്രകടനത്തിന്റെ ആഹ്ലാദം, ഇവയാണ് പൗരസ്ത്യാരാധനക്രമങ്ങൾക്കു വിശിഷ്ടത സമ്മാനിക്കുന്ന ഘടകങ്ങൾ.

എന്നാൽ ആരാധനാക്രമങ്ങൾ രചിച്ചവർക്കു വേദപുസ്തകജ്ഞാനമില്ലാതിരുന്നെങ്കിൽ നില ഇതാകുമായിരുന്നില്ല. വേദപുസ്തകഭാഗം ഒഴിവാക്കിയ ആരാധന പ്രാർത്ഥനയ്ക്ക് അപര്യാപ്തമാകുമായിരുന്നു.

പണ്ഡിതരായ പൗരസ്ത്യാരാധനാരചയിതാക്കൾക്ക് ആരാധകസമൂഹത്തിലുള്ള അഭിജ്ഞരുടെ താല്പര്യങ്ങൾ പരിപാലിച്ചുകൊണ്ടു തന്നെ അനഭിജ്ഞരിലേക്കു വേദപുസ്തകസത്ത പകർന്നുകൊടുക്കാൻ സാധിച്ചുവെന്നതു വലിയ ഒരു നേട്ടമാണ്. അച്ചടി നാട്ടിൽ നടപ്പായ കാലം മുതൽക്കേ മലയാളത്തിലുള്ള വി. വേദഗ്രന്ഥം ഈ ലേഖകന്റെ ഭവനത്തിലുണ്ടായിരുന്നു. എന്നാൽ ഗ്രന്ഥപഠനം കൊണ്ടെന്നതിനേക്കാൾ ആരാധനയിൽക്കൂടിയാണ് ഈ ലേഖകന് ബൈബിൾ പഠിക്കുവാൻ സാധിച്ചിട്ടുള്ളത്.

ആരാധകന് ലഭിക്കുന്ന ബൈബിൾജ്ഞാനം, സുശിക്ഷിതവും വിമർശനത്താൽ ദീപ്തവുമായ ബൈബിൾ പഠനത്തിൽക്കൂടി ആർജ്ജിക്കുന്ന ബൈബിൾജ്ഞാനം പോലെ ക്ലിപ്തമോ, പ്രബുദ്ധമോ, നിയതമോ ആണെന്നുവരില്ല. എന്നാൽ ബൈബിൾ ക്ലാസ്സുകളിൽ ക്രമമായി സംബന്ധിക്കുന്നവരുടെ അറിവുകുറവിന്റെ അളവുനോക്കിയാൽ ബോധപൂർവ്വകമായ ബോധനമാണ് കൂടുതൽ ഫലപ്രദമെന്ന അവകാശവാദത്തെ ചോദ്യംചെയ്യാതിരിക്കാൻ തരമില്ല. ഒരുപക്ഷേ, കേവലം ബോധപൂർവകമായ അഭ്യസനത്തിനു സാധിക്കാവുന്നതിനേക്കാൾ വളരെ കൂടുതലായി ബോധത്തിന്റെ അഗാധതലത്തിൽ വേദപുസ്തക സത്യത്തെ ആഞ്ഞു തറപ്പിക്കുന്നതിന് സഹായകമായിട്ടുള്ളത് ആരാധന മുഖേന മനസ്സിനെ പാകപ്പെടുത്തിയതിനുശേഷം നടത്തുന്ന ബോധനമായിരിക്കും.

ആരാധനയിൽ വേദപുസ്തകഭാഗം എത്രമാത്രം ആഴ്ന്നിരിക്കുന്നുവെന്ന് താഴെക്കൊടുക്കുന്ന പെന്തിക്കോസ്തുദിവസത്തിലെ സെദറാ വ്യക്തമാക്കുന്നു:

“ഞങ്ങളുടെ ദൈവമായ ക്രിസ്തുവേ, ഞങ്ങളുടെ മനസ്സുകളെ പ്രകാശിപ്പിക്കുന്ന പ്രകാശമേ, പിതാവിനോടും വിശുദ്ധ റൂഹായോടുംകൂടി എന്നേക്കും അനുഗ്രഹിക്കപ്പെട്ടവനും സ്വർഗീയ വൃന്ദങ്ങളാൽ വിശുദ്ധനാക്കപ്പെടുന്നവനുമായ തമ്പുരാനെ, സ്വന്തം തിരുവിഷ്ടത്താൽ അവിടുന്നു ഭൂമിയിലേക്കിറങ്ങിവന്ന്, അവിടുന്ന് ഞങ്ങളിലൊരാളായിത്തീർന്നു. ഞങ്ങളുടെ രക്ഷയ്ക്കാവശ്യമായ ജനനം, മാമ്മോദീസാ, ക്രൂശാരോഹണം എന്നിവ നിറവേറ്റുന്നതിനായി വിശുദ്ധ കന്യകയിൽ നിന്നു ജനിക്കുവാൻ അവിടുത്തേക്കു തിരുമനസ്സായി.

പിതാവിങ്കലേക്കു തിരിച്ച് ആരോഹണം ചെയ്യാൻ തിരുമനസ്സായപ്പോൾ അവിടുന്ന് ഒലിവുമലയിൽ സ്വന്തം അപ്പോസ്തലന്മാരെ വിളിച്ചുകൂട്ടി അവരുടെ മേൽ വിശുദ്ധമായ അവിടുത്തെ തൃക്കൈകൾ വിരിച്ച്, അവരെ അനുഗ്രഹിച്ചു. അവർക്കു പൗരോഹിത്യത്തിന്റെ നൽവരം സമൃദ്ധിയായി നൽകി. അവിടുന്നു അവരിൽ പരിശുദ്ധാത്മാവിനെ അയച്ചു. അവരോട് അരുളിച്ചെയ്തു: ‘പിതാവിൽനിന്നു നിങ്ങളിലേക്കു ഞാൻ വിശുദ്ധ റൂഹായെ അയയ്ക്കുന്നതുവരെയും നിങ്ങൾ ജെറുസലേമിൽ തന്നെ താമസിക്കുക. പരിശുദ്ധാത്മാവു നിങ്ങളെ പ്രബുദ്ധരാക്കും. അവിടുത്തെ സമൃദ്ധമായ നൽവരത്താൽ നിങ്ങൾക്കു ജ്ഞാനം നൽകും. ഞാൻ പോകുന്നില്ലെങ്കിൽ പരിശുദ്ധ റൂഹാ നിങ്ങളിലേക്കു വരുന്നതല്ല’ എന്നിങ്ങനെ.

അങ്ങനെ അവിടുന്ന് തന്റെ അപ്പസ്തോലന്മാരെ ഏർപ്പെടുത്തിയശേഷം വിജയപൂർവം സ്വർഗത്തിലേക്ക് ആരോഹണം ചെയ്തു. അവിടുത്തെ പിതാവിന്റെ വലത്തുഭാഗത്തുള്ള സിംഹാസനത്തിൽ മഹത്വത്തോടെ ഇരുന്നു. പെന്തിക്കോസ്തുദിവസം പെട്ടെന്ന് പരിശുദ്ധാത്മാവ് അവരുടെ മേൽ ഇറങ്ങിവന്നു. അവരിൽ സ്വർഗീയമായ നൽവരം പകർന്നു. അവരിൽ ദൈവികജ്ഞാനം ചൊരിഞ്ഞു. സ്വർഗീയജ്ഞാനം കൊണ്ട് അവരെ പ്രബുദ്ധരാക്കി. എല്ലാ രാജ്യങ്ങളിലെയും ഭാഷകൾ അവരെ പഠിപ്പിച്ചു. അറിവില്ലാത്തവർ അറിവു പകർന്നു വിശുദ്ധവും സ്വർഗീയവുമായ രഹസ്യങ്ങളെ നിറവേറ്റുന്നതു കണ്ട് പകയുള്ള യൂദർ ഇന്ന് അത്ഭുതസ്മിതരായിത്തീർന്നു. ഇന്ന് വിശുദ്ധ അപ്പസ്തോലന്മാർ വിശുദ്ധവും ജീവദായകവുമായ വിശുദ്ധ റൂഹായുടെ ദാനങ്ങളാൽ ദൈവത്തിന്റെ പുതിയ വീഞ്ഞു പാനം ചെയ്തു. ഇന്ന് നമ്മുടെ നാഥന്റെ വാഗ്ദാനം നിറവേറിയതിനാൽ ശിമോൻ പത്രോസ് ആഹ്ലാദവിവശനായി. അന്ത്രയോസും സെബദിയുടെ മക്കളും മറ്റു വിശുദ്ധ അപ്പസ്തോലന്മാരും അത്യധികം ആനന്ദത്തോടും ആഹ്ലാദത്തോടും നിന്നു. ഇന്ന് മാളികമുറി വിശുദ്ധാത്മാവ് അവിടേക്കു ഇറങ്ങിവന്നതുമൂലം രണ്ടാമതൊരു ബാബേലായി. ആദ്യത്തെ പ്രാവശ്യമെന്നപോലെ ഭാഷകളുടെ വിഭ്രാന്തിയാകുന്ന ശിക്ഷ നൽകികൊണ്ടല്ല; പിന്നെയോ അപ്പസ്തോലന്മാരെ പരിശുദ്ധാത്മാവിന്റെ

ശാന്തിയാൽ, കൃപയുടെ പ്രകാശത്താൽ പ്രകാശിതരും സത്യത്തെ വിളംബരം ചെയ്യാനുള്ള വിജ്ഞാനത്താൽ ധന്യരാക്കിയുമത്രേ.

സ്വന്തം സുഹൃത്തുക്കളായിരുന്ന വിശുദ്ധ അപ്പസ്തോലന്മാർ സ്വർഗീയ രഹസ്യങ്ങളുടെ ദൈവികപ്രകാശത്താൽ ആത്മാവിലും മനസ്സിലും പ്രബുദ്ധരാക്കപ്പെടുന്നതായും അവർക്കു രൂപാന്തരം ഭവിക്കുന്നതായും കണ്ട് ഇന്ന് യൂദാ സ്കറിയോത്താ ലജ്ജിതനായിത്തീർന്നു.

ഇപ്പോൾ രക്ഷകാ, അവിടുത്തോടു ഞങ്ങൾ വാച്യാതീതമായ സ്നേഹത്താൽ അപേക്ഷിക്കുന്നു. പെന്തിക്കോസ്തു ദിവസമായ ഇന്ന് ഞങ്ങളുടെ മേൽ അവിടുത്തെ ജീവദായകവും വിശുദ്ധവുമായ കൃപ വർഷിക്കണമേയെന്ന്. അങ്ങനെ ഞങ്ങളുടെ പാപങ്ങളുടെ മുള്ളുകളെല്ലാം ഛേദിക്കപ്പെടട്ടെ. ഞങ്ങൾക്ക് അവിടുത്തെ വിശുദ്ധ റൂഹായുടെ സൽഫലങ്ങളായ വിശ്വാസസമൃദ്ധിയും പ്രത്യാശയും നിസർഗസ്നേഹവും സമർപ്പിക്കാൻ സാധിക്കുമാറാകട്ടെ. അവിടുത്തെ വിശുദ്ധ സഭയുടെ മേലും അവിടുത്തെ ശാന്തിയും കരുണയും ചൊരിയണമേ. രോഗികളെയും ദുഃഖിതരെയും, പാപികളും ബലഹീനരുമായ ഞങ്ങൾ പ്രാർത്ഥനകളിൽ ഓർക്കണമേയെന്ന് ഞങ്ങളോട് അപേക്ഷിച്ചിട്ടുള്ളവരെയും അവിടുന്ന് കാരുണ്യത്തോടെ തൃക്കൺപാർക്കേണമേ. മനുഷ്യസമുദായത്തോടുള്ള അവിടുത്തെ സ്നേഹത്താൽ ഞങ്ങളുടെ പിതാക്കന്മാർക്കും സഹോദരന്മാർക്കും നേതാക്കന്മാർക്കും വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവർക്കും ശാന്തി അരുളേണമേ. അങ്ങനെ അവരും ഞങ്ങളും ഒരേ സ്വരത്തിൽ അവിടുത്തേക്ക് അവിടുത്തെ പിതാവിനോടും വിശുദ്ധറൂഹായോടും കൂടി മഹത്വവും ബഹുമതിയും ഇന്നുമെന്നേക്കും സമർപ്പിക്കാൻ കഴിയുമാറാകണമേ."

ഇവിടെയും ആരാധനാക്രമങ്ങളിലെ ഇതര ഭാഗങ്ങളിലും കാണുന്നത് തിരുവെഴുത്തുകൾ മുറ്റിനിൽക്കുന്ന മനസ്സിന്റെ സ്വതന്ത്രരചനകളാണ്. വേദപുസ്തകവാക്യങ്ങൾ ഒരു പഠിതാവിന്റെ വിശ്വസ്തതയോടെ അക്ഷരംപ്രതി വരവണ്ണം വ്യതിചലിക്കാതെ ഹൃദിസ്ഥമാക്കുന്നവർക്ക് ഇങ്ങനെയുള്ള ആരാധനകൾ രചിക്കാൻ സാദ്ധ്യമായെന്നുവരില്ല. വേദപുസ്തകലേഖകർ തന്നെയും വിശുദ്ധ ഗ്രന്ഥങ്ങൾ രചിക്കുന്നതിൽ വേണ്ടത്ര സ്വാതന്ത്ര്യം പ്രയോഗിച്ചിട്ടുണ്ടെന്നത് വിസ്മരിച്ചുകൂടാ. ആരാധനക്രമങ്ങളുടെ നിർമിതിയിൽ ഇങ്ങനെയുള്ള സ്വാതന്ത്ര്യം ഇന്നും രചയിതാക്കളെടുത്തു പോരുന്നു. എക്കാലവും വിശുദ്ധ ഗ്രന്ഥം സഭയെ നയിക്കുകയും പോഷിപ്പിക്കുകയും ചെയ്തുപോന്നിട്ടുണ്ട്. എങ്കിലും അതിനാലാണ് സഭ നിയന്ത്രിക്കപ്പെടുന്നതെന്ന തോന്നൽ ആദികാലങ്ങളിൽ അശേഷവുമുണ്ടായിരുന്നതായി തോന്നുന്നില്ല. മാത്രമല്ല സഭയുടെ ചില സുവർണഘട്ടങ്ങളിൽ വിരചിതമായ ചില ആരാധനാക്രമങ്ങൾക്കു സവിശേഷമേ

ന്മയുണ്ടായിരുന്നെന്നും കാണാം. അവ വിശുദ്ധ ഗ്രന്ഥത്തോട് തികഞ്ഞ വിശ്വസ്തത പാലിക്കുന്നുണ്ട്. എന്നാൽ അവയിൽകൂടി ദൈവത്തിന് മനുഷ്യസമുദായത്തോടുള്ള സ്നേഹത്തിന്റെ മഹാരഹസ്യത്തെ അത്ഭുതാതിരേകത്തോടെ ആവിഷ്കരിക്കുന്നതിൽ സഭ വിശുദ്ധ ഗ്രന്ഥത്തെത്തന്നെയും പിന്നിലാക്കിയിട്ടുള്ളതായി കാണാം.

പാഠം 5

മതമോ ശാസ്ത്രമോ കൂടുതൽ വിശ്വസനീയം?

ഈ അടുത്ത കാലം വരെ ശാസ്ത്രസത്യങ്ങളുടെ വിശ്വാസ്യതയെക്കുറിച്ച് ആർക്കും വലിയ സംശയമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ മതവിശ്വാസങ്ങൾ സത്യമോ എന്ന് ശാസ്ത്രത്തിന്റെ ഉരകല്ലിൽ പരിശോധിച്ച് നോക്കിയതിന് ശേഷമേ തീരുമാനിക്കാറുണ്ടായിരുന്നുള്ളു.

ശാസ്ത്രത്തിന്റെ ജ്ഞാനസമ്പാദനമാർഗ്ഗം നിശ്ചിതിയിലേക്ക് നയിക്കുന്നതാണ്; മതമാകട്ടെ അനുമാനം എന്നല്ലാതെ നിശ്ചിതിയുള്ളതല്ല എന്നൊക്കെയാണല്ലോ ഇന്നും പല മതനേതാക്കൾ പോലും ചിന്തിക്കുന്നത്. മതോപദേശങ്ങളിൽ ധാർമ്മികതയെക്കുറിച്ചുള്ളതൊക്കെ കൊള്ളാമെങ്കിൽ സ്വീകരിക്കാം; ഡോഗ്മയെക്കുറിച്ചുള്ളതാണെങ്കിൽ അതിനെപ്പറ്റി അധികം ചിന്തിക്കാതിരിക്കുകയാണ് നല്ലത് എന്ന ചിന്ത പ്രൊട്ടസ്റ്റന്റ് മതത്തിൽ മാത്രമല്ല റോമൻ കത്തോലിക്കാ വേദശാസ്ത്രത്തിലും ഇന്ന് കടന്നുകൂടിയിട്ടുണ്ട്.

ഒരുവിധത്തിൽ പറഞ്ഞാൽ പാശ്ചാത്യ സംസ്ക്കാരത്തിന്റെ അടിസ്ഥാനം തന്നെ, മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്ക് ഗോചരമാവുകയും മനുഷ്യന് നിയന്ത്രിക്കുകയും അനുഭവവുമായി ഒത്തുനോക്കി സത്യമാണെന്ന് തെളിയിക്കുകയും ചെയ്യാനൊക്കുന്ന സത്യങ്ങളെ മാത്രം വിശ്വസിക്കുകയെന്ന തത്വത്തിലാണ്. മനുഷ്യനറിയാൻ സാധിക്കുന്നത്, സയൻസ്. മനുഷ്യന് നിയന്ത്രിക്കാൻ സാധിക്കുന്നത് ടെക്നോളജി. മനുഷ്യന്റെ കയ്യിലൊതുങ്ങാത്ത ശാസ്ത്രവും സാങ്കേതികതയും നിഷിദ്ധം. ഇങ്ങനെയാണ് ആധുനിക സംസ്ക്കാരത്തിന്റെ മനോമണ്ഡലം. ഇന്ന് സ്ഥിതിക്കൊരു വ്യത്യാസം വന്നുകൊണ്ടിരിക്കുകയാണ്.

ഒന്നാമത്, ആധുനിക ശാസ്ത്രവും ആധുനിക സാങ്കേതികതയും കൂടി കരുപ്പിടിപ്പിച്ച ഈ പാശ്ചാത്യ സംസ്ക്കാരം മനുഷ്യ ദുരിതത്തെ ദുരീകരിക്കുന്ന മാലാഖയാണെന്ന് ഒരിക്കൽ ചിന്തിച്ചിരുന്നെങ്കിലും മനുഷ്യ

രാശിയെ മുഴുവൻ നശിപ്പിക്കുവാൻ കഴിവുള്ള ഒരു മഹാരാക്ഷസനായി ചിലപ്പോഴൊക്കെ വേഷം മാറുന്നു എന്നുള്ളത് ഇന്ന് സാങ്കേതിക ദാർശനികന്മാരെയും ശാസ്ത്രജ്ഞന്മാരെയും വളരെ വിഷമിപ്പിക്കുന്നുണ്ട്. പരമിതങ്ങളായ വിഭവങ്ങളും ഉല്പന്നങ്ങളും മാത്രമുള്ള ഒരു സ്ഥലനൗക (Spatial earth) യായ ഈ ഭൂമിയിൽ നമ്മുടെ അത്യാഗ്രഹത്തെയും ആർത്തിയെയും മുഴുവൻ പൂരിപ്പിക്കുവാൻ വേണ്ടിയുള്ള അപരിമിത സാദ്ധ്യതകളൊന്നുമില്ല. ഭൂമിയെ ബഹുമാനിക്കാതെ അതിനെ നമ്മുടെ സാങ്കേതികത കൊണ്ട് നിർദ്ദാക്ഷിണ്യം ചൂഷണം ചെയ്യാൻ ശ്രമിച്ചാൽ അത് തിരിഞ്ഞ് നമ്മെ നശിപ്പിക്കും എന്ന് ഓരോ ദിവസം ചെല്ലുന്തോറും കൂടുതൽ കൂടുതൽ വ്യക്തമായി വരികയാണ്. സാങ്കേതികത വളരുന്നതോടെ വായുവും വെള്ളവും പോലും വിഷമലീമസമാകും. മത്സ്യം ഭക്ഷിച്ചാൽ രോഗം വരും, മാംസഭക്ഷണം അധികമായാൽ ആരോഗ്യം നശിക്കും, കാറുകൾ കൂടുതലായാലും പട്ടണങ്ങളിലെ വഴികളിൽ കുട്ടികൾ ബോധം കെട്ടുവീഴും. ഫാക്ടറികളിൽ നിന്ന് പുറന്തള്ളുന്ന വിഷദ്രാവകങ്ങൾ നദികളെയും തടാകങ്ങളെയും മനുഷ്യനും മത്സ്യത്തിനും എതിരെയുള്ള മാരകായുധങ്ങളാക്കുന്നു. പാചകശാലകളിൽ നിന്നും കുളിമുറികളിൽ നിന്നും ഒഴുകിപ്പോകുന്ന അഴുക്കുകൊണ്ട് തടാകങ്ങളും സമുദ്രങ്ങളും പോലും ജലജീവികൾക്ക് മാരകങ്ങളായിത്തീരുന്നു.

പെട്രോൾ ആവശ്യത്തിനില്ല. ചെമ്പും ഈയവും ഇരുമ്പുമൊക്കെ ഇല്ലാതായിത്തീരാൻ അധികം കാലം വേണ്ട. മരുഭൂമി വികസിക്കുന്നു. കാലാവസ്ഥ മാറുന്നു. ഉത്തരധ്രുവത്തിൽ മഞ്ഞുരുകുന്നു. ശാസ്ത്രത്തിനെക്കൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനൊക്കില്ലെന്ന് മാത്രമല്ല, ശാസ്ത്രവും സാങ്കേതികതയും കൂടെയാണ് ഈ പ്രശ്നങ്ങളൊക്കെ സൃഷ്ടിച്ചതെന്ന് തോന്നുന്നു. അങ്ങിനെയാണെങ്കിൽ ശാസ്ത്രത്തിന്റെയും സാങ്കേതികതയുടെയും പദവി അല്പമൊന്നിടിയുന്നതിൽ അത്ഭുതത്തിനവകാശമൊന്നുമില്ലല്ലോ.

രണ്ടാമത്, ശാസ്ത്രീയവിജ്ഞാനം പൂർണ്ണമായും വസ്തുനിഷ്ഠമാണെന്നുള്ള ചിന്തയ്ക്ക് ഉലച്ചിൽ തട്ടിയിരിക്കുന്നു. നമ്മുടെ അറിവിന്റെ പരിമിതി നമുക്ക് അറിയാനുള്ള കഴിവിനെ ആശ്രയിച്ചാണിരിക്കുന്നതെന്നുള്ളത് പണ്ടേ അറിയാവുന്ന കാര്യമാണ്. ഇന്ന് പുതുതായി ബോദ്ധ്യമായിരിക്കുന്ന കാര്യം അറിയാനുള്ള ഉദ്യമം കൊണ്ട് തന്നെ അറിയപ്പെടുന്ന വസ്തുവിന്റെ പെരുമാറ്റത്തിൽ വ്യത്യാസം വരുന്നുയെന്നുള്ളതാണ്. ഹൈസൻബർഗിന്റെ അനിശ്ചിതി വാദത്തിന് (Uncertainty Principle) ഇന്ന് അനുഭവാധിഷ്ഠിതമായ തെളിവുണ്ടായിരിക്കുന്നു. വസ്തുവിലെ അതിസൂക്ഷ്മ വിഭാഗങ്ങളുടെ (Particles) പെരുമാറ്റം നിരീക്ഷകന്റെ സാന്നിദ്ധ്യത്തിലുള്ളതും നിരീക്ഷകന്റെ അസാന്നിദ്ധ്യത്തിലുള്ളതും തമ്മിൽ

വലിയ ഒരു അന്തരം കാണുന്നു. അങ്ങിനെയെങ്കിൽ നമ്മുടെ സാങ്കേതിക ശാസ്ത്രീയവിജ്ഞാനം അത്രതന്നെ കർത്തൃനിരപേക്ഷം (Non Subjective) അല്ലെന്ന് വ്യക്തമാകുന്നു. ജ്ഞാനിയും ജ്ഞേയവും തമ്മിലുള്ള ഒരു പ്രത്യേക രീതിയിലുള്ള ബന്ധമെന്ന് മാത്രമേ ശാസ്ത്രവിജ്ഞാനത്തിനിന്ന് അഭിമാനിക്കാൻ സാധിക്കുകയുള്ളു. അല്ലാതെ ശാസ്ത്രസത്യമാണ് പരമസത്യമെന്ന് അറിവുള്ള ശാസ്ത്രജ്ഞന്മാരാരും ഇന്ന് പറയുകയില്ല.

മൂന്നാമത്, സാധാരണ വീക്ഷണകോണത്തിൽ നിന്നുള്ള ദർശനത്തിലും ശാസ്ത്രത്തിന്റെ മണ്ഡലത്തിലും കാണുന്ന സ്ഥലകാല പ്രതീതികൾ, നമ്മുടെ മസ്തിഷ്കത്തിന്റെ ഒരു പ്രത്യേക രാസവ്യവസ്ഥിതിയെ (A Special Chemical Composition of our brain tissue) ആശ്രയിച്ചാണിരിക്കുന്നതെന്ന് ഇന്ന് തെളിവായിരിക്കുന്നു. മസ്തിഷ്ക്കത്തിന്റെ രാസവ്യവസ്ഥിതിയിൽ രാസതന്ത്രീയമായ വ്യതിയാനങ്ങൾ വരുന്നതോടെ സാധാരണ സ്ഥലകാലങ്ങൾ ഏറെക്കുറെ തിരോധാനം ചെയ്തിട്ട്, ശാസ്ത്രനിയമങ്ങൾക്ക് വിധേയമല്ലാത്ത സ്ഥലകാലങ്ങൾ മനുഷ്യദർശന വലയത്തിൽ വരുന്നു LSD അല്ലെങ്കിൽ അതിനോട് ബന്ധമുള്ള ചില മെക്സിക്കൻ സസ്യങ്ങൾ, ഇവയുപയോഗിച്ച് മസ്തിഷ്ക്കത്തിൽ രാസതന്ത്രപരമായ വ്യതിയാനങ്ങൾ വരുത്തിയതോടെ അനുഭവവേദ്യമാകുന്ന നവലോകം അതിന്റേതായ വ്യത്യസ്ത നിയമങ്ങളുള്ളതാണ്. ഈ നിയമങ്ങൾ നമുക്ക് മുഴുവൻ മനസ്സിലായിട്ടില്ല. അൻഡസ് ഹക്സിലി, കാർലോസ് കാസ്റ്റനേഡ, ഡോ. ജീൻ ലില്ലി മുതലായ പണ്ഡിതന്മാർ ഈ വ്യത്യസ്ത ലോകത്തിന്റെ ശാസ്ത്രീയ വിവരണങ്ങൾ നമുക്ക് നല്കുന്നുണ്ട്. ഈ തെളിവിനെക്കൂടി കണക്കിലെടുക്കുന്നപക്ഷം ഇന്നത്തെ ശാസ്ത്രവിജ്ഞാനീയത്തിന്റെ കെട്ടുപാടുകൾ അടിമുതൽ മുടിവരെ മാറ്റേണ്ടി വരും.

മനുഷ്യമനസ്സിനകത്തുള്ളവയും ബാഹ്യലോകത്തിലുള്ളവയും തമ്മിലുള്ള വ്യത്യസ്ഥതാവിവേചനം തന്നെ സാദ്ധ്യമല്ലെന്നാണ് വരുന്നത്. മനസ്സിന്റെ വ്യവസ്ഥിതി മാറുന്നതോടെ ബാഹ്യ ലോകത്തിന്റെ വ്യവസ്ഥിതിയും മാറുന്നുണ്ടെങ്കിൽ ബാഹ്യലോകത്തെക്കുറിച്ച് ആർക്കെങ്കിലും - എന്തെങ്കിലും - സമയത്തുള്ള ദർശനം ആ ആൾക്ക് ആ സമയത്തുള്ള മസ്തിഷ്ക വ്യവസ്ഥിതിയെക്കൂടെ ആശ്രയിച്ചിരിക്കുന്നെന്ന് സ്പഷ്ടമാകുന്നു. ഇങ്ങനെയെങ്കിൽ ഒരു കർത്തൃനിരപേക്ഷജ്ഞാന (Objective knowledge) ത്തെക്കുറിച്ച് അവകാശവാദം പുറപ്പെടുവിക്കാൻ ശാസ്ത്രത്തിന് സാദ്ധ്യമല്ല.

മാത്രമല്ല ശാസ്ത്രരീത്യാ ലഭ്യമാകുന്ന ജ്ഞാനം മനുഷ്യ മസ്തിഷ്ക്ക

ത്തിന്റെ ഒരു പ്രത്യേക വ്യവസ്ഥിതികൊണ്ട് വാർത്തെടുക്കുന്ന ഒരു പ്രത്യേക ലോകത്തെക്കുറിച്ചുള്ള വളരെ പരിമിതമായ ഒരു ജ്ഞാനമാണെന്നും വരുന്നു. യാഥാർത്ഥ്യ ലോകത്തെ മുഴുവനായി മനസ്സിലാക്കുവാനുള്ള കഴിവ് ഇന്ന് ശാസ്ത്രത്തിനില്ലെന്ന് മാത്രമല്ല, ശാസ്ത്രരീത്യാ ദൃഷ്ടമായിട്ടുള്ള അന്യലോകങ്ങളെയും വ്യത്യസ്ത സ്ഥലകാല വ്യവസ്ഥിതികളെയും കണക്കിലെടുക്കുകയാണെങ്കിൽ, ഇന്ന് നമുക്കുണ്ടെന്ന് നാം ചിന്തിക്കുന്ന ശാസ്ത്രീയ വിജ്ഞാനം അലകും പിടിയും മാറിയെങ്കിൽ മാത്രമേ യാഥാർത്ഥ്യവുമായി നിരക്കുകയുള്ളുവെന്നും വ്യക്തമായിരിക്കുന്നു.

ഇന്നലെവരെ മൂഢവിശ്വാസങ്ങളെന്ന് ശാസ്ത്രം കരുതിയിരുന്ന സ്വർഗ്ഗം, നരകം, മരിച്ചവരും ജീവിച്ചിരിക്കുന്നവരും തമ്മിലുള്ള പരസ്പരബന്ധം, പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത മുതലായ കാര്യങ്ങളെക്കുറിച്ച് ഇന്നു വളരെ അനുകൂലമായി വാദിക്കുന്നത് മതചിന്തകന്മാരല്ല, ശാസ്ത്രജ്ഞന്മാരാണ്. ശാസ്ത്രജ്ഞന്മാർക്ക് മതത്തോടുള്ള ആകർഷണം വളരെ വർദ്ധിച്ചുവരുന്നുണ്ടെങ്കിലും മതചിന്തകന്മാർ മതത്തെ ശാസ്ത്രവുമായി ഒത്തിണക്കുവാനുള്ള ഉദ്ദേശ്യത്തോടെ മതത്തിലുള്ള അത്ഭുതങ്ങളെയും സ്ഥലകാലാതീത ലോകങ്ങളെക്കുറിച്ചുള്ള ഉപദേശങ്ങളെയും വെട്ടിക്കുറയ്ക്കുവാൻ ശ്രമിക്കുകയാണ്. മതചിന്തകന്മാർ രാഷ്ട്രീയവും സാമ്പത്തികവുമായ വ്യവസ്ഥിതിയെപ്പറ്റി കൂടുതൽ പ്രതിപാദിക്കുവാൻ തുടങ്ങിയിരിക്കുന്നത് മരണാനന്തര ജീവിതത്തെപ്പറ്റിയും, ദൈവത്തെപ്പറ്റിയും, സ്വർഗ നരകങ്ങളെപ്പറ്റിയും അവർക്കുള്ള ഉറപ്പിന് ശാസ്ത്രപഠനം മൂലം ബലക്ഷയം വന്നതുകൊണ്ടാണെന്ന് തോന്നുന്നു. എന്നാൽ മതചിന്തകന്മാർ ഉപേക്ഷ വിചാരിക്കുന്ന ഇക്കാര്യങ്ങളെക്കുറിച്ച് ഇന്ന് പല പ്രഗത്ഭ ശാസ്ത്രീയ ചിന്തകന്മാർക്കും കൂടുതൽ താല്പര്യമാണുള്ളത്.

മതവിശ്വാസത്തിന്റെ, പ്രത്യേകിച്ചും പുരാതന ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾക്ക് ഇന്ന് പുതിയ പ്രാബല്യം സിദ്ധിക്കുന്നത് മതചിന്തകന്മാരിൽക്കൂടെയല്ല, പ്രത്യുത ശാസ്ത്രദർശകന്മാരിൽക്കൂടെയാണെന്നുള്ളത് ഇന്നത്തെ മതചിന്തയുടെ പാപ്പരത്വത്തെ കാണിക്കുന്നു. ശാസ്ത്രത്തെയും ദർശനത്തെയും ഒരുപോലെ കൈയിലാക്കിക്കൊണ്ട് വേദവിദ്യയഭ്യസിക്കുന്ന യുവജനങ്ങൾ ധാരാളമുണ്ടായെങ്കിലേ നാളത്തെ നമ്മുടെ സഭയ്ക്ക് പുതിയ ജീവനുണ്ടാകുകയുള്ളു. ദൈവസേവന സന്നദ്ധതയും പ്രാർത്ഥനാശീലവും, ആത്മശിക്ഷണവും, ഉയർന്ന ബുദ്ധിശക്തിയും, അതോടൊപ്പം തികഞ്ഞ ശാസ്ത്രീയ വിജ്ഞാനവും തത്വശാസ്ത്രജ്ഞാനവും ഉള്ള യുവജനങ്ങൾ സഭാനേതൃത്വ പരിശീലനത്തിനായി മുമ്പോട്ട് വരാൻ ദൈവം നമ്മുടെ സഭയെ അനുഗ്രഹിക്കട്ടെ.

പാഠം 6

പരിണാമവാദം: പൗരസ്ത്യ ക്രൈസ്തവദർശനത്തിൽ

ശാസ്ത്രചിന്തയുടെ അടിസ്ഥാനപ്രമാണങ്ങളിലൊന്നാണ് പരിണാമവാദമെന്നും അവിതർക്കിതങ്ങളായ സാക്ഷ്യങ്ങളിന്മേലാണ് അത് അധിഷ്ഠിതമായിട്ടുള്ളത് എന്നുമൊക്കെയുള്ള ധാരണ ശാസ്ത്രാദ്ധ്യാപകന്മാരുടെയിടയിൽപ്പോലും ഇന്നും കാണുന്നുണ്ട്. എന്നാൽ ശാസ്ത്ര പണ്ഡിതന്മാരിൽ പലരും ഇന്ന് പരിണാമവാദത്തെ ജീവവൃക്ഷത്തിന്റെ ഉദ്ഭവവും വളർച്ചയും സംബന്ധിച്ച വസ്തുതകളെ ശാസ്ത്രീയമായി മനസ്സിലാക്കുവാൻ സഹായിക്കുന്ന ഒരു ഉപക്ഷേപം (hypothesis) ആയോ വസ്തുതകളാൽ തെളിയിക്കപ്പെട്ടിട്ടുള്ള ഒരു സിദ്ധാന്തമായോ സ്വീകരിക്കുന്നില്ലെന്നുള്ളതാണ് പരമാർത്ഥം.

പരിണാമവാദത്തിന്റെ രണ്ട് പ്രാഥമിക രൂപങ്ങളാണ് ഉള്ളത്. രണ്ടിനെയും തെളിവു പോരായെന്നുള്ള കാരണംകൊണ്ട് നിരാകരിക്കേണ്ടിവന്നിരിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. എന്നാൽ ഇവയെക്കാൾ യാഥാർത്ഥ്യനിഷ്ഠമായ ഒരുപക്ഷേപം രൂപവൽക്കരിക്കുവാൻ പല ശാസ്ത്രജ്ഞന്മാരും ഇന്നു ശ്രമിക്കുന്നുണ്ട്.

1751-ൽ മൗപ്പർത്വിസ് (Maupertuis) എന്ന ഫ്രഞ്ച് ശാസ്ത്രജ്ഞൻ പരിണാമവാദത്തെ അതിന്റെ പ്രാകൃതരൂപത്തിൽ അവതരിപ്പിച്ചു. 1809-ൽ ലാമാർക്ക് (Lamarck) അതിനെ വിശദീകരിച്ചു. ആർജ്ജിത സ്വഭാവങ്ങൾ (acquired characteristics) അടുത്ത തലമുറയ്ക്ക് ആനുവംശികമായി വിനിമയം ചെയ്യപ്പെടാവുന്നവയാണെന്നുള്ള വാദത്തിന്മേൽ അടിസ്ഥാനപ്പെടുത്തി. പക്ഷേ, ആർജ്ജിത സ്വഭാവങ്ങളുടെ ആനുവംശിക പ്രേഷണവാദം (hereditary transmission of acquired characteristics) ഇന്ന് ശാസ്ത്രത്തിന് സ്വീകാര്യമല്ലാത്തതുകൊണ്ട് ലാമാർക്കിയൻ രൂപത്തിലുള്ള പരിണാമവാദം ശാസ്ത്രത്തിൽ ഇന്ന് നിഷിദ്ധമാണ്.

പിന്നെയുള്ളത് 19-ാം ശതകമദ്ധ്യത്തിൽ (1859) ഡാർവിൻ അവതരിപ്പിച്ച പ്രാകൃതികവരണസിദ്ധാന്തം (Theory of natural Selection), അതായത് പരിസരവുമായി ഒത്തിണങ്ങി ജീവിക്കാൻ കഴിവുള്ള വർഗ്ഗങ്ങൾ വിനാശത്തെ അതിജീവിക്കുന്നു (Survival of the fittest) എന്ന വാദമാണ്. അതിന്റേയും അടിയിൽ കിടക്കുന്നത് ആവരണാത്മക ഉൾപ്പരിവർത്തന സിദ്ധാന്തമാണ് (Theory of Selective mutation). ഇന്ന് പരിണാമവാദത്തെ അതിന്റെ പുതിയ രൂപത്തിൽ അംഗീകരിക്കുന്ന ശാസ്ത്രജ്ഞൻ ചെയ്യുന്നത് പ്രാകൃതിക സംവരണത്തെയും (natural selection) ജനിതക ഖജ

നാവിലെ (genetic pool) അടിയൊഴുക്കുകളെയും (genetic drift), ജനിതകവസ്തുവിന്റെ പരിവർത്തന (genetic mutation) ത്തെയും ഒരുമിച്ച് ആസ്പദമാക്കുന്ന ഒരുപക്ഷേപമാണ്.

ഈ രണ്ടു സിദ്ധാന്തങ്ങളെയും കുറിച്ച് ഫിഗാറോ ലിറ്ററേച്ചറിൽ ജാൻ റോസ്റ്റാന്റ് (Jean Rostand) അടുത്തകാലത്ത് എഴുതിയത്, ഇത് പ്രായമായവർക്കുവേണ്ടിയുള്ള യക്ഷിക്കഥകൾ (fairy tales for grown ups) എന്നാണ്. പരിണാമവാദത്തെക്കുറിച്ച് നമുക്കൊന്നുംതന്നെ അറിഞ്ഞുകൂടെന്നു സമ്മതിക്കുകയായിരിക്കും കുറെക്കൂടി സത്യം എന്നദ്ദേഹം വാദിക്കുന്നു.

പാശ്ചാത്യ ക്രിസ്തീയ ചിന്തയിൽ, പ്രത്യേകിച്ച് അമേരിക്കൻ പ്രൊട്ടസ്റ്റാന്റുകാരുടെയിടയിൽ, ഇതു സംബന്ധിച്ച് ധാരാളം വാദപ്രതിവാദങ്ങളുണ്ടായിട്ടുണ്ട്. പരിണാമവാദം, ഉത്പത്തി പുസ്തകത്തിലെ സൃഷ്ടിവിവരണവുമായി പൊരുത്തപ്പെടുത്താമെന്നും ഇല്ലെന്നുമൊക്കെയായിരുന്നു വാദം. ഇന്നീവാദങ്ങൾ അവധാനപൂർവ്വം ചിന്തിക്കുന്നവരുടെയിടയിൽ അധികമാരും ഉന്നയിച്ചു കേൾക്കാറില്ല. വേദപുസ്തകത്തെ ശാസ്ത്രത്തിന്റെ ഒരു പാഠപുസ്തകമായി എടുത്തുകൂടായെന്നും ഉത്പത്തി പുസ്തകത്തിന്റെ ആദ്യാദ്ധ്യായങ്ങളെ നമ്മുടെ അസ്തിത്വത്തിന്റെ അടിസ്ഥാനത്തെപ്പറ്റിയുള്ള ചില വിശ്വാസ പ്രഖ്യാപനങ്ങളായിട്ടല്ലാതെ സൃഷ്ടിയെങ്ങനെയുണ്ടായി എന്നുള്ള ഒരു വിവരണമായി കരുതേണ്ടതില്ലെന്നും ആധുനിക വേദശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

സൃഷ്ടിയെ സംബന്ധിച്ച് പൗരസ്ത്യ ക്രൈസ്തവ ചിന്തയുടെ അടിസ്ഥാനമായിട്ടുള്ളത് സൃഷ്ടിയുടെ ആറു ദിവസങ്ങളെക്കുറിച്ച് (Hexameron) പരിശുദ്ധനായ മാർ ബസേലിയോസ് 4-ാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ ചെയ്ത ഒൻപതു പ്രസംഗങ്ങളാണ്. ജീവശൃംഖലയുടെ വിവിധ കണ്ണികളെ ദൈവവചനം കൊണ്ട് വാർത്തെടുത്തു എന്നല്ലാതെ ആ വർഗ്ഗത്തിൽ നിന്ന് മറ്റൊരു വർഗ്ഗം പരിണാമം മൂലം ഉൽപ്പാദിതമായെന്ന് ബസേലിയോസ് വാദിച്ചില്ല. അദ്ദേഹത്തിന്റെ സഹോദരനായ ഗ്രിഗോറിയോസ് ആകട്ടെ, ബസ്സേലിയോസിന്റെ ചിന്തയുടെ അടിസ്ഥാനത്തിൽ ഒരു ക്രിസ്തീയ പരിണാമവാദത്തിന്റെ ആദ്യ തത്ത്വങ്ങൾക്ക് നാലാം ശതാബ്ദത്തിൽത്തന്നെ അടിസ്ഥാനമിട്ടു. മനുഷ്യ സൃഷ്ടിയെപ്പറ്റി On the making of the man എന്ന തന്റെ കൃതിയിലാണ് പരിണാമവാദത്തോട് ആനുരൂപ്യമുള്ള ഒരു ചിന്താഗതി ഗ്രിഗോറിയോസ് ആവിഷ്ക്കരിച്ചത്.

മാർ ഗ്രിഗോറിയോസിന്റെ ക്രൈസ്തവദർശനത്തിന്റെ അടിസ്ഥാനം, മനുഷ്യൻ ദൈവദത്തങ്ങളായ പഞ്ചേന്ദ്രിയങ്ങൾ മുഖേനയും മനുഷ്യ

ബുദ്ധി മുഖേനയും ആർജ്ജിക്കുന്ന ജ്ഞാനത്തെ വേദലിഖിതങ്ങളിൽ നിന്നു ലഭിക്കുന്ന ജ്ഞാനവുമായി പൊരുത്തപ്പെടുത്തി, ശാസ്ത്രത്തെയും വേദത്തെയും ഒരുപോലെ ഉൾക്കൊള്ളുന്ന ഒരു ഏകദർശനം കൊണ്ടു യാഥാർത്ഥ്യത്തെ ഗ്രഹിക്കണം എന്നുള്ളതാണ്.

ഗ്രിഗോറിയോസ്, 'ആത്മാവും പുനരുത്ഥാനവും' (On the soul and the resurrection) എന്ന കൃതിയിൽ തന്റെ സഹോദരിയായ മക്രീനായെ കൊണ്ട് ഇപ്രകാരം പറയിക്കുന്നു:

"എന്റെ ഈ വചനം ചർച്ചയ്ക്കുവേണ്ടി മാത്രം ഞാൻ അവതരിപ്പി ക്കുന്ന ഒരു പ്രമേയമാണ്. ദൂഷണം പറയുവാൻ നോക്കിയിരിക്കുന്നവ രുടെ ആക്ഷേപങ്ങളിൽ നിന്ന് അത് രക്ഷപ്രാപിക്കട്ടെ. അതായത്, വചനം പഠിപ്പിക്കുന്നത് സ്രഷ്ടാവ് ഒരു പ്രത്യേക മാർഗ്ഗത്തെയും ക്രമത്തെയും അനുധാവനം ചെയ്താണ് മനുഷ്യസൃഷ്ടിയിലേക്ക് പുരോഗമിച്ചത് എന്നാണ്. വിശ്വത്തെ ഉദ്പാദിപ്പിച്ചതിന്റെ ശേഷം ഉടനെതന്നെ മനുഷ്യ വർഗ്ഗം ഭൂമിയിൽ സംജാതമായി എന്നല്ല വേദചരിത്രം പഠിപ്പിക്കുന്നത്. മനുഷ്യന്റെ ആവിർഭാവത്തിനു മുൻപ് വിവേചന ഇല്ലാത്ത മൃഗങ്ങൾ ആവിർഭൂതമായി. അതിനുമുൻപ് സസ്യങ്ങൾ സൃഷ്ടിതങ്ങളായി. ഇതിൽ നിന്നു നാം മനസ്സിലാക്കേണ്ടത്, എന്റെ അഭിപ്രായത്തിൽ, ജീവോദ്പാദക ശക്തി ഒരു പ്രത്യേക ക്രമമനുസരിച്ചു കായിക പ്രകൃതിയുമായി സങ്ക ലിതമായി എന്നാണ്. അതായത് ആദ്യം ഐന്ദ്രിയേതരപ്രകൃതിയിൽ (in-organic nature) അന്തർലീനമായിട്ട് അതിനുശേഷം ഐന്ദ്രികപ്രകൃതി (organic nature) യിലേക്ക് പ്രവേശിച്ചു. മൂന്നാം പടിയായി മാത്രം വിവേ ചനാശക്തിയുള്ള സയുക്തിക പ്രകൃതിയിലേക്ക് ആരോഹണം ചെയ്തു."

ഗ്രിഗോറിയോസിന്റെ ചിന്തയിൽ ഈ ആരോഹണക്രമത്തിന് മറ്റൊ രർത്ഥം കൂടിയുണ്ട്. നിരിന്ദ്രീയ പ്രകൃതിയിൽ നിന്ന് ജീവോദ്പാദകശക്തി സചേതന പ്രകൃതിയിലേക്ക് ആരോഹണംചെയ്തു, മൃഗപ്രകൃതിയിൽ ക്കൂടെ വിവേചനാബുദ്ധിയുള്ള മനുഷ്യപ്രകൃതിയിലേക്ക് ആരോഹണം ചെയ്തു എന്നുള്ളതുകൊണ്ട് താഴെയുള്ള പ്രകൃതികളെയെല്ലാം പിന്നിട്ട് പുതിയ ഒരു പ്രകൃതിയായി തീർന്നു എന്നല്ല ഗ്രിഗോറിയോസ് വിവക്ഷി ക്കുന്നത്. കടന്നുപോന്ന പടികളെല്ലാം മനുഷ്യപ്രകൃതിയിൽതന്നെ ഇപ്പോഴും കാണാം. 'മനുഷ്യ സൃഷ്ടിയെപ്പറ്റി' എന്ന ഗ്രന്ഥത്തിൽ ഗ്രിഗോ റിയോസ് ഇങ്ങനെ പറയുന്നു:

'സൃഷ്ടിയുടെ ക്രമാധിഷ്ഠിതമായ ആരോഹണത്തെപ്പറ്റി നമുക്ക് ആദ്യമായി പരിചിന്തനം ചെയ്യാം. ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് ഉൽഗ മിക്കുന്ന സസ്യങ്ങളുടെ സൃഷ്ടി എന്തുകൊണ്ട് ആദ്യമുണ്ടാകുന്നു? അതി നുശേഷം മാത്രം വിവേചനയില്ലാത്ത മൃഗങ്ങളുടെ സൃഷ്ടി? ഇവ രണ്ടും

കഴിഞ്ഞുമാത്രം മനുഷ്യ സൃഷ്ടി? ഇതിൽനിന്നു നാം മനസ്സിലാക്കേണ്ടത് മൃഗങ്ങളുടെ ആവശ്യത്തിനുവേണ്ടി സസ്യങ്ങൾ ഉണ്ടാകേണ്ടതും മനുഷ്യന്റെ ആവശ്യത്തിനുവണ്ടി മൃഗങ്ങൾ ഉണ്ടാകേണ്ടതും യുക്തമെന്ന് സ്രഷ്ടാവിനു തോന്നി എന്നുള്ള പ്രസ്പഷ്ട യാഥാർത്ഥ്യം മാത്രമല്ല; മൃഗങ്ങൾ ഉണ്ടാകുന്നതിനു മുൻപ് അവയുടെ ഭക്ഷണം ഉണ്ടാകേണ്ടതും മനുഷ്യൻ ഉണ്ടാകുന്നതിനു മുൻപ് മനുഷ്യജീവനെ പരിചരിക്കുന്നതിനുള്ള മൃഗങ്ങൾ ഉണ്ടാകേണ്ടതും അവശ്യം തന്നെ. എന്നാൽ ഈ വചനങ്ങളിൽ കൂടി ഗഹനമായ ഒരു മർമ്മത്തെ മോശ ധ്വനിപ്പിക്കുന്നു എന്നാണ് എനിക്കു തോന്നുന്നത്; അവിശ്വാസികളുടെ ദർശനത്തിൽ അവതരിപ്പിച്ചിട്ടുള്ളതെങ്കിലും അവർക്ക് വ്യക്തമായി മനസ്സിലാകാത്ത ഒരു മഹാമർമ്മം. അതെ, ആത്മാവിനെക്കുറിച്ചുള്ള അഗാധമായ ഒരു ദർശനം ഈ വചനങ്ങൾ മൂലം നമ്മെ ഏല്പിച്ചുതരുവാൻ മോശ ഉദ്ദേശിച്ചു എന്ന് എനിക്കു തോന്നുന്നു. ഈ വചനങ്ങളിൽക്കൂടി ദിവ്യലിഖിതം നമ്മെ പഠിപ്പിക്കുന്നത് ജീവന്റെ, അല്ലെങ്കിൽ ആത്മാവിന്റെ ശക്തിയെ ത്രിവിധമായ സവിശേഷതകളിൽ കൂടി മനസ്സിലാക്കണമെന്നാണ്. ഒന്നാമത്തേത് സസ്യസ്വാഭാവികമായ പോഷണത്തിന്റേയും വളർച്ചയുടേയും ശക്തി, ഇതിനെ 'വളർച്ചാശക്തി'യെന്നു പേർ പറയാം. സസ്യങ്ങളിൽ നാം കാണുന്നതായ ഐന്ദ്രികാനുഭൂതി കലരാത്ത വളർച്ചാശക്തി മനുഷ്യനിലും കാണാം. ഇതോടൊപ്പം മറ്റൊരു ജീവ വിഭാഗത്തെ നാം കാണുന്നു. അതായത് വളർച്ചാശക്തി മാത്രമല്ല ഐന്ദ്രികാനുഭൂതിയിൽക്കൂടി തങ്ങളുടെ ജീവിതങ്ങളെ ക്രമീകരിക്കുവാനുള്ള ശക്തികൂടെ കലർന്നത്. ഇതാണ് വിവേചനാശക്തിയില്ലാത്ത മൃഗങ്ങളുടെ സ്വഭാവം. ഇവയ്ക്ക് വളർച്ചയും പോഷണവും ഉണ്ടെന്നു മാത്രമല്ല, അനുഭൂതിയുടെയും പ്രതികരണത്തിന്റെയും ശക്തിയുമുണ്ട്. എന്നാൽ ശാരീരിക ജീവന്റെ പരിപൂർണ്ണതയെ നാം കാണുന്നത് വിവേചനാശക്തിയുള്ള മനുഷ്യസ്വഭാവത്തിലാണ്. അതിന് പോഷകശക്തിയും അനുഭവശക്തിയും ഉണ്ടെന്നു മാത്രമല്ല, വചനത്തിലും വിവേചനശക്തിയിലും അതിനു പങ്കുണ്ട്. അതുകൊണ്ട് നമ്മുടെ പ്രഭാഷണത്തിലെ പ്രധാന വിഭാഗങ്ങൾ ഇവ തന്നെയാകട്ടെ. അസ്തിത്വങ്ങൾ ചിലവ ധാരണാഗ്രാഹ്യങ്ങളും മറ്റുള്ളവ ഇന്ദ്രിയഗോചരങ്ങളുമാണ്. മാനസമാത്രഗ്രാഹ്യങ്ങളായ അസ്തിത്വങ്ങളുടെ വിഭജനം ഇപ്പോൾ പ്രസക്തമല്ലാത്തതിനാൽ തത്ക്കാലം ഉപേക്ഷിക്കാം."

"ശാരീരികാസ്തിത്വങ്ങൾ ചിലവ ജീവനിൽ ഭാഗഭാഗിത്വം ഇല്ലാത്തവയും മറ്റു ചിലവ ജീവശ്ശക്തിയിൽ പങ്കുള്ളവയുമാണ്. സജീവശരീരങ്ങളിൽ ചിലവയ്ക്ക് ജീവനോടൊത്ത് ഐന്ദ്രികാസ്വാദനശക്തിയുമുണ്ട്. മറ്റുള്ളവയ്ക്ക് അതില്ല. ഐന്ദ്രികാസ്വാദനശക്തിയുള്ള സജീവാസ്തിത്വങ്ങളെ വിവേചന ശക്തിയുള്ളവ, വിവേചന ശക്തിയില്ലാത്തവ എന്നിങ്ങനെ

വീണ്ടും തരംതിരിക്കാം. ഇക്കാരണത്താലാണ് അചേതനപദാർത്ഥത്തിന്റെ സൃഷ്ടിക്കുശേഷം സചേതനാസ്തിത്വങ്ങളുടെ രൂപസൃഷ്ടിക്ക് അടിത്തറ എന്നോണം ഈ സസ്യജീവൻ ഉദ്പാദിതമായി എന്ന് മോശ പറയുന്നത്."

സസ്യജാലങ്ങളുടെ അസ്തിത്വം മറ്റു ജീവജാലങ്ങളുടെ അസ്തിത്വത്തിന്റെ അടിത്തറയാണ്. അവയെ വർണ്ണിച്ചതിന്റെ ശേഷം ഐന്ദ്രികാനുഭൂതിയുള്ള ജീവജാലങ്ങളുടെ സൃഷ്ടിയെ അദ്ദേഹം അവതരിപ്പിക്കുന്നു:

"അങ്ങനെ ഇതേക്രമത്തെ അനുധാവനം ചെയ്തുതന്നെയാണ് ഐന്ദ്രികാനുഭൂതിയുള്ള ജീവജാലങ്ങൾ ശാരീരികപ്രകൃതിയിൽക്കൂടെ ജീവനിൽ ഭാഗഭാക്കാകുന്നതും, വിവേചനാശക്തിയുള്ള ജീവജാലങ്ങൾ ശാരീരികപ്രകൃതിയോടനുബന്ധിച്ചല്ലാതെ സൃഷ്ടിക്കപ്പെടാഞ്ഞതും. ഐന്ദ്രികാനുഭൂതിയുള്ള ശരീരത്തോട് ബന്ധിതമായാണ് വിവേചനാശക്തിയുള്ള അസ്തിത്വം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഇക്കാരണത്താലാണ് പ്രകൃതിയുടെ പൂർണ്ണതയിലേക്കുള്ള ക്രമാനുഗതമായ പുരോഗതിയിൽ സസ്യജാലങ്ങൾക്കും മൃഗവർഗ്ഗങ്ങൾക്കും ശേഷംമാത്രം മനുഷ്യൻ സൃഷ്ടിതനായത്. മനുഷ്യൻ എന്നു പറയുന്ന ഈ വിവേചനാശക്തിയുള്ള ജീവി എല്ലാവിധ അസ്തിത്വങ്ങളുടെയും തത്ത്വത്തിൽ ഭാഗഭാക്കാകുന്നു. മനുഷ്യാത്മാവ് സസ്യജാലങ്ങളെപ്പോലെ പോഷണശക്തമാണ്. പോഷണശക്തിയിൽ നിന്ന് ഐന്ദ്രികാനുഭവശക്തി ഉൽഗമിച്ചു. അങ്ങനെ അതിന്റെ സ്വന്തസ്വഭാവത്തിൽ പദാർത്ഥമയമാത്രങ്ങളായ അസ്തിത്വങ്ങളുടേയും ധാരണാമാത്രഗ്രാഹ്യങ്ങളായ അസ്തിത്വങ്ങളുടേയും മദ്ധ്യവർത്തിയായിത്തീർന്നു. ആദ്യത്തേതിനെ അപേക്ഷിച്ച് സംസ്കൃതം എങ്കിലും രണ്ടാമത്തേതിനെ അപേക്ഷിച്ച് പരിഷ്കൃതമോ പരിശുദ്ധമോ ആയിത്തീർന്നിട്ടില്ല. അതിനുശേഷം മാത്രമാണ് ലാഘവവും ഭാസുരതയുമുള്ള വിവേചനാത്മകപ്രകൃതി ഐന്ദ്രികാനുഭൂതികപ്രകൃതിയിൽ കുടികൊണ്ട് അതുമായി സങ്കലിതമാകുന്നത്. ഈവിധത്തിലാണ് മാനുഷിക വ്യവസ്ഥിതി ത്രിവിധ ഘടകങ്ങളെ ഉൾക്കൊള്ളുന്നതാണെന്നു പറയുന്നത്."

അസ്തിത്വസോപാനത്തിന്റെ ചതുർവിധഘടകങ്ങൾ പദാർത്ഥം, സസ്യം, മൃഗം, വിവേചനാശക്തിയുള്ള ജീവി എന്നിവയാണെങ്കിൽ, ഇവയിൽ ഓരോന്നും അതിനു താഴെയുള്ള എല്ലാ ഘടകങ്ങളെയും ഉൾക്കൊള്ളുന്നു എന്നും, സൃഷ്ടിയുടെയും ജീവന്റെയും ശക്തി നിശ്ചേതന പദാർത്ഥത്തെ സൃഷ്ടിച്ച്, പദാർത്ഥത്തിൽനിന്ന് പടിപടിയായി ജീവസോപാനത്തെ അധ്യാരോഹണം ചെയ്ത് മനുഷ്യരൂപതലത്തിൽ എത്തിച്ചേർന്നിരിക്കുന്നു എന്നുമാണ് മാർ ഗ്രിഗോറിയോസിന്റെ വിവക്ഷ. ആധു

നികശാസ്ത്രം പറയുന്നതും ഏറെക്കുറെ ഇതു തന്നെയാണ്. ഈ അധിരോഹണം എങ്ങനെ ഉണ്ടായി എന്ന് വർണ്ണിക്കുവാൻ ഗ്രിഗോറിയോസിന് സാധിക്കുന്നില്ല. പക്ഷേ, ആധുനിക ശാസ്ത്രത്തിനും ഇത് പൂർണ്ണമായി സാധിക്കുന്നില്ല എന്നുള്ളതാണ് നഗ്നമായ യാഥാർത്ഥ്യം.

പാശ്ചാത്യ ക്രൈസ്തവചിന്തയിൽ അഗസ്തീനോസിന്റെ പരിണാമസിദ്ധാന്തം ഗ്രിഗോറിയോസിന്റെ ചിന്തയെ ആശ്രയിച്ചുണ്ടായിട്ടുള്ളതാണ്. ഈ പാശ്ചാത്യ ചിന്തകന്റെ ആശയങ്ങളെ ഇവിടെ ആവിഷ്ക്കരിക്കുവാൻ തുനിയുന്നില്ല. ഗ്രിഗോറിയോസിന്റെയും അഗസ്തീനോസിന്റെയും ചിന്തയുടെ പുറകിൽ സ്റ്റോയിക്ക് ദാർശനികനായ പോസിഡോണിയസ്സി (Poscidonius) ന്റെ ചിന്താഗതിയാണ് ഉള്ളതെന്നകാര്യം വിസ്മരിക്കത്തക്കതല്ല.

ഭാരതത്തിലെ സാംഖ്യദർശനത്തിൽ പരിണാമവാദത്തിന്റെ മൂല്യഘടകങ്ങൾ ഉണ്ടെന്നുള്ള വസ്തുത പാണ്ഡിതന്മാർക്കെല്ലാം അറിവുള്ളതാണ്. ജൈനവാദത്തിലും ഏക ജീവാങ്കുരമാണ് പദാർത്ഥത്തിലും സസ്യത്തിലും മൃഗത്തിലും മനുഷ്യനിലും ആവിർഭവിച്ച് മുക്തിയെ തേടുന്നത് എന്ന വാദം കാണാൻ കഴിയും. സാംഖ്യദർശനത്തിന്റെയും പതഞ്ജലിയുടെ യോഗശാസ്ത്രത്തിന്റെയും ബുദ്ധ ദർശനത്തിന്റെയും അടിത്തട്ടിൽ കിടക്കുന്നതും ഈ ചിന്ത തന്നെയാണ്. എന്നാൽ ഗ്രിഗോറിയോസിന്റെ ഈ ചിന്താഗതിയും ഭാരതീയദർശനത്തിൽ ആകമാനം കാണപ്പെടുന്ന സർവ്വാസ്തിത്വത്തിലും അന്തര്യാമിയായി മുക്തിയെത്തേടി മുൻപോട്ടു ഗമിക്കുന്നത് ഏക ആത്മാവാണ് എന്ന വാദവും തമ്മിൽ സാരമായ ചില വ്യത്യാസങ്ങളുണ്ട്. സാധാരണഗതിയിൽ പലരും പറയും. പാശ്ചാത്യചിന്തയുടെ വ്യക്തിമുദ്രയാണ് വ്യക്തിയുടെ നിതാന്തതയിലുള്ള വിശ്വാസമെന്ന്. പൗരസ്ത്യചിന്തയിലാകട്ടെ, വ്യക്തി വെറുമൊരു വേഷം മാത്രമാണ്. രണ്ടോ, മൂന്നോ വ്യത്യസ്ത വേഷങ്ങളിഞ്ഞ് ഒരു നടൻ തന്നെ ചില ചലച്ചിത്രങ്ങളിൽ അഭിനയിക്കുന്നതുപോലെ, ഏകാത്മാവ് പദാർത്ഥമായും സസ്യമായും മൃഗമായും മനുഷ്യനായും രംഗത്തിറങ്ങുന്നു എന്ന അടിസ്ഥാനചിന്തയുടെ ഒരു സവിശേഷഭാവന മാത്രമാണ് പുനർജ്ജന്മവാദമെന്ന് മറ്റു ചിലർ വാദിക്കുന്ന ജനനമരണങ്ങളുടെ അനന്തമായ ആവർത്തനമാകുന്നു സംസാരചക്രത്തിൽ നിന്ന് മോചനം പ്രാപിക്കുക എന്നുള്ളത് പൗരസ്ത്യ ആദ്ധ്യാത്മികതയുടെ അടിസ്ഥാനതത്ത്വമായി വിവക്ഷിക്കുന്നത് ഏറെക്കുറെ ശരിയായിരിക്കും. സംസാര ചക്രത്തിനകത്ത് സാഫല്യം സാദ്ധ്യമല്ല. കപിലനും പതഞ്ജലിയും, മഹാവീരനും ഗോശാലനും, ജൈനനും ബുദ്ധനും, ശങ്കരനും രാമാനുജനും, മാധ്വനും രാമകൃഷ്ണനും ഒക്കെ ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. സാഫല്യത്തിലെത്തിയാൽ, സാക്ഷാത്കാരമുണ്ടായാൽ, പിന്നെ സംസാരമില്ല.

സംസാരലോകത്തെ ചാക്രികരീത്യാ വിഭാവനം ചെയ്യുന്ന പൗരസ്ത്യ ചിന്തയും ചരിത്രത്തെ നേർവരയായി കാണുന്ന പാശ്ചാത്യ ചിന്തയും തമ്മിൽ ഒരു അനുരഞ്ജനം ഏതെങ്കിലുംവിധത്തിൽ സാദ്ധ്യമാണോ? സാംഖ്യദർശനത്തിലെ പരിണാമവാദവും 19 ഉം 20 ഉം ശതാബ്ദങ്ങളിലെ ഡാർവിനിസവും തമ്മിൽ എന്തെങ്കിലും പൊതുഭൂമി (common ground) യുണ്ടോ? സൃഷ്ടിയ്ക്ക് ലക്ഷ്യമുണ്ട് എന്നുള്ള വാദം ഹൈന്ദവദർശനത്തിന് സ്വീകാര്യമാവുക പ്രയാസമാണ്. സൃഷ്ടിയുടെ ലക്ഷ്യം ഈശ്വരന്റെ ലക്ഷ്യമാണെങ്കിൽ ഈശ്വരനിൽ എന്തോ പോരായ്ക ഉള്ളതുകൊണ്ടാണ് ഇപ്പോഴുള്ള അവസ്ഥവിട്ട് ഒരു പുതിയ ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യേണ്ടിവരുന്നതെന്ന് സമർത്ഥിക്കേണ്ടിവരും. അങ്ങിനെ അപൂർണ്ണനായ ഒരു ഈശ്വരനെ പൗരസ്ത്യദർശനത്തിൽ സ്വീകരിക്കാവുന്നതല്ല. ലക്ഷ്യത്തിലേക്കുള്ള പ്രയാണം അടിസ്ഥാനതത്ത്വമായി സ്വീകരിക്കാതെ പരിണാമവാദത്തിന് ദർശനാധിഷ്ഠിതമായ അടിസ്ഥാനമുണ്ടാകുവാൻ പ്രയാസമാണ്.

ഈ പ്രശ്നത്തെ പൗരസ്ത്യ ക്രൈസ്തവദർശനം എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്? ഇതേ സംബന്ധിച്ച് കാര്യമായി ചിന്തിച്ചിട്ടുള്ളവർ പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിലോ പാശ്ചാത്യ പാരമ്പര്യത്തിലോ അധികമില്ല. അങ്ങനെ ചിന്തിച്ചവരുടെ കൂട്ടത്തിൽ പ്രധാനി ഗ്രിഗോറിയോസ് മാത്രമാണ്. ഇതിനെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ഗാഢമായ ചിന്ത പണ്ഡിതോചിതമായി അവതരിപ്പിക്കുവാൻ ഇവിടെ സമയം പോരാ. അതിന്റെ ഒരു സാമാന്യ രൂപം മാത്രം ചുരുക്കമായി അവതരിപ്പിക്കാം.

ഗ്രിഗോറിയോസിന്റെ ചിന്തയിലെ മൗലിക തത്ത്വമാണ് ഉൺമയും നന്മയും തമ്മിലുള്ള അടിസ്ഥാനപരമായ ഐക്യം. സകല ഉണ്മയുടെയും നിദാനം സർവ്വനന്മയുടെയും കേദാരമായ ഈശ്വരശക്തിയാണ്. ഈശ്വരശക്തിയിൽ നിന്ന് ഉൽഗമിക്കുന്നതാണ് സൃഷ്ടി. പക്ഷേ, നാം ഇന്ന് അനുഭവിക്കുന്ന സൃഷ്ടിയിൽ തിന്മ കലരാത്ത നന്മ ക്രിസ്തുവിന്റെ മനുഷ്യാവതാരജീവിതത്തിലല്ലാതെ മറ്റെങ്ങും തന്നെ കാണപ്പെടുന്നില്ല. ചരിത്രം മുളയും കളയും ഒരുമിച്ചുവളരുന്ന വയലാണ്. കള പറിച്ചുമാറ്റി മുളയെ രക്ഷിക്കാൻ ശ്രമിച്ചാൽ മുളക്കു കേടു തട്ടും എന്നുള്ളതുകൊണ്ട് കളയും മുളയും ഒരുമിച്ചുവളർന്നു പൂർണ്ണതയിലെത്തി തരംതിരിക്കപ്പെടണമെന്നാണ് ഈശ്വരഹിതമെന്ന് ക്രിസ്തു പഠിപ്പിച്ചു.

നന്മയും തിന്മയും കലർന്നതാണ് ചരിത്രമെങ്കിൽ ഉണ്മയും ഇല്ലായ്മയും സങ്കലിതമായി അതിൽ കാണാമെന്നു വ്യക്തമാണ്. ചരിത്രം അല്ലെങ്കിൽ സംസാരലോകം പരമ യഥാർത്ഥ്യമല്ലയെന്നുള്ളതാണ്

ക്രിസ്തുവിന്റെ ഉപദേശം. പക്ഷേ, ചരിത്രം മായയാണെന്നു പറയാൻ ക്രൈസ്തവ പാരമ്പര്യം സമ്മതിക്കുകയില്ല. ചരിത്രത്തിലുള്ള യാഥാർത്ഥ്യം ചരിത്രാന്ത്യത്തിലെ കൊയ്ത്തു കഴിഞ്ഞേ വ്യക്തമാകൂ. അന്ത്യത്തിലെ പരമാഗ്നി ചരിത്രത്തെ ശോധന ചെയ്യുമ്പോൾ അതിലുള്ള തിന്മ അഥവാ ഇല്ലായ്മ യഥാർത്ഥത്തിൽ ഇല്ലായ്മയായിത്തീരും. ചരിത്രത്തിലുള്ള ഉണ്മ അഥവാ നന്മ, ഇല്ലായ്മ അഥവാ തിന്മയുമായുള്ള സങ്കലനത്തിൽനിന്നു വിമുക്തമായി പുതിയരൂപം പ്രാപിക്കും.

ചരിത്രത്തിലെ നന്മ അഥവാ ഉണ്മ ചരിത്രരൂപത്തിൽ നിലനില്ക്കാൻ സാധിക്കാത്തതിന്റെ കാരണം ഇല്ലായ്മയുമായി സങ്കലിതമായതു മൂലം ഇല്ലായ്മയുടെ ഭവിഷ്യത്ഫലമായ മരണത്തിലേക്ക് പ്രയാണം ചെയ്യാതെ അതിന് ഗത്യന്തരമില്ല എന്നുള്ളതാണ്. അതായത് നന്മയുമായി ഒട്ടിച്ചേർന്നിരിക്കുന്ന തിന്മ ചരിത്രത്തിലുള്ള നന്മയെ മരണത്തിലേയ്ക്ക് വലിച്ചിഴക്കുന്നു. പക്ഷേ, മരണംമൂലം ഇല്ലായ്മയാകുന്ന തിന്മ മാത്രമേ ഇല്ലാതായിത്തീരുന്നുള്ളു. നന്മ അഥവാ ഉണ്മ മരിക്കുന്നതോടെ തിന്മയുമായുള്ള സങ്കലനത്തിൽ നിന്നു വിമുക്തമായി ഒരു പുതിയ രൂപം പ്രാപിക്കുന്നു. ഈ പുതിയ രൂപത്തെ വിഭാവനം ചെയ്യുന്നതിന് തിന്മയുമായി അവശ്യം സങ്കലിതമായിട്ടുള്ള മനുഷ്യമനസ്സിന് സാദ്ധ്യമല്ല.

പരമാർത്ഥിക സത്തയും വ്യാവഹാരികസത്തയും തമ്മിലുള്ള ബന്ധത്തെ ആശയങ്ങൾകൊണ്ട് വിശദീകരിക്കാനുള്ള ശ്രമം കലാശിക്കുന്നത് വലിയ വിയർപ്പിലും ചുരുങ്ങിയ വെളിപാടിലും ആണെന്ന് ഉത്തമഗീതത്തിന്റെ വ്യാഖ്യാനത്തിൽ ഗ്രിഗോറിയോസ് പറയുന്നു. സൃഷ്ടിയെ രണ്ടുവിധത്തിൽ വിഭാവനം ചെയ്തെങ്കിൽ മാത്രമേ അതിന്റെ യഥാർത്ഥനില കുറയെങ്കിലും മനസ്സിലാവുകയുള്ളു.

പരമാർത്ഥികസത്തയുടെ വീക്ഷണകോണത്തിൽനിന്നു നോക്കുമ്പോൾ സൃഷ്ടിതമായ സർവ്വത്തിന്റേയും തികഞ്ഞ പൂർണ്ണത സൃഷ്ടിയുടെ ആരംഭത്തോടൊപ്പം തന്നെ ദത്തമായിട്ടുണ്ടെന്നുള്ളതാണ് ഗ്രിഗോറിയോസിന്റെ വാദം. എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ സൃഷ്ടിയുടെ ആരംഭത്തിൽതന്നെ അത് (മനുഷ്യവർഗം) ഈശ്വരരൂപകമായിട്ടാണ് സൃഷ്ടിതമായത്. അതായത് പൂർണ്ണതയുടെ നിറവായിട്ട്. എന്നാൽ സൃഷ്ടിയോടൊപ്പം ദത്തമായ ഈ പൂർണ്ണത ചരിത്രമാകുന്ന തിന്മാസങ്കലിതമായ അസ്തിത്വത്തിൽ കൂടെ പ്രാപിക്കേണ്ടിവരുന്നു എന്നുള്ളതാണ്, സ്വന്ത പാപം മൂലം തിന്മയും ദ്രവത്വവും കലർന്ന ചരിത്രാസ്തിത്വത്തിലേക്ക് വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ വിധി. ഗ്രിഗോറിയോസിന്റെ വചനങ്ങൾ അതേപടി ഉദ്ധരിക്കാം:

“ദിവ്യലിഖിതം പറയുന്നു: മനുഷ്യൻ ഈശ്വരന്റെ സാദൃശ്യത്തിലും

സ്വരൂപത്തിലുമാണ് ആവിർഭവിച്ചത് എന്ന്. എന്നുവച്ചാൽ നന്മയുടെ ഉച്ച കോടി, പൂർണ്ണതയുടെ പൂർണ്ണരൂപം എന്നാണർത്ഥം. കാരണം ഈശ്വര സ്വരൂപത്തെ ഉല്ലംഘിക്കുന്ന എന്താണുള്ളത്? ഇങ്ങനെ ആദിമസൃഷ്ടി യിൽ മനുഷ്യസ്വഭാവത്തിന്റെ അന്തിമപൂർണ്ണത ആദിയോടൊപ്പം തന്നെ കാലപ്രയാണത്തിന്റെ ആവശ്യംകൂടാതെ ദത്തമായിരുന്നു. മനുഷ്യസ്വ ഭാവം അസ്തിത്വത്തിലേക്കു വരുന്നത് പൂർണ്ണതയിൽനിന്നുള്ള പൂർണ്ണ തയോടെ ആയിരുന്നു. എന്നാൽ പിന്നീട് തിന്മയുമായുള്ള സങ്കലനം മൂലം മരണാധീനമായിത്തീർന്ന നന്മയുടേയും പൂർണ്ണതയുടേയും അവസ്ഥ യിൽ നിന്ന് വീണുപോയ മനുഷ്യസ്വഭാവത്തിന് ഉത്പത്തിയോടൊപ്പം അന്തിമപൂർണ്ണതയും ആസ്വദിക്കാൻ സാധിക്കാതെ വന്നിട്ട് ചെറിയതിൽ നിന്ന് വലിയതിലേക്ക് ഒരു പ്രത്യേക ക്രമത്തിലും പാതയിലും കൂടി കുറേശ്ശേ കുറേശ്ശെയായി തിന്മയുമായുള്ള സങ്കലനത്തിൽ നിന്ന് മോചി തമായി പൂർണ്ണതയെ പ്രാപിക്കേണ്ട ആവശ്യകത വന്നിരിക്കുന്നു. ആദി മസൃഷ്ടിയിൽ തിന്മയുടെ സങ്കലനം ഇല്ലാതിരുന്നതുകൊണ്ട് ഉത്പത്തി യോടൊപ്പം അന്തിമപൂർണ്ണതയും പ്രകടമാകുന്നതിന് തടസ്സമൊന്നുമില്ലാ യിരുന്നു. എന്നാൽ ചരിത്രാസ്തിത്വത്തിലുള്ള മനുഷ്യസ്വഭാവത്തിന്റെ രണ്ടാം വ്യവസ്ഥിതിയിൽ കാലപ്രയാണം കൊണ്ടു മാത്രമെ നന്മയുടെ പൂർണ്ണതയിലേക്കു പ്രവേശിക്കുവാൻ സാധിക്കുകയുള്ളു.”

മനുഷ്യന്റെ ആദിമപാപം മൂലമുണ്ടായ തിന്മാസങ്കലനത്തിന്റെ പരി ണതഫലമാണ് പരിണാമാധീനമായ ചരിത്രവ്യവസ്ഥിതിയിൽ മനുഷ്യൻ അധിവസിച്ച് തന്റെ നഷ്ടപ്പെട്ട പൂർണ്ണത തേടേണ്ടിവരുന്നതെന്ന് ഗ്രിഗോ റിയോസ് വാദിക്കുന്നു.

ശാസ്ത്രത്തിന്റെ പരിണാമവാദം വേദശാസ്ത്രത്തിനെതിരായതുകൊ ണ്ടല്ല ഇന്നും നമുക്ക് സ്വീകരിക്കുവാൻ പ്രയാസമുള്ളത്. ജീവോത്പത്തി, വർഗ്ഗോത്പത്തി എന്നീ രണ്ട് ദുർഗ്രഹ്യങ്ങളായ അസ്തിത്വമർമ്മങ്ങളെ ശരിയായി മനസ്സിലാക്കുവാൻ ശാസ്ത്രത്തിന്റെ പരിണാമവാദം കാര്യ മായി സഹായിക്കുന്നില്ല എന്നതാണ് അതിന്റെ പ്രധാന ബലഹീനത. ഒരു ശാസ്ത്രീയോപക്ഷേപം (Scientific hypothesis) എന്ന നിലയിൽ, അഥവാ വസ്തുക്കൾ മനസ്സിലാക്കുന്നതിന് സഹായിക്കുന്ന ഒരു സാങ്കേ തിക പരികല്പനം (Technical conception) എന്ന നിലയിൽ ശാസ്ത്ര ത്തിലെ പരിണാമവാദത്തിന് പരിമിതമായ സ്ഥാനമേയുള്ളു. എന്നാൽ അസ്തിത്വസോപാനത്തിന്റെ വൈവിദ്ധ്യത്തെക്കുറിച്ചുള്ള ഒരു അഭ്യൂഹ മെന്ന നിലയിൽ ആധുനിക ശാസ്ത്രദർശനത്തിൽ എന്നപോലെ പ്രാചീന പൗരസ്ത്യ ക്രൈസ്തവ ദർശനത്തിലും അതിനു സ്ഥാനമുണ്ട്. പക്ഷേ, ഇവ്വിധം സീമിതമായ ഒരു അഭ്യൂഹമെന്ന നിലയിൽപോലും പരിണാമ വാദത്തിനുള്ള പ്രസക്തി ചരിത്രത്തിന്റെ അഥവാ വ്യാവഹാരികസത്ത

യുടെ വികലമായ വീക്ഷണകോണിൽ നിന്നു മാത്രമാണ്. ആത്യന്തിക സത്തയുടെ വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ സത്താശ്രേണി യിലെ പരിണാമം എങ്ങനെയായിരിക്കുമെന്ന് ഇപ്പോൾ ആർക്കാണ് അറി യാനോ പറയാനോ കഴിയുക?

ഈ ചോദ്യത്തിന് ഇന്നു വളരെ പ്രസക്തിയുണ്ട്. ചരിത്രമാത്ര യാഥാർത്ഥ്യവാദമാണ് അധുനിക പാശ്ചാത്യ സംസ്ക്കാരത്തിന്റെ അടി ത്തറ. ആ സംസ്ക്കാരം നമ്മുടെയും ചിന്തയെ വളരെയധികം വശീകരി ച്ചിട്ടുണ്ട്. ചരിത്രാതിരിക്തമായ പരമാർത്ഥികസത്തയെക്കൂടെ വിഭാവനം ചെയ്തുകൊണ്ടുള്ള ആ പുതിയ സത്താ വീക്ഷണത്തിൽ അധിഷ്ഠിത മായ സംസ്ക്കാരത്തിനു മാത്രമെ, മനുഷ്യരാശിയെ ഇന്നു ബാധിച്ചിരി ക്കുന്ന അന്ധകാരത്തിൽ നിന്ന് വീണ്ടെടുക്കാൻ കഴിയൂ എന്ന കാര്യ ത്തിൽ എനിക്കു സംശയം ഒന്നുമില്ല. പാശ്ചാത്യ സംസ്കാരം ദ്രവിക്കാൻ തുടങ്ങിയിട്ടു നാളേറെയായി. അതിന്റെ പ്രധാന വൈകല്യലക്ഷണം അടുത്ത കാലത്ത്, അതായത് 19-ാം ശതാബ്ദത്തിൽ മാത്രം അതിനു ള്ളിൽ വ്യാപിച്ചിട്ടുള്ള, ഈ ചരിത്രമാത്ര യാഥാർത്ഥ്യവാദമാണ്. പരിണാമ വാദമെന്നു പറയുന്നത് ഈ ചരിത്രമാത്ര യാഥാർത്ഥ്യവാദത്തെ ശാസ്ത്ര ത്തിൽ അധിഷ്ഠിതമാക്കുന്നതിനുള്ള ഉപാധിയായി പാശ്ചാത്യ സംസ്ക്കാരം സൃഷ്ടിച്ചതാണ്. പരിണാമവാദം വ്യാവഹാരിക സത്തയുടെ വീക്ഷണകോണത്തിൽ നിന്നുള്ള ഒരു ഭാഗിക ദർശനമായി മാത്രം കണ്ടു കൊണ്ട് അതിരിക്തതയെക്കൂടെ ഉൾക്കൊള്ളുന്ന ഒരു വീക്ഷണം നാം ഉണ്ടാക്കേണ്ടുന്നതാവശ്യമാണ്. ആ വീക്ഷണത്തിൽ പരിണാമവാദത്തിന് ഏറ്റവും പരിമിതമായ ഒരു സ്ഥാനം മാത്രമേ ഉണ്ടായിരിക്കുകയുള്ളു.

യൂണിറ്റ് 4
സഭയും ദർശനങ്ങളും

പാഠം 1

ഈശ്വരസ്വാതന്ത്ര്യവും മനുഷ്യസ്വാതന്ത്ര്യവും

സ്വാതന്ത്ര്യം എന്ന പദത്തിന്, വിവക്ഷ പല വിധത്തിലാകാം. സ്വയ നിയാമനസാദ്ധ്യത എന്നാണെന്നു തോന്നുന്നു ധാത്വർത്ഥം. പരാധീനത യിൽനിന്നുള്ള വിമുക്തി എന്ന അർത്ഥത്തിലാണ് സാധാരണ ഈ പദം ഉപയോഗിച്ചുവരുന്നത്. പുരാതന റോമാസാമ്രാജ്യത്തെപ്പോലുള്ള ഒരു അടിമത്വവ്യവസ്ഥിതിയിൽ അടിമ അസ്വതന്ത്രനും, അടിമയുടെ ഉടമസ്ഥൻ സ്വതന്ത്രനുമാണ്.

എന്നാൽ ഭാരതചിന്താമണ്ഡലത്തിൽ സ്വാതന്ത്ര്യപദത്തിന് മോക്ഷം, മുക്തി എന്നൊക്കെ പര്യായമാകാം. മോക്ഷത്തിലും മുക്തിയിലും കൂടി പ്രധാനമായി വിവക്ഷിക്കുന്നത് ബാന്ധവത്തിൽ നിന്നുള്ള മോചനം എന്നു തന്നെയാണല്ലോ. നമ്മുടെ നാട്ടിലെ വ്യവസ്ഥിതിയിൽ കൈവല്യം എന്ന പദവും മുക്തിയുടെ പര്യായമാണ്. സംസാരാന്ധകാരത്തിൽ കുടുങ്ങി ക്കിടന്ന് ഈശ്വരസാക്ഷാത്കാരം സാധിക്കാതെ മായാബദ്ധതയിൽ കിട ക്കുന്ന ജീവാത്മാവ് തന്റെ ബന്ധനങ്ങളെ കുടഞ്ഞെറിഞ്ഞ് പരമാത്മാ വുമായി ഐക്യം പ്രാപിക്കുന്നതിനാണല്ലോ കൈവല്യം അഥവാ മുക്തി എന്നു നാം പേർ പറയുന്നത്.

എന്നാൽ മൂന്നാമതൊരു വ്യവസ്ഥിതിയിലെ സ്വാതന്ത്ര്യചിന്തയെ ദാർശനികസമക്ഷം അവതരിപ്പിക്കുക എന്നതാണ് ഈ എളിയ പ്രബ ന്ധത്തിന്റെ പരിമിതലക്ഷ്യം.

ക്രിസ്താബ്ദം നാലാം ശതകത്തിലെ ഒരു പൗരസ്ത്യ ദാർശനികന്റെ ചിന്തയെയാണ് ഇവിടെ പ്രധാനമായും അടിസ്ഥാനമായെടുക്കുന്നത്. പ്രഗ ത്ഭവും പ്രൗഢവുമായ ഈ ചിന്താസൗധത്തിന്റെ ഒരു ഛായാചിത്രം നിങ്ങളെ കാണിക്കുന്നതിനു മാത്രമേ ഇവിടെ ശ്രമിക്കുന്നുള്ളു.

നിസ്സായിലെ ഗ്രീഗോറിയോസിന്റെ ചിന്തയ്ക്ക് അടിസ്ഥാനമായിട്ടു ള്ളതു മനുഷ്യൻ ഈശ്വരസാരൂപ്യത്തിൽ സൃഷ്ടിതനാണ് എന്ന മൗലി കതത്വമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രീഗോറിയോസ് വാദിക്കുന്നത് ഇങ്ങനെയാണ്.

മനുഷ്യൻ സ്വതന്ത്രനാണോ അതോ വെറും അടിമയാണോ? മനുഷ്യൻ അടിമയാണെങ്കിൽ ഈശ്വരനും അടിമ തന്നെ; അല്ലെങ്കിൽ അവർ തമ്മിൽ സാരൂപ്യം എങ്ങനെ ഉണ്ടാകും? ഈശ്വരൻ സ്വതന്ത്രനാണെങ്കിൽ മനുഷ്യനും സ്വതന്ത്രനായിരിക്കണം. ഈ തത്വം വേണ്ടത്ര മനസ്സിലാകാത്തതുകൊണ്ടായിരിക്കണം പാശ്ചാത്യ ക്രൈസ്തവ ചിന്തയിൽ ഈശ്വരന്റെ പരമാധികാരവും മനുഷ്യന്റെ സ്വാതന്ത്ര്യവും തമ്മിൽ പരസ്പരവൈരുദ്ധ്യം ആരോപിക്കപ്പെടുന്നത്. എന്നാൽ ചിന്തയുടെ ആരംഭവും അടിസ്ഥാനവും ഈശ്വരനും മനുഷ്യനും തമ്മിലുള്ള സാരൂപ്യമാണെങ്കിൽ രണ്ടേ രണ്ടു സാധ്യതകൾ മാത്രമേയുള്ളു. ഒന്നുകിൽ ഈശ്വരൻ മനുഷ്യനെപ്പോലെ മരണാധീനനും അധർമ്മബദ്ധനുമാണ്. അല്ലെങ്കിൽ മനുഷ്യൻ ഈശ്വരനെപ്പോലെ അമർത്യനും അധർമ്മം തീണ്ടാത്തവനും ആയിത്തീരണം.

ഏതായിരുന്നാലും ഈശ്വരനും മനുഷ്യനും തമ്മിലുള്ള സാരൂപ്യം പ്രാഥമിക തത്വമായി നാം സ്വീകരിക്കുന്നെങ്കിൽ മനുഷ്യന്റെ സ്വാതന്ത്ര്യത്തെ നിഷേധിക്കുക എന്നതിന്റെ അർത്ഥം ഈശ്വരന്റെ സ്വാതന്ത്ര്യത്തെ നിഷേധിക്കുകയാണ്. ഈശ്വരനെ പരാധീനനാക്കുകയാണ്.

ഈശ്വരന്റെ സ്വാതന്ത്ര്യം

പക്ഷേ, ഈശ്വരൻ സ്വതന്ത്രനാണെന്നു പറഞ്ഞാൽ എന്താണതിനർത്ഥം? ഗ്രീഗോറിയോസ് ഈശ്വരസ്വാതന്ത്ര്യത്തെ വിശദീകരിക്കുന്നത് ഈശ്വരന്റെ അതിരിക്തതയുടെ (transcendance) മാത്രം അടിസ്ഥാനത്തിലല്ല, അതിരിക്തതയുടേയും അന്തര്യാമിത്വത്തിന്റേയും ഒരുമിച്ചുള്ള അടിസ്ഥാനത്തിലാണ്. അദ്ദേഹത്തിന്റെ കാലത്തിനു മുമ്പുള്ള യവനചിന്തകന്മാരിൽ സ്റ്റോയിക്കുകൾ (Stoics) ഈശ്വരനെ പൂർണ്ണമായും പ്രപഞ്ചാന്തര്യാമിയായി മാത്രവും നേരെമറിച്ച് അരിസ്റ്റോട്ടിലിനെപ്പോലുള്ളവർ പൂർണ്ണമായും പ്രപഞ്ചാതിരിക്തനായും വിവക്ഷിച്ചിരുന്നു. അരിസ്റ്റോട്ടിലിന്റെ 'കേവലക്രിയ' (Pure Act) അഥവാ അചലിത ചലയിതാവ് (unmoved mover) പ്രപഞ്ചവുമായി യാതൊരു വേഴ്ചയുമില്ലാതെ അതിരിക്തതയുടെ പൂർണ്ണ കൈവല്യത്തിലാണ് നിലകൊള്ളുന്നത്. ഗ്രീഗോറിയോസിനെ സംബന്ധിച്ചിടത്തോളം സ്റ്റോയിക്കുകളുടെയും അരിസ്റ്റോട്ടിലിന്റേയും പരസ്പരവിരുദ്ധങ്ങളായ ചിന്താഗതികളെ അനുരഞ്ജിപ്പിച്ചുകൊണ്ടുള്ള ഒരു ഈശ്വരവിഭാവനത്തിനാണ് അദ്ദേഹം ഉദ്യമിക്കുന്നത്.

ഈശ്വരൻ അതിരിക്തനാണ്. അതേസമയം അന്തര്യാമിയുമാണ്. എന്നാൽ തന്റെ അതിരിക്തതയിലും അന്തര്യാമിത്വത്തിലും ഒരുപോലെ താൻ സ്വതന്ത്രനായി നിലകൊള്ളുന്നു. അതിരിക്തതയിലുള്ള സ്വാതന്ത്ര്യം നമുക്ക് ഏറെക്കുറെ മനസ്സിലാക്കാം. എന്നാൽ വസ്തു

നിഷ്ഠമായ പ്രപഞ്ചത്തിൽ അന്തർലീനനായിക്കൊണ്ട് സ്വാതന്ത്ര്യം പാലിക്കുവാൻ ഈശ്വരനുപോലും സാധിക്കുന്നതെങ്ങനെയാണെന്ന് നമുക്കു സംശയം തോന്നാം. ഒന്നാമത് ഈശ്വരനും പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തെ ഗ്രീഗോറിയോസ് വിഭാവനം ചെയ്യുന്നതെങ്ങനെ എന്നു നോക്കാം.

സ്റ്റോയിക്കുകളുടെ ചിന്താഗതിയിൽ ഈശ്വരൻ പ്രപഞ്ചാന്തർലീനനാണ്. പ്രപഞ്ചത്തിൽ നിന്നു സ്വതന്ത്രമായ ഒരു അസ്തിത്വം ഈശ്വരനു സാദ്ധ്യമേ അല്ല. ഗ്രീഗോറിയോസ് പറയുന്നത് ഈശ്വരൻ പൂർണ്ണമായും അതിരിക്തനാണെന്നാണ്. അതുകൊണ്ട് പൂർണ്ണമായും നിഷ്പ്രപഞ്ചതയിൽ തന്റെ അസ്തിത്വം പാലിക്കുന്നവനാണ്.

അങ്ങനെയെങ്കിൽ ഈ പ്രപഞ്ചം എവിടെനിന്നുണ്ടായി? എവിടെ എന്തിലാണത് ഇന്നു നിലകൊള്ളുന്നത്? വസ്തുപ്രപഞ്ചം ഒന്നുകിൽ ഈശ്വരനിലാണ്, അല്ലെങ്കിൽ ഈശ്വരനു പുറത്താണ്. ഈശ്വരനിലാകണമെങ്കിൽ ഈശ്വരൻ തന്നെ വസ്തുമയനായിരിക്കണം. വസ്തുമയമായത് വസ്തുവിലല്ലാതെ നിലകൊള്ളുവാൻ സാധിക്കുന്നതെങ്ങനെ? ഈശ്വരനു പുറത്താണെങ്കിൽ അത് ഈശ്വരനിൽ നിന്നു സ്വതന്ത്രമായിരിക്കും. അങ്ങനെയെങ്കിൽ, പ്രപഞ്ചവും ഈശ്വരനെപ്പോലെ അനാദ്യന്തമാണ്.

ഈ പ്രശ്നത്തിനു ഗ്രീഗോറിയോസ് മറുപടി നൽകുന്നത് വസ്തുവിനുതന്നെ ഒരു പുതിയ നിർവ്വചനം നൽകിയാണ്. ആ നിർവ്വചനം തന്റെ സമകാലീനന്മാർക്ക് എത്രമാത്രം മനസ്സിലായി എന്നു നമുക്കറിഞ്ഞുകൂടാ. ഇക്കാലത്തുള്ളവർക്ക് അത് മനസ്സിലാക്കുവാൻ കുറേക്കൂടി എളുപ്പമാണ്. വസ്തുവെന്നു പറയുന്നത് ശക്തിയുടെ ഒരു ഭാവം മാത്രമാണ് എന്നാണ് ഗ്രീഗോറിയോസിന്റെ വാദം. 'ആത്മാവിനേയും പുനരുത്ഥാനത്തേയും പറ്റി' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം തന്റെ സഹോദരിയെക്കൊണ്ടു പറയിക്കുന്നു: "വസ്തുപ്രപഞ്ചം എങ്ങനെ ഉണ്ടായി എന്നു തീർത്തു പറയുവാൻ സാദ്ധ്യമല്ല. ആരെങ്കിലും പറയാൻ ശ്രമിച്ചാൽ അത് അബദ്ധമായിതീരുകയേയുള്ളു. പക്ഷേ, ഒന്നു നമുക്കു പറയാൻ കഴിയും, ഈശ്വരൻ ഇച്ഛിക്കുമ്പോൾ ഈശ്വരേച്ഛയുടെ ശക്തി പദാർത്ഥമായി പരിണമിക്കുന്നു. സർവ്വ പദാർത്ഥത്തിന്റേയും അസ്തിത്വത്തിനു നിദാനം ഈശ്വരേച്ഛയാണ്."

ഈ പ്രപഞ്ചത്തിൽ ഈശ്വരൻ അന്തർയ്യാമിയായിരിക്കുന്നു എന്നു പറഞ്ഞാൽ ഈശ്വരാസ്തിത്വം വസ്തുപ്രപഞ്ചത്തിൽ അധിഷ്ഠിതമാണെന്നല്ല അർത്ഥം. ഈശ്വരന്റെ ഇച്ഛാശക്തിയാണു വസ്തുനിഷ്ഠമായ പ്രപഞ്ചമായി പരിണമിക്കുന്നത് എന്നതിൽതന്നെയാണ് തന്റെ അന്തർയ്യാമിത്വം.

അതായത് തന്റെ അസ്തിത്വത്തിൽ കൂടെയല്ല. പ്രത്യുത തന്റെ ഇച്ഛാശക്തിയിൽകൂടിയാണ് ഈശ്വരൻ പ്രപഞ്ചത്തിൽ അന്തർയ്യാമി ആയിരിക്കുന്നതെന്നു സാരം.

എന്നാൽ ഈശ്വരന്റെ ഇച്ഛാശക്തി നിശ്ചലമല്ല, പ്രത്യുത സചേഷ്ടമാണ്, ക്രിയാത്മകമാണ്. അതുകൊണ്ടാണ് തന്റെ അന്തർയ്യാമിത്വവും തന്റെ അതിരിക്തതയെപ്പോലെതന്നെ സ്വതന്ത്രമായി നിലകൊള്ളുന്നത്.

ഈശ്വരന്റെ അജ്ഞേയത
– ഈശ്വരസ്വാതന്ത്ര്യത്തിന്റെ ഒരു വശം

തന്റെ അതിരിക്തതയിലും തന്റെ അന്തർയ്യാമിത്വത്തിലും ഈശ്വരൻ അജ്ഞേയനായി നിലകൊള്ളുന്നു. ഗ്രീഗോറിയോസിന്റെ കാലത്തിനു മുൻപു ജീവിച്ചിരുന്ന നിയോപ്ലേറ്റോണിസ്റ്റ് യവന ദാർശനികനായ പ്ലോട്ടൈനസ് പറയുമായിരുന്നു, ഈശ്വരന്റെ അജ്ഞേയത മനുഷ്യമനസ്സ് വസ്തുനിഷ്ഠമായ ഒരു ശരീരത്തിൽ കുടുങ്ങിക്കിടക്കുന്നതുകൊണ്ടാണ് ഉണ്ടാകുന്നതെന്ന്. ശരീരത്തിൽ നിന്നു മുക്തി പ്രാപിച്ചാൽ ഈശ്വരനെ അറിയുവാൻ മനുഷ്യനു സാധിക്കുമെന്നായിരുന്നു പല ഹൈന്ദവ ദാർശനികന്മാരേയുംപോലെ പ്ലോട്ടൈനസും അഭിപ്രായപ്പെട്ടിരുന്നത്. എന്നാൽ ഗ്രീഗോറിയോസ് പറയുന്നത്, ഈശ്വരസ്വാതന്ത്ര്യത്തിന്റെ ലക്ഷണമാണ് ഈശ്വരന്റെ അജ്ഞേയത; അല്ലാതെ മനുഷ്യമനസ്സിന്റെ ബാന്ധവത്തിൽ നിന്ന് ഉത്ഭൂതമാകുന്നതല്ല എന്നാണ്.

ഗ്രീഗോറിയോസിന്റെ സമകാലീനനും സ്നേഹിതനുമായ നാസ്സിയാൻസിലെ ഗ്രീഗോറിയോസ് പറയുമായിരുന്നു, ഈശ്വരനെപ്പറ്റി മനുഷ്യമനസ്സിന് അറിയുവാൻ കഴിയുന്ന ഏകവസ്തുത ഈശ്വരന്റെ അജ്ഞേയത മാത്രമാണെന്ന്. നിസ്സായിലെ ഗ്രീഗോറിയോസിന്റെ സഹോദരനായ മഹാനായ ബസ്സേലിയോസിന്റെ അഭിപ്രായം അതിലും കടന്നതാണ്. ഈശ്വരനെ ഗ്രഹിക്കുവാൻ സൃഷ്ടിയിലുള്ള യാതൊരു മനസ്സിനും സാദ്ധ്യമല്ല. എന്നു മാത്രമല്ല, സൃഷ്ടജീവികളെപ്പോലും പരിപൂർണ്ണമായി ഗ്രഹിക്കുവാൻ മനുഷ്യനു സാദ്ധ്യമല്ല. ഒരു യാഥാർത്ഥ്യത്തെ അല്ലെങ്കിൽ സൃഷ്ടിയെ മനസ്സിലാക്കുവാൻ അതിന്റെ പ്രവർത്തനരീതി എന്തായിരിക്കുമെന്നു ഗ്രഹിക്കുകയാണല്ലോ മാർഗ്ഗം. ഒരു സൃഷ്ടിത ജീവിയെ പൂർണ്ണമായി നാം ഗ്രഹിക്കണമെങ്കിൽ അതിന്റെ സകല പ്രവർത്തന സാദ്ധ്യതയേയും സകല ഭാവിയേയും നാം ഗ്രഹിച്ചിരിക്കണം. അങ്ങനെ ഒരു സൃഷ്ടിത ജീവിയുടെ സകല പ്രവൃത്തിയേയും മുൻകൂട്ടി അറിയുവാൻ നമുക്കു സാധിക്കുമെങ്കിൽ പിന്നെ അതിനു സ്വാതന്ത്ര്യം ഒന്നുമില്ലല്ലോ. സൃഷ്ടിയിൽ എല്ലാംതന്നെ അതിനുള്ള സ്വാതന്ത്ര്യത്തിന്റെ പരിണാമത്തിൽ അജ്ഞേയമാണ്. ഈശ്വരനെക്കുറിച്ചു ഗ്രഹിക്കണമെങ്കിൽ

ഈശ്വരൻ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നു നാം ഗ്രഹിക്കണമല്ലോ. ഈശ്വരന്റെ പ്രവർത്തന സാദ്ധ്യതകളെക്കുറിച്ച് നാം ഗ്രഹിക്കുന്നിടത്തോളം ഈശ്വരസ്വാതന്ത്ര്യത്തിന് നാം പരിമിതി കല്പിക്കുകയാണ്. അതുകൊണ്ടാണ് ഈശ്വരന്റെ അജ്ഞേയത, ഈശ്വരന്റെ സ്വാതന്ത്ര്യത്തിന്റെ ഒരു വശമായി ഈ ദാർശനികന്മാർ കരുതുന്നത്.

മതപുരോഹിതന്മാരായ ഞങ്ങളെപ്പോലെയുള്ളവർ ഈശ്വരനെക്കുറിച്ച് എല്ലാം ഞങ്ങൾക്ക് അറിയാമെന്നും മറ്റുള്ളവരെ പഠിപ്പിക്കാമെന്നുമൊക്കെ നടിച്ചു നടക്കാറുണ്ട്. യഥാർത്ഥത്തിൽ ഞങ്ങൾക്കു ചെയ്യാൻ സാധിക്കുന്നത് ഈശ്വരന്റെ അജ്ഞേയത മനുഷ്യന്റെ അനുഭവത്തിൽ കൊണ്ടുവരിക മാത്രമാണ്. അജ്ഞാനം, അതേ അധീതമായ ഒരു അജ്ഞാനം അഭ്യസിപ്പിക്കുവാൻ കടപ്പെട്ടവരാണ് ഞങ്ങൾ. അതല്ലാതെ ഈശ്വരൻ ഞങ്ങളുടെ ചെപ്പിനകത്തിരിക്കുന്ന ഒരു വസ്തുവായി കരുതി ദീർഘവിവരണങ്ങൾ മൂലം ആ അജ്ഞേയനെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഞങ്ങൾ പലപ്പോഴും ശ്രമിക്കുന്നത് ഞങ്ങളുടെ സ്വന്തം അജ്ഞാനത്തിന്റെ ലക്ഷണം മാത്രമാണ്.

ഈശ്വരന്റെ അതിരിക്തസ്വാതന്ത്ര്യം

ഈശ്വരൻ അതിരിക്തനെന്നു പറഞ്ഞാൽ സർവ്വത്തിൽനിന്നും വിദൂരനും വ്യത്യസ്തനുമാണെന്നു മാത്രമല്ല അർത്ഥം. സ്ഥലകാലനിശ്ചിതമായ ഒരു രൂപമോ ഭാവമോ ഈശ്വരനില്ലാത്തതുകൊണ്ട് നമ്മുടെ ജ്ഞാനപരിമിതിയിലുള്ളതോ അതിനപ്പുറമായതോ ആയ ഏതെങ്കിലും അസ്തിത്വവുമായി ഈശ്വരനെ താരതമ്യവിവേചനം ചെയ്യുവാൻ സാദ്ധ്യമല്ല.

സർവ്വസാദ്ധ്യത (Potentially) യുടേയും കേദാരമായ ഈശ്വരൻ തന്റെ ഏതെങ്കിലും സാദ്ധ്യതയെ യാഥാർത്ഥ്യ (realisation actuality) ത്തിലേക്ക് കൊണ്ടുവന്നു കഴിയുമ്പോഴേയ്ക്ക് ആ പ്രത്യേക സാദ്ധ്യതയെക്കുറിച്ചു തനിക്കുള്ള സ്വാതന്ത്ര്യം നഷ്ടപ്പെട്ടു കഴിയുകയില്ലേ എന്ന് ദാർശനികന്മാർ സംശയിക്കാറുണ്ട്. ഉദാഹരണമായി നിഷ്പ്രപഞ്ചതയിൽ നിലകൊണ്ടിരുന്ന ഈശ്വരന് പ്രപഞ്ചസൃഷ്ടി മൂലം സപ്രപഞ്ചനായിത്തീരുകയോ തീരാതിരിക്കുകയോ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ പ്രപഞ്ചസൃഷ്ടി മൂലം സപ്രപഞ്ചനായിക്കഴിഞ്ഞതോടെ ആ സ്വാതന്ത്ര്യം നഷ്ടപ്പെട്ടില്ലേ എന്നാണ് സംശയം. ഇല്ല, എപ്പോൾ വേണമെങ്കിലും സപ്രപഞ്ചതയോ നിഷ്പ്രപഞ്ചതയോ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം തനിക്കിപ്പോഴും അവശേഷിക്കുന്നുണ്ടെന്നും, ഓരോ 'നിമിഷ'ത്തിലും താൻ സപ്രപഞ്ചതയെ ഇച്ഛിക്കുന്നതു മാത്രമാണ് പ്രപഞ്ചത്തിന്റെ അസ്തിത്വത്തിന്നടിസ്ഥാനമെന്നുമാണ് സൃഷ്ടിവാദികളായ ക്രൈസ്തവ ദാർശനികന്മാർ പഠിപ്പിക്കുന്നത്. അടുത്ത 'നിമിഷ'ത്തിൽ

ഈശ്വരൻ തന്റെ സ്വാതന്ത്ര്യമുപയോഗിച്ച് നിഷ്പ്രപഞ്ചതയെ ഇച്ഛിക്കുന്നെങ്കിൽ പ്രപഞ്ചത്തിന്റെ അഭാവമായിരിക്കും ആ ഇച്ഛയുടെ ഫലം.

സർവ്വനിശ്ചിതത്വത്തിനും അതിരിക്തനാണ് ഈശ്വരൻ എന്നത് ഈശ്വരസ്വാതന്ത്ര്യത്തിന്റെ ഒരു വശം മാത്രമാണ്. എന്നാൽ പൗരസ്ത്യ ക്രിസ്തീയദർശനത്തിൽ സ്വാതന്ത്ര്യത്തിന് നിഷേധാത്മകമായ ഈ അർത്ഥത്തേക്കാൾ കൂടുതൽ പ്രാമുഖ്യം കല്പിക്കുന്നത് രചനാത്മകമായ ശക്തിക്കാണ്. ഇച്ഛിപ്പാൻ സ്വാതന്ത്ര്യമുണ്ടായതുകൊണ്ട് സ്വാതന്ത്ര്യമാകയില്ല. രണ്ടു സാദ്ധ്യതകൾ തമ്മിൽ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടായതുകൊണ്ടും വലിയ വിശേഷമൊന്നുമില്ല. ഭിക്ഷുവിന് കോടീശ്വരനാകണമെന്ന് ഇച്ഛിക്കുവാൻ പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ദാരിദ്ര്യം, ധനസമ്പത്ത് എന്നിവ തമ്മിൽ രണ്ടാമത്തേതിനെ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവുമുണ്ട്. പക്ഷേ, അതുകൊണ്ടെന്തു ഫലം? ദിവാസ്വപ്നം കാണാനുള്ള സ്വാതന്ത്ര്യം മാത്രം ലഭിച്ചതുകൊണ്ട് എന്തു വിശേഷം? ഇച്ഛിച്ചതും തെരഞ്ഞെടുത്തതും യാഥാർത്ഥ്യവൽക്കരിക്കുവാനുള്ള ശക്തി കൂടെയുണ്ടെങ്കിലേ രചനാത്മകമായ സ്വാതന്ത്ര്യമാകയുള്ളു.

ഈശ്വരന്റെ സ്വാതന്ത്ര്യമെന്നു പറയുന്നത് നിർദ്ദിഷ്ടതയിൽ നിന്നും നിശ്ചിതതയിൽ നിന്നുമുള്ള സ്വാതന്ത്ര്യം മാത്രമല്ല, പ്രത്യുത സർവ്വസാദ്ധ്യതകളേയും തന്നിൽ ഉൾക്കൊള്ളുവാനും തന്റെ ഇച്ഛയ്ക്കനുസരിച്ച് അവയെ യാഥാർത്ഥ്യത്തിൽ കൊണ്ടുവരുവാനുമുള്ള ശക്തി തനിയ്ക്കുണ്ടെന്നുള്ളതിലാണ് ഈശ്വര സ്വാതന്ത്ര്യത്തിന്റെ മർമ്മം കിടക്കുന്നത്.

മനുഷ്യസ്വാതന്ത്ര്യം

മനുഷ്യസ്വാതന്ത്ര്യത്തേയും പൗരസ്ത്യ ക്രിസ്തീയ ദാർശനികന്മാർ വിവക്ഷിക്കുന്നത് ഈശ്വര സ്വാതന്ത്ര്യത്തിന്റെ രൂപത്തിലും അടിസ്ഥാനത്തിലുമാണ്. ഈശ്വരനെപ്പറ്റി ഇതുവരെ പറഞ്ഞതുതന്നെ വളരെക്കൂടുതലായിപ്പോയെന്നാണ് എന്റെ ഭയം. പറഞ്ഞതിൽ വളരെയധികം അബദ്ധങ്ങളും കണ്ടേക്കും. അതുകൊണ്ടിനി മനുഷ്യനെപ്പറ്റിയും അവന്റെ സ്വാതന്ത്ര്യത്തെപ്പറ്റിയും രണ്ടു വാക്കു പറയുവാൻ ശ്രമിയ്ക്കട്ടെ.

മനുഷ്യസ്വാതന്ത്ര്യത്തിന് ആറു വശങ്ങളുണ്ട്. ഒന്നാമത് വ്യക്തിയുടെ സ്വാതന്ത്ര്യവും രണ്ടാമത് സമൂഹത്തിന്റെ സ്വാതന്ത്ര്യവും. ഇവ തമ്മിൽ ബന്ധവുമുണ്ട്, വ്യത്യാസവുമുണ്ട്. കൂടാതെ, ചരിത്രത്തിൽ അല്ലെങ്കിൽ കാലത്തിലുള്ള മനുഷ്യന്റെ സ്വാതന്ത്ര്യമുണ്ട്. കാലാതീതമായ മനുഷ്യസ്വാതന്ത്ര്യവുമുണ്ട്. ഈ നാലു വശങ്ങളിലും നിഷേധാത്മകാർത്ഥത്തിൽ അതായത് ബാന്ധവത്തിൽ നിന്നുമുള്ള വിമുക്തി എന്ന അർത്ഥത്തിലുള്ള സ്വാതന്ത്ര്യവുമുണ്ട്. രചനാത്മകമായ അഥവാ ബാഹ്യസമ്മർദ്ദം കൂടാതെ സ്വമേധയാ നന്മയെ സൃഷ്ടിക്കുവാനുള്ള സ്വാതന്ത്ര്യവുമുണ്ട്. ഈ ആറു

വിധത്തിലുള്ള സ്വാതന്ത്ര്യത്തിന്റെയും പ്രകടനങ്ങൾ ഈശ്വരസ്വഭാവ ത്തിന്റെ മനുഷ്യരൂപത്തിൽ കൂടെയുള്ള പ്രദർശനങ്ങളായി കരുതാം.

വ്യക്തിയും സമൂഹവും

നിസ്സായിലെ ഗ്രീഗോറിയോസിന്റെ ചിന്തയിൽ മനുഷ്യൻ എന്ന പദ പ്രയോഗം കൊണ്ട് പ്രധാനമായി വിവക്ഷിക്കുന്നതു മനുഷ്യവർഗ്ഗത്തെ മുഴുവൻ ഒന്നായിട്ടാണ്. അതായത് ഇന്നു ജീവിച്ചിരിക്കുന്ന മനുഷ്യൻ മാത്രമല്ല, മനുഷ്യവർഗ്ഗത്തിന്റെ ആരംഭം മുതൽ ഉള്ള എല്ലാ മനുഷ്യരേ യുംകൂടി ഒരു മനുഷ്യവർഗ്ഗമായി അദ്ദേഹം വിഭാവനം ചെയ്യുന്നു. മനു ഷ്യവർഗ്ഗത്തിന്റെ മുഴുവനുമായുള്ള സ്വാതന്ത്ര്യത്തെ വിഭാവനം ചെയ്തിട്ട് ആ പശ്ചാത്തലത്തിൽ വ്യക്തിയുടെ സ്വാതന്ത്ര്യത്തെ കാണുവാനാണ് അദ്ദേഹം ശ്രമിക്കുന്നത്. മനുഷ്യവർഗ്ഗത്തിന്റെ സ്വാതന്ത്ര്യം എന്നു പറ യുന്നത് മനുഷ്യരെല്ലാവരും ഒന്നായി പരിവർത്തനം ചെയ്യപ്പെട്ട് ഈശ്വര സ്വരൂപം പ്രാപിക്കുക എന്ന അർത്ഥത്തിലാണ്.

വ്യക്തിത്വത്തിന്റെ അടിസ്ഥാനം ലിംഗഭേദത്തിലാണ്. മനുഷ്യസൃഷ്ടി യുടെ ആദിയിൽ ലിംഗഭേദമില്ലായിരുന്നുവെന്നും മനുഷ്യന്റെ ആത്യന്തിക ലക്ഷ്യപ്രാപ്തിയിൽ ലിംഗഭേദം ഒഴിഞ്ഞുപോകുമെന്നുമാണ് ഗ്രീഗോറി യോസിന്റെ വിവക്ഷ. ലിംഗഭേദത്തിൽ നിന്നുത്ഭൂതമാകുന്ന ബഹുത്വവും വ്യക്തിത്വവും മാനുഷികതയുടെ അവശ്യഘടകങ്ങളിൽപ്പെട്ടതല്ലെന്നും അവസാനം അവ ഇല്ലാതായിത്തീരുമെന്നുമാണ് അദ്ദേഹം പറയുന്നത്.

പാശ്ചാത്യദർശനത്തിൽ പലപ്പോഴും മനുഷ്യന്റെ സ്വാതന്ത്ര്യം എന്നു പറയുമ്പോൾ ചിന്തിക്കുന്നത് വ്യക്തിയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചു മാത്ര മാണ്. എന്നാൽ വ്യക്തികൾക്കു തന്നെയും പൂർണ്ണ സ്വാതന്ത്ര്യം പ്രാപി ക്കുന്നതിനു രാഷ്ട്രങ്ങളുടേയും വർഗ്ഗങ്ങളുടേയും വിമോചനം ആവശ്യ മാണെന്നും മനുഷ്യവർഗ്ഗം മുഴുവൻ വിമുക്തമായി എല്ലാവരും ഒരുമിച്ചു നന്മയെ സൃഷ്ടിക്കുന്നതിലാണു മനുഷ്യവർഗ്ഗത്തിന്റെ സ്വാതന്ത്ര്യവും സാക്ഷാത്കരിക്കപ്പെടുന്നതെന്നും ഇന്നു നമുക്കു കുറേശ്ശേ മനസ്സിലാ യിക്കൊണ്ടിരിക്കുകയാണ്. മനുഷ്യവ്യക്തി പൂർണ്ണമായി സ്വാതന്ത്ര്യം പ്രാപിക്കണമെങ്കിൽ അവനെ അടിച്ചമർത്തി ചൂഷണം ചെയ്യുന്ന വ്യവ സ്ഥിതി പാടേ മാറണം. ഓരോ രാജ്യത്തേയും വ്യവസ്ഥിതി മാത്രമല്ല അന്താരാഷ്ട്രീയ വ്യവസ്ഥിതി കൂടെ സ്വാതന്ത്ര്യത്തിന്റെ വളർച്ചയ്ക്ക് ഉതകുന്നതായിത്തീരണം.

ചരിത്രവും കാലാതീതതയും

ലിംഗഭേദവും വ്യക്തിത്വവും തെറ്റാണെന്നല്ല മേൽ പറഞ്ഞതിനർത്ഥം. മനുഷ്യവർഗ്ഗത്തിന്റെ ആകമാന വിമോചനത്തിന്, വ്യക്തിത്വവും വ്യക്തി

കളും ഉണ്ടാകുന്നതിന്, ലിംഗഭേദവും ആവശ്യമാണ്. ഗ്രീഗോറിയോസിന്റെ ചിന്താഗതിയിൽ പാപാധീനനാകുന്ന മനുഷ്യൻ മരണാധീനനുമായിത്തീരുമെന്ന് ഈശ്വരൻ മുൻകൂട്ടി കണ്ടതുകൊണ്ടാണ് മനുഷ്യൻ മരണം മൂലം നിശ്ശേഷം നശിച്ചുപോകാതിരിക്കത്തക്കവണ്ണം മരണത്തോടനുബന്ധിച്ച് ജനനവും ജനനത്തിനാവശ്യമായ ലിംഗഭേദവും മനുഷ്യനു നൽകിയത്. ഇങ്ങനെ പാപത്തിന്റെ പരിണതഫലം മരണം. മരണത്തിനുള്ള താല്ക്കാലിക മറുമരുന്ന് ജനനം. മനുഷ്യന്റെ അനുഭവത്തിൽ ജനനവും മരണവും തമ്മിലുള്ള ഇടക്കാലത്തിനാണ് അവൻ കാലമെന്നു പേർ പറയുന്നത്. മനുഷ്യന്റെ പൂർണ്ണവിമോചനം എന്നു പറയുന്നത് കാലികതയിൽനിന്നുള്ള വിമോചനം ആകണം. അതായത് ജനനമരണങ്ങളിൽനിന്നും ലിംഗഭേദത്തിൽ നിന്നുമുള്ള മോചനം.

ഒരു വ്യക്തിയുടെ വീക്ഷണത്തിൽ കാലമെന്നു പറയുന്നത് അവന്റെ ആയുഷ്കാലമാണ്. എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ വീക്ഷണത്തിൽ കാലമെന്നു പറയുന്നതു മനുഷ്യവർഗ്ഗത്തിന്റെ ചരിത്രമാണ്. മനുഷ്യവർഗ്ഗത്തിന്റെ പൂർണ്ണമോചനം ചരിത്രത്തിൽകൂടെ ഉള്ളതായിരുന്നാൽപോലും ചരിത്രത്തിൽ നിന്നുതന്നെ ഉള്ള മോചനം ആയിരിയ്ക്കണം. ചരിത്രം എന്നു പറയുന്നത് ഉത്പത്തിയും സാക്ഷാത്കാരവും തമ്മിലുള്ള അന്തരമാണ്. ഈ അന്തരത്തെ അതിജീവിച്ച് ചരിത്രത്തിന്നതീതമായ ഒരു സാക്ഷാത്കാരമാണ് മനുഷ്യന് ആവശ്യമായിട്ടുള്ളത്.

യാതൊന്നിൽനിന്നുള്ള സ്വാതന്ത്ര്യവും യാതൊന്നിനായുള്ള സ്വാതന്ത്ര്യവും (Freedom from and freedom for)

വ്യക്തിയായാലും സമൂഹമായാലും, കാലത്തിനുള്ളിലായിട്ടായാലും കാലാതീതമായിട്ടായാലും സ്വാതന്ത്ര്യത്തിനു രണ്ടു വശങ്ങളുണ്ടെന്നു നാം പറയുന്നു. ഒന്നു നിഷേധാത്മകാർത്ഥത്തിൽ നമ്മുടെ സ്വാതന്ത്ര്യത്തെ നിഹനിക്കുന്ന വസ്തുക്കളിൽനിന്നുള്ള സ്വാതന്ത്ര്യം. മറ്റൊന്ന് രചനാത്മകാർത്ഥത്തിൽ, നാം തെരഞ്ഞെടുക്കുന്നതോ ഇച്ഛിക്കുന്നതോ ആയിട്ടുള്ളതിനെ സഫലീകരിക്കുന്നതിനുള്ള ശക്തിയാകുന്ന സ്വാതന്ത്ര്യം. സാധാരണയായി നാം സ്വാതന്ത്ര്യത്തെപ്പറ്റി ചിന്തിക്കുമ്പോൾ ബാന്ധവത്തിൽ നിന്നുള്ള മോചനം എന്നുള്ള നിഷേധാത്മകമായ അർത്ഥമാണ് നമ്മുടെ മനസ്സിൽ പലപ്പോഴുമുള്ളത്. വ്യക്തിയായാലും രാഷ്ട്രമായാലും ബാന്ധവത്തിൽ നിന്നുള്ള മോചനം കൊണ്ടു മാത്രം മനുഷ്യന് സ്വാതന്ത്ര്യമാകുന്ന ഈശ്വരസ്വരൂപം സംസിദ്ധിക്കുന്നില്ല. നന്മയെ തെരഞ്ഞെടുക്കുന്നതിനുള്ള വാസനയും, നന്മ ഏതെന്നു തിരിച്ചറിയുവാനുള്ള വിവേചനയും, തിരിച്ചറിഞ്ഞു തെരഞ്ഞെടുത്ത നന്മയെ സാഫല്യത്തിലെത്തിക്കുവാനുള്ള ശക്തിയും ചേർന്നെങ്കിൽ മാത്രമേ സ്വാതന്ത്ര്യം പൂർണ്ണമാകയുള്ളു.

സ്വാതന്ത്ര്യത്തിന്റെ ഘടന

സ്വാതന്ത്ര്യത്തിന്റെ രണ്ടു പ്രധാന ഘടകങ്ങൾ വ്യക്തിത്വത്തിൽ നിന്നുള്ള വിമോചനവും മരണാധീനതയിൽ നിന്നുള്ള വിമോചനവും ആണെന്ന് മുകളിൽ പറഞ്ഞല്ലോ. ഗ്രീഗോറിയോസിന്റെ ചിന്തയിൽ സ്വാതന്ത്ര്യത്തിന്റെ മൂന്നാമത്തെ ഘടകത്തിന് 'അപാഥിയ' (apatheia) അല്ലെങ്കിൽ നിഷ്കാമത എന്നു പേർ പറയും. നിഷ്കാമത എന്നുള്ളത് തികച്ചും തൃപ്തികരമായ പരിഭാഷയല്ല. മനുഷ്യനെ നന്മയുടെ പഥത്തിൽ നിന്നു തിന്മയുടെ മാർഗ്ഗത്തിലേയ്ക്കു വ്യതിചലിപ്പിക്കുന്നതൊക്കെയും കാമ (Pathos) മാണ്; സ്റ്റോയിക്കുകളുടെ ചിന്തയിൽ അപാഥിയ എന്ന പദത്തിന് തൃഷ്ണയുടെ അഭാവം എന്നാണ് അർത്ഥം. എന്നാൽ ഗ്രീഗോറിയോസിന്റെ ചിന്താഗതിയിൽ തൃഷ്ണയുടെ അഭാവം കൊണ്ടുമാത്രം കാര്യം നടക്കുകയില്ല. മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത് പദാർത്ഥമയമായ ഈ ലോകത്തേയും പദാർത്ഥേതരമായ ദിവ്യലോകത്തേയും ഒരുമിച്ചാസ്വദിക്കുന്നതിനാണ്. നിഷ്കാമത എന്നതുകൊണ്ട് അദ്ദേഹം ഉദ്ദേശിക്കുന്നത് ബാന്ധവത്തിൽ വീഴാതെ നന്മയെ ആസ്വദിക്കുന്നതിനുള്ള ശക്തിയേയാണ്. മനുഷ്യന്റെ നിഷ്കാമത എന്നു പറയുന്നത് നിശ്ചലമല്ല; പദാർത്ഥലോകത്തിൽനിന്ന് പൂർണ്ണമായും അതിരിക്തവുമല്ല. പദാർത്ഥലോകത്തേയും പദാർത്ഥേതരലോകത്തേയും ആസ്വദിച്ചു സ്വർഗ്ഗത്തിനും ഭൂമിയ്ക്കും മദ്ധ്യവർത്തിയായി ജീവിക്കുവാനാണ് അവൻ വിളിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യന്റെ സ്വാതന്ത്ര്യമെന്നു പറയുന്നതു പദാർത്ഥലോകത്തിൽ നിന്നും ശരീരപഞ്ജരത്തിൽനിന്നും ഉള്ള പൂർണ്ണമായ വിമുക്തിയല്ല, പ്രത്യുത ബാന്ധവഭയം കൂടാതെ സർവ്വ നന്മയേയും ആസ്വദിക്കുന്നതിനുള്ള ശക്തിയാണ്.

സ്വാതന്ത്ര്യത്തിന്റെ പൂർണ്ണതയിങ്കൽ ഗുരുത്വാകർഷണ (gravity) ത്തിന്റേയും മരണത്തിന്റെയും ബാന്ധവത്തിലുള്ള ഇപ്പോഴത്തെ സ്ഥൂലശരീരത്തെ നാം താഴെവയ്ക്കാതെ സാദ്ധ്യമല്ല. എന്നാൽ ശരീരത്തിൽനിന്നുമുള്ള മുക്തിയേക്കാൾ സ്വാതന്ത്ര്യത്തിന്റെ അവശ്യഘടകമായിട്ടുള്ളത് നമ്മെ അങ്ങോട്ടുമിങ്ങോട്ടും പിടിച്ചുവലിക്കുന്ന എല്ലാ ആകർഷക ശക്തികളിൽനിന്നും മോചനം പ്രാപിച്ച് അതേസമയം തന്നെ നിശ്ചലരായി നിൽക്കാതെ നാം ഉദ്ദേശിക്കുന്ന മാർഗ്ഗത്തിൽകൂടെ ചരിക്കുവാനുള്ള സ്വാതന്ത്ര്യമാണ്. കാമം നമ്മെ അടിപ്പെടുത്തിക്കൂടാ. പക്ഷേ, സ്വാതന്ത്ര്യമെന്നു പറയുന്നതിന് കാമത്തിന്റെ അഭാവമെന്നല്ല അർത്ഥം. പ്രത്യുത നമ്മുടെ ആഗ്രഹങ്ങളെ നമ്മുടെ ഇച്ഛാശക്തിക്കനുസരണമായി നിയന്ത്രിക്കുവാനും ഭൗതിക ലോകത്തേയും ആദ്ധ്യാത്മിക ലോകത്തേയും ബാന്ധവം കൂടാതെ ആസ്വദിക്കുവാനുമുള്ള കഴിവ് എന്നാണർത്ഥം.

സ്വാതന്ത്ര്യമെന്നുള്ള പദത്തിന് ഈശ്വരസന്നിധിയിലേക്കു ഭയം കൂടാതെ പ്രവേശിക്കുവാനുള്ള സാദ്ധ്യത എന്നുകൂടെ അർത്ഥമുണ്ട്. ഈശ്വരസവിധത്തിൽ നിന്നും നമ്മെ അകറ്റി നിർത്തുന്ന സംഗതികൾ തിന്മയും കാപട്യവുമാണ്. കളങ്കമില്ലാത്ത മനഃസാക്ഷിയുള്ളവർക്കു മാത്രമേ ധൈര്യപൂർവ്വം ഈശ്വരസന്നിധിയിൽ പ്രവേശിക്കുവാൻ സാധിക്കൂ. കുറ്റബോധത്തിൽനിന്നും തിന്മയിൽ നിന്നുമുള്ള മോചനം കൂടാതെ മനുഷ്യനു സ്വതന്ത്രനാകുവാൻ സാദ്ധ്യമല്ല. ആകാംക്ഷയിൽ നിന്നും വ്യാകുലത്തിൽ നിന്നും വിമുക്തരായി ശിക്ഷാഭയം കൂടാതെ ഈശ്വര സവിധത്തിൽ ആടിപ്പാടി ആനന്ദിക്കുന്നതാണു സ്വാതന്ത്ര്യത്തിന്റെ പരമ പ്രകടനം. പാപം ചെയ്ത ആദാമും ഹവ്വായും ഈശ്വരൻ അവരെ അന്വേഷിച്ചു വരുമ്പോൾ ഓടി ഒളിക്കേണ്ടതായി വരുന്നു. ഈശ്വരനിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ ഒളിക്കുവാൻ ആവശ്യമില്ലാത്ത ഒരു സ്ഥിതിവിശേഷത്തിനാണ് സ്വാതന്ത്ര്യമെന്നു പറയുന്നത്. തികഞ്ഞ സ്വാഭാവികതയോടെ ആനന്ദനൃത്തം ചെയ്തു മുഷിച്ചിലും അല്ലലും ഇല്ലാതെ അനുസ്യൂതമായി പ്രസരിക്കുന്ന അനന്തമായ ആനന്ദത്തെയാണ് മനുഷ്യസ്വാതന്ത്ര്യമായി നിസ്സായിലെ ഗ്രീഗോറിയോസ് വിവക്ഷിക്കുന്നത്.

ഇവിടെ ഒരു പ്രശ്നം ഉദിക്കുന്നുണ്ട്. ഈശ്വരൻ പ്രകൃത്യാ അപ്രാപ്യനും അജ്ഞേയനും ആണെങ്കിൽ മനുഷ്യനെങ്ങനെയാണു ആ സന്നിധാനത്തിലേയ്ക്കു പ്രവേശിക്കുക? പൗരസ്ത്യ ക്രിസ്തീയ ദർശനത്തിന്റെ ചില പ്രത്യേകതകൾ ഇവിടെയാണു വെളിപ്പെടുന്നത്. ഒന്നാമത്: ഈശ്വരസന്നിധാനം എന്നു പറയുന്നത് അങ്ങു ദൂരെ ലോകത്തിന്നതീതമായ ഒരു സ്ഥലത്തുള്ളതല്ല. ഈ പ്രപഞ്ചത്തിൽ തന്റെ ഇച്ഛാശക്തി മൂലം അന്തർയ്യാമിയായി സന്നിഹിതനായിരിക്കുന്ന ഈശ്വരൻ മനുഷ്യന്റെ അന്തസ്സത്തയിലും സന്നിഹിതനാണ്. ഈശ്വരദർശനം എന്നു പറയുന്നത് ഈശ്വരമുകുരമായ മനുഷ്യൻ തിന്മയിൽനിന്നും വഞ്ചനയിൽ നിന്നും അജ്ഞാനത്തിൽ നിന്നും മോചനം പ്രാപിച്ച് ഈശ്വര സാരൂപ്യം പ്രാപിക്കുമ്പോൾ മനുഷ്യൻ തന്നെ ഈശ്വരനെ പ്രതിബിംബിപ്പിക്കുന്നതിൽ നിന്നാണുണ്ടാകുന്നത്. രണ്ടാമത്: സത്തയിൽ ഈശ്വരൻ അജ്ഞേയനാണെങ്കിലും, തന്റെ ശക്തി (power, energia) യിലും ക്രിയയിലും (act) അവന്റെ സന്നിധിയിൽ പ്രവേശിപ്പാനും ഈശ്വരനെ അറിയുവാനും മനുഷ്യനു സാധിയ്ക്കും.

കർത്തൃത്വത്തിൽ കൂടെയുള്ള സ്വാതന്ത്ര്യം

ഇതുവരെ പ്രതിപാദിച്ചത് മനുഷ്യന് ഈശ്വരനോടുള്ള ബന്ധത്തിൽ കൂടെയുള്ള സ്വാതന്ത്ര്യാനുഭവത്തെക്കുറിച്ചാണ്. ഇനി പ്രതിപാദിക്കുവാനുള്ളത് സൃഷ്ടിയുടെ നാഥനും നന്മയുടെ കർത്താവും എന്ന നിലയിൽ

മനുഷ്യനുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചാണ്. മനുഷ്യപ്രകൃതി സൃഷ്ടിയിങ്കൽതന്നെ രാജകീയമാണ്. ഈശ്വരൻ പ്രഭുവാണ്. അവന്റെ സ്വരൂപമായ മനുഷ്യനും പ്രഭു തന്നെ. അല്ലാതെ ദാസനല്ല. സർവ്വ പ്രപഞ്ചത്തിന്റേയും അധിപനാകുവാൻ വേണ്ടിയാണു മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളതെന്നു ഗ്രീഗോറിയോസ് വാദിക്കുന്നു. ഇതേപ്പറ്റി അദ്ദേഹം പറയുന്നത് മനുഷ്യന്റെ മനസ്സു മാത്രമല്ല അവന്റെ ശരീരം കൂടെ ഈ രാജത്വത്തിന് ഉതകത്തക്കവണ്ണമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നാണ്. മൃഗങ്ങൾ തങ്ങളുടെ മുൻകാലുകൾ ഉപയോഗിക്കുന്നത് അവയുടെ താഴ്ത്തപ്പെട്ട തല താങ്ങാനാണ്. മനുഷ്യനാകട്ടെ തല താഴ്ത്താതെ ഉയർത്തിപ്പിടിച്ച് രണ്ടു കാലുകളിന്മേൽ മാത്രം സഞ്ചരിക്കുന്നു. അവന്റെ മുൻകാലുകളായ കൈകൾ മനസ്സിന്റെ ഇച്ഛയെ അനുവർത്തിക്കുന്ന ഉപകരണങ്ങളായി മാറുന്നു. മൃഗങ്ങളുടെ വായും നാക്കും മൂക്കും ഒക്കെ ഉപയോഗിക്കുന്നത് ഭക്ഷണം മണത്തറിഞ്ഞു കണ്ടുപിടിച്ച് ചുണ്ടും നാക്കുംകൊണ്ട് പെറുക്കി എടുത്ത് വായ്ക്കകത്താക്കാനാണ്. മനുഷ്യനാകട്ടെ അവന്റെ വായും ചുണ്ടും നാവുമൊക്കെ ഭാഷയെ ഉത്പാദിപ്പിക്കുവാനും, ഭാഷ മൂലം മനസ്സിന്റെ ശക്തിയേയും മനുഷ്യർ തമ്മിലുള്ള പരസ്പരബന്ധത്തേയും വർദ്ധിപ്പിക്കുവാനും ഉപയോഗിക്കുന്നു.

മൃഗങ്ങൾക്ക് കൊമ്പുണ്ട്, പല്ലുണ്ട്, നഖമുണ്ട്, വേഗതയുണ്ട്, ശക്തിയുണ്ട്. മനുഷ്യന് ഇവയൊന്നുമില്ല. പക്ഷേ, അതൊരു ബലഹീനതയല്ല. കാരണം സ്വാഭാവികമായി അവനില്ലാത്ത ശക്തികളെ തന്റെ ചിന്താശക്തികൊണ്ട് ഉത്പാദിപ്പിക്കുവാൻ മനുഷ്യനു കഴിയുന്നു. ആയുധങ്ങളും ഉപകരണങ്ങളും വസ്ത്രങ്ങളും വാഹനങ്ങളുമൊക്കെ ഉണ്ടാക്കി മനുഷ്യൻ മൃഗങ്ങളുടെയും നാഥനായിത്തീരുന്നു. ഇതെല്ലാം മനുഷ്യ സ്വാതന്ത്ര്യത്തിന്റെ ഒരു പ്രകടനം തന്നെയാണ്. സ്ഥൂലപ്രപഞ്ചത്തിൽനിന്നു വിമുക്തനായി പരമാത്മാവോടു ചേരുന്നതിൽ മാത്രമല്ല മനുഷ്യന്റെ സ്വാതന്ത്ര്യം കിടക്കുന്നത്. പ്രത്യുത സ്ഥൂലപ്രപഞ്ചത്തിലുള്ള വസ്തുക്കളേയും ജീവികളേയും കീഴടക്കി അവയെ ശരിയായി ഭരിക്കുന്നതിലും കൂടെയാണ് മനുഷ്യന്റെ സ്വാതന്ത്ര്യം സ്ഥിതിചെയ്യുന്നത്.

പക്ഷേ, ഇങ്ങനെ ഭരിക്കുന്നതു നിഷേധാത്മകമായ രീതിയിലോ സമാധാനപാലനം എന്ന അർത്ഥത്തിലോ എടുത്തുകൂടാ. പ്രകൃതിയെ കീഴടക്കുന്നത് അതിൽതന്നെ സ്വാതന്ത്ര്യമാകുന്നില്ല.

ഈശ്വരൻ സർവ്വ നന്മയുടേയും കേദാരമാണ്; ഈശ്വരസ്വരൂപമായ മനുഷ്യനും അങ്ങനെ തന്നെയാണ്. സൃഷ്ടിയെ മനുഷ്യൻ കീഴടക്കുന്നതു നന്മയെ ഉത്പാദിപ്പിക്കുവാൻ വേണ്ടിയാണ്. സയൻസും ടെക്നോളജിയും കൊണ്ട് ലോകത്തെ കീഴടക്കിയതുകൊണ്ടു മാത്രം മനുഷ്യൻ

മനുഷ്യനാകുന്നില്ല. പ്രപഞ്ചത്തിലുള്ള വസ്തുക്കളേയും ജീവികളേയും ഉപയോഗിച്ചു പുതിയ നന്മകളെ സൃഷ്ടിച്ച് ഈശ്വരസ്വഭാവമാകുന്ന നന്മ യുടെ പ്രകടനത്തിനായി പ്രകൃതിയെ ഉപയോഗിക്കുവാൻ മനുഷ്യനു കഴി യുമ്പോഴേ മനുഷ്യൻ പൂർണ്ണമായും സ്വതന്ത്രനാകുവാൻ ആരംഭിക്കുക യുള്ളു.

ഈശ്വരൻ നന്മയാണ്; പ്രകൃതി നന്മയുമല്ല തിന്മയുമല്ല. മനുഷ്യന് നന്മയും തിന്മയും സാദ്ധ്യതകളാണ്. ഈശ്വരന്റെ നന്മയെ പ്രകൃതിയിൽ കൂടെ പ്രദർശിപ്പിക്കുന്നതിലാണ് മനുഷ്യന്റെ സൃഷ്ടിപരമായ നന്മ കാണേ ണ്ടത്.

ഈശ്വരൻ തന്റെ സ്വാതന്ത്ര്യത്തിൽ നന്മയെ സൃഷ്ടിക്കുന്നു. മനു ഷ്യനും നന്മയെ സൃഷ്ടിക്കുന്നതു മൂലമാണ് യഥാർത്ഥത്തിൽ ഈശ്വര സ്വരൂപനും സ്വതന്ത്രനുമായിത്തീരുന്നത്.

പാഠം 2

ഈശ്വരസ്വഭാവം ക്രൈസ്തവ ദർശനത്തിൽ - 1

ഈശ്വരദർശനം! പാശ്ചാത്യ ക്രിസ്തീയ വീക്ഷണത്തിലെ അത്യുന്ന തമായ ഭാഗധേയ പാരമ്യമാണത്. അതിൽ കവിഞ്ഞൊന്നും മനുഷ്യേന് അഭികാമ്യമായിട്ടില്ല. പാശ്ചാത്യ ദാർശനികന്മാർ ഭഗവദ്ദർശനത്തിന് Beatific Vision എന്ന് പേർ പറയുന്നു. താപസജീവിതത്തിന്റെ ലക്ഷ്യമതാണ്. ക്രിസ്തീയ ധ്യാനസോപാനത്തിന്റെ ഉച്ച കോടിയുമതു തന്നെ. സുപ്ര സിദ്ധ പാശ്ചാത്യ ക്രിസ്തീയ ദാർശനികനായ തോമസ് അക്വിനാസ്, വേദശാസ്ത്രപരമായ മഹാ പ്രബന്ധങ്ങൾ പലതും രചിച്ചതിന്റെ ശേഷം, തന്റെ ജീവിതാന്ത്യത്തിൽ മരണത്തിന് ഏതാണ്ട് നാലു മാസം മുമ്പ്, എഴുത്തു നിർത്തിവെച്ചതിന്റെ കാരണമെന്തായിരുന്നു? തന്റെ ജീവിത ത്തിൽ പലപ്പോഴുമുണ്ടായ ഭഗവദ്ദർശനം, അപൂർവ്വ ദൃഷ്ടമായ ശക്തി യോടെ വീണ്ടും തനിക്കുണ്ടായതിന്റെ ഫലമായി, ഈശ്വരൻ സർവ്വ ലിഖിതങ്ങൾക്കും പദങ്ങൾക്കും അതീതനാണെന്നു താൻ കണ്ടതു തന്നെ.

എന്നാൽ എങ്ങനെയാണീ വീക്ഷണം സാദ്ധ്യമാവുക? ക്രിസ്തീയ പാരമ്പര്യത്തിലെ അടിസ്ഥാനപ്രമാണങ്ങളിലൊന്നാണ്: "ഈശ്വരന്റെ സത്ത, തത്ത്വം (essentia, ousia) മനുഷ്യനോ, മാലാഖയ്ക്കോ ദർശിക്കു

വാൻ സാദ്ധ്യമല്ല" എന്നുള്ളത്. ഈ പ്രമാണമാണ് 1241 ജനുവരി 13-നു പാരീസിലെ മെത്രാപ്പോലീത്തായായ വില്യം (Guillaume d' Auvergne) നിഷേധിച്ചതും അങ്ങനെ പാശ്ചാത്യസഭയിൽ ഈ വിഷയത്തെക്കുറിച്ചുള്ള ഉഗ്രവിവാദത്തിന് വഴി തെളിയിച്ചിട്ടുള്ളതും. ബോനവെൻതൂരാ പറഞ്ഞിട്ടുള്ളത് ക്രിസ്തുവിന്റെ ആത്മാവിനു പോലും ദൈവത്തിന്റെ സത്തയെ (ousia) സമഗ്രമായി ഗ്രഹിക്കാൻ സാദ്ധ്യമല്ലെന്നായിരുന്നു. ഈ അഭിപ്രായം പൗരസ്ത്യ ചിന്താഗതിക്ക് സ്വീകാര്യമാണ് - ഏറെക്കുറെ.

പക്ഷേ, ആൽബർറ്റ് ദി ഗ്രേറ്റ് പറയുമായിരുന്നു: ഭഗവദ്ദർശനത്തിൽ ദൈവം അന്യമാധ്യമം കൂടാതെ താൻ തന്നെയാണു മനുഷ്യന് ദൃശ്യനാകുന്നതെന്ന് (Comentary on the sentences. in sent. IV. dist XLIX. a. 5 ed. Borgnet LXXX, p. 970). ഈ ചിന്ത പൗരസ്ത്യ ദാർശനികനായ ദിവന്നാസ്യോസിലും കാണുന്നുണ്ടത്രെ. പക്ഷേ, ഭഗവദ്ദർശനം സാദ്ധ്യമാണെന്ന് സ്ഥാപിക്കാൻവേണ്ടി, ഈശ്വരസത്ത സൃഷ്ടിയിലുള്ള യാതൊരു മനസ്സിനും ഗ്രാഹ്യമല്ല എന്ന മൗലികപ്രമാണത്തെ നിഷേധിക്കുന്ന പതിവ് പൗരസ്ത്യർക്കില്ല. എന്നാൽ ഈ രണ്ടു തത്ത്വങ്ങൾ തമ്മിലുള്ള പ്രത്യക്ഷമായ വൈരുദ്ധ്യത്തിനെന്താണ് സമാധാനം?

ഈ വിരോധാഭാസത്തിനടിയിൽ കിടക്കുന്ന ചില പ്രശ്നങ്ങളെ മുകളിൽ കൊണ്ടുവന്നെങ്കിൽ മാത്രമേ ഈശ്വരദർശനത്തെപ്പറ്റി പ്രയോജനപ്രദമായി പ്രതിപാദിക്കാൻ സാധിക്കൂ.

ആരാണീശ്വരൻ?
ആരാണ് മനുഷ്യൻ?
എന്താണീ പ്രപഞ്ചം?

ഇവയാണ് മൗലികപ്രശ്നങ്ങൾ. സ്വന്തം അറിവിൽ നിന്ന് ഈ പ്രശ്നങ്ങൾക്കു മറുപടി പറയുവാനെനിക്ക് സാദ്ധ്യമല്ല. ഈശ്വരനെ ഞാൻ ദർശിച്ചിട്ടില്ല. ഒരു മനുഷ്യനാണെന്ന് പറയുന്ന ഈ എന്നെത്തന്നെ മനസ്സിലാക്കുവാൻ എനിക്ക് കഴിഞ്ഞിട്ടില്ല. പ്രപഞ്ചം ഒരു മഹാ രഹസ്യമായിട്ടാണ് ഇന്നും എനിക്ക് അനുഭവപ്പെടുന്നത്.

അതുകൊണ്ട് എന്റെ സ്വന്തം അഭിപ്രായങ്ങളൊക്കെ തൽക്കാലമൊന്ന് മാറ്റിവെച്ചിട്ട്, ചില പൗരാണിക പൗരസ്ത്യ ക്രിസ്തീയ ദാർശനികന്മാരുടെ ലിഖിതങ്ങളെ അടിസ്ഥാനമാക്കി ഈ ചോദ്യങ്ങളുടെ മറുപടിയിലേക്ക് പ്രവേശിക്കാനേ സാധിക്കൂ.

പ്രഗത്ഭമായ പൗരസ്ത്യ ചിന്തയുടെ പ്രാഥമികാശയങ്ങളിലൊന്ന്, സാധാരണ ക്രിസ്ത്യാനികളുടെ വിശ്വാസം ഒരു ക്രിസ്ത്യാനിക്ക് ലഭ്യമാകാവുന്ന ഭാഗധേയത്തിന്റെ പ്രഥമപടി മാത്രമേയാകുന്നുള്ളൂ എന്നും,

അതിന്നുപരിയായ ഒരു ദിവ്യ വിജ്ഞാനം ക്രിസ്തീയമാർഗ്ഗത്തിലൂടെ പ്രാപ്യമാണെന്നുമുള്ളതായിരുന്നു. യവനദർശന (Greek Philosophy) വും യഹൂദമതത്തിൽ ഉത്ഭവിച്ച ക്രിസ്തീയ വിശ്വാസവും തമ്മിലുള്ള ഒരു വിവാഹം ആദിയിലേ നടന്നു. ആ വിവാഹവേദി അലക്സന്ത്ര്യാ നഗരമായിരുന്നുവെന്ന് വേണമെങ്കിൽ പറയാം.

അലക്സന്ത്ര്യായിലെ ക്രിസ്തീയ സർവ്വകലാശാലാധിപനായിരുന്ന ക്ലിമീസ് (ഏകദേശം 180-ാമാണ്ട്) ക്രിസ്തുവിനെ പ്രധാനമായും ഒരു ഗുരുവായിട്ടാണ്, ഒരദ്ധ്യാപകനായിട്ടാണ് കണ്ടത്. സാധാരണ ക്രിസ്ത്യാനിയെ വിശ്വാസമഭ്യസിപ്പിക്കുന്ന ഈ ഗുരു (Pedagogos) പ്രാപ്തിയുള്ളവരെ അടുത്ത പടിയായ ജ്ഞാന (Gnosis) ത്തിലേക്കു നയിക്കുന്നു. ഈ ജ്ഞാനത്തിൽക്കൂടെയാണ് ഭഗവദ്ദർശനം (beatific vision) സാദ്ധ്യമാകുന്നത്.

ഈ രഹസ്യജ്ഞാനവാദം ക്രമേണ പലവിധ അബദ്ധ ജല്പനങ്ങളിലേക്കും സഭയെ നയിച്ചതുകൊണ്ട് പിന്നീടതിനെ വേദവിപരീതമായി തള്ളി.

സാധാരണവിശ്വാസത്തിന് ഉപരിയായുള്ള യോഗം അഥവാ ഈശ്വര സാക്ഷാത്കാരത്തിനുള്ള ഉപാസനം മറ്റൊരു രൂപമെടുത്തത് ക്രിസ്തീയസന്യാസജീവിതത്തിലാണ്. ഈ സന്യാസജീവിതത്തിനു താത്ത്വികമായ അടിസ്ഥാനം കൊടുത്തത് നാലാം ശതാബ്ദത്തിൽ ആസ്യാ രാജ്യത്ത് (ഇന്നത്തെ തുർക്കിയിൽ) ജീവിച്ചിരുന്ന നീസ്സായിലെ ഗ്രിഗോറിയോസായിരുന്നു.

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മതത്തിന്റെ പരമലക്ഷ്യം ഉണ്മയുടെ ജ്ഞാനം (Gnosis ton onton) ആണ്. ഈ ഉണ്മ (Being) പരമനന്മ (absolute good) ആണ്. മനുഷ്യന്റെ ജീവാത്മാവ് ഈ ഉണ്മയായ നന്മ (ontos agathon) യിൽനിന്നു വേർതിരിഞ്ഞു പോയിരിക്കുന്നുവെന്നതാണ് മനുഷ്യന്റെ പ്രശ്നം. ജീവാത്മാവിനെ അതിന്റെ ബാന്ധവങ്ങളിൽ നിന്നു വിമോചിപ്പിച്ച് പരമാത്മാവുമായി യോജിപ്പിക്കുകയാണ് ക്രിസ്തീയമതത്തിന്റെ ലക്ഷ്യം. ആ മോചനവും സംയോജനവും സാദ്ധ്യമാക്കിത്തീർക്കുന്ന ജ്ഞാനമാണ് ദിവ്യജ്ഞാനം.

ഗ്രിഗോറിയോസിന്റെ ചിന്താഗതിയെയാണ് ഈ ഉപന്യാസം പ്രധാനമായി അവലംബിക്കുന്നത്.

ആരാണ് ദൈവം?

മനുഷ്യന്റെയോ സൃഷ്ടിയിലുള്ള മറ്റേതെങ്കിലും ജീവിയുടേയോ മനസ്സിന്നതീതമാണ് ദൈവം. മനുഷ്യമനസ്സിലുള്ള ജ്ഞാനത്തിന്റെയെല്ലാം

ഉത്ഭവം അവന്റെ പഞ്ചേന്ദ്രിയങ്ങളുടെ അനുഭൂതിയിൽ നിന്നാണല്ലോ. ഇന്ദ്രിയാനുഭൂതിയിൽ നിന്നും ഉള്ള എന്തെങ്കിലും വിശേഷണം, വിപര്യയം (Predicate) സ്ഥലകാലാതീതനും അപ്രമേയനുമായ ദൈവത്തെക്കുറിച്ച് ഉപയോഗിക്കാവുന്നതല്ല. ശ്രീശങ്കരന്റെ ഭാഷയിൽ പറഞ്ഞാൽ ഈശ്വരൻ സജാതീയ വിജാതീയ സ്വഗതഭേദരഹിതനാണ്. നേതി, നേതി, എന്ന ല്ലാതെ ഈശ്വരനെക്കുറിച്ച് പറയുവാൻ മനുഷ്യമനസ്സിന് സാദ്ധ്യമല്ല. ഗ്രീക്ക് ഭാഷയിൽ ഇതിന് apophatic theology എന്ന് പേരു പറയും. Apophasis എന്നു വച്ചാൽ നിഷേധാത്മകമായ തലകുലുക്കലാണ്.

എന്നാൽ അപ്രാപ്യനും അപ്രമേയനുമായ ഈ ഈശ്വരൻ, ചിലപ്പോ ഴൊക്കെ മനുഷ്യർക്ക് ദൃശ്യമായ രൂപം കൈക്കൊണ്ടിട്ടുണ്ട്. ഉദാഹരണം: മരുഭൂമിയിൽ മോശയ്ക്ക് പ്രത്യക്ഷപ്പെട്ട എരിയുന്ന മുൾപ്പടർപ്പ്. ഇങ്ങ നെയുള്ള ദൈവപ്രതിഭാസ (Theophany) ങ്ങളിൽ നിന്നാണ് സത്യത്തെ ക്കുറിച്ചും ദൈവത്തെക്കുറിച്ചും ചിലതൊക്കെ മനസ്സിലാക്കുവാൻ കഴി യുന്നത്.

മുൾപ്പടർപ്പിന്റെ മുൻപിൽനിന്നുകൊണ്ട് മോശ മനസ്സിലാക്കിയതെ ന്താണ്? ഗ്രിഗോറിയോസ് തന്നെ പറയട്ടെ:

"എന്റെ അഭിപ്രായത്തിൽ, ദൈവപ്രതിഭാസത്തിന്റെ പ്രകാശത്തിൽ മഹാനായ മോശ മനസ്സിലാക്കിയത്, മനുഷ്യേന്ദ്രിയങ്ങൾക്ക് അനുഭൂത മാകുന്നവയോ, മനുഷ്യമനസ്സ് വിഭാവനം ചെയ്യുന്നവയോ ആയ യാതൊ ന്നിനുംതന്നെ യഥാർത്ഥമായ അസ്തിത്വം ഇല്ലെന്നും, യഥാർത്ഥ അസ്തി ത്വമുള്ളത് യാതൊന്നിൽ സർവ്വവും അവലംബിച്ചു നിൽക്കുന്നുവോ ആ സർവ്വോപരിയായ സർവ്വാതിരിക്തനായ, സമസ്ത കാരണഭൂതനായ സത്യത്തിനു മാത്രമാണെന്നുമാണ്. അതിനു പുറമേയെന്ന് പറയാവുന്ന തിലെല്ലാംതന്നെ, അതായത് മനുഷ്യമനസ്സിന് അനുഭൂതമാകുന്ന മറ്റെ ല്ലാറ്റിലുംതന്നെ ഈ അസ്തിത്വമില്ലെന്നും, യഥാർത്ഥ അസ്തിത്വത്തിൽ ഭാഗഭാക്കാകുന്നതുകൊണ്ടുള്ള യാഥാർത്ഥ്യം മാത്രമേ അവയ്ക്കുള്ളൂ എന്നും തന്നെ. എന്നാൽ വൃദ്ധിയോ ക്ഷയമോ അനുഭവിക്കാത്ത, നന്മ യിലേയ്ക്കായാലും തിന്മയിലേക്കായാലും തിരിയാത്ത (തിന്മയ്ക്കതുമായി ബന്ധമൊന്നുമില്ല. നന്മ അതിൽ കവിഞ്ഞൊന്നുമില്ല) വ്യതിയാനവിധേ യമല്ലാത്ത, തന്നിൽത്തനെ സമ്പൂർണ്ണതയുള്ള, താൻ മാത്രം അഭികാമ്യ നായ, മറ്റെല്ലാം തന്നിൽനിന്നും അസ്തിത്വം പ്രാപിച്ചിട്ടും തന്റെ അസ്തി ത്വത്തിന് കുറവു തട്ടാത്തതേതോ അതിന്നു മാത്രമേ യഥാർത്ഥ ഉണ്മ യുള്ളു. ഈ സത്യത്തിന്റെ ഗ്രഹണമാണ് സത്യജ്ഞാനം" (Gregorie de Nysse, La vie de Moise. in Sources chretiennes, Paris, 1955, p. 39).

മറ്റൊരു ഈശ്വരപ്രതിഭാസമാണ് (theophany) തമസ്സിൽകൂടെ മോശ

യ്ക്ക് പ്രത്യക്ഷമായത്. ഗ്രീഗോറിയോസിന്റെ ദുർഗ്രാഹ്യമായ ഗ്രീക്കു ഭാഷ, എന്റെ ബാലിശമായ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ അതിന്റെ ശക്തി നഷ്ടപ്പെട്ടു പോകുന്നത് നിങ്ങൾ ക്ഷമിക്കണം.

"എന്നാൽ മോശ തമസ്സിലേക്ക് പ്രവേശിച്ചുവെന്നും തമസ്സിൽ കൂടെ മോശയ്ക്ക് ദൈവദർശനമുണ്ടായി എന്നും പറയുന്നതിന്റെ അർത്ഥം എന്താണ്? ആദ്യത്തെ ദൈവദർശനം പ്രകാശത്തിൽ കൂടെയാണുണ്ടാ യത്. അതിനു വിരോധമല്ലേ തമസ്സിൽക്കൂടെ ദൈവദർശനമുണ്ടാകുന്നു വെന്നത്? അല്ല; രണ്ടും തമ്മിൽ വൈരുദ്ധ്യമൊന്നുമില്ല. വേദ വചനം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്. ദിവ്യജ്ഞാനത്തിന്റെ ആരംഭദശയിൽ അത് പ്രകാശമായിട്ടാണ് അനുഭവപ്പെടുന്നത്, നമ്മിലുള്ള അശുദ്ധിയും അവി ശ്വാസവുമാകുന്ന അന്ധകാരത്തെ ഉന്മൂലനം ചെയ്യുവാൻ വേണ്ടി. എന്നാൽ മനുഷ്യാത്മാവ് (nous) കൂടുതൽ മഹത്തും പൂർണ്ണവുമായ ആത്മശിക്ഷണം മൂലം ദൈവജ്ഞാനത്തിൽ മുന്നോട്ടു ഗമിക്കുമ്പോൾ, അതായത് ദൈവദർശനത്തോട് കൂടുതൽ സമീപിക്കുമ്പോൾ, ദൈവ ത്തിന്റെ സത്ത നമുക്ക് ദൃശ്യമല്ലെന്നു കൂടുതലായി അതിന് അനുഭ വമാകുന്നു. പ്രതിഭാസങ്ങളെ (Phenomena) യെല്ലാം പരിത്യജിച്ചിട്ട്, അതാ യത് പഞ്ചേന്ദ്രിയങ്ങളുടെ അനുഭൂതികളെ മാത്രമല്ല, മനസ്സിന്റെ ഭാവന യിൽ അതു കാണുന്നുവെന്ന് വിശ്വസിക്കുന്നവയെപ്പോലും മാറ്റിവച്ചിട്ട്, മനുഷ്യാത്മാവ് കൂടുതൽ കൂടുതൽ ആന്തരികതയിലേക്ക് പ്രവേശിച്ച്, വിവേചനാശക്തിയുടെ വിവിധ പ്രവർത്തനങ്ങളിലൂടെ, അദൃശ്യനും അജ്ഞേയനുമായവന്റെ സന്നിധാനം വരെ പുരോഗമിച്ച്, അവിടെ അത് ദൈവത്തെ ദർശിക്കുന്നു. അന്വിഷ്ഠനായവന്റെ (He who is Sought) സത്യ ത്തിലുള്ള ദർശനം ഇതാണ്. അതായത് ആ അന്വിഷ്ഠൻ ദൃശ്യനല്ലെന്ന് ദർശിക്കുന്നത്. കാരണം, അന്വിഷ്ഠൻ സർവ്വജ്ഞാനത്തിനും ഉപരിയാണ്. തന്റെ അജ്ഞേയതയാകുന്ന തമസ്സു മൂലം താൻ സർവ്വത്തിൽനിന്നും തന്നെത്തന്നെ വേർപെടുത്തിയിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഈ തമസ്സിന്റെ അന്തർഭാഗത്ത് പ്രവേശിച്ചിട്ടുള്ള ഉന്നത ദാർശനികനായ യോഹന്നാൻ പറയുന്നത്, "ആരും ദൈവത്തെ കണ്ടിട്ടില്ല" എന്ന്. മനു ഷ്യനെക്കുറിച്ച് മാത്രമല്ല ഈ പറയുന്നത്. ധാരണാശക്തിയുള്ള സകല സ്വഭാവങ്ങൾക്കും അതീതമാണ് ദൈവത്തിന്റെ തത്ത്വത്തെ അറിയുക യെന്നത്. അതായത് ദൈവം സർവ്വജ്ഞാനത്തിനും മനുഷ്യാത്മാവിന്റെ ഗ്രഹണത്തിനും അതീതനാണെന്ന്, മോശ നേരിട്ട് മനസ്സിലാക്കിയെ ന്നർത്ഥം (Ibid, pp. 81- 82).

ഈശ്വരസത്തയെക്കുറിച്ച് യവനദർശനം പഠിപ്പിച്ചതിൽ നിന്ന് വളരെ യധികം വ്യത്യസ്തമായ ഒരു നിലപാടായിരുന്നു ഇത്. അത് മനുഷ്യമന സ്സിന്നജ്ഞേയമെന്ന് മാത്രമല്ല, അവ്യവച്ഛിന്നമായ ആ സത്ത അനിശ്ചി

തവും, അപരിമിതവും (aoristos, aperatotos) ആയതുകൊണ്ട് അത് ഒരു 'സൃഷ്ടമനസ്സിലും സംഗ്രാഹ്യമല്ല. മനുഷ്യമനസ്സിന് സംഗ്രാഹ്യങ്ങളായ സകല രൂപങ്ങൾക്കും അതീതനായ ആ ഈശ്വരനെക്കുറിച്ച് നമ്മെ മന സ്സിലാക്കുവാൻ 'ഉള്ള'തിലൊന്നിനുംതന്നെ കഴിവില്ല. സർവ്വരൂപാതീത മായ ഇല്ലായ്മയാണ് ഈശ്വരനെ മനസ്സിലാക്കുവാൻ നമ്മെ കൂടുതൽ സഹായിക്കുന്നത്. സാധാരണരീതിയിൽ ഉള്ള അജ്ഞേയവാദ (agnosticism) ത്തെക്കുറിച്ചോ, നാസ്തിക്യവാദ (atheism) ത്തെക്കുറിച്ചോ അല്ല ഗ്രീഗോറിയോസ് പറയുന്നത്. ദൈവത്തെ അറിയുവാൻ സാദ്ധ്യമല്ലെന്ന് അനുഭവിച്ചറിയുന്നതാണ് യഥാർത്ഥ ദൈവദർശനം. "എവുനോമിയസി ന്നെതിരെ" എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നു: "സംഗ്രഹിയ്ക്കു വാൻ സാദ്ധ്യമല്ല എന്ന് അറിയുന്നതിൽകൂടെ മാത്രം അറിയപ്പെടുന്ന ദൈവസ്വഭാവം" എന്ന്. ഇത് ഒരു പരമജ്ഞാനിക്കു മാത്രം ലഭ്യമായ ഒരു പഠിതാജ്ഞാനം (അധീതാജ്ഞാനം) (doctaignorantia) ആണ്. ഇതാണ് യഥാർത്ഥ ദൈവജ്ഞാനം അല്ലെങ്കിൽ ഭഗവദ്ദർശനമായി ഗ്രീഗോറിയോസ് വിവക്ഷിയ്ക്കുന്നത്. എനിയ്ക്കില്ലാത്ത ഒരു ജ്ഞാനമാ ണിതെന്ന് ഞാനിവിടെ സമ്മതിച്ചുകൊള്ളട്ടെ.

അതുകൊണ്ടാണ് ആരാണീശ്വരൻ എന്ന ചോദ്യത്തിന് മറുപടി പറ യാൻ എനിക്ക് സാധിക്കാത്തത്. മറ്റു ക്രിസ്തീയ ദാർശനികന്മാരുണ്ട്. ദൈവം ക്രിസ്തുവിൽ തന്നെത്തന്നെ പൂർണ്ണമായി വെളിപ്പെടുത്തിയിട്ടു ണ്ടെന്നും അതുകൊണ്ട് ക്രിസ്തുവിൽകൂടെ തങ്ങൾക്ക് ദൈവത്തെ അറി യുവാൻ കഴിയുമെന്നും അഭിമാനിക്കുന്നവർ. അവരോടെനിയ്ക്കസൂയ യൊന്നുമില്ല. പക്ഷേ, എനിക്കങ്ങനെ അഭിമാനിപ്പാൻ പ്രയാസമുണ്ടെന്നു മാത്രം.

ഈശ്വരനെ ഗ്രഹിക്കുവാൻ സാദ്ധ്യമല്ല എന്ന വാദം പോലും വായ്പ വാങ്ങിയാണ് ഞാൻ നിങ്ങളുടെ മുമ്പാകെ വയ്ക്കുന്നത്. ഗ്രീഗോറിയോ സിനേയും ദീവന്നാസ്യോസിനേയും പോലുള്ളവർ അങ്ങിനെ പറയുന്നത് അവർക്കുണ്ടായിട്ടുള്ള ദൈവജ്ഞാനത്തിന്റെ അനുഭവത്തെ ആസ്പദ മാക്കിയാണ്; ഞാൻ പറയുന്നത് അവരുടെ എഴുത്തുകളെ ആസ്പദമാ ക്കിയും. ഈ പഠിതാജ്ഞാനത്തെ അനുഭവിച്ചറിയുകയെന്നതാണ് ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യങ്ങളിലൊന്ന്. ഈ വിജ്ഞാനമാകുന്ന അജ്ഞാനത്തെ പ്രാപിയ്ക്കുന്നതിന് ധാർമ്മികമായും ആത്മീയമായും ഉള്ള ആത്മശിക്ഷണം കൊണ്ടേ സാദ്ധ്യമാവൂ. ഇത് വെറും ബുദ്ധിപര മായ ഒരു ധാരണ മാത്രമല്ല, ശരീരവും മനസ്സും ആത്മാവും ഒരുമിച്ചനുഭ വിക്കേണ്ട ഒരു മഹാപാഠമാണത് - "Aisthesis tes parousias" "സാന്നി ദ്ധ്യാനുഭവം" എന്ന് തർജ്ജമ ചെയ്താൽ അർത്ഥം മുഴുവനാകുന്നില്ല. ദൈവസാന്നിദ്ധ്യത്തെ അനുഭവിച്ചറിയുക - കണ്ണുകൊണ്ടും ബുദ്ധികൊ

ണ്ടുമല്ലതു കാണുന്നത്. കണ്ണിനും ബുദ്ധിക്കും അനുഭവമാകുന്നത് വെറും കൂരിരുളാണ്. എന്നാൽ ആ കൂരിരുളിനപ്പുറത്ത് ദിവ്യസാന്നിദ്ധ്യമുണ്ടെന്ന് നമുക്ക് അറിയാമെന്നു മാത്രമല്ല, ആ സാന്നിദ്ധ്യത്തെ മാധ്യമം കൂടാതെ നാം അനുഭവിയ്ക്കുകയും ചെയ്യുന്നു.

ആ കൂരിരുളിന്നിപ്പുറത്തെത്തുന്നതിനുതന്നെ ധാർമ്മികമായും ആത്മീയമായുമുള്ള ഒരു വലിയ പ്രയാണം ആവശ്യമാണ്. കൂരിരുളിൽകൂടെയുള്ള ആ ദർശനം ബോധേന്ദ്രിയജ്ഞാനമല്ലാത്തതിനാൽ അതിനെ കല്പനാശയങ്ങളിൽ കൂടി വിനിമയം ചെയ്യുന്നതിനും സാദ്ധ്യമല്ല.

ആത്മശിക്ഷണത്തിൽകൂടെ വികാര സമ്മർദ്ദങ്ങളിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച് തൃഷ്ണയിൽനിന്നും മോഹങ്ങളിൽനിന്നും ശുദ്ധീകൃതനായിത്തീർന്ന്, സർവ്വ തിന്മയിൽനിന്നും വേർപെട്ട്, ഇച്ഛാശക്തി ഈശ്വരകാംക്ഷാമാത്രനിരതയായി തീരുമ്പോഴേ ഈ ദർശനമുണ്ടാകയുള്ളൂ. ഈ ദർശനം ശുദ്ധമാണ്, പവിത്രമാണ്, കേവലമാണ് (pure, holy, simple) പ്രകാശമാണ്.

അങ്ങനെയെങ്കിൽ പിന്നെ ഈശ്വരനെക്കുറിച്ച് എന്തെങ്കിലും പ്രതിപാദിക്കുവാൻ സാദ്ധ്യമാണോ? ക്രിസ്തീയ വീക്ഷണത്തിൽ ഈശ്വരനെപ്പറ്റി പറയാവുന്നത് ഇത്രമാത്രമേയുള്ളോ? അല്ല, മൂന്നുനാലു വിധത്തിൽ ഈശ്വരനെക്കുറിച്ച് പ്രതിപാദിക്കുവാൻ സാധിക്കും.

ഒന്നാമത്, പൗരസ്ത്യ ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളിൽ ഒന്ന് ഈശ്വരൻ സർവ്വസ്വതന്ത്രനാണെന്നുള്ളതാണ്. രണ്ടാമത്, ദൈവം ത്രിത്വമാണെന്നുള്ളത്. മൂന്നാമത്, ദൈവം സ്രഷ്ടാവാണെന്നുള്ളത്. നാലാമത്, മനുഷ്യരൂപം ദൈവപ്രകടനക്ഷമമാണെന്നുള്ളത്.

ഈ നാലു ക്രൈസ്തവ തത്ത്വങ്ങളേയും കുറിച്ച് സമഗ്രമായി പ്രതിപാദിക്കുവാൻ സമയമില്ലല്ലോ. ചില കേന്ദ്രികാശയങ്ങളെ എടുത്തുകാണിക്കുവാൻ മാത്രമേ ഉദ്യമിക്കുന്നുള്ളു.

പാഠം 3

ഈശ്വരസ്വഭാവം ക്രൈസ്തവ ദർശനത്തിൽ – 2

ദൈവം സ്വാതന്ത്ര്യമാണ്

"ഈശ്വരൻ എല്ലായ്പോഴും താൻ ആയിരിക്കുന്നതിനെയാണിച്ഛിക്കുന്നത്; ഇച്ഛിക്കുന്നത് ആയിരിക്കുകയും ചെയ്യുന്നു." ഗ്രിഗോറിയോസിന്റെ ഈശ്വരദർശനത്തിലെ പ്രാഥമികപാഠമാണിത്.

തന്റെ ഇച്ഛാശക്തിയെ അഭിലാഷങ്ങൾ നിയന്ത്രിക്കുന്നില്ല. തന്റെ ഭാവവും സത്തയും ഇച്ഛയും തമ്മിൽ അന്തരമൊന്നുമില്ല. താൻ ഇച്ഛിക്കുന്നത് ഉണ്മയായിത്തീരുന്നു. പ്രകാശം ഭവിക്കട്ടെ (Let there be light); പ്രകാശം ഭവിച്ചു – ഇതാണ് സർവ്വസ്വാതന്ത്ര്യം. ഈശ്വരന്റെ അസ്തിത്വം തന്നെ അന്യാത്തമല്ല. താൻ ആരുടേയും കടക്കാരനല്ല, ദാസനുമല്ല, സൃഷ്ടിയുമല്ല.

ഈശ്വരൻ വസ്തുനിഷ്ഠനല്ല. നിശ്ചിതനോ നിശ്ചേയനോ അല്ല. തന്റെ സർവ്വാതീതത്വ (transcendence) ത്തിന്റെ ഒരു പ്രധാനവശമാണിത്. സകല നിർണ്ണയത്തിനുമതീതൻ; അപ്രമേയൻ; സ്ഥലകാലാതീതൻ; പരമാത്മാവ് അതായത് കലർപ്പില്ലാത്ത ശുദ്ധാത്മാവ്. അപ്രാപ്യതയുടെ രഹസ്യ ശ്രീകോവിലിൽ ശ്രീനിവാസം ചെയ്യുന്നവൻ.

എന്നാൽ ഇങ്ങിനെ അഗമ്യനും അപ്രാപ്യനുമായ ഈശ്വരന് ഈ ലോകവുമായി ബന്ധമൊന്നുമുണ്ടാവുകയില്ലല്ലോ. സർവ്വാതിരിക്തൻ സർവ്വാന്തര്യാമിയാണെന്നുള്ള വിവക്ഷ ഗ്രിഗോറിയോസ് അതേപടി സ്വീകരിക്കുന്നില്ല. ഒരു പുതിയ ദർശനത്തിൽക്കൂടിയാണ് സർവ്വാതീതന്റെ സർവ്വാന്തര്യാമിത്വത്തെ ഗ്രിഗോറിയോസ് വിശദീകരിക്കുന്നത്. പക്ഷേ, ഈ സർവ്വാന്തര്യാമിത്വം (Omnipresence അഥവാ സർവ്വസാന്നിദ്ധ്യം എന്ന് ചിലർ തെറ്റായി വിവക്ഷിക്കുന്നത്) ചിന്താവിധേയമാകുന്നതിനാവശ്യമായ രണ്ടു കാര്യങ്ങളാണ് ത്രിത്വം, സ്രഷ്ടാവ് എന്നീ ആശയങ്ങൾ.

ത്രിത്വം

സൃഷ്ടിയ്ക്കതിരിക്തനായ, സമസ്തകാരണമായ ഈശ്വരനെ പിതാവെന്ന് ക്രിസ്ത്യാനികൾ അഭിസംബോധന ചെയ്യുന്നു. സൃഷ്ടിയിൽ സർവ്വാന്തര്യാമിയായ ഈശ്വരനെ പുത്രനെന്നും, സൃഷ്ടിയിൽ ലക്ഷ്യോന്മുഖനായ ഈശ്വരനെ പരിശുദ്ധാത്മാവെന്നും വിഭാവനം ചെയ്യുന്നു. പിതാവിന്റെ സ്വാതന്ത്ര്യവും സർവ്വാതീതത്വവും പുത്രനും പരിശുദ്ധാത്മാവിനും ഉണ്ട്. പിതാവിന്റെ സർവ്വാതീതത്വം തന്നെയാണ് പുത്രനിൽ

കൂടെയും പരിശുദ്ധാത്മാവിൽകൂടെയും സർവ്വാന്തര്യാമിത്വമായിത്തീരുന്നത്. സൃഷ്ടിയിൽ സർവ്വാന്തര്യാമിത്വമുണ്ട്. പക്ഷേ, അത് നിശ്ചലമല്ല. പ്രത്യുത ശക്ത്യാത്മകമാണ്, ചലനാത്മകമാണ്, ലക്ഷ്യോന്മുഖനാണ്.

സൃഷ്ടിയിലുള്ള സർവ്വാന്തര്യാമിത്വത്തിന്റെ ഒരു പൂർത്തീകരണമാണ് ക്രിസ്തുവിലുള്ള ഈശ്വരന്റെ മർത്ത്യീകരണം (enanthropesis incarnation) ആമർത്ത്യീകരണം (തിരുഅവതാരമെന്ന് ഇതിനെ സംബോധന ചെയ്യുന്നത് അബദ്ധത്തിലേക്കു നയിക്കുന്നു) മൂലം സൃഷ്ടിയിൽ ഒരു പുതിയ ശക്തി, ലക്ഷ്യോന്മുഖമായ ചലനാത്മകത, ഒരു പുതിയ രൂപത്തിൽ പ്രവേശിച്ചു പ്രവർത്തിക്കുന്നു - അതാണ് പരിശുദ്ധാത്മാവ്. പുത്രനും പരിശുദ്ധാത്മാവും പ്രപഞ്ചത്തിൽ അന്തര്യാമിത്വം വഴി ഈ പ്രപഞ്ചത്തെ ദൈവീകരണത്തിലേക്ക്, അതായത് ആത്മശുദ്ധതയിലേക്ക്, ക്രിയാത്മകമായ നന്മയുടെ പൂർത്തീകരണത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്.

പക്ഷേ, സൃഷ്ടിയിലുള്ള സർവ്വാന്തർലീനത്വമെന്ന് പറയുന്നതുകൊണ്ട് ഞാൻ എന്റെ ശരീരത്തിൽ വസിയ്ക്കുന്നതുപോലെ ഈശ്വരൻ പ്രപഞ്ചമാകുന്ന സ്ഥൂലശരീരത്തിൽ വസിക്കുന്നു എന്ന് ഗ്രിഗോറിയോസ് വിവക്ഷിയ്ക്കുന്നില്ല. പിന്നെയെന്താണ് ഈശ്വരനും പ്രപഞ്ചവും തമ്മിലുള്ള ബന്ധം?

സ്രഷ്ടാവ്

ഈശ്വരേച്ഛയാണ് പ്രാവർത്തികസത്ത (Pragmatic reality) യുടെ അടിസ്ഥാനം. ഈശ്വരൻ ഇച്ഛിക്കുന്നതേതോ അത് യാഥാർത്ഥ്യമായിത്തീരുന്നു. ഈശ്വരന്റെ സർഗ്ഗാത്മകസ്വാതന്ത്ര്യത്തിന്റെ ഒരു വശമാണിത്. നാം ഇന്നു കാണുന്ന സ്ഥലകാലപ്രപഞ്ചത്തിന്റെ അസ്തിത്വം ഈ ഈശ്വരേച്ഛയിലാണാശ്രയിച്ചിരിക്കുന്നത്. അസ്തിത്വം എന്നു പറയുന്നതു തന്നെ ഇല്ലായ്മയിൽ നിന്ന് ഉണ്മയിലേക്ക് കൊണ്ടുവരുവാൻ കഴിവുള്ളവന്റെ ഇച്ഛാഫലമാണ്.

ഈശ്വരേച്ഛ സ്വാതന്ത്രമാണ്. ആവശ്യത്തിൽ നിന്നല്ല ഈശ്വരൻ ഇച്ഛിക്കുന്നത്. തന്റെ ഇച്ഛ നന്മയുടേയും സ്നേഹത്തിന്റേയും ലീലയാണ് (the play of goodness and love). ആ ഇച്ഛയാണ് പ്രപഞ്ചത്തിന്റെ അടിസ്ഥാന കാരണം. ആ ഇച്ഛയിന്മേലാണ് അതിന്റെ ഉത്ഭവവും അസ്തിത്വവും അന്ത്യലക്ഷ്യവും ആശ്രയിച്ചിരിക്കുന്നത്. എന്നാൽ പ്രപഞ്ചസൃഷ്ടിയിൽ, ഈശ്വരേച്ഛയിൽ നിന്നുള്ള ഉത്ഭവവും ഈശ്വരേച്ഛപ്രകാരമുള്ള ലക്ഷ്യപ്രാപ്തിയും തമ്മിൽ ഒരു അന്തരം കൂടെ ഈശ്വരൻ ഇച്ഛിച്ചിരിക്കുന്നു. ഈ അന്തരത്തിനാണ് കാലം എന്നു പറയുന്നത്. ഈ കാലം സൃഷ്ടിയുടെ സ്വാതന്ത്ര്യത്തിന്റെ ചട്ടക്കൂടാണ്.

പ്രപഞ്ചം എന്നു പറയുന്നത് ഈശ്വരേച്ഛയുടെ സ്ഥൂലരൂപമാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ കാലപ്രപഞ്ചത്തെ ഉത്ഭവിപ്പിച്ചതും, അതിന്നാവശ്യമായ തത്ത്വങ്ങളും ശക്തിയും നൽകുന്നതും ഈശ്വരേച്ഛയാണ്.

ഈശ്വരന്റെ സർവ്വാന്തര്യാമിത്വം (immanence) പ്രപഞ്ചത്തിലുണ്ട് എന്ന് പറഞ്ഞാൽ ഈശ്വരേച്ഛ സ്ഥൂലരൂപം കൊണ്ടതാണ് പ്രപഞ്ചമെന്നാണർത്ഥം. ഇച്ഛാശക്തിയിൽക്കൂടെയാണ് സൃഷ്ടിയിലുള്ള ഈശ്വരന്റെ അന്തര്യാമിത്വം. പുത്രനിൽക്കൂടെ സൃഷ്ടിച്ചു എന്നു പറയുന്നതിന്റേയും അർത്ഥം അതുതന്നെ. തന്റെ സർവ്വാതീതസത്ത പ്രപഞ്ചത്തിൽ അന്തര്യാമിയായിരിക്കുന്നു എന്നല്ല വിവക്ഷ; പ്രത്യുത തന്റെ ഇച്ഛാശക്തിയാണ് പ്രപഞ്ചത്തിലുള്ള സർവ്വത്തിന്റേയും ഉത്ഭവത്തിനും അസ്തിത്വത്തിനും രൂപത്തിനും ശക്തിയ്ക്കും, ലക്ഷ്യോന്മുഖമായ പ്രയാണത്തിനും അടിസ്ഥാനമെന്നർത്ഥം. ഇച്ഛാശക്തിയിൽക്കൂടെയാണ് സത്തയിൽക്കൂടെയല്ല അന്തര്യാമിത്വം.

സൃഷ്ടിയെപ്പറ്റി പ്രതിപാദിക്കുന്നതിനിടയ്ക്ക് തിന്മയുടെ ഉത്ഭവത്തെപ്പറ്റി ഒരു വാക്ക് പറയേണ്ടതാവശ്യമാണെന്നു തോന്നുന്നു. ഉള്ളതിന്റെയെല്ലാം അടിസ്ഥാനം ഈശ്വരേച്ഛയാണെങ്കിൽ, തിന്മ ഉള്ളതാണല്ലോ. അപ്പോൾ അതിന്റേയും അടിസ്ഥാനം ഈശ്വരേച്ഛയായിരിയ്ക്കണമല്ലോ. ഗ്രിഗോറിയോസ് പറയുന്നത് നേരേ മറിച്ചാണ്. തിന്മ ഈശ്വരേച്ഛ അല്ലെന്ന് നമുക്കറിയാം. ഈ ഈശ്വരേച്ഛയിലാണല്ലോ സർവ്വാസ്തിത്വത്തിന്റേയും അടിസ്ഥാനം. അങ്ങിനെയെങ്കിൽ തിന്മയ്ക്ക് യഥാർത്ഥ അസ്തിത്വമില്ലെന്ന് സുവിദിതമാണല്ലോ. തിന്മ സൃഷ്ടിയിലുള്ള സൃഷ്ടിശക്തി നൽകപ്പെട്ടിട്ടുള്ള സ്വതന്ത്രജീവികളുടെ സൃഷ്ടിയാണ്. പ്രപഞ്ചത്തിന്റെ ഉത്ഭവവും ലക്ഷ്യപ്രാപ്തിയും തമ്മിലുള്ള അന്തരമാകുന്ന "കാലം" നന്മതിന്മയുടെ കേളീരംഗമായി, സ്വാതന്ത്ര്യത്തിന്റെ പോർക്കളമായി ദൈവം നൽകിയിരിക്കുകയാണ്. അതുകൊണ്ട് കാലത്തിൽ തിന്മയ്ക്ക് പ്രാവർത്തികാസ്തിത്വമുണ്ട്. പക്ഷേ, കാലാതീതതയിൽ തിന്മ ഈശ്വരേച്ഛയല്ലാത്തതുകൊണ്ട് അതിന്റെ അസ്തിത്വം നശിച്ചുപോകും. തിന്മയുടെ അസ്തിത്വം പ്രാവർത്തികസത്തയുടെ തോതിൽ മാത്രമേയുള്ളു. പരമാർത്ഥികസത്ത (ultimate reality) യിൽ അത് കാണപ്പെടുകയില്ല.

മർത്ത്യീകരണം

മൃത്യനായ മർത്ത്യനിൽക്കൂടെ ഈശ്വരപ്രതിഭാസമുണ്ടാകുന്നുവെന്നത് ഒരു മഹാത്ഭുതമായി കണക്കാക്കുന്നവരുണ്ട്. ദൈവവും മനുഷ്യനും തമ്മിൽ യാതൊരു സാമ്യവുമില്ലെന്ന് വാദിക്കുന്ന കാൾ ബാർത്തിനെപ്പോലുള്ള വേദശാസ്ത്രജ്ഞന്മാരേയും നമുക്കറിയാം. എന്നാൽ പൗരസ്ത്യ പാരമ്പര്യത്തിന്റെ അടിസ്ഥാനതത്ത്വം മനുഷ്യൻ ഈശ്വര

പ്രതിഭാസമാകുവാൻ വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്നും, അതുകൊണ്ട് മനുഷ്യനും ദൈവവും തമ്മിൽ വളരെ അടുത്ത സാമ്യമുണ്ടെന്നുമാണ്.

ദൈവരൂപ (image of God) ത്തിലാണ് മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ട് ദൈവത്തിന്റെ സർവ്വഗുണവും മനുഷ്യനിൽ കാണപ്പെടേണ്ടതാണ്. ജ്ഞാനം, ശക്തി, സ്നേഹം ഇവ മൂന്നുമാണ് ദൈവമഹത്വത്തിന്റെ പ്രധാന ഘടകങ്ങൾ. ഇവ മൂന്നും മനുഷ്യന് പ്രാപ്യങ്ങളായി ഈശ്വരൻ നൽകിയിട്ടുള്ളവയാണ്. യഥാർത്ഥത്തിൽ ഈശ്വരനുള്ള സർവ്വഗുണവും മനുഷ്യനിലുമുണ്ടാകേണ്ടതാണ്.

ഈശ്വരനും മനുഷ്യനും തമ്മിലുള്ള പ്രധാന വ്യത്യാസമിതാണ്. ഈശ്വരന്റെ അസ്തിത്വവും ഗുണവും (being and goodness) തന്നിൽ നിന്നു തന്നെ ഉത്ഭവിക്കുന്നതാണ്. മനുഷ്യന്റേതോ പരായത്തമാണ്. ദത്തമാണ്. ദൈവരൂപം അഥവാ (image of God) എന്നു പറയുന്നതുതന്നെ സർവ്വഗുണസമ്പന്നത എന്നു പറയുന്നതിന്റെ ചുരുക്കിയെഴുത്താണ്. പക്ഷേ, ഈശ്വരൻ സ്രഷ്ടാവാണ്, മനുഷ്യൻ സൃഷ്ടിയാണ്. അതാണ് പ്രധാന വ്യത്യാസം. ഈശ്വരൻ പരിവർത്തനവിധേയനല്ല. മനുഷ്യൻ പരിവർത്തനവിധേയനാണ്. കാലജീവിയാണ്.

അങ്ങിനെയെങ്കിൽ സർവ്വഗുണസമ്പന്നനായ മനുഷ്യനിൽ നമുക്കു ദൈവത്തെ കാണാൻ സാധിക്കണം. ദൈവത്തെ അറിയാനും കഴിയണം. പൂർണ്ണമായില്ലെന്നേയുള്ളു. ആ മനുഷ്യൻ തന്നെ ഒരു ദൈവപ്രതിഭാസമാണ്. പക്ഷേ, അതിനേക്കാൾ കൂടുതലായി ആ മനുഷ്യന്റെ ജീവിത പവിത്രത മൂലം അയാൾ തന്നെ ഈശ്വരനെ ദർശിക്കുന്നു. എവിടെ? തന്റെ ആത്മമുകുരത്തിൽ. അതായത് ജീവിതശുദ്ധിയും ആത്മനന്മയും പ്രാപിച്ച മനുഷ്യൻ പ്രാർത്ഥനയിൽ അഥവാ ധ്യാനത്തിൽ നിരതനാകുമ്പോൾ തന്റെ മനോദർപ്പണത്തിൽ ഈശ്വരനെ ദർശിക്കുന്നു. ഈശ്വരൻ ഇങ്ങനെ മനോദർപ്പണത്തിൽ പ്രതിബിംബിക്കുന്നതുമൂലം മനുഷ്യാത്മാവ് കൂടുതൽ ദൈവസാരൂപ്യം പ്രാപിക്കുകയും ചെയ്യുന്നു.

ഈ ഈശ്വരസാരൂപ്യവും, ഈശ്വരപ്രതിച്ഛായയും, ഈശ്വരപ്രതിബിംബനവും തന്റെ ജീവിതത്തിൽ പരിപൂർണ്ണമായി സാധിച്ചത് ക്രിസ്തുവിനു മാത്രമായിരുന്നു. മർത്യീകൃതദൈവമാകുന്ന ആ മർത്യനിൽ, ഒരു മർത്യനെന്ന നിലയിൽ പ്രകടിപ്പിക്കാവുന്ന സകല ദൈവിക ഗുണങ്ങളും ജ്ഞാനവും, സ്നേഹവും ശക്തിയും പ്രത്യക്ഷീകൃതമായി. അങ്ങനെ ഈശ്വരസാരൂപ്യത്തെ മർത്യീകൃതതോതിൽ നാം ക്രിസ്തുവിൽ കാണുന്നു. ആ സാരൂപ്യം ക്രിസ്ത്യാനികളിലും കാണണമെന്നാണ് പ്രമാണം.

പക്ഷേ, ക്രിസ്തുവിൽ ദൈവത്തിന്റെ പൂർണ്ണത മനുഷ്യനു വെളിപ്പെട്ടുവെന്ന് വാദിക്കുന്നതിൽ വലിയ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. കാരണം, ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിനു ശേഷവും ഈശ്വരൻ അഗമ്യനാണ്; അപ്രമേയനാണ്; അഗ്രാഹ്യനാണ്. ക്രിസ്തുവിൽ നമുക്കു വെളിപ്പെട്ടിട്ടുള്ളത് ഈശ്വരന്റെ മാനുഷികരൂപം മാത്രമാണ്. താബോർ മലമുകളിൽ വച്ച് സർവ്വപ്രകാശിതനായി കാണപ്പെട്ട ക്രിസ്തു ഈശ്വരന്റെ മാനുഷിക പ്രതിഭാസത്തിന്റെ പരമകോടി മാത്രമാണ്.

മാനുഷികരൂപം ദൈവപ്രകടനക്ഷമമാണ്. അങ്ങനെയുള്ള ദൈവപ്രതിഭാസം മാത്രമേ ഇതുവരെ നാം കണ്ടിട്ടുള്ളു. മോശ മുൾപ്പടർപ്പിലും തമോമേഘത്തിലും ദർശിച്ച ആ ഈശ്വരപ്രതിഭാസം തന്നെയാണ് താബോർ മലയിൽ വച്ച് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടതും. എന്നാൽ സീനായും താബോറും തമ്മിലുള്ള പ്രധാന വ്യത്യാസം ഇതാണ്. സർവ്വ വസ്തുക്കളും സർവ്വ സൃഷ്ടിയും ദൈവപ്രകടനക്ഷമങ്ങളാണ്. എന്നാൽ മനുഷ്യരൂപമാകട്ടെ ദൈവപ്രകടനത്തിനുവേണ്ടി പ്രത്യേകം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതായതുകൊണ്ടും, മനുഷ്യരൂപത്തിൽക്കൂടെയുള്ള ദൈവപ്രകടനത്തിന് പരമാവധി പര്യാപ്തമാണ്. അതാണ് ക്രിസ്തുവിൽ നാം കണ്ടിട്ടുള്ളത്. സൃഷ്ടിയിൽ ദൃഷ്ടമാകാവുന്ന ഈശ്വരപ്രതിബിംബനത്തിന്റെ പരമകോടി ക്രിസ്തുവിൽ പ്രത്യക്ഷമായിയെന്നർത്ഥം.

വളരെ ലളിതമായ രീതിയിൽ ഈശ്വരനെക്കുറിച്ചുള്ള പൗരസ്ത്യ ക്രിസ്തീയ ദർശനത്തിലേക്ക് ഒരാമുഖമെന്ന നിലയിൽ മാത്രമാണ് ഈ പ്രബന്ധം നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കാൻ ഞാൻ മുതിർന്നിട്ടുള്ളത്. വിശദീകരണം പല കാര്യങ്ങളിലും ആവശ്യമാണെന്ന് എനിക്കറിയാം.

ഉപസംഹാരമായി ഒരു ചോദ്യം മാത്രം ഉന്നയിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. വിശിഷ്ടാദ്വൈതത്തിലെ ഈശ്വരദർശനവും പൗരസ്ത്യ ക്രിസ്തീയ ദർശനവും തമ്മിൽ ഗണ്യമായ അന്തരമുണ്ടോ?

അന്തരത്തെക്കാൾ കൂടുതലുള്ളത് ആനുരൂപ്യമാണെന്നാണ് തോന്നുന്നത്. പ്രധാനമായ അന്തരമുള്ളത് സൃഷ്ടിയെപ്പറ്റിയുള്ള ദർശനത്തിലാണ്. രാമാനുജ വിഭാവനയിൽ, ഈശ്വരൻ സൃഷ്ടിയിൽ, ആത്മാവ് ശരീരത്തിൽ എന്നതുപോലെയാണ് വസിക്കുന്നത്. പ്രപഞ്ചം ആധേയമാണ്. ഈശ്വരൻ ആധാരവും, പ്രപഞ്ചം നിയമ്യമാണ്, ഈശ്വരൻ നിയാമകൻ. ജീവാത്മാവ് ശേഷൻ അല്ലെങ്കിൽ നാഥനാണ്. ഈ നിലപാട് പൗരസ്ത്യ ക്രിസ്തീയ ദർശനത്തിലും സ്വീകാര്യമാണ്. രാമാനുജൻ പറയുന്നു ഈശ്വരൻ സർവ്വഗുണസമ്പന്നനും, സർവ്വഭൂതസമുദ്ധാരകനുമാണെന്ന്; ഈശ്വരൻ മനുഷ്യരൂപത്തിൽ ഭൂമിയിലേക്കിറങ്ങുന്നത് മനുഷ്യസ്നേഹം

കൊണ്ടും മനുഷ്യോദ്ധാരണത്തിനു വേണ്ടിയും ആണെന്ന്. ഇതും ക്രിസ്തീയ ദർശനത്തിൽ സ്വീകാര്യം തന്നെ.

ജീവാത്മാവ് പരമാത്മാവിന്റെ ഒരു പ്രാകാരമാണെന്ന് രാമാനുജൻ വാദിക്കുന്നു. രണ്ടും തമ്മിൽ ഐക്യവും അന്തരവുമുണ്ട്. ജീവാത്മാവിന് വ്യക്തിത്വവും സ്വാതന്ത്ര്യവുമുണ്ട്. അവിദ്യയിൽനിന്ന് വിമുക്തനായി ഈശ്വരരൂപത്തിലേയ്ക്കുള്ള പ്രയാണവും വളർച്ചയുമാണ് ജീവാത്മാവിന്റെ ലക്ഷ്യം. ജീവാത്മാവിന്റെ തത്ത്വവും ഹിതവും പുരുഷാർത്ഥവും ദൈവദത്തമാണ്. ഭഗവദ് ദർശനമാണ് രാമാനുജവിഭാവനത്തിലും ജീവാത്മാവിന്റെ പരമലക്ഷ്യം. ഇത് പ്രപത്തി അഥവാ മനുഷ്യഹിതം ദൈവഹിതത്തിനു സ്വയം കീഴ്പ്പെടുന്നതുമൂലവും ഈശ്വരന്റെ കൃപാദാനം കൊണ്ടും മാത്രമേ സാദ്ധ്യമാകൂ.

കൈങ്കര്യം അഥവാ ഈശ്വരസേവനമാണ് മനുഷ്യന്റെ ജീവിതോദ്ദേശ്യം. പരിപൂർണ്ണമായ ഈശ്വരസാക്ഷാത്കാരം ഐഹികജീവിതത്തിൽ സാദ്ധ്യമല്ല. മരണത്തിന്നപ്പുറത്തുള്ള വിദേഹമുക്തിയല്ലാതെ, ജീവന്മുക്തി മനുഷ്യന് സാദ്ധ്യമല്ല.

ഗ്രിഗോറിയോസിന്റെ വിഭാവനവും രാമാനുജന്റേതും തമ്മിൽ അനല്പമായ സാമ്യമുണ്ട്. വ്യത്യാസമെന്താണെന്ന് മനസ്സിലാക്കുന്നതിന് രാമാനുജദർശനത്തിന്റെ സമാഹാരം പി. എൻ. ശ്രീനിവാസാചാരിയുടെ Ramanuja's idea of the Finiteself (pp. 98-99) എന്ന ഗ്രന്ഥത്തിൽ നിന്നുദ്ധരിച്ച് അതേക്കുറിച്ച് രണ്ടുവാക്കു പറയുന്നതായിരിക്കും നല്ലത്.

"മുക്തിയെന്നു പറയുന്നത് ശാരീരികത്വ (embodiment) ത്തിലുള്ള സ്വാതന്ത്ര്യമല്ല; പ്രത്യുത, ശാരീരികത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്; പരമാത്മാവിലുള്ള സ്വഗേഹത്തിലേക്കു പ്രാകാരം അഥവാ മുക്തജീവാത്മാവ്, പുനഃപ്രവേശനം ചെയ്യുന്നതാണ്. മുക്തി അഥവാ സ്വാതന്ത്ര്യം വസ്തുവാദത്തിന്റേയും മനോവാദത്തിന്റെയും വ്യാപ്തിയ്ക്കതീതമാണ് (beyond the range of materialism and mentalism). അനന്തതയുടെ സഹജാവബോധവും പ്രാപനവും (the intuition of the infinite and its attainment) അതിൽ ഉൾക്കൊള്ളുന്നു. സാന്തത (finite) യ്ക്ക് അനന്തതയിൽ വേരുണ്ട്. മുക്തിയിൽ സാന്തതയുടേയും അസാന്തതയുടേയും സാരം (content) പരസ്പരം സംയോജിക്കുന്നു. എങ്കിലും രണ്ടിന്റേയും അസ്തിത്വം ഇല്ലാതാകുന്നില്ല. മുക്തജീവാത്മാവ് ഈശ്വരനെ മുഖാമുഖമായി ദർശിക്കുമ്പോൾ അതിന്റെ യുക്തിമനോഭാവം (logical outlook) ഒരു ആത്മീയമായ ഉൾക്കാഴ്ച (Spiritual insight) ആയി മാറുന്നു. ഭൗതികജീവിതത്തിന്റെ അവിദ്യയിൽ നിന്ന് വിമുക്തമാകുന്ന ജീവാത്മാവ് സർവ്വജ്ഞാന (omniscience) ത്തിലേയ്ക്കു വികസിക്കുന്നു. അനന്തതയുടെ

ഒരു അനുഭൂതി (a sense of the infinite) അതിന്നുണ്ടായിട്ട്, സർവ്വസ്വത്തിന്റെ നേത്രങ്ങൾ കൊണ്ട് (With the eye of the all-self) സർവ്വത്തേയും ദർശിക്കുന്നു. ഇങ്ങനെ ബ്രഹ്മീകൃതമാകുന്ന ജീവാത്മാവ് അതിന്റെ അഹത്വത്തിൽ നിന്നും വ്യപച്ഛിന്നതയിൽ നിന്നും വിവസ്ത്രിതമാകുന്നു. കാമാധിഷ്ഠിതങ്ങളായ കർമ്മ ബന്ധനങ്ങളെ അഴിച്ചെറിയുന്നു. ആത്മീകസേവനവും അന്യരോടുള്ള ഐക്യഭാവവും മൂലം സ്വയം നിർമ്മാർജ്ജനം ചെയ്യുന്നു. സാന്തമായത് അപ്പോഴുമുണ്ട്. പക്ഷേ, സാന്തതയുടെയും വ്യക്തിത്വത്തിന്റെയും ശൃംഖലകൾ നിഷ്കാസിതങ്ങളാകുന്നു" ("When the self is Brahmanized, it is stripped of its selfhood and sense of separateness, shakes of the shackles of Karma based on Kama and effaces itself in spiritual service and solidarity. The finite remains, but the fetters of finitude and individualism are removed." - Ramanuja's idea of the finite self, pp. 98-99).

ഇതിന്റെ ഒരു വലിയ ഭാഗം ഗ്രിഗോറിയോസിനു സ്വീകാര്യമാണ്. രണ്ടു കാര്യങ്ങൾ സ്വീകാര്യങ്ങളല്ലാതായുണ്ട്. മുക്തി ശാരീരികത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണെന്ന് ഒരു പൗരസ്ത്യ ക്രിസ്ത്യാനിക്ക് സമ്മതിക്കാനാവില്ല. ഈ സ്ഥൂലശരീരം നാം നിഷ്ക്കാസനം ചെയ്തേ തീരൂ. ജീവന്മുക്തനും മൃത്യുന്മുക്തനല്ല. എല്ലാവരും മരണത്തിൽ കൂടെയാണ് മുമ്പോട്ടുപോകേണ്ടത്. പക്ഷേ, ശാരീരികത്വത്തിലുള്ള ജീവിതം നാം ഇവിടെ അഭ്യസിക്കുന്നത്, മരണാനന്തരം പുനരുത്ഥാനത്തിൽ പുതിയ രീതിയിലുള്ള ഒരു ശരീരം നമുക്ക് നൽകപ്പെടുന്നതിനുള്ള നാന്ദിയായിട്ടാകുന്നു.

ഈ മുക്തിയ്ക്ക് മുൻപായി ഇവിടെവെച്ച് നാം ജീവിക്കുന്ന ഈ ഐഹികജീവിതം വെറുമൊരു ബാന്ധവമായിക്കരുതുവാൻ ഞങ്ങൾക്കു സാദ്ധ്യമല്ല. മനുഷ്യൻ ഐഹികജീവിതത്തിൽ പ്രവർത്തിക്കുന്ന നന്മയൊന്നും നഷ്ടപ്പെട്ടു പോകുന്നില്ല. പാരത്രികജീവിതത്തിന്റെ അസംസ്കൃതവസ്തുക്കൾ (raw materials) ഐഹികജീവിതത്തിൽ നിന്നാണുണ്ടാകുന്നത്.

പാഠം 4

നാളത്തെ സമൂഹം

ദാർശനികരീത്യാ ചിന്തിയ്ക്കുമ്പോൾ നാളത്തെ സമൂഹത്തെക്കുറിച്ച് ഉദിയ്ക്കുന്ന ചില പ്രാഥമിക ചോദ്യങ്ങളെ ഉന്നയിയ്ക്കുക മാത്രമാണ് ഈ ലഘുപ്രബന്ധത്തിന്റെ ഉദ്ദേശ്യം. പ്രശ്നത്തെ കൈകാര്യം ചെയ്യുന്ന രീതിയെ സംബന്ധിയ്ക്കുന്ന (methodological) ചോദ്യങ്ങളെ ആദ്യം അഭിമുഖീകരിച്ചില്ലെങ്കിൽ പ്രശ്നങ്ങൾക്കു നൽകുന്ന സമാധാനം മൗലികമായിത്തന്നെ തെറ്റിപ്പോകാൻ വഴിയുണ്ട്.

ഒന്നാമത്തെ പ്രശ്നം നാളത്തെ സമൂഹം എന്നു പറയുന്നത് ഒരു കെട്ടിടം പണിയുകയോ ഒരു പാലമോ ഡാമോ തീർക്കുകയോ ചെയ്യുന്നതുപോലെ എഞ്ചിനീയറന്മാർ ഒരുമിച്ചിരുന്ന് ഏട്ടിൽ വരച്ചിട്ട് കൺട്രാക്റ്റ് കൊടുത്തു പണിയിയ്ക്കാവുന്ന ഒരു സാധനമാണോ എന്നുള്ള വിഷയമാണ്. സമൂഹം എന്നു പറയുന്നത് മനുഷ്യർ വിഭാവനം ചെയ്ത് സൃഷ്ടിയ്ക്കുന്ന ഒരു വസ്തുവാണോ? അതോ ചെടികളും മറ്റും നടുന്നതുപോലെ ശരിയായ വിത്ത് വിതച്ച് വേണ്ട വെള്ളവും വളവും കൊടുത്താൽ താനേ വളർന്നുവരുന്ന സംഗതിയാണോ? അതോ കോഴിയെ വളർത്തുന്നതുപോലെ കുറെ മുട്ട വിരിയുവാൻവച്ച് കോഴിക്കുഞ്ഞ് വിരിഞ്ഞു കഴിയുമ്പോൾ കൂടുകെട്ടി വേണ്ട ഭക്ഷണവും കൊടുത്ത് രോഗങ്ങൾക്കെതിരായുള്ള കുത്തിവയ്പുമെല്ലാം കഴിച്ച് വളർത്തിക്കൊണ്ടു വരാവുന്ന ഒരു സാധനമാണോ? ഡാമായാലും മരമായാലും ജീവജാലസമൂഹമായാലും മനുഷ്യന്റെ അറിവിന്നും അടവുകൾക്കും വിധേയമായ വസ്തുക്കളെ പ്രകൃതിനിയമങ്ങളനുസരിച്ച് വളർത്തിയെടുക്കുക എന്നത് നമുക്കു സാധിയ്ക്കുന്ന കാര്യമാണ്. അതുപോലെയാണോ സമൂഹം കെട്ടിപ്പടുക്കുന്നത്? പ്രഥമദൃഷ്ട്യാ ചില വ്യത്യാസങ്ങളൊക്കെയുണ്ടെന്ന് ആർക്കും കാണാവുന്നതാണ്. ഒന്നാമത്, ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്ന് നാളത്തെ സമൂഹത്തെ കെട്ടിപ്പടുക്കുകയല്ല, ഇന്നുള്ള സമൂഹത്തെ നാം വിഭാവനം ചെയ്യുന്ന രീതിയിലുള്ള നാളത്തെ സമൂഹമായി പരിവർത്തനം ചെയ്യിച്ചെടുക്കുകയാണല്ലോ കർത്തവ്യം. നാളെയുടെ ആകൃതി മാത്രമറിഞ്ഞാൽപ്പോരാ ഇന്നത്തേതിൽനിന്ന് നാളത്തേതിലേക്ക് മാറുവാനുള്ള മാർഗ്ഗംകൂടി അറിയണം. ഇന്നുള്ളതിന്റെ ഒരു പരിവർത്തിതരൂപമായിട്ടു മാത്രമേ നാളത്തേതിനെ വിഭാവനം ചെയ്യുവാൻ സാധിക്കൂ. രണ്ടാമത്തെ പ്രശ്നം കല്ലും കുമ്മായവും പോലെയൊ വിത്തും വളവും പോലെയൊ മുട്ടയും കോഴിത്തീറ്റയും പോലെയൊ മനുഷ്യജ്ഞാനത്തിന്നും മനുഷ്യന്റെ കൈകാര്യത്തിനും വിധേയമാകുന്ന വസ്തുവല്ല മനുഷ്യൻ എന്നു പറയുന്നത്. സ്വാതന്ത്ര്യമുള്ള ജീവിയാണ് മനുഷ്യൻ. അവൻകൂടെ സമ്മതി

ച്ചെങ്കിലേ അവനെ പരിവർത്തനം ചെയ്യിക്കാനാവൂ. കോഴി വളർത്തുന്നതിൽ കോഴിയുടെ സഹകരണം കിട്ടുന്നതിനേക്കാൾ കുറെക്കൂടി പ്രയാസവും, കുറെക്കൂടെ ആവശ്യവും ആണ് സമൂഹപരിവർത്തനത്തിന് സമൂഹാംഗങ്ങളുടെ സഹകരണം സിദ്ധിയ്ക്കുകയെന്നത്.

ഭവ്യവിജ്ഞാനീയം

പാശ്ചാത്യരാജ്യങ്ങളിൽ അടുത്ത കാലത്ത് ഉടലെടുത്തിട്ടുള്ള ഒരു നവീന ശാസ്ത്രമാണ് Futurology അഥവാ ഭവ്യവിജ്ഞാനീയം എന്നു പറയുന്നത്. ഏതെങ്കിലും ഒരു സമൂഹത്തിന്റെ ഇന്നത്തെ സ്ഥിതിയും സാദ്ധ്യതകളും അറിയാമെങ്കിൽ, നാളത്തെ സമൂഹം ഏതു തരത്തിലായിരിക്കാമെന്നുള്ളതിനെക്കുറിച്ച് പരിമിതമായ, വിരലിലെണ്ണാവുന്ന, സാദ്ധ്യതാ സംഹിതകൾ മാത്രമേയുള്ളുവെന്നും, ഈ സാദ്ധ്യതാസംഹിതകളെ കമ്പ്യൂട്ടർകൊണ്ട് കണക്കാക്കിയെടുക്കാമെന്നുമാണ് ഈ ശാസ്ത്രത്തിന്റെ ഭാവം. പാശ്ചാത്യ രാജ്യങ്ങളിലും ഐക്യരാഷ്ട്രമണ്ഡലങ്ങളിലും വളരെയധികം കോളിളക്കങ്ങൾ ഉണ്ടാക്കിയ ഒരു ഗ്രന്ഥമാണ് *വികസനത്തിന്റെ പരിമിതികൾ* അഥവാ The Limits to Growth എന്ന ലഘുഗ്രന്ഥം. അമേരിക്കയിലെ മാസച്യുസറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി 1970-ൽ ഗവേഷണം ആരംഭിച്ച മനുഷ്യവർഗ്ഗത്തിന്റെ പരിതസ്ഥിതി (Predicament of Mankind) എന്ന പ്രോജക്ടിന്റെ ആദ്യത്തെ റിപ്പോർട്ടാണ് ഈ ഗ്രന്ഥം. മനുഷ്യവർഗ്ഗത്തിന്റെ ഭാവിയെക്കുറിക്കുന്ന അഞ്ചു വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള സ്ഥിതിവിവരണക്കണക്കുകൾ ഒരു കമ്പ്യൂട്ടറിൽ പ്രോഗ്രാം ചെയ്തു ഈ ഉപഗ്രഹത്തിലെ മനുഷ്യവർഗ്ഗത്തിന്റെ ഭാവിയെക്കുറിച്ചുള്ള സാദ്ധ്യതകളെ കണക്കാക്കുന്നതാണ് ഈ റിപ്പോർട്ട്. ജനസംഖ്യ, കാർഷികവിഭവങ്ങളുടെ ഉൽപ്പാദനം, പ്രകൃതിവിഭവങ്ങളുടെ ലഭ്യത, വ്യാവസായിക ഉൽപ്പാദനം, പരിസര മലിനീകരണം എന്നിങ്ങനെ അഞ്ചു കാര്യങ്ങളാണ് കണക്കിലെടുത്തത്. ലോകത്തിന്റെ ഭാവിയെക്കുറിച്ചുള്ള ആറേഴു വ്യത്യസ്ത മാതൃകകളെ പരിശോധിച്ചു നോക്കിയതിൽ നിലനിന്നുപോകുവാൻ സാധ്യതയുള്ള ഏക മാതൃക മാത്രമേയുള്ളുവെന്നായിരുന്നു അന്താരാഷ്ട്രീയ പണ്ഡിതന്മാരുടെ ഈ സംഘത്തിന്റെ ദൃഢമായ നിഗമനം.

ലോകജനസംഖ്യയും ലോകസാമ്പത്തിക വികസനവും ഇനിയൊരിക്കലും വർദ്ധിക്കാത്ത വിധത്തിൽ നിയന്ത്രിക്കപ്പെടുന്ന ഒരു ലോകത്തിന്നു മാത്രമേ ഈ ശതാബ്ദത്തിന്റെ അന്ത്യത്തെ അതിജീവിക്കുവാൻ സാധിക്കയുള്ളുവെന്നതാണ് ഈ പ്രാഥമിക റിപ്പോർട്ടിന്റെ ചുരുക്കമായ ഉള്ളടക്കം. 1972 ൽ ഈ ഗ്രന്ഥം പ്രസിദ്ധം ചെയ്തതിനുശേഷം അതേക്കുറിച്ച് അന്താരാഷ്ട്രമണ്ഡലങ്ങളിലുണ്ടായിട്ടുള്ള വിമർശനങ്ങളെ കണ

ക്കിലെടുത്തുകൊണ്ട് രണ്ടാമതൊരു ഗവേഷണം നടക്കുകയും അതിന്റെ ഫലം ഈ വർഷത്തിൽ പ്രസിദ്ധം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആദ്യത്തെ ഗവേഷണ റിപ്പോർട്ടിനെതിരായി ഉണ്ടായ ഏറ്റവും നിശിതമായ വിമർശനം സാമ്പത്തിക വികസനത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിയിട്ടുള്ള ലോക വിഭാഗങ്ങളെ വെവ്വേറെ കണക്കിലെടുക്കാതെ, ലോകത്തെ മുഴുവനും കൂടെ ഒറ്റ യൂണിറ്റായി കണക്കിലെടുത്തു എന്നുള്ളതായിരുന്നു. രണ്ടാമത്തെ റിപ്പോർട്ടിലാകട്ടെ, വികസിത രാഷ്ട്രങ്ങളെയും വികസ്വരരാഷ്ട്രങ്ങളെയും വികസനത്തിന്റെ മാത്രയനുസരിച്ച് പല ഗ്രൂപ്പുകളായി തരംതിരിച്ചുകൊണ്ട് ലോകത്തിന്റെ ഭാവിസാദ്ധ്യതകളെ നിർണ്ണയിക്കുവാനാണ് ഉദ്യമിച്ചിട്ടുള്ളത്. വികസിത രാഷ്ട്രങ്ങളിൽ പലതും ആവശ്യത്തിലധികം വികസിച്ചു പോയിട്ടുള്ളതുകൊണ്ട് വിവികസനം അഥവാ De-development ഉണ്ടായെങ്കിൽ മാത്രമേ ലോകത്തിന്റെ ഭാവി സുക്ഷിതമാകയുള്ളു എന്നും വികസ്വരരാഷ്ട്രങ്ങളുടെ വികസനത്തിനുള്ള താമസവും വികസിതരാഷ്ട്രങ്ങളുടെ ആവശ്യത്തിൽ കവിഞ്ഞുള്ള വികസനവും തമ്മിൽ അടുത്ത ബന്ധമുണ്ടെന്നും ഈ ഗവേഷണംകൊണ്ട് തെളിഞ്ഞിരിയ്ക്കുന്നു.

ഭാരതത്തിലെ മനുഷ്യവർഗ്ഗത്തിന്റെ ഭാവി

ഒരു രാഷ്ട്രത്തിൽ പ്രതിവർഷം ഉണ്ടാകുന്ന കാർഷിക വ്യവസായിക ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും ആകെത്തുകയാകുന്ന Gross National Product അഥവാ G.N.P. എന്ന മാത്രയാണ് രാഷ്ട്രങ്ങളുടെ വികസനത്തെ അളക്കുവാൻ ഈ അടുത്ത കാലം വരെ ഉപയോഗിച്ചു വന്നിരുന്നത്. ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും ആകെത്തുക വർദ്ധിപ്പിക്കുന്നതിനോടൊപ്പംതന്നെ അവയുടെ വിതരണത്തിൽ നീതി പുലർത്തുകയെന്നുള്ളത് കൂടെ നടന്നെങ്കിലേ വികസനം കൊണ്ട് പാവപ്പെട്ടവന് പ്രയോജനം ഉണ്ടാവുകയുള്ളു. വിതരണത്തിലുള്ള നീതിയെ അളക്കുവാൻ G.N.P. എന്ന അളവുകോൽ കൊണ്ടു സാദ്ധ്യമല്ല. വിതരണനീതി കൂടി അളക്കാവുന്ന അളവുകോൽ ഉണ്ടാക്കുന്ന പ്രശ്നം ലോക രാഷ്ട്രങ്ങളുടെ ശ്രദ്ധയെ ആകർഷിയ്ക്കുവാൻ തുടങ്ങിയിട്ട് വർഷങ്ങൾ പലതായിട്ടുണ്ടെങ്കിലും തികച്ചും തൃപ്തികരമായ ഒരു ഉപകരണം ഇതുവരെ ഉടലെടുത്തിട്ടില്ല. ഉൽപ്പാദന മാധ്യമങ്ങളുടെ ഉടമയും നിയന്ത്രണവും ചുരുക്കം ചില മുതലാളിമാരുടെ കയ്യിലാണോ, ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരുടെ കയ്യിലാണോ, മഹാജനങ്ങളുടെ സ്വാധീനത്തിലാണോ എന്നുള്ള കാര്യവും G.N.P. എന്നുള്ള അളവുകോൽ കൊണ്ട് അറിയുവാൻ സാദ്ധ്യമല്ല.

ഭാരതത്തിലുണ്ടായിട്ടുള്ള വികസനത്തെ, അന്താരാഷ്ട്രീയമണ്ഡലങ്ങ

ലിൽ ഇന്നലെവരെ വിലയിരുത്തിയിരുന്നത് G.N.P. എന്ന അളവുകോൽ കൊണ്ടു മാത്രമായിരുന്നതുകൊണ്ട് താരതമ്യേന പിന്നോക്കം കിടക്കുന്നവരുടെ കൂട്ടത്തിലാണ് വ്യാവസായിക വികസനത്തിൽ ലോകത്തിലെ നൂറിൽപ്പരം രാഷ്ട്രങ്ങളിൽ അഞ്ചാം സ്ഥാനമുള്ള ഇന്ത്യയെ മറ്റുള്ളവർ കണക്കാക്കുന്നത്. വിതരണനീതിയിലും ജനസംഖ്യാനുപാതികമായ ഉൽപ്പാദനത്തിലും നമ്മുടെ സ്ഥിതി വേണ്ടത്ര മെച്ചപ്പെട്ടിട്ടില്ലെന്നതാണ് പരമാർത്ഥം. ഇത് രണ്ടും ഭേദപ്പെടാതെ നിവൃത്തിയില്ല.

പക്ഷേ, അതിനേക്കാൾക്കവിഞ്ഞ ഒരു പ്രശ്നം നമ്മെ അഭിമുഖീകരിക്കുന്നില്ലേ എന്ന് ചിന്തിയ്ക്കേണ്ടുന്നത് ആവശ്യമാണ്. എല്ലാവർക്കും ഉണ്ണാനും ഉടുക്കാനും കിടക്കാനും പഠിക്കാനും ഉള്ള സാദ്ധ്യതകൾ ഒരു പരിധി വരെ ഉണ്ടാവുകയെന്നുള്ളത് ആവശ്യമെന്ന് നിസ്സംശയമാണ്. പക്ഷേ സാമ്പത്തിക വികസനത്തിൽ വികസിതരാഷ്ട്രങ്ങളുടെ ഒപ്പമെത്തുക എന്നുള്ള രാഷ്ട്രീയലക്ഷ്യം വഹിച്ചുകൊണ്ടുള്ള പദ്ധതികളെ നാം ആവിഷ്കരിക്കുന്നത് എത്രമാത്രം ബുദ്ധിപൂർവ്വകമായിരിയ്ക്കുമെന്ന് ചിന്തിച്ചില്ലെങ്കിൽ കുഴപ്പമുണ്ട്. ഉദാഹരണമായിട്ട് സ്വീഡൻ പോലുള്ള ഒരു രാഷ്ട്രത്തെ നമുക്കെടുക്കാം. ഗർഭപാത്രം മുതൽ ശവകുടീരം വരെയുള്ള സ്ഥിതിസമത്വം (Socialism from womb to tomb) എന്ന് സ്വീഡീഷ് സോഷ്യലിസത്തെ വിശേഷിപ്പിക്കാറുണ്ട്. സ്വീഡനിൽ പാവപ്പെട്ടവരില്ല. ഉൽപ്പാദനം വേണ്ടത്രയുണ്ട്. വിതരണത്തിൽ നീതിയും ഏറെക്കുറെയുണ്ട്. അതേസമയംതന്നെ ആത്മഹത്യകളുടേയും ആൽകോഹോളിസത്തിന്റെയും Drug addiction ന്റെയും അനുപാതം അനുദിനം വർദ്ധിച്ചുവരുന്നുവെന്നു മാത്രമല്ല, മനുഷ്യന് മറ്റു മനുഷ്യരെക്കൊണ്ടുള്ള ആവശ്യം കുറയുന്നതോടുകൂടെ മാനുഷികബന്ധങ്ങളുടെ ശിഥിലീകരണവും തൽഫലമായ വിമാനുഷീകരണവും (De-humanisation) വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. നാമും സ്ഥിതിസമത്വവും ഒക്കെ അന്വർത്ഥമാക്കിത്തീർത്ത്, വിതരണത്തിൽ നീതിയും പുലർത്തി സ്വീഡൻകാരെപ്പോലെ ആയിക്കഴിഞ്ഞശേഷം അതിൽനിന്നുണ്ടാകുന്ന മറ്റു പ്രശ്നങ്ങളെക്കുറിച്ച് പരിചിന്തനം ചെയ്താൽ മതിയോ അതോ സ്വീഡീഷ് സോഷ്യലിസത്തിന്റെ ലക്ഷ്യദർശനത്തിൽ പാകപ്പിഴ വല്ലതും വന്നുപോയിട്ടുണ്ടോ എന്നു ഇപ്പോൾ തന്നെ പരിശോധിയ്ക്കേണ്ട ആവശ്യമുണ്ടോ?

നാളത്തെസമൂഹം: മൂലതത്വങ്ങൾ

ഭാരതത്തോട് വലിയ മൈത്രിയൊന്നും കാണിക്കാത്ത, നമ്മുടെ അയൽക്കാരി ചൈനയുടെ ചരിത്രത്തിൽ അടുത്തകാലത്ത് ഉണ്ടായിട്ടുള്ളതും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതുമായ ഒരു വിവാദവിഷയമാണ്, രാഷ്ട്രീയപദ്ധതിയിൽ പ്രഥമസ്ഥാനം നൽകേണ്ടത്, ഉൽപ്പാദനമാത്ര

വർദ്ധിപ്പിയ്ക്കുന്നതിനാണോ, ഉൽപ്പാദനപ്രക്രിയയുടെ ഉദ്ദേശ്യത്തിൽ വ്യത്യാസം വരുത്തി മഹാജനങ്ങളുടെ മനഃപരിവർത്തനം വരുത്തുന്ന തിന്നാണോ എന്നുള്ള ചോദ്യം. മഹാജനങ്ങൾ ഉൽപ്പാദന പ്രക്രിയക ളിൽ ഏർപ്പെടുന്നത് ലാഭതൃഷ്ണ കൊണ്ടും സ്വാർത്ഥത്തെ അല്ലെങ്കിൽ സ്വന്തസുഖത്തെ ആരായുന്നതുകൊണ്ടും ആണെങ്കിൽ ഉൽപ്പാദനം എത്ര തന്നെ വർദ്ധിച്ചാലും വിതരണത്തിൽ എത്ര തന്നെ നീതി ഉണ്ടായിരു ന്നാലും മനുഷ്യൻ മനുഷ്യനായി വളരുവാൻ സാധിയ്ക്കുകയില്ലെന്നു ള്ളതാണ് ഇരുപതാം ശതാബ്ദത്തിലെ ഉന്നത ദാർശനികന്മാരിലൊരാ ളായ മാവോ - സെ - തുംഗിന്റെ ഉപദേശം. അതുപോലെ തന്നെ പ്രാധാ ന്യമുള്ള മറ്റൊരു സംഗതിയാണ് നേതാക്കന്മാരും നയിക്കപ്പെടുന്നവരും തമ്മിലുള്ള ബന്ധവും, പ്രത്യേകിച്ച് രാജ്യത്തെ വികസനശ്രമങ്ങളിൽ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ള പ്രത്യേക മനോഭാവവും.

വ്യക്തിപരമായ ലാഭമോഹത്തെ വിപാടനം ചെയ്യാതെ, ഓരോ വ്യക്തി യ്ക്കും സ്വാർത്ഥത്തിന് വേണ്ടിയല്ല സാമൂഹ്യസേവനത്തിനു വേണ്ടി, വേലചെയ്യാനുള്ള പ്രചോദനം നൽകാതെ, ഭാരതത്തിൽ ദാരിദ്ര്യം വിപാ ടനം ചെയ്ത് വിതരണനീതി പുലർത്തിയതുകൊണ്ടു മാത്രം മനുഷ്യന്റെ മനുഷ്യത്വം പുലർത്തുന്ന നാളത്തെ സമൂഹം കെട്ടിപ്പടുക്കാനാവില്ലെന്ന് നിശ്ചയമാണ്. ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരുടേയും ഉദ്ദേശ്യം ശമ്പളമോ കൈക്കൂലിയോ വാങ്ങി സ്വന്തവരുമാനം വർദ്ധിപ്പിയ്ക്കുകയെന്നുള്ളതാ ണെങ്കിൽ അങ്ങനെയൊരു ഗവൺമെന്റിന് മാനുഷികതയുള്ള നാളത്തെ സമൂഹം കെട്ടിപ്പടുക്കുവാൻ സാധിക്കയില്ലെന്നുള്ളത് നമുക്കിന്നും ബോദ്ധ്യമായിട്ടില്ലെന്നു തോന്നുന്നു.

അതേപ്പറ്റി ചിന്തിയ്ക്കുമ്പോൾ ഉദിയ്ക്കുന്ന പ്രധാന പ്രശ്നം, മനു ഷ്യസമൂഹത്തിൽ രാഷ്ട്രത്തിന് അഥവാ ഗവൺമെന്റിന് ഉള്ള സ്ഥാന മെന്തെന്നുള്ളതാണ്. ഇത് സംബന്ധിച്ച് തന്റെ ചെറുപ്പകാലത്ത് (1843 -ൽ) കാറൽ മാർക്സ് എഴുതിയിട്ടുള്ള ചില പ്രബന്ധങ്ങൾ ഇന്നും ചിന്തോ ദ്ദീപകങ്ങളാണ്. ഹേഗലിന്റെ രാഷ്ട്രദർശനത്തെ വിമർശിച്ചുകൊണ്ട് അദ്ദേ ഹമെഴുതിയ ഈ പ്രബന്ധങ്ങളിൽ പലതും ഹേഗൽ സ്പെഷലിസ്റ്റു കൾക്ക് മാത്രം താല്പര്യമുള്ളവയാണ്. എന്നാൽ നമ്മെ സംബന്ധിച്ചിട ത്തോളം പ്രധാനമായിട്ടുള്ളത് ഇന്നത്തെ രാഷ്ട്രമീമാംസയിൽ പലരും അടിസ്ഥാനമായി കരുതുന്ന ചില തത്വങ്ങളെ മാർക്സ് ചോദ്യം ചെയ്യു ന്നുവെന്നുള്ളതത്രെ.

സ്റ്റേറ്റ് അല്ലെങ്കിൽ ഗവൺമെന്റ് എന്ന് പറയുന്നത് വ്യക്തികളുടെ സ്വകാര്യതാല്പര്യങ്ങൾക്കും സ്വന്ത അവകാശങ്ങൾക്കും ഉപരിയായുള്ള തും എന്നാൽ അതേസമയം തന്നെ എല്ലാ വ്യക്തികളുടെയും പൊതു

വായ താല്പര്യങ്ങളെ ഉൾക്കൊള്ളുന്നതു മൂലം പ്രത്യേക വ്യക്തിതാല്പര്യങ്ങളെ പൊതുതാല്പര്യങ്ങളുമായി അനുരഞ്ജിപ്പിയ്ക്കത്തക്കവിധം വ്യക്തികൾക്ക് അവകാശങ്ങൾക്കനുസൃതമായ ചുമതലകളും നല്കുന്നതുമായ ഒരു പൊതു യാഥാർത്ഥ്യമാണെന്നാണ് ഹേഗലിന്റെ നിർവചനം. അതായത് സമൂഹത്തിൽ യഥാർത്ഥ സ്വാതന്ത്ര്യം പുലർത്തണമെങ്കിൽ വ്യക്തികളുടേയും കുടുംബങ്ങളുടേയും സ്വകാര്യ താല്പര്യങ്ങളും അവരുടെ പൊതുതാല്പര്യങ്ങളും തമ്മിൽ അനുരഞ്ജിപ്പിയ്ക്കുന്ന ഒരു വ്യവസ്ഥിതിയുണ്ടാകണമെന്ന് ചുരുക്കം. സ്വകാര്യതാല്പര്യങ്ങളെ സംരക്ഷിയ്ക്കുന്ന നിയമങ്ങൾ പൊതു താല്പര്യവിരുദ്ധമാകരുതല്ലോ. രണ്ടും തമ്മിൽ പൊരുത്തമില്ലാതെ വന്നാൽ പൊതുതാല്പര്യത്തിന് മാത്രം പരിഗണന കൊടുത്തിട്ട്, കുറേപ്പേരുടെ സ്വകാര്യ താല്പര്യത്തെ അവഗണിയ്ക്കാമെന്നൊരു വ്യംഗ്യം ഇവിടെയില്ലേ? സ്വകാര്യതാല്പര്യങ്ങൾ പൊതുതാല്പര്യത്തിന് വിധേയമാണ്, പൊതുതാല്പര്യത്തെ ആശ്രയിച്ചു മാത്രമേ സ്വകാര്യതാല്പര്യങ്ങളുടെ സംരക്ഷണയ്ക്കുള്ള നിയമങ്ങൾ രാഷ്ട്രത്തിന് വിഭാവനം ചെയ്യാൻ സാധിയ്ക്കൂ. പക്ഷേ പൊതുതാല്പര്യങ്ങൾക്ക് വേണ്ടി സ്വകാര്യതാല്പര്യങ്ങളെ മുഴുവനേ ബലികഴിയ്ക്കാനാവില്ല. രണ്ടിനും പരിധികൾ നിർണ്ണയിയ്ക്കണം. പ്രശ്നം അവിടെ നില്ക്കുന്നില്ല. ഹേഗലിന്റെ ചിന്തയിൽ രാഷ്ട്രമാണ് ആത്യന്തികമായ 'ആശയ'ത്തിന്റെ (idea) അല്ലെങ്കിൽ 'ആത്മാ'വിന്റെ (spirit) ഉടലെടുത്തരൂപം. രാഷ്ട്രമെന്നുള്ള ആ യാഥാർത്ഥ്യം കാണപ്പെടുന്നത് കുടുംബങ്ങളായും സമൂഹമായും എന്നല്ലാതെ കുടുംബങ്ങളും സമൂഹങ്ങളുമല്ല യാഥാർത്ഥ്യം. രാഷ്ട്രമാകുന്ന യാഥാർത്ഥ്യം വ്യത്യസ്ത നിലകളിലുള്ള കുടുംബങ്ങളായും സാഹചര്യങ്ങളനുസരിച്ച് ഉച്ചനീചത്വമുള്ള കൂട്ടങ്ങളായും കാണപ്പെടുന്നു എന്നാണ് ഹേഗൽ പറയുന്നത്. ജനങ്ങളല്ല പ്രധാനം, രാഷ്ട്രമാണ് പ്രധാനം എന്നിവിടെ വിവക്ഷയുണ്ടെന്നതാണ് മാർക്സിന്റെ വിമർശനം. രാഷ്ട്രത്തിന് പരമാധികാരം (sovereignty) ഉണ്ടാകുന്നതിന്റെയും കാരണം ഇതു തന്നെ. രാഷ്ട്രമെന്ന യാഥാർത്ഥ്യം "ആത്മാ'വിന്റെ ദൃഷ്ടപ്രകടനമാണെങ്കിൽ അതിന് അതിന്റേതായ ഇച്ഛാശക്തി (will) യുണ്ടായിരിയ്ക്കണമല്ലോ. ഈ ഇച്ഛാശക്തിയുടെ ദൃഷ്ടരൂപമാണ് പരമാധികാരം അല്ലെങ്കിൽ (sovereignty) എന്ന് ഹേഗൽ വാദിച്ചു.

അപ്പോൾ രാഷ്ട്രം ഉണ്ടാകുന്നത് ജനങ്ങളിൽ നിന്നല്ല. 'ആത്മാവാ'കുന്ന ആ യാഥാർത്ഥ്യം ദൃഷ്ടരൂപം കൈക്കൊള്ളുന്നതാണ് രാഷ്ട്രം. ആ ദൃഷ്ട യാഥാർത്ഥ്യത്തിന്റെ ഇഷ്ടികകളാണ് വ്യക്തികളും കുടുംബങ്ങളുമൊക്കെയെന്ന് ഹേഗൽ ചിന്തിച്ചതായി തോന്നും എന്നാണ് മാർക്സ് പറഞ്ഞത്. രാഷ്ട്രമാണ് കർത്താവ്, subject ജനങ്ങൾ, അതിന്റെ ക്രിയ അല്ലെങ്കിൽ predicate. അങ്ങിനെവന്നാൽ രാഷ്ട്രം എന്ന് പറയു

ന്നത് മനുഷ്യരിൽനിന്നും ഇതരീകരണം ഭവിച്ച ഒരു യഥാർത്ഥ്യമായി ത്തീരുന്നു എന്ന് മാർക്സ് വാദിച്ചു.

ഹേഗലിന്റെ ചിന്തയിൽ രാഷ്ട്രമാകുന്ന personality യെ രാജാവിന്റെ വ്യക്തിത്വത്തിലാണ് കേന്ദ്രീകരിച്ചത്. രാജാവ് എന്ന് പറയുന്ന യാഥാർത്ഥ്യം സമൂഹത്തിൽ നിന്നുണ്ടാവുന്നതല്ല. സ്വയംഭൂ (self originating) ആണെന്ന് വാദിയ്ക്കുവാൻ മാത്രം അത്രയ്ക്ക് ആസ്ട്രിയൻ മോണാർക്കിയുടെ അടിമയായിരുന്നു ഹേഗൽ. മാർക്സ് പറഞ്ഞു: രാജാവു മാത്രമല്ല രാജാവിന്റെ തലയിലുള്ള പേനുംകൂടെ സ്വയംഭൂവാണ്. അതുകൊണ്ടുമാത്രം രാജാവിന്റെ പരമാധികാരം വകവെച്ചു കൊടുക്കാനാവില്ല. രാഷ്ട്രത്തിന്റെ പരമാധികാരം എന്നു പറയുന്നത് രാജാവിന്റെ സ്വേച്ഛാ പ്രഭുത്വമാണെന്ന് വാദിയ്ക്കുന്ന ഐഡിയലിസം അടിമുതലേ തെറ്റാണെന്ന് മാർക്സ് തീരുമാനിച്ചു.

അവിടെനിന്ന് പിന്നെ ഫോയർബാഖിന്റെയും പ്രൂധോണിന്റെയും ഹെഗേലിയൻ വിമർശനം ഉപയോഗിച്ചുകൊണ്ട് മാർക്സ് മുൻപോട്ട് പോയി. മനുഷ്യസമൂഹത്തിലെ യഥാർത്ഥ കർത്താവ് തൊഴിൽക്കാരനാണെന്നും, എന്നാൽ അവനെ വെറും ഒരു വസ്തുവാക്കി മാറ്റിയിട്ട്, അവനെ ഉപയോഗിച്ച് തങ്ങളുടെ അത്യാർത്തിയെ പൂരിപ്പിയ്ക്കുവാൻ ശ്രമിയ്ക്കുന്ന ഒരു വർഗ്ഗത്തിന്റെ വക്താവാണ് ദാർശനികനെന്നും മാർക്സ് തീരുമാനിച്ചു.

രണ്ട് പ്രശ്നങ്ങൾ

മാർക്സിന്റെ വിമർശനത്തിൽ നിന്ന് ഉദിയ്ക്കുന്ന രണ്ട് പ്രശ്നങ്ങൾ മാത്രം ഉന്നയിച്ചുകൊണ്ട് ഈ പ്രബന്ധം ഉപസംഹരിയ്ക്കണമെന്നാഗ്രഹിക്കുന്നു.

ഒന്നാമത്തേത് objectification - വസ്തുവൽക്കരണം. രണ്ടാമത്തേത് theory - practice separation - ദർശകപ്രാവർത്തിക വ്യവച്ഛേദനം.

M.I.T. പ്രോജക്റ്റിൽ മാത്രമല്ല, നമ്മുടെ നാഷനൽ പ്ലാനുകളിലും ഒക്കെ മനുഷ്യനെ വെറും ഒരു Object ആയി കാണുന്നതുകൊണ്ടല്ലേ അവനെ കോഴിമുട്ടയെണ്ണുന്നതുപോലെ എണ്ണി, ജനസംഖ്യ എന്നൊരു സ്ഥിതിവിവരക്കണക്കാക്കി, കമ്പ്യൂട്ടറിന്നകത്തേയ്ക്ക് പ്രോഗ്രാം ചെയ്യുന്നത്? മനുഷ്യനെ വെറും labour force (മലയാളത്തിൽ കൂലിപ്പട്ടാളം എന്നാണോ തർജ്ജമ) അല്ലെങ്കിൽ productor labour എന്നൊക്കെയാണല്ലോ നമ്മുടെ നാഷനൽ പ്ലാനിലും ഒക്കെ കണക്കാക്കുന്നത്. ഇത് എന്തുമാത്രം ന്യായീകരിക്കാം. 'നാളത്തെ സമൂഹം' എന്ന് പറയുന്നതിന്റെ ഇഷ്ടികകളാണോ നമ്മുടെ നാട്ടിലെ 57 കോടി മനുഷ്യർ? അവരെ

വെറും ഒരു employment potential ആയി മാത്രം കരുതി capital, management, resources, labour എന്നിങ്ങനെയുള്ള വികസനമാദ്ധ്യമങ്ങളുടെ കൂട്ടത്തിൽ കോഴിമുട്ടയും കോഴിത്തീറ്റയുംപോലുള്ള ഒരു object ആയി ട്ടല്ലേ നാം കണക്കാക്കുന്നത്.

ഈ പ്രശ്നം വെറും ഒരു സാങ്കേതിക പ്രശ്നമാണ്. പ്രായോഗിക മായി ഈ ചോദ്യത്തിന് പ്രാധാന്യമൊന്നുമില്ല എന്ന് പ്രഥമദൃഷ്ട്യാ തോന്നി യേക്കാം. പക്ഷേ the objectification of humanity എന്ന് പറയുന്നത് വിമാ നുഷീകരണത്തിന്റെ പ്രഥമപടിയാണ്. മനുഷ്യനെ മനുഷ്യനല്ലാതാക്കുന്ന കാര്യമാണ് എന്ന് ദാർശനികൻ പറഞ്ഞാൽ, ഈ വിമാനുഷീകരണം ഉണ്ടാകുന്നത് എങ്ങിനെയാണെന്ന് കൂടി പറഞ്ഞു മനസ്സിലാക്കേണ്ടുന്ന ചുമതല ദാർശനികനുണ്ട്.

കാറൽ മാർക്സ് 1845-ൽ എഴുതിയ ചില കുറിപ്പുകൾ ഈ വിഷയ ത്തെക്കുറിച്ചുള്ള ചിന്തയുടെ അടിസ്ഥാനമിട്ടു. കാന്റിന്റെ ചിന്തയെ പിന്തു ടർന്നുകൊണ്ട് ഫോയർ ബാഖ് വസ്തുക്കളായി ബാഹ്യലോകത്തിലുള്ള object കളെയും ബോധതലത്തിലുള്ള object കളെയും രണ്ടായി വേർതി രിച്ചു. പക്ഷേ ഫോയർ ബാഖിന് രണ്ടു തെറ്റുകൾ പറ്റിയെന്നാണ് മാർക് സിന്റെ കുറിപ്പുകളിലെ സൂചന. ഒന്നാമത് ബാഹ്യലോകത്തിലെ വസ്തു ക്കളെ ബോധതലത്തിലാക്കിയതിനു ശേഷം ഉണ്ടാകുന്ന ബോധതലത്തി ലവശേഷിയ്ക്കുന്ന പ്രതീതിയെ അഥവാ പ്രതിച്ഛായയെ ആണ് ഫോയർ ബാഖ് കണക്കിലെടുത്തത്. അല്ലാതെ ബോധമുള്ള മനുഷ്യനും ബാഹ്യ ലോകത്തിലെ വസ്തുവും തമ്മിൽ ഇന്ദ്രിയാനുഭൂതി മൂലം ഉണ്ടാകുന്ന ബന്ധത്തെ (Perceiving activity not perception remaining in Consciousness) കണക്കിലെടുക്കുവാൻ ഫോയർ ബാഖിനു സാധിക്കാത്തതിൽ തെറ്റ് പറ്റി എന്നുള്ളത് ഒരു വശത്ത്; മറുവശത്ത് വ്യക്തിയും വസ്തുവും തമ്മിലുള്ള ബന്ധത്തെ മാത്രം കണക്കിലെടുക്കുന്നതു മൂലം അതായത് സാമൂഹ്യമായ അടിസ്ഥാനത്തിൽ ചിന്തിക്കാതെ വ്യക്തിയുടെ ബോധത ലത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ചിന്തിയ്ക്കുന്നതുമൂലം മനുഷ്യസ്വ ഭാവത്തെ പ്രധാനമായി കരുപ്പിടിപ്പിയ്ക്കുന്ന ഉൽപ്പാദനാധിഷ്ഠിതമായ സാമൂഹ്യബന്ധങ്ങളെ (Social relations of Production) അടിസ്ഥാനമാ യെടുക്കുവാൻ ഫോയർ ബാഖിനു കഴിയാതെപോയി എന്നുള്ളത്.

ഫോയർ ബാഖിന്റെ ഈ രണ്ടു പരാജയങ്ങൾ പാശ്ചാത്യസംസ്കാര ത്തിന്റെ പൊതുവെയുള്ള പരാജയങ്ങളാണ്. മനുഷ്യൻ എന്ന യാഥാർത്ഥ്യ ത്തിൽ പ്രാഥമികമായുള്ളത് വ്യക്തിയാണെന്നും വ്യക്തികൾ കൂടുമ്പോ ഴാണ് സമൂഹങ്ങൾ ഉണ്ടാകുന്നതെന്നുമുള്ള അബദ്ധസിദ്ധാന്തം, പാശ്ചാ ത്യരിൽനിന്ന് നമുക്കു കിട്ടിയിട്ടുണ്ട്. അതുപോലെതന്നെയുള്ള മറ്റൊരു

അബദ്ധമാണ് യാഥാർത്ഥ്യം അല്ലെങ്കിൽ സത്യം എന്നു പറയുന്നത് വാചകങ്ങളിൽ ഉൾക്കൊള്ളിക്കാവുന്ന അല്ലെങ്കിൽ വാക്യങ്ങൾകൊണ്ട് വിവരിക്കാവുന്ന ഒന്നാണെന്നുള്ള അബദ്ധസിദ്ധാന്തം. ഈ പ്രശ്നത്തിന്റെ വ്യാപകമായ വിദൂരഫലങ്ങളെ മാർക്സ് തന്നെ മുഴുവനായി കണ്ടില്ല. എങ്കിലും ഫോയർ ബാഖ് തീസിസുകളിൽ അവസാനത്തേതായ പത്തും പതിനൊന്നും വാക്യങ്ങളിൽ മാർക്സ് പറയുന്നത് ഈ രണ്ടു കാര്യങ്ങളെക്കുറിച്ചുമാണ്. ഫോയർ ബാഖിന്റെ വ്യക്തിയിൽ അധിഷ്ഠിതമായ വസ്തുമാത്ര യാഥാർത്ഥ്യവാദത്തെ ഉപേക്ഷിച്ചിട്ട് സമൂഹാധിഷ്ഠിതമായ ഒരു മാനവശാസ്ത്രത്തിലേക്ക് പ്രവേശിക്കണമെന്നുള്ളതാണ് മാർക്സിന്റെ പത്താമത്തെ തീസിസ്. ദാർശനികന്മാർ ലോകത്തെ ബഹുവിധത്തിൽ വ്യാഖ്യാനിച്ചിട്ടേയുള്ളു, ഇന്നത്തെ ആവശ്യം ലോകത്തെ വ്യാഖ്യാനിക്കാനല്ലാ, പരിവർത്തനം ചെയ്യിക്കാനാണെന്ന് ആയിരുന്നു മാർക്സിന്റെ പതിനൊന്നാമത്തെ തീസിസ്. കാന്റിന്റെ കാലം മുതൽ വസ്തു അതിൽതന്നെ എന്താണെന്ന് നമുക്കറിയാൻ സാധിക്കാത്തിടത്തോളം കാലം വസ്തുനിഷ്ഠമായ യാഥാർത്ഥ്യം (objective truth) അറിയാനേ സാധ്യമല്ല എന്നുള്ള കാന്റിയൻവാദത്തിന് മറുപടിയായി മാർക്സ് പറഞ്ഞത് വ്യക്തിയുടെ ബോധതലത്തിന്റെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ദർശകയുക്തിയേയും പ്രാവർത്തിക യുക്തിയേയും (Theoretical Reason and Practical Reason) രണ്ടായി വേർതിരിച്ചത് ബൂർഷ്വാ മനസ്ഥിതിയിൽ പറ്റുന്ന ഒരബദ്ധമാണെന്നും ദർശനവും പ്രയോഗവും (Theory and praxis) ഒരുമിച്ചുകൊണ്ടു പോകുന്ന സമൂഹാധിഷ്ഠിതമായ ചിന്താഗതിയിൽ വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തെ അറിയുന്നതിലുള്ള ദാർശനിക പ്രശ്നങ്ങളെല്ലാം നീങ്ങിപ്പോകുന്നുവെന്നുമാണ് മാർക്സിന്റെ വാദം. യഥാർത്ഥമായ ജ്ഞാനം ഉണ്ടാകുന്നത് ചിന്തയിൽ നിന്നു മാത്രമല്ല, ചിന്തയും പ്രവർത്തനവും കൂടെ ഒരുമിച്ചു പോകുമ്പോഴാണെന്നുള്ള മാർക്സിയൻ ചിന്തയെ അടിസ്ഥാനമാക്കിയാണ് ഈ അടുത്തകാലത്ത് ചൈനീസ് സർവ്വകലാശാലകളിലെ നവീകരണ പരിശ്രമങ്ങൾ നടന്നിട്ടുള്ളത്.

പക്ഷേ, പ്രശ്നം അവിടംകൊണ്ടും തീരുന്നില്ല. ആധുനികശാസ്ത്രവും സാങ്കേതികതയും (Modern Science and Technology) അവയിൽ തന്നെ വിമാനുഷീകരണത്തിലേക്കു നയിക്കുവാൻ ശക്തങ്ങളാണെന്നുള്ള വാദമാണ് ഇന്നു പൊന്തിവന്നുകൊണ്ടിരിക്കുന്നത്. ഈ വാദത്തെ ഏറ്റവും ലളിതമായ രീതിയിൽ നിങ്ങളുടെ മുൻപിൽ അവതരിപ്പിയ്ക്കുവാൻ ശ്രമിക്കുന്നത് സാഹസമാണെന്ന് എനിയ്ക്കറിയാം. എങ്കിലും ശ്രമിയ്ക്കട്ടെ. ഇന്നത്തെ ശാസ്ത്രം ഉപയോഗിക്കുന്ന ജ്ഞാനസമ്പാദനരീതിയിൽ തന്നെ വിമാനുഷീകരണ സാദ്ധ്യതകൾ ഉണ്ടെന്നുള്ള ഈ വാദത്തെ തക്കതായ

എതിർവാദങ്ങൾ കൊണ്ട് നിങ്ങൾക്കാർക്കെങ്കിലും തകർക്കാമെങ്കിൽ ശാസ്ത്രത്തിന് അത് വലിയൊരു സഹായമായിരിയ്ക്കും.

ശാസ്ത്രത്തിന്റെ ജ്ഞാനസമ്പാദനരീതിയിൽ ജ്ഞാതാവിന്നും ജ്ഞേയത്തിന്നും, ജ്ഞാനത്തിനും കോട്ടം തട്ടുന്നു എന്നാണ് വാദം. ഒന്നാമത് ജ്ഞേയവസ്തുവിനെ മറ്റു വസ്തുക്കളിൽ നിന്നും വേർപെടുത്തി നമ്മുടെ ജ്ഞാനസമ്പാദനപ്രക്രിയയുടെ വിഷയമാക്കി നിരീക്ഷണത്തിനും വിശകലനത്തിനും വിധേയമാക്കുന്നതോടെ അതിന് രൂപവ്യത്യാസം വരുന്നുവെന്നാണ് വിമർശനം. അതായത് ഒരു പൂവോ, പക്ഷിയോ, പുഴയോ, മലയോ ഒരു കവിയുടെ നിരീക്ഷണത്തിന് വിധേയമാകുന്നതും ഒരു ശാസ്ത്രജ്ഞന്റെ നിരീക്ഷണത്തിന് വിധേയമാകുന്നതും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസം ഉണ്ട്. കവിയുടെ നിരീക്ഷണത്തിൽ നിരീക്ഷിതവസ്തുവിന് കവിയുമായുള്ള ബന്ധം സജീവമായിത്തന്നെ തുടരുന്നു. മരമായാലും പുഴയായാലും പക്ഷിയായാലും പൂവായാലും കവിയോട് സംസാരിക്കുന്നതും കവിയുമായുള്ള ബന്ധത്തിൽ ഏർപ്പെടുന്നതും നിരീക്ഷിതവസ്തു അതിന്റെ കർത്തൃത്വം (Subject character) കൈവെടിയാതെയാണ്. എന്നാൽ ശാസ്ത്രജ്ഞന്റെ നിരീക്ഷണത്തിൽപ്പെടുമ്പോൾ അതു വെറും Object ആയിത്തീരുന്നു. ഇങ്ങനെ Objectification അഥവാ വസ്തുവൽക്കരണം എന്നുള്ള പ്രക്രിയ കൊണ്ട് ജ്ഞേയവസ്തു രൂപാന്തരപ്പെട്ടിട്ട് അതിന്റെ സ്വാഭാവികരൂപത്തെ മറച്ചുവെച്ചിട്ടാണ് ശാസ്ത്രീയ ജ്ഞാനത്തിനു വിധേയമാവുന്നത്.

ശാസ്ത്രത്തിൽ ജ്ഞേയവസ്തു മാത്രമല്ല ജ്ഞാതാവും തന്റെ Subjective ആയിട്ടുള്ള വികാരങ്ങളും ആഗ്രഹങ്ങളും ഒക്കെ മാറ്റിവച്ചിട്ട് തന്നെത്തന്നെ നിഷ്പക്ഷമായ ഒരു നിരീക്ഷണയന്ത്രമായി പരിവർത്തനം ചെയ്യിയ്ക്കുവാൻ നിർബന്ധിതനാകുന്നു. ആ പരിവർത്തനത്തിൽ ജ്ഞാതാവായ മനുഷ്യനും വിരൂപണം ഉണ്ടാകുന്നു. മാത്രമല്ല ശാസ്ത്രം മൂലം ലഭ്യമാകുന്ന ജ്ഞാനം ജ്ഞാതാവും ജ്ഞേയവും തമ്മിലുള്ള ഒരു ബന്ധമായി അവശേഷിക്കാതെ വാക്യങ്ങളായി രൂപഭേദംകൊണ്ട് പ്രമാണവാക്യങ്ങളായോ സ്ഥിതിവിവരങ്ങളായോ രൂപഭേദപ്പെട്ട് പുസ്തകങ്ങളിൽ ശേഖരിക്കപ്പെട്ട് വായനശാലകളിൽ കൂട്ടിവയ്ക്കപ്പെടുന്നു. അങ്ങിനെ ജ്ഞാനവും ഒരു വസ്തുവായി മാറുന്നു. ഇങ്ങനെ പദാർത്ഥീകരണം അല്ലെങ്കിൽ Reification എന്ന പ്രക്രമം മനുഷ്യനേയും വസ്തുവിനേയും ജ്ഞാനത്തേയും വിരൂപണം ചെയ്യുന്നു.

മാത്രമല്ല, നമ്മുടെ സംസ്കാരത്തിൽ കവി കാണുന്ന കാഴ്ചപ്പാടിനെ ഭാവന കൊണ്ട് ഉൽപ്പാദിപ്പിക്കുന്ന കെട്ടുകഥയായി കണക്കാക്കുമ്പോൾ ശാസ്ത്രജ്ഞൻ കാണിയ്ക്കുന്ന കാഴ്ചപ്പാടിനെ വസ്തുനിഷ്ഠ യാഥാർ

ത്ഥ്യം എന്ന് നാം വിശേഷിപ്പിക്കുന്നു. അതായത് കവി കാണുന്നത് സത്യ മല്ല, ശാസ്ത്രജ്ഞൻ കാണുന്നതു മാത്രമാണ് സത്യം എന്നാണ് പൊതുവേ നമുക്കുള്ള ചിന്ത. വേറൊരു വിധത്തിൽ പറഞ്ഞാൽ, മനു ഷ്യന്റെ വികാരങ്ങളേയും ഭാവനയേയും പൂർണ്ണമായും മാറ്റിവച്ചുകൊണ്ട് മനുഷ്യനെ ഒരു നിഷ്പക്ഷ നിരീക്ഷണയന്ത്രമാക്കി നിരീക്ഷിതവസ്തു വിനേയും പദാർത്ഥവൽക്കരിച്ചുകൊണ്ടുള്ള സത്യത്തിന് ആണ് നാം കൂടുതൽ വില കൽപ്പിയ്ക്കുന്നത്. ശാസ്ത്രീയ ജ്ഞാനത്തെ സാങ്കേതി കതയിൽക്കൂടെ അതായത് ടെക്നോളജിയിൽകൂടെ പ്രയോഗിച്ച് ജ്ഞേയ വസ്തുക്കളെക്കൊണ്ട് മുതലെടുക്കാനുള്ള സാധ്യതയുള്ളതു കൊണ്ടാ യിരിക്കണം ശാസ്ത്രീയ സാങ്കേതികജ്ഞാനത്തിന് മനോധർമ്മ സാഹി ത്യത്തേക്കാൾ നാം വിലകൽപ്പിക്കുന്നത്.

ഏതായാലും ശാസ്ത്രത്തിനും സാങ്കേതികതയ്ക്കും പ്രാഥമിക സ്ഥാനം നൽകുന്ന ഒരു സമൂഹത്തിൽ Objectification and manipula- tion അഥവാ വസ്തുവൽക്കരണവും കൈകാര്യവും അതിപ്രധാനമായി ത്തീരുന്നതോടെ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളെയും ഈ പ്രവണത ബാധിയ്ക്കുന്നു. രാഷ്ട്രീയമണ്ഡലത്തിലും സാമ്പത്തികമണ്ഡലത്തിലും മനുഷ്യനെ ഒരു commodity ആക്കിത്തീർത്ത് മറ്റു മനുഷ്യരുടെ ഒരു ക്രയ വിക്രയവസ്തുവായി പരിവർത്തനം ചെയ്യിക്കാനുള്ള പ്രവണത കുടുത ലായി കാണപ്പെടുന്നു. ശാസ്ത്രത്തിലും സാങ്കേതികതയിലും അധിഷ്ഠി തമായ സംസ്കാരത്തിന്റെ വിശകലനത്തിന്റെ ഒരു മുഖവുരയായി മാത്രമേ ഞാനിപ്പറഞ്ഞതിനെ നിങ്ങൾ എടുക്കേണ്ടതുള്ളു.

മാർക്സ് ചൂണ്ടിക്കാണിച്ച രണ്ടാമത്തെ പ്രശ്നവും ദാർശനികനെ ബാധിയ്ക്കുന്നതാണ്. അതായത് ദർശകയുക്തിയും പ്രാവർത്തികയു ക്തിയും തമ്മിലുള്ള വ്യവച്ഛേദനം, ദാർശനികസമിതി അംഗങ്ങളായി ഇവി ടെ കൂടുന്നവരായ നമ്മിലധികം പേരും പ്രാവർത്തികമണ്ഡലത്തിൽ വള രെയൊന്നും പരിചയമില്ലാത്തവരും ചിന്താശക്തി കൊണ്ടു മാത്രം നാള ത്തെ സമൂഹത്തെ വിഭാവനം ചെയ്യുവാൻ ശ്രമിയ്ക്കുന്നവരുമാണ്. നാളത്തെ സമൂഹത്തെ വിഭാവനം ചെയ്യുന്നതിൽ മാത്രമല്ല, നമ്മെ അഭി മുഖീകരിക്കുന്ന, അല്ലെങ്കിൽ നമ്മിൽത്തന്നെയുള്ള യാഥാർത്ഥ്യത്തെ അപ ഗ്രഥിയ്ക്കുന്നതിലും നാം ഉപകരണമാക്കുന്നത് പ്രാവർത്തിക യുക്തി യിൽനിന്നും വ്യവഛേദിതമായ ഒരു ദർശക യുക്തിയല്ലേ എന്നുള്ള പ്രശ്നം ഇവിടെ അവശേഷിക്കുന്നുണ്ട്. പ്രാവർത്തികമണ്ഡല ത്തിൽത്തന്നെ മൗലികങ്ങളായ ചില വ്യത്യാസങ്ങളെ ആദ്യമേ നാം അഭി മുഖീകരിക്കേണ്ടിയിരിക്കുന്നു. ഒരു മാർക്സിസ്റ്റു പ്രവർത്തകനായ ശ്രീ. എം. എം. ചെറിയാനും ഒരു ആദ്ധ്യാത്മിക പ്രവർത്തകനായ ശ്രീ. സിദ്ധി നാഥാനന്ദ സ്വാമിയും പ്രാവർത്തികമണ്ഡലത്തിൽ ധാരാളം പരിചയമു

ള്ളവരാണ്. പക്ഷേ, രണ്ടുപേരുടെയും പ്രാവർത്തികയുക്തി ഒരേ വഴിക്കാണോ പോകുന്നത് എന്നുള്ള കാര്യത്തിൽ എനിക്കൽപ്പം സംശയമുണ്ട്. സമൂഹമാകുന്ന യാഥാർത്ഥ്യത്തിൽകൂടെ മനുഷ്യനെ കരുപ്പിടിക്കുവാനുള്ള പ്രാവർത്തികപദ്ധതികളിലാണ് ശ്രീ. ചെറിയാന്റെ ശ്രദ്ധ. എന്നാൽ ഓരോ വ്യക്തിയും തന്റെ സ്വന്തം അസ്തിത്വത്തിന്റെ അന്തസ്സത്തയേതാണെന്ന് ധരിച്ച് ബ്രഹ്മബോധം പ്രാപിക്കുമ്പോൾ മനുഷ്യൻ സിദ്ധി പ്രാപിക്കുന്നു എന്നുള്ള ചിന്തയാണ് സ്വാമിജിയുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനമെന്നു തോന്നുന്നു. ഇവ രണ്ടും പ്രാവർത്തികയുക്തിയുടെ പ്രവർത്തനങ്ങളാണെങ്കിൽ ഇവയെ തമ്മിൽ പൊരുത്തപ്പെടുത്താനുള്ള മാർഗ്ഗമെന്താണ് എന്നൊരു പ്രശ്നം അവശേഷിയ്ക്കുന്നു. നാളത്തെ സമൂഹം വേണ്ടുംവിധം രൂപവൽക്കരിക്കണമെങ്കിൽ ദർശകയുക്തിയും പ്രാവർത്തികയുക്തിയും യോജിച്ചു പ്രവർത്തിക്കണമെന്നുള്ളതിന് സംശയമൊന്നുമില്ല. പക്ഷേ, ഏതു ദർശകയുക്തി? ഏതു പ്രാവർത്തികയുക്തി? ഓരോ പ്രാവർത്തികയുക്തിയുടെയും പിറകിൽ ഒരു ദർശകയുക്തിയില്ലേ? വിവിധ ദർശകയുക്തികളും വിവിധ പ്രാവർത്തികയുക്തികളും തമ്മിൽ വിവേചനം ചെയ്യുന്നതിന് നമുക്കെന്താണടിസ്ഥാനം?

പാഠം 5

സാഹിത്യവും മനഃശാസ്ത്രവും

മനശ്ശാസ്ത്രം ഇന്നലെയുണ്ടായതല്ലേ? സാഹിത്യമോ അതിപുരാതനവും. പിന്നെ മനശ്ശാസ്ത്രത്തിനെങ്ങനെ സാഹിത്യത്തിൽ സ്ഥാനമുണ്ടാകും? ന്യായമായ ഒരു ചോദ്യമാണിത്.

മനശ്ശാസ്ത്രം എന്നതിനെ രണ്ടർത്ഥത്തിൽ വിവക്ഷിക്കേണ്ടതുണ്ട്. ഇരുപതാം ശതകത്തിന്റെ ആദ്യ ദശകങ്ങളിൽ ഓസ്ട്രിയയിലെ യഹൂദ ഘെറ്റോ ജീവിതത്തെയും അനുഭവങ്ങളെയും ആസ്പദമാക്കി സിഗ്മൺഡ് ഫ്രോയിഡ് ചമച്ചുണ്ടാക്കിയതും പിന്നീടു പലർ വികസിപ്പിച്ചതും തിരുത്തിയതുമായ ആധുനിക മനശ്ശാസ്ത്രം ഒന്ന്. കാളിദാസനിലും ഇതിഹാസകർത്താക്കന്മാരിലും ഷേക്സ്പിയറിലും ഗീഥെയിലും ഡോസ്റ്റോയെവ്സ്കിയിലും കീർക്കഗോറിലും ഒരുപോലെ കാണപ്പെടുന്ന അഗാധമായ മനോവിജ്ഞാനീയം മറ്റൊന്ന്.

ഫ്രോയ്ഡ് തന്നെ സമ്മതിക്കുമായിരുന്നു, താനുണ്ടാക്കിയ മനശ്ശാസ്ത്ര

ത്തിലെ പ്രധാനാശയങ്ങൾ ഗീഥെയിൽ നിന്നും ഷേക്സ്പിയറിൽ നിന്നും ഡോസ്റ്റോയെവ്സ്കിയിൽ നിന്നുമാണ് ആർജിച്ചതെന്ന്.

എന്നാൽ സാഹിത്യകാരൻ സാഹിത്യത്തിൽ പ്രയോഗിച്ചിട്ടുള്ള മനോ വിജ്ഞാനം ഒന്ന്; സാഹിത്യകാരന്റെ സർഗാത്മക പ്രവൃത്തിയുടെ മനോ വിജ്ഞാനീയാധിഷ്ഠിതമായ വിശകലനം മറ്റൊന്ന്; സാഹിത്യാസ്വാദക നായ അനുവാചകനിലുളവാക്കുന്ന മാനസിക പരിവർത്തനങ്ങളുടെ വിശ കലനം മൂന്നാമതൊന്ന്. ഇതു മൂന്നും കൂടാതെ സാഹിത്യകൃതികളെ പൊതുവെ എടുത്തിട്ട്, മനശ്ശാസ്ത്രാധിഷ്ഠിതമായി അവയെ തരംതിരി ക്കുന്ന പ്രക്രിയ നാലാമതുണ്ട്. ഇതെല്ലാം സാഹിത്യവും മനശ്ശാസ്ത്രവും എന്ന വിഷയത്തിൽപ്പെടും.

സർഗാത്മകതയുടെ പ്രതിപാദനങ്ങൾ

സാഹിത്യകാരന്റെ സർഗാത്മകതയുടെ സവിസ്തരങ്ങളായ പ്രതിപാ ദനങ്ങൾ പലതുണ്ടല്ലോ? സാഹിത്യകാരൻ ഒരുതരം മാനസികരോഗിയാ ണെന്നും ആ രോഗാവസ്ഥയിൽ നിന്നാണു സാഹിത്യത്തിന്റെ ഉദയ മെന്നും വാദിക്കുന്നവരുണ്ട്. ഫ്രോയ്ഡ് തന്നെ ഏറെക്കുറെ ആ അഭി പ്രായക്കാരനായിരുന്നു. വാസനകളെ അടിച്ചമർത്തുന്നതിലാണു കല യുടെയും സംസ്ക്കാരത്തിന്റെയും ഉദ്ഭവമെന്നാണല്ലോ അദ്ദേഹത്തിന്റെ മൗലികചിന്ത. നൈസർഗിക വാസനകളെ പിടിച്ചുനിർത്തണമെന്നു സമൂ ഹമോ ധാർമികമൂല്യങ്ങളോ അവയിൽ നിന്നുണ്ടാകുന്ന അവനവന്റെ സൂപ്പർ ഈഗോയോ നിർബന്ധിക്കുമ്പോൾ അത് അതേപടി സ്വീകരി ക്കാതെ, യാഥാർഥ്യത്തിൽ വാസനകളുടെയും ആഗ്രഹങ്ങളുടെയും മോഹ ങ്ങളുടെയും പൂരണം നിവർത്തിക്കുവാൻ സാധ്യതയില്ലാത്ത പശ്ചാത്ത ലത്തിൽ, ഭാവനയിലും ഭാവനാരചനയിലും കൂടെ സാഹിത്യകാരനും കലാകാരനുമൊക്കെ (ആസ്വാദകനും?) ആഗ്രഹപൂരണം നിവർത്തി ക്കുന്നുവെന്നാണു ഫ്രോയ്ഡ് പറയുന്നത്. ആ ഭാവനാലോകത്തെ ഭാവ നയിൽ മാത്രം വിടാതെ, സമൂഹത്തിനു സ്വീകാര്യമായ ഒരു ബാഹ്യയാ ഥാർഥ്യമായി രചിക്കുന്നതാണു സാഹിത്യം അല്ലെങ്കിൽ കല. തന്റെ മന സ്സിൽ തന്നെയുള്ള മോഹങ്ങളെയും കാമങ്ങളെയുമൊക്കെത്തന്നെയാണു സാഹിത്യകാരൻ കഥാപാത്രങ്ങളിൽ കൂടി വെളിപ്പെടുത്തുന്നത്.

കല രോഗമാണ്, കലാകാരൻ രോഗിയാണ്, സാഹിത്യം മാനസിക രോഗത്തിൽ നിന്നാണുദിക്കുന്നത്, കവി തന്റെ ദിവാസ്വപ്നങ്ങളെ കവി തയിൽ കൂടെ യാഥാർഥ്യമാക്കുന്നവനാണ്, സാഹിത്യകാരൻ അവന്റെ രഹസ്യമോഹങ്ങളെ സമൂഹം നീതീകരിക്കുന്ന രീതിയിൽ പരസ്യമായി പൂരണം ചെയ്യുന്നവനാണ് എന്ന വാദത്തിന് ഒട്ടും കഴമ്പില്ലെന്നു വാദി ക്കുവാൻ സാദ്ധ്യമല്ല. പൂർണ്ണമായും 'നോർമൽ' ആയിട്ടുള്ള ഒരു മനു

ഷ്യനു സാഹിത്യം എഴുതുവാൻ സാദ്ധ്യമല്ലെന്ന് നമുക്ക് അനുഭവം കൊണ്ടറിയാം. ഒരുപക്ഷേ, അതുകൊണ്ടായിരിക്കാം ക്രിസ്തുഭഗവാൻ ഒന്നും എഴുതാതിരുന്നത്!

പക്ഷേ രോഗം കൊണ്ട് മാത്രം കലയുണ്ടാവുകയില്ലെന്നുള്ളത് ആ നാണയത്തിന്റെ മറുവശമല്ലേ? ആ മറുവശം കാണിക്കുന്നവരിൽ പ്രധാനിയാണു സാർത്ര്. മനുഷ്യമനസ്സിന്റെ പ്രവർത്തനങ്ങളെല്ലാം കാര്യകാരണ ശൃംഖലയിൽ അടക്കിനിർത്താവുന്നതല്ലെന്നും, ഭാവനയും വികാരവും ഒക്കെ കാര്യകാരണതത്വം കൊണ്ടു മാത്രം മനസ്സിലാക്കാവുന്നതല്ലെന്നും അദ്ദേഹം വാദിച്ചു. കാര്യത്തിനൊക്കെ കാരണമുണ്ട്, സകല കാര്യവും അതിന്റെ കാരണം തേടിയാണു മനസ്സിലാക്കേണ്ടത് എന്നുള്ള സ്പിനോസായുടെ വാദത്തെ സാർത്ര് നിഷേധിച്ചു. മനുഷ്യമനസ്സ് ഒരു സ്വാതന്ത്ര്യമുള്ള അസ്തിത്വമാണെന്നും ഭാവനാസൃഷ്ടിയിലാണു മനുഷ്യസ്വാതന്ത്ര്യം ഏറ്റവും കൂടുതൽ പ്രകാശിതമാകുന്നതെന്നുമാണ് അദ്ദേഹത്തിന്റെ ചിന്ത. വിവിധ സാധ്യതകളെ വിഭാവനം ചെയ്ത് അവയിലൊന്നിനെ തെരഞ്ഞെടുക്കാനും മനുഷ്യോദ്ദേശ്യം എന്ന പ്രതിഭാസം സൃഷ്ടിക്കാനും സാധിക്കുന്നതു ഭാവന കൊണ്ടല്ലേ?

ഹുസ്സേളിന്റെ പ്രതിഭാസവിജ്ഞാനീയ ദർശന (Phenomenology) ത്തെ അടിസ്ഥാനമാക്കി “ഭാവനാത്മകം” (I’ imaginaire - ഇംഗ്ലീഷിൽ imagination) എന്ന അദ്ദേഹത്തിന്റെ അടിസ്ഥാനഗ്രന്ഥത്തിൽ സാർത്ര് വാദിക്കുന്നതേതാണ്ടിങ്ങനെയാണ്. ഡേക്കാർട്ടിന്റെ കാലം മുതൽ നമുക്കറിയാം പ്രജ്ഞ (Consciousness) പൂർണ്ണമായും വിശ്വസനീയമായ ജ്ഞാനത്തെ നമുക്കു നല്കുന്നുവെന്ന്. നമ്മുടെ പ്രജ്ഞയിൽ അല്ലെങ്കിൽ ബോധതലത്തിൽ നമുക്കു വ്യക്തമായി പ്രത്യക്ഷപ്പെടുന്നതിനെ നാം സത്യമായി സ്വീകരിക്കണം. പ്രജ്ഞാമണ്ഡലത്തിലുണ്ടാക്കുന്ന (നാം തന്നെയുണ്ടാക്കുന്ന) ചിത്രങ്ങളെ അല്ലെങ്കിൽ രൂപങ്ങളെ (images) കൃത്യനിഷ്ഠയോടെ നിരീക്ഷണം ചെയ്ത്, അവയുടെ എല്ലാ വിശദവിവരങ്ങളും സൂക്ഷിച്ചറിഞ്ഞ് എഴുതിവയ്ക്കുന്നതാണു സത്യം. അതല്ലേ സാഹിത്യവും.

ഗിൽബർറ്റു റൈൽ

ഇതു കുറെ കൂടിപ്പോയെന്നായിരുന്നു ഇംഗ്ലണ്ടിലെ വിശകലനദർശകന്മാരിൽ മുമ്പനായിരുന്ന ഗിൽബർറ്റ് റൈലിന്റെ മതം. അദ്ദേഹം സ്ഥാപിക്കുന്നത് മനസ്സെന്നു പറയുന്ന സാധനമേയില്ലെന്നും, മാനസികലോകമെന്നൊരു ലോകമേയില്ലെന്നും, സംഭവങ്ങളും യാഥാർത്ഥ്യങ്ങളുമൊക്കെയുണ്ടാകുന്നതു ബാഹ്യലോകത്തിൽ മാത്രമാണെന്നും ഒക്കെയാണ്. മനസ്സെന്നൊന്നുണ്ടെന്ന മിഥ്യാബോധം മാറിക്കഴിയുമ്പോൾ പ്രജ്ഞാമണ്ഡലത്തെ വിശകലനം ചെയ്യുകയെന്ന നാഭിധ്യാനവും ഇല്ലാതായിക്കൊള്ളും

എന്ന് എന്റെ ഗുരു കൂടിയായ ഈ ഇംഗ്ലീഷുകാരൻ നമ്മെ ഉദ്ബോധിപ്പിച്ചു.

പക്ഷേ, നാഭിധ്യാനം അതുകൊണ്ടു നിലച്ചില്ലെന്നു തോന്നുന്നു. ഏതായാലും ഭാവനയിൽ മനുഷ്യസ്വാതന്ത്ര്യം സൃഷ്ടിച്ചു സാഹിത്യത്തിൽ കൂടെ അവതരിപ്പിക്കുന്ന ലോകം "ബാഹ്യലോക"വുമായി ബന്ധമൊന്നുമില്ലാത്തതാണോയെന്ന ചോദ്യം ഇന്നും സംഗതമാണ്. ഇസോപ്പിന്റെ കഥകൾ ബാഹ്യലോകത്തിൽ നടക്കുന്നതിന്റെ ശരിപ്പകർപ്പുകളല്ലെങ്കിൽത്തന്നെയും, മനുഷ്യർ തമ്മിലുള്ള ബന്ധത്തെ മൂകജീവികൾ തമ്മിലുള്ള ബന്ധമാകുന്ന ഭാവനാരൂപത്തിൽ കൂടെ പ്രകാശിപ്പിക്കുന്നതല്ലേ?

കെട്ടുകഥയും യാഥാർത്ഥ്യവും

എന്നാൽ ഡിക്കെൻസിനെപ്പോലെയുള്ള ചിലർ പറയുന്നത്, തങ്ങളുടെ കഥാപാത്രങ്ങളെ അവരുടെ ഭാവനയിൽ മാത്രമല്ല ബാഹ്യലോകത്തിൽത്തന്നെ കാണുന്നു, ഈ കഥാപാത്രങ്ങൾ തന്റെ ഭാവനയിൽ നിന്നുദിച്ചു പുറത്തുവന്നു തന്നോടു സംസാരിക്കുന്നു, ചിലപ്പോൾ ഡിക്കെൻസ് ഉദ്ദേശിക്കാത്തവിധത്തിൽ കഥയുടെ പ്ലോട്ടിനെത്തന്നെ കൊണ്ടുപോയി കളയുന്നു എന്നൊക്കെയാണ്. അതായതു ചുരുക്കം ചിലരുടെ കാര്യത്തിലെങ്കിലും ഭാവനാലോകവും ബാഹ്യലോകവും തമ്മിൽ അത്ര വലിയ അന്തരമൊന്നുമില്ലെന്നും ചെറിയ കുട്ടികളുടെ മനസ്സിൽ കെട്ടുകഥയും യാഥാർത്ഥ്യവും തമ്മിലുള്ള വ്യത്യാസം വ്യക്തമല്ലാത്തതുപോലെ, സാഹിത്യകാരനും കുട്ടിക്കാലത്തുണ്ടായിരുന്ന ഭാവനാസമ്പത്ത് ഇപ്പോഴും ഉണ്ടെന്നുള്ളതാണു പരമാർത്ഥമെന്നും തോന്നുന്നു.

പ്രത്യക്ഷണം

ദർശനം അല്ലെങ്കിൽ വീക്ഷണം അല്ലെങ്കിൽ പ്രത്യക്ഷണം (perception) എന്നു പറയുന്നത് (അതായത് ഇന്ദ്രിയങ്ങൾ കൊണ്ടു ബാഹ്യലോകത്തെ ദർശിക്കുന്നത്) പോലെയല്ല, ഭാവനാലോകത്തിലെ ദർശനം.

ബാഹ്യലോകത്തെ ഇഷ്ടം പോലെ വ്യത്യാസപ്പെടുത്താൻ നമുക്കു സ്വാതന്ത്ര്യമില്ല. എന്നാൽ ഭാവനാലോകത്തിൽ നമ്മുടെ ഇഷ്ടവും കഴിവുമനുസരിച്ചു വ്യത്യാസങ്ങൾ വരുത്താം. ഇതാണു യഥാർഥ മനുഷ്യസ്വാതന്ത്ര്യത്തിന്റെ പ്രകാശനങ്ങളിൽ ഒന്ന് എന്ന സാർത്രിന്റെ വാദമാണ്, മനസ്സെന്നും ഭാവനയെന്നും ഒന്നുമില്ലയെന്നുള്ള റൈലിന്റെ വാദത്തേക്കാൾ സ്വീകാര്യമെന്നു മനസ്സില്ലാമനസ്സോടെയാണെങ്കിലും മിക്കവരും സമ്മതിക്കുമെന്നു തോന്നുന്നു.

ഭാവനാലോകത്തിൽ സൃഷ്ടിയുണ്ടാക്കുക എന്നതു കുട്ടികൾക്കും പഴയകാലത്തെ മനുഷ്യർക്കും കൂടുതൽ ഉണ്ടായിരുന്ന കഴിവായതുകൊണ്ടു സാഹിത്യകാരനിൽ കുറച്ചൊരു ശൈശവവും പുരാതനത്വം അഥവാ കുറെ അസംസ്കൃതമായ ആധുനിക യുക്തിചിന്തയുടെ വെയിലേറ്റു കരിഞ്ഞു പോയിട്ടില്ലാത്ത, കിരാതത്വവും കൂടി വേണമെന്നാണു ടി. എസ്. എലിയട്ട് പറയുന്നത്.

പുരാതന പ്രജ്ഞ

1918-ൽ അങ്ങനെ പറഞ്ഞ എലിയട്ട് 1932 ആകുമ്പോഴേക്ക് ഈ ഭാവനാലോകത്തിലെ സർഗാത്മകത മുഴുവനും നമ്മുടെ സ്വാതന്ത്ര്യത്തിൽ നിന്നുദ്ഭൂതമാകുന്നതല്ലെന്നും അദൃഷ്ടമായ ഏതോ ഒരു ലോകത്തിലേക്കു വിരൽ ചൂണ്ടുന്ന സംജ്ഞകളാണു സാഹിത്യകാരന്റെ മനോമണ്ഡലത്തിലുയർന്നു വരുന്നതെന്നും അതിനെ മുഴുവൻ നിയന്ത്രിക്കുവാൻ സാഹിത്യകാരനു കഴിയുന്നില്ലെന്നും ചൂണ്ടിക്കാണിച്ചു. ഈ സൂചനകളും സംജ്ഞകളും മനുഷ്യന്റെ പുരാതനപ്രജ്ഞ (primitive consciousness) യിലേക്ക്, യുക്തിവാദത്തിനു മുമ്പുള്ള (pre - logical) മനുഷ്യമനസ്സിലേക്കാണു കടന്നുചെല്ലുന്നതെന്ന് അദ്ദേഹം അമ്പതുകൊല്ലം മുമ്പ് വാദിച്ചു.

സമൂഹപ്രജ്ഞ

അന്നു ഫ്രോയ്ഡിന്റെ ചിന്താഗതിയോടൊപ്പം യുങ്ങിന്റെ (Yung) ചിന്താഗതിയും ഉയർന്നുവന്നു. മനശ്ശാസ്ത്രത്തിന്റെ ശൈശവത്തിലേ കോളിളക്കമുണ്ടാക്കിയ കാലമാണ്. സാർത്ര് വിശകലനം ചെയ്ത വ്യക്തിപ്രജ്ഞയ്ക്കു പിറകിൽ ഒരു സമൂഹപ്രജ്ഞ (collective unconsiousness) യുണ്ടെന്നും സാഹിത്യകാരന്റെ അന്തശ്ചൈതന്യത്തിലുണ്ടാകുന്ന രൂപങ്ങളും സംജ്ഞകളും പ്രതീകങ്ങളുമൊക്കെ ഈ സമൂഹപ്രജ്ഞയിലേക്കാണു കടന്നുചെല്ലുന്നതെന്നും ഒരു വിവക്ഷ എലിയട്ടിൽത്തന്നെയുണ്ട്.

ക്രെറ്റ്ഷ്മർ

എന്നാൽ സാഹിത്യകാരന്മാരെയെല്ലാം ഒരു തരത്തിൽപ്പെടുത്താനാവില്ല. അവരുടെയിടയിൽത്തന്നെ മനശ്ശാസ്ത്രീയ വ്യത്യസ്തതകളുണ്ടെന്നു സ്പഷ്ടമാണ്. പക്ഷേ, വകുപ്പു തിരിക്കുന്നതു പല തരത്തിലാകാം. ജർമ്മൻ നിരീക്ഷകനായ ക്രെറ്റ്ഷ്മർ (Kretschmer) കവികളെ സ്ഖിസോഫ്രെനിയായുള്ള വെളിച്ചപ്പാടന്മാരായും, കാഥികന്മാരെ മാനിക്ഡിപ്രസിവ് അല്ലെങ്കിൽ ഉൻമാദ അവസാദചാക്രിക മനസ്കൻമാരായും തരം തിരിക്കുന്നു. നീറ്റ്ഷെയുടെ ചിന്താഗതിയിൽ ഗ്രീക്ക് കലാദേവതകളായ അപ്പോളോ, ദിയോനീസസ് (ദീവന്നാസ്യോസ് എന്നത് ഈ പേരു തന്നെയാണ്) എന്ന പേരുകളിലാണ് തരം തിരിക്കുന്നത്. അപ്പോളോ

ശില്പകലയുടെയും, ദിയോനീസസ് സംഗീതത്തിന്റെയും ദേവതയാണ്. അപ്പോളോ ചിന്തയിൽ നിന്നും ഭാവനയിൽ നിന്നും സമചിത്തതയിൽ നിന്നുമാണു സർഗക്രിയയനുഷ്ഠിക്കുന്നത്. ദിയോനീസസാകട്ടെ ഉൻമാദദേവതയാണ്, സാഹിത്യകാരൻ സ്വയം മദത്തിനു വിട്ടുകൊടുത്തിട്ട് (മദത്തിന്റെ ഉദ്ഭവം മതമോ മദ്യമോ, രതിയോ, വികാരക്ഷോഭമോ ഒക്കെയാകാം) ഒരു ദേവത സാഹിത്യകാരനിലോ കലാകാരനിലോ പ്രവേശിച്ചു സർഗപ്രക്രിയ നിർവ്വഹിക്കുന്നതിന്റെ പ്രതിരൂപമാണ്.

മ്യൂസിന്റെ അധിനിവേശം

ഒരു മ്യൂസ് (Muse) അല്ലെങ്കിൽ ദേവതയുടെ അധിനിവേശമില്ലാതെ നല്ല സാഹിത്യമോ കലയോ ഉണ്ടാകുന്നില്ലെന്നു തലയെടുപ്പുള്ള നിരീക്ഷകന്മാരൊക്കെ സമ്മതിക്കും. എന്നാൽ അപ്പോളോയും ദീയോനീസസും ഒരുമിച്ച് അനുരഞ്ജിപ്പിച്ചിട്ടുള്ളവരായിട്ടാണു കാളിദാസനെയും ഗീഥെയെയും, ഷേക്സ്പിയറിനെയും, ടോൾസ്റ്റോയിയെയും ഒക്കെ നാം കാണേണ്ടുന്നത് എന്നു തോന്നുന്നു. നീറ്റ്ഷെ തന്നെയും വെറും ദിയോനിസസാണെന്നു തോന്നുന്നില്ല. ക്രിസ്ത്യാനികൾ പരിശുദ്ധാത്മ പ്രചോദനത്തിന്റെ ഫലങ്ങളിൽ സാധാരണ സാഹിത്യത്തെയുൾപ്പെടുത്താറില്ലെങ്കിൽ, കലാവാസനയൊക്കെത്തന്നെ ദൈവാത്മപ്രചോദിതമാണെന്നു ബൈബിളിലെ പഴയനിയമത്തിൽ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. സൃഷ്ടിപരതയെന്നു പറയുന്നതു തന്നെ "ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകലത്തെയും പൂർത്തിയാക്കിത്തികയ്ക്കുന്ന" ദൈവാത്മാവിന്റെ പ്രവർത്തനമെന്നാണു ക്രൈസ്തവർ തങ്ങളുടെ ആരാധനയിൽ എല്ലാ പ്രാവശ്യവും ആവർത്തിച്ചു പറയുന്ന പുരാതനോപദേശം. ബെസാലേലിനും ഓഹോലിയാബിനും ദേവാലയത്തിന്റെ പണി തീർക്കുവാനുള്ള കലാവൈഭവം നല്കിയ ദൈവാത്മാവ് എല്ലാ 'കലാസാഹിത്യസൃഷ്ടിയിലും' പ്രവർത്തിക്കുന്നുണ്ടെന്നു വാദിക്കുവാൻ ഇന്നത്തെ ക്രൈസ്തവദാർശനികർ കുറച്ചൊന്നു സംശയിക്കും. ദൈവാത്മാവാണോ വേറെ ഏതെങ്കിലും ആത്മാവാണോ പ്രചോദനം നല്കിയിരിക്കുന്നതെന്നു സാഹിത്യകാരന്റെ സർഗാത്മകതയുടെ ഫലം കണ്ടു വേണമല്ലോ തീരുമാനിപ്പാൻ!

ഉപാധികൾ

ഏതാത്മാവായാലും ഏതെങ്കിലുമൊരു ആത്മാവില്ലാതെ സാഹിത്യസൃഷ്ടി സാധ്യമല്ലെന്ന് അധികംപേരും സമ്മതിക്കും. പിന്നെ ആ ആത്മാവിനെ വരുത്തുവാനുള്ള പ്രത്യേക ഉപാധികളുണ്ടോ എന്നാണു സംശയം. ചിലർക്കു കറുപ്പു തിന്നാലേ ആത്മാവു വരികയുള്ളു (ഡികിൻസി), മറ്റു ചിലർക്കു ബീഡിയോ ചായയോ അതിൽ കൂടുതലെന്തെങ്കിലുമോ ആയി

രിക്കും. ചിലർക്കു പ്രാർത്ഥനയായിരിക്കും പ്രചോദനത്തെ ക്ഷണിച്ചു വരുത്തുന്നത്. ചിലർക്കു രാത്രിയായിരിക്കും പ്രചോദനം വരുന്നത്. മറ്റു ചിലർക്ക് അതിരാവിലെയായിരിക്കും. ഏതായാലും സാഹിത്യത്തിലെ സർഗാത്മകതയുടെ അവശ്യഘടകങ്ങളായി ബാഹ്യമായ ഏതെങ്കിലും കാര്യത്തെ ഉന്നയിക്കാൻ സാധിക്കുമോ എന്നു സംശയമാണ്. സബോധതലത്തിലും അബോധതലത്തിലും ഉള്ള പ്രവർത്തനങ്ങൾ ഒരുമിച്ചുണ്ടാകുമ്പോഴാണു നല്ല സാഹിത്യമുണ്ടാകുന്നതെന്നു മാത്രമേ തീർത്തുപറയാനൊക്കൂ.

ഒരു നല്ല ആഖ്യായികാകാരനോ നാടകകൃത്തോ ചെയ്യുന്നത് അവനവന്റെ ബോധാബോധതലങ്ങളിലുള്ള സ്വസ്വഭാവത്തിന്റെ പല വശങ്ങൾക്കു രൂപംകൊടുക്കുകയാണെന്നു തോന്നുന്നു. ഫവുസ്റ്റും മെഫിസ്റ്റോഫലസും വെർതറും വിൽഹെം മൈസ്റ്ററും ഒക്കെ ഗീഥെയുടെ സ്വഭാവത്തിന്റെ വിവിധ വശങ്ങളാണെന്നു നിരൂപകർ പറയുന്നു. ഡോസ്റ്റോയെവ്സ്കിയുടെ "കാരമസോവ് സഹോദരന്മാർ" നാലു പേരും അദ്ദേഹത്തിനകത്തു തന്നെയുണ്ടത്രേ. ഷേക്സ്പിയറിന്റെ എല്ലാ കഥാപാത്രങ്ങളും അടങ്ങുന്നതാണുപോൽ അദ്ദേഹത്തിന്റെ യഥാർത്ഥ സ്വഭാവം. അങ്ങനെയെങ്കിൽ മനശ്ശാസ്ത്രം സാഹിത്യത്തിന്റെ അടിസ്ഥാനമാണെന്നു വരും.

ഏതായാലും ഒന്നു തീർച്ചയാണ്. മനസ്സിൽ നിന്നാണു സാഹിത്യത്തിന്റെ ഉത്ഭവം എന്നു സമ്മതിക്കാമെങ്കിൽ മനോവിജ്ഞാനീയം സാഹിത്യവിജ്ഞാനീയത്തിന്റെയും അടിസ്ഥാനമാണെന്നു വരും.

അത് എഴുത്തുകാരനെയും നിരൂപകനെയും ഒരുപോലെ ബാധിക്കും. നിരൂപകൻ ശ്രമിക്കുന്നത്, ഒരു സാഹിത്യകൃതിയുടെ ഉദ്ഭവകേന്ദ്രമായ ഗ്രന്ഥകർതൃബോധത്തെ സ്വന്തബോധത്തിൽ പടുത്തുയർത്തി അതിനെ നിരീക്ഷണം ചെയ്ത്, ആ കൃതി കൂടുതൽ അഗാധമായി മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നതിനാണല്ലോ. അങ്ങനെയെങ്കിൽ കവിയെയോ ഗ്രന്ഥകാരനെയോകാൾ കൂടുതലായി മനശ്ശാസ്ത്രജ്ഞാനം ആവശ്യമുള്ളതു നിരൂപകനാണ്. നിരൂപകൻ ഗ്രന്ഥകാരന്റെ മനസ്സിൽ പ്രവേശിക്കുന്നതോടൊപ്പം കഥാപാത്രങ്ങളുടെ മനസ്സിലും പ്രവേശിച്ച് അവരുടെ ഉദ്ദേശ്യങ്ങളെയും ഭാവനയെയും ഒക്കെ മനസ്സിലാക്കുവാൻ അനുവാചകനെ സഹായിക്കണം.

പക്ഷേ, മനശ്ശാസ്ത്രവും സാഹിത്യവും രണ്ടും ഒന്നല്ലല്ലോ. വ്യത്യാസമെന്താണ്? കലയെന്ന് ഒരു വാക്കിൽ പറയാം. ശാസ്ത്രത്തിന്റെ പ്രതിപാദനരീതിയിലും കല നിശ്ശേഷമില്ലെന്ന് ഇന്നു പറയാനാവില്ല. ഭാവനാജന്യമാണു ശാസ്ത്രസിദ്ധാന്തങ്ങളും എന്ന് ഇന്നു ശാസ്ത്രദർശകന്മാർ

(philosophers of science) സമ്മതിച്ചു തുടങ്ങിയിരിക്കുകയാണ്. അങ്ങനെയെങ്കിൽ ശാസ്ത്രത്തെ വിലയിരുത്തുന്ന തത്ത്വങ്ങളും, സാഹിത്യത്തെ വിലയിരുത്തുന്ന തത്ത്വങ്ങളും തമ്മിലുള്ള ഒരു താരതമ്യ വിവേചനം കൊണ്ടു മാത്രമേ രണ്ടും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ സാധിക്കൂ. ശാസ്ത്രത്തിൽ വസ്തുനിഷ്ഠതയ്ക്കു ഗണ്യമായ പ്രാധാന്യം നല്കുമ്പോൾ സാഹിത്യത്തിൽ സരസതയ്ക്കാണു സ്ഥാനം. രണ്ടും സത്യത്തിന്റെ വിവിധ വശങ്ങളെയാണു കാണിക്കുന്നത്. ഒരു സസ്യവിജ്ഞാനീയ ശാസ്ത്രജ്ഞൻ (botanist) ഒരു പുഷ്പത്തെപ്പറ്റി പറയുന്നതും ഒരു കവി അതേ പുഷ്പത്തെപ്പറ്റി പാടുന്നതും തമ്മിൽ പ്രത്യക്ഷത്തിൽ അന്തരമുണ്ട്. രണ്ടും സത്യം തന്നെ. രണ്ടിലും ഭാവനയ്ക്കു സ്ഥാനമുണ്ട്. ഭാവനയില്ലാതെ ബോട്ടണിയുണ്ടാകാൻ സാധ്യമല്ല. എന്നാൽ വസ്തുനിഷ്ഠമായി പുഷ്പത്തിന്റെ വിഭാഗങ്ങളെയും വളർച്ചയെയും ഉദ്ദേശ്യത്തെയും വർണ്ണിക്കുന്നതും, കവി പുഷ്പത്തിന്റെ ലാവണ്യത്തെയും സന്ദേശത്തെയും പറ്റി പാടുന്നതും തമ്മിലുള്ള വ്യത്യാസം പോലെ തന്നെയാണു മനശ്ശാസ്ത്രവും സാഹിത്യവും തമ്മിലുള്ള അന്തരം. രണ്ടിന്റേയും വിഷയം മനുഷ്യമനസ്സും അതിന്റെ ചലനങ്ങളുമാണ്. ചിലപ്പോൾ മനുഷ്യമനസ്സിനെക്കുറിച്ചു ശാസ്ത്രീയമായ മനോവിജ്ഞാനീയത്തിൽ കാണാത്ത പല അഗാധദർശനങ്ങളും നല്ല സാഹിത്യത്തിൽ കാണാമെന്നത് ഈ ബന്ധത്തിന്റെ ഒരു പ്രത്യേകതയാണ്. സാഹിത്യത്തിലുള്ള മനോവിജ്ഞാനീയമാണ് ഒരു വിധത്തിൽ പറഞ്ഞാൽ ആധുനിക മനശാസ്ത്രത്തിന്റെ ഉദ്ഭവസ്ഥാനം എന്നു പറയാം. പക്ഷേ, മനശ്ശാസ്ത്രത്തിന് അതിന്റേതായ ഒരു രീതി (method) ഇതുവരെയുണ്ടായിട്ടില്ല. സാഹിത്യത്തിൽ നിന്ന് അതിന് ഇനിയും വളരെ പഠിക്കാനുണ്ടെന്നാണ് എന്റെ എളിയ അഭിപ്രായം.

പാഠം 6

പരിസ്ഥിതിയും അദ്ധ്യാത്മികതയും

പരിസ്ഥിതി സംരക്ഷണം എന്ന പദത്തേക്കാൾ അർത്ഥവ്യാപ്തിയുണ്ട് ഇക്കോളജിക്ക്, അഥവാ 'അധിവാസ വിജ്ഞാനീയ'ത്തിന്. മനുഷ്യനെന്ന പ്രതിഭാസം ഈ ഭൂമിയിൽ നിവസിക്കുമ്പോഴുണ്ടാകുന്ന ഫലങ്ങളിൽ നിന്നുളവാകുന്ന പരിവർത്തനമാണു വിവക്ഷിതം. അന്തരീക്ഷവും ബാഹ്യാകാശവുമെല്ലാം ഉൾപ്പെടുന്നതാണു ഭൂമി. ഈ ഭൂമി അതിന്റെ

വളർച്ചയിൽ മൂന്നു മണ്ഡലം തുടർച്ചയായി വികസിപ്പിച്ചിട്ടുണ്ട്. ഭൂമണ്ഡലം (biosphere), അതിനും മുകളിലുള്ള മനോമണ്ഡലം എന്നിങ്ങനെയുള്ള ഈ മൂന്നു മണ്ഡലങ്ങൾ പരസ്പര ബന്ധിതങ്ങളാണെന്നു മാത്രമല്ല, അവ തമ്മിൽ കരണപ്രതികരണങ്ങളും നടക്കുന്നുണ്ട്. ആ കരണപ്രതികരണങ്ങളെക്കുറിച്ച് നാം ആഴത്തിൽ ചിന്തിയ്ക്കേണ്ടിയിരിക്കുന്നു. പരിസ്ഥിതി പ്രശ്നം വേറെ രണ്ട് ആഗോള പ്രശ്നങ്ങളുമായി ബന്ധമുള്ളതാകയാൽ ഇവ മൂന്നും ഒന്നിച്ചു പരിഗണിച്ചാലേ പ്രശ്നത്തിന്റെ ആഴം കണ്ടറിയാനാവൂ. മറ്റു രണ്ടു പ്രശ്നങ്ങൾ സാമൂഹിക നീതിയും ലോകസമാധാനവുമാണ്.

ഇവ മനുഷ്യരാശി അഭിമുഖീകരിക്കുന്ന ഭയാവഹമായ മൂന്നു പ്രശ്നങ്ങളാണെന്ന കാര്യത്തിൽ തർക്കമില്ല. അവയിലൊന്നിനെ മാത്രം പരിഗണിച്ചിട്ടു പ്രയോജനവുമില്ല. ഒരു രാഷ്ട്രാന്തരീയ സംവിധാനത്തിലൂടെയേ ഇവ പരിഹരിക്കപ്പെടൂ. പ്രാദേശികതലത്തിൽ മാത്രം ഇവയ്ക്കു പൂർണ്ണ പരിഹാരം കണ്ടെത്തുക അസാദ്ധ്യമാണെന്നു സാരം. അതേസമയം പ്രാദേശികതല പ്രവർത്തനങ്ങൾ കൂടിയേ കഴിയൂ താനും. മേല്പറഞ്ഞ രണ്ടു തലവും തമ്മിൽ എപ്പോഴും ബന്ധമുണ്ടായിരിക്കണം. ഓരോ രാഷ്ട്രത്തിന്റെ അതിരുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നവയല്ലല്ലോ പരിസ്ഥിതി പ്രശ്നങ്ങൾ. ഒരു രാജ്യത്തു പൊട്ടിപ്പുറപ്പെടുന്ന മലിനീകരണം ഇതര നാടുകളിലേക്കും വ്യാപിക്കുന്നു, ചുരുക്കത്തിൽ പാരിസ്ഥിതികപ്രശ്നങ്ങളേ ഒരേസമയം പ്രാദേശിക-രാഷ്ട്രാന്തരീയ തലങ്ങളിൽ നിന്നുകൊണ്ടു വേണം പരിഹരിക്കാൻ ശ്രമിക്കുക.

മൂന്നു പ്രശ്നങ്ങൾ

പാരിസ്ഥിതിക പ്രതിസന്ധി, സാമൂഹികാനീതി, ലോകസമാധാനം നേരിടുന്ന ഭീഷണി ഇവ മൂന്നും നമ്മുടെ സംസ്ക്കാരം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. അപ്പോൾ രോഗലക്ഷണങ്ങളെ ചികിൽസിച്ചതുകൊണ്ടു പ്രയോജനമില്ല. മറിച്ചു പ്രശ്നങ്ങളുടെ ഉറവിടമായ സമകാലിക സംസ്ക്കാരത്തെത്തന്നെ ചോദ്യം ചെയ്യണം. പ്രസ്തുത സംസ്ക്കാരത്തിനു മൂന്നു പ്രധാന ഘടകങ്ങളുണ്ട്.

അധുനാതന ശാസ്ത്രവും അതിനെ ആസ്പദിച്ചിട്ടുള്ള സാങ്കേതിക വിജ്ഞാനീയവുമാണ് അതിലൊന്ന്. ശാസ്ത്ര-സാങ്കേതിക വിജ്ഞാനീയങ്ങളാണ് ഭൂമിയെ ഈ വിധം വിഷലിപ്തമാക്കാൻ മനുഷ്യനു കരുത്തും കരുക്കളും നല്കിയത്.

രണ്ട്: വ്യവസായത്തിലും നഗരവളർച്ചയിലും വേരൂന്നിയ സംസ്ക്കാരമാണ് ഇന്നത്തേത്. മുമ്പേ സൂചിപ്പിച്ച മൂന്നു പ്രശ്നങ്ങളെ ബീജാകരി

ച്ചത് ഈ സംസ്കൃതിയാണ്. അതിന്റെ വളർച്ചയോടെയാണ് ലോകമെങ്ങും ഈ കുഴപ്പങ്ങൾ പൊന്തിവന്നത്. അപ്പോൾ ഈ സംസ്കാരത്തെ ഗണ്യമായ രീതിയിൽ ചിന്തയ്ക്കു വിഷയീഭവിപ്പിക്കേണ്ടിയിരിക്കുന്നു.

വിവാദത്തിനു തിരി കൊളുത്താൻ സാദ്ധ്യതയുള്ള ആശയമാണ് ഇനി സൂചിപ്പിക്കാൻ പോകുന്നത്. അത്യന്തം നാശകരമായ കുഴപ്പങ്ങൾക്കു വിത്തു പാകുന്ന ഒന്നാണു നമ്മുടെ വികസന പ്രത്യയശാസ്ത്രം. ഇതു സമൂഹത്തിൽ പല മാതിരി അക്രമങ്ങളുടെ രോഗാണുക്കൾ വാരി വിതറുന്നു. മനുഷ്യതയെ അടിച്ചമർത്തുന്ന രീതിയിലാണ് ഇതിന്റെ പാറ്റേൺ തന്നെ. അതായത് വികസനത്തിന്റെ മുഖ്യ ലക്ഷ്യം വിഭവോത്പാദനം മാത്രമായി തരംകെട്ടു പോവുന്നു. അങ്ങനെ, ഉപഭോഗാസക്തിയിൽ വേരുറച്ച സംസ്ക്കാരം നിലവിലുള്ളിടത്തോളം കാലം പരിസരമലിനീകരണം മാത്രമല്ല, വർഗീയ കലാപങ്ങൾ വരെ പൊട്ടിപ്പുറപ്പെടും. സമൂഹത്തിലെ ഓരോ വംശത്തിനും താന്താങ്ങളുടെ സംസ്ക്കാരവും അനന്യതയും അടിച്ചമർത്തപ്പെടുന്നുവെന്നും, അതുവഴി തങ്ങൾ നിസ്സഹായരായിത്തീരുന്നുവെന്നും തോന്നിത്തുടങ്ങിയാൽ വർഗീയ കലാപങ്ങൾ ഉയർന്നുവരികയായി. സംസ്ക്കാരത്തെക്കുറിച്ചും വികസനത്തെക്കുറിച്ചുമുള്ള പ്രത്യയശാസ്ത്രവും സാമ്പത്തികതത്വവും അടിമുടി മാറിയെങ്കിലേ സകല പ്രശ്നങ്ങളുടെയും തായ്‌വേരു കണ്ടെത്തുവാനും പരിഹാരം നിർദ്ദേശിക്കാനും കഴിയൂ എന്നാണ് എന്റെ വിശ്വാസം. അപ്പോൾ, മേല്പറഞ്ഞ മൂന്നു പ്രശ്നത്തെയും ആഴത്തിൽ പഠിച്ചുകൊണ്ടേ പ്രശ്നപരിഹാരം കണ്ടെത്താനാവൂ എന്നു സാരം.

ആസ്ബസ്റ്റോസ് മാരകം

ആമുഖമായി ഇത്രയും പറഞ്ഞുകൊണ്ട്. പരിസ്ഥിതി പ്രശ്നത്തെ സംബന്ധിച്ചു പതിനഞ്ച് ആശയങ്ങൾ മുമ്പോട്ടുവയ്ക്കാം. ലളിതമായ ഒരുദാഹരണം പറഞ്ഞു തുടങ്ങാം. ചെലവു കുറഞ്ഞ രീതി എന്ന നിലയിൽ ഇന്ന് ആസ്ബസ്റ്റോസിന്റെ ഉപയോഗം സാർവ്വത്രികമാണല്ലോ. എന്നാൽ, ആധുനിക ഗവേഷണങ്ങളുടെ വെളിച്ചത്തിൽ, ഏറ്റവും അപകടകാരിയാണീ പദാർത്ഥം. വായുവിലേക്കു പ്രസരിക്കുന്ന ആസ്ബസ്റ്റോസ് കണികകൾ മനുഷ്യശരീരത്തിനുള്ളിലെത്തുന്നു. ഈ വസ്തു സത്വരമായ ഭവിഷ്യത്തുകളുണ്ടാക്കാതെ അവിടെക്കിടക്കുകയും ഏകദേശം ഇരുപതു വർഷത്തിനു ശേഷം അനർത്ഥങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. പാശ്ചാത്യദേശത്ത് ഇതു വലിയ പ്രശ്നമായിത്തീർന്നിട്ടുണ്ട്. അവർ തീബാധയേൽക്കാത്ത ആസ്ബസ്റ്റോസ് സ്പ്രേയും ഉപയോഗിക്കുന്നു. ആ സ്പ്രേയുടെ 30 ശതമാനത്തിലധികം വായുവിലേക്കു പോകു

കയാണു പതിവ്. അതു മനുഷ്യന്റെ ശ്വാസകോശത്തിലെത്തുകയും കാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്കിടയാക്കുകയും ചെയ്യും.

ഓസോൺ പാളിയുടെ തകർച്ച

മനുഷ്യനെ വിദൂര ഭാവിയിൽ ദോഷകരമായി ബാധിക്കാൻ പോകുന്ന പ്രശ്നത്തെക്കുറിച്ചാണ് ഇനി പ്രസ്താവിക്കുന്നത്. ഏറെക്കാലംകൊണ്ടു രൂപപ്പെട്ടു വന്ന ഓസോൺ വാതകം അന്തരീക്ഷത്തിനും സ്ട്രാറ്റോസ്ഫിയറിനും മുകളിൽ ഒരു സ്ക്രീൻപോലെ നിൽക്കുന്നു. ആ ഓസോൺ പാളിയാണു സൂര്യന്റെ അൾട്രാവയലറ്റ് രശ്മികളിൽ നിന്നു നമ്മെ രക്ഷിക്കുന്നത്. ആ സ്ക്രീനിൽ വലിയ സുഷിരങ്ങൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. പ്രധാന സുഷിരങ്ങളിലൊന്ന് ഉത്തരധ്രുവത്തിനു മുകളിലാണ്. ഹൈഡ്രോക്ലോറോ കാർബൺ കുന്നുകൂടിയതുകൊണ്ടാണ് ഓസോൺ പാളിയിൽ ഈ വിധം വിള്ളലുണ്ടായത്. ഉത്തരധ്രുവത്തിനു മീതെയുള്ള ഓസോൺ പാളിയിലുണ്ടായ വിടവിലൂടെ സൂര്യന്റെ അൾട്രാവയലറ്റ് രശ്മികൾ നമ്മെ കടന്നാക്രമിക്കാൻ തുടങ്ങിയെന്നു ചുരുക്കം. ലോകത്തിന്റെ ഒരു കോണും ആ റേഡിയേഷനിൽ നിന്നും മുക്തമല്ല. അപ്പോൾ വിദൂര വിപത്തുകളേ ഉണ്ടാവൂ എന്നു പ്രത്യക്ഷത്തിൽ തോന്നുമെങ്കിലും ഓസോൺപാളിയുടെ തകർച്ച മൂലമുണ്ടാകുന്ന അനർത്ഥങ്ങൾ ഇപ്പോൾ തന്നെ നമ്മെ ചൂഴ്ന്നു നിൽക്കുകയാണ്. അടുത്തകാലത്ത് അർബുദബാധ വർദ്ധിച്ചുവരുന്നുണ്ടെങ്കിൽ അതിന്റെ കാരണങ്ങളിലൊന്ന് ഓസോൺ പാളിയുടെ തകർച്ചയാണ്. അതുകൊണ്ട് ഹൈഡ്രോക്ലോറോ കാർബൺ സൃഷ്ടിക്കുന്ന സ്പ്രേയും ഇതര രാസപ്രക്രിയകളും പൂർണ്ണമായി അവസാനിപ്പിച്ചേ ഒക്കൂ.

അന്തരീക്ഷത്തിൽ കാർബൺഡയോക്സൈഡിന്റെ അളവു ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. തടി കത്തിക്കുമ്പോൾ തൊട്ടു മനുഷ്യർ ശ്വാസം വിടുന്നതുവരെയുള്ള പ്രക്രിയകൾ ഈ വാതകത്തെ സൃഷ്ടിച്ചു വിടുന്നു. ഓക്സിജനും കാർബൺഡയോക്സൈഡും സമതുലിതാവസ്ഥ നിലനിർത്തിയാലേ പാരിസ്ഥിതിക താളം ശരിയാവൂ. കാർബൺഡൈഓക്സൈഡിന്റെ വർദ്ധന മനുഷ്യരാശിയെ ഒന്നടങ്കം ബാധിക്കുന്ന പ്രശ്നമാണ്. പെട്രോൾ, എണ്ണ, കൽക്കരി തുടങ്ങിയ ഭൂഗർഭ ഇന്ധനങ്ങൾ കത്തിക്കുന്നതുകൊണ്ടാണ് ഈ വാതകം പെരുകിയതെന്നു വിശ്വസിച്ചു പോന്നു അടുത്ത കാലം വരെ. അന്തരീക്ഷത്തിൽ ക്രമാതീതമായി വർദ്ധിക്കുന്ന കാർബൺഡയോക്സൈഡിനെ വലിച്ചെടുക്കാൻ വേണ്ടത്ര സസ്യജാലങ്ങളില്ലാതെ വന്നാൽ പ്രസ്തുത വാതകം വായുമണ്ഡലത്തെ ഉഷ്ണതരമാക്കിത്തീർക്കും. തത്ഫലമായി കാലാവസ്ഥയിൽ മാറ്റങ്ങൾ സംജാതമാകുന്നു.

ഇംഗാലാമ്ലം പെരുകിയാൽ...

ഈ സ്ഥിതിവിശേഷം കുറേക്കൂടി തീക്ഷ്ണമായാൽ ഉത്തരധ്രുവത്തിലെ മഞ്ഞുരുകാൻ തുടങ്ങിയെന്നു വരാം. അതുവഴി സമുദ്രനിരപ്പ് ഉയരാനും കാലാവസ്ഥയുടെ താളം പിഴയ്ക്കാനും സാദ്ധ്യതയുണ്ട്. ഭൂഗർഭ ഇന്ധനങ്ങൾ കത്തിക്കുന്നതുകൊണ്ടു മാത്രമല്ല കാർബൺഡയോക്സൈഡ് വർദ്ധിക്കുന്നതെന്ന് ആധുനിക ഗവേഷണം സമർത്ഥിക്കുന്നു. 19-ാം ശതകത്തിൽ മനുഷ്യൻ വലിയൊരപരാധം ചെയ്തുവച്ചു. കാനഡയിലെയും സൈബീരിയയിലെയും തരിശുഭൂമികൾ ഉഴുതുമറിച്ചു കൃഷി ചെയ്യാൻ തുടങ്ങി. കാർബൺഡയോക്സൈഡിനെ ആഗിരണം ചെയ്യാൻ ശേഷിയുള്ള ധാരാളം ആൽഗകൾ ആ പ്രദേശങ്ങളിലുണ്ടായിരുന്നു. മണ്ണുഴുതു മറിച്ചു കൃഷിയാരംഭിച്ചതോടെ അവയെല്ലാം നാമാവശേഷമായി. അങ്ങനെ കാർബൺഡയോക്സൈഡിനെ ആഗിരണം ചെയ്യാൻ മണ്ണിനു ശേഷിയില്ലാതായി. അന്തരീക്ഷത്തിൽ ഈ വാതകം പെരുകാനിടയാക്കിയ പ്രധാന ഘടകങ്ങളിലൊന്ന് ഇതാണെന്നത്രേ ആധുനിക ഗവേഷക മതം.

ഒരു സംഗതി സ്പഷ്ടമാണ്. ഭൂഗർഭ ഇന്ധനങ്ങൾ കത്തുന്നതുവഴി കാർബൺഡയോക്സൈഡ് വർദ്ധിക്കുമെന്നും തജ്ജന്യമായ 'ഗ്രീൻ ഹൗസ് ഇഫക്ട്' എന്ന പ്രതിഭാസം മനുഷ്യരെ പിടികൂടുമെന്നും തീർച്ച തന്നെ (മനുഷ്യനുണ്ടാക്കുന്ന കാർബൺഡയോക്സൈഡ് അന്തരീക്ഷത്തിലാകെ തിങ്ങിക്കൂടുന്നതിന്റെ ഫലമായി ഭൂമിയുടെ ഉപരിതലത്തിനു ക്രമാനുഗതമായി ചൂടു കൂടിക്കൊണ്ടിരിക്കുന്ന അവസ്ഥയാണു 'ഗ്രീൻ ഹൗസ് ഇഫക്ട്'). ഇതേ സംബന്ധിച്ചു കാര്യമായ പഠനം നടക്കേണ്ടിയിരിക്കുന്നു.

വ്യവസായശാലകൾ പുറന്തള്ളുന്ന വിസർജ്ജ്യങ്ങളുണ്ടാക്കുന്ന മലിനീകരണമാണ് മറ്റൊരു പാരിസ്ഥിതിക വിപത്ത്. ഇതും പഠനമർഹിക്കുന്ന പ്രശ്നമാണ്.

കീടനാശിനികളും രാസവസ്തുക്കളുമാണ് കാർഷികരംഗത്തു മലിനീകരണം വരുത്തിവയ്ക്കുന്നത്. ഈ രാസവസ്തുക്കൾ ജലത്തിലൂടെ ഭൂഗർഭത്തിലേക്കു കടക്കുകയും മണ്ണിന്റെ പോഷകവീര്യം കെടുത്തുകയും ചെയ്യുന്നു. ഹരിതവിപ്ലവം സൃഷ്ടിക്കാൻവേണ്ടി കുറെ രാസവളങ്ങൾ നിർമ്മിച്ച് ഉല്പാദനം വർദ്ധിപ്പിച്ചതുകൊണ്ടു മാത്രം ഒന്നുമായില്ല. അത് വിദൂരഭാവിയിലുളവാക്കുന്ന ഭവിഷ്യത്തുകളെയും കണക്കിലെടുക്കണം.

വാഹനമലിനീകരണം അനിയന്ത്രിതമായ തോതിൽ വർദ്ധിച്ചിരിക്കുന്ന കാലഘട്ടമാണിത്. ഇമ്മാതിരി മലിനീകരണത്തെ ഒട്ടൊക്കെ നിയന്ത്രി

ക്കാൻ പാശ്ചാത്യർക്കു കഴിയുന്നുണ്ട്. എന്നാൽ, വാഹനങ്ങളുടെ എണ്ണം കൂടുതലാണെങ്കിലും ഇന്ത്യയിൽ അമ്മാതിരി നിയന്ത്രണങ്ങളൊന്നുമില്ല എന്നതാണു വസ്തുത. അമ്പതും നൂറും വർഷം പഴക്കമുള്ള വാഹനങ്ങൾ നമ്മുടെ നാട്ടിൽ പുത്തരിയൊന്നുമല്ല. അവ പുറത്തേക്കു വിടുന്ന കാർബൺ മോണോക്സൈഡ് വൻതോതിൽ മലിനീകരണം സൃഷ്ടിക്കുന്നു.

മരം നട്ടതുകൊണ്ടായില്ല

ഇനി വനനശീകരണ പ്രശ്നങ്ങളിലേക്കു കടക്കാം. ഇവിടെ വനം വകുപ്പുണ്ടാക്കിയത് ബ്രിട്ടീഷുകാരാണ്; 19-ാം ശതകത്തിൽ. അവർ തങ്ങളുടെ നാട്ടിലെ വനങ്ങളെല്ലാം നശിപ്പിച്ചതിനു ശേഷമാണ് ഇന്ത്യയിൽ വന്ന് ഈ വകുപ്പു നിർമ്മിച്ചതെന്ന് ഈയിടെ ഏതോ ലേഖകൻ എഴുതിയിരുന്നു. വനസംരക്ഷണം. വനവല്ക്കരണം, മേൽമണ്ണു സംരക്ഷണം, അണക്കെട്ടുകൾ.... ഇവയെല്ലാം വളരെ സശ്രദ്ധം കൈകാര്യം ചെയ്യേണ്ടുന്ന കാര്യങ്ങളാണ്. എത്ര മരം നട്ടുവെന്നതല്ല. എത്ര മരങ്ങൾ സംരക്ഷിക്കാൻ കഴിയുന്നു എന്നതാണു പ്രധാന സംഗതി. പ്രചരണമാത്രമായ ലക്ഷ്യം വച്ചുകൊണ്ടുള്ള വനവൽക്കരണം ഫലവത്താകാറില്ല. അതുകൊണ്ട് പ്രയോഗ പരിപാടികൾക്ക് പ്രാഥമ്യം നൽകുക തന്നെ വേണം. ഭൂമിയിലെ ഹരിത സമൃദ്ധി മനുഷ്യാസ്തിത്വത്തിന്റെ മൂലക്കല്ലാണ്. അപ്പോൾ ഈ പച്ചപ്പ് നിലനിർത്താൻ വേണ്ടി യത്നിക്കുന്ന ഒരു പ്രസ്ഥാനം ഉടലെടുക്കേണ്ടിയിരിക്കുന്നു.

വിഭവശോഷണമാണു നാം അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം. ഭൂഗർഭ ഇന്ധനങ്ങൾ വളരെ ചെറിയ തോതിലേ ഇപ്പോൾ അവശേഷിക്കുന്നുള്ളു. കൽക്കരി 20 കൊല്ലത്തേക്കു കൂടി ഉണ്ടാവുമെന്നു കരുതാം. പക്ഷേ എണ്ണയും ഗ്യാസും ഇന്നത്തെ ഉപയോഗനിരക്കു വച്ചു നോക്കിയാൽ അമ്പതു വർഷത്തേക്കു തികയുന്ന ലക്ഷണമില്ല. പതിനായിരക്കണക്കിനു സംവത്സരങ്ങളിലെ ഭൗഗർഭിക പ്രതിഭാസങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്ന ഇന്ധനങ്ങളാണ് പത്തിരുപതു കൊല്ലം കൊണ്ട് തീർത്തുകളയാൻ പോകുന്നത്. ഭാവിതലമുറയെക്കുറിച്ചു ചിന്തിക്കാതെ അനവധി വിഭവങ്ങൾ നാം ദുർവ്യയം ചെയ്യുന്നുണ്ട്. അപ്പോൾ ഭൂഗർഭ ഇന്ധനങ്ങളുടെ ഉപയോഗം കുറച്ചിട്ടു നവീകരിക്കാവുന്ന ഊർജസ്രോതസ്സുകൾ കണ്ടെത്തുകയാണു വേണ്ടത്. സൂര്യൻ, വായു, തിരമാലകൾ, ഹൈഡ്രോ ഇലക്ട്രിക് പവ്വർ, ബയോഗ്യാസ്, ജിയോതെർമൽ എനർജി തുടങ്ങിയ സ്രോതസ്സുകളിലേക്കു തിരിയണം.

പുതിയ ഊർജ്ജസ്രോതസുകൾ

വല്ലപാടും ഒരു ന്യൂക്ലിയർ ടെക്നോളജികൊണ്ട് പുതിയതരം ഊർജം

സൃഷ്ടിക്കുവാൻ ധനവും സമയവും വ്യയം ചെയ്യാതെ, മേൽപറഞ്ഞ മേഖലകളെ കാര്യമായ ഗവേഷണത്തിനു വിധേയമാക്കണം. പ്രസ്തുത ഗവേഷണ മേഖലകളിൽ നാം ഒരുപാടു പരാജയങ്ങൾ ഏറ്റുവാങ്ങിയെന്നത് നേര്. തരംഗോർജം സംഭരിക്കാനുള്ള വലിയൊരു ഉപകരണം പാതിരാമണലിൽ സ്ഥാപിക്കാൻ കൊണ്ടുപോയിയെന്നും പ്രസ്തുത ഉപകരണം ഇപ്പോഴും പ്രവർത്തനരഹിതമായി അവിടെ കിടപ്പുണ്ടെന്നും നമുക്കറിയാം. കാറ്റിൽനിന്ന് ഊർജ്ജമുണ്ടാക്കാനുള്ള മാർഗ്ഗവും പരീക്ഷിച്ചു നോക്കാതിരുന്നില്ല. അതിന്റെയും കലാശം പരാജയത്തിൽ തന്നെയായിരുന്നു. നമ്മുടെ പരീക്ഷണ പദ്ധതികളെല്ലാം ഇവ്വിധം അനാഥമായിപ്പോവുകയാണു പതിവ്. അപ്പോൾ ഈ മേഖലയിൽ പൂർവോപരി ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ഇവ സർക്കാരിനെ ഏൽപിച്ചിട്ടു കാര്യമില്ല. ഈ രംഗത്ത് ഇതര കോർപറേഷനുകളെയും മറ്റും പ്രോത്സാഹിപ്പിക്കുകയും ഇമ്മാതിരി ബദൽ സംവിധാനങ്ങൾക്കായി കൂടുതൽ മൂലധനം മുടക്കുകയും പരീക്ഷണപരിപാടികൾ സർക്കാർ നിയന്ത്രണത്തിലുള്ള മറ്റു മാർഗങ്ങളിലൂടെ നടത്തുകയും വേണം. വിഭവങ്ങൾ പാഴായിപ്പോകാതെ സൂക്ഷിക്കേണ്ടതു തികച്ചും പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്.

1942 മുതൽ തുടർന്നുപോരുന്ന അണുവിസ്ഫോടനങ്ങൾ ഭൂമിയിലുളവാക്കിയ അണുപ്രസരണത്തിനു കൈയും കണക്കുമില്ല. ആണവ പരീക്ഷണങ്ങളെ നിരോധിക്കുന്ന നിയമമുണ്ടാകാതെ നിർവ്വാഹമില്ല. ആണവ ഗവേഷണത്തിന്റെ പേരിൽ വായുവിലും ഭൂഗർഭത്തിലുമൊക്കെ പരീക്ഷണം നടത്തി കണ്ടമാനം അണുപ്രസരണം വരുത്തിവയ്ക്കുകയാണു മനുഷ്യൻ. അർബുദം ദിനംപ്രതി വർദ്ധിച്ചുവരുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് അണുപ്രസരണമാണ്.

ആണവ ശൈത്യം

അതുപോലെ പഠനാർഹമായ മറ്റൊരു പ്രശ്നമാണ് 'ആണവ ശൈത്യം.' ഇതും ആണവ പരീക്ഷണങ്ങളുണ്ടാക്കുന്ന അനർത്ഥങ്ങളിലൊന്നാണ്. 'ആണവ ശൈത്യം' കേവലമൊരു കെട്ടുകഥയല്ലെന്ന വസ്തുത നാം വിസ്മരിച്ചുകൂടാ. അണുവായുധങ്ങൾ കുന്നുകൂടിക്കിടക്കുന്നിടത്തോളം കാലം നമ്മുടെ പരിസരം സുരക്ഷിതമാവാൻ പോകുന്നില്ല. കാരണം അവയുടെ സംഹാരശേഷി അത്രകണ്ട് ഭീകരമാണ്. സമാധാനപ്രശ്നങ്ങളും പരിസ്ഥിതിപ്രശ്നങ്ങളും അന്യോന്യ ബന്ധിതങ്ങളാണെന്നു ഞാൻ നേരത്തെ സൂചിപ്പിച്ചതിന്റെ പൊരുൾ ഇപ്പോൾ വ്യക്തമായെന്നു വിശ്വസിക്കുന്നു. അപ്പോൾ പരിസ്ഥിതി പ്രവർത്തകർ അണുവായുധങ്ങളെ പാടേ ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾക്കു മുൻകൈ എടുക്കണം.

ആണവോർജത്തെ സമാധാനപരമായ മേഖലകളിൽ വിനിയോഗിക്കണമെന്നു പറഞ്ഞു കേൾക്കാറുണ്ട്. നമ്മുടെ നാട്ടിൽ അമ്മാതിരി ഒന്നു രണ്ടു പ്രോജക്ടുകൾക്കു തുടക്കം കുറിച്ചു കഴിഞ്ഞു. ഞാൻ ആ പ്രോജക്ടുകൾ സന്ദർശിക്കയും അവയുടെ ഭവിഷ്യത്തുകൾ ഒട്ടൊക്കെ കണ്ടറിയുകയും ചെയ്തിട്ടുണ്ട്. അവയൊന്നും നമുക്കു പറ്റിയതല്ല എന്നു തന്നെയാണ് എന്റെ പക്ഷം. റഷ്യയിലെ ചെർണോബിലും അമേരിക്കയിലെ ത്രീമൈൽ ഐലന്റിലുമുണ്ടായ ആണവ വിപത്തുകളുടെ വെളിച്ചത്തിൽ, ആണവോർജ്ജം കൂടാതെ കഴിക്കാമെങ്കിൽ അതാണു അത്യുത്തമമെന്ന നിലപാടാണു ലോകരാഷ്ട്രങ്ങൾ പൊതുവെ കൈക്കൊണ്ടിരിക്കുന്നത്.

ന്യൂക്ലിയർ ടെക്നോളജി വഴി ഊർജ്ജം സംഭരിക്കുമ്പോഴുണ്ടാകുന്ന ഭവിഷ്യത്തുകൾ വളരെയേറെയാണ്. കാരണം അതിന്റെ ഇന്ധനചക്രം തന്നെ ആദ്യന്തം വിനാശകരമാണ്. യുറേനിയമോ തോറിയമോ ഖനനം ചെയ്തെടുത്തശേഷം അവശേഷിക്കുന്ന മണൽത്തരികൾ പോലും അണുപ്രസരണമുള്ളതായിരിക്കും. അതു കഴുകിയെടുക്കുന്ന ജലത്തിൽ അണുപ്രസരണമേൽക്കുന്നു. അങ്ങനെ സർവ്വത്ര റേഡിയേഷനാണിതിന്റെ ഫലം. അവസാനം കുഴിച്ചുമൂടുന്ന അവശിഷ്ടങ്ങൾ വരെ അണുപ്രസരണ കാരണമാകുന്നു. ഇതിനു മതിയായ പ്രതിവിധി കണ്ടെത്താൻ ശാസ്ത്രത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല എന്നതു പരമാർത്ഥമാണ്. തത്സംബന്ധമായി ശാസ്ത്രജ്ഞന്മാർ പൊതുജനങ്ങളോടു പറയുന്ന കാര്യങ്ങൾ പച്ചക്കള്ളമാണെന്നും തീർച്ച. അതിനാൽ ഭാവിയിലെങ്കിലും ആണവോർജ്ജത്തെ കൈയൊഴിക്കാൻ നോക്കുക. അതാണ് നമുക്കു കൈക്കൊള്ളാവുന്ന ബുദ്ധിപൂർവ്വമായ നിലപാട്.

നഷ്ടപദ്ധതി

അമേരിക്കയിൽ 1980-നുശേഷം പുതിയ ന്യൂക്ലിയർ പ്ലാന്റുകളൊന്നും കമ്മീഷൻ ചെയ്തിട്ടില്ല. നേരെമറിച്ച് ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ വികസ്വര രാഷ്ട്രങ്ങളിൽ ഇതിനു നല്ല മാർക്കറ്റാണ്. ചെലവു കുറഞ്ഞ രീതിയിൽ നിർമിച്ച് ഇതു വിറ്റഴിക്കാമെന്നാണ് അവരുടെ മനസ്സിലിരിപ്പ്. ഏതായാലും, തികച്ചും അപകടപൂർണ്ണമായ ഈ ടെക്നോളജി കൈകാര്യം ചെയ്യാനുള്ള ശേഷിയോ പരിപക്വമോ നമുക്കു കൈവന്നിട്ടില്ല. ഒരു ന്യൂക്ലിയർ പ്ലാന്റ് പരമാവധി 25 കൊല്ലം ഉപയോഗയോഗ്യമായെങ്കിലായി. പിന്നെ അതിനെ കുഴിച്ചുമൂടാതെ നിർവാഹമില്ല. എത്രമാത്രം ചെലവേറിയ പ്രക്രിയയാണെന്നോ അത്? അപ്പോൾ മൊത്തം ചെലവു കണക്കിലെടുത്താൽ ഈ പദ്ധതി തീർത്തും നഷ്ടത്തിൽ കലാശിക്കുകയേ ഉള്ളു.

ജൈവമാരകായുധങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ഗവേഷണങ്ങളിൽ മുഴുകിയിരിക്കയാണു വൻകിട രാഷ്ട്രങ്ങൾ. മനുഷ്യനു രോഗമുണ്ടാക്കാൻ

പോന്ന പലതരം ബാക്ടീരിയകളെ കൃത്രിമമായി സൃഷ്ടിക്കയും അവ യുദ്ധോപകരണങ്ങളായി ഉപയോഗിക്കുകയും ചെയ്യുകയാണ് ഈ യുദ്ധ തന്ത്രത്തിന്റെ രീതി. ഇന്നു പടർന്നു പിടിച്ചിരിക്കുന്ന 'എയ്ഡ്സ്' എന്ന മാരകരോഗം മേൽപറഞ്ഞ ഗവേഷണത്തിന്റെ വിപൽ ഫലങ്ങളിലൊന്നാണ്. മനുഷ്യന്റെ പ്രതിരോധശേഷിയെ തരിപ്പണമാക്കാൻ പോന്ന ഒരുതരം ബാക്ടീരിയയെ സൃഷ്ടിക്കുവാൻ ഗവേഷണങ്ങൾ നടക്കുന്നുണ്ടെന്നു മുപ്പതുവർഷം മുമ്പുതന്നെ ഒരു ശ്രുതി പരന്നിരുന്നു. ആ കേട്ടറിവു ശരിയായിരുന്നു താനും. പ്രസ്തുത ഗവേഷണം തകൃതിയായി നടക്കുന്നുണ്ടായിരുന്നു. അത്തരം ഗവേഷണശാലകളിൽ ഏതെങ്കിലുമൊന്നിൽ നിന്ന് ഒരൊറ്റ ബാക്ടീരിയ പുറത്തു ചാടുകയേ വേണ്ടൂ എയ്ഡ്സ് പോലൊരു രോഗം ലോകമെമ്പാടും പടർന്നുപിടിക്കാൻ. പുതിയ ഇനം ബാക്ടീരിയായെ സൃഷ്ടിക്കുന്നത് ഏറ്റവും വിപത്കരമായ കൃത്യമാണ്.

കുറെ വർഷം മുമ്പ് അമേരിക്കയിൽ, ഭാരതീയനായ ശാസ്ത്രജ്ഞൻ, ആനന്ദവർമ്മ, ഓയിൽ ചിതറിയാൽ അതിനെ തിന്നുതീർക്കാൻ ശേഷിയുള്ള ഒരിനം ബാക്ടീരിയയെ കൃത്രിമമായി നിർമ്മിച്ചെടുത്തു. ഈ ബാക്ടീരിയ വല്ല ഓയിൽ റിസർവോയറിലും ചെന്നുപെട്ടാൽ എന്താവും ഗതി എന്നു ഞങ്ങളിൽ ചിലർ അന്ന് ആശങ്ക പ്രകടിപ്പിച്ചു.

അടിയിൽ ജലമുണ്ടെങ്കിലേ പ്രസ്തുത ബാക്ടീരിയ പ്രവർത്തനക്ഷമമാകൂ എന്നായിരുന്നു ഗവേഷകരുടെ മറുപടി. ഏതായാലും ആ മറുപടി അത്ര കണ്ടു തൃപ്തികരമായി തോന്നിയില്ല. കാരണം, ബാക്ടീരിയയ്ക്ക് ഏത് അപരിചിത സാഹചര്യത്തിലും വളർന്നുവരാൻ കഴിയും. അപ്പോൾ കൃത്രിമ ബാക്ടീരിയകളും ജൈവ മാരകായുധങ്ങളും പരിസ്ഥിതിയെ തകിടംമറിക്കാൻ പോന്നവയാണ്. ഇവയ്ക്കെതിരെ നാം അതീവ ജാഗ്രത കൈക്കൊണ്ടേ പറ്റൂ.

മനുഷ്യരിൽ വിഷബാധയേൽപ്പിക്കുന്ന പാഴ്വസ്തുക്കൾ എവ്വിധം സംസ്കരിക്കണമെന്നതിനെപ്പറ്റി ആർക്കും ഒരെത്തും പിടിയുമില്ല. പല രാജ്യങ്ങളിൽ നിന്നുള്ള പാഴ്വസ്തുക്കൾ കയറ്റിയ കപ്പലുകൾ ഒരു തുറമുഖത്തും അടുപ്പിക്കാനാവാതെ ഒഴുകി നടക്കുന്നുണ്ട്. റേഡിയേഷൻ സൃഷ്ടിക്കുന്ന ഇമ്മാതിരി പാഴ്വസ്തുക്കൾ വാങ്ങിക്കാൻ ആരെങ്കിലും തയ്യാറാകുമോ? ഇത്തരം വിഷമയമായ പാഴ്വസ്തുക്കൾ സംസ്കരിക്കാൻ മതിയായ സജ്ജീകരണങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല.

പുതിയ ഗവേഷണം

ഇപ്പോൾ 'genetic plant patenting' (ജനിതക പ്ലാന്റ് പേറ്റന്റിങ്ങ്) എന്ന പേരിൽ പുതിയൊരു ഗവേഷണം തുടങ്ങിവച്ചിട്ടുണ്ട്. ഇംഗ്ലണ്ടിൽ പുതിയ

ഇനം തക്കാളി വികസിപ്പിച്ചെടുക്കാനുള്ള ഗവേഷണകേന്ദ്രത്തിനടുത്തു താമസിക്കുന്നവർ തങ്ങളുടെ പുരയിടത്തിൽ തക്കാളിച്ചെടി വളർത്തിക്കൂടാ എന്നാണു നിയമം. ഈ നിയമം ലംഘിച്ചാൽ 700 പവൻ പിഴ കൊടുക്കേണ്ടി വരും. ഗവേഷണകേന്ദ്രത്തിനടുത്ത് ഒരു പ്രത്യേക ചുറ്റളവിൽ വേറെ തക്കാളിച്ചെടിയുണ്ടെങ്കിൽ അവരുടെ ഗവേഷണം വിജയപ്രദമാവില്ല പോലും. അതെന്തുമാവട്ടെ ഈ പ്ലാന്റ് പേറ്റന്റിങ്ങിന്റെ പിന്നിലുള്ള ദുരുദ്ദേശ്യമെന്താണ്? ഈ പുതിയ സസ്യം സാധാരണക്കാരനു പിടിച്ചുനിൽക്കാൻ പറ്റിയ ഇനമല്ല. അപ്പോൾ പഴങ്ങൾ ഉൽപാദിപ്പിക്കുന്നതിന്റെ കുത്തക സ്വാഭാവികമായും ഒരു കോർപ്പറേഷന്റെ കൈയിലെത്തും.

ലോക ജനസംഖ്യ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ, ഭക്ഷ്യോൽപാദനത്തെ ആശ്രയിച്ചാവും ഭാവിവിപണിയുടെ നിലനിൽപ്. അന്നു ഭക്ഷ്യാവശ്യങ്ങൾ നിവർത്തിക്കാനുള്ള പഴങ്ങളുടെയും പച്ചക്കറികളുടെയും കുത്തക സ്ഥാപിച്ചെടുക്കാൻ വേണ്ടിയാണ് പ്ലാന്റ് പേറ്റന്റിങ്ങ് ഇപ്പോഴേ തുടങ്ങിവച്ചിരിക്കുന്നത്. ഏതാണ്ടു കാൽശതകത്തോളമായി ഇതിന്റെ തിരശ്ശീല ഉയർന്നിട്ട്.

ഇതിന്റെ മറ്റൊരു വിപൽസാദ്ധ്യത കാണാതെ വിട്ടുകൂടാ. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ സൃഷ്ടിക്കുകവഴി നാം ഹരിതവിപ്ലവം തരപ്പെടുത്തി. ഇത് ഉൽപാദനശേഷി കുറഞ്ഞ വിത്തുകളെ പ്രതികൂലമായി ബാധിക്കും. അവസാനം ജനിതക വിത്തിനങ്ങൾ നാമാവശേഷമാകും. പഴയ ജനിതക വർഗ്ഗത്തിൽപ്പെട്ട വിത്തുകളുടെ സ്ഥാനത്തു തെരഞ്ഞെടുത്ത രണ്ടോ മൂന്നോ ഇനം പുതിയ വിത്തുകൾ വന്നു കഴിയുമ്പോൾ പഴയ വിത്തിനങ്ങളെല്ലാം നശിച്ചുപോകും. പ്രത്യക്ഷത്തിൽ ഇതുകൊണ്ടു തകരാറൊന്നുമില്ലെന്നു തോന്നാം. പക്ഷേ, വലിയൊരു കീടബാധ വന്നാൽ പുതിയ ഇനം സസ്യങ്ങൾ മുഴുവൻ നശിച്ചുപോയാലോ? കൊടിയ ക്ഷാമം വന്നുകൂടില്ലേ? എന്നാൽ ജനിതക സസ്യങ്ങളുണ്ടെങ്കിൽ, കീടബാധ വന്നാൽ പോലും അവയിൽ ചിലയിനം അതിജീവിക്കും. അപ്പോൾ ജനിതക സസ്യങ്ങളെ സംരക്ഷിച്ചേ തീരൂ.

സമുദ്രത്തിന്റെ അടിത്തട്ട് വിഭവങ്ങളുടെ അക്ഷയഖനിയാണ്. വേണമെങ്കിൽ ന്യൂക്ലിയർ ആയുധങ്ങൾ പോലും അവിടെ നിക്ഷേപിക്കാമത്രെ. അതിനെ ആയുധപ്പുരയായി മാറ്റാതെയും രാഷ്ട്രാന്തരീയ കുത്തകകളുടെ ചൂഷണോപാധിയാക്കാതെയും ഒരു പൊതുസ്വത്തായി സംരക്ഷിക്കണം.

ശുദ്ധികലശം നടത്തണം

മണ്ണിലേക്കും ജലത്തിലേക്കും മാത്രമല്ല ബാഹ്യാകാശത്തേക്കും ഒരു

പാട് ചപ്പുചവറുകൾ നാം വലിച്ചെറിയുന്നുണ്ട്. കൃത്രിമോപഗ്രഹങ്ങൾ തൊട്ടു വേണ്ടുന്നതും വേണ്ടാത്തതുമായ വസ്തുക്കളാൽ മാലിന്യപൂരിതമാണ് ബാഹ്യാകാശം. അതും ശുദ്ധികലശത്തിന് വിധേയമാക്കിയേ ഒക്കൂ.

പരിസ്ഥിതി പ്രശ്നങ്ങളെ സംബന്ധിച്ച് പതിനഞ്ച് ആശയങ്ങൾ പറഞ്ഞുകഴിഞ്ഞു. ഇനി രണ്ടുമൂന്ന് നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കാം. ഇവിടെ വികസനപദ്ധതികൾക്ക് ചുക്കാൻ പിടിക്കുന്ന ഒരു സംഘമുണ്ടാവണം. എല്ലാ വികസന പദ്ധതികളെയും വിശകലനം ചെയ്ത്, അവ പരിസരത്തിനും പൊതുജനങ്ങൾക്കും വരുത്തിയേക്കാവുന്ന ഭവിഷ്യത്തുകളെ ഈ സംഘം പഠനവിധേയമാക്കണം. ഔദ്യോഗിക വക്താക്കൾ മാത്രം ഉൾപ്പെട്ടതാവരുത് സംഘം. പ്രത്യുത, സർക്കാരും പൊതുജനങ്ങളും സംയുക്തമായി സംഘടിപ്പിച്ചതായിരിക്കണം. പൊതുജനങ്ങളോട് ഉത്തരവാദിത്തപൂർവം സദാ ആശയവിനിമയം നടത്തുന്നതും പൊതുജനപ്രതിനിധികളും ഗവണ്മെന്റും കമ്പനികളും ചേർന്ന് രൂപവൽക്കരിക്കുന്നതും പരിസ്ഥിതി പ്രശ്നങ്ങളുടെ ചുക്കാൻ പിടിക്കുന്നതുമായ ഒരു സംഘമായിരിക്കണമത്. ഇങ്ങനെ ഒരു സംഘം അനുപേക്ഷണീയമാണ്. ഗവണ്മെന്റും പൊതുജനങ്ങളും സംയുക്തമായി വേണം അതിനാവശ്യമായ ധനം സംഭരിക്കാൻ. അല്ലാതെ, സാമ്പത്തികച്ചെലവുകൾ സർക്കാരിൽനിന്ന് സ്വീകരിക്കുകയാണെങ്കിൽ സംഘത്തിന് ആശ്രിതത്വം വന്നുകൂടും. ദേശീയവും പ്രാദേശികവുമായി ഇത്തരം സംഘങ്ങൾ ഉടലെടുക്കണം.

ഇനി പരിസ്ഥിതി പ്രശ്നത്തിന്റെ ദൈവവിജ്ഞാനീയ തലങ്ങളിൽ ചിലതു പരിശോധിക്കാം. 'പ്രകൃതി' എന്ന സങ്കൽപം ക്രൈസ്തവ ദൈവവിജ്ഞാനീയത്തിലില്ല. അവിടെ, മനുഷ്യൻ കൈവെയ്ക്കാത്ത ഒന്നാണ് പ്രകൃതി. മനുഷ്യൻ കൈയാളിയതാവട്ടെ സംസ്കൃതിയും. സ്വയംഭൂവാണ് പ്രകൃതി. ഇന്നിക്കാണായ പ്രകൃതി സ്വയംഭൂവല്ല. അതിൽ മനുഷ്യന്റെ പങ്കു കൂടിയുണ്ട്. പ്രകൃതിക്കും സംസ്കൃതിക്കുമിടയിൽ നിഷ്കൃഷ്ടമായ അതിർരേഖ വരയ്ക്കാനാവില്ലെന്നു സാരം. സംസ്കൃതിയുടെ അംശങ്ങൾ കൂടിക്കലർന്നതാണ് ഇന്നു കാണുന്ന പ്രകൃതി. ഇതിന്റെ ദൈവവിജ്ഞാനീയ തലങ്ങൾകൂടി നാം പരിശോധിക്കേണ്ടതുണ്ട്. ക്രൈസ്തവ ദർശനത്തിൽ 'സൃഷ്ടി' എന്ന സങ്കല്പത്തിനാണ് പ്രാഥമ്യം. 'പ്രകൃതി' എന്ന ആശയം ലൗകിക ദൈവവിജ്ഞാനീയത്തിന്റെ സംഭാവനയാണ്. പ്രകൃതി വസ്തുക്കളെല്ലാം സ്വയംഭുവും താനേ നിലനിൽക്കുന്നതും മനുഷ്യന് തന്നിഷ്ടപ്രകാരം കയ്യാളാവുന്നവയുമാണെന്ന ചിന്ത അറ്റുപോവണമെങ്കിൽ, സമസ്ത ചരാചരങ്ങളും ദൈവത്തിൽ നിന്ന് പിറന്നതാണ് എന്ന 'സൃഷ്ടി' സങ്കൽപം വളർന്നു വരണം. അതിന് 'പ്രകൃതി' എന്നു പറയാതെ 'സൃഷ്ടി' എന്നു പറഞ്ഞേ തീരൂ.

മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണോ അല്ലയോ എന്നതിനെ സംബന്ധിച്ച് ഒരുപാട് വിവാദങ്ങളും ചിന്താസരണികളും പാശ്ചാത്യ ദേശത്ത് സംജാതമായിട്ടുണ്ട്. എന്നാൽ, 'പ്രകൃതി' എന്ന സങ്കൽപത്തെ കയ്യൊഴിച്ചാൽ പിന്നെ വാദപ്രതിവാദങ്ങൾക്ക് ഇടവരില്ല. സൃഷ്ടിസങ്കൽപത്തിൽ സർവ്വവും ഉൾപ്പെടും. അപകടം പിടിച്ച മറ്റൊരു ആശയമാണ് 'Steward-ship' (മേൽവിചാരകത്വം - സ്റ്റ്യുവാർഡ്ഷിപ്പ്). പ്രകൃതിയുടെ മേൽവിചാരക സ്ഥാനമുണ്ടെന്ന വാദമുഖവും ഉയർത്തിപ്പിടിച്ചുകൊണ്ടാണ് പാശ്ചാത്യ പരിസരവാദികളുടെ വരവു തന്നെ. സ്റ്റ്യുവാർഡ്ഷിപ്പ് എന്നു വച്ചാൽ മാനേജുമെന്റ്.

എന്താണ് മാനേജുമെന്റ്? നമ്മുടെ ഇഷ്ടങ്ങൾക്കും ആവശ്യങ്ങൾക്കും അനുസൃതമായി പ്രകൃതിയെ വിനിയോഗിക്കുക. നമുക്കുവേണ്ട രീതി അതല്ല തന്നെ. നമ്മുടെയും സൃഷ്ടിയുടെയും താൽപര്യങ്ങൾ ഒന്നുപോലെ സംരക്ഷിച്ചേ തീരൂ. എന്തുകൊണ്ടെന്നാൽ, സൃഷ്ടിക്ക് ആരോഗ്യമുണ്ടെങ്കിലേ നമുക്ക് ആരോഗ്യമുണ്ടാവൂ. സൃഷ്ടിയെ കേവലം ചരക്കായി കണക്കാക്കാതെ അത് നമ്മെപ്പോലൊരു ജൈവസത്തയാണെന്ന ബോധം വളർത്തിയെടുക്കുക. 'സൃഷ്ടിയുമായി പങ്കുവയ്ക്കൽ' എന്ന ആശയം വേണം നാം അതിനു കൈക്കൊള്ളുക.